# ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ

(മലയാളം)

**ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ**
**ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്**

പ്രസാധകർ : സോഫിയാ ബുക്സ്, കോട്ടയം

ഒന്നാം പതിപ്പ് : 1999 ജനുവരി

രണ്ടാം പതിപ്പ് : 2016 ആഗസ്റ്റ്

അച്ചടി : സോഫിയാ പ്രിന്റ് ഹൗസ്, കോട്ടയം

**വില: 125.00**

# ആദ്ധ്യാത്മികതയുടെ
# യഥാർത്ഥ
# സ്രോതസ്സുകൾ

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

SOPHIA BOOKS
സോഫിയാ ബുക്സ്
കോട്ടയം

## ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

കോട്ടയം ബസേലിയോസ് കോളജിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബി.എ. യും ഓർത്തഡോക്സ് വൈദികസെമിനാരിയിൽ നിന്നും ജി.എസ്.ടി. യും സെറാമ്പൂർ സർവകലാശാലയിൽ നിന്നും ബി.ഡി. യും കരസ്ഥമാക്കി.

പാരീസിലെ കാത്തലിക് സർവകലാശാലയിൽ നിന്നും പുതിയനിയമത്തിൽ എം.റ്റി.എച്ചും, എബ്രായ ഭാഷയിൽ ത്രിവത്സര ഡിപ്ലോമയും അരമായ ഭാഷയിൽ ദ്വിവത്സര സർട്ടിഫിക്കറ്റും ഗ്രീക്കു ഭാഷയിൽ പ്രാഗത്ഭ്യവും നേടി.

ഷിക്കോഗായിലെ 'ലൂഥറൻ സ്കൂൾ ഓഫ് തിയോളജിയിൽ' ഗവേഷണം നടത്തി. 'വി. പൗലോസിന്റെ ലേഖനങ്ങളിലെ ദൈവതേജസ്സി'നെ അടിസ്ഥാനമാക്കി രചിച്ച ഗവേഷണ പ്രബന്ധത്തിന് സെറാമ്പൂർ സർവകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. കേംബ്രിഡ്ജ് സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തി.

മാർത്തോമ്മാ, സി.എസ്.ഐ., ഓർത്തഡോക്സ് സെമിനാരികളുടെ സംയുക്ത വേദശാസ്ത്ര ഗവേഷണപഠനകേന്ദ്രമായ എഫ്.എഫ്.ആർ.ആർ.സി. യുടെ രജിസ്ട്രാർ / ഡയറക്ടർ (1995-2003) ആയി സേവനം അനുഷ്ഠിച്ചു.

ഓർത്തഡോക്സ്-മാർത്തോമ്മാ സംവാദ സമിതി, ഓർത്തഡോക്സ് - ലൂഥറൻ സംവാദ സമിതി, ബൈബിൾ സൊസൈറ്റി കേരളാ ഓക്സിലറി കമ്മിറ്റി, തിയോള ജിക്കൽ ലിറ്ററേച്ചർ സമിതി എന്നിവയിൽ ആറു വർഷം വീതം മലങ്കരസഭയെ പ്രതിനിധീകരിച്ചു.

ഭാരതത്തിലെ വേദപണ്ഡിതരുടെ സംഘടനയായ സൊസൈറ്റി ഫോർ ബിബ്ലി ക്കൽ സ്റ്റഡീസിന്റെ ട്രഷറാർ (1996-2000), കോട്ടയം ഓർത്തഡോക്സ് സെമിനാരി പുതിയനിയമ വിഭാഗം പ്രൊഫസർ (1982-2005), ഇംഗ്ലണ്ടിലെ ബർമ്മിങ്ഹാം കേന്ദ്ര മായി പ്രവർത്തിക്കുന്ന എക്യുമെനിക്കൽ പ്രസ്ഥാനമായ ജോർജ് ബെൽ ഇൻസ്റ്റി റ്റ്യൂട്ട് ഫെലോ, സെറാമ്പൂർ സർവകലാശാല അക്കാഡമിക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മെമ്പർ (2003-2005) പരിശുദ്ധ വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് എൻഡോ വ്മെന്റ് ഫണ്ട് സെക്രട്ടറി (1983-2005) എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു.

2005-ൽ മലങ്കര ഓർത്തഡോക്സ് സഭയിൽ മെത്രാപ്പോലീത്തായായി. തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രധാന ഇടയനായി സേവനമനുഷ്ഠിക്കുന്നു. കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ പ്രസിഡണ്ടാണ് (2010-2016).

പ്രമുഖ പൗരസ്ത്യ വേദശാസ്ത്രജ്ഞൻ, ധ്യാനഗുരു, അനുഗൃഹീതനായ അജപാലകൻ, അദ്ധ്യാപകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, സംഘാടകൻ, ചിന്തകൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

**ഗ്രന്ഥങ്ങൾ:** ദൈവതേജസ്സിലേക്ക് (1984), Towards A New Humanity (Co-editor, 1992), കുരിശും തേജസ്സും (1998, 2015), ഗുരുമുഖത്തുനിന്നും (1998, 2015), ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ (1999, 2016), ഗുരുമുഖത്തുനിന്നും രണ്ടാം ഭാഗം (2004).

# വാങ്മുഖം

പലപ്പോഴായി എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണീ ഗ്രന്ഥം. ചിതറിക്കിടന്നിരുന്ന ലേഖനങ്ങൾ ചേർന്നുവരുമ്പോൾ പ്രത്യക്ഷത്തിൽ പരസ്പരബന്ധമില്ലെന്ന് തോന്നാം. ഓരോന്നും ഓരോ പഠനങ്ങളാണ് താനും. എന്നാൽ ആന്തരാ അവയെ കൂട്ടിയിണക്കുന്ന ഒരന്വേഷണമുണ്ട്. ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ എവിടെ കണ്ടെത്താം? സമഗ്രവും സമ്പൂർണ്ണവുമായ ഒരു ഉത്തരം ഈ ഗ്രന്ഥം മുന്നോട്ടുവയ്ക്കുന്നില്ല. അങ്ങനെയൊരു ചോദ്യോത്തര രീതി പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിന് ഇണങ്ങുന്നുമില്ല. എന്നാൽ ഓരോ ലേഖനങ്ങളുടെയും പിമ്പിൽ ഇത്തരം ഒരന്വേഷണം ഉണ്ടെന്ന് കാണാം. ഈ അന്വേഷണമാകട്ടെ വേദാധിഷ്ഠിതവും പൗരസ്ത്യവുമായ ഒരു പൊതുവിതാനത്തിനുള്ളിൽ നിന്നുകൊണ്ടാണു താനും.

'സഭയുടെ വിശുദ്ധ രഹസ്യങ്ങൾ' എന്ന ലേഖനം തന്നെയെടുക്കാം. വിശുദ്ധ കൂദാശകൾ എന്ന് നാം സാധാരണയായി വിളിക്കുന്നെങ്കിലും പൗരസ്ത്യസഭയ്ക്ക് പത്ഥ്യം 'വിശുദ്ധ രഹസ്യങ്ങൾ' എന്ന പ്രയോഗമാണ്. ഈ വ്യത്യാസം തിരിച്ചറിയുന്നതു തന്നെ പൗരസ്ത്യസഭയുടെ യഥാർത്ഥ ആദ്ധ്യാത്മിക സ്രോതസ്സുകളിലേക്കുള്ള ആദ്യപടിയാണു താനും. ദൂതവൃന്ദങ്ങളെപ്പറ്റിയുള്ള സങ്കല്പം ആദ്ധ്യാത്മികതയുടെ മറ്റൊരു തലത്തിലേക്ക് നമ്മെ ഉപനയിക്കുന്നു. ഇക്കാണാറായ പ്രപഞ്ചത്തിനുമപ്പുറം ഇന്ദ്രിയാതീതവും പ്രവിശാലവുമായ മറ്റൊരു ലോകമുണ്ട്. ആ ലോകത്തെക്കുറിച്ചുള്ള അറിവിന്റെ ഒരംശമാണ് മാലാഖവൃന്ദങ്ങൾ എന്ന ലേഖനത്തിലൂടെ ലഭിക്കുക. ആ അറിവാകട്ടെ ജീവിതത്തിന്റെ നിറവിലേക്കുള്ള വഴിവിളക്കുമത്രെ.

'ദേവാലയാഭിഷേകവും ദൈവസാന്നിദ്ധ്യവും' എന്ന ലേഖനം ആദ്യലേഖനത്തിൽ സംക്ഷിപ്തമായി പറഞ്ഞുവെച്ച വിശുദ്ധ രഹസ്യങ്ങളുടെ പ്രാപഞ്ചികമാനം പ്രസ്പഷ്ടമാക്കുന്നതിന് സഹായിക്കുന്നു. വൈയക്തികതയും സാമൂഹികതയും പ്രാപഞ്ചികതയും ചേർന്നിണങ്ങി ജീവിതത്തെ ആകമാനം സമുദ്ഗ്രഥിക്കുവാനും സമ്പന്നമാക്കാനും കഴിയുന്ന ആദ്ധ്യാത്മികതയുടെ ഉറവ തേടിയുള്ള പുറപ്പാടാണ് ഈ ഗ്രന്ഥത്തിലെ പഠനങ്ങൾ ഏറെയും. ഇവ ഒരു പുതിയ സംസ്കൃതിയുടെ തന്നെ അടിസ്ഥാനഭാവങ്ങളായി നാം തിരിച്ചറിയുകയും വേണം.

പ്രൗഢമായ അവതാരിക കൊണ്ട് ഈ ഗ്രന്ഥത്തിന്റെ ആദ്യ പതിപ്പിനെ അനുഗ്രഹിച്ച ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ ദീപ്ത സ്മരണയ്ക്കു മുമ്പിൽ പ്രണമിക്കുന്നു. രണ്ടാം പതിപ്പിന് മനോഹരമായ അവതാരിക

എഴുതിയ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിലിന് ഹൃദയപൂർവ്വമായ നന്ദി അർപ്പിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണ ചുമതല ഏറ്റെടുത്ത സോഫിയാ ബുക്സ് പ്രസാധക സമിതിയോടുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ലേഖനങ്ങൾ സമാഹരിക്കുന്നതിലും പകർത്തുന്നതിലും പ്രൂഫ് തിരുത്തുന്നതിലും വളരെ അദ്ധ്വാനിച്ച സോഫിയാ ബുക്സിന്റെ അമരക്കാരനും എന്റെ സ്നേഹിതനുമായ ജോയ്സ് തോട്ടയ്ക്കാടിനു നന്ദി.

ആദ്ധ്യാത്മികതയെ സംബന്ധിച്ചുള്ള അന്വേഷണത്തിൽ സഹായകമായിത്തീരും എന്ന പ്രത്യാശയിൽ ഈ ഗ്രന്ഥം ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

**ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്**

# ‘ജ്ഞാനത്തിന്റെ രഹസ്യങ്ങൾ’ തേടുന്നവർ ഭാഗ്യവാന്മാർ

## ഡോ. സാമുവൽ ചന്ദനപ്പള്ളി

സർവകലാശാലകളും, സെമിനാരികളും വിജ്ഞാനവിസ്ഫോടന കേന്ദ്രങ്ങളാണ്. അവിടെ പഠിക്കുന്ന വിദ്യാർത്ഥികളും, പഠിപ്പിക്കുന്ന അദ്ധ്യാപകരും പ്രഹതമായ പന്ഥാവിലൂടെ ചരിക്കുവാൻ വിധിക്കപ്പെട്ടിട്ടുള്ളവരല്ല. ജ്ഞാനവും വിജ്ഞാനവും ആർക്കുവേണമെങ്കിലും ആർജ്ജിക്കുവാൻ ആവും. എന്നാൽ ഈ രണ്ടു പടികളും കടന്ന് ‘ജ്ഞാനത്തിന്റെ രഹസ്യങ്ങൾ’ കണ്ടെത്തുന്നവരായിരിക്കണം സർവകലാശാലകളിലേയും സെമിനാരികളിലേയും അദ്ധ്യാപകരും വിദ്യാർത്ഥികളും. നിരന്തരമായ പഠനത്തിലൂടെയും ഗവേഷണത്തിലൂടെയും മറ്റുള്ളവർ കണ്ടെത്തിയ കാര്യങ്ങൾ ക്ലാസ്സുമുറിക്കുള്ളിൽ നിന്ന് വിളിച്ചുപറയുന്ന അദ്ധ്യാപകൻ ആ പേരിന് അർഹനല്ല. പാഠ്യഭാഗങ്ങൾ, ഒരു മാർഗ്ഗരേഖയായി സ്വീകരിച്ച് സ്വകീയദർശനവിശേഷങ്ങളെ ചിന്താഭദ്രമായി അവതരിപ്പിക്കുമ്പോൾ യഥാർത്ഥ അദ്ധ്യാപകൻ ജനിക്കുന്നു. ഇത്തരം അദ്ധ്യാപകർ വിദ്യാഭ്യാസമേഖലയിൽ വിരലിലെണ്ണിത്തീർക്കാവുന്നതേയുള്ളു. ഉപജീവനോപാധിയെന്ന നിലയിൽ എം.ഫിൽ, എം.റ്റി.എച്ച്, പി.എച്ച്.ഡി. ബിരുദങ്ങൾ നേടി, ഔദ്യോഗികസ്ഥാനം ഉറപ്പിച്ചു കഴിഞ്ഞാൽ, ‘ഫലം പുറപ്പെടുവിക്കാത്ത വൃക്ഷങ്ങളായി’ അവരിൽ പലരും രൂപാന്തരപ്പെടുന്നു (ഫലം പുറപ്പെടുവിക്കാത്ത വൃക്ഷങ്ങൾ വെട്ടി തീയിലിടണമെന്ന് കർത്താവ് കല്പിച്ച കാര്യം തൽക്കാലം ഇവിടെ മറക്കാം). ഇത്തരം സ്ലീപ്പിംഗ് പി.എച്ച്.ഡി. ക്കാരെക്കൊണ്ട് കലാലയങ്ങളും സെമിനാരികളും നിറഞ്ഞിരിക്കുന്നുവെന്ന് ഒരു ചിന്തകൻ പറഞ്ഞത് എത്രയോ സത്യമാണ്. സമൂഹത്തിൽ നിന്നും എടുക്കുന്നതിന്റെ പതിന്മടങ്ങ് സമൂഹത്തിന് തിരിച്ചുകൊടുത്തിട്ടേ, ഓരോ വ്യക്തിയും ഭൗമജീവിതത്തോടു വിടപറയാവൂ എന്നാണ് പ്രപഞ്ചനിയമം. ഈ ചിന്തയ്ക്കു സഭാതലത്തിൽ കൂടുതൽ പ്രസക്തിയുണ്ട്. സഭയുടെ കൈത്താങ്ങും, കൈയൊപ്പും നേടി വിദേശ സർവകലാശാലകളിൽ പഠിക്കാൻ പോകുന്നവരിൽ ചിലർ തിരിച്ചെത്തുന്നു. വേറൊരു കൂട്ടർ അവിടെത്തന്നെ തമ്പടിക്കുന്നു. ഇവരുടെ ഗവേഷണഫലങ്ങൾ സഭാംഗങ്ങളെ അറിയിക്കുവാൻ ധാർമ്മികബാദ്ധ്യതയുണ്ട്. എന്നാൽ പഠനാനന്തരം പലരും നിശബ്ദരാകുകയാണ്. ഫലമോ, വിജ്ഞാനമേഖലയിൽ, നവനവോന്മേഷശാലിയായ പ്രതിഭയുടെ പ്രകാശകിരണങ്ങൾ വീഴാതെ പോകുന്നു. അദ്ധ്യാപകർ കാലത്തിന്റെ ദാസന്മാരായി വഴുതിവീഴുന്നു. കാലാതിവർത്തിയായ ആശയങ്ങളുടെ ഉറവി

ടങ്ങളാകേണ്ട കലാലയങ്ങൾ, കാലഹരണപ്പെട്ട ചിന്തകളുടെ ശ്മശാന ഭൂമിയായിത്തീരുന്നു. ഈ അഭിസന്ധിയെ അതിജീവിക്കാൻ ചിന്താപൗരുഷവും, സഭയോടും സമൂഹത്തോടും പ്രതിബദ്ധതയും ഉള്ള അദ്ധ്യാപകരുടെ ഒരു നിരതന്നെ ഉണ്ടാകണം. കാണാപ്പൊന്നിനു വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന അദ്ധ്യാപകൻ. ആ നിരയിൽപെടുന്ന ഒരദ്ധ്യാപകന്റെ ഗ്രന്ഥമാണ് 'ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ.'

പഠനാർഹങ്ങളായ പന്ത്രണ്ടു ലേഖനങ്ങളാണ് 'ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകളി'ലുള്ളത്. വിശുദ്ധ കൂദാശകളെക്കുറിച്ചുള്ള വിമർശനാത്മകമായ വിലയിരുത്തലാണ് 'സഭയുടെ വിശുദ്ധ രഹസ്യങ്ങൾ'. കൂദോശോ, സാക്രമെന്റ്സ്, മിസ്റ്റീറിയോൺ എന്നീ പദങ്ങളുടെ നിരുക്ത പഠനത്തിലൂടെ അർത്ഥതലങ്ങൾ അനാവരണം ചെയ്യുന്ന ഗ്രന്ഥകാരൻ, വി. കൂദാശകൾക്ക് വിശുദ്ധരഹസ്യങ്ങൾ എന്ന് വിളിക്കുന്നതിന് പിമ്പിൽ ശക്തമായ ഒരു അടിസ്ഥാനം ഉണ്ടെന്ന് പ്രബലമായി വിശ്വസിക്കുകയും, അത് വേദപുസ്തകാടിസ്ഥാനത്തിൽ സമർത്ഥിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ കാണുക: "വിശുദ്ധ രഹസ്യങ്ങളെ സംബന്ധിച്ചുള്ള സഭയുടെ വിശ്വാസം നിർവചനങ്ങളിൽ ഒതുക്കാൻ കഴിയുകയില്ല. അദൃശ്യകൃപകളുടെ (invisible Grace) ദൃശ്യോപാധികൾ (visible means) എന്നോ ദൃശ്യസൂചകങ്ങൾ (visible signs) എന്നോ നിർവചിച്ച് കൂദാശകളുടെ അർത്ഥം സങ്കുചിതപ്പെടുത്താൻ പാടുള്ളതല്ല. മനുഷ്യന്റെ ആത്മരക്ഷയ്ക്കായി പ്രകൃതിയിൽ നിന്നുള്ള വസ്തുക്കളെ ഉപാധിയാക്കിയെടുക്കുകയല്ല, ദൈവസാന്നിദ്ധ്യം കൊണ്ടു നിറഞ്ഞ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും രൂപപ്പെടുത്തിയെടുക്കുവാൻ നമ്മെയും പ്രപഞ്ചത്തേയും ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ്. പ്രപഞ്ചം ഇവിടെ ഉപാധിയോ, സൂചകമോ ആവുകയല്ല. ദൈവതേജസ്സിലേക്ക് രൂപാന്തരപ്പെടുകയും ദൈവസാന്നിദ്ധ്യംകൊണ്ട് നിറയുകയുമാണ്. വി. രഹസ്യങ്ങളിലൂടെ മനുഷ്യനും പ്രപഞ്ചവും ചേർന്ന് രൂപാന്തരപ്പെട്ട് വളരുകയും ക്രിസ്തുവിൽ ദൈവം പൂർത്തീകരിച്ച വീണ്ടെടുപ്പിൽ പങ്കുചേരുകയും ചെയ്യുന്നു എന്ന സമഗ്രദർശനം കൂദാശകളെ സംബന്ധിച്ച പൗരസ്ത്യസങ്കൽപ്പത്തിൽ സുപ്രധാനമാണ്. ... ഇന്ന് നമുക്കാവശ്യമായിരിക്കുന്നത് പൗരസ്ത്യ-ഭാരതീയ പൈതൃകത്തിൽ ഉറച്ചുനിൽക്കാൻ കഴിയുംവിധം ക്രിസ്തീയ ആരാധനയുടെയും കൂദാശകളുടെയും അടിസ്ഥാനപ്രമാണങ്ങൾ കണ്ടെത്തുകയെന്നതാണ്. ഇതിലേക്ക് ഓർത്തഡോക്സ് സഭയുടെ കൂദാശകളും ആരാധനകളും ഒരു മാതൃകയായി അംഗീകരിക്കാവുന്നതാണ്." 'പ്രതീകങ്ങൾക്കും ചിഹ്നങ്ങൾക്കും സഭ നൽകുന്ന അർത്ഥവും, സ്ഥാനവും വിഗ്രഹാരാധനയിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടു നിൽക്കുന്നുവെന്ന്' വ്യക്തമാക്കുന്നു 'സ്ലീബാ: സഭയുടെ

ആരാധനാവർഷത്തിൽ.’ സ്ലീബായെ സംബന്ധിച്ച്, ക്രൈസ്തവരുടെയും അക്രൈസ്തവരുടെയും ഇടയിൽ പൊന്തിവന്നിട്ടുള്ള വിവാദങ്ങളെ വിവാദ വിമുക്തമാക്കാൻ, ഈ ലേഖനത്തിന് കെല്പുണ്ട്. സഭാപിതാക്കന്മാരുടെ രചനകളിലെ സുചിന്തിത ഭാഗങ്ങൾ തന്റെ വാദഗതിക്ക് ഉപോദ്ബലക മായി ഗ്രന്ഥകാരൻ ഉപയോഗിക്കുന്നു. ‘കഥയറിയാതെ ആട്ടം കാണുന്ന വരെ’പ്പോലായിട്ടുണ്ട്, ക്രൈസ്തവരിൽ ഭൂരിപക്ഷവും. കുരിശിന്റെ പ്രതീ കാത്മകാർത്ഥം ഉൾക്കൊള്ളാനുള്ള മനസ്സ് പലർക്കുമില്ല. കുരിശു വര യ്ക്കുന്നവരും, ധരിക്കുന്നവരും ഈ ലേഖനം മനസ്സിരുത്തി വായിച്ചിരു ന്നെങ്കിൽ!

‘മാലാഖാവൃന്ദങ്ങളെ’ക്കുറിച്ച് മലയാളത്തിലധികം പഠനങ്ങൾ കണ്ടി ട്ടില്ല. മാലാഖമാരുടെ പേരുകൾ പരാമർശിക്കുവാനല്ലാതെ, ആഴത്തില ന്വേഷിക്കുവാൻ ആർക്കും താല്പര്യമില്ല. സ്രോപ്പേ, ക്രോബേ, മൗത്ത്ബേ, മോറോവോസോ, ഹൈലേ/ഹൈലാവാസോ, ശുൽത്തോനേ, ശാലീ ത്തോനേ, റീശൻവ്യോസോ/അർക്കാവോസ്, റീശൈമാലാഖേ, മാലാഖേ എന്നീ ഒമ്പതു മാലാഖമാരുടെ ദൗത്യത്തെക്കുറിച്ചും, അവർ മുമ്മൂന്നു വൃന്ദങ്ങൾ വീതമുള്ള മൂന്നു സംഘങ്ങളായി ദൈവസന്നിധിയിൽ നില കൊള്ളുന്നതിനെക്കുറിച്ചും, ഭംഗിയായി വിശദീകരിക്കുന്നുണ്ട്, ഇവിടെ.

വേദാധിഷ്ഠിതവും, പിതാക്കന്മാർ പരീക്ഷിച്ചറിഞ്ഞതുമായ സഭയുടെ ആദ്ധ്യാത്മിക പൈതൃകത്തിന്റെ സ്രോതസ്സുകൾ കണ്ടെത്തി സ്വാംശീ കരിക്കാതെ വഴിതെറ്റി പോകുന്നവർക്കൊരു വഴികാട്ടിയാണ് ഗ്രന്ഥനാമം ഉൾക്കൊള്ളുന്ന ‘ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ’ എന്ന ലേഖനം. എവിടെയെങ്കിലും ഒരു തട്ടും മുട്ടും കൊട്ടും പാട്ടും കേൾക്കു മ്പോൾ, ‘കരിസ്മാറ്റിക്’ കവണിയുമണിഞ്ഞ് ഇറങ്ങി പുറപ്പെടുന്നവർ പലപ്പോഴും ഉപരിപ്ലവവും നൈമിഷികവും, അപക്വവുമായ ആശയങ്ങ ളുടെ ആരാധകരാണ്. “ആദ്ധ്യാത്മികജീവിതം പരിപോഷിപ്പിക്കുന്നതിന് സഭയ്ക്ക് പൈതൃകമായി ലഭിച്ചിട്ടുള്ള രണ്ടു സ്രോതസ്സുകളാണ് ആരാ ധനയും വ്രതാനുഷ്ഠാനങ്ങളും. രണ്ടും പരസ്പരപൂരകങ്ങളായി ഒഴുകി ച്ചേർന്ന് ശക്തവും സുദൃഢവുമായ ഒരു ആദ്ധ്യാത്മിക സമ്പത്തായി ഭവി ക്കുന്നു. ഇവ അവഗണിച്ച് താത്ക്കാലികമായി സംതൃപ്തി നൽകുന്നു എന്ന പ്രതീതി ഉളവാക്കുന്ന പുത്തൻ സമ്പ്രദായങ്ങൾ ആരാധനയിൽ അവലംബിക്കുവാൻ പാടുള്ളതല്ല. ആരാധനയും വ്രതാനുഷ്ഠാനങ്ങളും സുപ്രധാനമായ രണ്ടു ശിക്ഷണക്രമങ്ങൾ ആണ്.” തുടർന്ന്, ഈ ‘ശിക്ഷ ണക്രമങ്ങളു’ടെ താത്ത്വിക രഹസ്യങ്ങൾ ‘ആരാധനാവർഷവും ആരാധ നാകാലവും’ അടിസ്ഥാനമാക്കി അപഗ്രഥിക്കുന്ന ഗ്രന്ഥകർത്താവ് അവ തരിപ്പിക്കുന്ന ആശയങ്ങൾ അനിഷേധ്യങ്ങളാണ്.

കൃപാവര പ്രസ്ഥാനത്തിന്റെ ചരിത്രവും ദർശനവും, വേദപുസ്തകാടിസ്ഥാനത്തിലും, സമകാലീന ചരിത്രപശ്ചാത്തലത്തിലും വിശദീകരിക്കുന്ന രണ്ടു ലേഖനം, ഈ ഗ്രന്ഥത്തിലുണ്ട്. കൃപാവരങ്ങളുടെ ഉറവിടം ഉന്മീലനം ചെയ്തിരിക്കുന്ന ലേഖനങ്ങൾ, പല തെറ്റിദ്ധാരണകളും ദൂരീകരിക്കുവാൻ ഉപകരിക്കുന്നു. ബൈബിൾ വിവർത്തനത്തിൽ നേരിടുന്ന പ്രശ്നങ്ങളും പ്രതിവിധികളും സ്വകീയ കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നു 'വേദപുസ്തകപരിഭാഷയിലെ ചില പ്രശ്നങ്ങൾ.' സ്രോതഭാഷ (Source Language) യിൽ നിന്ന് ലക്ഷ്യഭാഷ (Target Language) യിലേക്കുള്ള വിവർത്തനത്തിൽ വന്നു സംഭവിക്കാവുന്ന പാകപ്പിഴകൾ അനവധിയാണ്. അത്തരം കാര്യങ്ങൾ, ഉദാഹരണസഹിതം ചൂണ്ടിക്കാട്ടുന്നു ഗ്രന്ഥകാരൻ. അസംപുഷ്ടഭാഷകളിലും സംപുഷ്ടഭാഷകളിലും വിവർത്തനം നടത്തേണ്ടി വരുമ്പോൾ, ഈ പ്രശ്നങ്ങളെ വിവർത്തകന്മാർ നേരിട്ടിട്ടുണ്ട്. അതുകൊണ്ടാണല്ലോ ബൈബിളിന്, ഇത്രയധികം വിവർത്തനങ്ങൾ ഉണ്ടായിട്ടുള്ളത്. ഉദ്ദിഷ്ടാശയങ്ങൾ അവതരിപ്പിക്കാൻ, ഭാഷയിലെ പദങ്ങൾ അസമർത്ഥങ്ങളെന്നു വരുമ്പോൾ, സ്രോതഭാഷയിലെ പദങ്ങൾ കടം കൊള്ളാറുണ്ട്. മലയാളത്തിൽ പ്രചാരത്തിലുള്ള ഗ്രീക്ക്, സുറിയാനി പദങ്ങളുടെ പഠനം ഈ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഇത്തരം പദങ്ങൾ മലയാള പദകോശങ്ങളെ സമ്പന്നമാക്കിയിട്ടുണ്ടെന്ന കാര്യവും ഇവിടെ ഓർക്കുക. എന്തായാലും ബൈബിൾ വിവർത്തനത്തിൽ വ്യാപരിക്കുന്നവരുടെ ചിന്തയെ ചലിപ്പിക്കുവാൻ ഉപകരിക്കുന്നുണ്ട്, ഈ ലേഖനം.

മനുഷ്യശരീരത്തെ വലയംചെയ്തു നിൽക്കുന്ന 'ഊർജ്ജവലയ'ത്തെ ശാസ്ത്രീയാടിസ്ഥാനത്തിലും, വേദപുസ്തകവീക്ഷണത്തിലും നോക്കിക്കണ്ട്, ചിന്താഭദ്രമായ വാദഗതികൾ അവതരിപ്പിക്കുന്നു, 'തേജോവലയ'ത്തിൽ. പൗലോസ് അപ്പോസ്തോലൻ, അർത്ഥവത്തായി ഉപയോഗിച്ചിരിക്കുന്ന പ്രാകൃതൻ, ജഡികൻ, ആത്മികൻ എന്നീ വാക്കുകളുടെ നിഴലും പൊരുളും വേർതിരിച്ചു കാണിക്കുന്നു 'ജഡികനിലും ആത്മികനി'ലും. ദർശകൻ, ദൈവപുരുഷൻ, പ്രവാചകൻ, ദൈവത്തിന്റെ ആലോചനാസമിതിയംഗം എന്നിങ്ങനെ ഒട്ടനവധി പേരുകളിൽ അറിയപ്പെടുന്ന 'പ്രവാചക' ശബ്ദത്തെക്കുറിച്ചുള്ള പഠനഫലങ്ങൾ ക്രോഡീകരിച്ചിരിക്കുന്നു 'പ്രവാചകൻ: ഋഷിയും ഉന്മാദിയും' എന്ന ലേഖനത്തിൽ. ഗ്രന്ഥകാരന്റെ നിഗമനങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം: "ജീവിതത്തെ സമ്പൂർണ്ണമായി ശുദ്ധീകരിച്ചു സമർപ്പിക്കുന്നതിലൂടെ ലഭിക്കുന്ന ആർജ്ജവവും ലാളിത്യവും ഒരു പ്രവാചകന് കൈമുതലായുണ്ട്. ലൗകികമായ ആകർഷണങ്ങൾക്ക് വശംവദനാകാതെ ദൈവത്തോടുള്ള ഭക്തിയും ദൈവത്തിനു വേണ്ടി ശുശ്രൂഷ ചെയ്യാനുള്ള ഒരുക്കവും കൊണ്ട് ലോകത്തിനു മുമ്പിൽ

അയാൾ ഒരു ഉന്മാദിയായി കാണപ്പെടുന്നു. ഒരു സാധാരണ മനുഷ്യൻ തിന്മയ്ക്കും, തിന്മയുടെ ചട്ടക്കൂടുകൾക്കും സ്വയം വിധേയപ്പെടുത്തിക്കൊടുക്കുമ്പോൾ ദൈവത്തിനുവേണ്ടി ഉന്മത്തനായിത്തീർന്ന പ്രവാചകൻ ലോകത്തിന്റെ ആനുകൂല്യങ്ങളെ നിഷേധിച്ച് തിരസ്ക്കരിക്കുന്നതിന് പ്രാപ്തിയുള്ളവനാണ്. ഒരു വശത്ത് ദൈവത്തോടുള്ള നിരന്തരമായ ആഭിമുഖ്യവും മറുവശത്ത് മനുഷ്യരോടുള്ള പ്രതിബദ്ധതയും. രണ്ടുംകൂടെ ചേർന്നു വരുന്ന ദൈവമനുഷ്യനാണ് പ്രവാചകൻ." ആരാധനാലയത്തെ ദേവാലയം എന്ന് എന്തുകൊണ്ട് വിളിക്കുന്നു? വി. മൂറോൻ കൊണ്ട് പള്ളി അഭിഷേകം ചെയ്യുന്നതിന്റെ അർത്ഥമെന്താണ്? പള്ളികൂദാശയോട് അനുബന്ധിച്ച് ഒരു സാധാരണ വിശ്വാസിയുടെ മനസ്സിൽ പൊന്തിവരാവുന്ന സംശയങ്ങൾക്കുള്ള യുക്തിഭദ്രമായ മറുപടിയാണ് 'ദേവാലയാഭിഷേകവും ദൈവസാന്നിദ്ധ്യവും.' അതിനിസ്സാരമെന്നു പ്രഥമശ്രവണത്തിൽ തോന്നാവുന്ന ചോദ്യങ്ങൾ. പക്ഷേ, അതിന്റെ ആന്തരികാർത്ഥം അർത്ഥശങ്കക്കിടയില്ലാത്തവിധം, ഗ്രന്ഥകാരൻ, വിശദീകരിക്കുമ്പോൾ, ഇത്രയൊക്കെ നിഗൂഢരഹസ്യങ്ങൾ ഇതിലന്തർലീനമായിട്ടുണ്ടോയെന്നു വരെ സംശയിക്കാം. 'പരിശുദ്ധാത്മാഭിഷേകത്തിന്റെ വെളിച്ചത്തിൽ നവാഭിഷിക്തനായ യൗവ്പദ്യകിനോയുടെ കൈയിൽ കത്തിച്ച മെഴുകുതിരി പിടിച്ചുകൊണ്ട് ചെയ്യുന്ന ഒരു പ്രതിജ്ഞയുണ്ട്. ദൈവത്തിന്റെ പരിശുദ്ധ സഭയുടെ നിരപ്പിനും കെട്ടുപണിക്കുമായി ദൈവത്തിന്റെ ഭവനത്തിൽ ഞാൻ മഹത്വമുള്ള സൈത്താണ്" - കാവ്യരസം തുളുമ്പുന്ന ഈ ഭാഗത്തിന്റെ അതിസൂക്ഷ്മതലങ്ങളെ അപഗ്രഥിച്ച്, ഗ്രന്ഥകാരൻ പുറപ്പെടുവിക്കുന്ന അചുംബിതാശയങ്ങൾ, ദൈവികമർമ്മങ്ങളിലേക്കുള്ള മാർഗ്ഗനക്ഷത്രങ്ങളാണ്.

വിശിഷ്ടവും വിശ്വോത്തരവുമായ ഗ്രന്ഥങ്ങളുടെ വായനയും പാനവും സമ്മാനിച്ച സമ്യക്കായ ആശയങ്ങൾ ഔചിത്യപൂർവ്വം വിന്യസിച്ച്, സ്വന്തമായ ഒരു വിചാരപ്രപഞ്ചം സൃഷ്ടിക്കുവാൻ ഫാ. ഡോ. കെ. ജെ. ഗബ്രിയേലിന് കഴിഞ്ഞിട്ടുണ്ട്. സ്വന്തം സ്വരം പുറപ്പെടുവിക്കുക നിസ്സാര കാര്യമല്ല. അതിന് പ്രതിഭയും പ്രയത്നവും പാണ്ഡിത്യവും ആവശ്യമാണ്. ഈ ത്രിവേണിസംഗമത്തിൽ മുങ്ങുന്നവനേ മുത്തുകൾ ലഭിക്കുകയുള്ളു. ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ 'ജ്ഞാനത്തിന്റെ രഹസ്യങ്ങൾ' തേടി തീർത്ഥാടകനെപ്പോലെ സഞ്ചരിച്ചപ്പോഴും സന്യസിച്ചപ്പോഴും ലഭിച്ച മുത്തുകളാണ് 'ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ.' ഈ ഗ്രന്ഥം വായനക്കാരന്റെ അഭിരുചികളെ തിരുത്തിക്കുറിക്കുന്നു. വേദപുസ്തകം എന്ന വിശ്വോത്തര കലാസൃഷ്ടിയിലെ ചില പ്രത്യേക സന്ദർഭങ്ങളുടെ നിലീന സൗഭഗം വെളിപ്പെടുത്തുന്നു. ദൈവശാസ്ത്ര പണ്ഡിതന്റെയും സാഹിത്യവിമർശകന്റെയും യഥാർത്ഥ ധർമ്മം

മനസ്സിലാക്കിയിട്ടുള്ള ഗ്രന്ഥകാരൻ വിഷയാനുരോധമായ ഭാഷയും ശൈലിയും, സ്വായത്തമാക്കിയിട്ടുണ്ട്. പാരായണ സുഗമത ഗ്രന്ഥത്തിന്റെ സവിശേഷതയാണ്. 'കുരിശും തേജസും', 'ഗുരുമുഖത്തുനിന്നും' തുടങ്ങിയ ഗ്രന്ഥങ്ങളിലൂടെയും ധ്യാനപ്രസംഗങ്ങളിലൂടെയും ഇതിനോടകം ശ്രദ്ധേയനായ ഫാ. ഡോ. കെ. ജെ. ഗബ്രിയേലിന്റെ 'ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ' വായനക്കാർക്കായി അവതരിപ്പിക്കുന്നു. ഗ്രന്ഥകാരൻ ദേശീയവും ദേശജവുമായ ഒരു ദൈവശാസ്ത്രത്തിന്റെ പ്രവക്താവും പ്രഘോഷകനുമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

ഡയറക്ടർ
സീഡീസ് ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ചന്ദനപ്പള്ളി
26-1-1999

# യഥാർത്ഥ ആദ്ധ്യാത്മിക ശ്രോതസ്സുകൾക്കായുള്ള അന്വേഷണം

## ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

പൗരസ്ത്യ ക്രൈസ്തവ ദർശനങ്ങളിലെ വേദാധിഷ്ഠിത-വേദശാസ്ത്ര സംവാദങ്ങളാണ് ബഹുഭാഷാ പണ്ഡിതനും വേദശാസ്ത്രജ്ഞനുമായ അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ *ആദ്ധ്യാത്മികതയുടെ യഥാർത്ഥ ശ്രോതസ്സുകൾ* എന്ന ഗ്രന്ഥം. പ്രശസ്ത ധ്യാനഗുരു, അനുഗൃഹീത അജപാലകൻ, ചിന്തകൻ എന്നീ നിലകളിൽ വ്യക്തിപ്രഭാവമുള്ള അദ്ദേഹത്തിന്റെ ദീർഘകാല വേദശാസ്ത്ര ബോധനശുശ്രൂഷയിൽനിന്നും രൂപപ്പെട്ട അന്വേഷണമാണിത്.

ആദ്ധ്യാത്മികതയുടെ യഥാർത്ഥ ശ്രോതസ്സിനായുള്ള അന്വേഷണം ദാർശനികമാണ്. വേദവിചാരങ്ങളിലും മനനങ്ങളിലും അധിഷ്ഠിതമായ യോഗാത്മകതയിൽ മാത്രമേ, അത്യുദാത്തമായ ആദ്ധ്യാത്മിക ശ്രോതസ്സിനെ തിരിച്ചറിയുവാൻ കഴിയൂ. പൗരസ്ത്യ ആദ്ധ്യാത്മികതയിൽ ഏതെങ്കിലും ഒരു പ്രത്യേക സ്ഥാനമോ, സ്ഥലമോ, സംഭവമോ മാത്രമാണ് ആദ്ധ്യാത്മികതയുടെ ശ്രോതസ്സ് എന്ന് പൂർണ്ണമായും നിജപ്പെടുത്തുവാൻ കഴിയില്ല. ആദ്ധ്യാത്മികതയുടെ യഥാർത്ഥ ശ്രോതസ്സുകൾ തേടിയുള്ള അന്വേഷണത്തെക്കുറിച്ച് ആമുഖത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എഴുതി: *വൈയക്തികതയും സാമൂഹികതയും പ്രാപഞ്ചികതയും ചേർന്നിണങ്ങി ജീവിതത്തെ ആകമാനം സമുദ്ഗ്രഥിക്കുവാനും സമ്പന്നമാക്കുവാനും കഴിയുന്ന ആദ്ധ്യാത്മികതയുടെ ഉറവ തേടിയുള്ള പുറപ്പാടാണ് ഇതിലെ പഠനവിഷയങ്ങൾ അധികവും.* വ്യക്തി-സമൂഹം-പ്രപഞ്ചം എന്നിവയുടെ പാരസ്പര്യതയിൽ രൂപപ്പെടുത്തിയ പുതിയ ആദ്ധ്യാത്മിക സംസ്കൃതിയുടെ അടിസ്ഥാന ഭാവങ്ങളാണ് വ്യത്യസ്തങ്ങളായ ഈ ലേഖനങ്ങളിൽ സമഗ്രമായി വിശകലനം ചെയ്യുന്നത്.

ആദ്ധ്യാത്മികത വിശ്വാസജീവിതമാണ്. വിശ്വസിക്കുന്നതും അനുഭവിച്ചറിയുന്നതുമായ സഭാജീവിതത്തിന്റെ ആരാധനാനുഭവമാണിത്. വൈവിധ്യമാർന്ന ആരാധന, ആചാരം, അനുഷ്ഠാനം, പൈതൃകം, സംസ്കൃതി എന്നിവയിലൂടെ രൂപപ്പെടുന്ന വിശ്വാസരീതിയും ദൈവാനുഭവവും വഴി സ്വായത്തമാകുന്ന മൂല്യങ്ങളും ജീവിതരീതികളും വെളിപ്പെടുത്തുന്നതാണ് ആത്മീയത. ഇത് വിശ്വാസവും മൂല്യവും പ്രതിഫലിപ്പിക്കുന്ന ആരാധനാധിഷ്ഠിത ജീവിതചര്യയാണ് (Eucharistic way of

life). വ്യക്തിയേയും സമൂഹത്തേയും രൂപാന്തരപ്പെടുത്തുവാനുള്ള ധാർമ്മികശേഷിയും പ്രവാചക കാഴ്ചപ്പാടുകളും ഉണ്ടാകുമ്പോഴാണ് ആദ്ധ്യാത്മികതയ്ക്ക് സാമൂഹിക ദർശനം ലഭ്യമാകുന്നത്. ആരാധനയും വ്രതനിഷ്ഠയുമുള്ള സുശിക്ഷിത ജീവിതക്രമത്തിൽ മാത്രമേ ആത്മരൂപാന്തര സ്വഭാവവും (self trancending character) സാമൂഹിക പരിവർത്തന ദർശനവും സമന്വയിക്കുകയുള്ളു. ദൈവത്തെ സമ്പൂർണ്ണമായി അനുഭവിച്ചറിഞ്ഞ് ക്രിസ്തീയ വിശ്വാസത്തിലും മൂല്യത്തിലും ധാർമ്മികതയിലും ജീവിതത്തെ അനുദിനം ക്രമപ്പെടുത്തി ചിന്തയിലും പ്രവൃത്തിയിലും ക്രിസ്തീയത നിർവ്വഹിക്കുവാൻ കഴിയുന്നതാകണം ആദ്ധ്യാത്മികത. ബൈബിൾ, മനുഷ്യാവതാരം, ത്രിത്വം, വിശുദ്ധ കുർബ്ബാന, സഭാ വിജ്ഞാനീയം, സഭാപിതാക്കന്മാരുടെ ദർശനം, സഭാപൈതൃകം എന്നിവയിലെല്ലാം ആദ്ധ്യാത്മികതയുടെ സ്രോതസ്സുകൾ ബലപ്പെട്ടിരിക്കുന്നു.

ആദ്ധ്യാത്മികത ഭൗതികതയിൽ നിന്നുള്ള പൂർണ്ണ വേർപിരിയലല്ല. സാമൂഹിക ജീവിതക്രമത്തിൽ ആദ്ധ്യാത്മികത ഉൾക്കൊണ്ടുള്ള ജീവിതക്രമം രൂപപ്പെടുത്തുന്ന അന്വേഷണമാണ്. അതിനാൽ യഥാർത്ഥ ആദ്ധ്യാത്മികതയിൽ വ്യക്തിപരവും സാമൂഹികവുമായ ദർശനം ഉൾക്കൊള്ളുന്നു. സാമൂഹിക വ്യവസ്ഥിതികളും മനുഷ്യജീവിതത്തിന്റെ അതിജീവന പോരാട്ടങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും വിസ്മരിച്ചുള്ള ജീവിതശൈലിയല്ല ആദ്ധ്യാത്മികതയിൽ ശക്തിപ്പെടേണ്ടത്. സാമൂഹികവും രാഷ്ട്രീയവുമായ അതിജീവന പോരാട്ടങ്ങളിൽ നീതി, സാകല്യ, സുസ്ഥിതി സമൂഹത്തിനായുള്ള അന്വേഷണം ഉണ്ടാകണം. ആന്തരീകമായി ലഭ്യമാകുന്ന ദൈവാനുഭവം ഏവരുടേയും അഭ്യുന്നതിക്കും സൗഹാർദ്ദത്തിനും മാർഗ്ഗം പകരുന്ന നീതിയുടെയും നിരപ്പിന്റെയും സ്നേഹത്തിന്റെയും ശുശ്രൂഷ നിർവ്വഹിക്കുവാൻ കഴിയുമ്പോഴാണ് ആദ്ധ്യാത്മികതയ്ക്ക് സാമൂഹിക മുഖം ലഭ്യമാകുന്നത്.

ദൈവം മനുഷ്യനായി തീർന്ന മനുഷ്യാവതാരം വിളിച്ചറിയിക്കുന്നത് ആദ്ധ്യാത്മികതയുടെ നേർക്കാഴ്ചയാണ്. അതിനാൽ ക്രിസ്തുവിൽ കേന്ദ്രീകൃത ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനം ശിഷ്യത്വമാണ്. സ്നേഹത്തിലും പരിത്യാഗത്തിലും നിറഞ്ഞ് ക്രൂശിന്റെ അനുഭവത്തിലൂടെ വിശുദ്ധിയിലേക്കുള്ള വളർച്ചയാണിത്. ആത്മപരിവർത്തനത്തിനും സാമൂഹിക രൂപാന്തരത്തിനുമുള്ള വിളിയാണിത്. സ്നേഹത്തിലും നീതിയിലും ശുശ്രൂഷയിലും അധിഷ്ഠിതമായ ജീവിതരീതി സാമൂഹിക ജീവിതഘടനയിൽ രൂപപ്പെടുത്തുവാൻ യഥാർത്ഥ ആദ്ധ്യാത്മികതയിൽ സാധ്യമാകണം. ആരാധനാനുഷ്ഠാനങ്ങളിലും വിശുദ്ധ കുർബാനയിലും അനുഭവിച്ചറിയുന്ന ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങൾ വർത്തമാന ചരിത്രത്തിൽ യാഥാർത്ഥ്യമാക്കുവാനുള്ള ഉത്തരവാദിത്വമാണ് ആദ്ധ്യാത്മി

കതയിൽ നിറയേണ്ടതെന്ന് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഈ പഠനത്തിൽ വ്യക്തമാക്കുന്നു.

ജീവിതത്തെ സമഗ്രമായി രൂപാന്തരപ്പെടുത്തുവാൻ ശേഷിയുള്ള ആദ്ധ്യാത്മിക പൈതൃകത്തിന്റെയും സംസ്കൃതിയുടെയും പ്രഭവകേന്ദ്രം ആരാധനയും വ്രതാനുഷ്ഠാനവുമാണ്. സഭ്യതയോടും വിശുദ്ധിയോടും നിഷ്ഠയോടും വ്രതാനുഷ്ഠാനത്തോടും ഭക്തിപൂർവ്വം ആരാധനയിൽ സംബന്ധിച്ച് ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയുന്നതാകണം ആദ്ധ്യാത്മികതയെന്ന് അദ്ദേഹം പറയുന്നു. മനസ്സിനേയും ശരീരത്തേയും ശുദ്ധീകരിച്ച് ജീവിതം നിരന്തരം ദൈവസന്നിധിയിൽ കേന്ദ്രീകരിക്കുമ്പോൾ ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ ഉൾക്കൊള്ളുവാൻ കഴിയും. നന്മയും തിന്മയും സത്യവും അസത്യവും ധർമ്മവും അധർമ്മവും വിവേചിച്ചറിയുന്ന കഴിവ് ദൈവദത്തമാണ്. അതിനാൽ ദൈവാത്മ സാന്നിധ്യത്തിൽ ജീവിക്കുന്നവർ ദൈവസ്വരൂപിയായി എപ്പോഴും പ്രോജ്ജ്വലിക്കും. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എഴുതുന്നു: *ആത്മാവിന്റെ നിറവുള്ളതിനാൽ അവർ ഇന്ദ്രിയങ്ങളെ ജയിക്കുന്നു. കലഹവും ഭിന്നതയും ഒഴിവാക്കി സമാധാനം നടത്തുന്നു. അഹങ്കാരവും വൻ ഭാവവും നീക്കി വിനയവും ശാന്തതയുമുള്ളവരായി അന്യോന്യം കീഴ്പ്പെട്ടും പരസ്പരം ആദരിച്ചും ജീവിക്കുന്നു.* വി. രഹസ്യങ്ങളുടെ സജീവ സാന്നിദ്ധ്യത്തിലൂടെ കുരിശിന്റെ ദർശനത്തിൽ വേരുറപ്പിക്കുന്നതും നിരന്തരം പരിവർത്തിപ്പിക്കുന്നതുമായ ദൈവതേജസ്സിന്റെ അനുഭവമാണിത്. മനുഷ്യജീവിതം രൂപാന്തരപ്പെടുന്തോറും ആദ്ധ്യാത്മിക അനുഭവത്തിൽ നിറയും.

ദൈവത്തിന്റെ സവിശേഷ സാന്നിധ്യമാണ് ദേവാലയം. മനുഷ്യനും ദൈവത്തിന്റെ ആലയമാണ്. അതിനാൽ ഒന്നിൽ നിന്ന് മറ്റൊന്നിനെ മാറ്റി നിർത്തി ഒരു ദേവാലയ സങ്കല്പം സൃഷ്ടിക്കുവാൻ കഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ദൈവനിവാസം അനുഭവിച്ചറിയുവാൻ കഴിയുന്ന വിശ്വാസിക്കു മാത്രമേ ദൈവസാന്നിധ്യവും ഉൾക്കൊള്ളുവാൻ കഴിയൂ. ഇവ ഒരു അനുഭവത്തിന്റെ രണ്ടു തലങ്ങളാണെന്ന് സ്ഥാപിക്കുന്ന രചനയാണ് 'ദേവാലയാഭിഷേകവും ദൈവസാന്നിധ്യവും.' ഇടവകകളിൽ ശക്തിപ്പെടാറുള്ള ചേരിതിരിവുകളും പോർവിളികളും ദൈവസാന്നിധ്യത്തിന്റെ അപര്യാപ്തതയാണ് വിളിച്ചറിയിക്കുന്നത്!

'അധികാരം പുതിയനിയമത്തിൽ' എന്ന ലേഖനം ഇതിലെ ഏറ്റവും പ്രൗഢമായ രചനയാണ്. 'മേൽക്കോയ്മയല്ല, നന്മയിൽ നിറഞ്ഞു കവിയുന്ന ഉണ്മയുടെ പ്രകാശനമാണ് അധികാരമെന്ന്' ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വേദവെളിച്ചത്തിൽ വ്യാഖ്യാ

നിക്കുന്നു. *ദൈവാഭിമുഖ്യമാണ് അധികാരത്തിന്റെ അളവുകോൽ. പാരസ്പര്യമാണ് എല്ലാറ്റിനെയും കോർത്തിണക്കുന്ന കണ്ണി. ദൈവാരാധനയാണ് ഈ കൂട്ടായ്മയുടെ അടിസ്ഥാനഭാവം* എന്നാണ് അധികാരത്തിന്റെ വിശദീകരണം.

'ധിക്കാരമില്ലായ്മയാണ് അധികാരം' എന്ന സമവാക്യമാണ് അദ്ദേഹം രൂപപ്പെടുത്തുന്നത്. സ്വയബോധത്തിന്റെ സ്ഥാനത്ത് ദൈവബോധം നിറഞ്ഞുവരുന്ന പരിത്യാഗമാണ് യഥാർത്ഥ അധികാരം. അതിനാൽ യഥാർത്ഥ അധികാരി പരിത്യാഗിയായിത്തീരുന്നു. ഇത് രേഖീയവും ഏകരൂപകവുമായ അധികാരസങ്കല്പത്തിന് പകരം വൃത്തീയ പാരസ്പര്യതയാണ് സൃഷ്ടിക്കുന്നത് എന്ന് ശാസ്ത്രീയമായി സമർത്ഥിക്കുന്നു. സർവ്വ സൃഷ്ടിയേയും അനുരഞ്ജിപ്പിക്കുന്ന ശുശ്രൂഷയാണ് മനുഷ്യനിലുണ്ടാകേണ്ടത്. അതിന് അധികാരത്തേക്കാൾ 'ശുശ്രൂഷ' എന്ന ആശയത്തിനാണ് പ്രാധാന്യം എന്നും വ്യക്തമാക്കുന്നു.

വി. കുർബ്ബാന, സ്ലീബായുടെ പ്രാധാന്യം, മാലാഖാവൃന്ദങ്ങൾ, കൃപാവരപ്രസ്ഥാനം, പുതിയനിയമത്തിലെ ചില ഭാഷാപ്രശ്നങ്ങൾ, കൈവെയ്പ്, രക്തസാക്ഷ്യം, തീർത്ഥയാത്ര എന്നിങ്ങനെ വൈവിധ്യമാർന്ന ഇരുപതിൽപരം വിഷയങ്ങൾ ഹ്രസ്വവും ഗഹനവും വേദാധിഷ്ഠിതവുമായി അവതരിപ്പിച്ചിരിക്കുന്നു. വ്യക്ത്യധിഷ്ഠിതവും വൈകാരികവുമായ ആനന്ദാനുഭവങ്ങൾ ഉദ്ദീപിപ്പിക്കുന്ന കരിസ്മാറ്റിക്ക് - കൃപാവരപ്രസ്ഥാനങ്ങൾ ആത്മീയ മിഥ്യാ ഭാവങ്ങളാണെന്ന് അദ്ദേഹം തെളിയിക്കുന്നു: *ദൈവം നൽകിയ കൃപാദാനങ്ങൾ ദൈവമഹത്വത്തിനും മനുഷ്യരക്ഷയ്ക്കും വേണ്ടിയാവണം. മനുഷ്യ മഹിമയ്ക്കും വ്യക്തിപരമായ ആനന്ദത്തിനും ഔന്നത്യത്തിനും വേണ്ടിയാവരുത്* എന്ന് താക്കീതും നൽകുന്നു.

ആദ്ധ്യാത്മികതയിൽ സ്ത്രീകൾ വഹിക്കുന്ന പങ്ക് സവിസ്തരം പ്രതിപാദിക്കുന്ന ശ്രദ്ധേയമായ രണ്ട് പ്രബന്ധമാണ് *സ്ത്രീ സങ്കല്പവും സ്ത്രീകളുടെ സ്ഥാനവും ശുശ്രൂഷയും*. യേശു സമാരംഭിച്ച സ്ത്രീകളുടെ വിമോചനം കാലത്തിനൊത്ത് മുമ്പോട്ട് നയിക്കുവാൻ സഭകൾക്ക് കഴിഞ്ഞില്ലായെന്ന് ഇതിൽ വെളിപ്പെടുത്തുന്നു. അതിനാൻ ആദ്ധ്യാത്മിക സംഘടനകളിലും വേദശാസ്ത്ര വിദ്യാഭ്യാസത്തിലും സ്ത്രീകളുടെ സജീവ സാന്നിദ്ധ്യം ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു: *സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് ഇന്ന് സ്ഥാനവും പങ്കാളിത്തവും നേതൃത്വവുമുണ്ട്. ഇത് ഉറപ്പുവരുത്താൻ നിയമങ്ങളുമുണ്ട്. പുതിയ നിയമങ്ങൾ ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. ഇതെല്ലാം അംഗീകരിച്ചുകൊണ്ടിരിക്കുന്ന നാം സഭയുടെ കെട്ടുപണിയിലും നടത്തി*

*പ്പിലും സ്ത്രീകളുടെ ശുശ്രൂഷയും നേതൃത്വവും എന്തുകൊണ്ട് അനുവദിക്കുന്നില്ല എന്ന്* ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്വയം ചോദിക്കുന്നു.

നിരന്തരമായ വേദമനനങ്ങളിലൂടെയും ശാസ്ത്രീയമായ അന്വേഷണങ്ങളിലൂടെയും രൂപപ്പെട്ട ഈ ലേഖനങ്ങൾ, പൗരസ്ത്യ ദർശനത്തിന്റെ അടിസ്ഥാനത്തിൽ വിഷയ വിശകലനം ചെയ്തിരിക്കുന്ന ആധികാരിക രചനയാണ്. ലളിതവും സുന്ദരവുമായ ഭാഷ ആശയസംവേദനത്തെ ത്വരിതപ്പെടുത്തുന്നു. പൗരസ്ത്യ വേദശാസ്ത്ര ദർശനത്തിൽ വേദാധിഷ്ഠിതമായി വിഷയവിശകലനം നടത്തിയ ഈ കൃതി, യഥാർത്ഥ ആദ്ധ്യാത്മികതയുടെ സ്രോതസ്സ് അന്വേഷിക്കുന്നവർക്ക് മാർഗ്ഗം പകരുന്നു. വിശുദ്ധ കുർബ്ബാനയിലും ആരാധനാനുഷ്ഠാനങ്ങളിലും കൂടി ലഭ്യമാകുന്ന അനുഭവത്തെ സ്വജീവിതത്തിൽ വിശുദ്ധമായി ഉൾക്കൊണ്ട് സഭയ്ക്കും സമൂഹത്തിനും സകല സൃഷ്ടിക്കും നന്മപകരുന്ന ശുശ്രൂഷകരായി തീരുമ്പോൾ ലഭ്യമാകുന്ന ആദ്ധ്യാത്മിക സ്രോതസ്സുകളുടെ അതിശക്തമായ സാന്നിദ്ധ്യമാണ് ആദ്ധ്യാത്മികജീവിതത്തിൽ പ്രതിഫലിക്കുന്നത് എന്ന് ഈ കൃതി വിളംബരം ചെയ്യുന്നു.

പൗരസ്ത്യ ആദ്ധ്യാത്മിക രഹസ്യങ്ങളും വേദ ദർശനങ്ങളും അനുഭവിച്ചറിയുവാൻ ആഗ്രഹിക്കുന്ന ഗവേഷകർക്കും വിശ്വാസികൾക്കും ഇതിലെ പഠനങ്ങൾ അക്ഷയഖനിയാണ്. അഭിവന്ദ്യ ഗുരുവിന്റെ പ്രൗഢമായ ഈ വേദശാസ്ത്ര വിശകലനം കൂടുതൽ വായനയ്ക്കും ഗവേഷണത്തിനുമായി ഹൃദയപൂർവ്വം വായനാസമക്ഷം സമർപ്പിക്കുന്നു.

ബോധി, പന്തളം
01-7-2016

# പ്രസാധകക്കുറിപ്പ്

മലങ്കരസഭയിൽ ദൈവശാസ്ത്രമേഖല ദാർശനിക സംവാദങ്ങളും ആഴമേറിയ പഠനങ്ങളും കൊണ്ട് പുഷ്കലമാകുവാൻ തുടങ്ങിയിട്ട് നാലു പതിറ്റാണ്ടേ ആയിട്ടുള്ളു. ദൈവശാസ്ത്രപരമായ പഠനഗ്രന്ഥങ്ങൾ ഏറെയൊന്നും ഈ കാലഘട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമില്ല. പ്രസിദ്ധീകരിക്കപ്പെട്ടവ തന്നെ പൗരസ്ത്യ ക്രൈസ്തവ ദർശനത്തോട് പൂർണമായും നീതി പുലർത്തിയെന്ന് പറയുകയും വയ്യ.

ഈ സാഹചര്യത്തിലാണ് പൗരസ്ത്യ ദർശനത്തെ മലയാളികളുടെ വായനയ്ക്ക് എത്തിക്കുവാനുള്ള ശ്രമവുമായി സോഫിയാ ബുക്സ് 1997 നവംബറിൽ ആരംഭിച്ചത്. ശ്രദ്ധേയമായ അറുപതിൽപരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ, യാതൊരു മൂലധനവുമില്ലാതെയാരംഭിച്ച (ഇപ്പോഴുമില്ലാത്ത) ലാഭപ്രതീക്ഷയോടെ പ്രസാധനം നടത്താത്ത ഈ സംരംഭത്തിന് കഴിഞ്ഞു. പലരും കൈ പൊള്ളി പിന്മാറിയ ക്രൈസ്തവ പുസ്തക പ്രസിദ്ധീകരണരംഗത്ത്, പൗരസ്ത്യ ക്രൈസ്തവദർശനം ഉൾക്കൊള്ളുന്ന ദൈവശാസ്ത്രപരവും സഭാവിശ്വാസപരവുമായ ഗ്രന്ഥങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിച്ചുകൊണ്ട് ഒരു പ്രസാധക സ്ഥാപനമായി നിലകൊള്ളുവാനാണ് ഞങ്ങൾ ആഗ്രഹിച്ചത്. നിലവാരമുള്ള ഗ്രന്ഥങ്ങൾ ശ്രദ്ധേയരായ ദൈവശാസ്ത്രജ്ഞരെക്കൊണ്ടും ചിന്തകന്മാരെക്കൊണ്ടും എഴുത്തുകാരെക്കൊണ്ടും എഴുതിച്ച് തുടർച്ചയായി പ്രസിദ്ധീകരിക്കുവാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

റോമൻ, ആംഗ്ലിക്കൻ, അന്ത്യോഖ്യൻ സഭാബന്ധങ്ങൾ വഴി മലങ്കര ഓർത്തഡോക്സ് സഭയിൽ കയറിക്കൂടിയ ചിന്തകൾ പലതും സഭ ഔദ്യോഗികമായിത്തന്നെ ഇന്നും നിലനിർത്തുന്നു. ഇവ പൗരസ്ത്യ ക്രൈസ്തവ ദർശനത്തിൽ നിന്നും വ്യത്യസ്തമാണെന്നുള്ള തിരിച്ചറിവ് ഉണ്ടായിട്ട് അധിക വർഷങ്ങളായിട്ടില്ല. ഈ തിരിച്ചറിവ് സഭയ്ക്ക് നൽകിയതിൽ പ്രമുഖൻ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആയിരുന്നു. മാർ ഗ്രീഗോറിയോസിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ഈ വിഷയത്തെക്കുറിച്ച് ആഴമായ പഠന മനനങ്ങളിലേർപ്പെടുവാൻ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ശ്രമിക്കുകയുണ്ടായി. പൗരസ്ത്യ ക്രൈസ്തവ സഭയായി മലങ്കര ഓർത്തഡോക്സ് സഭ നിലനിൽക്കുന്നുവെങ്കിലും സഭ വച്ചുപുലർത്തുന്ന പല ആശയങ്ങളും പാശ്ചാത്യ ക്രൈസ്തവ സഭയുടേതിൽ നിന്നും പ്രചോദനം കൊണ്ടവയാണ്. ഈ സത്യം അതേപടി അംഗീകരിക്കുവാൻ പലർക്കും ബുദ്ധിമുട്ടുണ്ടായേക്കാം. പക്ഷേ സത്യം അതാണ്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ഈ ഗ്രന്ഥം വായിച്ചു തുടങ്ങുവാൻ.

ഗ്രന്ഥകാരൻ പല സന്ദർഭങ്ങളിലായി രചിച്ച ലേഖനങ്ങളുടെ സമാഹാരമാണിത്. ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന പല വിഷയങ്ങളെപ്പറ്റിയും ഇത്ര ആഴത്തിലുള്ള പഠനം മലയാളത്തിൽ ആരെങ്കിലും എഴുതിയിട്ടുള്ളതായി ഞങ്ങൾക്കറിവില്ല. ഈ ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുവാൻ ഞങ്ങളെ പ്രചോദിപ്പിച്ച പ്രധാന ഘടകമാണിത്. ഈ വസ്തുത ഈ ഗ്രന്ഥത്തെ ശ്രദ്ധേയവുമാക്കുന്നു.

പൗരസ്ത്യചിന്തയുടെ മർമ്മത്തിലേക്കു കടന്നുചെല്ലുവാനും അതിനെ പാശ്ചാത്യചിന്തയിൽ നിന്ന് വേർതിരിച്ച് കാണാനും ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കുള്ള കഴിവ് ഈ ഗ്രന്ഥം വെളിവാക്കുന്നു. വിവിധ ഭാഷകളിലുള്ള നൈപുണ്യവും പൗരസ്ത്യചിന്തയിലുള്ള പാണ്ഡിത്യവും പഠനതപസ്യയും കൊണ്ടാണ് അദ്ദേഹം ഇത് സാധിക്കുന്നത്. ഓർത്തഡോക്സ് വിശ്വാസത്തിന് വേദപുസ്തകത്തിൽ അധിഷ്ഠിതമായി ആദിമ സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലൂടെ വളർന്നുവന്ന ഒരനുസ്യൂതതയുണ്ടെന്ന് ഈ ഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നു.

1999-ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിന്റെ ആദ്യ പതിപ്പിൽ 12 ലേഖനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. അതിനുശേഷം രചിച്ച പത്തു ലേഖനങ്ങളും, 'ഹെർമ്മോൻ സന്ദേശം' മാസികയിൽ പ്രസിദ്ധീകരിച്ച വിശ്വാസ സംബന്ധമായ സംശയങ്ങൾക്കുള്ള മറുപടികളും കൂടി ഈ പതിപ്പിൽ സമാഹരിച്ചു ചേർത്തിരിക്കുന്നു.

ദൈവതേജസ്സിലേക്ക്, കുരിശും തേജസ്സും, ഗുരുമുഖത്തുനിന്നും എന്നീ ശ്രദ്ധേയമായ പുസ്തകങ്ങൾ രചിച്ച ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ഈ ഗ്രന്ഥം സന്തോഷപൂർവ്വം സോഫിയാ ബുക്സ് മലയാളികൾക്ക് സമർപ്പിക്കുന്നു.

സോഫിയാ ബുക്സിനുവേണ്ടി

**ഫാ. ഡോ. റ്റി. പി. ഏലിയാസ്**
**ജോയ്സ് തോട്ടയ്ക്കാട്**

# ഉള്ളടക്കം


വാങ്മുഖം 7

'ജ്ഞാനത്തിന്റെ രഹസ്യങ്ങൾ' തേടുന്നവർ ഭാഗ്യവാന്മാർ
ഡോ. സാമുവൽ ചന്ദനപ്പള്ളി 9

യഥാർത്ഥ ആദ്ധ്യാത്മിക സ്രോതസ്സുകൾക്കായുള്ള പുറപ്പാട്
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ 15

പ്രസാധകക്കുറിപ്പ് 20

1. സഭയുടെ വിശുദ്ധ രഹസ്യങ്ങൾ 23
2. സ്ലീബാ സഭയുടെ ആരാധനാവർഷത്തിൽ 36
3. മാലാഖാവൃന്ദങ്ങൾ 48
4. കൃപാവര പ്രസ്ഥാനം - അല്പം ചരിത്രം 57
5. കൃപാവര പ്രസ്ഥാനവും കൃപാവരങ്ങളും 61
6. അബദ്ധമായ ആദ്ധ്യാത്മികതകളുടെ പരീക്ഷ 66
7. ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ 70
8. ജഡികനും ആത്മികനും 75
9. തേജോവലയം 78
10. പുതിയനിയമത്തിലെ ചില ഭാഷാപ്രശ്നങ്ങൾ 82
11. പ്രവാചകൻ - ഋഷിയും ഉന്മാദിയും 87
12. ദേവാലയാഭിഷേകവും ദൈവസാന്നിദ്ധ്യവും 92
13. പരിശുദ്ധാത്മാഭിഷേകത്തിന്റെ വെളിച്ചം 98
14 അധികാരം പുതിയനിയമത്തിൽ 102
15 കൈവയ്പ് 109
16 രക്തസാക്ഷ്യം വേദചരിത്രത്തിൽ 116
17 തീർത്ഥയാത്ര 124
18 സ്ത്രീസങ്കല്പം 140
19 സ്ത്രീകളുടെ സ്ഥാനവും ശുശ്രൂഷയും 147
20. വിശുദ്ധ ചുംബനവും കരചുംബനവും 155
21. യാഗാർപ്പണത്തിന്റെ പൊരുൾ തേടി 162
22. അനാഫൂറോ 168

**ദളം രണ്ട്**

വിശ്വാസ പഠനം (ചോദ്യോത്തരങ്ങൾ) 173

# 1

# സഭയുടെ വിശുദ്ധ രഹസ്യങ്ങൾ

വിശുദ്ധ കൂദാശകൾക്ക് പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ നൽകുന്ന നാമം 'വിശുദ്ധ രഹസ്യങ്ങൾ' എന്നാണ്. പാശ്ചാത്യ സഭയാകട്ടെ 'സാക്രമെന്റ്സ്' എന്നു പറയുന്നു. സാക്രമെന്റ്സ് എന്ന പദത്തിന് ഏതാണ്ട് സമാനമായിക്കാണുന്ന സുറിയാനി പദമാണ് 'കൂദോശോ.' എന്നാൽ 'രഹസ്യങ്ങൾ' എന്ന പദത്തിന്റെ അർത്ഥവ്യാപ്തി മുഴുവനും സാക്രമെന്റ്സ് എന്ന പദമോ കൂദോശോ എന്ന പദമോ ഉൾക്കൊള്ളുന്നില്ല. അവ അതിന് പര്യാപ്തവുമല്ല. ആകയാൽ ഈ പദങ്ങളുടെ വിശകലനം വി. കൂദാശകൾ സംബന്ധിച്ച പൗരസ്ത്യ ക്രിസ്തീയ സങ്കല്പം ഗ്രഹിക്കുന്നതിന് നമ്മെ ഏറെ സഹായിക്കും.

### സാക്രമെന്റ്സ്

സാക്രമെന്റ്സ് എന്ന ഇംഗ്ലീഷ് വാക്ക് സാക്രമെന്റും (Sacramentum) എന്ന ലത്തീൻ പദത്തിൽ നിന്നും വന്നിട്ടുള്ളതാണ്. ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ടു മുതൽ മിസ്റ്റീറിയോൺ (Mysterion - രഹസ്യം) എന്ന ഗ്രീക്കു പദത്തിനു തുല്യമായി സാക്രമെന്റും എന്ന പദം പാശ്ചാത്യസഭ ഉപയോഗിച്ചു വരുന്നു. മതതലത്തിൽ സാക്രമെന്റും എന്ന പദത്തിന് ശുദ്ധീകരണകർമ്മം നിർവഹിക്കുന്ന കാർമ്മികൻ, ശുദ്ധീകരണ കർമ്മം, ശുദ്ധീകരിക്കപ്പെട്ട വ്യക്തി അല്ലെങ്കിൽ വസ്തു, ശുദ്ധീകരണകർമ്മത്തിനുള്ള വിവിധ ഉപാധികൾ എന്നൊക്കെ അർത്ഥം കാണുന്നു. പടയ്ക്കു ചേരുമ്പോൾ പടയാളി സേവനത്തിന് സ്വയം സമർപ്പിച്ചുകൊണ്ട് ദേവനാമത്തിൽ എടുക്കുന്ന പ്രതിജ്ഞ, രണ്ടു പേർ തമ്മിൽ വ്യവഹാരം ഉണ്ടാവുമ്പോൾ ദേവസന്നിധിയിൽ കെട്ടിവയ്ക്കുന്ന പണം (തോൽക്കുന്ന ആൾക്ക് തുക നഷ്ടമാവും) എന്നിവയ്ക്കും സാക്രമെന്റും എന്ന പദത്തിന് മതത്തോടു ബന്ധിപ്പിച്ച് അർത്ഥം ഉണ്ട്.

സാക്രമെന്റും എന്ന പദം സാക്രാറെ (Sacrare = ശുദ്ധീകരിക്കുക = Consecrate) എന്ന മൂലത്തിൽ നിന്നും ആഗമിച്ചിട്ടുള്ളതാണ്. Sacer (Sacred = വിശുദ്ധം) എന്ന പദവും ഇതേ മൂലത്തിൽ നിന്നും നിഷ്പദിച്ചിരിക്കുന്നു. Consecrate എന്ന ഇംഗ്ലീഷ് പദം Consacrare എന്ന ലത്തീൻ പദത്തിൽ നിന്നും വന്നിട്ടുള്ളതാണെന്നും ഇവിടെ ചൂണ്ടിക്കാണിക്കട്ടെ.

സുറിയാനിയിൽ കാദേശ്, എബ്രായയിൽ കാദശ് എന്നീ വാക്കുകളുടെ

മൂലത്തിലുള്ള അർത്ഥം 'വേർതിരിക്കുക' എന്നാണല്ലോ. ദൈവസന്നിധിയിൽ വേർതിരിച്ച് ശുദ്ധീകരിക്കുക, വേർതിരിച്ച് സമർപ്പിക്കുക എന്നീ അർത്ഥങ്ങൾ മതതലത്തിൽ ഇവയ്ക്കുണ്ട്.

കൂദോശോ എന്ന സുറിയാനി പദവും സാക്രമെന്റും എന്ന ലത്തീൻ പദവും മതതലത്തിൽ ഉപയോഗിക്കുമ്പോൾ അർത്ഥസാമ്യമുള്ളവയാണെന്നാണ് ഈ പദവിശകലനം ചൂണ്ടിക്കാണിക്കുന്നത്.

## മിസ്റ്റീറിയോൺ (രഹസ്യം)

മിസ്റ്റീറിയോൺ (രഹസ്യം) എന്ന ഗ്രീക്കു പദത്തിന്റെ ക്രിയാരൂപത്തിന് ആരാധനാ സന്ദർഭങ്ങളിൽ, ഉപനയനം ചെയ്യുക - ദൈവിക രഹസ്യങ്ങളിലേക്ക് ഉപനയനം ചെയ്യുക, എന്നാണർത്ഥം. ദൈവസന്നിധിയിലേക്ക്, ദൈവിക രഹസ്യങ്ങളിലേക്ക് ഉപനീതരായവർക്കു മാത്രമേ ദൈവികരഹസ്യം വെളിപ്പെടുന്നുള്ളു. ഉപനീതർ, ശിഷ്യർ ദൈവരാജ്യത്തിന്റെ മർമ്മം അറിയുവാൻ വരം ലഭിച്ചവരാണ്. ശേഷമുള്ളവർ കാണുന്നുണ്ടെങ്കിലും തിരിച്ചറിയുന്നില്ല; കേൾക്കുന്നുണ്ടെങ്കിലും ഗ്രഹിക്കുന്നില്ല. അവർക്ക് ദൈവികരഹസ്യങ്ങൾ ഉപമകളായി മാത്രം അവശേഷിക്കുന്നു. പൊരുളറിഞ്ഞ് ദൈവരാജ്യത്തിന്റെ ആഴമായ അനുഭവതലത്തിലേക്ക് പ്രവേശിക്കാൻ കഴിയുന്നില്ല. ഹൃദയം കഠിനപ്പെട്ടിരിക്കുന്നതാണ് കാരണം. അനുതാപം കൊണ്ട് ആർദ്രമായി സുതാര്യത കൈവന്ന് 'പ്രകാശിതർ' ആവാത്തിടത്തോളം ദൈവികരഹസ്യങ്ങളുടെ ആഴമായ സത്യങ്ങൾ ഭോഷത്വമായേ സാധാരണലോകം ഗണിക്കുകയുള്ളു. അതുകൊണ്ട് മൗനം ഇവിടെ ഉപനീതർക്ക് ഭൂഷണമായി വരുന്നു. 'മിസ്റ്റീറിയോൺ' എന്ന പദത്തിന് വായ് (അധരം) പൂട്ടുക (അടയ്ക്കുക) എന്ന് നിരുക്തം കൊടുത്തു കാണുന്നു. പുറത്തുള്ളവരോട് വെളിപ്പെടുത്താൻ പാടില്ലാത്തതും ഉപനീതർക്കു മാത്രം വെളിപ്പെടുത്തപ്പെടുന്നതുമായ രഹസ്യമാണ് മിസ്റ്റീറിയോൺ. വി. കുർബാനയുടെ ഒന്നാം ഭാഗം (വചനശുശ്രൂഷ - സ്നാനാർത്ഥികളുടെ ശുശ്രൂഷ) കഴിയുമ്പോൾ സ്നാനാർത്ഥികൾ ആരാധനാലയം വിടുന്നു. ശേഷമുള്ള ഭാഗം (ബലിയർപ്പണം - വിശ്വാസികളുടെ ശുശ്രൂഷ) സ്നാനം സ്വീകരിച്ച് ദൈവരാജ്യത്തിലേക്ക് ഉപനീതരായ വിശ്വാസികൾക്കുവേണ്ടി മാത്രമുള്ളതാണ്. ഈ നിബന്ധന സഭയുടെ ആദികാലം മുതൽതന്നെ നിലവിലിരുന്നു.

ക്രിസ്തുവർഷം നാലാം നൂറ്റാണ്ടു മുതൽക്കേ രഹസ്യം / രഹസ്യങ്ങൾ എന്ന പദം വ്യക്തമായും കൂദാശകൾക്കു പകരമായി ഉപയോഗിച്ചിരുന്നുള്ളു. 1 കോരി. 4:1-ൽ "ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാർ" എന്ന് അപ്പോസ്തോലന്മാരെക്കുറിച്ച് വി. പൗലോസ് പറയുന്നുണ്ട്. ഇതിന്റെ പ്രതിധ്വനിയെന്നോണം "യേശുക്രിസ്തുവിന്റെ രഹസ്യങ്ങളുടെ

ശുശ്രൂഷകർ" എന്ന് ശെമ്മാശ്ശന്മാരെ സംബന്ധിച്ച് വി. ഇഗ്നാത്തിയോസ് (എ. ഡി. 35-107) ത്രാലിയർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു (2:3). രണ്ടിടത്തും 'രഹസ്യങ്ങൾ' വി. കുർബാനയെ സംബന്ധിച്ചോ നാം ഇന്നു സങ്കല്പിക്കുന്നവിധം കൂദാശകളെ സംബന്ധിച്ചോ, ആണ് പരാമർശിക്കുന്നതെന്ന് തീർത്തു പറയാനാവില്ല. വി. ഇഗ്നാത്തിയോസിന്റെ പരാമർശം വി. കുർബാനയെ സംബന്ധിച്ചായിരിക്കാം എന്ന് സന്ദർഭം സൂചിപ്പിക്കുന്നു. ജസ്റ്റിൻ മാർട്ടിയറും (A. D. 100 - 165. Apologeticum I.66) തെർത്തുല്യനും (A. D. 160 - 225. De Praescriptione Haereticorum 40) കൂദാശകൾക്ക് "രഹസ്യങ്ങൾ" എന്ന് നേരിട്ടു പറയുന്നില്ലെങ്കിലും പുറജാതികളുടെ (മിസ്റ്ററി മതങ്ങൾ എന്ന് പറയപ്പെട്ടിരുന്ന പുറജാതി മതങ്ങളിലെ) 'രഹസ്യങ്ങൾ' ക്രിസ്ത്യാനികളുടെ കൂദാശകളുടെ പൈശാചികമായ അനുകരണമാണെന്ന് പറഞ്ഞിരിക്കുന്നു (ക്രിസ്തീയ കൂദാശകൾക്ക് രഹസ്യങ്ങൾ എന്ന പദം ലഭിച്ചത് പുറജാതി മതങ്ങളിൽ നിന്നാണെന്ന് വാദിക്കുന്ന പുതിയനിയമ പണ്ഡിതർ ഉണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല).

വി. കൂദാശകളെ വി. രഹസ്യങ്ങൾ എന്ന് വിളിക്കുന്നതിന് പിമ്പിൽ ശക്തമായ ഒരു വേദാടിസ്ഥാനം ഉണ്ട്. ഇതു കണ്ടെത്തുക വി. രഹസ്യങ്ങളെ സംബന്ധിച്ച പഠനത്തിൽ സുപ്രധാനമാണ്.

## സ്വർഗ്ഗീയ സഭയും ദൈവിക രഹസ്യങ്ങളും

പുതിയനിയമത്തിലെ "രഹസ്യങ്ങൾ" എന്ന പദത്തിന് തുല്യമായ പഴയനിയമ (എബ്രായ) പദം 'സോദ്' ആണ്. ഈ വാക്കിന് പഴയനിയമത്തിൽ ദൈവത്തിന്റെ സ്വർഗ്ഗീയസഭയെന്നും അതിലെ രഹസ്യ ആലോചനകൾ എന്നും രണ്ട് അർത്ഥങ്ങൾ ഉണ്ട്. പഴയനിയമത്തിൽ ഒരു യഥാർത്ഥ പ്രവാചകന്റെ സവിശേഷത ദൈവത്തിന്റെ ആലോചനാസഭയിൽ നിൽക്കുന്നവൻ എന്നുള്ളതാണ്. യിരമ്യാ പ്രവാചകൻ പറയുന്നു: "യഹോവയുടെ വചനം ദർശിച്ചു കേൾപ്പാൻ തക്കവണ്ണം അവന്റെ ആലോചനാസഭയിൽ (സോദ്) നിന്നവൻ ആർ?....." (യിര. 23:18). ഇതേ ആശയം തന്നെ ഇയ്യോബിന്റെ പുസ്തകത്തിലും കാണാം. ഏലിഫസ് ഇയ്യോബിനോടു ചോദിക്കുന്നു, "നീ ദൈവത്തിന്റെ മന്ത്രിസഭ (സോദ്) യിൽ കൂടീട്ടുണ്ടോ?" (ഇയ്യോബ് 15:8). ഇങ്ങനെ ദൈവത്തിന്റെ ആലോചനാ സഭയിലേക്ക് പ്രവേശിക്കുന്ന ദൈവമനുഷ്യർ ദൈവികരഹസ്യങ്ങൾ ഗ്രഹിക്കുന്നു. ഈ ദൈവികരഹസ്യങ്ങൾ മനുഷ്യനെയും ദൈവത്തെയും പറ്റിയുള്ള ദൈവികഹിതവും പദ്ധതിയുമാണ്. ഇതിന് സോദ് എന്നു പറഞ്ഞിരിക്കുന്നു. ആമോ. 3:7-ൽ അക്കാലത്ത് സാധാരണ പറയാറുണ്ടായിരുന്ന ഒരു ചൊല്ല് പ്രവാചകൻ രേഖപ്പെടുത്തുന്നു: 'യഹോവയായ

കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം (ആലോചന - സോദ്) വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല.' ദാനിയേലിന്റെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ (ഇതിന്റെ മൂലഭാഷ അറമായ ആണ്) എട്ടു പ്രാവശ്യം രഹസ്യം (റാസ്) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. നെബുക്കദ്നേസ്സർ രാജാവിന്റെ രാജത്വത്തിന്റെ ഭാവിയെ സംബന്ധിച്ച ദൈവിക രഹസ്യം, ദൈവഹിതം, ദൈവികപദ്ധതി അറിയുന്നതിനും അതു രാജാവിനെ അറിയിക്കുന്നതിനും ദാനിയേലിനു കഴിഞ്ഞു. "രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവൻ സംഭവിപ്പാനുള്ളത് അറിയിച്ചുമിരിക്കുന്നു" (ദാനി. 2:29).

ഇവിടെ ദൈവത്തിന്റെ സ്വർഗ്ഗീയസഭയിൽ പ്രവേശിച്ച് ദൈവഹിതത്തിന്റെ രഹസ്യം അറിയുന്ന ദൈവപുരുഷന്മാരായ പ്രവാചകന്മാരുടെ നിരയിലാണ് ദാനിയേലിനേയും കാണാൻ കഴിയുക.

ഇങ്ങനെ പഴയനിയമത്തിൽ രഹസ്യം (സോദ്/റാസ്) എന്ന പദം ദൈവത്തിന്റെ സ്വർഗ്ഗീയരഹസ്യ സഭ, അതിലെ രഹസ്യ ആലോചനകൾ - മനുഷ്യരേയും ലോകത്തേയും സംബന്ധിച്ച ദൈവികപദ്ധതി, ദൈവോദ്ദേശ്യം എന്നീ അർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.

## കാലത്തികവിൽ ക്രിസ്തുവിൽ വെളിപ്പെട്ട രഹസ്യം

പുതിയനിയമത്തിൽ രഹസ്യം/രഹസ്യങ്ങൾ (മർമ്മം/മർമ്മങ്ങൾ) എന്ന പദം മിസ്റ്റീരിയോൺ എന്ന ഗ്രീക്ക് പദത്തിന് തർജ്ജമയായി 27 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. അതിൽ 20 പ്രാവശ്യവും വി. പൗലോസിന്റെ ലേഖനങ്ങളിലാണ് കാണുക. അതുകൊണ്ട് പുതിയനിയമത്തിൽ ഈ വാക്കിന്റെ അർത്ഥം പ്രധാനമായും വി. പൗലോസിന്റെ ലേഖനങ്ങളിൽ നിന്നു തന്നെയാവും കണ്ടെത്തേണ്ടത്.

ലോകത്തെ സംബന്ധിച്ച ദൈവത്തിന്റെ രക്ഷാപദ്ധതി ദൈവത്തിന്റെ അനന്തമായ ജ്ഞാനത്തിലുള്ളതാണ്. ഇത് ലോകസൃഷ്ടിക്കു മുമ്പു തന്നെ ദൈവം മുൻനിയമിച്ചതും പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞിരുന്നതുമാണ് (1 കോരി. 2:7; റോമ. 16:24-25; കൊലോ. 1:26; എഫേ. 3:5, 9); ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി അവരുടെ തേജസ്സിനായി ഒരുക്കിയിട്ടുള്ള രക്ഷാകരപദ്ധതിയാണ് (1 കോരി. 2:7, 9). ഈ ദൈവിക രഹസ്യജ്ഞാനം എല്ലാവർക്കും ലഭിക്കുന്നില്ല. ദൈവിക രഹസ്യങ്ങളിലേക്ക് പ്രവേശിക്കുന്നതിന് ആദ്ധ്യാത്മിക വളർച്ച പ്രാപിച്ചിട്ടുള്ള പക്വമതികൾ (തികഞ്ഞവർ) ക്കു മാത്രമേ ഈ ജ്ഞാനം ലഭിക്കുന്നുള്ളു. അതുകൊണ്ട് ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ജ്ഞാനം അപ്പോസ്തോലന്മാർ രഹസ്യ (മർമ്മ) മായി പ്രസ്താവിക്കുന്നു എന്ന്

വി. പൗലോസ് പറയുന്നു (1 കോരി. 2:6-8). ഇവിടെ രഹസ്യം ലൗകികർക്ക് മറഞ്ഞിരിക്കുന്നതും, "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നതുമായ" (1 കോരി. 2:10) ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ രഹസ്യം ആകുന്നു. ഇത് മൂടിവയ്ക്കപ്പെട്ട രൂപത്തിലേ സാധാരണക്കാർക്ക് കാണപ്പെടുന്നുള്ളു. എന്നാൽ ദൈവരാജ്യാനുഭവത്തിലേയ്ക്ക് ഉപനീതരായ ശിഷ്യർക്ക് ഈ രഹസ്യജ്ഞാനം വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു. "ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു; പുറത്തുള്ളവർക്കോ സകലവും ഉപമകളാൽ ലഭിക്കുന്നു" (മർക്കോ. 4:11 = മത്താ. 13:11 = ലൂക്കോ. 3:10). 1 തിമോ. 3:16-ൽ ജഡധാരണം മുതൽ തേജസ്സോടെ സ്വർഗ്ഗാരോഹണം ചെയ്യുന്നതുവരെയുള്ള ക്രിസ്തുവിന്റെ രക്ഷാകര ജീവിതവും പ്രവർത്തനങ്ങളും ദൈവികരഹസ്യത്തിന്റെ ഉള്ളടക്കമായി വി. പൗലോസ് എടുത്തു പറയുന്നു. ദൈവഭക്തിയുടെ (ക്രിസ്തീയ വിശ്വാസത്തിന്റെ) ഈ രഹസ്യം ശുദ്ധമനസ്സാക്ഷിയിൽ സൂക്ഷിക്കണമെന്നും വി. പൗലോസ് ശുശ്രൂഷകരെ പ്രബോധിപ്പിക്കുന്നുണ്ട് (1 തിമോ. 3:9). ക്രിസ്തുവിന്റെ ജീവിതവും പ്രവർത്തനങ്ങളും എന്നല്ല ക്രിസ്തു തന്നെ ദൈവത്തിന്റെ രഹസ്യം ആണെന്ന് പൗലോസ് അപ്പോസ്തോലൻ രേഖപ്പെടുത്തുന്നു (കൊലോ. 2:2; 4:3; എഫേ. 3:4).

ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്ന ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ മറ്റു സുപ്രധാനതലങ്ങളിലേക്കും എഫേസ്യ ലേഖനം വിരൽ ചൂണ്ടുന്നുണ്ട്. ദൈവത്തിന് ലോകത്തെ സംബന്ധിച്ച രക്ഷാപദ്ധതിയെന്ന ദൈവികരഹസ്യത്തിന്റെ ഒരു പ്രധാനഘടകം ജാതികളുടെ രക്ഷയാണ് (എഫേ. 3:2-10). മറ്റൊന്ന്, മനുഷ്യവർഗ്ഗം മാത്രമല്ല, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ സകലവും ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേരുന്നു എന്നതാണ്. ഇത് "ദൈവഹിതത്തിന്റെ രഹസ്യം" എന്ന് പൗലോസ് പറഞ്ഞിരിക്കുന്നു (എഫേ. 1:9-10). ഇവിടെ, സമസ്ത സൃഷ്ടിയേയും ഉൾക്കൊള്ളുന്ന ഒരു വിശ്വവീക്ഷണം ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ ഉണ്ടെന്നു വരുന്നു.

ചുരുക്കത്തിൽ, പുതിയനിയമത്തിൽ, ദൈവത്തിന്റെ രഹസ്യം അവന്റെ രക്ഷാപദ്ധതിയാണ്. പൂർവ്വകാലങ്ങളിൽ മറഞ്ഞുകിടന്നതും കാലത്തികവിൽ വെളിപ്പെട്ടതുമായ ദൈവികരഹസ്യം, ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട രക്ഷാകര പ്രവർത്തനങ്ങളും ക്രിസ്തു തന്നെയുമാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തെയും രക്ഷാകര പ്രവർത്തനങ്ങളെയും ആരാധനാനുഷ്ഠാനങ്ങളിലൂടെ പരിശുദ്ധാത്മ നിവാസം കൊണ്ട് പുനരാവിഷ്കരിച്ച് ഈ കാലത്തിൽ ജീവിക്കുന്നവർക്ക് അനുഭവവേദ്യമാക്കുന്നതിനാലാണ് വി. കൂദാശകൾ വി. രഹസ്യങ്ങൾ ആകുന്നത്.

സഭയുടെ കൂദാശകളിൽ വിശുദ്ധ സ്നാനത്തിനും (വി. മൂറോനഭിഷേകം ഉൾപ്പെടെ) വി. കുർബാനയ്ക്കുമാണ് പ്രധാനമായും വി. രഹസ്യങ്ങൾ എന്നു പറഞ്ഞു വരുന്നത്. വി. സ്നാനം ദൈവത്തിന്റെ സ്വർഗ്ഗീയ സഭയിലേക്കുള്ള, ദൈവരാജ്യാനുഭവത്തിലേക്കുള്ള പ്രവേശനവും ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലുമുള്ള പങ്കാളിത്തവും ഏകീഭാവവുമാണ് (റോമ. 6:3-11). വി. കുർബാനയിലൂടെ യേശുക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതവും പ്രവർത്തനങ്ങളും ഇക്കാലത്ത് നാം വീണ്ടും ജീവിച്ചറിയുന്നു. ക്രൂശിലെ യാഗാർപ്പണത്തിലും പുനരുത്ഥാനത്തിന്റെ തേജസ്സിലും പങ്കാളികളാവുന്നു. തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതു വഴി ക്രിസ്തു എന്ന ദൈവികരഹസ്യം നാം സ്വാംശീകരിക്കുകയും ചെയ്യുന്നു (കോരി. 10:16). മറ്റെല്ലാ കൂദാശകളുടെയും പൊരുൾ ഈ മൂന്നു കൂദാശകളുടെയും അടിസ്ഥാനപ്രമാണത്തിൽ നിന്നുകൊണ്ട് വ്യാഖ്യാനിച്ചു ഗ്രഹിക്കാവുന്നതാണ്.

## ഓർമ്മയും അനുഷ്ഠാനവും

മുകളിൽ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ ആവർത്തിച്ചുപയോഗിച്ചിരിക്കുന്ന ചില പദങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. പുനരാവിഷ്ക്കരിക്കുക, വീണ്ടും ജീവിച്ചറിയുക, അനുഭവിച്ചറിയുക, സ്വാംശീകരിക്കുക, പങ്കുചേരുക. ഇവയെല്ലാം ഓർമ്മയും അനുഷ്ഠാനവും എന്ന ആശയത്തോട് ബന്ധപ്പെട്ടു വരുന്നവയാണ്. ഭൂതകാല ചരിത്രത്തിൽ ഇടപ്പെട്ട് പ്രവർത്തിച്ച ദൈവത്തെയും അവന്റെ രക്ഷാകര പ്രവർത്തനങ്ങളെയും ആരാധനാനുഷ്ഠാനങ്ങളിലൂടെ ഓർക്കുമ്പോൾ വർത്തമാനകാലചരിത്രത്തിൽ സന്നിഹിതനായി രക്ഷാകര പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ദൈവത്തെ സഭ അഭിമുഖീകരിക്കുകയും അനുഭവിച്ചറിയുകയുമാണ്. ഇവിടെ, ഓർമ്മ നമ്മുടെ ഭാഷയിൽ സാധാരണ വ്യവഹാരാർത്ഥത്തിലുള്ള സ്മാരകശുശ്രൂഷയല്ല. അനുഷ്ഠാനം ഓർമ്മയുണർത്തുന്ന വെറും പ്രതീകാത്മക കർമ്മങ്ങളുമല്ല. ഓർമ്മയും അനുഷ്ഠാനവും ക്രിസ്തുവിന്റെ സാന്നിദ്ധ്യവും ക്രിസ്തുവിലുള്ള സംബന്ധവും സാക്ഷാത്കരിക്കുന്ന സന്ദർഭമാണ്. ഒരിക്കലായി ചരിത്രത്തിൽ ക്രിസ്തു പൂർത്തീകരിച്ച രക്ഷാകര പദ്ധതി ആവർത്തിക്കുകയോ (repetition) തുടരുകയോ (Continuation) അല്ല, ഇന്നത്തെ അനുഭവമായി പരിശുദ്ധാത്മ വ്യാപാരത്താൽ വീണ്ടും വീണ്ടും ജീവിച്ചറിയുകയാണ്.

പഴയനിയമത്തിൽ 'ഓർക്കുക' (എബ്രായ: സാക്കർ; സുറിയാനി: ദ്ക്കാർ) എന്നാൽ ഓർമ്മതലത്തിൽ മാത്രം നടക്കുന്നതല്ല. യഹോവ ചരിത്രത്തിൽ നിർവ്വഹിച്ചിട്ടുള്ള വൻപ്രവർത്തികളെ യാഗങ്ങളും പെരുന്നാൾ ആചരണങ്ങളും വഴി ഓർക്കുന്നത് അവയെ കാലികമായി അനുഭവിച്ച

റിയുന്നതിനാണ്. പെസഹാപ്പെരുന്നാളിനെ സംബന്ധിച്ച് പുറപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു: "ഈ ദിവസം നിങ്ങൾക്ക് ഓർമനാളായിരിക്കേണം.... തലമുറ തലമുറയായും നിത്യനിയമമായും നിങ്ങൾ അത് ആചരിക്കേണം' (പുറപ്പാട് 12:14). ഈ ഓർമ്മയും അനുഷ്ഠാനവും കഴിഞ്ഞകാല സംഭവങ്ങൾ പുനരാവിഷ്ക്കരിച്ച് ഈ കാലത്തിൽ അനുഭവമാക്കുന്നതിനു വേണ്ടിയാണ് ക്രമീകരിച്ചിരിക്കുന്നത്. പെസഹാ ആചരണത്തെ സംബന്ധിച്ച് മിഷ്ന എന്ന യഹൂദ ഗ്രന്ഥത്തിൽ കാണുന്ന ഒരു ഭാഗം ശ്രദ്ധിക്കുക: "ഈ പെരുനാൾ ആചരിക്കുമ്പോൾ നാം തന്നെ ഈജിപ്തിൽ നിന്ന് പുറപ്പെടുന്നുവെന്നവിധം വേണം അതു ചെയ്യുവാൻ" (Pesahim 10:5). ഇസ്രായേൽ ജനം ദൈവത്തെ ഓർക്കുന്നതിനും ദൈവം ഇസ്രായേൽ ജനത്തെ ഓർക്കുന്നതിനും - അങ്ങനെ പരസ്പരം അഭിമുഖീകരിക്കുന്നതിന് പ്രത്യേകനാളുകൾ/കാലങ്ങൾ മാത്രമല്ല സ്ഥാനങ്ങളും വേർതിരിച്ച് നിശ്ചയിച്ചിരിക്കുന്നു. മണ്ണു കൊണ്ട് ഒരു യാഗപീഠം നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് യഹോവ കല്പിക്കുന്നു: "ഞാൻ എന്റെ നാമത്തിൽ സ്മരണ സ്ഥാപിക്കുന്ന ഏതു സ്ഥലത്തും ഞാൻ നിന്റെ അടുക്കൽ വന്ന് നിന്നെ അനുഗ്രഹിക്കും" (പുറ. 20:24). ചരിത്രത്തിൽ ഇടപെട്ട് അത്ഭുതം പ്രവർത്തിച്ച ദൈവത്തെ ആരാധകസമൂഹം ഓർമ്മ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തും ഓർമ്മ നിലനിർത്തുന്നതിന് പുനരാവിഷ്കരിക്കുന്ന അനുഷ്ഠാനങ്ങളിലൂടെയും വീണ്ടും അഭിമുഖീകരിക്കുന്നു. ദൈവത്തിന്റെ വീണ്ടെടുപ്പും രക്ഷയും വീണ്ടും ജീവിച്ചറിയുന്നു. ഗതകാല സംഭവങ്ങൾ വർത്തമാനകാലത്തിൽ പ്രസക്തമാക്കുന്ന ഓർമ്മയും അനുഷ്ഠാനവുമാണ് യറുശലേം ദൈവാലയത്തിലെ ആരാധകർക്ക് അനുഭവമായിരുന്നതെന്ന് കാണിക്കുന്ന ഒരു കീർത്തനം നോക്കുക: "വന്ന് ദൈവത്തിന്റെ പ്രവർത്തികളെ നോക്കുവിൻ. ..... അവൻ സമുദ്രത്തെ ഉണങ്ങിയ നിലമാക്കി, അവർ കാൽനടയായി കടന്നുപോയി. ... അവൻ നമ്മെ ജീവനോടെ കാക്കുന്നു; നമ്മുടെ കാലടികൾ വഴുതുവാൻ സമ്മതിക്കുന്നതുമില്ല" (സങ്കീ. 66:5-9).

ഓർമ്മ എന്നതിന് ഗ്രീക്ക് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'അനമ്നേസിസ്' ആണ്. 'ഓർമ്മയിൽ കൊണ്ടുവരുന്ന പ്രവർത്തനം' എന്നാണിതിനർത്ഥം. പഴയനിയമത്തിൽ ഓർമ്മ എന്ന ആശയത്തോടനുബന്ധിച്ച് നാം കണ്ട എല്ലാ ആശയങ്ങളും പുതിയനിയമത്തിലും പ്രസക്തമാണ്. പഴയനിയമ ചിന്താധാരയുടെ വെളിച്ചത്തിൽ മാത്രമേ പുതിയനിയമത്തിലെ മറ്റേത് ആശയവുമെന്നതുപോലെ 'ഓർമ്മ'യും വ്യക്തമായി മനസ്സിലാവുന്നുള്ളു. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്ന ക്രിസ്തുവിന്റെ അനുശാസനം പഴയനിയമ പെസഹാ ആചരണം സംബന്ധിച്ച്, "ഈ ദിവസം നിങ്ങൾക്ക് ഓർമ്മനാളായിരിക്കേണം.

നിങ്ങൾ അത് യഹോവയ്ക്ക് ഉത്സവമായി ആചരിക്കേണം" (പുറ. 12:14) എന്നു പറഞ്ഞുകൊണ്ട് യഹോവ നൽകുന്ന കല്പനയ്ക്ക് സമാനമായി കാണാവുന്നതാണ്. മിസ്രയിമിൽ നിന്ന് കനാനിലേക്കുള്ള പുറപ്പാടാണ് പെസഹായുടെ പശ്ചാത്തലമെങ്കിൽ ക്രൂശും പുനരുത്ഥാനവുമാണ് വി. കുർബാന സ്ഥാപനത്തിന്റെ പശ്ചാത്തലം. പുതിയനിയമ വ്യാഖ്യാനത്തിൽ വി. കുർബാന പുതിയനിയമത്തിന്റെ പെസഹായാണ്.

വിശുദ്ധ രഹസ്യങ്ങളിൽ ക്രിസ്തുവുമായുള്ള സംബന്ധവും അവിടുത്തെ രക്ഷാകര പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തവും ഇന്നും സാധ്യമാകുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൊണ്ടാണ്; മനുഷ്യപ്രയത്നം കൊണ്ടല്ല. സകലവും സഭയെ ഓർമ്മപ്പെടുത്തുന്ന പരിശുദ്ധാത്മാവ് (യോഹ. 14:26) ക്രിസ്തുവിനെ സഭയ്ക്ക് ആനുകാലികമാക്കിത്തീർക്കുന്നു. വി. കുർബാനയിൽ പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥന (Epiclesis) ഈ നിലയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ദൈവത്തിന്റെ രക്ഷാപദ്ധതി ചരിത്രത്തിൽ പൂർത്തീകരിച്ച ക്രിസ്തുവിനോട് ഇക്കാലത്തിൽ ജീവിക്കുന്ന സഭ കൗദാശികാനുഷ്ഠാനങ്ങളിലൂടെ നിരന്തരം ബന്ധപ്പെടുകയും എക്കാലവും അവനെ രക്ഷാദാതാവായി അനുഭവിച്ചറിഞ്ഞുകൊണ്ട് രക്ഷാപൂർത്തിയുടെ പ്രത്യാശയിൽ വളരുകയും ചെയ്യുന്നു. ഇങ്ങനെ ഓർമ്മയും അനുഷ്ഠാനവും വഴി ഭൂതവർത്തമാനഭാവി കാലങ്ങൾ ക്രിസ്തുവിൽ സമന്വയിപ്പിക്കുകയും കാലങ്ങൾ തമ്മിലുള്ള അകലവും അന്തരവും അവസാനിപ്പിച്ച് ഇക്കാലജീവിതത്തിൽ തന്നെ നിത്യതയുടെ അനുഭവത്തിലേക്ക് സഭ പ്രവേശിക്കുകയും ചെയ്യുന്നു.

## സ്തോത്രാർപ്പണം - യാഗാർപ്പണം

ഓർമ്മയും അനുഷ്ഠാനവും കൊണ്ടുദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പുനരാവിഷ്ക്കരണവും (re-presentation or re-enactment) അതിലുള്ള പങ്കാളിത്ത (participation) വുമാണെങ്കിൽ, ക്രിസ്തുവിന്റെ സാന്നിദ്ധ്യവും (presence), ക്രിസ്തുവിനോടുള്ള സംബന്ധവു (communion) മാണെങ്കിൽ സ്തോത്രാർപ്പണം (eucharistic offering), യാഗാർപ്പണം (sacrificial offering) തന്നെയാണ്. വി. കുർബാന സ്ഥാപിച്ചുകൊണ്ടുള്ള കർത്താവിന്റെ വചനങ്ങളിൽ യാഗസംബന്ധമായ പരാമർശങ്ങളും സൂചനകളും അടങ്ങിയിട്ടുണ്ട്. "ഇത് അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം" (മത്താ. 26:28); ഇത് കർത്താവിന്റെ പുതിയനിയമ സ്ഥാപനവചനം കൂടിയാണ്. ഇതിനു സമാന്തരമായി പഴയനിയമത്തിൽ കാണുന്ന ഭാഗം ശ്രദ്ധിക്കുക. മോശ യാഗരക്തം എടുത്ത് ജനത്തിന്മേൽ

തളിച്ചുകൊണ്ട്, "ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു" (പുറ. 24:8). വി. കുർബാന കർത്താവ് സ്ഥാപിക്കുന്നത് തന്റെ ക്രൂശിലെ യാഗത്തിന്റെ പശ്ചാത്തലത്തിൽ ആണ്.

കുർബോനോ എന്ന സുറിയാനി പദവും അനാഫോറാ എന്ന ഗ്രീക്കു പദവും ഒരേ അർത്ഥം വരുന്ന യാഗപദങ്ങൾ ആണ്. കുർബോനോ - കാഴ്ചയർപ്പണം, യാഗാർപ്പണം തന്നെയാണ്. വി. കുർബാനയുടെ രണ്ടാം ഭാഗമായ ബലിയർപ്പണ ശുശ്രൂഷയ്ക്ക് അനാഫോറോ എന്നാണ് തക്സായിൽ കൊടുത്തിരിക്കുന്ന നാമം. 'Take (Carry) up' (to offer) എന്നാണ് വാക്കർത്ഥം. പഴയനിയമ ഗ്രീക്ക് വേദപുസ്തകത്തിൽ (സെപ്റ്റുജിന്റ്) യാഗസന്ദർഭങ്ങളിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു (ലേവ്യ 17:5; എസ്രാ 5:49; യശ. 57:6; 2 മക്കാ. 1:18). ഉയർന്ന ബലിപീഠത്തിലേക്ക് യാഗവസ്തു എടുത്ത് അർപ്പിക്കുന്ന പ്രവൃത്തിയാണ് അനാഫോറാ. ആയതിനാൽ വി. കുർബാനയുടെ പര്യായം തന്നെയാണ് അനാഫോറാ. ചുരുക്കത്തിൽ അനാഫോറാ എന്ന പദപ്രയോഗം വി. കുർബാന ബലിയർപ്പണം തന്നെയെന്ന് ഉറപ്പിച്ചുപറയുന്നതിന് സഹായിക്കുന്നു.

എന്നാൽ നാം അർപ്പിക്കുന്ന ബലി പുതിയ ബലിയല്ല. ഒരിക്കലായി ക്രൂശിന്മേൽ അർപ്പിക്കപ്പെട്ട ബലിയോട് അനുരൂപമുള്ള ബലിയായി നാം നമ്മെത്തന്നെ സമർപ്പിക്കുകയും ആ പരമബലിയിൽ നാം നിരന്തരം പങ്കുചേരുകയുമാണ്. വി. കുർബാനയുടെ ഒരുക്കശുശ്രൂഷയിലെ ഒരു പ്രാർത്ഥന ഇവിടെ ഉദ്ധരിക്കട്ടെ: "ലോകം മുഴുവന്റെയും പാപപരിഹാരത്തിനും രക്ഷയ്ക്കും വേണ്ടി തന്റെ പിതാവിന് സ്വീകാര്യബലിയായി സമർപ്പിച്ച വെടിപ്പുള്ള നിർമ്മല കുഞ്ഞാടായ മശിഹാതമ്പുരാനേ! നിനക്കു പ്രീതികരവും നിന്റെ ബലിയർപ്പണത്തിന് അനുരൂപവുമായ ജീവനുള്ള ബലിയായി ഞങ്ങളെത്തന്നെ നിനക്കു സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ." നമ്മുടെ ജീവന് ആധാരമായ അപ്പവീഞ്ഞുകൾ കർത്തൃസന്നിധിയിൽ സമർപ്പിക്കുന്നതു വഴി നാം നമ്മെത്തന്നെ സമർപ്പിക്കുന്നു.

നാം ദൈവസന്നിധിയിൽ അർപ്പിക്കുന്ന എല്ലാ ആരാധനയും എല്ലാ കൗദാശികാനുഷ്ഠാനങ്ങളും വി. കുർബാനയെന്ന ശ്രേഷ്ഠബലിയോടു ചേർന്നുവരുന്നവയും അത് അടിസ്ഥാനമാക്കിയുമുള്ള യാഗാർപ്പണങ്ങൾ ആണ്. നാം ദൈവസന്നിധിയിൽ നിവേദിക്കുന്ന വാക്കും, നമസ്ക്കാരവും, വസ്തുവും എല്ലാം നന്ദിയർപ്പണമാണ്, യാഗാർപ്പണമാണ്. തിരുസന്നിധിയിൽ തെളിയിക്കുന്ന നിലവിളക്കും മെഴുകുതിരിയും, അർപ്പിക്കുന്ന ധൂപവും, തൈലവും ജലവുമെല്ലാം യാഗം തന്നെയാണ്. അവ വഴി ക്രൂശിലെ യാഗത്തിൽ അനവരതം പങ്കുചേരുകയാണ്. എല്ലാ ആരാധനയും അനുഷ്ഠാനങ്ങളും കൗദാശികങ്ങളാണ്. അവ ശ്രേഷ്ഠബലിയായ

വി. കുർബാനയിൽ അധിഷ്ഠിതവുമായിരിക്കുന്നു. നമ്മുടെ ഓരോ യാഗാർപ്പണവും കർത്താവിന്റെ തിരുബലിയോടുള്ള അനുരൂപീകരണവും (Conformation) അതിലുള്ള സംബന്ധവുമാണ് (Communion).

## സ്തോത്രാർപ്പണ വീക്ഷണം

വി. കുർബാന മാത്രമല്ല, എല്ലാ കൂദാശകളും സ്തോത്രാർപ്പണം (യാഗാർപ്പണം) ആണെന്ന് മുകളിൽ സൂചിപ്പിക്കുകയുണ്ടായി. മനുഷ്യജീവിതം നിലനിർത്തുന്നതിന് ആധാരമായ ഭക്ഷണപാനീയങ്ങൾ (അപ്പവീഞ്ഞുകൾ) സമർപ്പിക്കുന്നതിലൂടെ നാം നമ്മെത്തന്നെ ദൈവത്തിന് സമർപ്പിക്കുന്നുവെന്നും പറഞ്ഞുകഴിഞ്ഞു. എന്നാൽ നമ്മുടെ വ്യക്തി ജീവിതത്തെ മാത്രമല്ല സമസ്ത പ്രപഞ്ചത്തെയും വി. കൂദാശകളിലൂടെ ദൈവത്തിന് സമർപ്പിക്കുകയാണ്. ദൈവം സൃഷ്ടിച്ച് നല്ലതെന്ന് കണ്ട് നമുക്ക് നൽകിയ ഈ പ്രപഞ്ചത്തെ നന്ദിപൂർവ്വം ദൈവസന്നിധിയിൽ തിരിച്ചു സമർപ്പിക്കുന്നു. പ്രപഞ്ചത്തോടുള്ള മനുഷ്യന്റെ ഉപഭോഗസമീപനമാണ് അവന്റെ വീഴ്ചയ്ക്ക് ഹേതു (ഉല്പത്തി 3:6). മനുഷ്യന്റെ വീഴ്ച പ്രകൃതിയേയും ബാധിച്ചു. പ്രകൃതി വികൃതിയായി മാറി. ആദിസൃഷ്ടി കർമ്മത്തിൽ പരിശുദ്ധാത്മാവ് പൊരുന്നി ആവസിച്ച് പാഴും ശൂന്യവുമായിരുന്നിടത്ത് രൂപവും ക്രമവും ഉള്ള പ്രകൃതി ഉളവായി. മനുഷ്യനും പ്രകൃതിക്കും വന്ന വൈകല്യം തീർക്കാൻ രൂപാന്തരം നൽകുന്ന പരിശുദ്ധാത്മാവ് വീണ്ടും ആവസിക്കണം. ഈ പുനഃസൃഷ്ടികർമ്മം ക്രിസ്തുവിൽ പരിശുദ്ധാത്മാവു മുഖാന്തിരം പിതാവാംദൈവം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിന് നാം നമ്മെത്തന്നെയും ഈ പ്രപഞ്ചത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ്. ഈ നന്ദിയർപ്പണ വീക്ഷണ (eucharistic perspective) മാണ് എല്ലാ കൂദാശാനുഷ്ഠാനങ്ങളെ സംബന്ധിച്ചും പൗരസ്ത്യ സഭകളുടെ അടിസ്ഥാന ധാരണ.

## വിശ്വവീക്ഷണം

മുൻചൊന്ന സംഗതികളിൽ നിന്നും വി. കൂദാശകളെ സംബന്ധിച്ച് ഒരു വിശ്വവീക്ഷണം ഉരുത്തിരിഞ്ഞുവരുന്നതായി കാണാം. “മണ്ണിൻവിളവുകൾ പട്ടക്കാരൻ കാഴ്ചയണ”യ്ക്കുമ്പോൾ മനുഷ്യജീവനെ മാത്രമല്ല ഈ പ്രപഞ്ചത്തെ ആകമാനമാണ് രൂപാന്തരത്തിനായി സമർപ്പിക്കുന്നത്. ദീപം, ധൂപം, ജലം, തൈലം, ഭോജ്യം എന്നീ വളരെ ലളിതമായ പ്രപഞ്ച വസ്തുക്കൾ ദൈവസന്നിധിയിൽ സമർപ്പിച്ച് അതിശ്രേഷ്ഠമായ ദൈവികജീവനിൽ നാമും പ്രപഞ്ചവും പങ്കാളികളാവുകയാണ്. വീണ്ടെടുപ്പും തേജസ്ക്കരണവും മനുഷ്യനു മാത്രമല്ല അവനിലൂടെ ഈ പ്രപഞ്ചത്തിനും ഉണ്ടെന്ന അതിശ്രേഷ്ഠമായ ഒരു ദർശനം വി. പൗലോസ് നൽകുന്നുണ്ടല്ലോ (റോമ. 8:19-23); “സൃഷ്ടി ദ്രവത്വത്തിന്റെ (ദ്രവത്വ

ത്തോടു ചേർന്നു വരുന്ന) ദാസ്യത്തിൽ നിന്ന് വിമോചിതമായി ദൈവ മക്കളുടെ തേജസ്സിന്റെ (തേജസ്സോടു ചേർന്നു ലഭിക്കുന്ന) സ്വാതന്ത്ര്യ ത്തിലേക്ക് നയിക്കപ്പെടും." സഭയുടെ വി. കൂദാശകൾ മാനവികതലത്തെ മാത്രമല്ല ഉൾക്കൊള്ളുന്നത്, സമസ്ത പ്രപഞ്ചത്തേയുമാണ്. ഇവിടെ വ്യക്തിയുടെ രക്ഷയുടെ പ്രാധാന്യം നഷ്ടപ്പെടാതെ കൂദാശകൾക്ക് ഒരു വിശ്വമാനം കൈവരുന്നു.

## ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പ്രസക്തി

വി. കൂദാശകളെ സംബന്ധിച്ച പൗരസ്ത്യ സമീപനം കർത്താവിന്റെ മനുഷ്യാവതാരത്തെ അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയിട്ടുള്ളത്. "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു." ഇവിടെ ദൈവവും, മനു ഷ്യനും, പ്രകൃത്യാതീതവും പ്രകൃതിയും, അദ്ധ്യാത്മികവും ഭൗതികവും തമ്മിലുള്ള അകലം അവസാനിച്ച് വേർപാടിന്റെ നടുച്ചുവർ പൊളിഞ്ഞ് ക്രിസ്തുവിൽ പരസ്പര സംബന്ധത്തിൽ സമാശ്ലേഷിച്ച് നിൽക്കുന്നതു കാണാം. മനുഷ്യാവതാരം ഈ ശരീരത്തിലായിരുന്നു. ശരീരമാകട്ടെ ഈ പ്രപഞ്ചത്തെയും ഉൾക്കൊള്ളുന്നു. കർത്താവു രക്ഷിച്ചതും രൂപാന്തര പ്പെടുത്തിയതും ശരീരത്തെയും കൂടിയാണ്. പുനരുത്ഥാനത്തിൽ കാണുന്ന ശരീരത്തിന്റെ തേജസ്സിലുള്ള രൂപാന്തരം പ്രപഞ്ചത്തിന്റെ തന്നെ രൂപാന്തരത്തിന്റെ നാന്ദിയും ആദ്യഫലവുമാണ്. മനുഷ്യാവതാ രവും പുനരുത്ഥാനവും യാഥാർത്ഥ്യമെങ്കിൽ വി. കൂദാശകളിലൂടെ കർത്തൃസന്നിധിയിൽ സമർപ്പിക്കുന്ന കാഴ്ചകൾക്കും രൂപാന്തരം സംഭ വിക്കുന്നു.

## കൂദാശകളുടെ നിർവചനവും എണ്ണവും

വി. കൂദാശകൾ എന്നാൽ എന്ത്? വി. കൂദാശകൾ എത്ര? ഏവ? ഈ ചോദ്യങ്ങൾക്ക് ഉത്തരമായി, കൂദാശകൾക്ക് നിർവ്വചനവും എണ്ണവും നൽ കുന്ന രീതി പാശ്ചാത്യ സഭാവിശ്വാസപഠനത്തിൽ രൂപപ്പെട്ടുണ്ടായതാണ്. 'അദൃശ്യ കൃപകളുടെ ദൃശ്യോപാധികൾ ആകുന്നു കൂദാശകൾ' എന്ന വി. അഗസ്തീനോസിന്റെ നിർവ്വചനം ആണ് ഇന്നും പാശ്ചാത്യ സഭക ളിൽ നിലവിലിരിക്കുന്നത്. പല പൗരസ്ത്യ സഭകളും ഒരു ഘട്ടത്തിൽ ഈ നിർവ്വചനം സ്വീകരിച്ചിരുന്നതായി കാണാം. മലങ്കര ഓർത്ത ഡോക്സ് സഭയിൽ അടുത്തകാലം വരെ സണ്ടേസ്ക്കൂൾ പാഠാവലി യായി സ്വീകരിച്ചിരുന്ന 'മതോപദേശസാരങ്ങൾ' എന്ന ഗ്രന്ഥത്തിൽ ഈ നിർവ്വചനം കാണുന്നത് ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ. എന്നാൽ ഇന്ന് പൗരസ്ത്യ സഭകൾ എല്ലാം തന്നെ ഇത് തിരുത്തിയിട്ടുണ്ട്.

വി. രഹസ്യങ്ങളെ സംബന്ധിച്ചുള്ള സഭയുടെ വിശ്വാസം നിർവ്വചനങ്ങളിൽ ഒതുക്കാൻ കഴിയുകയില്ല. അദൃശ്യകൃപകളുടെ (invisible grace) ദൃശ്യോപാധികൾ (visible means) എന്നോ ദൃശ്യസൂചകങ്ങൾ (visible signs) എന്നോ നിർവചിച്ച് കൂദാശകളുടെ അർത്ഥം സങ്കുചിതപ്പെടുത്താൻ പാടുള്ളതല്ല. മനുഷ്യന്റെ ആത്മരക്ഷയ്ക്കായി പ്രകൃതിയിൽ നിന്നുള്ള വസ്തുക്കളെ ഉപാധികളാക്കിയെടുക്കുകയല്ല, ദൈവസാന്നിധ്യം കൊണ്ടു നിറഞ്ഞ ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും രൂപപ്പെടുത്തിയെടുക്കുവാൻ നമ്മെയും പ്രപഞ്ചത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ്. പ്രപഞ്ചം ഇവിടെ ഉപാധിയോ, സൂചകമോ ആവുകയല്ല; ദൈവതേജസ്സിലേക്ക് രൂപാന്തരപ്പെടുകയും ദൈവസാന്നിധ്യം കൊണ്ട് നിറയുകയുമാണ്. വി. രഹസ്യങ്ങളിലൂടെ മനുഷ്യനും പ്രപഞ്ചവും ചേർന്ന് രൂപാന്തരപ്പെട്ട് വളരുകയും ക്രിസ്തുവിൽ ദൈവം പൂർത്തീകരിച്ച വീണ്ടെടുപ്പിൽ പങ്കുചേരുകയും ചെയ്യുന്നു എന്ന സമഗ്ര ദർശനം കൂദാശകളെ സംബന്ധിച്ച പൗരസ്ത്യ സങ്കല്പത്തിൽ സുപ്രധാനമാണ്.

കൂദാശകളുടെ എണ്ണത്തെ സംബന്ധിച്ചും ഒരു വാക്കു സൂചിപ്പിക്കട്ടെ. പൗരസ്ത്യ സഭകൾ വി. സ്നാനം, വി. മൂറോനഭിഷേകം, വി. കുർബാന എന്നിവയെയാണ് വി. രഹസ്യങ്ങൾ എന്നു പ്രധാനമായും വിളിക്കുന്നത്. സഭയ്ക്ക് ഏഴു കൂദാശകൾ ഉണ്ട് എന്നു പറയുമ്പോഴും മറ്റു പല കൂദാശകളുടെയും ശുശ്രൂഷാക്രമം നിലവിലുണ്ട്. സഭയിലെ എല്ലാ അനുഷ്ഠാനങ്ങളും കൗദാശികമാണ്. അതുകൊണ്ട് കൂദാശകളെ എണ്ണി പരിമിതപ്പെടുത്താനാവില്ല.

## അടിസ്ഥാനപ്രമാണങ്ങൾ കണ്ടെത്തുക

വി. കൂദാശകളെ സംബന്ധിച്ച പാശ്ചാത്യസഭകളുടെ സമീപനത്തിൽ, റോമൻ കത്തോലിക്കാ സഭയുടേതായാലും പ്രൊട്ടസ്റ്റന്റ് സഭകളുടേതായാലും, അടിസ്ഥാനപരമായി കാണുന്ന പ്രശ്നം ആദ്ധ്യാത്മികം - ഭൗതികം, ആത്മാവ് - പദാർത്ഥം (ശരീരം), വിശുദ്ധം - ലൗകികം, പ്രകൃത്യാതീതം - പ്രകൃതി എന്നിവകൾ തമ്മിലുള്ള പൊരുത്തമില്ലായ്മയാണ്. പാശ്ചാത്യ ക്രൈസ്തവ ചിന്തയുടെ പശ്ചാത്തലത്തിൽ കാണുന്ന ഗ്രീക്കു ദർശനം, ഗ്രേക്കോ - റോമൻ സംസ്ക്കാരം എന്നിവയിൽ വേരൂന്നിയിട്ടുള്ള ആത്മാവും പദാർത്ഥവും തമ്മിലുള്ള ദ്വന്ദാത്മകത (dualism) ഒരളവു വരെ പാശ്ചാത്യ ക്രൈസ്തവ ചിന്തയെ സ്വാധീനിച്ചിട്ടുണ്ട്. ഇന്ന് നമുക്കാവശ്യമായിരിക്കുന്നത് പൗരസ്ത്യ - ഭാരതീയ പൈതൃകത്തിൽ ഉറച്ചു നിൽക്കാൻ കഴിയുംവിധം ക്രിസ്തീയ ആരാധനയുടെയും കൂദാശകളുടെയും അടിസ്ഥാനപ്രമാണങ്ങൾ കണ്ടെത്തുകയെന്നതാണ്. ഇതിലേക്ക് ഓർത്തഡോക്സ് സഭയുടെ കൂദാശകളും ആരാധനയും ഒരു മാതൃക

യായി അംഗീകരിക്കാവുന്നതാണ്. സിറിയാ, എത്യോപ്യാ, അർമ്മീനിയാ, ഈജിപ്ത്, റഷ്യ, റുമേനിയ, ഗ്രീസ് തുടങ്ങിയ ദേശങ്ങളിൽ ഒരളവു വരെ സ്വതന്ത്രമായി വളർന്നു നിലനിന്ന ഓർത്തഡോക്സ് സഭകളുടെ ആരാധനകളിൽ വേദാധിഷ്ഠിതവും, പൗരസ്ത്യവും എന്നു വിശേഷിപ്പിക്കാവുന്ന ഒരു പൊതുഘടകം നഷ്ടപ്പെടാതെ ഇന്നും നിലനിൽക്കുന്നുണ്ട്. ഈ പൊതുചിന്താധാര ഇഴതിരിച്ചെടുക്കാനുള്ള ഒരു എളിയ ശ്രമമാണ് ഇവിടെ ചെയ്തിട്ടുള്ളത്.

(1995)

# 2

# സ്ലീബാ സഭയുടെ ആരാധനാവർഷത്തിൽ

കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ പുരാതന സഭകളും സ്ലീബാപ്പെരുന്നാൾ ആഘോഷിക്കുന്നുണ്ട്. സെപ്റ്റംബർ 14 തന്നെയാണ് പെരുന്നാൾ ദിനം. സ്ലീബായുടെ മഹത്വീകരണത്തിന്റെ പെരുന്നാൾ (Feast of the Exaltation of the Cross) എന്നാണ് ഇത് അറിയപ്പെടുന്നത്. ബൈസന്റയിൻ ഓർത്തഡോക്സ് സഭകളിൽ (അതായത്, ഗ്രീക്ക്, റഷ്യൻ, റുമേനിയൻ, ബൾഗേറിയൻ ആദിയായ ഓർത്തഡോക്സ് സഭകൾ) സെപ്റ്റംബർ 14 കൂടാതെ ആഗസ്റ്റ് ഒന്നാം തീയതിയും വലിയനോമ്പിന്റെ മൂന്നാം ഞായറാഴ്ചയും സ്ലീബായുടെ പെരുനാളുകളായി വേർതിരിച്ചിരിക്കുന്നു. റോമൻ കത്തോലിക്കാ സഭയിൽ എല്ലാ വെള്ളിയാഴ്ചയും സ്ലീബായോടുള്ള ആദരവിന്റെ നമസ്ക്കാരം നടത്തുന്നുണ്ട്; കർത്താവിന്റെ പീഡാനുഭവത്തെ അനുസ്മരിക്കുന്നതിനു വേണ്ടിയാണ് ഈ ശുശ്രൂഷ.

നമ്മുടെ സഭയിൽ സ്ലീബായുടെ കാലം എന്നൊരു ഘട്ടം തന്നെ സഭാവർഷത്തിൽ (Ecclesiastical Year) ഉൾപ്പെടുത്തിയിരിക്കുന്നു. സ്ലീബാപ്പെരുന്നാൾ മുതൽ സഭാശുദ്ധീകരണപ്പെരുന്നാൾ (കൂദോശ് ഈത്തോ) വരെയുള്ള കാലഘട്ടമാണിത്. ഈ കാലഘട്ടത്തിലും ഉയിർപ്പു മുതൽ സ്ലീബാപ്പെരുന്നാൾ വരെയുള്ള കാലഘട്ടങ്ങളിലും വെള്ളിയാഴ്ച രാത്രി പ്രാർത്ഥനയുടെ ഒന്നാം കൗമാ സ്ലീബായോടുള്ള ആദരവിന്റെ പ്രത്യേക പ്രാർത്ഥനകൾ ആണ്. വെള്ളിയാഴ്ചപ്രാർത്ഥനകളിലെല്ലാം തന്നെ സ്ലീബായെ സ്മരിക്കുന്ന പ്രാർത്ഥനകൾ ഉണ്ട്. ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾ വലിയനോമ്പിന്റെ മൂന്നാം ഞായറാഴ്ച സ്ലീബായുടെ പെരുന്നാൾ ആയി ആചരിക്കുന്നു. ഇതിനു സമാനമായി നമ്മുടെ സഭയിൽ വലിയനോമ്പിൽ മൂന്നാം ഞായറാഴ്ച കഴിഞ്ഞുവരുന്ന ബുധനാഴ്ച (വലിയനോമ്പിന്റെ പകുതി ബുധനാഴ്ച) സ്ലീബാ ആഘോഷം നടത്തി ദേവാലയമദ്ധ്യത്തിൽ സ്ലീബാ പ്രതിഷ്ഠിക്കുന്നു. നമ്മുടെ കർത്താവിന്റെ ക്രൂശാരോഹണത്തിന്റെയും ഉയിർപ്പിന്റെയും പെരുന്നാളുകളിലേക്ക് നോമ്പനുഷ്ഠിച്ചും ക്രൂശിൽ ശ്രദ്ധ കേന്ദ്രീകരിച്ചും ജീവിതത്തെ ഒരുക്കണം എന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ക്രൂശിനെ മുൻകണ്ടുകൊണ്ടാണ് കർത്താവ് യറുശലേമിലേക്കു പോകുന്നത്. അവന്റെ വചനം കേട്ടും അതിനനുസരണമായി ജീവിതത്തെ ചിട്ടപ്പെടുത്താൻ ശ്രമിച്ചുകൊണ്ടും നാം കർത്താവിനെ അനുയാത്ര ചെയ്യുന്നു. കർത്താവിനോ

ടൊപ്പം ക്രൂശിന്റെയും പുനരുത്ഥാനത്തിന്റെയും അനുഭവത്തിൽ പങ്കു ചേരാനാണ് നമ്മുടെ യാത്ര. വലിയ വെള്ളിയാഴ്ച (ദുഃഖവെള്ളിയാഴ്ച) സ്ലീബാ വന്ദനത്തിന്റെ ശുശ്രൂഷ നടത്തുകയും ക്രൂശിതനായ യേശുവിനെ ചുംബിക്കുന്നതിന്റെ ലക്ഷ്യമായി സ്ലീബാ ചുംബിക്കുകയും ചെയ്യുന്നു. ഉയിർപ്പുപെരുന്നാൾ മുതൽ സ്വർഗ്ഗാരോഹണപ്പെരുന്നാൾ വരെ വി. മദ്ബഹായിൽ സ്ലീബാ ഉയർത്തിവച്ചിരിക്കുന്നു. വലിയനോമ്പിന്റെ കാലഘട്ടത്തിൽ സ്ലീബാ സ്വയപരിത്യാഗത്തിന്റെയും മറ്റുള്ളവരെ പ്രതി കഷ്ടമനുഭവിക്കുന്നതിന്റെയും, ആത്മസംസ്ക്കരണത്തിന്റെയും ചിന്തകളാണ് നമ്മുടെ മനസ്സിൽ ഉണർത്തുന്നതെങ്കിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന സ്ലീബാ മരണത്തിന്മേലുള്ള ജയത്തിന്റെയും രക്ഷയുടെയും പൈശാചികശക്തികളിന്മേലുള്ള വിജയത്തിന്റെയും പ്രതീകമായി നിൽക്കുന്നു. ഈ രണ്ട് ആശയങ്ങളും ഒരുപോലെ സംവേദിപ്പിക്കേണ്ടതുകൊണ്ട് ക്രൂശിതരൂപം ഇല്ലാത്ത കുരിശ് ആണ് ഏറെ അർത്ഥപൂർണ്ണം. പൗരസ്ത്യ സഭകളിൽ ഏറിയപങ്കും ക്രൂശിതരൂപം ഇല്ലാത്ത കുരിശുകളാണ് ഉപയോഗിക്കുന്നത്. പാശ്ചാത്യസഭ യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ പ്രതീകമായിട്ടാണ് മുഖ്യമായും ക്രൂശിനെ കാണുന്നത്. അതുകൊണ്ട് ക്രൂശിതരൂപം ഉള്ള ക്രൂശ് ആണ് അവരെ സംബന്ധിച്ച് ഏറെ പ്രസക്തം.

### ക്രൂശിന്റെ ചരിത്രത്തിലെ രണ്ട് ഘട്ടങ്ങൾ

ക്രിസ്ത്വബ്ദം 326-ലാണ് കർത്താവിനെ കുരിശിച്ച ക്രൂശ് യറുശലേമിൽ നിന്ന് കണ്ടെടുക്കുന്നത്. ഇത് കുരിശിന്റെ ചരിത്രത്തിൽ നിർണ്ണായകമായ സംഭവമായിത്തീർന്നു. ഈ സംഭവത്തിനു മുമ്പ് കുരിശ് ഒരു ചിഹ്നമായി ഉപയോഗിച്ചിരുന്നു. എന്നാൽ കുരിശ് കണ്ടെടുത്തതിനു ശേഷമാണ് കുരിശ് വന്ദനവ് ആരംഭിക്കുന്നത്.

നാലാം നൂറ്റാണ്ടു വരെ വ്യക്തിപരമായ ആരാധനയ്ക്ക് കുരിശ് ഉപയോഗിച്ചിരുന്നു. എന്നാൽ പൊതു ആരാധനയ്ക്ക് വളരെ വിരളമായേ ഉപയോഗിച്ചിരുന്നുള്ളൂ. ക്രൂശിതരൂപം ഉള്ള കുരിശുകൾ ആദികാലങ്ങളിൽ ഉപയോഗിച്ചിരുന്നില്ല. അഞ്ചാം നൂറ്റാണ്ടിൽ മാത്രമേ ക്രൂശിതരൂപം ഉള്ള കുരിശ് ഉപയോഗിച്ചുവന്നതിന്റെ ആദ്യരേഖകൾ കാണാൻ കഴിയുന്നുള്ളൂ. മേശമേൽ കുരിശു വച്ച് വി. കുർബാന അനുഷ്ഠിക്കുന്ന പതിവ് അഞ്ചാം നൂറ്റാണ്ടിൽ സിറിയയിൽ നിലനിന്നിരുന്നതായി കാണുന്നു. എന്നാൽ പാശ്ചാത്യ സഭയിൽ ഈ പതിവ് വളരെക്കാലം കഴിഞ്ഞാണ് ആവിർഭവിക്കുന്നത്. അഞ്ചും ആറും നൂറ്റാണ്ടുകളിൽ ക്രൂശിന്റെ ശ്രേഷ്ഠത വെളിവാക്കുന്ന പല കലാരൂപങ്ങളും ഉണ്ടാവാൻ തുടങ്ങി. ക്രൂശ് ജയത്തിന്റെയും ജീവന്റെയും പ്രതീകമായി ചിത്രീകരിക്കുന്നതാണ്

അവ. കുരിശു വഹിക്കുന്ന കുഞ്ഞാടിന്റെ ചിത്രം വെളിപാടു ഗ്രന്ഥത്തിലെ ജയശാലിയായ ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്നു. ക്രൂശിന്റെ ചുവട്ടിൽ നിന്നും മുളച്ച് രണ്ടു വശങ്ങളിലേക്കും വളർന്നു പടർന്നു കിടക്കുന്ന മുന്തിരിത്തണ്ടിന്റെ ചിത്രം കുരിശ് ജീവവൃക്ഷമാണെന്ന് കാണിക്കുന്നു. ഈ രണ്ടു പ്രതീകങ്ങളും വിരിക്കൂട്ട്, ചിത്തോല ആദിയായ ആരാധനയ്ക്കുപയോഗിക്കുന്ന വിശേഷ വസ്ത്രങ്ങളിലും സാധനങ്ങളിലും ഇന്നും ഉപയോഗിച്ചുവരുന്നുണ്ടല്ലോ.

## കുരിശുവരയേപ്പറ്റി

കുരിശു വരക്കുന്ന പതിവ് രണ്ടാം നൂറ്റാണ്ടു മുതൽതന്നെ ഉണ്ടായിരുന്നു. തള്ളവിരലോ ചൂണ്ടുവിരലോ ആണ് ഉപയോഗിക്കുന്നത്. ആറാം നൂറ്റാണ്ടു മുതലാണ് മൂന്നു വിരൽകൊണ്ട് കുരിശുവരയ്ക്കുന്ന പതിവുണ്ടായത്; ത്രിയേകനായ ദൈവത്തിലുള്ള വിശ്വാസം എടുത്തുകാണിക്കുന്നതിനു വേണ്ടിയാണ് മൂന്നുവിരൽ ഒന്നായി ചേർത്ത് കുരിശുവരയ്ക്കുന്നത്. കുരിശുവരയ്ക്കുമ്പോൾ പ്രധാനമായും രണ്ടു പ്രാർത്ഥനകൾ ഉരുവിട്ടുവന്നിരുന്നു. 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും തിരുനാമത്തിൽ തനിക്കു സ്തുതി' എന്ന പ്രാർത്ഥനയും 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്നു തുടങ്ങുന്ന പ്രാർത്ഥനയും. ഇന്നും ഈ പതിവ് നിലനിന്നുവരുന്നു.

കർത്താവിന്റെ കുരിശു കണ്ടെടുക്കുന്നതിനു വളരെ മുമ്പു മുതൽ തന്നെ കുരിശു വരയ്ക്കുന്ന പതിവ് ഉണ്ടായിരുന്നു എന്നുള്ളതിന് വേണ്ടത്ര തെളിവുകൾ എടുത്തുകാണിയ്ക്കാൻ കഴിയും. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതലെങ്കിലും ഇതുണ്ടായിരുന്നിരിക്കണം. എന്തായിരുന്നാലും വി. പൗലോസ് അപ്പോസ്തോലന്റെ ലേഖനങ്ങളിൽ ക്രൂശ് സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും രക്ഷയുടെയും പ്രതീകമാണ്; സ്വയപരിത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ചിഹ്നം. കുരിശുവരയ്ക്കുന്നതിനെ സംബന്ധിച്ചോ, കുരിശു വന്ദനവിനെ സംബന്ധിച്ചോ പുതിയനിയമത്തിൽ വ്യക്തമായ സൂചനകളില്ലെങ്കിലും കുരിശിനെ സംബന്ധിച്ച ചിന്തയിൽ വ്യക്തമായ വികാസം ഉണ്ടാകുന്നതായി കാണാം. ശാപത്തിന്റെയും ശിക്ഷയുടെയും പ്രതീകമായ കുരിശുമരം അനുഗ്രഹത്തിന്റെയും രക്ഷയുടെയും പ്രതീകമായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു. യേശുവിനെ വധിക്കാനുപയോഗിച്ച ഒരു ഉപാധിയായല്ല വി. പൗലോസ് അപ്പോസ്തോലൻ കുരിശിനെ കാണുന്നത്. പിന്നെയോ, കുരിശിലൂടെ കർത്താവ് ചെയ്ത രക്ഷാകരപ്രവർത്തനങ്ങളുടെയെല്ലാം പ്രതീകമായിട്ടത്രെ. പുനരുത്ഥാനത്തിന്റെ വെളിച്ചത്തിൽ മാത്രമേ ഈ രൂപാന്തരം വിശദമാക്കാനാവൂ.

കുരിശുവരയ്ക്കുന്ന അനുഷ്ഠാനത്തെ സംബന്ധിച്ചും അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും പല പിതാക്കന്മാരും എഴുതിയിട്ടുണ്ട്. അവരിൽ വി. തെർത്തുല്യൻ, വി. ബസേലിയോസ് എന്നീ പിതാക്കന്മാർ എഴുതപ്പെട്ട പാരമ്പര്യങ്ങളോടൊപ്പം പ്രാധാന്യം എഴുതപ്പെടാത്ത പാരമ്പര്യങ്ങൾക്ക് ഉണ്ടെന്നും കുരിശുവര അങ്ങനെയുള്ള പാരമ്പര്യങ്ങളിൽ പ്രഥമവും പ്രധാനവുമാണെന്നും ഊന്നിപ്പറയുന്നുണ്ട്.

മൂന്നാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ എഴുതപ്പെട്ട 'അപ്പോസ്തോലികപാരമ്പര്യം' എന്ന ഗ്രന്ഥത്തിൽ കുരിശു വരയ്ക്കുന്നതിനെ സംബന്ധിച്ച് പറയുന്ന കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം: 'പരീക്ഷിക്കപ്പെടുമ്പോൾ ഭക്തിയോടെ നെറ്റിയിൽ കുരിശുവരയ്ക്കുക; കാരണം അതു കർത്താവിന്റെ പീഡാനുഭവത്തിന്റെ ചിഹ്നമാകുന്നു. വിശ്വാസത്തോടും ശ്രദ്ധയോടും ചെയ്യുമ്പോൾ അത് പിശാചിനെതിരെ അറിയപ്പെട്ടതും തെളിയിക്കപ്പെട്ടതുമായ പരിചയത്രെ. നെറ്റിയിലും കണ്ണിലും കൈകൾകൊണ്ട് കുരിശുവരയ്ക്കുന്നതു വഴി; മോശ കുഞ്ഞാടിന്റെ രക്തംകൊണ്ട് യിസ്രായേൽ ഭവനങ്ങളിൽ നിന്നും സംഹാരദൂതനെ അകറ്റി നിർത്തിയതുപോലെ നമ്മെ പരീക്ഷിക്കുന്നതിന് ശ്രമിക്കുന്നവനെ നാം അകറ്റി നിർത്തുന്നു'.[1] 'അപ്പോസ്തോലിക പാരമ്പര്യ'ത്തിന്റെ ഗ്രന്ഥകർത്താവ് റോമിലെ വി. ഹിപ്പോലിറ്റസ് (എ. ഡി. 170-236) ആണ്. അപ്പോസ്തോലിക കാലം മുതൽ സഭയിൽ നിലനിന്നുവരുന്ന പാരമ്പര്യം സമാഹരിക്കുന്നതിന് വി. ഹിപ്പോലിറ്റസ് ശ്രമിക്കുന്നു. അതായത് രണ്ടാം നൂറ്റാണ്ടിന്റെ പ്രാരംഭം മുതൽ എങ്കിലും സഭയിലുണ്ടായിരുന്ന അനുഷ്ഠാനങ്ങൾ ആണ് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നത്.

ഉത്തരാഫ്രിക്കയിലെ വി. തെർത്തുല്യൻ (എ. ഡി. 145-220), എഴുതപ്പെടാത്ത ധാരാളം അനുഷ്ഠാനങ്ങൾ സുപ്രധാനമായിത്തന്നെ സഭാജീവിതത്തിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നു; ഒരു നല്ല ഉദാഹരണം കുരിശുവര തന്നെ. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'മുന്നോട്ടുള്ള ഓരോ കാൽവയ്പിലും നീക്കത്തിലും അകത്തേക്കു വരുമ്പോഴും പുറത്തേക്കു പോകുമ്പോഴും വസ്ത്രങ്ങളും പാദരക്ഷകളും ധരിക്കുമ്പോഴും കിടക്കയിലും ഇരിപ്പിടത്തിലും അനുദിനജീവിതത്തിന്റെ എല്ലാ സാധാരണ പ്രവൃത്തിയിലും നാം നെറ്റിയിൽ കുരിശിന്റെ ചിഹ്നം വരക്കുന്നു.'[2]

'അപ്പോസ്തോലിക പാരമ്പര്യ'ത്തിലും തെർത്തുല്യന്റെ ഗ്രന്ഥങ്ങളിലും കാണുന്ന ആശയങ്ങൾ യറുശലേമിലെ വി. കൂറിലോസിന്റെ ഗ്രന്ഥങ്ങളിലും കാണാൻ കഴിയും. ക്രിസ്ത്വബ്ദം 350-നോടടുത്ത് വി. സ്നാനത്തിനായി ഒരുങ്ങുന്നവർക്കുവേണ്ടി നടത്തിയ പ്രഭാഷണപരമ്പരയിൽ

ഒരു ഭാഗത്ത് കുരിശുവരയ്ക്കുന്നതിനെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു: 'ആകയാൽ നമുക്ക് ക്രിസ്തുവിന്റെ ക്രൂശിനെ സംബന്ധിച്ച് ലജ്ജിക്കേണ്ട തില്ല. മറ്റൊരാൾ അത് മറച്ചുവയ്ക്കാൻ ശ്രമിച്ചാലും നിങ്ങൾ പാരമ്പര്യ മായി നിങ്ങളുടെ നെറ്റിയിൽ മുദ്രയിടുക തന്നെ ചെയ്യുന്നു. കാരണം ആ രാജകീയ ചിഹ്നം കണ്ട് പിശാചുക്കൾ ഭയന്നു വിറച്ച് അകന്നു പോകുന്നു. അതുകൊണ്ടു നിങ്ങൾ ഭക്ഷിക്കുമ്പോഴും കുടിക്കുമ്പോഴും, ഇരിക്കുമ്പോഴും, കിടക്കുമ്പോഴും, എഴുന്നേല്ക്കുമ്പോഴും, സംസാരിക്കു മ്പോഴും, നടക്കുമ്പോഴും, ഒറ്റവാക്കിൽ എല്ലാ പ്രവൃത്തിയിലും ഈ ചിഹ്നം വരയ്ക്കുക.'[3]

ഏഷ്യാമൈനറിലുള്ള കൈസറിയയിലെ മെത്രാപ്പോലീത്താ വലിയ മാർ ബസേലിയോസ് (എ. ഡി. 330–379) 'പരിശുദ്ധാത്മാവിനെക്കുറിച്ച്' എന്ന ഗ്രന്ഥത്തിൽ കുരിശുവരയെ സംബന്ധിച്ച് സാന്ദർഭികമായി പരാമർശി ക്കുന്നുണ്ട്. എഴുതപ്പെട്ട പാരമ്പര്യങ്ങൾ മാത്രം ആധികാരികമായിക്ക രുതി എഴുതപ്പെടാത്ത പാരമ്പര്യങ്ങൾ നിരാകരിക്കുന്ന പ്രവണതയെ വി. ബസേലിയോസ് വിമർശിക്കുന്നു. എഴുതപ്പെടാത്ത പാരമ്പര്യങ്ങളെ നിരാ കരിക്കുന്നപക്ഷം സുവിശേഷത്തിന്റെ മർമ്മം നമുക്ക് ഗ്രഹിക്കാൻ കഴി യാതെ വരും. സഭയുടെ വിശ്വാസത്തിന്റെ പൂർണ്ണതയെ ഒരു പദഘടന യിൽ ഒതുക്കാനാവില്ല. സഭയുടെ 'രഹസ്യങ്ങളി'ലേക്ക് ഉപനീതരാവു ന്നവർക്കു മാത്രമേ സുവിശേഷത്തിന്റെ പൂർണ്ണരൂപം വെളിപ്പെട്ടു വരു ന്നുള്ളൂ. ഇങ്ങനെ സഭ അതിന്റെ ജീവിതത്തിൽ കാത്തുവരുന്ന എഴുത പ്പെടാത്ത ചില പാരമ്പര്യങ്ങളെ സംബന്ധിച്ച് വി. ബസേലിയോസ് ഉദാ ഹരണമായി പരാമർശിക്കുന്നു. അവയിൽ ഒന്നാമത്തേതും വളരെ സാധാ രണയായി അനുഷ്ഠിച്ചു വരുന്നതുമാണ് കുരിശുവര. വി. ബസേലിയോസ് ചോദിക്കുന്നു: 'കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ വിശ്വ സിച്ചിട്ടുള്ളവർ കുരിശുചിഹ്നം വരയ്ക്കണമെന്ന് ആരെങ്കിലും നമ്മെ എഴുതി പഠിപ്പിച്ചിട്ടുണ്ടോ? പ്രാർത്ഥിക്കുമ്പോൾ കിഴക്കോട്ടു തിരിഞ്ഞു നിൽക്കണമെന്ന് ഏതു ഗ്രന്ഥമാണ് നമ്മെ പഠിപ്പിക്കുന്നത്?'[4]

കുരിശുവരയെ സംബന്ധിച്ച് പരാമർശിക്കുന്ന ഈ രേഖകൾ പരിശോ ധിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധേയമായിക്കാണുന്നു. മിക്കപ്പോഴും 'കുരി ശിന്റെ ചിഹ്നം' എന്നു പറയുന്നതിനു പകരം 'ചിഹ്നം' (the sign) എന്നു മാത്രമേ പറയുന്നുള്ളൂ. ഇത് 'കുരിശിന്റെ ചിഹ്നം' തന്നെയാണെന്നുള്ള തിന് സംശയമൊന്നുമില്ല; സന്ദർഭവും വിശദീകരണവും അത് അസന്നി ഗ്ധമായി എടുത്തുകാട്ടുന്നു. 'ചിഹ്നം' എന്നു മാത്രം പറയുന്നതുകൊണ്ട് അനുവാചകർക്ക് വളരെ സുപരിചിതമായ ഒരു പദമാണ് ഉപയോഗിക്കു ന്നത് എന്നു തെളിയിക്കുന്നു.

## കുസ്തന്തീനോസും കുരിശിന്റെ ചിഹ്നവും

കുരിശിന്റെ ചരിത്രത്തിൽ നിർണായകമായ വ്യതിയാനം വരുത്തിയ സംഭവം കുസ്തന്തീനോസ് ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞി യരുശലേമിൽ നിന്ന് കർത്താവിനെ ക്രൂശിച്ച കുരിശ് കണ്ടെടുക്കുന്നതാണെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ഹെലനി രാജ്ഞിയെ ഇതിന് പ്രേരിപ്പിച്ചത് കുസ്തന്തീനോസ് ചക്രവർത്തി ആകാശത്തിൽ കുരിശിന്റെ ചിഹ്നം കാണുന്നതിനിടയായതാവണം. എ.ഡി. 312-ലാണ് ഇതുണ്ടായത്. മാക്സെന്റിയസ് രാജാവുമായി കുസ്തന്തീനോസ് യുദ്ധത്തിലേർപ്പെട്ടിരുന്ന സമയം. ഒരു ദിവസം ഉച്ചകഴിഞ്ഞ് കുസ്തന്തീനോസ് രാജാവ് ആകാശത്തിൽ കുരിശാകൃതിയിൽ ഒരു പ്രകാശം കണ്ടു. കുരിശിന്റെ ചിഹ്നത്തോടൊപ്പം 'ഇതിനാൽ ജയിക്കുക' (Conquer by this) എന്നും എഴുതിയിരുന്നു. രാജാവു മാത്രമല്ല കൂടെയുണ്ടായിരുന്ന സേനാംഗങ്ങളും ഇതു കാണുകയുണ്ടായി. ഈ അടയാളത്തിന്റെ അർത്ഥം എന്തെന്ന് ചിന്തിച്ച് വിഷമിച്ചിരിക്കുമ്പോൾ രാജാവ് സ്വപ്നത്തിൽ ഒരു ദർശനം കണ്ടു. ആകാശത്തിൽ കണ്ട അതേ കുരിശിന്റെ ചിഹ്നം; യേശുക്രിസ്തുവും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. യേശു, രാജാവിനോട് താൻ കണ്ട മാതൃകയിൽ ഒരു കുരിശ് ഉണ്ടാക്കുന്നതിന് ആവശ്യപ്പെട്ടു. അതനുസരിച്ച് സ്വർണ്ണം കൊണ്ടും വില കൂടിയ കല്ലുകൾ കൊണ്ടും രാജാവ് ഒരു കുരിശുണ്ടാക്കി. പിന്നീട് ഈ അടയാളം രാജാവ് തന്റെ പടച്ചട്ടയിലും സൈനികരുടെ തൊപ്പിയിലും തുന്നിച്ചേർത്ത് ധരിച്ചു. യുദ്ധത്തിൽ രാജാവ് ജയിച്ചു. അങ്ങനെ സ്ലീബായുടെ ശക്തികൊണ്ട് രാജാവ് ശത്രുവിൽ നിന്ന് ജയം നേടി. റോമാ പട്ടണത്തിൽ സ്ഥാപിക്കുന്ന തന്റെ തന്നെ പ്രതിമയിൽ കൈയിൽ ഒരു കുരിശുംകൂടെ രാജാവ് പിന്നീട് ഘടിപ്പിക്കുകയുണ്ടായി. അതിൽ ഇങ്ങനെ എഴുതിവച്ചു: 'ധീരതയുടെ അടയാളമായ ഈ ചിഹ്നത്താൽ അടിമനുകത്തിൽ നിന്ന് നിങ്ങളുടെ പട്ടണത്തെ ഞാൻ സംരക്ഷിച്ച് സ്വതന്ത്രമാക്കിയിരിക്കുന്നു. മാത്രമല്ല റോമൻ സൈനറ്റിനെയും ജനങ്ങളെയും ഞാൻ സ്വതന്ത്രമാക്കി അവരുടെ പ്രതാപവും പ്രഭാവവും വീണ്ടെടുത്ത് അവർക്കു തിരികെ നൽകിയിരിക്കുന്നു.'[5] ഈ സംഗതികൾ എല്ലാം ചരിത്രകാരനായ യൗസേബിയോസ് (എ.ഡി. 260-340) 'കുസ്തന്തീനോസിന്റെ ജീവചരിത്രം' എന്ന ഗ്രന്ഥത്തിൽ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു. കുരിശു ചിഹ്നം ആകാശത്തിൽ കണ്ട സംഭവം കുസ്തന്തീനോസ് ചക്രവർത്തിയിൽ നിന്നും നേരിട്ട് കേട്ടിട്ടുള്ളതാണെന്നും രാജാവ് നിർമ്മിച്ച കുരിശ് നേരിട്ട് കണ്ടിട്ടുണ്ടെന്നും യൗസേബിയോസ് പ്രത്യേകം എടുത്തുപറയുന്നുണ്ട്.'[6] എ.ഡി. 313-ൽ ഒരു വിളംബരത്തിലൂടെ (മിലാനിലെ വിളംബരം) രാജാവ് ക്രിസ്ത്യാനികൾക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. കുരിശിലൂടെ വധശിക്ഷ നടപ്പിലാക്കുന്ന

രീതി നിർത്തൽ ചെയ്തു. മൂന്നു നൂറ്റാണ്ടുകളായി പീഡനമനുഭവിച്ചുവന്ന സഭ സ്വതന്ത്രമാവുന്നതോടെ അതിന്റെ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായത്തിന് തുടക്കം കുറിക്കുകയുണ്ടായി.

## കർത്താവിന്റെ കുരിശ് കണ്ടെടുക്കുന്നു

ഹെലനിരാജ്ഞി കുരിശു കണ്ടെടുത്ത കഥ മൂന്നുനാലു വിവിധ വിവരണങ്ങളിൽ കുറെ വ്യത്യാസങ്ങളോടെ നമുക്കിന്നു ലഭ്യമാണ്. ഹെലനിരാജ്ഞിയുമായി ബന്ധപ്പെടുത്തിയിട്ടുള്ളവയാണ് എല്ലാം. വി. ആമ്പ്രോസ് (എ. ഡി. 339–397) ആണ് ആദ്യമായി ഈ സംഭവം രേഖപ്പെടുത്തുന്ന ഗ്രന്ഥകാരൻ. സഭാചരിത്രകാരനായ സോസോമെൻ, സോക്രട്ടീസ് എന്നിവരും റൂഫിനസ്, പൗലിനസ് തുടങ്ങിയവരും ഈ സംഭവം രേഖപ്പെടുത്തുന്നു. ഇത് സുറിയാനി ഭാഷയിലും രേഖപ്പെടുത്തിയിട്ടുണ്ട്. കഥാസംഗ്രഹം ഇങ്ങനെയാണ്: കുസ്തന്തീനോസ് രാജാവിന്റെ അമ്മയായ ഹെലനി രാജ്ഞി യേശുക്രിസ്തുവിനെ ക്രൂശിച്ച കുരിശ് കണ്ടെടുക്കാം എന്ന പ്രത്യാശയിൽ റോമിൽനിന്നും യരുശലേമിലേക്കു വന്നു. പലരുടെയും സഹായത്തോടെ സ്ഥലനിർണ്ണയം നടത്തി. അവിടെയുണ്ടായിരുന്ന പുറജാതി ദേവാലയം നീക്കം ചെയ്ത്, കുഴിച്ചുനോക്കിയപ്പോൾ മൂന്ന് കുരിശുകൾ കണ്ടെത്തി. ഒന്ന് യേശുവിന്റെയും മറ്റ് രണ്ടെണ്ണം യേശുവിന് ഇടവും വലവും കുരിശിച്ച രണ്ടു കള്ളന്മാരുടേതുമാവാം എന്ന നിഗമനത്തിൽ എത്തി. എന്നാൽ യേശുവിന്റെ കുരിശ് ഇതിൽ ഏതാണെന്ന് എങ്ങനെ കണ്ടുപിടിക്കും? യരുശലേമിലെ മെത്രാപ്പോലീത്താ ആയിരുന്ന വി. മക്കാറിയോസ് യേശുവിന്റെ ക്രൂശ് തിരിച്ചറിയുന്നതിന് ഒരു അടയാളത്തിനു വേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു. ആ സമയം സമീപപ്രദേശത്ത് ദീർഘകാലമായി രോഗം ബാധിച്ച് ആസന്നമരണയായി കിടക്കുന്ന ഒരു സ്ത്രീ ഉണ്ടെന്നറിവു കിട്ടി. കുരിശുകൾ ഓരോന്നായി സ്ത്രീയുടെ ശരീരത്തു വച്ചു. ആദ്യത്തെ രണ്ടു കുരിശുകളുടെ സ്പർശനം കൊണ്ട് രോഗിയിൽ വ്യത്യാസം ഒന്നും കണ്ടില്ല. എന്നാൽ മൂന്നാമത്തെ ക്രൂശ് സ്പർശിച്ചപ്പോൾ രോഗി സുഖംപ്രാപിച്ച് എഴുന്നേറ്റു. അങ്ങനെ അത് യേശുവിന്റെ ക്രൂശ് തന്നെയാണെന്ന് ഉറപ്പായി.[7]

കർത്താവിന്റെ ക്രൂശ് കണ്ടെടുത്ത സ്ഥാനത്ത് ഒരു കുരിശും, അതിനോട് ചേർന്ന് മാർട്ടീറിയം (Martyrium - രക്തസാക്ഷിയുടെ സ്ഥലം) എന്ന പേരിലും കർത്താവിനെ കബറടക്കിയ സ്ഥാനത്ത് അനസ്റ്റാസിസ് (Anastasis - പുനരുത്ഥാനം) എന്ന പേരിലും രണ്ടു ദേവാലയങ്ങളും കുസ്തന്തീനോസ് രാജാവ് പണികഴിപ്പിച്ചു. മാർട്ടീറിയത്തോടു ചേർന്ന് പണികഴിപ്പിച്ചിരിക്കുന്ന കുരിശ് (കുരിശുപള്ളി എന്നു പറയുന്നതാവും കുറെക്കൂടി യുക്തം) കാൽവറി എന്നാണ് അറിയപ്പെട്ടിരുന്നത്. മാർട്ടീ

റിയം ബൃഹത്തായ ഒരു ദേവാലയമായിരുന്നു. അനസ്റ്റാസിസ് അതിന ടുത്തു തന്നെ വൃത്താകൃതിയിലുള്ള ഒരു ദേവാലയവും.[8] ഈ പള്ളിക ളുടെ പ്രതിഷ്ഠാ കർമ്മം ക്രിസ്ത്വബ്ദം 335 സെപ്റ്റംബർ 14-ാം തീയതി വളരെ ആഘോഷപൂർവ്വം നടത്തി. സെപ്റ്റംബർ 14-ാം തീയതി പ്രതിഷ്ഠാ ശുശ്രൂഷ നടത്തുന്നതിന് തെരഞ്ഞെടുക്കുന്നതിനുള്ള കാരണം ഗോഗുൽത്തായിൽ നിന്ന് ഹെലനി രാജ്ഞിയുടെ നേതൃത്വ ത്തിൽ എ. ഡി. 326-ൽ കുരിശ് കണ്ടെടുത്തത് ഇതേ തീയതിയിൽത്തന്നെ ആയിരുന്നതിനാലാണ്. കുരിശു കണ്ടെടുത്തതിന്റെ വാർഷിക ദിന ത്തിൽത്തന്നെ അവിടെ സ്ഥാപിച്ചിരിക്കുന്ന ദേവാലയത്തിന്റെ കൂദാശാ കർമവും നടന്നത് സമുചിതമായി കരുതപ്പെട്ടു.[9] ഇവിടെ ആണ്ടുതോറും സെപ്റ്റംബർ 14 പെരുന്നാളായി ആഘോഷിക്കുന്നതിനു തുടങ്ങി. ഇതു ലോകത്തിന്റെ മറ്റു പല ഭാഗത്തേക്കും വ്യാപിച്ചു. ആദ്യമൊക്കെ പ്രസ്തുത ദേവാലയങ്ങളുടെ പ്രതിഷ്ഠയുടെ ഓർമ്മപ്പെരുന്നാൾ എന്നാണ് അറിയപ്പെട്ടതെങ്കിലും പിന്നീട് അത് കുരിശിന്റെ മഹത്വീക രണത്തിന്റെ പെരുന്നാൾ ആയിത്തന്നെ അറിയപ്പെടുവാൻ തുടങ്ങി. സഭ യുടെ പല പെരുന്നാളുകളുടെയും ഉൽപ്പത്തിയും വളർച്ചയും ഇന്നും അവ്യക്തങ്ങളായി അവശേഷിക്കുന്നു. എന്നാൽ സ്ലീബാ പെരുന്നാളിനെ സംബന്ധിച്ച് വ്യക്തമായ ചരിത്രം നമുക്ക് ലഭിക്കുന്നുണ്ട്.

ഹെലനി രാജ്ഞി കുരിശു കണ്ടെടുക്കുന്ന സംഭവം വിവരിക്കുന്ന കഥകളെ സംബന്ധിച്ച് ഒരു കുറിപ്പ് ഇവിടെ ആവശ്യമാണ്. ഈ കഥക ളുടെ അതിശയോക്തിപരമെന്ന് തോന്നാവുന്ന പ്രതിപാദനരീതിയും കഥ കളുടെ പല പതിപ്പുകൾ തമ്മിലുള്ള വ്യത്യാസങ്ങളും കണക്കിലെടു ക്കുമ്പോൾ ഇവയുടെ ആധികാരികതയെ സംബന്ധിച്ച് സംശയങ്ങളുള വാകുന്നുണ്ട്. ഈ സംശയം ബലപ്പെടുത്തുന്ന മറ്റൊരു സംഗതി, ചരി ത്രകാരനായ യൗസേബിയസ് തന്റെ ഗ്രന്ഥങ്ങളിൽ ഒന്നുംതന്നെ ഈ സംഭവം രേഖപ്പെടുത്തുന്നില്ല എന്നുള്ളതാണ്. ആ കാലഘട്ടത്തിൽ വള രെയധികം പ്രചാരത്തിലിരുന്നതെന്നു കരുതാവുന്ന ഈ സംഭവം എന്തു കൊണ്ട് യൗസേബിയസ് വിട്ടുകളഞ്ഞിരിക്കുന്നു? അതേസമയം കുസ്ത ന്തീനോസ് ചക്രവർത്തി കർത്താവിനെ ക്രൂശിച്ച സ്ഥലത്തും കബറട ക്കിയ സ്ഥലത്തും യെരുശലേമിൽ മറ്റു പലയിടങ്ങളിലും പള്ളികൾ പണി യുന്നതിനെ സംബന്ധിച്ചും മാർട്ടീറിയം, അനാസ്റ്റാസിസ് എന്നീ പള്ളി കളുടെ പ്രതിഷ്ഠാ ശുശ്രൂഷയെ സംബന്ധിച്ചും വിവരിക്കുന്നുണ്ട്.[10] ഹെലനി രാജ്ഞി യെരുശലേമിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്ന തിനെക്കുറിച്ചും യൗസേബിയസ് എഴുതുന്നു. മാത്രമല്ല, കുസ്തന്തീ നോസ് രാജാവു തന്നെ യെരുശലേമിലെ മെത്രാപ്പോലീത്താ മാർ മക്കാ റിയോസിന് എഴുതുന്ന ഒരു കത്തിൽ ആയിടെ കണ്ടെത്തിയ കർത്താ

വിന്റെ കബറിടത്തിന്റെ സ്ഥാനത്ത് ഒരു ദേവാലയം പണിയുന്നതിനെ സംബന്ധിച്ചും അതിന്റെ അലങ്കാരപ്പണികളെ സംബന്ധിച്ചും എഴുതുന്നുണ്ടെങ്കിലും കർത്താവിന്റെ കുരിശ് കണ്ടെടുത്തതിനെ സംബന്ധിച്ച് പരാമർശിക്കുന്നതേയില്ല.[11]

ചരിത്രരേഖകൾ തമ്മിലുള്ള ഈ പൊരുത്തമില്ലായ്മ കുരിശു കണ്ടെത്തിയ സംഭവകഥയുടെ ആധികാരികതയെ സംബന്ധിച്ച് ഒരു തീർപ്പു കല്പിക്കുക ദുഷ്ക്കരമാക്കിയിരിക്കുന്നു. എന്നാൽ കർത്താവിന്റെ കുരിശ് കണ്ടെത്തിയെന്നതിന് ഉപോൽബലകമായി കുരിശിന്റെ (തടിയുടെ) ശകലങ്ങൾ യെരുശലേമിലും മറ്റു പല ഭാഗത്തും ഉണ്ടായിരുന്നതായി ചില പിതാക്കന്മാർ രേഖപ്പെടുത്തിയിരിക്കുന്നത് ചൂണ്ടിക്കാണിക്കാൻ കഴിയും.

യെരുശലേമിലെ മാർ കൂറിലോസ് എ.ഡി. 350-ൽ വലിയനോമ്പു കാലത്ത് സ്നാനത്തിനൊരുങ്ങുന്ന വിശ്വാസപഠിതാക്കൾക്കു നൽകുന്ന പ്രഭാഷണങ്ങളിൽ ഒന്നിൽ ഇങ്ങനെ പറയുന്നു: “അവൻ യഥാർത്ഥമായും നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടു. എന്തെന്നാൽ നിങ്ങൾ അതു നിഷേധിക്കുന്നുവെങ്കിൽ നിങ്ങൾ സമ്മേളിച്ചിരിക്കുന്ന ഈ ധന്യമായ ഗോഗുൽത്താ (മാർട്ടീറിയം ദേവാലയം) ഇവിടെ ക്രൂശിതനായവനുവേണ്ടി അതു തെളിയിച്ചു തരും; ലോകം മുഴുവനും കുരിശിന്റെ (തടിയുടെ) ശകലങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു.”[12] കർത്താവിന്റെ ക്രൂശ് ഗോഗുൽത്തായിൽ സ്ഥിതിചെയ്യുന്ന മാർട്ടീറിയം ദേവാലയത്തിൽ ഉണ്ടെന്നും അതിന്റെ ശകലങ്ങൾ ലോകത്തെമ്പാടും വിതരണം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും ആദ്യമായി രേഖപ്പെടുത്തുന്നത് വി. കൂറിലോസ് ആണെന്നുവേണം മനസ്സിലാക്കാൻ.

നിസ്സായിലെ വി. ഗ്രീഗോറിയോസ് (335-395) ക്രൂശിന്റെ (തടിയുടെ) ശകലങ്ങൾ വഴി പല അത്ഭുതങ്ങളും നടക്കുന്നതായി സൂചിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെ സംഗ്രഹിക്കാം: “കർത്താവിനെ ക്രൂശിക്കുന്നതിന് ഉപയോഗിച്ച കുരിശുമരം, അറിയുന്നിടത്തോളം മറ്റ് പല മരങ്ങളെക്കാളും വില കുറഞ്ഞതും നിസ്സാരവുമാണ്. എന്നാൽ ക്രൂശിന്റെ മരത്തടി രക്ഷാദായിയാണ്. അത് ആത്മാവോ, സ്പർശന ശക്തിയോ ഇല്ലാത്ത വെറും പദാർത്ഥമാണ്. എന്നാലത് ദൈവികശക്തി പ്രാപിച്ചു കഴിയുമ്പോൾ വലിയ അതിശയങ്ങൾ പ്രവർത്തിക്കുന്നതിന് പര്യാപ്തമായ ഉപകരണമായി രൂപാന്തരപ്പെടുന്നു.”[13]

## സീബ്ലാ വന്ദനവ്

കർത്താവിന്റെ കുരിശ് യെരുശലേമിൽ മാർട്ടീറിയം ദേവാലയത്തിൽ സൂക്ഷിച്ചിരുന്നുവെന്നും അതിന്റെ ശകലങ്ങൾ റോമിലും മറ്റു പല

ഭാഗത്തും ഉണ്ടായിരുന്നുവെന്നും നാലാം നൂറ്റാണ്ടിന്റെ അവസാനഘട്ട ത്തിൽ എഴുതപ്പെട്ട ഒരു യാത്രാവിവരണത്തിൽ നിന്നും അറിയാൻ കഴി യുന്നുണ്ട്. ഈ ഗ്രന്ഥത്തിന്റെ പ്രധാനപ്പെട്ട സംഭാവന കുരിശുവന്ദന വിനെ സംബന്ധിച്ച് വ്യക്തമായ ഒരു വിവരണം ഇതിൽ നിന്നു ലഭിക്കു ന്നുവെന്നുള്ളതാണ്. എതേറിയ എന്ന ഒരു തീർത്ഥാടക (സ്പെയിൻ സ്വദേശിയും, ഒരു സന്യാസിനിയോ, സന്യാസിനി സമൂഹത്തിന്റെ അധി പതിയോ ആണെന്നും കരുതപ്പെടുന്നു) ക്രിസ്ത്വബ്ദം 400-നോടടുത്ത് എഴുതിയതാണീ ഗ്രന്ഥം. ഈജിപ്റ്റ്, യെരുശലേം, എഡേസാ, ഏഷ്യാ മൈനർ, കുസ്തന്തീനോസ് എന്നീ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് അവി ടെയുള്ള സ്ഥലങ്ങളുടെയും ആരാധനക്രമങ്ങളുടെയും ഒരു വിവരണം ഈ ഗ്രന്ഥത്തിൽ നൽകിയിരിക്കുന്നു. പ്രസ്തുത ഗ്രന്ഥത്തിൽ 24-ാം ഖണ്ഡിക മുതൽ യെരുശലേമിലെ ആരാധനാ സമ്പ്രദായത്തെക്കുറി ച്ചാണ് പ്രതിപാദിക്കുന്നത്. പീഡാനുഭവവാരത്തിലെ ആരാധനക്രമത്തെ സംബന്ധിച്ചാണ് 30-ാം അദ്ധ്യായം മുതലുള്ള പ്രതിപാദ്യം. ആരാധന കൾ ഏറിയപങ്കും മാർട്ടീറിയത്തിലും അനാസ്റ്റാസിസിലുമായാണ് നട ത്തപ്പെടുന്നത്. പീഡാനുഭവത്തെ "വലിയ ആഴ്ച" (The Great Week) എന്നാണ് വിളിച്ചിരുന്നത്. ദുഃഖവെള്ളിയാഴ്ചയിലെ ശുശ്രൂഷകളുടെ വിവ രണത്തിൽ നിന്ന് പ്രസക്തമായ ഒരു ഭാഗം ഇവിടെ സംക്ഷിപ്തമായി പറയട്ടെ: ഗോഗുൽത്തായിലുള്ള മാർട്ടീറിയം ദേവാലയത്തോടു ചേർന്ന് തെക്കുകിഴക്ക് സ്ഥാപിച്ചിരിക്കുന്ന കുരിശിനടുത്ത് രാവിലെ എട്ടു മണിക്ക് വിശ്വാസികൾ എത്തുന്നു. ഉച്ചയ്ക്ക് 12 മണി വരെ യേശുവിനെ ക്രൂശിച്ച കുരിശ് വന്ദിക്കുന്നതിനുള്ള സമയമാണ്. അതിനുശേഷം വൈകുന്നതു വരെയുള്ള സമയം പ്രാർത്ഥനയ്ക്കും വേദവായനയ്ക്കുമായി വേർതിരി ച്ചിരിക്കുന്നു. കുരിശ് വന്ദനവിനെ സംബന്ധിച്ച് എതേറിയ ഇങ്ങനെ വിവ രിക്കുന്നു: മാർട്ടീറിയത്തോടു ചേർന്ന് നിർമ്മിച്ചിരിക്കുന്ന കുരിശിന്റെ പിമ്പി ലായി ഒരു കസേരയിൽ മെത്രാപ്പോലീത്താ ഉപവിഷ്ടനാകും. അദ്ദേഹ ത്തിനു മുമ്പിൽ വെള്ള വിരിച്ച ഒരു മേശ വച്ചിരിക്കുന്നു. മേശയ്ക്കു ചുറ്റും ശെമ്മാശന്മാർ നിൽക്കുന്നുണ്ട്. കർത്താവിന്റെ ക്രൂശ് അടക്കം ചെയ്ത വെള്ളി പൊതിഞ്ഞ പെട്ടി അപ്പോൾ അവിടേക്കു കൊണ്ടുവരുന്നു. പെട്ടി തുറന്ന് മെത്രാപ്പോലീത്താ കർത്താവിന്റെ കുരിശെടുത്ത് പിടിച്ചുകൊ ണ്ടിരിക്കും. വിശ്വാസികൾ ഓരോരുത്തരായി വന്ന് കുരിശ് ചുംബിച്ച് കട ന്നുപോകുന്നു. ആളുകൾ കുനിഞ്ഞ് കുരിശു വന്ദിക്കുമ്പോൾ അതിന്റെ കോണുകൾ അടർത്തിയെടുത്തുകൊണ്ടുപോകാതിരിക്കാൻ വേണ്ടി യാണു ശെമ്മാശന്മാർ ചുറ്റും കാവൽനിൽക്കുന്നത്.[14] ഇന്നു കാണുന്ന ദുഃഖവെള്ളിയാഴ്ചയിലെ സ്ലീബാ വന്ദനവ് ഈ പാരമ്പര്യത്തിൽ നിന്നും ആവിർഭവിച്ചതാവണം. കുരിശുമരത്തിൽ നിന്നും ഇറക്കിയ ക്രൂശിതനായ കർത്താവിനെ കന്യകമറിയാമും മറ്റും ചുംബിച്ചതിന്റെ ലക്ഷണമായി

കുരിശു ചുംബിക്കുന്നു എന്നതാണ് അതിന്റെ ആന്തരാർത്ഥം. യേശു ക്രിസ്തുവിന്റെ ഈലോക ജീവിതത്തോടു ബന്ധപ്പെട്ട വസ്തു എന്ന നിലയിലാണു കർത്താവിന്റെ കുരിശിന് ഇത്രയും പൂജനീയത ലഭിച്ചത്.

## ആത്മികായുധം

കുരിശുവരയ്ക്കുന്നതിലൂടെയും ഉപയോഗിക്കുന്നതിലൂടെയും ക്രൂശിനെ ശക്തമായ ആത്മീകായുധമായി സഭ കാണുന്നു. അത് - പൈശാചിക ശക്തികളെ അകറ്റിനിർത്തുന്ന പരിചയും മുദ്രയുമാണ്. സ്വയപരിത്യാഗത്തിന്റെയും, മറ്റുള്ളവർക്കുവേണ്ടിയുള്ള ജീവാർപ്പണത്തിന്റെയും പൈശാചിക ശക്തികളിന്മേലും മരണത്തിന്മേലുമുള്ള വിജയത്തിന്റെയും പ്രതീകമായി കുരിശു നിലകൊള്ളുന്നു. കുരിശിനെപ്പറ്റി പറയുമ്പോൾ പ്രതീകം, ചിഹ്നം എന്നീ പദങ്ങൾ സാധാരണയായി നാം ഉപയോഗിക്കാറുണ്ട്. എന്നാൽ ഈ വാക്കുകൾക്ക് സഭയുടെ ആരാധനാഭാഷയിൽ സാധാരണ വ്യവഹാരഭാഷയിലുള്ളതിലും ആഴമായ അർത്ഥമുണ്ട്. കുരിശ് യേശുവിന്റെ രക്ഷാകരപ്രവർത്തനങ്ങൾ നമ്മെ അനുസ്മരിപ്പിക്കുക മാത്രമല്ല, അവയിൽ സംബന്ധികളാക്കുക കൂടി ചെയ്യുന്നു. കർത്താവ് ക്രൂശ് മരണത്തിലൂടെ നേടിത്തന്ന പൈശാചികശക്തികളിന്മേലുള്ള വിജയത്തെ അത് ഓർമ്മിപ്പിക്കുക മാത്രമല്ല, പൈശാചികശക്തികളെ അകറ്റുകയും അവയിൽനിന്നും നമ്മെ സംരക്ഷിക്കുകയും ചെയ്യുന്നു. ഇവിടെ, കുരിശിനെ യേശുക്രിസ്തുവിന്റെ സ്ഥാനത്താക്കി വയ്ക്കുകയല്ല, ദൈവികശക്തികൾ സംവഹിക്കുന്നതിന് ചേതനയില്ലാത്ത ഈ വസ്തുക്കൾക്കും കഴിയുന്നു എന്ന മഹത്തായ രഹസ്യം വിളിച്ചറിയിക്കുകയാണ്. പ്രതീകങ്ങൾക്കും ചിഹ്നങ്ങൾക്കും സഭ നല്കുന്ന അർത്ഥവും സ്ഥാനവും വിഗ്രഹാരാധനയിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടു നില്ക്കുന്നു എന്ന് ഇതിൽനിന്നും വ്യക്തമാവുന്നു. കുരിശ് ഒരു വശത്ത് കർത്താവിന്റെ രക്ഷാകര പ്രവർത്തനങ്ങളിലേക്ക് നമ്മെ നിരന്തരം ക്ഷണിക്കുന്ന ശക്തമായ സൂചികയാണ്; മറുവശത്ത് കർത്താവിന്റെ രക്ഷാകര ശക്തികളെ കുരിശ് സംവഹിക്കുകയും ചെയ്യുന്നു.

## കുറിപ്പുകൾ

1. Hippolytus of Rome, *Apostolic Tradition*, para 48.

   French Translation in *Sources Chretiennes Vol. 11*, Cerf (1968).

2. *De Corona*, 3 in the *Ante - Nicene Fathers Vol. IV* (1956).

3. St. Cyril of Jerusalem, *Catechetical Lectures IV*, 14, in *Nicene and Post-Nicene Fathers Vol. VII* (1955).

4. St. Basil the Great, *On the Spirit*, Chapter 27 in *Nicene and Post - Nicene Fathers Vol. VIII.*

5. *Life of Constantine* 1, 40 in *Nicene and Post - Nicene Fathers Vol. 1*, (1952).

6. Ibid 1, 28 - 31.

7. Socrates, *Church Histories* 1, 17 in *Nicene and Post - Nicene Fathers Vol. II* (1957).

8. Etherie, *Journal de Voyage, Sources Chretiennes* 21, Introduction pp. 58-60, Cerf (1948).

9. Etherie, Ibid Para 48.

10. *Life of Constantine*, op. cit., III, 25-40.

11. *Life of Constantine* III, 29-30.

12. St. Cyril of Jerusalem, op. cit., IV, 10; cf X, 19, XIII, 4.

13. St. Gregory of Nyssa, *On the Baptism of Christ* in *Nicene and Post - Nicene Fathers Vol. V.*

14. Etherie op. cit., Para 37.

(1987)

# 3

# മാലാഖാവൃന്ദങ്ങൾ

ഓർത്തഡോക്സ് സുറിയാനി സഭാപാരമ്പര്യത്തിൽ ദൈവദൂതന്മാർക്ക് 9 വൃന്ദങ്ങൾ ഉണ്ട്. 1. സ്രോപ്പേ, 2. ക്രോബേ, 3. മൗത്ത്ബേ, 4. മോറാവോസോ, 5. ഹൈലേ/ഹൈലാവോസോ, 6. ശുൽത്തോനേ/ശാലിത്തോനേ, 7. റീശൻവോസോ/അർക്കാവോസ്, 8. റീശൈ മാലാഖേ, 9. മാലാഖേ. മാലാഖമാരുടെ വൃന്ദങ്ങളെക്കുറിച്ച് വിശദമായ ഒരു പ്രതിപാദനം ആദ്യമായി കാണുന്നത് ഏതാണ്ട് അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന 'അരിയോപഗക്കാരനായ ദിവന്നാസ്യോസ്' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ഒരു ക്രിസ്തീയ ചിന്തകന്റെ *സ്വർഗ്ഗത്തിലെ വിശുദ്ധിയുടെ ക്രമം* (*Celestial Hierarchy*) എന്ന ഗ്രന്ഥത്തിലാണ്. സുറിയാനി സഭാപിതാക്കന്മാരായ മൂശെ ബർകീഫായും (9-ാം നൂറ്റാണ്ട്) ബാർ എബ്രായയും (13-ാം നൂറ്റാണ്ട്) ഈ വിഷയം കൈകാര്യം ചെയ്യുന്നുണ്ട്. ഇവരുടെ ചിന്തകളിൽ അരിയോപഗയിലെ ദിവന്നാസ്യോസിന്റെ സ്വാധീനം വളരെയുണ്ട്. മുകളിൽ കൊടുത്തിരിക്കുന്ന മാലാഖമാരുടെ വൃന്ദങ്ങളുടെ ക്രമം ദീവന്നാസ്യോസിന്റെയും ബാർ എബ്രായയുടെയും ഗ്രന്ഥങ്ങളിൽ കാണുന്ന പടിയാണ്. വി. കുർബാന തക്സായിൽ വി. യാക്കോബിന്റെ ക്രമത്തിൽ 9 വൃന്ദങ്ങളുടെയും പേരുകൾ കാണുന്നുണ്ട്. എന്നാൽ അവയുടെ ക്രമം ദിവന്നാസ്യോസിലും ബാർ എബ്രായയിലും കാണുന്നതിൽനിന്നും അല്പം വ്യത്യാസമുണ്ടെന്നു മാത്രം.

അരിയോപഗയിലെ ദിവന്നാസ്യോസ് പ്രതിപാദിച്ചിരിക്കുന്നപ്രകാരം സ്വർഗ്ഗത്തിലെ 9 വൃന്ദം മാലാഖമാർ മുമ്മൂന്നു വൃന്ദങ്ങൾ വീതമുള്ള മൂന്നു സംഘങ്ങളായാണ് ദൈവസന്നിധിയിൽ ചുറ്റുമായി നിലകൊള്ളുന്നത്; അതായത് ത്രിവൃന്ദങ്ങളുടെ മൂന്നു സംഘങ്ങൾ. ഒന്നാമത്തെ ത്രിവൃന്ദങ്ങൾ: സ്രോപ്പേ, ക്രോബേ, മൗത്ത്ബേ. രണ്ടാമത്തേത്: മോറാവോസോ, ഹൈലേ/ഹൈലോവോസോ, ശുൽത്തോനേ/ശാലീത്തോനേ. മൂന്നാമത്തേത്: റീശൻവോസോ/അർക്കാവോസ്, റീശൈമാലാഖേ, മാലാഖേ.

ദൈവസന്നിധിയിൽ ഏറ്റം അടുത്തനിലയാണ് ഒന്നാമത്തെ ത്രിവൃന്ദങ്ങൾക്ക്. അതിനടുത്ത് രണ്ടാമത്തെ ത്രിവൃന്ദങ്ങൾ. പിന്നീട് മൂന്നാമത്തേത്. ദൈവീകരിക്കപ്പെടാനും ദൈവതേജസ്സ് പ്രകാശിപ്പിക്കാനുമുള്ള കഴിവിനെ ആശ്രയിച്ചാണ് ദൂതവൃന്ദങ്ങളുടെ ക്രമീകരണം. ആദ്യത്തെ ദൂതവൃന്ദങ്ങൾ ഏറ്റം കൂടുതൽ അടുത്ത് ദൈവവുമായി സംസർഗ്ഗം ചെയ്ത് ദൈവസാന്നിധ്യത്തിനു ചുറ്റും നിരന്തരം ചലിച്ചുകൊണ്ട് സ്തുതിഗീതം അർപ്പിച്ചു നിൽക്കുന്നു. ഈ വൃന്ദങ്ങളിൽത്തന്നെ സെറാഫുക

ളാണ് ഏറ്റം അടുത്ത് ചുറ്റും നീങ്ങിക്കൊണ്ടിരിക്കുന്നത്. ദൈവസന്നിധിയിൽ വളരെ അടുത്തുനിന്ന് ദൈവദർശനം ലഭിച്ച് ദൈവതേജസ്സിൽ പങ്കാളികളായി ദൈവീകമായ പ്രകാശം സ്ഫുരിപ്പിച്ച് നിരന്തരം ദൈവിക പൂർണ്ണതയിലേക്കും ദൈവിക സംസർഗ്ഗത്തിന്റെ പാരമ്യതയിലേക്കും അവ വളർന്നുകൊണ്ടിരിക്കുന്നു. ഈ നിയോഗവും പദവിയുമാണ് ഓരോ ദൂതവൃന്ദത്തിനും ഉള്ളതെങ്കിലും അതാതിന്റെ കഴിവിനൊത്ത് സെറാഫുകളിൽത്തുടങ്ങി മാലാഖമാരിൽ അവസാനിക്കുന്ന വിശുദ്ധിയുടെ അവരോഹണക്രമം അല്ലെങ്കിൽ മാലാഖമാരിൽത്തുടങ്ങി പടിപടിയായി ഉയർന്ന് സെറാഫുകളിൽ ചെന്നുനിൽക്കുന്ന വിശുദ്ധിയുടെ (ആരോഹണത്തിന്റെ) ശ്രേണിയുണ്ട്.

ദൈവിക സ്വഭാവത്തിന്റെ തന്നെ ഏതെങ്കിലും ഒരു ഗുണവിശേഷം പ്രതിഫലിപ്പിക്കുന്നതാണ് ഓരോ വൃന്ദത്തിന്റെയും നാമം. അതാതു വൃന്ദത്തിന്റെ നിലയും നിയോഗവും പേരു കൊണ്ടു വ്യക്തമാവുന്നു.

### 1. സ്രോപ്പേ

എബ്രായ ഭാഷയിൽ *സെറാഫീം* (ഇംഗ്ലീഷിൽ seraphim). സ്രോപ്പേ അല്ലെങ്കിൽ സെറാഫുകളെ സംബന്ധിച്ച പരാമർശം വേദപുസ്തകത്തിൽ യെശ. 6:2–6 ൽ മാത്രമേ കാണുന്നുള്ളു. എബ്രായ ഭാഷയിൽ സെറാഫീം എന്ന പദം "തീയ്യ് കത്തുക" എന്നർത്ഥം വരുന്ന മൂലപദത്തിൽ നിന്നും ഉൽഭവിച്ചിട്ടുള്ളതാണ്. "തീമയർ", അഗ്നിമയർ എന്നാവും സെറാഫുകൾക്ക് മലയാളത്തിൽ കൊടുക്കാവുന്ന തത്തുല്യ പദം. യെശ. 6:2–6 ൽ സെറാഫുകൾക്ക് ആറു ചിറകുകൾ വീതം ഉള്ളതായി വിവരിച്ചിരിക്കുന്നു. രണ്ടു കൊണ്ടു മുഖം മൂടി, രണ്ടു കൊണ്ട് കാൽ മൂടി, രണ്ടു കൊണ്ട് പറന്ന് വാക്യപ്രതിവാക്യമായി ('ഒരുത്തനോടൊരുത്തൻ') "സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ..." എന്ന് ആർത്തു സ്തുതിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തോട് ഏറ്റം അടുത്ത് നിലകൊണ്ട് ദൈവതേജസ്സു നൽകുന്ന ചൂടും പ്രകാശവും ഒട്ടും കുറവും മറവും കൂടാതെ സ്വീകരിച്ച് ബഹിർസ്ഫുരിപ്പിക്കുന്നതിനുള്ള കഴിവുള്ളതുകൊണ്ട് ഒന്നാമത്തെ വൃന്ദത്തിന് "അഗ്നിമയർ" എന്ന പേരുണ്ടായി. തീയ്യ് ശുദ്ധീകരിക്കുന്നു. സെറാഫുകൾ ശുദ്ധീകരിക്കുന്ന ദൈവസാന്നിധ്യമാണ്. ആ ജ്വാലയോട് അടുത്തു വരുന്നവർ "എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ..." എന്ന് യെശയ്യാവിനെപ്പോലെ പറയും. ദൈവസാന്നിധ്യത്തെ മങ്ങിക്കുന്നതും മറയ്ക്കുന്നതുമായ സകല നിഴലുകളെയും അന്ധകാരത്തെയും വിപാടനം ചെയ്യുന്ന ആഗ്നേയരാണ് സെറാഫുകൾ. ദൈവം മാത്രമാണ് പൂർണ്ണൻ. പരിശുദ്ധിയുടെ പൂർണ്ണത അവിടുത്തേക്കു മാത്രം. "പരിശുദ്ധൻ, പരിശുദ്ധൻ പരിശുദ്ധൻ" എന്ന്

അനുസ്യൂതം ദൈവത്തെ പുകഴ്ത്തിക്കൊണ്ട് ദൈവികമായ പരിശുദ്ധിയുടെ പൂർണ്ണതയിലേക്ക് നിരന്തരം അവ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. മാത്രമല്ല അടുത്തുവരുന്നവരെ രൂപാന്തരപ്പെടുത്തി പ്രകാശത്തിലേക്ക് ആകർഷിച്ച് ആവാഹിക്കുകയും ചെയ്യുന്നു. സദാപി ചിറകടിച്ച് പറന്നു നീങ്ങിക്കൊണ്ടിരിക്കുന്ന അഗ്നിമയരുടെ ചലനാത്മകതയ്ക്കും ഗതീയതയ്ക്കും രണ്ടു തലങ്ങൾ ഉണ്ട്: ഒന്ന് ആരോഹണവും മറ്റേത് അവരോഹണവും. ആരോഹണം ദൈവാഭിമുഖമായാണ്; പൂർണ്ണ ദൈവദർശനത്തിലേക്കും ദൈവസംസർഗ്ഗത്തിലേക്കും ദൈവീകരണത്തിലേക്കുമുള്ള കയറ്റം. അവരോഹണം ദൈവത്തിൽ നിന്ന് താഴെയുള്ളവർക്ക് അഭിമുഖമായാണ്. താഴെയുള്ളവരിലേക്ക് തിരിഞ്ഞ്, ലഭിച്ച പ്രകാശം അവരിലേക്ക് സംക്രമിപ്പിച്ച് അവരേയും സംവഹിച്ചുകൊണ്ട് ദൈവസന്നിധിയിലേക്കു വീണ്ടും അവ തിരിഞ്ഞു നീങ്ങുകയായി.

**2. ക്രോബേ**

ക്റൂബിം എന്നാണ് എബ്രായ പദം. ഇതിന്റെ അർത്ഥം നിശ്ചയമില്ല. എന്നാൽ സുറിയാനിയിൽ ക്രോബേ എന്നതിന്റെ മൂലപദത്തിന് 'പരിചിന്തനം' എന്ന് ആലങ്കാരികമായ ഒരർത്ഥം കൊടുത്തു കാണുന്നു. അരിയോപഗയിലെ ദീവന്നാസ്യോസ് ക്റൂബിം എന്ന എബ്രായ ശബ്ദത്തിന് "പരിജ്ഞാനപൂർണ്ണത" എന്ന നിരുക്തം കൊടുക്കുന്നുണ്ട്. ഇത് സ്വീകാര്യമെങ്കിൽ കെരൂബുകൾ എന്ന പേരു സൂചിപ്പിക്കുന്നത് ദൈവത്തെ അടുത്ത് കണ്ടറിയുന്നതിനുള്ള കഴിവാണ്. ആഴമായ ദൈവജ്ഞാനവും അടുത്ത ദൈവദർശനവും നൽകുന്ന 'പരിജ്ഞാനപൂർണ്ണത' ചുറ്റുമുള്ളവരിലേക്ക് പകർന്ന് അവരെ ദൈവകാരുണ്യത്തിലേക്കും ദൈവദർശനത്തിലേക്കും വളർത്തുകയാണ് കെറൂബുകൾ.

യെഹസ്ക്കിയേൽ പ്രവചനം അനുസരിച്ച് കെറൂബുകൾക്ക് നന്നാലു മുഖങ്ങളും (സിംഹം, കാള, കഴുകൻ, മനുഷ്യൻ) നന്നാലു ചിറകുകളുമുണ്ട് (യെഹ. 1:6-11; 10:1). ദൈവസാന്നിധ്യം അഗ്നിതേജസ്സായിട്ടാണ് യെഹസ്ക്കിയേൽ കാണുന്നത്. അഗ്നിതേജസ്സിനു ചുറ്റും നിന്നുകൊണ്ട് ഈരണ്ടു ചിറകുകൾ വിടർത്തി തമ്മിൽ തൊട്ടും ഈരണ്ടു ചിറകുകൊണ്ട് ശരീരം മറച്ചും തേജസ്സിനൊപ്പം കെറൂബുകൾ സദാ നീങ്ങിക്കൊണ്ടിരിക്കുന്നു. ദൈവതേജസ്സിന്റെ സാമീപ്യംകൊണ്ട് തേജസ്സു ധരിച്ചിരിക്കുന്ന കെരൂബുകളെ തേജസ്സിന്റെ കെരൂബുകൾ എന്ന് എബ്രാ. 9:5-ൽ പറയുന്നു. "യഹോവയുടെ മഹത്വം (തേജസ്സ്) സ്വസ്ഥലത്തുനിന്ന് അനുഗ്രഹിക്കപ്പെടുമാറാകട്ടെ" (യഹ. 3:12) എന്ന സ്തുതിഗീതം അനവരതം ചൊല്ലിക്കൊണ്ടാണ് കെറൂബുകൾ ദൈവസന്നിധിയിൽ നിൽക്കുന്നത്. കെറൂബുകളുടെ മദ്ധ്യേ അഗ്നിതേജസ്സായി പ്രത്യക്ഷനായിരി

ക്കുന്ന ദൈവത്തോട് "കെറൂബുകളിൽ അധിവസിക്കുന്നവനേ പ്രകാശിക്കണമേ" എന്നു സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നു (സങ്കീ. 80:1).

യിസ്രായേല്യരുടെ വിശ്വാസമനുസരിച്ച് നിയമം (തോറാ) ദൈവസാന്നിധ്യം തന്നെയാണ്. നിയമപ്പെട്ടകത്തിനു മുകളിലുള്ള കൃപാസനത്തിൽ ദൈവം നിവസിക്കുന്നു. ഇത് സൂചിപ്പിക്കുന്നതിന് കൃപാസനത്തിന്റെ രണ്ടറ്റത്തും പിടിപ്പിച്ചിരിക്കുന്ന രണ്ടു കെറൂബുകൾ കൃപാസനത്തെ മൂടിക്കൊണ്ടു നിൽക്കുന്നു. യെറുശലേം ദേവാലയത്തിന്റെ അന്തർമന്ദിരത്തിനു നടുവിൽ വിടർത്തിയ ചിറകുകളോടെ ഉണ്ടാക്കിവച്ചിരുന്ന കെറൂബുകളും ദേവാലയത്തിന്റെ ചുവരുകളിലും കതകുകളിലും കൊത്തിയുണ്ടാക്കി വച്ചിരുന്ന കെറൂബുകളും ദൈവസാന്നിധ്യമാണ് സൂചിപ്പിച്ചിരുന്നത് (1 രാജാ. 6:25-35).

യശയ്യാ പ്രവചനത്തിലെ ആറാറുചിറകുകളുള്ള സെറാഫുകളും (യെശ. 6:1-6) യെഹസ്ക്കിയേൽ പ്രവചനത്തിലെ നന്നാലു മുഖങ്ങളും നന്നാലു ചിറകുകളുമുള്ള കെറൂബുകളും ചേർന്നു വരുന്നതാവണം വെളിപാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നാലു ജീവികൾ (വെളി. 4:6-8).

യാക്കോബിന്റെ തക്സായിൽ 'അനേകം കണ്ണുകളുള്ള ക്രോബേന്മാർ' എന്ന വിശേഷണം കാണുന്നുണ്ട്. പന്ത്രണ്ട് ശ്ലീഹന്മാരുടെ തക്സായിൽ 'നന്നാലു മുഖങ്ങളുള്ള ക്രോബേന്മാർ' എന്നും കാണുന്നു. യഹസ്കിയേൽ പ്രവചനത്തിൽ കെറൂബുകൾക്ക് നന്നാലു മുഖങ്ങളുണ്ടല്ലോ. കെറൂബുകളുടെ പരിജ്ഞാനപൂർണ്ണതയുടെ അടിസ്ഥാനം അവയുടെ എട്ടുകണ്ണുകളാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അറിവിന്റെ ആഴവും പരപ്പുമാണ് ഈ അനേകം കണ്ണുകൾ സൂചിപ്പിക്കുന്നത്. ഈ പരിജ്ഞാനം ഒരുവശത്ത് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് ദൈവത്തെ അടുത്ത് ആഴമായി അറിയുന്നതിനും ലോകത്തിലേക്ക് തിരിഞ്ഞ് മനുഷ്യരെ ആഴമായും സമഗ്രമായും അറിയുന്നതിനുമുള്ള കഴിവിനെ സൂചിപ്പിക്കുന്നു. ഇങ്ങനെ ക്രോബേ ശബ്ദത്തിനുള്ള 'പരിജ്ഞാനപൂർണ്ണത' എന്ന നിരുക്തം കെറൂബുകൾ അന്വർത്ഥമാക്കിയിരിക്കുന്നു.

സെറാഫുകളുടെ സ്തുതിവചനം 'യഹോവ പരിശുദ്ധൻ.... പരിശുദ്ധൻ... പരിശുദ്ധൻ' എന്നാണെങ്കിൽ കെറൂബുകളുടേത് 'യഹോവ വാഴ്ത്തപ്പെട്ടവൻ' എന്നാകുന്നു. അതുകൊണ്ടത്രെ മാർ യാക്കോബിന്റെ തക്സായിൽ 'ക്രോബേന്മാരാൽ വാഴ്ത്തപ്പെടുന്നവനും സ്രോപ്പേന്മാരാൽ കാദീശ് പാടപ്പെടുന്നവനും' എന്ന് ദൈവത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്.

**3. മൗത്ത്ബേ** (സിംഹാസനങ്ങൾ; thrones; ഗ്രീക്ക്: thronoi).

ദൈവവാഹികളായ സ്വർഗ്ഗീയ ഗണമാണ് സിംഹാസനങ്ങൾ. ദൈവിക നിവാസത്തിനു വേണ്ടി സദാ ഒരുങ്ങി ദൈവാഗമനം എപ്പോഴും സ്വാഗതം ചെയ്ത് അവ നിലകൊള്ളുന്നു. കെറൂബുകളെത്തന്നെയാണ് ദൈവിക സിംഹാസനങ്ങളായി സങ്കീർത്തനക്കാരൻ കാണുന്നത് (സങ്കീ. 80:1; 99:1). ദാനി. 7:9–ലും വെളി. 4:2–6 ലും ദൈവസിംഹാസനം സ്വർഗ്ഗീയ ഗണമായി പരാമർശിക്കപ്പെടുന്നില്ല. ദൈവിക തേജസ്സും പ്രകാശവും കൊണ്ട് ശോഭാപൂർണ്ണമായ ദൈവനിവാസസ്ഥാനമായി അതിനെ ചിത്രീകരിച്ചിട്ടുമുണ്ട്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി വി. പൗലോസ് സിംഹാസനങ്ങളെ സ്വർഗ്ഗീയ ഗണങ്ങളിൽ ഒന്നായി പറഞ്ഞിരിക്കുന്നു (കോലോ. 1:16).

**4. മോറാവോസോ** (കർത്തൃത്വങ്ങൾ; dominions; ഗ്രീക്ക്: Kyriotes)

ത്രിവൃന്ദങ്ങളുടെ രണ്ടാം സംഘത്തിൽ ആദ്യത്തേതാണ് 'മോറാവോസോകൾ' അഥവാ 'കർത്തൃത്വങ്ങൾ' (എഫേ. 1:21. കൊലോ. 1:16). ലോകത്തിൽ കർത്തൃത്വങ്ങൾ ഉണ്ട്. ഭീതിയും ദാസ്യത്വവുമാണ് ലോകത്തിലെ കർത്തൃത്വങ്ങൾ നൽകുക. അവ ദൈവത്തിന്റെ കർത്തൃത്വത്തിൽ അടിസ്ഥാനപ്പെട്ടിട്ടുള്ളതല്ല. ദൈവികമായ കർത്തൃത്വമാകട്ടെ സ്നേഹവും സ്വാതന്ത്ര്യവും നൽകുന്നു. കർത്തൃത്വത്തിന്റെ ലോകമാതൃകകളോടു പൊരുത്തപ്പെടാതെ അതിൽനിന്നും ഉയർന്ന് നിരന്തരം ദൈവത്തിങ്കലേക്കു തിരിഞ്ഞ് കർത്തൃത്വത്തിന്റെ നിത്യവും ദൈവികവുമായ സ്രോതസ്സിൽ പങ്കാളികളാവുകയും താഴെയുള്ളവരെ അതിലേക്ക് ആകർഷിച്ച് ആനയിച്ച് അവരേയും അതിൽ പങ്കുകാരാക്കുകയുമാണ് സ്വർഗ്ഗീയ വൃന്ദമായ കർത്തൃത്വങ്ങൾ.

**5. ഹൈലേ / ഹൈലാവോസോ** (ശക്തികൾ; powers; ഗ്രീക്ക്: dynameis)

എഫേ. 1:21; 1 പത്രോ. 3:22 എന്നീ ഭാഗങ്ങളിൽ സ്വർഗ്ഗീയ ഗണമായ "ശക്തികളെ" സംബന്ധിച്ച പരാമർശം കാണാം. ദൈവികകാര്യങ്ങൾ പൂർത്തിയാക്കുന്നതിൽ ഉലഞ്ഞുപോകാത്ത ധൈര്യവും സ്ഥൈര്യവും "ശക്തികൾ" പ്രദർശിപ്പിക്കുന്നു. അശേഷം അലസതയും ഉദാസീനതയും കൂടാതെ സദാ ദിവ്യപ്രകാശം സ്വീകരിച്ച് ദൈവീകരിക്കപ്പെടുകയും ചുറ്റുമുള്ളവരെ ദൈവീകരണ പ്രക്രിയയിലേക്ക് ആവാഹിക്കുകയും ചെയ്യുന്നവരാണ് ശക്തികൾ.

**6. ശുൽത്തോനേ / ശാലീത്തോനേ** (അധികാരങ്ങൾ; authorities; ഗ്രീക്ക്: exousiai)

എഫേ. 1:21; 3:10, കൊലോ. 1:16; 2:10; 1 പത്രോ. 3:22 എന്നീ ഭാഗങ്ങളിലാണ് "അധികാരങ്ങൾ" എന്ന സ്വർഗ്ഗീയ ഗണത്തെക്കുറിച്ചു പരാമർശിച്ചിരിക്കുന്നത്. അധികാരം മേൽക്കോയ്മയല്ല. സർവ്വ അധികാരങ്ങളുടെയും ഉറവിടവും അടിസ്ഥാനവുമായ പരമാധികാരിയായ ദൈവത്തോട് നിരന്തരം താദാത്മ്യം പ്രാപിക്കുമ്പോൾ മാത്രമേ അധികാരത്തിന്റെ യഥാർത്ഥ പൊരുൾ വെളിവായ് വരികയുള്ളു. സൃഷ്ടിയെ ഒരു താളലയത്തിൽ ഇണക്കി ദൈവസന്നിധിയിലേക്കു കൂട്ടിക്കൊണ്ടു പോകാനുള്ള ദൗത്യം "അധികാരങ്ങൾ" എന്ന ദിവ്യസംഘത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

**7. റീശൻവോസോ / അർക്കാവോസ്** (വാഴ്ചകൾ; rules; ഗ്രീക്ക്: archai)

എഫേ. 1:21; 3:10; കൊലൊ. 1:16; 2:10 എന്നീ ഭാഗങ്ങളിൽ സ്വർഗ്ഗീയ ഗണമായ 'വാഴ്ചകളെ'പ്പറ്റി പറഞ്ഞിരിക്കുന്നു. വാഴ്ച എന്ന് അർത്ഥമുള്ള arche എന്ന ഗ്രീക്ക് പദത്തിന്റെ സുറിയാനിരൂപമാണ് 'അർക്കാവോസ്.' സ്വർഗ്ഗീയവും രാജകീയവുമായ പ്രാമാണികതയാണ് 'വാഴ്ചകൾ' എന്ന പേരു സൂചിപ്പിക്കുന്നത്. എല്ലാ പ്രമാണങ്ങൾക്കും സ്രോതസ്സായ പ്രമാണത്തിന് അഭിമുഖമായി നീങ്ങിക്കൊണ്ട് സർവ്വത്തേയും ആ ആത്യന്തിക പ്രമാണത്തിലേക്ക് ഒരു രാജാവിനെപ്പോലെ വഴി നയിക്കുന്നവരാണ് പ്രാമാണികരായ വാഴ്ചകൾ എന്ന സ്വർഗ്ഗീയ സംഘം.

**8. റീശൈ മാലാഖേ** (പ്രധാന ദൂതന്മാർ; archangels; ഗ്രീക്ക്: archangeloi)

മാലാഖ (ദൂതൻ) ദൈവത്തിന്റെ ദൈവിക ദൂത് വഹിക്കുന്നവരും വ്യാഖ്യാനിക്കുന്നവരുമാണ്. ദൈവത്തിൽ നിന്ന് സന്ദേശം സ്വീകരിച്ച് മനുഷ്യർക്ക് സംവേദിക്കുകയാണ് മാലാഖകളുടെ കർത്തവ്യം. ഈ കർത്തവ്യനിർവഹണത്തിൽ മാലാഖമാരോട് കൂട്ടുത്തരവാദികളായി നേതൃത്വം വഹിക്കുന്നവരാണ് പ്രധാന മാലാഖമാർ. ദാനി. 10:13-21; 12:1; 1 തെസ്സ. 4:16; യൂദാ 9 എന്നീ ഭാഗങ്ങളിൽ പ്രധാന ദൂതൻ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. യൂദാ 9-ൽ മീഖായേൽ പ്രധാന ദൂതൻ എന്നു പറഞ്ഞിരിക്കുന്നു. പാരമ്പര്യപ്രകാരം ഗബ്രിയേലും പ്രധാന ദൂതനാണ്.

**9. മാലാഖേ** (ദൂതന്മാർ; angels, ഗ്രീക്ക്: angeloi)

സെറാഫുകളിൽ ആരംഭിക്കുന്ന ദൂതഗണങ്ങളിൽ അവരോഹണക്രമ

ത്തിൽ ഒടുവിലത്തേതാണ് മാലാഖമാർ. ദൈവനിശ്ചയങ്ങളും സന്ദേശങ്ങളും മനുഷ്യന് വെളിപ്പെടുത്തി വ്യാഖ്യാനിച്ചു കൊടുക്കാനുള്ള പ്രത്യേക നിയോഗമുള്ളതുകൊണ്ടും മനുഷ്യരോട് അടുത്ത് നിൽക്കുന്നതുകൊണ്ടും ഈ ഗണത്തിന് 'ദൂതന്മാർ' എന്ന പദം കൂടുതൽ യോജിക്കുന്നു. മനുഷ്യരെ ദൈവികദൂത് നൽകി ദിവ്യപ്രകാശം കൊണ്ടു നിറച്ച് ദൈവസന്നിധിയിലേക്ക് ഉയർത്തി ദൈവീകരിക്കുകയാണ് ദൈവദൂതന്മാർ.

വെളിപാട് പുസ്തകം 5:11-ൽ ദൂതന്മാരുടെ എണ്ണം പതിനായിരംപതിനായിരവും ആയിരംആയിരവുമായി പറഞ്ഞിരിക്കുന്നു. ആയിരമായിരം പത്തുലക്ഷവും പതിനായിരംപതിനായിരം പത്തുകോടിയും വരും. എന്നാൽ ഈ പ്രയോഗം വഴി മാലാഖമാരെ എണ്ണിത്തിട്ടപ്പെടുത്തുകയല്ല; മറിച്ച് എണ്ണിത്തിട്ടപ്പെടുത്താവുന്നതിലും അധികമാണ് അവരുടെ സംഖ്യ എന്ന് സൂചിപ്പിക്കുകയാണ്. ഇക്കാരണത്താലാണ് ചില തക്സാകളിൽ മാലാഖമാരെക്കുറിച്ച് ആയിരംആയിരമെന്നും പതിനായിരംപതിനായിരമെന്നും പരാമർശിക്കുമ്പോൾ മറ്റ് ചില തക്സാകളിൽ 'എണ്ണപ്പെടാൻ പാടില്ലാത്തവരായ സ്വർഗ്ഗീയഗണങ്ങൾ' എന്ന് പരാമർശിച്ചിരിക്കുന്നത്. ഇതേ കാരണത്താൽ തന്നെയാണ് എബ്രാ. 12:22-ൽ അനേകായിരം ദൂതന്മാരുടെ സർവ്വസംഘം എന്നു പറഞ്ഞിരിക്കുന്നതും. ഇവയെല്ലാം മാലാഖമാരുടെ സംഖ്യാതീത തലമാണ് സൂചിപ്പിക്കുന്നത്.

മുൻപറഞ്ഞ 9 വൃന്ദങ്ങൾ കൂടാതെ മറ്റു മൂന്നു വൃന്ദം മാലാഖമാർ കൂടെ ഉണ്ടായിരുന്നു എന്നും ഈ ത്രിവൃന്ദങ്ങൾ സ്വർഗ്ഗത്തിൽ നിന്നും പതിച്ചുപോയതാണ് പൈശാചിക സൈന്യം എന്നും സുറിയാനി പാരമ്പര്യത്തിൽ കാണുന്നു. ''പ്രകാശവാഹികൾ'' എന്നർത്ഥം വരുന്ന *ശ്ഖീലായ് നൂറോ* എന്നാണ് സുറിയാനിയിൽ വീണുപോയ ദൂതന്മാരുടെ നാമം. യെശ. 14:12-ൽ കാണുന്ന "അരുണോദയപുത്രന്റെ" പതനം (ബാബിലോൺ രാജാവിന്റെ പതനമായിട്ടാണ് പ്രത്യക്ഷത്തിൽ നൽകേണ്ട വ്യാഖ്യാനം) മാലാഖമാരുടെ പതനത്തെ സൂചിപ്പിക്കുന്നതായി വ്യാഖ്യാനിക്കുന്ന പാരമ്പര്യം ഉണ്ട്. പുരാതന ലത്തീൻ പരിഭാഷയിൽ "അരുണോദയപുത്രനായ ശുക്രൻ" എന്നതിന് ലൂസിഫർ ('പ്രകാശവാഹകൻ') എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ലൂക്കോ. 10:18-ൽ "സാത്താൻ മിന്നൽ പോലെ ആകാശത്തു നിന്നു വീഴുന്നത് ഞാൻ കണ്ടു" എന്ന കർത്താവിന്റെ വാക്കുകൾ യെശ. 14:12-മായി ബന്ധിപ്പിച്ച് വി. ജറോം ലൂസിഫറിനെ പൈശാചികശക്തികളുടെ പ്രതീകമായി കാണുന്നു. വാഴ്ചകൾ, അധികാരങ്ങൾ, ശക്തികൾ എന്നീ പദങ്ങൾ വി. പൗലോസ് മറ്റു ചില ഭാഗങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. ഇത് പൈശാചികശക്തികളെ ഉദ്ദേശിച്ചാണെന്ന് സന്ദർഭംകൊണ്ട് വ്യക്തമാവുന്നു (1 കോരി. 15:24; എഫേ. 6:12; കൊലോ. 2:15).

മുൻകൊടുത്തിരിക്കുന്ന ചർച്ചയുടെ വെളിച്ചത്തിൽ, ആകെ 12 വൃന്ദം മാലാഖമാർ; മൂന്നു വൃന്ദങ്ങൾ വീതമുള്ള നാലു ത്രിവൃന്ദങ്ങൾ; നാലാമത്തെ ത്രിവൃന്ദം ദൈവസന്നിധിയിൽ നിന്നും നിഗളിച്ച് നിപതിച്ചു പോയി. ആദ്യത്തെ മൂന്നെണ്ണം ദൈവസന്നിധിയിൽ തന്നെ നിലനിൽക്കുന്നു. വി. പൗലോസ് അപ്പോസ്തോലന്റെ ലേഖനങ്ങളിൽ ഹൈലേ (ശക്തികൾ), ശൂൽത്തോനേ (അധികാരങ്ങൾ), റീശൻവോസോ (വാഴ്ചകൾ), മാലാഖേ (ദൂതന്മാർ) എന്നീ നാമങ്ങൾ ദൈവസന്നിധിയിൽ നിലനിൽക്കുന്ന മാലാഖമാർക്കും ദൈവസന്നിധിയിൽ നിന്ന് നിപതിച്ചുപോയ മാലാഖമാർക്കും ഉപയോഗിക്കുന്നുണ്ട്. നിലനിൽക്കുന്ന മാലാഖമാരിൽ ഈ പേരുകൾ ഉള്ള വൃന്ദങ്ങളെ സംബന്ധിച്ച് പരാമർശിക്കുന്ന വേദഭാഗങ്ങൾ മുകളിൽ കൊടുത്തിട്ടുണ്ട്. നിപതിച്ചുപോയ മാലാഖമാരിൽ ഈ പേരുകൾ തന്നെയുള്ള വൃന്ദങ്ങളെക്കുറിച്ച് പരാമർശിക്കുന്ന വേദഭാഗങ്ങൾ ഇവയാണ്: ഹൈലേ (ശക്തികൾ): റോമ. 8:38; 1 കൊരി. 15:24, ശൂൽത്തോനേ (അധികാരങ്ങൾ): 1 കൊരി. 15:24; കൊലോ. 2:15; എഫേ. 6:12, റീശൻ വോസോ (വാഴ്ചകൾ): റോമ. 8:38; 1 കൊരി. 15:24; കൊലോ. 2:15; എഫെ. 6:12, മാലാഖേ (ദൂതന്മാർ): റോമ. 8.38.

## ദൂതവൃന്ദങ്ങൾ
**(അവരോഹണക്രമത്തിൽ)**

| മലയാളം | സുറിയാനി | എബ്രായ | ഗ്രീക്ക് | ഇംഗ്ലീഷ് |
|---|---|---|---|---|
| **1. ഒന്നാമത്തെ ത്രിവൃന്ദങ്ങൾ** | | | | |
| സെറാഫുകൾ | സ്രോപ്പേ | സെറാഫിം | Seraphin | Seraphim |
| കെറൂബുകൾ | ക്രോബേ | ക്റൂബിം | Cheroubin | Cherubim |
| സിംഹാസനങ്ങൾ | മൗത്ത്ബേ | ...... | thronoi | thrones |
| **2. രണ്ടാമത്തെ ത്രിവൃന്ദങ്ങൾ** | | | | |
| കർത്തൃത്വങ്ങൾ | മോറാവോസോ | ...... | Kyriotetes | dominions |
| ശക്തികൾ | ഹൈലേ (ഹൈലാവോസോ) | ........ | dynameis | powers |
| അധികാരങ്ങൾ | ശൂൽത്തോനേ (ശാലീത്തോനേ) | ........ | exousiai | authorities |
| **3. മൂന്നാമത്തെ ത്രിവൃന്ദങ്ങൾ** | | | | |
| വാഴ്ചകൾ | റീശൻവോസോ (അർക്കാവോസ്) | ...... | archai | rules |
| പ്രധാന ദൂതന്മാർ | റീശൈമാലാഖേ | ....... | archangeloi | archangels |
| ദൂതന്മാർ | മാലാഖേ | ......... | angeloi | angels |

വേദപുസ്തകപാരമ്പര്യത്തിൽ ദൈവസാന്നിധ്യത്തെ ദൈവതേജസ്സു കൊണ്ട് സൂചിപ്പിച്ചിട്ടുണ്ട് (പുറ. 24:12-18). ദൈവദർശനം ദൈവതേജസ്സിന്റെ ദർശനമാണ് (പുറ. 33:18-23). ദൈവീകരണം ദൈവതേജസ്സിലുള്ള പങ്കാളിത്തമാണ്; തേജസ്ക്കരണമാണ് (പുറ. 34:29-35). മാലാഖമാർ മുതൽ സെറാഫുകൾ വരെയുള്ള സ്വർഗ്ഗീയവൃന്ദങ്ങളുടെ വിവരണങ്ങളോടനുബന്ധിച്ച് അഗ്നി, പ്രകാശം, തേജസ്സ് എന്നീ പദങ്ങൾ കാണാം (യെശ. 6:1-7; യെഹ. 1:13; ലൂക്കോ. 2:9; എബ്രാ. 9:5; വെളി. 4:2-11). സ്വർഗ്ഗീയഗണങ്ങൾ ദൈവതേജസ്സിൽ പങ്കാളികളായി തേജോധാരികളായി ദൈവസന്നിധിയിൽ നിൽക്കുന്നു. അക്കാരണത്താൽ അവരെ "തേജസ്സുകൾ" എന്നും വിളിക്കുന്നുണ്ട് (2 പത്രോ. 2:10; യൂദാ 8 എന്നീ ഭാഗങ്ങളിൽ മലയാള പരിഭാഷയിൽ കാണുന്ന 'ദൂതന്മാർ' 'മഹിമകൾ' എന്നീ വാക്കുകൾക്ക് ഗ്രീക്ക് മൂലത്തിൽ കൊടുത്തിരിക്കുന്നത് 'തേജസ്സുകൾ' എന്നർത്ഥം വരുന്ന doxai എന്ന പദമാണ്).

അരിയോപഗയിലെ ദീവന്നാസ്യോസ് പ്രതിപാദിച്ചിരിക്കുന്നപ്രകാരം ദൈവീകരണത്തിന് മൂന്നു ഘട്ടങ്ങൾ ഉണ്ട്: ശുദ്ധീകരണം, പ്രകാശനം, സമ്പൂർണ്ണത. ദൈവസാന്നിധ്യത്തിൽ ശുദ്ധീകരിക്കപ്പെട്ട് പ്രകാശിക്കപ്പെട്ട് സമ്പൂർണ്ണതയിലേക്കു വളരുകയാണ് മാലാഖമാരുടെ ഈ വൃന്ദങ്ങൾ. ശുദ്ധീകരിക്കപ്പെടുന്തോറും കൂടുതൽ പ്രകാശിക്കുന്നു. പ്രകാശിതമാവുന്തോറും കൂടുതൽ ശുദ്ധീകരിക്കപ്പെടുന്നു. രണ്ടും പൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്ക് നയിക്കുന്നു. ഒരു ചക്രത്തിലെ ആരക്കാലുകൾ പോലെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് അനവരതം നീങ്ങി ദൈവോന്മുഖമായി ദൈവജ്ഞാനത്തിന്റെയും ദൈവദർശനത്തിന്റെയും ദൈവീകരണത്തിന്റെയും സമ്പൂർണ്ണതയിലേക്കു ക്രമാനുഗതമായി അവ ചലിക്കുന്നു. ദൈവസന്നിധിയിൽ സ്വർഗ്ഗീയഗണങ്ങളോടൊത്ത് ആരാധിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെയും ആത്യന്തിക ലക്ഷ്യം ദൈവീകരണം തന്നെ.

**(1993)**

# 4

# കൃപാവരപ്രസ്ഥാനം: അല്പം ചരിത്രം

നമ്മുടെ സഭയിൽ രൂപംകൊണ്ടിട്ടുള്ള കൃപാവരപ്രസ്ഥാനത്തെക്കുറിച്ചുള്ള പഠനത്തിന്, ഇതരസഭകളിൽ ഈ പ്രസ്ഥാനം എങ്ങനെ ആവിർഭവിച്ചു എന്നു മനസ്സിലാക്കുന്നത് സഹായകരമായിരിക്കും. കത്തോലിക്കാ സഭയിലും, നവീകരണസഭകളിൽ പൗരോഹിത്യം, കൂദാശകൾ ആദിയായവ നിലനിർത്തിപ്പോരുന്ന വ്യവസ്ഥാപിത സഭകളിലും കൃപാവര പ്രസ്ഥാനം രൂപംകൊണ്ടിട്ടുണ്ട്. ഈ സഭകളിലെല്ലാം തന്നെ കൃപാവര പ്രസ്ഥാനം ആരംഭിക്കുന്നതിന് പെന്തക്കോസ്തു പ്രസ്ഥാനം പ്രത്യക്ഷമായോ പരോക്ഷമായോ പ്രചോദനം കൊടുത്തിട്ടുണ്ട്. നമ്മുടെ സഭയിലും കൃപാവരത്തിന്റെ ഉത്ഭവത്തിനു പിമ്പിൽ ഇങ്ങനെയൊരു ചരിത്ര പശ്ചാത്തലം ഉണ്ടായിരുന്നതായി കാണാം.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് പെന്തക്കോസ്തു പ്രസ്ഥാനം ഉത്ഭവിക്കുന്നത്. പൗരോഹിത്യം, കൂദാശകൾ എന്നിവ അനുഷ്ഠിച്ചു പോന്ന സഭയിലെ ഒരുപറ്റം അംഗങ്ങൾ പരിശുദ്ധാത്മസ്നാനം, അന്യഭാഷ ആദിയായ കൃപാവരങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് യോഗങ്ങൾ നടത്തിവന്നിരുന്നു. ഇത്തരം ചെറിയ പ്രാർത്ഥനായോഗങ്ങളിൽ അവർ കൂടുതൽ ആത്മികസംതൃപ്തി കണ്ടെത്തുകയും മാതൃസഭയിലെ ആരാധനയോട് വിപ്രതിപത്തി കാട്ടുകയും ചെയ്തു. ക്രമേണ മാതൃസഭകളിൽ നിന്ന് അവർ അകറ്റപ്പെടുകയോ സ്വയംഅകന്നുപോവുകയോ ചെയ്തു. അങ്ങനെ ആദ്യം ഒരു പ്രസ്ഥാനമായി ആരംഭിച്ചത് സഭയായി രൂപം കൊണ്ടു. അമേരിക്കയിലാണ് പെന്തക്കോസ്തു പ്രസ്ഥാനം ആദ്യമായി ആവിർഭവിച്ചത്. വിശ്വാസകാര്യങ്ങളിൽ ചെറിയ ചെറിയ വ്യത്യാസങ്ങൾ പുലർത്തിക്കൊണ്ട് ഇന്ന് നൂറുനൂറു പെന്തക്കോസ്തു സഭകൾ പ്രവർത്തിച്ചു വരുന്നു. ഭാരതത്തിലെ പെന്തക്കോസ്തു സഭകളിൽ ഏറിയപങ്കും അമേരിക്കയിൽ ആവിർഭവിച്ചിട്ടുള്ളവയുടെ ഘടകങ്ങളോ അവരുടെ സഹായത്താൽ നടക്കുന്നവയോ ആണ്. അന്യഭാഷാവരം, ആത്മാക്കളെ വിവേചിച്ചറിയുവാനുള്ള വരം, രോഗശാന്തിവരം, ദർശനവരം എന്നിങ്ങനെ ദൃശ്യങ്ങളും ആകർഷകങ്ങളുമായ കൃപാവരങ്ങൾക്ക് അധികപ്രാധാന്യം നൽകുക, അനുഭവസാക്ഷ്യങ്ങൾ, വികാരപ്രധാനമായ ഗാനങ്ങൾ, ഓരോരുത്തർ മാറിമാറി നടത്തുന്ന പ്രാർത്ഥനകൾ എന്നിവയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രാർത്ഥനായോഗങ്ങൾ - ഇവയാണ് പെന്തക്കോ

സ്തുസഭകളുടെ സവിശേഷതകൾ. വ്യക്തിയധിഷ്ഠിതവും വികാരപ്രധാനവുമായ ആദ്ധ്യാത്മികതയോട് താല്പര്യമുള്ളവരെ ഈ ഘടകങ്ങൾ കൂടുതൽ ആകർഷിച്ചു. ശാന്തവും, സന്തുലിതവും സ്ഥാവരവുമായ ആദ്ധ്യാത്മികതയേക്കാൾ നേരിട്ട് വ്യക്തിജീവിതത്തെ സ്പർശിക്കുന്നതും വികാരങ്ങൾക്ക് സംതൃപ്തി നൽകുന്നതും വേഗത്തിൽ ആദ്ധ്യാത്മിക സന്തോഷം നൽകുന്നതുമായ ആദ്ധ്യാത്മികതയ്ക്ക് പെന്തക്കോസ്തു സഭകൾ പ്രാധാന്യം കൊടുക്കുന്നു.

1950-നു ശേഷം പെന്തക്കോസ്തു പ്രസ്ഥാനത്തിനു പുതിയൊരു വഴിത്തിരിവുണ്ടായി. മാതൃസഭകൾ വിട്ടുപോകാതെ ആ വിശ്വാസത്തിൽ നിലനിന്നുകൊണ്ടുതന്നെ പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ മുൻപറഞ്ഞ സവിശേഷതകൾ ഉൾക്കൊള്ളാനുള്ള ഒരു സംരംഭം വ്യവസ്ഥാപിത സഭകളിൽപെട്ടവരും പെന്തക്കോസ്തു പ്രസ്ഥാനത്തോടു താല്പര്യമുള്ളവരുമായ ആളുകൾ നടത്തി. മാതൃസഭ ഉപേക്ഷിക്കാതെ തന്നെ പെന്തക്കോസ്ത് അനുഭവം അങ്ങനെ പുതുക്കാൻ കഴിയുമെന്ന് അവർ കരുതി. സഭയുടെ പൊതു ആരാധനയ്ക്കു പുറമേ, പെന്തക്കോസ്തു സഭകൾ നടത്തുന്ന അതേ രീതിയിലുള്ള ചെറിയ പ്രാർത്ഥനായോഗങ്ങൾ അവർ സംഘടിപ്പിച്ചു പ്രവർത്തിച്ചു വന്നു. അമേരിക്കയിലെ എപ്പിസ്കോപ്പൽ സഭ, ലൂതറൻ സഭ, ബാപ്റ്റിസ്റ്റ് സഭ, പ്രസ്ബിറ്റീറിയൻ സഭ എന്നീ സഭകളിലാണ് ഈ പ്രസ്ഥാനം ഉണ്ടായത്. ഇത് 'നവ പെന്തക്കോസ്തു പ്രസ്ഥാനം' എന്നറിയപ്പെട്ടു. മാതൃസഭയിൽ നിന്നും വിശ്വാസത്തിൽ നിന്നും അകന്ന് പ്രത്യേക സഭാവിഭാഗങ്ങളായി നിന്നവ 'പുരാതന പെന്തക്കോസ്തു പ്രസ്ഥാനം' എന്നറിയപ്പെട്ടു. പുരാതന പെന്തക്കോസ്തുകാരുടെ ഇടയിൽ വിശ്വാസങ്ങളിലുള്ള നിസ്സാരമായ വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ ധാരാളം സഭാവിഭാഗങ്ങൾ ഉണ്ടായപ്പോൾ 'നവ പെന്തക്കോസ്തുകാർ'ക്ക് തങ്ങളുടെ പേര് ഇഷ്ടപ്പെടാതായി. പകരം 'കൃപാവര നവീകരണപ്രസ്ഥാനം' എന്ന് അവർ സ്വയം വിശേഷിപ്പിച്ചു തുടങ്ങി. കത്തോലിക്കാ സഭയിലെ കൃപാവരക്കാരുടെ ഇടയിലാണ് ഈ പേരിന് കൂടുതൽ പ്രചാരം ലഭിച്ചത്. എന്നാൽ കത്തോലിക്കാ സഭയിലെ കൃപാവരപ്രസ്ഥാനത്തിന്റെ പ്രാരംഭകരിലൊരാളായ എഡ്‌വേർഡ് ഡി. ഒകോണർ ഈ പ്രസ്ഥാനത്തെ 'പെന്തക്കോസ്തു പ്രസ്ഥാനം' എന്നു വിളിക്കുന്നതാണു ശരി എന്ന് അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നുണ്ട്.

1967-ലാണ് കത്തോലിക്കാ സഭയിൽ കൃപാവരപ്രസ്ഥാനം ആവിർഭവിച്ചത്. അമേരിക്കയിൽ പിറ്റ്സ്ബർഗിലെ റുക്കെയ്ൻ യൂണിവേഴ്സിറ്റിയിലാരംഭിച്ച് ഇൻഡ്യാനായിലുള്ള നോത്രെദാം യൂണിവേഴ്സിറ്റിയിലേക്കും പിന്നീടത് അമേരിക്കയുടെ പല ഭാഗങ്ങളിലും വ്യാപിച്ചു. കത്തോലിക്കാ

സഭയിൽ കൃപാവരപ്രസ്ഥാനം ആരംഭിക്കുന്നതിലേക്കുള്ള വളർച്ചയിൽ പെന്തക്കോസ്തു സഭയിലുൾപ്പെട്ടവരുടെ സഹകരണവും സാന്നിദ്ധ്യവും ഉണ്ടായിരുന്നതായി കത്തോലിക്കാസഭാ ചരിത്രകാരന്മാർ തന്നെ അനുസ്മരിക്കുന്നുണ്ട്. ഇൻഡ്യയിൽ കത്തോലിക്കാസഭയിലാണ് വ്യവസ്ഥാപിത സഭകളിലെ കൃപാവരപ്രസ്ഥാനം ആദ്യം ആരംഭിക്കുന്നത്. 1972 ഫെബ്രുവരിയിൽ ബോംബെയിൽ 'കൃപാവരപ്രാർത്ഥനായോഗം' എന്ന പേരിൽ ആദ്യമായി തുടങ്ങി. പിന്നീടത് ബോംബെയിൽ പല ഭാഗങ്ങളിലേക്കും ഇൻഡ്യയിൽ പല ഭാഗങ്ങളിലും വ്യാപിച്ചു. 1974-ൽ ബോംബെയിൽ വച്ച് കത്തോലിക്കാസഭയുടെ ഒന്നാമത്തെ ദേശീയ കൃപാവര നവീകരണ സമ്മേളനം നടത്തപ്പെട്ടു. 1976-ൽ രണ്ടാമത്തെ സമ്മേളനവും. കേരളത്തിലെ കത്തോലിക്കരുടെ ഇടയിലും ഈ പ്രസ്ഥാനം വളർന്നു വരുന്നുണ്ട്.

പുരാതന പെന്തക്കോസ്തു സഭാംഗമായ വിൽസൺ നൈസാൻ എഴുതിയ 'കാരിസ്മാറ്റിക് ബ്രിഡ്ജസ്' എന്ന ഗ്രന്ഥത്തിനു കത്തോലിക്കാസഭയിലെ കൃപാവരപ്രസ്ഥാനത്തിന്റെ പ്രമുഖ പ്രവർത്തകരിലൊരാളായ റാൽഫ് മാർട്ടിൻ ആമുഖമെഴുതുമ്പോൾ അദ്ദേഹം ഇങ്ങനെ കുറിക്കുന്നു: "ഞങ്ങളുടെ കത്തോലിക്കാസഭയിലെ കൃപാവരക്കാരുടെ ജ്യേഷ്ഠസഹോദരിൽ നിന്ന് (പുരാതന പെന്തക്കോസ്തുകാർ) ജ്ഞാനം ഗ്രഹിക്കാനും അങ്ങനെ ഞങ്ങളുടെ തന്നെ കർത്താവിലുള്ള അനുഭവം പൂർണ്ണമാക്കാനും കൃപാവരപ്രസ്ഥാനത്തിലെ നവാഗതരായ ഞങ്ങൾക്കു സന്നദ്ധതയുണ്ടാവുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്." കത്തോലിക്കാ സഭയിലാവിർഭവിച്ച കൃപാവരപ്രസ്ഥാനത്തിനു പെന്തക്കോസ്തു സഭകളോടുള്ള കടപ്പാട് ഇവിടെ അനുസ്മരിച്ചിരിക്കുന്നു. ആദ്ധ്യാത്മിക നവീകരണത്തിനു പെന്തക്കോസ്തു സഭകൾ സ്വീകരിച്ചുപോന്ന ഉപാധികൾ കത്തോലിക്കാസഭയിൽപ്പെട്ട ഒരു വിഭാഗത്തിന് ആകർഷകമായി അനുഭവപ്പെടുകയും അവ അവലംബിക്കുന്ന ആളുകളുടെ സംഖ്യ വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ അവ ഉൾക്കൊണ്ട് അതിനും സ്ഥാനം നൽകുന്ന ഒരു രീതിയാണ് കത്തോലിക്കാസഭ സ്വീകരിച്ചത്.

നമ്മുടെ സഭയിൽ ആവിർഭവിച്ചിട്ടുള്ള കൃപാവരപ്രസ്ഥാനത്തിന്റെ ചരിത്രം പഠിക്കുമ്പോൾ ഇതര വ്യവസ്ഥാപിത സഭകളിലെന്നപോലെ ഇവിടെയും കൃപാവരപ്രസ്ഥാനത്തിനു പ്രചോദനം നൽകിയത് പെന്തക്കോസ്തു സഭകൾ തന്നെ ആയിരുന്നു എന്നു മനസ്സിലാകും. കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ പെന്തക്കോസ്തു വിശ്വാസം ആകർഷകമായിക്കണ്ട് അംഗങ്ങൾ സഭ വിട്ടുപോയിട്ടുണ്ട്. വടക്കൻപ്രദേശങ്ങളിൽ പെന്തക്കോസ്തു സഭകളുടെ സ്വാധീനം മറ്റൊരുവിധത്തിലാണ് അനുഭവപ്പെട്ടത്. പെന്തക്കോസ്തു സഭകളുടെ ചില രീതികൾ ഉൾക്കൊള്ളുന്ന

കൃപാവരപ്രസ്ഥാനത്തിനു വടക്കൻ പ്രദേശങ്ങളിൽ താരതമ്യേന കൂടുതൽ പ്രചാരം ലഭിച്ചു. നമ്മുടെ സഭയിലെ കൃപാവരപ്രസ്ഥാനം മറ്റു സഭകളുടേതിൽ നിന്നും ചില കാര്യങ്ങളിൽ വ്യത്യസ്തത പുലർത്തുന്നുണ്ട്. എന്നാൽ അവർ ഊന്നൽ നൽകുന്ന ആദ്ധ്യാത്മികത ഇതര സഭകളിൽ കാണുന്ന കൃപാവരപ്രസ്ഥാനങ്ങളുടെയെല്ലാം പിമ്പിലുള്ള പ്രചോദനം പാശ്ചാത്യ നവീകരണസഭകളുടെ ആദ്ധ്യാത്മിക പാരമ്പര്യത്തിൽ പിറന്ന പെന്തക്കോസ്തു പ്രസ്ഥാനം തന്നെയാണ്.

**(1978)**

# 5

# കൃപാവര പ്രസ്ഥാനവും കൃപാവരങ്ങളും

പുതിയനിയമകാലത്ത് സഭയിൽ കണ്ടിരുന്നതും എന്നാൽ ഇന്ന് നഷ്ട പ്രായമായിരിക്കുന്നതുമായ കൃപാവരങ്ങൾ അല്ലെങ്കിൽ പരിശുദ്ധാത്മ നൽവരങ്ങൾ പുതുക്കുന്നതിനായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുക യുമാണ് കൃപാവരസംഘങ്ങളുടെ ലക്ഷ്യം. സഭ പരിശുദ്ധാത്മ നൽവര ങ്ങൾ പുതുക്കി ചൈതന്യവത്തായി തീരാനുള്ള സംരംഭങ്ങൾ സഭയ്ക്കു ള്ളിൽ തന്നെ ഉണ്ടായിക്കൊണ്ടിരിക്കണം. അതു സഭയുടെ ആകെയുള്ള കെട്ടുപണിക്ക് സഹായകമാവുകയും വേണം. എന്നാൽ ഈ ലക്ഷ്യ ത്തോടെ മുന്നോട്ടു പോകുമ്പോൾ കൃപാവരങ്ങൾ സംബന്ധിച്ച് പുതിയനിയമ സഭയുടെ സമഗ്രമായ കാഴ്ചപ്പാട് എന്തായിരുന്നുവെന്ന് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്.

'കൃപാവരം' എന്ന പുതിയനിയമപദത്തിന് വേദപുസ്തകത്തിന്റെ മൂല ഭാഷയായ ഗ്രീക്കിൽ 'കാരിസ്മാ' (Charisma) എന്ന വാക്ക് ഉപയോഗിച്ചിരി ക്കുന്നു. 'കാരിസ്മാ' എന്ന പദത്തിന്റെ അർത്ഥം ദൈവത്തിന്റെ അളവറ്റ കൃപയാലുള്ള വരം, ദാനം എന്നാണ്. അതുകൊണ്ട് കാരിസ്മാ എന്ന പദം 'കൃപാവരം' എന്നു വിവർത്തനം ചെയ്തിരിക്കുന്നു.

പുതിയനിയമത്തിൽ ആകെക്കൂടി 17 പ്രാവശ്യം 'കാരിസ്മാ' (കൃപാ വരം) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. അതിൽ 16 പ്രാവശ്യവും വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലാണ്. ഒരു പ്രാവശ്യം വി. പത്രോസ് ശ്ലീഹായുടെ ലേഖനത്തിലും കാണുന്നു. ഈ വേദഭാഗങ്ങൾ പരിശോധിക്കുമ്പോൾ 'കാരിസ്മാ' എന്ന പദം പ്രധാനമായും നാലു സന്ദർഭങ്ങളിൽ പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നതായി മനസ്സിലാക്കുന്നു.

1) ദൈവത്തിന്റെ കൃപാവരം തന്റെ നിസ്സീമമായ കരുണയാൽ നമ്മുടെ പാപാവസ്ഥയിൽ യേശുക്രിസ്തുവിൽ നമുക്കു ദാനമായി ലഭിച്ചിരിക്കുന്ന രക്ഷയും നിത്യജീവനുമാണ്. റോമ. 5:15, 16; 6:23. പാപവും പാപത്തിന്റെ ഫലങ്ങളും ദൈവത്തിന്റെ കൃപാവരങ്ങളും തമ്മിലുള്ള അന്തരം ഈ ഭാഗങ്ങളിൽ വിവരിക്കുന്നു. "പാപത്തിന്റെ ശമ്പളം മരണമത്രെ. ദൈവ ത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമ. 6:23).

2) വിവാഹജീവിതത്തെയും അവിവാഹിത ജീവിതത്തെയും പറ്റി പ്രതി പാദിക്കുമ്പോൾ ഈ രണ്ടു ജീവിതപാതകൾക്കും ഒരുപോലെ ഓരോരു ത്തരിലായി ശക്തിയേകുന്നതു ദൈവത്തിന്റെ കൃപാവരമാണെന്ന് 1 കൊരി. 7:7-ൽ വി. പൗലോസ് ശ്ലീഹാ പറയുന്നു.

3) 1 തിമോ. 4:14; 2 തിമോ. 1:16 എന്നീ ഭാഗങ്ങളിൽ കൈവയ്പിനാൽ ലഭിച്ചിരിക്കുന്ന കൃപാവരം ഉജ്ജ്വലിപ്പിക്കണമെന്നു വി. പൗലോസ് ശ്ലീഹാ തിമോഥിയോസിനെ ഓർമ്മിപ്പിക്കുന്നു.

4) റോമ. 12:6; 1 കൊരി. 12:4, 9, 28, 30, 31;1 പത്രോ. 4:10 ഈ ഭാഗങ്ങളിൽ സഭാംഗങ്ങൾക്കു ലഭിച്ചിരിക്കുന്ന വൈവിദ്ധ്യമാർന്ന കൃപാവരങ്ങളെ സംബന്ധിച്ചു പ്രതിപാദിക്കുന്നു. പ്രവചനം, ശുശ്രൂഷ, ഉപദേശം, ഭരണം, രോഗശാന്തി, വിവിധ ഭാഷകൾ ഇവയെല്ലാം ഓരോരോ കൃപാവരങ്ങ ളാണ്.

ഇവിടെ കൃപാവരങ്ങൾക്കു വളരെ വ്യാപകമായ ഒരർത്ഥമാണ് നമുക്ക് കാണാൻ കഴിയുക. അത് യേശുക്രിസ്തുവിലുള്ള നമ്മുടെ ജീവിത ത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നു. പാപികളായ നമുക്കു യേശുക്രിസ്തുവിൽ ലഭിച്ചിരിക്കുന്ന രക്ഷയും നിത്യജീവനും ദൈവ ത്തിന്റെ കൃപാവരമാണ്. പുരോഹിത ശുശ്രൂഷയ്ക്കായി വിളിക്കപ്പെടു ന്നവർക്ക് കൈവയ്പിനാൽ ലഭിക്കുന്ന പരിശുദ്ധാത്മകൃപ, കൃപാവര മാണ്. ജീവിതത്തിന്റെ എല്ലാ പാതകളിലും നമ്മെ ശക്തീകരിക്കുന്നത് കൃപാവരമാണ്. സാധാരണമെന്നു കാണപ്പെടുന്ന ഭരണം, ഉപദേശം, കരുണ ആദിയായവ മുതൽ അസാധാരണമെന്ന് കാണപ്പെടുന്ന രോഗ ശാന്തി, വിവിധ ഭാഷകൾ ആദിയായവ വരെയുള്ള സിദ്ധികൾ ദൈവ ത്തിന്റെ കൃപാവരമാകുന്നു. കൃപാവരക്കാർ സാധാരണയായി ദർശനം, ആത്മാക്കളുടെ വിവേചനം എന്നീ അസാധാരണസിദ്ധികൾ ആണ് കൃപാവരങ്ങളായി ഊന്നൽ കൊടുത്തു പറയുന്നത്. എന്നാൽ അത് കൃപാ വരങ്ങളെ സംബന്ധിച്ചു പുതിയനിയമത്തിന്റെ വെളിച്ചത്തിലുള്ള സമ്പൂ ർണ്ണമായ ഒരു കാഴ്ചപ്പാടല്ല. അവയെ മാത്രം അന്വേഷിച്ചുകൊണ്ടും ആധാരമാക്കിക്കൊണ്ടുമുള്ള ക്രിസ്തീയ ജീവിത വീക്ഷണം വികലമായി രിക്കുകയും ചെയ്യും.

പരിശുദ്ധനായ പൗലോസ് ശ്ലീഹാ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിലും (12 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങൾ) റോമർക്കെഴു തിയ ലേഖനത്തിലും കൃപാവരങ്ങളെക്കുറിച്ചു വളരെ സൂക്ഷ്മമായ ഒരു വിലയിരുത്തൽ നടത്തുന്നുണ്ട്. കൃപാവരങ്ങളെക്കുറിച്ചു സഭാംഗങ്ങളുടെ ഇടയിൽ ഉണ്ടായ അബദ്ധമായ ചില ധാരണകളും നടപടികളും പൗലോസ് ശ്ലീഹാ തിരുത്തുന്നതിനു ശ്രമിക്കുന്നു. ലഭിച്ചിരിക്കുന്ന കൃപാ

വരങ്ങളിൽ അഹങ്കരിച്ചു സ്വയം ചീർക്കുകയും മറ്റുള്ളവരേക്കാൾ ഉന്ന തനാണെന്ന ഭാവം വച്ചുപുലർത്തുകയും ചെയ്യുക; ഈ പരീക്ഷ സഭയ്ക്കു വളരെ ദോഷം ചെയ്യുന്നതായി പൗലോസ് ശ്ലീഹാ കാണുന്നു. അതു ദൂരീകരിക്കാനായി ഈ ലേഖനഭാഗങ്ങളിലൂടെ ചില കാര്യങ്ങൾ അവരെ പറഞ്ഞു മനസ്സിലാക്കുന്നുണ്ട്. പ്രധാനപ്പെട്ടവ സംക്ഷിപ്തമായി കുറിക്കുന്നു.

1. ഓരോരുത്തർക്കും ഓരോരോ കൃപാവരങ്ങൾ ലഭിക്കുന്നു.

2. സാധാരണവും അസാധാരണവുമായ കൃപാവരങ്ങളെല്ലാം ദൈവം ദാനമായി ഓരോരുത്തർക്ക് നൽകുന്നു. ദൈവദത്തമാകയാൽ ഉന്നതഭാ വത്തിനവകാശമില്ല.

3. ഈ കൃപാവരങ്ങൾക്കെല്ലാം കാരണഭൂതനായി പ്രവർത്തിക്കുന്നത് ഒരേ ആത്മാവാണ്.

4. സഭയുടെ പൊതുവായ വളർച്ചയ്ക്കു പ്രയോജനപ്പെടണം എല്ലാ കൃപാവരങ്ങളും. വിവിധ ഭാഷാവരം ആഗ്രഹിക്കത്തക്കത്; എന്നാൽ സഭ യിൽ വിവിധ ഭാഷകൾ വ്യാഖ്യാനിക്കപ്പെടുന്നില്ലെങ്കിൽ അതുകൊണ്ട് പ്രയോജനമില്ല. പ്രവചനവരം സഭയുടെ കെട്ടുപണിക്ക് കൂടുതൽ സഹാ യകരമായാൽ അതിനായി ആഗ്രഹിക്കാൻ പൗലോസ് ശ്ലീഹാ ഉപദേശി ക്കുന്നു.

5. ഭരണം, കാരുണ്യം, ദാനം, പ്രവചനം എന്നിങ്ങനെ സാധാരണ യായി കാണുന്ന കൃപാവരങ്ങളോടു ചേർത്തുതന്നെ രോഗശാന്തി, വിവിധ ഭാഷകൾ എന്നീ അസാധാരണ വരങ്ങളും വി. പൗലോസ് ശ്ലീഹാ കണ ക്കാക്കുന്നു.

6. ആകർഷകങ്ങളായ കൃപാവരങ്ങളേക്കാൾ അതിശ്രേഷ്ഠമായ സ്നേഹം എന്ന വരം ജീവിതത്തിൽ പ്രതിഫലിപ്പിക്കാൻ പൗലോസ് ശ്ലീഹാ ഉപദേശിക്കുന്നു. സ്വാർത്ഥരഹിതവും, വില പേശാത്തതുമായ സ്നേഹവും ത്യാഗവും ജീവിതത്തിലില്ലെങ്കിൽ മറ്റു കൃപാവരങ്ങൾ മുഴ ങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളവുമോ ആണ്. ക്രിസ്തീയ ജീവി തത്തിന്റെ പൂർണ്ണത തിളക്കമുള്ള കൃപാവരങ്ങൾ അന്വേഷിക്കുന്നതി ലൂടെയല്ല നമുക്ക് കൈവരുന്നത്. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ ജീവിതത്തിൽ നിറഞ്ഞുവരുന്നതു വഴി യേശുക്രിസ്തുവിന്റെ രൂപം നമ്മുടെ ജീവിതത്തിൽ പ്രകാശിക്കണം എന്നതിലത്രേ.

ഈ പഠനത്തിന്റെ വെളിച്ചത്തിൽ കൃപാവരം സംബന്ധിച്ച് നമ്മുടെ സഭയിലെ കൃപാവരക്കാരുടെ ചില അബദ്ധധാരണകൾ ഇവിടെ വില യിരുത്തുന്നത് സംഗതമായിരിക്കും.

1. ആത്മാക്കളുടെ വിവേചനം, ദർശനം എന്നീ കൃപാവരങ്ങളുള്ള ഏതാനും വ്യക്തികൾ നേതാക്കന്മാരായി, സഭയ്ക്ക് ഏതാണ്ട് സമാന്തര മായ ഒരു സംഘമായി കൃപാവരസംഘം ആയിത്തീർന്നിട്ടുണ്ട്. പ്രത്യേക കൃപാവരങ്ങളിൽ സമാദരണീയരായ വ്യക്തികൾ സഭയിൽ എക്കാലവും ഉണ്ടായിട്ടുണ്ട്. എന്നാൽ ദൈവത്തിന്റെ കൃപാവരത്താൽ നിയോഗിതമായി രിക്കുന്ന പൗരോഹിത്യശുശ്രൂഷയ്ക്കും ഭരണക്രമത്തിനും, മുൻപറഞ്ഞ വ്യക്തികളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വിധേയരാ വുകയെന്ന രീതി നമ്മുടെ സഭയിൽ കൃപാവരക്കാരിൽ കാണുന്നു. ഇത് വ്യക്തമായും അബദ്ധമായ ആദ്ധ്യാത്മികത തന്നെയാണ്. സഭയുടെ ഭര ണക്രമത്തിൽ അബദ്ധങ്ങൾ ഉണ്ടാവുകയില്ലെന്നല്ല. എന്നാൽ അത് ക്രിസ്തുവിലുള്ള സ്നേഹം തെളിയിച്ചുതരുന്ന മാർഗ്ഗത്തിൽ അന്യോന്യം തിരുത്തുവാനുള്ള തുറന്ന പെരുമാറ്റരീതി ഉണ്ടാവണം.

2. ദർശനം എന്നത്, ഒരു കൃപാവരമാണ്. എന്നാൽ അതിനെ ദൈവ ദത്തമായ ബുദ്ധിക്ക് വിരുദ്ധമായി കാണുന്ന ഒരു പ്രവണത കൃപാവരക്കാ രുടെ ഇടയിൽ കാണുന്നു. ബോധപൂർവ്വമായ വിവേചനം എന്ന സാധാ രണ മാർഗ്ഗത്തിനു പകരം ദർശനങ്ങളിലൂടെ എല്ലാക്കാര്യങ്ങളും വിവേചി ച്ചറിയുവാനുള്ള പരിശ്രമം അബദ്ധങ്ങൾക്ക് വഴിവയ്ക്കും. ദർശന ങ്ങൾക്കായുള്ള ‘അമിതാഗ്രഹം’ വിശ്വാസത്തിലുള്ള വളർച്ചയല്ല, പക്വത യില്ലായ്മയാണ് കാണിക്കുന്നത്. നമ്മുടെ ആത്മശരീരമനസ്സുകൾ ശുദ്ധീ കൃതമാവുന്നതോടെ നമ്മുടെ വിവേചനാശക്തിക്ക് ശുദ്ധിയും തെളിമയും ലഭിക്കുന്നു. ആദ്ധ്യാത്മികമായ വളർച്ച ദൈവദത്തമായ നമ്മുടെ സാധാ രണ സിദ്ധികളെ സമ്പൂർണ്ണമായി ഉൾക്കൊള്ളുന്നതും രൂപാന്തരപ്പെടു ത്തുന്നതുമാണ്. നമ്മുടെ സഭയിലെ കൃപാവരക്കാരുടെ ഒരു പ്രധാനപ്പെട്ട അബദ്ധം ഈ കാര്യത്തിലാണ്. ദർശനവരമുള്ളവരെ ജീവിതത്തിന്റെ പ്രധാന കാര്യങ്ങളിലെല്ലാം അവർ ആശ്രയിക്കുന്നു. ദർശനങ്ങൾക്കനു സരണമായി അനുയായികൾ പ്രവർത്തിക്കുന്നു. ഒരാൾക്ക് വിടുതൽ ലഭി ച്ചിട്ടുണ്ടോ എന്നു പോലും ഈ നായകന്മാർ ദർശനങ്ങളിലൂടെ വിധി ക്കുന്നു. ഇത് വ്യക്തമായും അബദ്ധം തന്നെയാണ്. ആദ്ധ്യാത്മികമായ പരാശ്രയത്തിലേക്കല്ലാതെ പൂർണ്ണവളർച്ചയിലേക്ക് ഈ രീതി വഴി നയി ക്കുകയില്ല.

3. ആദിമസഭ അതിന്റെ ജീവിതത്തിൽ എങ്ങനെ ഓരോ പ്രശ്നത്തിന് പരിഹാരം കണ്ടെത്തി? ദർശനങ്ങളിലൂടെയോ അതോ സ്നേഹത്തിലും പരിശുദ്ധാത്മ കൃപയിലും ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ച് ചർച്ച ചെയ്ത് തീരു മാനങ്ങൾ എടുക്കുന്നതിലൂടെയോ? കർത്താവിന്റെ സ്വർഗ്ഗാരോഹണ ത്തിനു ശേഷം യൂദാസിനു പകരം ഒരു അപ്പോസ്തോലനെ തെരഞ്ഞെ ടുക്കേണ്ട സന്ദർഭത്തിൽ അതിനു യോഗ്യരായി അവരുടെ മുമ്പിൽ രണ്ടു

പേരെ അവർ കാണുകയും അവരിൽ ഒരാളെ തെരഞ്ഞെടുക്കുന്നതിനു ചീട്ടിടുകയും ചെയ്യുന്നു (അപ്പോ. 1:25). ഏഴു ശെമ്മാശന്മാരെ തെരഞ്ഞെടുക്കുമ്പോൾ, ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ തെരഞ്ഞെടുത്ത് കൈവയ്പു നൽകുന്നു (അപ്പോ. 6:1). പുറജാതി ക്രിസ്ത്യാനികളെ സംബന്ധിച്ച് നിർണ്ണായകമായ തീരുമാനമെടുക്കുമ്പോൾ അപ്പോസ്തോലന്മാർ പ്രാർത്ഥനയോടെ സമ്മേളിച്ച് അവരുടെ വീക്ഷണഗതികൾ പങ്കിട്ട് ചർച്ച ചെയ്ത് ദൈവേഷ്ടം എന്തെന്നു മനസ്സിലാക്കുന്നു. ഇവിടെ ദർശനങ്ങൾക്കുള്ള സാദ്ധ്യതയോ സാധുതയോ നിരാകരിക്കുകയല്ല. എന്നാൽ ദർശനങ്ങളിൽ ആശ്രയിച്ചുകൊണ്ട് ജീവിതത്തിന്റെ എല്ലാ കാര്യങ്ങൾക്കും പരിഹാരം തേടുന്ന രീതി അഭിലഷണീയമല്ല. ദർശനങ്ങൾ പിശാചിനാൽ പ്രേരിതമാകാനും സാദ്ധ്യതകൾ ഉണ്ട്. പരിശുദ്ധാത്മപ്രേരിതമായ ദർശനങ്ങൾ ബുദ്ധിയെ ഉദ്ദീപ്തമാക്കുന്നതിനു ദൈവം ഉപയോഗിക്കുന്ന മാധ്യമങ്ങളാണ്.

മനുഷ്യജീവിതം വളർന്നു പരിപക്വമാവുന്നത് ദൈവദത്തമായ സിദ്ധികൾ സംശുദ്ധീകരിക്കപ്പെട്ട് സ്വച്ഛവും സ്ഫടികസമാനവുമായി, നേർമ്മയും സുതാര്യവുമുള്ളതായിത്തീരുമ്പോഴാണ്. ആ ജീവിതം സ്നേഹത്തിന്റെ പരകോടിയിൽ മറ്റുള്ളവർക്കുവേണ്ടി സ്വയം വെറുമയാക്കുന്ന യേശുക്രിസ്തുവിന്റെ രൂപം പ്രകാശിപ്പിക്കുന്നു. ഈ വീക്ഷണം ഉള്ളിൽ ഉറയ്ക്കുമ്പോൾ ആകർഷകങ്ങളായ കൃപാവരങ്ങളിൽ ഭ്രമിച്ചു പോവുകയോ അവ ജീവിതത്തിന്റെ ആധാരവും ആശ്രയവുമായി കരുതുകയോ ചെയ്യുന്നില്ല. ദയയും, താഴ്മയും, സൗമ്യതയും, 'എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹ'വും ധരിച്ചുകൊണ്ട് (കൊലോ. 3:14) ദൈവേഷ്ടം നിറവേറ്റുന്നതിന് ആഗ്രഹിക്കുകയും യത്നിക്കുകയും ചെയ്യുന്നു.

(1978)

# 6

# അബദ്ധമായ ആദ്ധ്യാത്മികതകളുടെ പരീക്ഷ

അമേരിക്കയിലെ ഓർത്തഡോക്സ് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് സഭാംഗങ്ങൾക്കായി തയ്യാറാക്കിയ ഒരു ചാക്രിക ലേഖനത്തിൽ 'അബദ്ധമായ ആദ്ധ്യാത്മികതകളുടെ പരീക്ഷ' എന്ന തലക്കെട്ടിൽ 'കൃപാവരപ്രസ്ഥാനത്തെ' സംബന്ധിച്ച് സമഗ്രമായ ഒരു വിലയിരുത്തൽ നൽകുന്നുണ്ട്. അമേരിക്കൻ ഓർത്തഡോക്സ് സഭയിലെ കൃപാവരവാദികൾ നടത്തുന്ന 'ദി ലോഗോസ്' എന്ന ദ്വൈവാരികയിൽ (1976 ജൂലൈ–ആഗസ്റ്റ് ലക്കം) ഈ ലേഖനഭാഗം പ്രസിദ്ധീകരിയ്ക്കുകയുണ്ടായി. അതിന്റെ മലയാള വിവർത്തനം ഇവിടെ ചേർക്കുന്നു.

"ഇന്ന് വളരെ ശക്തമായി നമ്മെ അഭിമുഖീകരിക്കുന്ന മറ്റൊരു പരീക്ഷയുണ്ട്. സുവിശേഷത്തിന്റെ ക്ലേശപൂർണ്ണമായ ഇടുങ്ങിയ പാതയേക്കാൾ ശ്രേഷ്ഠമെന്ന് അവകാശപ്പെടുംവിധം പല മാർഗ്ഗങ്ങളിലായി വന്നെത്തുന്ന വിവിധ ആദ്ധ്യാത്മികതകൾക്കും ജ്ഞാനങ്ങൾക്കും വിധേയരാവുക എന്ന പരീക്ഷയാണത്. ക്രിസ്തീയവും ക്രിസ്തീയമല്ലാത്തതുമായി പലപ്രകാരമുള്ള ഈ പുത്തൻ ആദ്ധ്യാത്മികതകൾ അമേരിക്കൻ ജീവിതരീതിയിലും അപൂർണ്ണമായ സഭൈക്യപ്രസ്ഥാനത്തിലും, ആത്മീയ സംതൃപ്തിയും സുരക്ഷിതത്വവും കണ്ടെത്താൻ കഴിയാത്ത ആളുകളെ വിശിഷ്യ ആകർഷിക്കുന്നു. ഇക്കാലത്ത് വളർന്നുകൊണ്ടിരിക്കുന്ന വിവിധ ക്രിസ്തീയ വിഭാഗങ്ങളുടെ ആദ്ധ്യാത്മികതകളുടെയും ഭക്തിമാർഗ്ഗങ്ങളുടേയും സവിശേഷത ശിക്ഷണശ്രമങ്ങളും മറ്റുള്ളവർക്കുവേണ്ടി കഷ്ടതയുടെ കുരിശു വഹിക്കുന്നതും ഒഴിവാക്കിക്കൊണ്ട് പ്രയാസരഹിതവും സുരക്ഷിതവുമായി ക്ഷിപ്രസാദ്ധ്യമായ രക്ഷയുടെ മാർഗ്ഗം അവകാശപ്പെടുന്നു എന്നുള്ളതത്രെ.

ക്രിസ്ത്യാനികളുടെ ഇടയിൽ ഇന്ന് പ്രബലമായി കാണുന്ന പരീക്ഷ വേദപുസ്തകത്തിൽ മാത്രം അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതും വികാരപ്രധാനവുമായ ആദ്ധ്യാത്മികതയ്ക്കായുള്ള ആഗ്രഹമാണ്. ഈ ആദ്ധ്യാത്മികത അഗാധമായ ആത്മീയ തീക്ഷ്ണതയേയും സമർപ്പണത്തേയും ഉത്സാഹപൂർണ്ണമായ ഭക്തിപ്രകടനങ്ങളോടും അനുഭവങ്ങളോടും സാമ്യപ്പെടുത്തിക്കാണുന്നു. ഇത് പിന്തുടരുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരിൽ പ്രത്യേകിച്ചും 'കൃപാവരപ്രസ്ഥാനം', 'നവപെന്തക്കോസ്തു പ്രസ്ഥാനം' എന്നിങ്ങനെ വിളിക്കപ്പെടുന്ന പ്രസ്ഥാനങ്ങളിലുള്ളവരിൽ,

ഏറിയപങ്കും ആളുകളുടെ ആത്മാർത്ഥതയെ സംശയിക്കുന്നില്ല. എങ്കിൽ തന്നെയും അപ്പോസ്തോലന്മാർ ആദിമസഭയിൽ ചെയ്തതുപോലെ ഈദൃശ ആദ്ധ്യാത്മികതയിൽ അടങ്ങിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചു മുന്നറിയിപ്പ് നല്കേണ്ടത് ഞങ്ങളുടെ കടമയത്രെ.

അപ്പോസ്തോലന്മാരുടെ കാലത്ത് പുതുതായി വിശ്വാസത്തിലേക്കു വന്നവർക്ക് ക്രിസ്തുവിന്റെ ആത്മാവു വെളിപ്പെട്ടപ്പോൾ അനുഭവപ്പെട്ട തീക്ഷ്ണതയും ആനന്ദാതിരേകവും ചിലരിൽ അപക്വവും ബാലിശവുമായ മനോഭാവം ഉളവാക്കി; തത്ഫലമായി ക്രിസ്തീയസഭയിൽ, പ്രത്യേകിച്ചും കൊരിന്തിലെ സഭയിൽ വലിയ കലഹവും പിളർപ്പും ഉണ്ടായി. സമ്പൂർണ്ണമായ ആത്മീയ ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും ജീവിതസരണിയിലേക്കു നയിക്കപ്പെടേണ്ടതിനുപകരം ആത്മീയ നൽവരങ്ങൾക്കായുള്ള അത്യഭിവാഞ്ഛ ദോഷത്തിലേക്കും ഉന്നതഭാവത്തിലേക്കും അന്യരെ വിധിയ്ക്കുന്നതിലേക്കും നയിച്ചു. എല്ലാ വിശ്വാസികളിലുമുള്ള പരിശുദ്ധാത്മാവിന്റെ യഥാർത്ഥ ആവാസവും ദൈവത്തിന്റെ ആത്മീയ വരങ്ങളുടെ ശരിയായ മൂല്യവും ശക്തിയും ഒരിക്കലും നിഷേധിക്കാതെ തന്നെ ആത്മീയാഹങ്കാരത്തെപ്പറ്റി വിശ്വാസികൾക്കു മുന്നറിയിപ്പു നൽകുകയും സഭയുടെ കെട്ടുപണിയ്ക്കല്ലാതെ ആത്മീയമായ അഴിമതിക്ക് ഇടയാക്കുന്ന രീതിയിൽ ദൈവത്തിന്റെ ദാനങ്ങളെ ഉപയോഗിച്ചവരെ കർശനമായി ശാസിക്കുകയും ചെയ്തു.

തിരുവെഴുത്തുകളും പരിശുദ്ധന്മാരുടെ ലേഖനങ്ങളും പറയുന്ന പ്രകാരം ചിലർക്ക് ദാതാവിനോട് ശരിയായ സ്നേഹമില്ലാതെ, ദൈവത്തിന്റെ ദാനങ്ങളോട് അമിതമായ ആഗ്രഹം ഉണ്ടാകാം. ദൈവത്തിന്റെ പ്രവർത്തനങ്ങൾ സ്വീകരിക്കുമ്പോൾ താഴ്മയ്ക്കുപകരം അഹങ്കാരം ഉണ്ടാകാം. ആത്മീയ ശക്തിയും അനുഭവവും ലഭിക്കുന്നതിനുള്ള അത്യാഗ്രഹം ഉണ്ടാകാം, അന്യരുടെ നന്മയ്ക്കുവേണ്ടിയല്ലാതെ സ്വന്തം പ്രയോജനത്തിനും സംതൃപ്തിക്കുംവേണ്ടി ദൈവത്തിന്റെ ദാനങ്ങളെ ദുരുപയോഗപ്പെടുത്തി എന്നു വരാം. ആത്മീയമായ അഹംഭാവവും മിഥ്യാബോധവും ഉണ്ടാവുകയും യുക്തമല്ലാത്തതും സ്വാർത്ഥപരവുമായ അവയുടെ ഉപയോഗത്തിലൂടെ ദൈവികകാര്യങ്ങളെ വികലമാക്കുകയും തരംതാഴ്ത്തുകയും ചെയ്തുവെന്നു വരാം. യഥാർത്ഥമായ പരീക്ഷയാണിത്, നിസ്സാരമായി ഗണിയ്ക്കാവുന്നതല്ല. കാരണം വേദപുസ്തകത്തിലും പരിശുദ്ധന്മാരുടെ ഗ്രന്ഥങ്ങളിലും ഇത് പ്രാധാന്യം നൽകി ആവർത്തിച്ചു പ്രതിപാദിക്കുന്നുണ്ട്.

പ്രസംഗം, അദ്ധ്യാപനം, രോഗശാന്തി, അന്യഭാഷ, ഭൂതബഹിഷ്ക്കരണം എന്നീ ആത്മീയവരങ്ങൾ ദൈവത്തിന്റെ യഥാർത്ഥ ദാനങ്ങൾ തന്നെയാണ്. എന്നാൽ അവ ദുരുപയോഗപ്പെടുത്തപ്പെടാവുന്നവയാണ്.

ദൈവം നൽകിയവയായിരിക്കാം, എന്നാൽ മനുഷ്യർ അവയെ അവരുടെ രക്ഷയ്ക്കല്ല, ശിക്ഷാവിധിക്കും ന്യായവിധിക്കും ഇടയാകുംവിധം വിനിയോഗിച്ചു എന്നു വരാം. ദൈവത്തിന്റെ ദാനങ്ങൾ എന്നനിലയിൽ അവ അവയിൽതന്നെ അന്ത്യങ്ങളല്ല, അവ ആത്മീയവളർച്ചയ്ക്കും ക്രിസ്തുവിന്റെ രൂപത്തിന്റെ സമ്പൂർണ്ണമായ അളവിലേയ്ക്കു വളരുന്നതിനും ഉചിതമായി ഉപയോഗിയ്ക്കപ്പെടണം. അവ ദൈവമഹത്വത്തിനും മനുഷ്യരക്ഷയ്ക്കുംവേണ്ടിയാവണം. മനുഷ്യമഹിമയ്ക്കും അവന്റെ വ്യക്തിപരമായ ആനന്ദത്തിനും ഔദ്ധത്യത്തിനും വേണ്ടിയാവരുത്. സുപ്രധാനവും നിർണ്ണായകവുമായ ഈ സംഗതി ചർച്ച ചെയ്യുമ്പോൾ ക്രിസ്തീയ പാരമ്പര്യത്തിന്റെ വക്താക്കളായ ആത്മീയ പിതാക്കന്മാർ എല്ലാംതന്നെ നമ്മുടെ കർത്താവിന്റെ ഈ വാക്കുകൾ സ്പഷ്ടമായി പരാമർശിക്കുന്നു. “എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിയ്ക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്, ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും” (മത്തായി 7:21–23).

ആത്മീയമായ അപക്വതയുടെയും നിഗളത്തിന്റെയും പരീക്ഷയിൽ നിന്ന് നമുക്കു ഓടിപ്പോകാം: ആത്മീയമായ മിഥ്യാഭാവത്തിന്റെയും ശക്തിയുടെയും പരീക്ഷയുടെ കുടുക്കിൽ നാം അകപ്പെടാതിരിക്കാം. ആത്മീയമായ അത്യാഗ്രഹത്തിന്റെയും ധാരാളിത്തത്തിന്റെയും പരീക്ഷയിൽ പിടിക്കപ്പെടുന്നതിന് നാം സ്വയം അനുവദിക്കാതിരിക്കാം. ആത്മീകാനന്ദങ്ങൾക്കായുള്ള ദുർമ്മോഹത്തിന് നാം ഇരയാകാതിരിക്കാം. നമ്മുടെ വിശ്വാസസ്ഥാപകരായ പിതാക്കന്മാർ വിളിച്ചിരുന്നതുപോലെ നാം ആത്മീകാനന്ദവാദികൾ (spiritual hedonists) ആകാതിരിക്കാം. അത് ജഡികാനന്ദവാദികളുടെ (hedonists of the flesh) നിലയിലും നിന്ദ്യമത്രെ. എത്രതന്നെ ഉത്സാഹപൂർണ്ണവും തീക്ഷ്ണവുമാകട്ടെ, അടയാളങ്ങളും അത്ഭുതങ്ങളും ഉള്ളതാവട്ടെ, ശുദ്ധവും സന്തുലിതവുമായ സ്വയത്യാഗത്തിൽ താഴ്മയിലും എളിമയിലും നാം നമ്മുടെ കുരിശുകളെ വഹിക്കുന്നതും ക്രിസ്തുവിന്റെ ക്ലേശപൂർണ്ണമായ പാതയിൽനിന്ന് നമ്മെ അകറ്റുന്ന ഒരു ക്രിസ്തീയ ആദ്ധ്യാത്മികതയും ഭക്തിയും നമുക്കു സ്വീകാര്യമായിത്തീരരുത്. നമ്മുടെ ദൈവമായ കർത്താവിനെ പൂർണ്ണ മനസ്സോടും പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും നമുക്കു സ്നേഹിക്കാം. നമ്മുടെ

സഹോദരന്മാരെ, നമ്മുടെ ശത്രുക്കളെപ്പോലും നമ്മുടെ നാഥനും കർത്താവുമായവനോടുള്ള വിശ്വാസപൂർണ്ണമായ അനുസരണത്തിൽ നമ്മെപ്പോലെതന്നെ സ്നേഹിക്കയും ചെയ്യാം.

ഇക്കാലത്ത് വിവിധ ആത്മീയ പ്രസ്ഥാനങ്ങളിലൂടെ ദൈവകൃപ അനുഭവിച്ചറിഞ്ഞിട്ടുള്ള എല്ലാ സഹോദരീസഹോദരന്മാരും ബാലിശമായവയുപേക്ഷിച്ച് സഭാജീവിതത്തിനുള്ളിൽ നിന്നുകൊണ്ട് ആത്മീയ ശക്തിയും ജ്ഞാനവും വളർത്തുകയും അഗാധമാക്കുകയും ചെയ്ത് പരിശുദ്ധാത്മാവിൽ ക്രിസ്തുവിന്റെ പൂർണ്ണതയിലേക്കു വളരണമെന്നാണ് ഞങ്ങളുടെ ഉൽക്കടമായ അഭിവാഞ്ഛ."

നമ്മുടെ സഭയിൽ ഇന്നാവിർഭവിച്ചിരിക്കുന്ന കൃപാവരപ്രസ്ഥാനത്തെ സംബന്ധിച്ചും ഈ വിലയിരുത്തൽ തീർത്തും സംഗതമാണ്. നൂറ്റാണ്ടുകളായി പരിശുദ്ധാത്മ വ്യാപാരം അനുഭവിച്ചറിഞ്ഞ പിതാക്കന്മാർ ഉൾപ്പെട്ട സഭയിൽ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ആദ്ധ്യാത്മികതയിൽനിന്നും അന്യമാണ് കൃപാവരവാദികളുടെ ആദ്ധ്യാത്മികത. ഈ പ്രസ്ഥാനം സഭാജീവിതത്തോട് ബന്ധപ്പെട്ടുപോകുവാൻ പുറമെ ശ്രമിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രചോദനത്തിന്റെ ഉറവിടം പാശ്ചാത്യ നവീകരണ സഭകളുടെ ആദ്ധ്യാത്മികത തന്നെയാണ്. പരിശുദ്ധാത്മാവ് സഭയ്ക്കു തെളിയിച്ചുതന്നിരിക്കുന്ന ക്രിസ്തുവിന്റെ സമ്പൂർണ്ണ മനസ്സ് അതു പ്രതിഫലിപ്പിക്കുന്നില്ല. പരിശുദ്ധാത്മാവിലുള്ള ജീവിതത്തിന്റെ സമ്പൂർണ്ണ ദർശനം ഇല്ലാതെ ചില പ്രത്യേക കൃപാവരങ്ങളിൽ ഊന്നൽ കൊടുത്തും അവ നൽകുന്ന വ്യക്ത്യധിഷ്ഠിതവും വൈകാരികവുമായ ആനന്ദാനുഭവങ്ങളിൽ രസിച്ചും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയായെന്ന മിഥ്യാബോധത്തിലാണ് കൃപാവരവാദികൾ. അനുഭവങ്ങളും അടയാളങ്ങളും വെളിപാടുകളും അധികമായിട്ടുണ്ടായെന്നു വരാം. എന്നാൽ പ്രധാനമായത് ജീവിതത്തിന്റെ ആകെത്തുകയിൽ ക്രിസ്തുവിന്റെ രൂപം വെളിപ്പെട്ടുവരണം എന്നതാണ്. വൈവിദ്ധ്യമാർന്ന കൃപാവരങ്ങളാൽ അനുഗൃഹീതരായി ജീവിച്ച സാക്ഷികളുടെ വലിയൊരു സമൂഹം നമുക്കു ചുറ്റുമുണ്ട്. അവരുടെ ജീവിതധാരയോടു ലയിച്ചുതന്നെയാവണം എക്കാലവും പരിശുദ്ധാത്മാവു നയിക്കുന്ന സഭയുടെ ജീവിതവും. പിതാക്കന്മാരുടെ ജീവിതവും ഉപദേശങ്ങളും മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് കൃപാവരങ്ങൾ, വിടുതൽ, പാപമില്ലായ്മ എന്നിവയെക്കുറിച്ചു കൃപാവരവാദികൾ നല്കുന്ന ഉപദേശങ്ങൾ സഭ സൂക്ഷ്മമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

**(1978)**

# 7

# ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ

ആഴമേറിയതും സ്ഥായിയായി നിലനില്ക്കുന്നതും ജീവിതത്തെ സമഗ്രമായി രൂപാന്തരപ്പെടുത്തുവാൻ കെല്പുള്ളതുമായ ഒരു ആദ്ധ്യാത്മിക പാരമ്പര്യം നമുക്കുണ്ട്. ഇതിന്റെ സ്രോതസ്സുകൾ തിരിച്ചറിഞ്ഞ് ഓർത്തഡോക്സ് വിശ്വാസത്തിന്റെ അഗാധമായ ആദ്ധ്യാത്മികാനുഭവങ്ങളിലേക്ക് കടന്നുചെല്ലുവാൻ നമുക്ക് കഴിയണം.

### അപക്വമായ ആദ്ധ്യാത്മികതയെ നിരാകരിക്കുക

കപടവും അപക്വവുമായ മറ്റൊരുതരം ആദ്ധ്യാത്മികതയ്ക്ക് ഇന്ന് പ്രചാരം ഏറിവരുന്നതായി കാണുന്നു. 'കാരിസ്മാറ്റിക്' എന്ന പേരിൽ വിളിക്കപ്പെടുന്ന ധ്യാനയോഗങ്ങളും കൂട്ടായ്മകളും, ഉപരിപ്ലവവും താൽക്കാലികവും വൈകാരിക സംതൃപ്തി നൽകുന്നു എന്ന് തോന്നലുളവാക്കുന്നതുമായ ഒരു പുത്തൻ ആദ്ധ്യാത്മികത മുമ്പോട്ടു വയ്ക്കുന്നുണ്ട്. ഇവയിൽ നിന്ന് വ്യത്യസ്തമായി വേദപുസ്തകത്തിൽ അധിഷ്ഠിതവും പരിശുദ്ധ പിതാക്കന്മാർ പരീക്ഷിച്ചറിഞ്ഞതും തലമുറകളായി കൈമാറി വന്നിട്ടുള്ളതുമായ ഉദാത്തമായ സഭയുടെ ആദ്ധ്യാത്മിക പൈതൃകം വേർതിരിച്ചറിഞ്ഞ് അബദ്ധവും അപക്വവുമായ പുത്തൻ ആദ്ധ്യാത്മികതകളെ നിരാകരിക്കാൻ പക്വതയും ശക്തിയും നമുക്കുണ്ടാവണം.

### ക്രൂശിന്റെ സുവിശേഷം പിന്തുടരുക

രോഗങ്ങളും യാതനകളും നീങ്ങി ഉടനടി സൗഖ്യവും സന്തോഷവും നൽകാൻ കഴിയുന്ന ഒരു പുതിയ യേശുവിനെയാണ് മുൻപറഞ്ഞ കൂട്ടായ്മകൾ അവതരിപ്പിക്കുന്നത്. ക്രൂശിലും ത്യാഗത്തിലും വേരൂന്നാത്ത സുവിശേഷത്തിന്റെ ഒരു പുതിയ ഭാഷ്യം. യേശുവിന്റെ ഒരു പുതിയ രൂപം അവർ ആവിഷ്കരിക്കുന്നു. ഇത് അപകടകരമായ ഒരു പ്രവണതയാണ്. 'ഐശ്വര്യത്തിന്റെ സുവിശേഷം' എന്ന് ഇതിനെ വിളിക്കണം; ഇത് ക്രൂശിന്റെ സുവിശേഷമല്ല. ക്രൂശിന്റെ മുമ്പിൽ കടുത്ത മനോവേദനയോടെ പിതാവിനെ അഭിമുഖീകരിക്കുന്ന യേശു "പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ" എന്നു പ്രാർത്ഥിച്ചശേഷം അടുത്ത നിമിഷത്തിൽ തന്നെ "എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ നടക്കട്ടെ" എന്ന് പറഞ്ഞ് പിതാവിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിക്കുന്നു (ലൂക്കോ. 22:42). തേജസ്സിലേക്കുള്ള

വഴി ക്രൂശാണെന്നതാണ് ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ തനിമ. ആധികളിലും വ്യാധികളിലും കൂടെ കടന്നുപോകുന്ന നമ്മെ കർത്താവ് തന്റെ മഹത്വപൂർണ്ണമായ തേജസ്സിന്റെ അവകാശത്തിലേക്ക് പാകമാക്കി വളർത്തുകയാണെന്ന വിശ്വാസം ആഴമാക്കി നാം സ്വയം ദൈവകരങ്ങളിൽ സമർപ്പിക്കുക.

## ആദ്ധ്യാത്മികാനുഭവങ്ങളും രൂപാന്തരവും

പാട്ട്, പ്രാർത്ഥന, സാക്ഷ്യപ്രസംഗം, വചനഘോഷണം എന്നിവ വൈകാരിക തലത്തെ തൊട്ടുണർത്തുന്ന രീതിയിൽ ആവിഷ്കരിക്കുന്നതു വഴിയുണ്ടാവുന്ന 'അനുഭവങ്ങൾ' ആദ്ധ്യാത്മികാനുഭവങ്ങൾ ആണെന്നത് മിഥ്യാബോധമാകുന്നു. പാപത്തിൽ രൂഢമൂലമായിരിക്കുന്ന മനുഷ്യപ്രകൃതിക്ക് രൂപാന്തരം വരാതെയുണ്ടാകുന്ന 'അനുഭവങ്ങൾ' ആത്മവഞ്ചനയിലേക്കും കാപട്യത്തിലേക്കുമേ നയിക്കുകയുള്ളു. ഇരുളിലായിരിക്കുന്ന ഒരാൾക്ക് സുവിശേഷത്തിന്റെ വെളിച്ചം ഒളിമിന്നലായി കടന്നുവന്ന് സുവിശേഷത്തിന് അനുസരണമായ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഹ്വാനം ചെയ്യുന്ന സന്ദർഭങ്ങൾ ഉണ്ടാകാം. ഇത് തുടക്കമേ ആവുന്നുള്ളൂ. രൂപാന്തരത്തിലേക്ക് വളരാൻ ഇനിയും വളരെ ദൂരം യാത്ര ചെയ്യണം. പ്രാരംഭത്തിലുണ്ടാകുന്ന ചില അനുഭവങ്ങൾ പെരുപ്പിച്ച് പ്രസംഗിച്ച് നടക്കുന്നത് അപക്വവും കപടവുമാണ്. രൂപാന്തരപൂർണ്ണതയിലേക്ക് വളരുന്തോറും അനുഭവങ്ങൾ ആഴമായി വരും. അനുഭവങ്ങൾ ആഴമാവുന്തോറും വാക്കുകൾ കുറഞ്ഞു വരും. വാക്കുകൾ കുറയുന്തോറും സ്വാധീനം ശക്തമായി വരും. ഈ പ്രമാണം മനസ്സിലാകുന്നില്ലെങ്കിൽ അതിനർത്ഥം അനുഭവങ്ങൾ ആഴമായിട്ടില്ലെന്നും രൂപാന്തരത്തിലേക്ക് കടന്നിട്ടില്ലെന്നുമാണ്.

## പരിശുദ്ധാത്മാവിന്റെ നൽവരങ്ങളും ഫലങ്ങളും

രോഗശാന്തി, വീര്യപ്രവർത്തികൾ എന്നിങ്ങനെ മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുന്ന നൽവരങ്ങൾക്ക് (1 കൊരി. 12:1-10) അമിത പ്രാധാന്യം നൽകുന്നതും സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ പരിശുദ്ധാത്മ ഫലങ്ങൾക്ക് (ഗലാ. 5:22) അത്രകണ്ട് പ്രാധാന്യം നൽകാത്തതുമായ സമീപനം അപക്വവും അബദ്ധവുമാണ്. ആത്മഫലങ്ങൾ കൊണ്ട് നിറയുവാനാവണം നാം മുട്ടിപ്പായി പ്രാർത്ഥിക്കേണ്ടത്. സഭയുടെ പൊതു കെട്ടുപണിക്കായി ഓരോരുവനും ഓരോരോ ആത്മവരങ്ങൾ ദൈവം നൽകിക്കൊള്ളും. രോഗശാന്തിയും വീര്യപ്രവർത്തികളും ഇന്നും സംഭവിക്കും. എന്നാൽ ഇത്തരം നൽവരങ്ങൾ പ്രചരിപ്പിച്ച് ആളുകളെ ആകർഷിക്കാനുള്ള മാധ്യമങ്ങളായി ഉപയോഗിക്കാൻ പാടില്ല. ഈ പ്രവണത

എവിടെ കാണുന്നുവോ അത് ആധികാരികമല്ലെന്നും കപടമാണെന്നും വിവേചിച്ചറിഞ്ഞുകൊള്ളണം. കർത്താവ് കാണിച്ചുതരുന്ന മാതൃക നോക്കൂ: സംഘാലയ പ്രമാണിയായ യായീറോസിന്റെ മകളെ ഉയിർപ്പിച്ച ശേഷം കർത്താവ് തന്നെ കല്പിക്കുന്നു: "സംഭവിച്ചത് ആരോടും പറ യരുത്" (ലൂക്കോ. 8:56).

## സ്തുതിയും സ്തോത്രവും ഉചിതമായി ഉയരട്ടെ

"നിൻ സ്തുതിയും ഹാലേലുയ്യായും കർത്താവേ, ഞാൻ നിർത്ത രുതേ" എന്ന് ഒരു ഗാനത്തിൽ കാണുന്നുണ്ടല്ലോ. "ഇടവിടാതെ പ്രാർത്ഥി പ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ" (1 തെസ്സ. 5:17-18) എന്ന് വി. പൗലോസ് ശ്ലീഹായും പറയുന്നു. നമ്മുടെ പരസ്യാരാധനയിൽ വാക്യ പ്രതിവാക്യങ്ങളായും കീർത്തനഭാഗമായും സ്തുതി സ്തോത്രങ്ങൾ നാം ദൈവസന്നിധിയിൽ സമർപ്പിക്കുന്നുണ്ട്. സ്തുതിയും സ്തോത്രവും ഏതു സമയത്തും ഉരുവിടാം, തെറ്റൊന്നുമില്ല. എന്നാൽ ഈ ജപസാധന ഹൃദയ പൂർവ്വമാണെങ്കിൽ ഇതിന് മൂന്ന് ഘട്ടങ്ങൾ കാണാം. ഒന്ന്: നാവുകൊണ്ട് ഉറക്കെ ഉച്ചരിച്ച് ശ്രദ്ധയോടെ ആവർത്തിക്കുക. രണ്ട്: ശബ്ദം പുറപ്പെടു വിക്കാതെ ഉരുവിടുക. മൂന്ന്: മനസ്സിന്റെ (ഹൃദയത്തിന്റെ) പ്രാർത്ഥനയായി ത്തീരുക. ഒന്നും രണ്ടും ഘട്ടങ്ങളിൽ ഈ പ്രാർത്ഥന ബോധപൂർവ്വമാ യിരിക്കും. എന്നാൽ മൂന്നാമത്തെ ഘട്ടത്തിൽ അബോധപൂർവ്വമായി ത്തന്നെ (നാമറിയാതെ തന്നെ) ഉറക്കത്തിൽ പോലും ഹൃദയത്തിൽ നിന്ന് പ്രാർത്ഥന ഉയർന്നുകൊണ്ടിരിക്കും. ഈ അനുഭവങ്ങളിലൂടെ കടന്ന് ദൈവനാമോച്ചാരണത്തിന്റെ ശക്തി പരീക്ഷിച്ചറിഞ്ഞ ഒരാൾക്ക് ഇന്ന് കൂട്ടായ്മയോഗങ്ങളിൽ കേൾക്കുന്ന സ്തുതി, സ്തോത്ര ശബ്ദങ്ങൾ വെറും അട്ടഹാസമായേ അനുഭവപ്പെടുകയുള്ളു. ദൈവനാമോച്ചാരണം ദൈവസാന്നിധ്യം പരിശീലിക്കുന്നതിനുള്ള ശക്തവും ഫലപ്രദവുമായ ഉപാധിയാണ്; ഹൃദയവും മനസ്സും ശുദ്ധീകരിക്കുന്നതിനുള്ള ഒരു സാധ നയാണ്. സ്തുതി-സ്തോത്ര അട്ടഹാസങ്ങൾ മുഴക്കുന്നതാണ് മുൻ ഉദ്ധരിച്ച ഗാനശകലത്തിന്റെ പൊരുൾ എന്ന് വ്യാഖ്യാനിക്കുന്നത് അറിവി ല്ലായ്മ കൊണ്ടും അനുഭവമില്ലായ്മ കൊണ്ടും മാത്രമാണ്.

## ആരാധനയും വ്രതാനുഷ്ഠാനങ്ങളും

ആദ്ധ്യാത്മിക ജീവിതം പരിപോഷിപ്പിക്കുന്നതിന് സഭയ്ക്ക് പൈതൃക മായി ലഭിച്ചിട്ടുള്ള രണ്ടു സ്രോതസ്സുകളാണ് ആരാധനയും വ്രതാനുഷ്ഠാ നങ്ങളും. രണ്ടും പരസ്പര പൂരകങ്ങളായി ഒഴുകിച്ചേർന്ന് ശക്തവും സുദൃ ഢവുമായ ഒരു ആദ്ധ്യാത്മിക സമ്പത്തായി ഭവിക്കുന്നു. ഇത് അവഗണിച്ച് താൽക്കാലികമായി സംതൃപ്തി നൽകുന്നു എന്ന പ്രതീതി ഉളവാക്കുന്ന പുത്തൻ സമ്പ്രദായങ്ങൾ ആരാധനയിൽ അവലംബിക്കുവാൻ പാടുള്ള

തല്ല. ആരാധനയും വ്രതാനുഷ്ഠാനങ്ങളും സുപ്രധാനമായ രണ്ടു ശിക്ഷണക്രമങ്ങൾ ആണ്. ഇവയെ സംബന്ധിച്ച് ചുരുക്കമായി ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

## ആരാധനാവർഷവും ആരാധനാകാലവും

നമ്മുടെ ആരാധനാജീവിതം ചിട്ടപ്പെടുത്തിയെടുക്കുന്നതിന് ആരാധനാവർഷവും ആരാധനാകാലവും സഭ സംവിധാനം ചെയ്തിരിക്കുന്നു. ഏതാണ്ട് ഏഴ് ആഴ്ചകൾ വീതമുള്ള ഏഴ് കാലങ്ങളും പ്രാരംഭത്തിൽ രണ്ടാഴ്ചകളുടെ ഒരുക്ക കാലവും ഉൾക്കൊള്ളുന്നതാണ് ഒരു ആരാധനാവർഷം. ആരാധനാകാലങ്ങൾ ഇവയാണ്:

ഒരുക്കകാലം (സഭാശുദ്ധീകരണ-പ്രതിഷ്ഠാകാലം)

1. സദ്‌വാർത്താകാലം
2. തിരുജനന-ഉദയകാലം
3. വലിയനോമ്പുകാലം
4. ഉയിർപ്പുകാലം
5. പെന്തിക്കോസ്തിക്കാലം
6. ശ്ലീഹാകാലം
7. സ്ലീബാകാലം

ഓരോ ആരാധനാകാലത്തിന്റെയും മുഖ്യമായ ദൂത് ഞായറാഴ്ചകളുടെയും മറ്റു വിശേഷ ദിവസങ്ങളുടെയും വേദവായനകൾ, പ്രുമിയോൻ സെദറാകൾ, മറ്റു പ്രാർത്ഥനകൾ എന്നിവയിലൂടെ ഉരുത്തിരിഞ്ഞു വരുന്നുണ്ട്. ശ്രദ്ധയും ശുദ്ധിയും തപസ്സും നിഷ്ഠയും കൊണ്ട് പരിപാവനമായ വ്രതാനുഷ്ഠാനങ്ങളോടെ ആരാധനയിൽ സംബന്ധിക്കുക, ഓരോ ദിവസത്തിലും ക്രമീകരിച്ചിരിക്കുന്ന വേദവായനകളുടെയും പ്രാർത്ഥനകളുടെയും പൊരുൾ തിരിച്ചറിഞ്ഞ് മനസ്സും ഹൃദയവും ദിവ്യചിന്തകൾ കൊണ്ട് നിറയ്ക്കുക, ക്രമമായി വിശുദ്ധ കുർബ്ബാന അനുഭവിക്കുക. ഇങ്ങനെ ആരാധനയിലൂടെ ദൈവസാന്നിദ്ധ്യബോധം അനുഭവിച്ചറിഞ്ഞ് ഏറിയ ദൈവബോധത്തോടെ ലോക കർത്തവ്യങ്ങളിൽ വ്യാപൃതരാവുക. ഇപ്രകാരം ശുദ്ധീകരണത്തിലും സമർപ്പണത്തിലും കൂടുതൽ കൂടുതൽ വളർന്ന് സമസ്തജീവിതവും ദൈവസാന്നിദ്ധ്യം കൊണ്ട് നിറക്കണം. ഇതാണ് ആരാധനാവർഷം, ആരാധനാകാലം എന്നിവയുടെ ആചരണങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

## വ്രതാനുഷ്ഠാനങ്ങളിലൂടെ സ്വയം ശുദ്ധീകരിക്കുക

ആത്മശരീരമനസ്സുകളെ ശുദ്ധീകരിക്കുന്നതിന് നോമ്പ്, ഉപവാസം, ഇത്യാദി വ്രതാനുഷ്ഠാനങ്ങൾ പരിശീലിക്കണമെന്ന് സഭ നിർദ്ദേശിക്കുന്നു. ദുർവികാരങ്ങളെ ജയിച്ച് ശുദ്ധീകരണം പ്രാപിക്കുവാൻ ആഗ്രഹി

ക്കുന്ന ഒരാൾ വർജ്ജനം, മിതാഹാരം, നിരാഹാരം എന്നീ നിഷ്ഠകൾ ശീലിച്ച് ഉദരത്തെ ചൊൽപ്പടിക്കു നിർത്തണം. എന്തു ഭക്ഷണവും എത്രയും കഴിച്ച് ജീവിക്കുന്ന ഒരാൾക്ക് മനസ്സിനെയും ബുദ്ധിയെയും ശുദ്ധീകരിക്കാൻ കഴിയുകയില്ല. അതേസമയം ഉദരത്തെ ശിക്ഷണം ചെയ്യുന്നതുകൊണ്ട് മാത്രം മനസ്സിനെ ശുദ്ധീകരിക്കാം എന്നും കരുതേണ്ടതില്ല. വേദചിന്തകൾ മനനവിഷയമാക്കി മനസ്സിനെ ശുദ്ധീകരിക്കാനുള്ള പരിശ്രമവും ഇതോടു ചേർന്നു പോകണം. ഉപവാസം, പ്രാർത്ഥന, വേദചിന്തകൾ എന്നിവ ഒരുപോലെ പ്രധാനമാണ് മനസ്സിനെയും ഹൃദയത്തേയും ശുദ്ധീകരിച്ച് തെളിയിച്ചെടുക്കുന്നതിൽ. ആന്തരിക മനുഷ്യൻ ശുദ്ധീകരിക്കപ്പെടുമ്പോൾ ഉള്ളം ദൈവസാന്നിദ്ധ്യം കൊണ്ട് നിറയുകയും പ്രാർത്ഥന അനുഭവമുള്ളതായിത്തീരുകയും ചെയ്യും. ദൈവസാന്നിദ്ധ്യം നിരന്തരം നിലനിൽക്കുമ്പോൾ ദുർവികാരങ്ങളുടെ സ്വാധീനം കുറഞ്ഞു വന്ന് ലൗകികരസങ്ങളിൽ നിന്ന് ശരീരവും മനസ്സും ക്രമേണ നിവർത്തിതമായിത്തീരും. വളരെ ശ്രദ്ധയോടും നിഷ്ഠയോടും ദൈവാശ്രയത്തോടും നിരന്തരം പരിശീലനം ചെയ്ത് നേടിയെടുക്കേണ്ട ആദ്ധ്യാത്മിക പുരോഗതിയാണിത്. അതിനു പകരം പ്രത്യേക രീതിയിലുള്ള പാട്ട്, പ്രാർത്ഥന, പ്രസംഗം എന്നിവ ക്രമീകരിച്ച് പെട്ടെന്ന് ഉണ്ടാക്കിയെടുക്കുന്ന 'അനുഭവങ്ങൾ' സമഗ്രമായ രൂപാന്തരത്തിലേക്കോ സ്ഥായിയായ ആദ്ധ്യാത്മികാനുഭവങ്ങളിലേക്കോ വഴി നടത്തുകയില്ല. മാത്രമല്ല, ആഴവും അടിസ്ഥാനപരവുമായ ശുദ്ധീകരണത്തിന് വിധേയമാകാതെ രോഗശാന്തി, വീര്യപ്രവൃത്തികൾ എന്നിങ്ങനെയുള്ള നൽവരങ്ങൾ ഉണ്ടെന്ന് സ്വയം പ്രചരിപ്പിക്കുന്നവർ ആത്യന്തികമായി കാപട്യത്തിലും അശുദ്ധിയിലും നിപതിക്കുന്നതാണ് കണ്ടിട്ടുള്ളത്.

## രൂപാന്തരത്തിലേക്ക് നയിക്കണം

ആദ്ധ്യാത്മികതലത്തിൽ ഇന്ന് പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പുത്തനുണർവ്വ് സ്വാഗതാർഹമാണ്. എന്നാൽ ഇത് നേർവഴിക്കാകണം. സ്ഥായിയായ ശുദ്ധീകരണത്തിലേക്കും രൂപാന്തരത്തിലേക്കും നയിക്കുന്നതാവണം. വേദാധിഷ്ഠിതവും പിതാക്കന്മാർ പരീക്ഷിച്ചറിഞ്ഞതുമായ സഭയുടെ ആദ്ധ്യാത്മിക പൈതൃകത്തിന്റെ സ്രോതസ്സുകൾ കണ്ടെത്തി സ്വാംശീകരിക്കുകയാണ് ഇതിനുള്ള പോംവഴി.

**(1994)**

# 8

# ജഡികനും ആത്മികനും

പരിശുദ്ധനായ പൗലോസ് അപ്പോസ്തോലൻ മനുഷ്യരെ രണ്ടായി തിരിക്കുന്നു. പരിശുദ്ധാത്മനിവാസം ഉള്ളവരും ഇല്ലാത്തവരും. പരിശുദ്ധാത്മനിവാസം ഉള്ളവരെ 'ആത്മികർ' എന്നും ഇല്ലാത്തവരെ 'പ്രാകൃതർ' (ജഡികർ) എന്നും വിളിക്കുന്നു. 1 കൊരി. 2:14–15 ൽ ആത്മികനും പ്രാകൃതനും തമ്മിലുള്ള വ്യത്യാസം എന്തെന്നു പറയുന്നുണ്ട്. റോമ. 8:1–17; ഗലാ. 5:16–26 എന്നീ ഭാഗങ്ങളിൽ ആത്മികനും ജഡികനും തമ്മിലുള്ള താരതമ്യം കാണാം. ആത്മികൻ, ജഡികൻ (പ്രാകൃതൻ) എന്നീ പദങ്ങൾകൊണ്ട് വി. പൗലോസ് എന്ത് അർത്ഥമാക്കുന്നു എന്നതിനെ സംബന്ധിച്ച് ഒരു ലഘു വിവരണമാണ് ഇവിടെ നൽകുവാൻ ശ്രമിക്കുന്നത്.

### പ്രാകൃതൻ

പ്രാകൃതൻ എന്ന പദം വി. പൗലോസ് പ്രധാനമായും ഉപയോഗിക്കുന്നത് 1 കൊരി. 2:14–15 ഭാഗത്താണ്. സാധാരണയായി, ജീവന് അടിസ്ഥാനമായ പ്രാണൻ ഉള്ളവൻ എന്നാണ് പ്രാകൃതൻ എന്ന വാക്കിനർത്ഥം. 'ജീവൽ പ്രാണി' (ജീവനുള്ള ദേഹി) എന്നോ 'ഭൗതിക ജീവി' എന്നോ പ്രാകൃതൻ എന്ന വാക്കിന് പര്യായം പറയാം. ഈ പ്രാണൻ മനുഷ്യന് മാത്രമല്ല, പ്രകൃതിയിലുള്ള എല്ലാ ജീവജാലങ്ങൾക്കും ഉണ്ട്. ഇത് മനുഷ്യനെ പ്രകൃതിയുടെ (ഭൗതിക ജീവന്റെ) ഭാഗമാക്കുന്നു. എന്നാൽ ജീവജാലങ്ങളിൽ കാണുന്ന പ്രാണനും മനുഷ്യന്റെ പ്രാണനും തമ്മിൽ വേദപുസ്തകത്തിൽ ഒരു വ്യത്യാസം കൊടുക്കുന്നുണ്ട്. മനുഷ്യനിലെ 'ജീവൽപ്രാണൻ' ദൈവം തന്നെ അവന്റെ മൂക്കിലൂടെ ഊതി നൽകിയതാണ്. ഉല്പത്തി 2:7–ൽ (1 കൊരി. 15:45) ദൈവം മനുഷ്യന്റെ മൂക്കിൽ 'ജീവശ്വാസം' ഊതി അങ്ങനെ അവൻ 'ജീവനുള്ള ദേഹി'യായിത്തീർന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യനിലെ ഭൗതിക ജീവന് ദൈവവുമായി ബന്ധിപ്പിക്കുന്ന ഒരു സവിശേഷ സാധ്യതയുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. മനുഷ്യനു ജന്മനാൽ ഉള്ളതും ദൈവദത്തമായിരിക്കുന്നതുമായ പ്രാണൻ (Psyche) ദൈവസ്വരൂപത്തിന്റെ പൂർണ്ണതയിലേക്കു വളരാൻ സാധ്യതയുള്ളതാണ്. എന്നാൽ മനുഷ്യൻ തിന്മയിലേക്ക് ചാഞ്ഞ് വീണതിന്റെ ഫലമായി ഈ സവിശേഷ സാധ്യത നഷ്ടപ്പെടുത്തി; ഇങ്ങനെ വീണുപോയ മനുഷ്യനെയാണ് 'പ്രാകൃതൻ' എന്ന് വി. പൗലോസ് വിളിക്കുന്നത്.

### ജഡികൻ

'ജഡമുള്ളവൻ' എന്ന അർത്ഥത്തിലല്ല 'ജഡികൻ' എന്ന വാക്ക് വി. പൗലോസ് ഉപയോഗിക്കുന്നത്; ജഡത്തെ അനുസരിച്ച് ജീവിക്കുന്നവൻ എന്ന അർത്ഥത്തിലാണ്. ജഡം ദൈവം നൽകിയതാണ്. ജഡം അതിൽ തന്നെ തിന്മയല്ല. എന്നാൽ ജഡത്തെ പരിശുദ്ധാത്മാവിന്റെ നിയന്ത്രണ ത്തിന് വിധേയപ്പെടുത്താതിരിക്കുമ്പോൾ തിന്മയായിത്തീരുന്നു. ഇങ്ങനെ ജഡാഭിലാഷത്തിനു വഴങ്ങി ജീവിക്കുന്ന ആളാണ് ജഡികൻ. ശരീര ത്തിന്റെ ഇംഗിതങ്ങൾക്കും ചോദനകൾക്കും അവയുണർത്തുന്ന വികാര ങ്ങൾക്കും അടിമയായി ജീവിക്കുന്ന വ്യക്തി എന്ന അർത്ഥമാണ് ജഡികൻ എന്ന വാക്കുകൊണ്ട് സാധാരണ നാം മനസ്സിലാക്കുന്നത്. എന്നാൽ, ആത്മാഭിലാഷത്തിന് ചേരാത്തതെന്തും, ആത്മാവിന്റെ നിയന്ത്രണത്തിൻ കീഴിൽ വരാത്തതെന്തും, ജഡികമാണ്. ദുർന്നടപ്പ്, അശുദ്ധി, പക, പിണക്കം, ശാഠ്യം, ഭിന്നത, അസൂയ, മദ്യപാനം ഇവയെല്ലാം ജഡത്തിന്റെ പ്രവർത്തികൾ അത്രെ (ഗലാ. 5:19–21).

### ആത്മികൻ

പരിശുദ്ധാത്മാവിന്റെ നിവാസവും നടത്തിപ്പും ഉള്ള ആളാണ് ആത്മി കൻ. നന്മയും തിന്മയും സത്യവും അസത്യവും ധർമ്മവും അധർമ്മവും തരംതിരിച്ച് മനസ്സിലാക്കുന്ന വകതിരിവ് അല്ലെങ്കിൽ വിവേകം ദൈവാ ത്മാവിന്റെ ദാനമാണ്. 'ആത്മികനോ സകലത്തേയും വിവേചിക്കുന്നു' (1 കൊരി. 2:15). തെറ്റും ശരിയും തിരിച്ചറിയാൻ കഴിയാത്തവിധം കൂടി ക്കലർന്ന് നമ്മെ അന്ധതയിലേക്കു നയിക്കുന്നു. 'കാമത്തിനു കണ്ണില്ല' എന്നൊരു ചൊല്ലുണ്ടല്ലോ. കാമം എന്നാൽ ആഗ്രഹം എന്നാണർത്ഥം. ധനം, സ്ഥാനം എന്നിവയോടുള്ള നിയന്ത്രണമില്ലാത്ത മോഹങ്ങൾ കോപം, പക, വിദ്വേഷം, ശണ്ഠ, പിണക്കം എന്നിങ്ങനെയുള്ള ജഡ ത്തിന്റെ പ്രവർത്തികൾ (ഗലാ. 5:19–21) ഉളവാക്കുന്നു. ഇങ്ങനെ ആത്മാ വിന്റെ നിയന്ത്രണത്തിൽ നിന്നകന്ന് മനുഷ്യൻ പ്രാകൃതനും ജഡിക നുമായി ഭവിക്കുന്നു. പരിശുദ്ധാത്മാവിന്റെ അനുസരണയിൽ ജീവിക്കുന്ന ആത്മികൻ നന്മതിന്മകൾ തിരിച്ചറിഞ്ഞ് ദൈവ സ്വരൂപിയായി നിരന്തരം വളരുന്നു.

### രണ്ടു പ്രമാണങ്ങൾ

മുൻപറഞ്ഞതിന്റെ വെളിച്ചത്തിൽ നമുക്ക് രണ്ടു പ്രമാണങ്ങൾ അനു സരിച്ച് ജീവിക്കാം; ഒന്നുകിൽ ആത്മാവിന്റെ പ്രമാണം അനുസരിച്ച് അല്ലെങ്കിൽ ജഡത്തിന്റെ പ്രമാണം അനുസരിച്ച്. ആത്മാവിന്റെ പ്രമാണം ജീവൻ നൽകുന്നതും ജഡത്തിന്റെ പ്രമാണം പാപത്തിലേക്കും മരണ

ത്തിലേക്കും നയിക്കുന്നതുമാണ്. പരിശുദ്ധാത്മാവിനെ പ്രമാണമായി സ്വീകരിച്ചവർ പരിശുദ്ധാത്മാവിനെ അനുസരിച്ചു നടക്കും. പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം സ്വീകരിച്ചവർ ജഡത്തെ അനുസരിച്ചു നടക്കും. ജഡത്തെ അനുസരിച്ച് നടക്കുകയെന്നാൽ പാപമോഹങ്ങളിൽ ജീവിക്കുക എന്നാണർത്ഥം. ആത്മാവിനെ അനുസരിച്ച് ജീവിക്കുകയെന്നാൽ സ്നേഹ സന്തോഷാദി പരിശുദ്ധാത്മ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ജീവിക്കുക എന്നാണർത്ഥം. ജഡാഭിലാഷങ്ങൾക്ക് വഴങ്ങി പാപത്തിൽ ജീവിച്ചിരുന്ന മനുഷ്യരെ പരിശുദ്ധാത്മാവ് നടത്തുന്ന ഒരു പുതിയ ക്രമത്തിലേക്ക്, നിയന്ത്രണത്തിന് കീഴെ കൊണ്ടുവന്നിരിക്കുന്നു. ഇനിയും ജഡം അവരിൽ ആധിപത്യം പുലർത്തുന്നില്ല. ആത്മാവിന്റെ നിറവുള്ളതിനാൽ അവർ ഇന്ദ്രിയങ്ങളെ ജയിക്കുന്നു. കലഹവും ഭിന്നതയും ഒഴിവാക്കി സമാധാനം നടത്തുന്നു. അഹങ്കാരവും വൻഭാവവും നീക്കി വിനയവും ശാന്തതയുമുള്ളവരായി അന്യോന്യം കീഴ്പ്പെട്ടും പരസ്പരം ആദരിച്ചും ജീവിക്കുന്നു. മദ്യപാനം ആദിയായ ആസക്തികളിൽ നിന്നകന്ന് നിർമ്മദരായി വളരുന്നു.

### വിവേകത്തിന്റെ വെളിച്ചം

ഗ്രീക്കു പുരാണത്തിൽ ഒരു കഥയുണ്ട്: നാർസ്സിസ്സ് എന്ന യുവാവ് ജലാശയത്തിൽ തന്റെ ച്ഛായ കണ്ട് അതിനോട് പ്രേമമുഗ്ധനായി തന്നെത്തന്നെ സ്നേഹിച്ച്, കാമിച്ച് മരിച്ചു. ഇത് ഒരു രോഗമാണ്; വിവേകം നശിച്ച് തിമിരം വന്നു മൂടിയ അന്ധതയുടെ രോഗം. തന്നെത്തന്നെയോ, ധനത്തെയോ, സ്ഥാനമാനങ്ങളെയോ അതിരു കവിഞ്ഞ് സ്നേഹിച്ച് ജഢികനും പ്രാകൃതനുമായിത്തീർന്ന മനുഷ്യൻ പരിശുദ്ധാത്മാവു നൽകുന്ന വിവേകത്തിന്റെ വെളിച്ചം സ്വീകരിച്ച് ആത്മികനായിത്തീരാൻ പരിശുദ്ധനായ പൗലോസ് ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നു.

**(1997)**

# 9

# തേജോവലയം

റഷ്യൻ ശാസ്ത്രജ്ഞന്മാർ എടുത്ത മനുഷ്യശരീരത്തിനു ചുറ്റുമുള്ള ഊർജ്ജ (പ്രകാശ) വലയത്തിന്റെ (ora) ചിത്രം കുറെനാളുകൾക്കു മുമ്പ് കാണുന്നതിനിടയായി. സാധാരണ കണ്ണുകൾക്ക് അപ്രാപ്യമായ ഈ അതിസൂക്ഷ്മമായ ഊർജ്ജവലയം ശാസ്ത്രത്തിന്റെ ആധുനിക മാർഗ്ഗങ്ങൾകൊണ്ട് കണ്ടെത്താൻ കഴിഞ്ഞു. എന്നാൽ ഇങ്ങനെ ഒരു ഊർജ്ജവലയം മനുഷ്യശരീരത്തിനു ചുറ്റുമുണ്ടെന്നുള്ളത് പുതിയ കണ്ടെത്തലൊന്നുമല്ല. അതിന്റെ ചിത്രം എടുക്കുന്നതിനും അതിന് ശാസ്ത്രീയമായ അടിസ്ഥാനമുണ്ടെന്നു സ്ഥാപിക്കുന്നതിനും സാധിച്ചുവെന്നുള്ളത് ആധുനിക ശാസ്ത്രത്തിന്റെ വലിയ നേട്ടം തന്നെയാണ്. എന്നാൽ വിശുദ്ധിയിലേക്കു വളർന്നിട്ടുള്ള മനുഷ്യരുടെ ശരീരത്തിനു ചുറ്റും വലയം ചെയ്തു നിൽക്കുന്ന തേജസ്സിനെ സംബന്ധിച്ച് എല്ലാ മതത്തിലും പരാമർശമുണ്ട്. ഉദാഹരണമായി ഹിന്ദുമതത്തിൽ ആദ്ധ്യാത്മികമായി ഉയർന്നു നിൽക്കുന്ന ആളുകളെ തേജസ്സുറ്റ രൂപത്തോടെ ചിത്രീകരിക്കുന്നതു സാധാരണമാണ്. സാധാരണ മനുഷ്യരിൽ നിന്നും വ്യത്യസ്തമായി അവർക്കുള്ള മുഖശ്രീയും തേജസ്സും എടുത്തു കാണിച്ചിരിക്കുന്നതു കാണാം. ക്രിസ്തീയ മതത്തിൽ പരിശുദ്ധന്മാരേയും ശുദ്ധിമതികളേയും ചിത്രീകരിക്കുമ്പോൾ അവരുടെ മുഖത്തിനു ചുറ്റും, ചില സന്ദർഭങ്ങളിൽ ശരീരം മുഴുവനും ചുറ്റും ഒരു പ്രകാശവലയം നല്കിയിരിക്കുന്നത് കാണാം. ആദ്ധ്യാത്മികമായി വളർന്നിട്ടുള്ള മനുഷ്യൻ ദിവ്യതേജസ്സ് പ്രസരിപ്പിക്കുന്നുവെന്നതാണ് ഇത്തരം ചിത്രീകരണത്തിനു പിമ്പിലുള്ള സങ്കല്പം. ഇത് ആദ്ധ്യാത്മിക സ്വാധീനം കുറിക്കുന്ന ആലങ്കാരിക ഭാഷയോ, ചിത്രീകരണമോ മാത്രമായി കാണുന്നതു ശരിയല്ല; അതായത് വിശുദ്ധിയിലേക്കു വളർന്ന മനുഷ്യൻ ലോകത്തിന് ആത്മവെളിച്ചം പരത്തുന്നുവെന്നു സൂചിപ്പിക്കുവാനുള്ള ശ്രമമല്ല അത്. അങ്ങനെയൊന്ന് ഇല്ലെന്നല്ല, എന്നാൽ വിശുദ്ധിയിലേക്ക് വളരുന്ന മനുഷ്യൻ ആത്മമനസ്സുകളെ രൂപാന്തരപ്പെടുത്തുന്നതോടൊപ്പം ശാരീരികമായ രൂപാന്തരത്തിനും കൂടി വിധേയനാകുന്നുവെന്നുള്ളതാണ് അതിനു പിമ്പിലുള്ള രഹസ്യം. ആദ്ധ്യാത്മികമായി വളരുന്ന ആത്മമനസ്സുകൾ ഉൽപാദിപ്പിക്കുന്ന ഒരു പ്രത്യേകതരം ഊർജ്ജം പ്രകാശമായി ശരീരത്തിലൂടെ പ്രസരിക്കുകയാണ്.

താബോർ മലയിൽ കർത്താവിനു സംഭവിച്ച രൂപാന്തരം മനുഷ്യന്റെ മുൻപറഞ്ഞ മഹത്തായ സാദ്ധ്യതയിലേയ്ക്കു വിരൽ ചൂണ്ടുന്നു. മണ്ണിൽ

നിന്നും രൂപപ്പെടുത്തിയെടുത്ത ഈ കൂടാരം പൊളിഞ്ഞ് മണ്ണിനോടു തന്നെ ചേരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണെങ്കിലും ഈ മൺകൂടാരം നിർമ്മിച്ചെടുത്തത് ദൈവകരങ്ങൾ തന്നെയാണെന്നും അതിൽ ദൈവം തന്റെ ആത്മജീവനെത്തന്നെ നിവേശിപ്പിച്ചിരിക്കുന്നുവെന്നും കാണപ്പെടാനാവാത്ത ദൈവത്തിന് കാണാനാവുന്ന പ്രതിരൂപങ്ങളായാണു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതെന്നും നാം മറന്നുകൂടാ. അതുകൊണ്ട് മനുഷ്യശരീരം സാധാരണ മണ്ണല്ല; ദൈവത്തിന്റെ വിരലുകൾ സ്പർശിച്ചതും ദൈവത്തിന്റെ ജീവൻ നല്കുന്ന ആത്മാവ് വ്യാപരിക്കുന്നതുമായി രൂപാന്തരപ്പെടുത്തിയെടുത്ത മണ്ണു തന്നെയാണ്. അങ്ങനെ സൃഷ്ടിയിലേ തന്നെ ഈ മണ്ണിനു രൂപാന്തരം വന്നു കഴിഞ്ഞു. യഹൂദ മതഗ്രന്ഥങ്ങളിൽ വീഴ്ചയ്ക്കു മുമ്പുള്ള ആദാമിനെ സംബന്ധിച്ചു വിവരിക്കുമ്പോൾ സൂര്യപ്രകാശത്തെ അതിശയിപ്പിക്കുന്ന തേജസ്സ് ആദാമിന്റെ ശരീരത്തെ വലയം ചെയ്തിരുന്നുവെന്ന് എടുത്തു പറയുന്നു. വീഴ്ചയ്ക്കു ശേഷം മനുഷ്യനു വന്ന ഒരു പ്രധാന നഷ്ടം ദൈവതേജസ്സാണെന്നും യഹൂദ മതം പഠിപ്പിക്കുന്നു. ഈ യഹൂദമത പശ്ചാത്തലത്തിൽ നിന്നുകൊണ്ടു തന്നെ വി. പൗലോസ് അപ്പോസ്തോലൻ പറയുന്നതു ശ്രദ്ധിക്കുക: “എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു” (റോമർ 3:23). ദൈവതേജസ്സ് നഷ്ടപ്പെട്ട മനുഷ്യൻ ദൈവതേജസ്സിലേക്കു വീണ്ടും വളരണം. ദൈവതേജസ്സ് വീണ്ടെടുത്ത പുതിയ മനുഷ്യന്റെ പ്രതിനിധിയും പ്രാരംഭകനുമായാണ് മറുരൂപമലയിൽ കർത്താവിനെ നാം കാണുക. ഈ പുതിയ മനുഷ്യന്റെ പ്രതിരൂപത്തോടു നാം അനുരൂപപ്പെടുന്നതിനത്രെ ദൈവം നമ്മെ മുന്നറിഞ്ഞ് വിളിച്ച് വേർതിരിക്കുന്നതെന്നും അങ്ങനെ വിളിച്ച് വേർതിരിക്കുന്നവരെ നീതീകരിച്ച് തേജസ്കരിച്ചിരിക്കുന്നതെന്നും വി. പൗലോസ് നമ്മെ പഠിപ്പിക്കുന്നു (റോമർ 8:29-30).

മനുഷ്യശരീരത്തെ വലയംചെയ്തു നില്ക്കുന്ന ഊർജ്ജവലയം സംബന്ധിച്ച് ആദ്യമെ സൂചിപ്പിക്കുകയുണ്ടായല്ലോ. ഈ ഊർജ്ജവലയം ചില സന്ദർഭങ്ങളിൽ ജാജ്വല്യമാർന്ന് ശോഭിക്കുന്നുണ്ട്. ഇതിനുദാഹരണമാണ് കർത്താവിന്റെ മറുരൂപമലയിലെ അനുഭവം. ശിഷ്യന്മാരുടെ മുമ്പിൽ രൂപാന്തരപ്പെട്ട കർത്താവിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചുവെന്നും വസ്ത്രം പ്രകാശസമാനം വെൺമയായിത്തീർന്നുവെന്നും സുവിശേഷം രേഖപ്പെടുത്തുന്നു (വി. മത്തായി 17:2). ഇവിടെ പ്രകാശവലയം ദൃശ്യമാണ്. എന്നാൽ സാധാരണ സന്ദർഭങ്ങളിൽ, മനുഷ്യശരീരം പുറപ്പെടുവിക്കുന്ന ഊർജ്ജവലയം ദൃശ്യമല്ല. സൂക്ഷ്മമായ ദൃശ്യോപകരണങ്ങൾ കൊണ്ടു മാത്രമേ അതു കാണാനാവുന്നുള്ളു. ശാസ്ത്രജ്ഞന്മാർ ഊർജ്ജവലയത്തെ സംബന്ധിച്ചു വിശദീകരിക്കുമ്പോൾ ഒരു

കാര്യം കൂടി ചൂണ്ടിക്കാണിക്കുന്നുണ്ട്. എല്ലാ മനുഷ്യരിലും ഒരുപോലെയല്ല ഊർജ്ജവലയത്തിന്റെ സ്വഭാവം. അതിന്റെ ശക്തിയും വിപുലതയും ചില മനുഷ്യരിൽ ഏറിയും ചില മനുഷ്യരിൽ കുറഞ്ഞും കാണുന്നു. ഇച്ഛാശക്തിയും നിശ്ചയദാർഢ്യവുമുള്ള മനുഷ്യരുടെ ശരീരം പ്രസരിപ്പിക്കുന്ന ഊർജ്ജം ശക്തവും വിപുലവുമാണ്. വ്യവസ്ഥയില്ലാത്ത ശിഥിലപ്രകൃതിയും ഭീരുവുമായ മനുഷ്യനിൽ ഈ ഊർജ്ജത്തിന്റെ ശക്തി കുറഞ്ഞിരിക്കും. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആത്മമനസ്സുകളുടെ ശക്തിയും ശരീരം പ്രസരിപ്പിക്കുന്ന ഊർജ്ജവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നു സാരം.

മനുഷ്യശരീരം പ്രസരിപ്പിക്കുന്ന ഊർജ്ജ (പ്രകാശ) വലയം (ora) ആത്മമനസ്സുകൾ ഉല്പാദിപ്പിക്കുന്ന ഊർജ്ജശക്തികളുടെ മറ്റൊരു രൂപമാണ്. ഈ ഊർജ്ജശക്തിക്ക് മനുഷ്യസ്വഭാവത്തിന് അനുസരണമായി ഗുണവ്യത്യാസങ്ങളുണ്ട്. വേദപുസ്തകഭാഷയിൽ ഇരുളും വെളിച്ചവും മനുഷ്യസ്വഭാവത്തിന്റെ തിന്മയും വ്യത്യാസപ്പെടുത്തി മനസ്സിലാക്കാൻ കഴിയുന്ന സൂചകപദങ്ങളാണ്. തിന്മ ഇരുളും നന്മ വെളിച്ചവുമാണ്. ഇതിനു സമാന്തരമായി ഭാരതീയ ചിന്തയിൽ തമോഗുണം, സതോഗുണം എന്നിങ്ങനെ മനുഷ്യസ്വഭാവത്തെ തരംതിരിച്ചിരിക്കുന്നതു കാണാം. തിന്മയിൽ വ്യാപരിക്കുന്ന മനസ്സുള്ളവൻ തമോഗുണമുള്ളവനും നന്മയിൽ വ്യാപരിക്കുന്ന മനസ്സുള്ളവൻ സതോഗുണമുള്ളവനും ആണ്. തിന്മപൂർണ്ണനായ മനുഷ്യന്റെ ആത്മമനസ്സുകൾ ഉല്പാദിപ്പിക്കുന്ന ഊർജ്ജശക്തിയും നന്മപൂർണ്ണനായ മനുഷ്യന്റെ ആത്മമനസ്സുകൾ ഉല്പാദിപ്പിക്കുന്ന ഊർജ്ജശക്തിയും തമ്മിൽ ഗുണപരമായ വ്യത്യാസങ്ങളുണ്ട്. ഈ വ്യത്യാസം ശരീരം പ്രസരിപ്പിക്കുന്ന പ്രകാശവലയത്തിനുമുണ്ട്. വിദ്വേഷവും തിന്മയും നിറഞ്ഞ വ്യക്തി കുടുംബത്തിലോ സമൂഹത്തിലോ അയാൾ ബന്ധപ്പെടുന്ന വ്യക്തികളിലേക്ക് ആത്മശരീരമനസ്സുകൾക്ക് ഹാനികരമായ ഊർജ്ജം പ്രസരിപ്പിക്കുന്നു. അയാൾ എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യണമെന്നില്ല. അബോധപൂർവ്വമായിത്തന്നെ ഈ ഊർജ്ജം മറ്റുള്ളവരിലേക്ക് കടത്തിവിടുന്നുണ്ട്. തിന്മയുടെ കാര്യത്തിലെന്നപോലെ നന്മയുടെ കാര്യത്തിലും ഇത് ശരിയാണ്. അവ തമ്മിൽ ഒരു വ്യത്യാസമേയുള്ളു. തിന്മയും വിദ്വേഷവും വ്യാപരിക്കുന്ന മനസ്സ് മറ്റുള്ളവർക്ക് നാശം വരുത്തുക മാത്രമല്ല ആത്മമനസ്സുകൾ ഇരുളടഞ്ഞ് സ്വയം നശിക്കുക കൂടി ചെയ്യുന്നു. എന്നാൽ നന്മയും സ്നേഹവും നിറഞ്ഞ മനസ്സാകട്ടെ മറ്റുള്ളവരിൽ നന്മകൾ വളർത്തുകയും സ്വയം നന്മയിലേയ്ക്കും സ്നേഹത്തിലേയ്ക്കും വളരുകയും ചെയ്യുന്നു.

ആത്മശരീരമനസ്സുകൾ ആദ്ധ്യാത്മികമായി വളരുമ്പോൾ ഉല്പാദിപ്പി

ക്കുന്ന പ്രത്യേകതരം ഊർജ്ജം പ്രകാശമായി രൂപാന്തരപ്പെട്ട് ശരീരത്തിലൂടെ പ്രസരിക്കുന്നുവെന്ന് അന്യത്ര സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അത് മനുഷ്യപ്രയത്നം കൊണ്ടു മാത്രം കൈവരിക്കാനാവുമെന്നൊരു ധാരണ ഉണ്ടാകുന്നെങ്കിൽ അത് ശരിയാവുകയില്ല. മോശയുടെ രൂപാന്തരം തന്നെ എടുക്കാം. സീനായി മലയിൽ നിന്ന് ഇറങ്ങിവരുന്ന മോശയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു (പുറ. 34:29). ഇത് ആദ്ധ്യാത്മികമായ വളർച്ചയിലൂടെ മോശ നേടിയെടുത്തതാണെന്നു നമുക്കു പറയാൻ കഴിയും. നാല്പതു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ച് ആത്മശരീര മനസ്സുകൾക്കു ശിക്ഷണം നൽകി തീവ്രമായ സാധനയിലൂടെ എത്തിച്ചേർന്ന ഔന്നത്യമാണത്. എന്നാൽ അതിന് ഒരു മറുവശം കൂടിയുണ്ട്. ദൈവം മോശയെ തന്റെ സന്നിധിയിലേക്കു വിളിച്ച് തന്റെ തേജസ്സിന്റെ പങ്കാളിയാക്കുകയായിരുന്നു. അത് ദൈവം തന്റെ കൃപാതിരേകത്താൽ നൽകിയ ദാനമായിരുന്നു (പുറ. 33:18-23). സൂക്ഷ്മമായ ശിക്ഷണവും സാധനയും ദൈവത്തിന്റെ കൃപാതിരേകത്തിലുള്ള ആശ്രയവും വിശ്വാസവും ഒന്നിച്ചു ചേരുമ്പോഴാകുന്നു നാം ഏതു ദൈവിക ദാനത്തിനും അർഹരായിത്തീരുക.

കർത്താവിന്റെ പുനരുത്ഥാനം മനുഷ്യശരീരത്തിനു ലഭിക്കാവുന്ന ആത്യന്തിക ഭാഗധേയത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. കർത്താവിന്റെ മറുരൂപം മനുഷ്യശരീരത്തിനു കൈവരാവുന്ന രൂപാന്തരത്തിന്റെ സൂചനയും മുന്നനുഭവവുമാണെങ്കിൽ, പുനരുത്ഥാനം ആത്യന്തികമായി എല്ലാ മനുഷ്യനും പുനരുത്ഥാനത്തിന്റെ നിത്യതേജസ്സിലേയ്ക്ക് വളരുന്നുവെന്നു കാണിക്കുന്നു. പുനരുത്ഥാനം ജീർണ്ണിച്ചുപോകുന്ന മനുഷ്യശരീരത്തിന്റെ പുനരുജ്ജീവനമാണ്; മനുഷ്യനെ ചൂഴ്ന്നു നില്ക്കുന്ന അന്ധകാരശക്തികളെ തോല്പിച്ചുകൊണ്ട് പ്രകാശത്തിലേക്കുള്ള ഉയിർപ്പാണ്. നമ്മെത്തന്നെയും സഹോദരങ്ങളെയും നാശത്തിലാഴ്ത്തുന്ന തിന്മകളുടെ പ്രേരണകളെ നമ്മിൽനിന്നകറ്റി സ്വയം ശുദ്ധീകരണത്തിന് വിധേയമാകുമ്പോൾ ജീവന്റെ ശക്തി തമ്മിൽ ബലപ്പെട്ട് പ്രകാശം പ്രസരിപ്പിച്ചു തുടങ്ങും. കർത്താവിന്റെ പുനരുത്ഥാനത്തിന്റെ അർത്ഥം ജീവിതത്തിൽ പ്രസക്തമായിത്തുടങ്ങുന്നത് അപ്പോൾ മാത്രമാണ്. ജീവിതത്തെ നന്മപൂർണ്ണമാക്കി രൂപാന്തരപ്പെടുത്തി പുനരുത്ഥാനത്തിന്റെ തേജസ്സിൽ പങ്കാളികളായി നമ്മേയും നാം ഉൾക്കൊള്ളുന്ന സമൂഹത്തേയും ദൈവസന്നിധിയിലേക്കാനയിച്ച് ദിവ്യതേജസ്സിൽ പങ്കാളികളാക്കുന്നതിനാകുന്നു കർത്താവ് നമ്മെ വിളിക്കുന്നത്.

**(1989)**

# 10

# പുതിയനിയമത്തിലെ ചില ഭാഷാപ്രശ്നങ്ങൾ

ഒരു ഭാഷയിലെ പദങ്ങളും ശൈലികളും അതുയിർക്കൊള്ളുന്ന സംസ്ക്കാരത്തോടു ബന്ധപ്പെട്ടു നിൽക്കുന്നു. അക്കാരണത്താൽ ഒരു ഭാഷയിലുള്ള പദങ്ങൾക്കും ശൈലികൾക്കും തത്തുല്യമായ പദങ്ങളും ശൈലികളും മറ്റൊരു ഭാഷയിൽ ഉണ്ടായെന്നു വരുന്നില്ല. ഭാഷകൾ വളരെ വ്യത്യസ്തങ്ങളായ സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ളവയെങ്കിൽ ഈ അന്തരം വളരെ വ്യക്തമായി അനുഭവപ്പെടുന്നു. ഉദാഹരണത്തിന് എബ്രായഭാഷയും ഗ്രീക്കുഭാഷയും ഇതുപോലെ രണ്ടു വ്യത്യസ്ത സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നുള്ള ഭാഷകളാണ്. ഒരു ഭാഷയിൽ കാണുന്ന പ്രത്യേക പദപ്രയോഗങ്ങളും ശൈലികളും മറ്റൊരു ഭാഷയിലേക്കു കൈമാറുമ്പോൾ പദാനുപദ വിവർത്തനം ആശയം വ്യക്തമാക്കാൻ മതിയാവാതെ വരുന്നു. വ്യക്തതയ്ക്കുവേണ്ടി ഏതാണ്ടു സമാനമായ അർത്ഥമുള്ള ഒരു പദം കണ്ടെത്തിയാൽ തന്നെയും മൂലഭാഷയിലെ പദപ്രയോഗത്തിന്റെ വിശേഷാർത്ഥം (nuance) പരിഭാഷയിൽ പലപ്പോഴും നിലനിർത്താൻ കഴിയാതെയും വരുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഒന്നുകിൽ പദാനുപദവിവർത്തനം നിലനിർത്തുക, അല്ലെങ്കിൽ സമാനപദംകൊണ്ടു തൃപ്തിപ്പെടുക; രണ്ടിലൊന്നേ പോംവഴിയായുള്ളു. ഏതു ഭാഷയിലും ഏതു വിവർത്തനത്തിലും ഈ പ്രശ്നം അഭിമുഖീകരിക്കുക തന്നെ വേണം.

പുതിയനിയമം വിവർത്തനം ചെയ്യുമ്പോൾ (വ്യാഖ്യാനിക്കുമ്പോഴും) മുഖ്യമായും രണ്ടു പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു.

1. പുതിയനിയമ ഗ്രീക്കിൽ എബ്രായഭാഷയുടെ (പഴയനിയമത്തിന്റെ) സ്വാധീനം പലയിടത്തുമുണ്ട്. ഇത് വ്യവച്ഛേദിച്ചറിയാൻ കഴിഞ്ഞെങ്കിലേ വിവർത്തനത്തിനു വ്യക്തതയുണ്ടാവൂ.

2. ഗ്രീക്കുഭാഷയിലും, ഏതുഭാഷയിലുമെന്നതുപോലെ തനതായ ശൈലികളും പദപ്രയോഗങ്ങളുമുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പദാനുപദവിവർത്തനം കൊണ്ട് പ്രയോജനമില്ല. സൂചിതാർഥം കണ്ടെത്താൻ കഴിഞ്ഞെങ്കിലേ വിവർത്തനത്തിന് തെളിമയുണ്ടാവൂ.

ഇവയെ സംബന്ധിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെ വിശദമായി പ്രദിപാദിക്കുകയല്ല, ചില ഉദാഹരണ

ങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ലഘു വിശദീകരണം നല്കുകയേ ചെയ്യുന്നുള്ളു, വിജ്ഞാന കുതുകികളിൽ ജിജ്ഞാസയുണർത്താൻ മാത്രം.

1. പുതിയനിയമത്തിന്റെ മൂലഭാഷ ഗ്രീക്കാണല്ലോ. അത് പുതിയനിയമ ഗ്രന്ഥകാരന്മാരുടെ മാതൃഭാഷയല്ല, വ്യവഹാരഭാഷയാണ്. എബ്രായ ഭാഷയോടു ബന്ധമുള്ള അറമായ ആണ് അവരുടെ മാതൃഭാഷ. പുതിയനിയമ ഗ്രന്ഥകർത്താക്കൾ ഗ്രീക്കിലാണെഴുതിയതെങ്കിലും അവരുടെ ചിന്താലോകം എബ്രായ-യെഹൂദമത സംസ്ക്കാരം തന്നെയായിരുന്നു. ഗ്രീക്കുഭാഷയിൽ എഴുതുമ്പോഴും ആശയ രൂപവൽക്കരണം നടക്കുന്നത് മാതൃഭാഷയുടെയും മാതൃ മതസംസ്കാരത്തിന്റെയും പശ്ചാത്തലത്തിലാണ്. അതുകൊണ്ടാണ് പുതിയനിയമ ഗ്രീക്കുഭാഷയിൽ പലപ്പോഴും എബ്രായ ഭാഷാ സംസ്കാരത്തിന്റെ സ്വാധീനം കടന്നു കൂടുന്നതായി കാണുന്നത്.

പഴയനിയമത്തിൽ 'മക്കൾ' എന്ന പദം ചേർത്തുള്ള പ്രയോഗങ്ങൾ ഇതിനൊരു ഉദാഹരണമാണ്. യിസ്രായേൽ പൗരന്മാരെ 'യിസ്രായേല്യർ' എന്നാവും സാധാരണ മലയാളത്തിൽ പറയുക. പഴയനിയമത്തിലാകട്ടെ; 'യിസ്രായേൽ മക്കൾ' എന്നാണ് സാധാരണ ഉപയോഗിച്ചിരിക്കുന്നത്. പുതിയനിയമ ഗ്രീക്കിലും ഈ പ്രയോഗരീതി പകർത്തിയിട്ടുണ്ട്. മലയാള വിവർത്തനത്തിലും ഇതു തന്നെ തുടരുന്നു (റോമ. 9:27). പഴയനിയമത്തിൽ പ്രവാചകഗണത്തിൽപെട്ട അംഗങ്ങൾക്ക് 'പ്രവാചക പുത്രന്മാർ' എന്നാണ് ഉപയോഗിച്ചിരിക്കുന്നത് (1 രാജാ. 20:35; 2 രാജാ. 2:3, 5, 15 etc). എബ്രായ ഭാഷാരീതി അവലംബിച്ചുകൊണ്ട് 'മക്കൾ' ചേർത്തുള്ള ഇത്തരം പ്രയോഗങ്ങൾ പുതിയനിയമത്തിൽ പല സന്ദർഭങ്ങളിലും കാണാം. 'അബ്രഹാമിന്റെ മക്കൾ' (ഗലാ. 3:7) എന്ന വാക്യം (Phrase) കൊണ്ട് അബ്രഹാമിന്റെ വിശ്വാസമാതൃക സ്വീകരിക്കുന്നവർ എന്നാണുദ്ദേശിക്കുന്നത്. 'പിശാചിന്റെ മകൻ' (മത്താ. 13:28, അപ്പോ. പ്ര. 13:10) പിശാചിന്റെ സ്വഭാവത്തിന് അനുരൂപമായ ജീവിതം നയിക്കുന്നവനാണ്. പിതാവാം ദൈവത്തിന്റെ സ്വഭാവത്തിന് അനുരൂപരും അവിടുത്തെ വരദാനങ്ങളുടെ അവകാശികളും 'ദൈവപുത്രന്മാരാണ്' (മത്തായി 5:9, 45).

മുൻപറഞ്ഞ ഉദാഹരണങ്ങളിൽ, വിവർത്തനങ്ങളിൽ അതേ പദപ്രയോഗം പകർത്തുന്നതുകൊണ്ട് ആശയം വ്യക്തമാവുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നില്ല. എന്നാൽ ഒരു സാധനത്തിന്റെ പേരിനോടോ അമൂർത്തമായ ആശയത്തോടോ ചേർന്ന് 'മക്കൾ' എന്ന പദം ഉപയോഗിക്കുമ്പോൾ വിവർത്തനം ദുർഗ്രഹമാവുന്നു. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കട്ടെ:

ലൂക്കോ. 20:36: 'അവർ പുനരുത്ഥാനപുത്രന്മാരാകയാൽ ദൈവ

തുല്യരും ദൈവപുത്രന്മാരും ആകുന്നു.' ഇവിടെ 'പുനരുത്ഥാന പുത്ര ന്മാർ' (Sons of resurrection) എന്ന വാക്യത്തിന് 'പുനരുത്ഥാനത്തിന്റെ അനുഭവത്തിലൂടെ കടന്നുപോയവർ, 'പുനരുത്ഥിതർ' എന്നാണർത്ഥം.

ലൂക്കോ. 16:8: 'വെളിച്ചത്തിന്റെ മക്കളും' (Sons of light) 'ഈ ലോക ത്തിന്റെ' മക്കളും (Sons of this world) തമ്മിലുള്ള വ്യത്യാസത്തെക്കു റിച്ചു പറയുമ്പോൾ നന്മയുടെ പ്രതീകമായ വെളിച്ചത്തിന്റെ അനുഭവ ത്തിൽ വ്യാപരിക്കുന്നവരും ഈ ലോകത്തിന്റെ തിന്മയുടെ മൂല്യങ്ങളോട് പൊരുത്തപ്പെട്ടു പോകുന്നവരും തമ്മിലുള്ള വ്യത്യാസം അർത്ഥമാ ക്കുന്നു. 1 തെസ്സ. 5:5: 'നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പക ലിന്റെ മക്കളുമാകുന്നു' (Sons of light and sons of the day). ഇവിടെയും വെളിച്ചമക്കളെ സംബന്ധിച്ച് പറഞ്ഞ അർത്ഥം തന്നെ.

എഫേ. 2:3: 'കോപത്തിന്റെ മക്കൾ' (Children wrath) ദൈവകോപ ത്തിന് അധീനരായവർ എന്നർത്ഥം.

1 പത്രോ. 1:14: 'അനുസരണത്തിന്റെ മക്കൾ' (children of obedience). മലയാള പുസ്തകത്തിലെ വിവർത്തനം അനുസരണയുള്ള മക്കൾ (obedient children) എന്നാണ്. ഇതിന് 'അനുസരണമുള്ളവർ' എന്ന ലളി തമായ വിവർത്തനം നൽകാൻ കഴിയും.

2 പത്രോ. 2:14: 'ശാപത്തിന്റെ മക്കൾ' (children of curse). 'ശാപയോ ഗ്യന്മാർ' (A cursed children) എന്ന് മലയാള വേദപുസ്തകത്തിൽ കൊടു ത്തിരിക്കുന്നു. 'ശപ്തർ' എന്ന് ഒറ്റവാക്കിൽ ഇത് വിവർത്തനം ചെയ്യാവു ന്നതാണ്.

എബ്രായഭാഷയിൽ നിന്നും പുതിയനിയമ ഗ്രീക്കിനുണ്ടായിട്ടുള്ള സ്വാധീനത്തിന് ഉദാഹരണമായാണ് മുകളിൽ കൊടുത്തിരിക്കുന്ന വേദ ഭാഗങ്ങൾ ചൂണ്ടിക്കാട്ടിയത്. 'മക്കൾ' പ്രയോഗംപോലെ പല അനുകര ണങ്ങളും പുതിയനിയമ ഗ്രീക്കിൽ ഉണ്ട്. ഇവ കഴിയുന്നത്ര മനസ്സിലാ ക്കിയിരിക്കുന്നത് ആശയം വ്യക്തമാകുന്നതിന് ഉപകരിക്കും.

2. പുതിയനിയമം വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട മറ്റൊരു സംഗതി, ഗ്രീക്കുഭാഷയുടെ പ്രത്യേക പദപ്രയോഗ രീതികളും ശൈലിക ളുമാണ്. ഇവയ്ക്ക് പദാനുപദ വിവർത്തനം കൊണ്ടു മാത്രം ആശയം വ്യക്തമാവുകയില്ല. ഉദാഹരണമായി, യോനായുടെ അടയാളം (sign of Jonah) എന്ന് മത്തായി 12:39-ൽ കാണുന്നു. എന്താണിതിനർത്ഥം? യോനാ നൽകുന്ന അടയാളമെന്നോ യോനായ്ക്ക് നൽകിയ അടയാള മെന്നോ ആണ് ഈ വാക്യത്തിൽ നിന്ന് ധ്വനിക്കുന്നത്. മലയാളഭാഷ യിൽ സംബന്ധികാവിഭക്തി (ഉടെ, ന്റെ) ഉപയോഗിച്ചുള്ള വാക്യപ്രയോ

ഗത്തിന് സമാനമായ പ്രയോഗം തന്നെയാണ് ഇവിടെ ഗ്രീക്കിലും പ്രയോഗിച്ചിരിക്കുന്നത്. ഇത് മലയാളത്തിലെന്നതുപോലെ ഗ്രീക്കിലും വളരെ സാധാരണമാണു താനും. ആ നിലയിൽ 'യോനായുടെ അടയാളം' എന്ന വിവർത്തനം തെറ്റുമല്ല. എന്നാൽ ഈ വ്യാകരണനിയമം കൊണ്ടു മാത്രം ഗ്രീക്കിൽ ചില വാക്യങ്ങളുടെ അർത്ഥം ഗ്രഹിക്കാനാവില്ല. രണ്ടു നാമങ്ങളെ ഒരു സംബന്ധിക കൊണ്ടു ഘടിപ്പിച്ചിട്ടുണ്ടെങ്കിലും ഇത് സാധാരണ സംബന്ധികാപ്രയോഗം അല്ല. ഗ്രീക്കു വ്യാകരണ പണ്ഡിതന്മാർ ഇതിനെ Epexegetic genitive (genitive of apposition) എന്നു വിളിക്കുന്നു. അതായത് ഇവിടെ രണ്ടു നാമങ്ങളെ സംബന്ധിക കൊണ്ട് ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും രണ്ടാമത്തെ നാമം ഒന്നാമത്തേതിന്റെ ഉപശ്ലേഷമാണ് (apposition). ഈ നിയമമനുസരിച്ച് വിവർത്തനം ചെയ്യുമ്പോൾ 'യോനാ എന്ന അടയാളം' അല്ലെങ്കിൽ 'യോനയാകുന്ന അടയാളം' എന്ന് വിവർത്തനം ചെയ്യണം. ശാസ്ത്രിമാർക്കും പരീശന്മാർക്കും യോനാ തന്നെയാണ് അടയാളം. മൂന്നു ദിവസം കല്ലറയ്ക്കുള്ളിൽ വസിച്ച് മൂന്നാം ദിവസം പുനരുത്ഥാനം ചെയ്ത കർത്താവിന്, പഴയനിയമകാലത്തു മൂന്നു രാപകലുകൾ കടലാനയുടെ ഉള്ളിൽ കഴിഞ്ഞു കൂടിയ യോനാ അടയാളമായി നിലകൊള്ളുന്നു.

ഇതേ രീതിയിൽ വിവർത്തനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ട സന്ദർഭങ്ങൾ പുതിയനിയമത്തിൽ വളരെയുണ്ട്. ചില ഭാഗങ്ങൾ മാത്രം ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു.

അപ്പോ. പ്ര. 2:38: 'പരിശുദ്ധാത്മാവ് എന്ന ദാനം.' മുൻപറഞ്ഞ നിയമമനുസരിച്ച് തന്നെ വിവർത്തനം ചെയ്തിരിക്കുന്നു. എന്നാൽ ഇംഗ്ലീഷിൽ gift of the Holy spirit (R.S.V.) എന്നാണ്, 'പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ' എന്നല്ല, പരിശുദ്ധാത്മാവു തന്നെയാണ് ദാനം എന്നാണർത്ഥം. 2 കൊരി. 1:22 'ആത്മാവ് എന്ന അച്ചാരം' ഇംഗ്ലീഷിൽ pledge of the Holy Spirit എന്നു കൊടുത്തിരിക്കുന്നു. പരിശുദ്ധാത്മാവിനെത്തന്നെ നമുക്ക് അച്ചാരമായി ('earnest എന്ന പദമാണു 'pledge' എന്ന വാക്കിലും യുക്തം) നൽകിയിരിക്കുന്നു. ഈ അർത്ഥത്തിൽ മലയാളവേദപുസ്തകത്തിലെ വിവർത്തനമാണ് ശരിയായിട്ടുള്ളത്.

റോമർ 8:24: 'ആത്മാവെന്ന ആദ്യദാനം' (First fruits of the Holy Spirit). ഇവിടെയും മലയാള വിവർത്തനമാണ് യുക്തമായിട്ടുള്ളത്.

എഫേ. 4:9: 'കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേയ്ക്കിറങ്ങി എന്നു വരുന്നില്ലയോ' (descented into the lower parts of the earth). ഇവിടെ രണ്ടു വിവർത്തനങ്ങളും അവ്യക്തമാണ്. സന്ദർഭം വച്ചു നോക്കുമ്പോൾ സ്വർഗ്ഗവുമായി താരതമ്യപ്പെടുത്തി, ഉയരെയുള്ള

സ്വർഗ്ഗത്തിൽ നിന്നു താഴെയുള്ള ഭൂമിയിലേക്കിറങ്ങി എന്ന ആശയമാണ് ഏറെ യുക്തം. അപ്പോൾ മുൻപറഞ്ഞ വ്യാകരണനിയമമാണ് ഇവിടെ യോജിക്കുക. അതനുസരിച്ച്, 'കയറി എന്നതിനാൽ അധോഭാഗങ്ങളിൽ, ഭൂമിയിൽ ഇറങ്ങി എന്നു വരുന്നില്ലയോ.' 'descented in to lower parts the earth' (സംബന്ധികാവിഭക്തിയ്ക്ക് പകരം വിസർഗം കൊടുത്തിരിക്കുന്നു).

മത്താ. 24:30: മനുഷ്യപുത്രന്റെ അടയാളം – 'the sign of the son of man.' മനുഷ്യപുത്രൻ മറ്റൊരു അടയാളം കാണിക്കും എന്ന അർത്ഥത്തിലാണ് ഈ പരിഭാഷകളെങ്കിൽ അത് സന്ദർഭത്തിന് ഒട്ടും യോജിക്കുന്നില്ല. ഇവിടെ മനുഷ്യപുത്രൻ തന്നെയാണ് അടയാളം – 'മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും' എന്ന് ആ വാക്യത്തിൽ തന്നെ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക.

എന്നാൽ വിവർത്തകർ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നം ഇത്തരം വാക്യങ്ങളിൽ രണ്ടാമത്തെ നാമം ഉപശ്ലേഷം തന്നെയാണെന്ന് എങ്ങനെ നിർണ്ണയിക്കാം എന്നുള്ളതാണ്. സന്ദർഭവും വ്യാഖ്യാനവും മാത്രമേ ഈ സന്ദർഭങ്ങളിൽ വിവർത്തനത്തെ സഹായിക്കാനുള്ളു. അങ്ങനെയെങ്കിൽ ഏതു വിവർത്തനവും ഒരു വ്യാഖ്യാനമാണെന്ന് പറയാറുള്ളത് എത്ര അന്വർത്ഥമായിരിക്കുന്നു!

**(1986)**

# 11

# പ്രവാചകൻ: ഋഷിയും ഉന്മാദിയും

പഴയനിയമത്തിൽ പ്രവാചകന്മാർക്കു നല്കിയിരിക്കുന്ന നാല് നാമങ്ങളെക്കുറിച്ചുള്ള ഒരു ലഘു പഠനമാണീ ലേഖനം. ദർശകൻ, ദൈവപുരുഷൻ, പ്രവാചകൻ, ദൈവത്തിന്റെ ആലോചനാസമിതിയംഗം എന്നിവയാണ് അവ. മറ്റു പല പേരുകളും പ്രവാചകന്മാർക്ക് നൽകാവുന്നതാണ്. ഉദാഹരണമായി മദ്ധ്യസ്ഥൻ, ദൈവദാസൻ, ദൈവദൂതൻ, ദൈവത്താൽ അയയ്ക്കപ്പെട്ടവൻ. ആദ്യം പറഞ്ഞ നാലു പേരുകൾ പ്രത്യേക പഠനം അർഹിക്കുന്നതുകൊണ്ടാണ് അവ മാത്രം ചർച്ചാവിഷയമാക്കിയിരിക്കുന്നത്.

**1. ദർശകൻ**

ഇതിന് തത്തുല്യമായി പഴയനിയമ മൂലഭാഷയിൽ (എബ്രായഭാഷ) രണ്ടു പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. 'ഹോസേ' എന്നും 'റോയേ' എന്നും. ഈ രണ്ടു പദങ്ങൾക്കും 'ദർശകൻ' എന്ന് പൊതുവെ അർത്ഥം കൊടുക്കാം. എന്നാൽ 'റോയേ' എന്ന പദത്തിന് 'വസ്തുനിഷ്ഠമായ കാഴ്ച' എന്നാണ് വാച്യാർത്ഥം. അതുപോലെ തന്നെ 'ഹോസേ' എന്നാൽ സ്വപ്നം, ദർശനം എന്നിങ്ങനെയാണ് അർത്ഥം. എന്നാൽ ഈ രണ്ട് പദങ്ങളും ഒരേ അർത്ഥത്തിൽ മാറി മാറി ഉപയോഗിച്ചിട്ടുണ്ട്. അതുകൊണ്ട് 'ദർശകൻ' എന്ന പൊതുവായ നാമം ഇവിടെ സ്വീകരിച്ചിരിക്കുന്നു.

1. ശമു. 9-ാം അദ്ധ്യായത്തിൽ ശമുവേൽ പ്രവാചകനെപ്പറ്റി ദർശകൻ എന്ന് മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നു. ആമോസ് 7:12-ൽ ആമോസ് പ്രവാചകനെപ്പറ്റിയും 2 ശമു. 24:11-ൽ ഗാദ് പ്രവാചകനെപ്പറ്റിയും ദർശകൻ എന്ന് പറയുന്നുണ്ട്. 2 രാജാ. 17:13-ലും യശ. 29:10-ലും പ്രവാചകന്മാർ, ദർശകന്മാർ എന്നീ വാക്കുകൾ സമാന പദങ്ങളായി ഉപയോഗിച്ചിട്ടുണ്ട്. 2 ശമു. 15:27-ൽ സാദോക്ക് പുരോഹിതനെ ദാവീദ് രാജാവ് ദർശകൻ എന്ന് സംബോധന ചെയ്യുന്നതായും കാണുന്നു.

പ്രവാചകൻ (നാബി) എന്ന പദം പ്രയോഗത്തിൽ വരുന്നതിനു മുമ്പ് യിസ്രായേലിൽ പൊതുവായി ഉപയോഗിച്ചിരുന്ന പേരാണ് ദർശകൻ. ഇത് 1 ശമു. 9:6-ൽ കാണുന്ന ചരിത്രപരമായ ഒരു സൂചനയിലൂടെ വ്യക്തമാകുന്നു. പ്രസ്തുത വേദഭാഗത്തിൽ ഇങ്ങനെ പറയുന്നു: "പണ്ട് യിസ്രായേലിൽ ഒരുത്തൻ ദൈവത്തോട് ചോദിപ്പാൻ പോകുമ്പോൾ വരുവീൻ നാം ദർശകന്റെ അടുക്കൽ പോകാം എന്നു പറയും. ഇപ്പോൾ പ്രവാചകനെന്നു പറയുന്നവനെ അന്ന് ദർശകൻ എന്ന് പറഞ്ഞുവന്നു."

യഥാർത്ഥത്തിൽ ദർശകൻ എന്ന പദം ഭാരതീയ പാരമ്പര്യത്തിലെ ഋഷി ശബ്ദത്തിന് സമാനമാണ്. ഋഷി എന്നാൽ ദർശകൻ എന്നു തന്നെയാണ് അർത്ഥം. സാധാരണ മനുഷ്യന് കാണാൻ കഴിയാത്തത് ഋഷി കാണുന്നു. പ്രവാചകന് ഒരു രണ്ടാം കണ്ണും രണ്ടാം കാതുമുണ്ടെന്ന് പൊതുവെ പറയുന്നുണ്ടല്ലോ. ഇതിന് നല്ലൊരു ഉദാഹരണമാണ് 2 രാജാ. 6-ാം അദ്ധ്യായം. ഏലീശാ പ്രവാചകൻ ദോഥാനിൽ പാർക്കുന്ന കാലം. അരാം സൈന്യം രാത്രിയിൽ പട്ടണം വളഞ്ഞു. ഏലീശായുടെ ഭൃത്യൻ പുലർച്ചെ പുറത്തിറങ്ങിയപ്പോൾ സൈന്യം കുതിരകളും രഥങ്ങളുമായി പട്ടണം വളഞ്ഞിരിക്കുന്നതു കണ്ട് പരിഭ്രമിച്ചു. യജമാനനെ വിവരമറിയിച്ചു. ഏലീശാ ഭൃത്യനോട് ഇപ്രകാരം പറയുന്നു: "പേടിക്കേണ്ട. നമ്മോടു കൂടെയുള്ളവർ അവരോടു കൂടെയുള്ളവരേക്കാൾ അധികം" (1 ശമു. 6:16). ഭൃത്യന് കാണാൻ കഴിയാതിരുന്ന ദൈവത്തിന്റെ കരുതൽ ഏലീശായ്ക്ക് കാണാൻ കഴിഞ്ഞു. അതുകൊണ്ടാണ് 'ഭയപ്പെടേണ്ടാ' എന്ന ആശ്വാസവചനം ഏലീശായ്ക്ക് പറയാൻ കഴിഞ്ഞത്. ഭൃത്യന് ഏലീശായുടെ വാക്കുകളുടെ പൊരുൾ മനസ്സിലാവുന്നില്ല. അതുകൊണ്ട് ഏലീശാ പ്രാർത്ഥിച്ചു: "യഹോവേ ഇവൻ കാണത്തക്കവണ്ണം ഇവന്റെ കണ്ണ് തുറക്കേണമേ." യഹോവാ ഭൃത്യന്റെ കണ്ണ് തുറന്നു. "ഏലീശായുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ട് മലനിറഞ്ഞിരിക്കുന്നത് അവൻ കണ്ടു" (2 ശമു. 6:17).

ദുർമ്മോഹങ്ങൾ കൊണ്ടും ദുർവികാരങ്ങൾകൊണ്ടും ദുശ്ശീലങ്ങൾ കൊണ്ടും ഏറിയപങ്കും മനുഷ്യരുടെ കണ്ണുകൾ മൂടിയിരിക്കുന്നു. ദൈവത്തെയോ ദൈവഹിതമോ ദൈവത്തിന്റെ കരുതലുകളോ അവർക്ക് കാണാൻ കഴിയുന്നില്ല. ദർശകനാവട്ടെ മനോമാലിന്യങ്ങളിൽ നിന്നകന്ന് ഹൃദയം നിരന്തരം തെളിമയുള്ളതായി സൂക്ഷിക്കുന്നു. ദൈവഹിതവും ദൈവത്തിന്റെ കരുതലും കണ്ടറിയാനാവുംവിധം അയാളുടെ അകക്കണ്ണിന് കഴിവ് ഉണ്ടായിരിക്കുന്നു. ദൈവസന്നിധിയിൽ മനുഷ്യന്റെ പ്രതിനിധിയായി നിൽക്കുന്ന പ്രവാചകൻ ദൈവത്തെ കാണുന്നവനും ദൈവമക്കളെപ്പറ്റിയുള്ള ദൈവത്തിന്റെ തിരുവിഷ്ടമെന്തെന്ന് തിരിച്ചറിയുന്നവനുമായ ഋഷി അല്ലെങ്കിൽ ദർശകൻ ആയിരിക്കണം.

### 2. ദൈവപുരുഷൻ

പ്രവാചകന്മാർക്ക് നൽകിയിരിക്കുന്ന മറ്റൊരു പേരാണ് ദൈവപുരുഷൻ. പഴയനിയമത്തിൽ പലരെ സംബന്ധിച്ചും ദൈവപുരുഷൻ എന്ന് പറയുന്നുണ്ട്. ശമുവേൽ (1 ശമു. 9:6), ഏലിയാവ് (1 രാജാ. 17:18, 24;2 രാജാ. 1:9, 12, 13), ഏലീശാ (2 രാജാ. 4:16, 40, 42; 5:14; 6:6, 10), മോശ (ആവ. 33:1; യോശുവാ 14:6; 1 ദിന. 23:14) ആദിയായ പ്രവാചക

ന്മാരെ ദൈവപുരുഷൻ എന്ന് വിളിച്ചിരിക്കുന്നു. 1 ശമു. 9:6-ൽ ദൈവ പുരുഷനായ ശമുവേലിനെ സംബന്ധിച്ച് മൂന്നു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. 1) അവൻ മാന്യൻ. 2) അവൻ പറയുന്നതെല്ലാം ഒത്തുവരുന്നു. 3) പോകുവാനുള്ള വഴി അവൻ പറഞ്ഞു തരും. ശൗൽ, കാണാതെപോയ തന്റെ അപ്പന്റെ കഴുതകളെ തേടി ഒരു ഭൃത്യനെയും കൂട്ടി പുറപ്പെട്ടു. സൂഫ് എന്ന ദേശത്ത് എത്തിയപ്പോൾ, ശമുവേൽ എന്ന ഒരു ദൈവപുരുഷൻ അവിടെ ഉണ്ടെന്നും അവനെ സമീപിച്ചാൽ കഴുതകൾ എവിടെയാണെന്ന് പറഞ്ഞു തരുമെന്നും ഭൃത്യൻ ശമുവേലിനോട് പറയുന്നു. ശമുവേലിനെ സംബന്ധിച്ച് ഭൃത്യൻ തുടർന്ന് നൽകുന്ന വിശേഷണങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

ദൈവപുരുഷൻ എന്ന പദത്തിന് (Man of God) സമാനമായ എബ്രായ ഭാഷാപ്രയോഗത്തിന് പല അർത്ഥങ്ങൾ കൊടുക്കാൻ സാധിക്കും. 1) ദൈവസന്നിധിയിൽ നിന്ന് വരുന്ന മനുഷ്യൻ 2) ദൈവസംസർഗ്ഗത്തിൽ നിന്ന് വരുന്നവൻ 3) ദൈവത്തിന്റെ പുരുഷൻ 4) ദൈവത്തിന് സ്വന്തമായവൻ 5) ദൈവത്തെ സ്വന്തമാക്കിയവൻ 6) ദൈവാഭിമുഖമായി നിൽക്കുന്നവൻ. ദൈവാഭിമുഖമായി നിൽക്കുന്ന ദൈവപുരുഷൻ ദൈവശബ്ദം കേൾക്കുന്നവനും ദൈവിക രഹസ്യങ്ങൾ കാണുന്നവനും ദൈവഹിതം തിരിച്ചറിയുന്നവനുമാണ്. എല്ലാ മനുഷ്യരും ദൈവപുരുഷന്മാരും ദൈവ സ്ത്രീകളുമാകുവാനാണ് ദൈവം വിളിക്കുന്നത്. എന്നാൽ ആ ഔന്നത്യത്തിലേക്ക് പടി കയറി എത്തുന്നവർ വളരെ ചുരുക്കമാണ്. ഒരു ദേശത്ത് ദൈവപുരുഷന്മാർ ഉണ്ടെങ്കിൽ ആ ദേശത്തിന് വെളിച്ചമുണ്ട്. ഇല്ലാത്തപക്ഷം ആ ദേശം അന്ധകാരത്തിലാഴ്ന്നു പോകും. ദൈവപുരുഷന്മാരായ പ്രവാചകന്മാർ നാടിന്റെ വിളക്കുകളാണ്.

### 3. പ്രവാചകൻ

എബ്രായഭാഷയിൽ നാബി എന്നാണ് സമാനപദം. നാബി എന്ന പദം ഏതാണ്ട് 300 പ്രാവശ്യം പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. എബ്രായ ഭാഷാപണ്ഡിതന്മാർ നാബി എന്ന പദത്തിന് രണ്ട് നിരുക്തങ്ങൾ കൊടുക്കുന്നുണ്ട്. 1) അക്കേദിയൻ അറബി ഭാഷകളിൽ വിളിക്കുക, വ്യാഖ്യാനിക്കുക എന്ന അർത്ഥം വരുന്ന ധാതുവുമായി നാബി ശബ്ദത്തെ ബന്ധിപ്പിക്കുന്നു. ഇതിൽ നിന്നും നാബി എന്ന എബ്രായവാക്കിന് 'വിളിച്ച് അറിയിക്കുക' എന്ന് അർത്ഥം കൊടുക്കാം. ദൈവത്തിന്റെ ദൂത് വിളിച്ചറിയിക്കുകയാണ് പ്രവാചകധർമ്മം. ഇവിടെ പ്രവാചകൻ ദൈവത്തിന്റെ പ്രതിനിധിയാകുന്നു. അഹറോനെ മോശയുടെ പ്രവാചകനെന്ന് പുറപ്പാട് 7:1-ൽ പരാമർശിക്കുമ്പോൾ മോശയുടെ പ്രതിനിധി എന്നാണ് അവിടെ അർത്ഥമാക്കുന്നത്. മനുഷ്യരെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതി

എന്തെന്ന് ദൈവത്തിന്റെ പ്രതിനിധിയായി നിന്ന് വിളിച്ചറിയിക്കുന്നവ നാണ് പ്രവാചകൻ. നാബി എന്നതിന് നൽകുന്ന രണ്ടാമത്തെ നിരുക്തം ഇങ്ങനെയാണ്. നുരഞ്ഞ് പൊന്തി വരുന്നത്, നിറഞ്ഞ് കവിഞ്ഞ് ഒഴുകു ന്നത് എന്നീ അർത്ഥം വരുന്ന എബ്രായമൂലത്തിൽ നിന്ന് ആഗമിച്ചുണ്ടാ യതാണ് നാബി ശബ്ദമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ദൈവാത്മാവിന്റെ നിവാസമുള്ള ദൈവപുരുഷൻ പരിശുദ്ധാത്മ പ്രേരി തമായി പ്രവചിക്കുന്നു. അദൃശ്യമായ ഒരു ഉൾപ്രേരണയുടെ ഫലമായി ഉണ്ടാകുന്നതാണ് അയാളുടെ വചനങ്ങൾ. പരിസരബോധം മറന്നും പരി ണിതഫലങ്ങൾ അവഗണിച്ചും അയാൾ ദൈവത്തിനുവേണ്ടി സംസാരി ക്കുന്നു. ഈ വിഭാഗത്തിൽപെടുന്ന ഒരാളെ Ecstatic എന്ന് ഇംഗ്ലീഷിൽ പറയാം. ഉന്മാദി എന്നാണ് മലയാളത്തിൽ നൽകാവുന്ന വാക്ക്. ഉന്മാദി എന്നാൽ ഭ്രാന്തൻ എന്നും അർത്ഥമുണ്ട്. ഇവിടെ ദൈവാത്മാവിനാൽ ഉന്മത്തനായവനാണ് പ്രവാചകൻ. മത്തു പിടിച്ചവനെപ്പോലെ ചുറ്റുപാടും മറന്ന് അയാൾ പറയുകയും പ്രവർത്തിക്കുകയും ചെയ്തു എന്നു വരും. ഭൗതിക കാര്യങ്ങളിൽ അയാൾ അശ്രദ്ധനാണ്. ദൈവിക കാര്യങ്ങളിൽ ദത്തശ്രദ്ധനും. ഭൗതിക വിഷയങ്ങളിൽ അയാളുടെ മനസ്സ് ഊന്നുന്നില്ല. ഒരു ഭിക്ഷുവിനെപ്പോലെ യദൃശ്ചയാ ലഭിക്കുന്നതിൽ സന്തുഷ്ടനായി ദൈവശുശ്രൂഷയിലും ദൈവഭക്തിയിലും പൂർണ്ണസമയം ചിലവഴിക്കുന്നു. അയാൾക്ക് ആരെയും പ്രീണിപ്പിക്കേണ്ടതില്ല. ദൈവഹിതത്തിന് എതി രായി നിൽക്കുന്നവരെ നോക്കി ശാസിക്കാനുള്ള തന്റേടം ഒരു പ്രവാച കനുണ്ട്. അതുകൊണ്ട് വ്യവസ്ഥാപിത ചട്ടക്കൂടുകൾക്ക് മുമ്പിൽ അയാൾ ഒരു നിഷേധിയാണ്.

ഈ കാലഘട്ടത്തിലും സഭയ്ക്ക് ഒരു പ്രവാചകധർമ്മം നിറവേറ്റുവാ നുണ്ട്. വരേണ്യവർഗ്ഗത്തിന് വഴിപ്പെട്ടു കൊടുക്കാതെയും അനീതിക്ക് മുമ്പിൽ തലകുനിച്ചു കൊടുക്കാതെയും നിവർന്നു നിന്ന് ദൈവഹിതം വിളിച്ചറിയിക്കുവാൻ കഴിയുംവിധം ദൈവാത്മാവ് നിറഞ്ഞ പ്രവാചകന്മാർ സഭയിൽ എഴുന്നേൽക്കുമ്പോൾ മാത്രമേ സഭയുടെ പ്രവാചകദൗത്യം ഈ കാലഘട്ടത്തിൽ നിറവേറ്റാൻ കഴിയൂ.

### 4. ദൈവത്തിന്റെ ആലോചനാസമിതിയംഗം

പഴയനിയമ സങ്കല്പമനുസരിച്ച് ഒരു ദൈവപുരുഷൻ ദൈവത്തിന്റെ സ്വർഗ്ഗീയ സഭയിൽ (ആലോചനാ സഭയിൽ) നിൽക്കുവാൻ പ്രാപ്തിയു ള്ളവനാണ്. കള്ള പ്രവാചകനിൽ നിന്നും ഒരു യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാനുള്ള ഒരു മാനദണ്ഡമാണിത്. യിരമ്യാവ് 23:18-ൽ പ്രവാച കൻ പറയുന്നത് ശ്രദ്ധിക്കുക: "യഹോവയുടെ വചനം ദർശിച്ചു കേൾ പ്പാൻ തക്കവണ്ണം അവന്റെ ആലോചനാ സഭയിൽ നിന്നവനാർ? അവന്റെ

വചനം ശ്രദ്ധിച്ചു കേട്ടിരിക്കുന്നവനാർ?” ഈയ്യോബിന്റെ പുസ്തകം 15:8-ൽ ഈയ്യോബിനോട് ഏലീഫസ് ചോദിക്കുന്നു: “നീ ദൈവത്തിന്റെ മന്ത്രിസഭയിൽ കൂടിയിട്ടുണ്ടോ?” ഈ രണ്ട് വേദഭാഗങ്ങളിലും ആലോചനാസഭ, മന്ത്രിസഭ എന്നീ മലയാളപദങ്ങൾക്ക് തത്തുല്യമായി കാണുന്ന എബ്രായ വാക്ക് ‘സോദ്’ ആണ്. ഇതേ പദത്തിന് ദൈവത്തിന്റെ ‘ആലോചനാ സഭ’ (മന്ത്രിസഭ) എന്ന അർത്ഥത്തോടൊപ്പം പ്രസ്തുത ആലോചനാസഭയിൽ ഉരുത്തിരിഞ്ഞു വരുന്ന ‘ആലോചനകൾ’ എന്ന അർത്ഥവും കൂടി കാണുന്നുണ്ട്. ആമോസ് 3:7-ൽ ഈ അർത്ഥം കാണാൻ കഴിയും. അക്കാലത്ത് സാധാരണ പറയാറുണ്ടായിരുന്ന ചൊല്ല് പ്രവാചകൻ ഇവിടെ രേഖപ്പെടുത്തുന്നു: “യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്യുകയില്ല.” ഇവിടെ രഹസ്യം (സോദ്) ദൈവത്തിന്റെ ആലോചനാസഭയിലെ രഹസ്യ ആലോചനകളാണ്. ചുരുക്കത്തിൽ, ഒരു പ്രവാചകൻ ദൈവസന്നിധിയിലേക്ക് കടന്നുചെന്ന് ദൈവത്തിനു ചുറ്റും നിലകൊള്ളുന്ന പരിശുദ്ധന്മാരുടെ ഗണത്തിൽ ചേർന്നു നിന്ന് മനുഷ്യനെപ്പറ്റി ദൈവത്തിന്റെ പദ്ധതിയും കരുതലുമെന്തെന്ന് മനസ്സിലാക്കി അത് ലോകത്തെ വിളിച്ച് അറിയിക്കുന്നു.

വ്യവഹാര ഭാഷയിൽ പൊതുവെ ഭാവികാര്യങ്ങൾ മുൻകൂട്ടി അറിയിക്കുന്ന ആൾ എന്ന അർത്ഥത്തിലാണ് പ്രവാചകൻ എന്ന പദം ഉപയോഗിച്ചു കാണുന്നത്. എന്നാൽ പഴയനിയമത്തിലും പുതിയനിയമത്തിലും ഇങ്ങനെയൊരു അർത്ഥം പറയാമെങ്കിലും പ്രവാചകൻ എന്നതിന് വളരെ വിപുലമായ അർത്ഥം ഉണ്ട്. ഈ അർത്ഥതലങ്ങൾ മുൻ വിവരിച്ചിരിക്കുന്ന നാലു വാക്കുകളിലൂടെ നമുക്ക് കണ്ടെത്താൻ കഴിയും. ജീവിതത്തെ സമ്പൂർണ്ണമായി ശുദ്ധീകരിച്ച് സമർപ്പിക്കുന്നതിലൂടെ ലഭിക്കുന്ന ആർജ്ജവവും ലാളിത്യവും ഒരു പ്രവാചകന് കൈമുതലായുണ്ട്. ലൗകികമായ ആകർഷണങ്ങൾക്ക് വംശവദനാകാതെ ദൈവത്തോടുള്ള ഭക്തിയും, ദൈവത്തിനുവേണ്ടി ശുശ്രൂഷ ചെയ്യുവാനുള്ള ഒരുക്കവുംകൊണ്ട് ലോകത്തിന് മുമ്പിൽ അയാൾ ഒരു ഉന്മാദിയായി കാണപ്പെടുന്നു. ഒരു സാധാരണ മനുഷ്യൻ തിന്മയ്ക്കും തിന്മയുടെ ചട്ടക്കൂടുകൾക്കും സ്വയം വിധേയപ്പെടുത്തിക്കൊടുക്കുമ്പോൾ, ദൈവത്തിനു വേണ്ടി ഉന്മത്തനായി തീർന്ന പ്രവാചകൻ ലോകത്തിന്റെ ആനുകൂല്യങ്ങളെ നിഷേധിച്ച് തിരസ്കരിക്കുന്നതിന് പ്രാപ്തിയുള്ളവനാണ്. ഒരു വശത്ത് ദൈവത്തോടുള്ള നിരന്തരമായ ആഭിമുഖ്യവും മറുവശത്ത് മനുഷ്യരോടുള്ള പ്രതിബദ്ധതയും, രണ്ടും കൂടെ ചേർന്നുവരുന്ന ദൈവമനുഷ്യനാണ് പ്രവാചകൻ.

**(1998)**

# 12

# ദേവാലയാഭിഷേകവും ദൈവസാന്നിദ്ധ്യവും

പള്ളികൂദാശയോട് അനുബന്ധിച്ച് മനസ്സിൽ പൊന്തിവരുന്ന രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം നൽകാനുള്ള ശ്രമമാണ് ഈ ലേഖനം. ഒന്ന്, ആരാധനാലയത്തെ ദേവാലയം എന്ന് എന്തുകൊണ്ട് വിളിക്കുന്നു? ദൈവം അപരിമേയനും അപരിമിതനുമാണ്. ദേവാലയം എന്ന സങ്കല്പ ത്തിൽ ദൈവം ഒരു സ്ഥലത്ത് വസിക്കുന്നു എന്ന ചിന്തയാണ് വരുന്നത്. ഇതിനർത്ഥം ദൈവം പരിമിതികൾക്ക് വിധേയനാകുന്നു എന്നാണല്ലോ. അപരിമേയനും അപരിമിതനുമായ ദൈവത്തെ ഒരു സ്ഥലത്ത് എങ്ങനെ കുടിയിരുത്താനാകും?

ഇതിന് സംക്ഷിപ്തമായി ഉത്തരം പറയുന്നപക്ഷം ദൈവം ഒരു വശത്ത് പരിമിതികൾക്ക് അതീതനാണ്. സ്ഥലകാല പരിമിതികൾക്കു ള്ളിൽ ദൈവത്തെ തളച്ചുനിർത്താനാവില്ല. എന്നാൽ അതേസമയം ദൈവം സ്ഥലകാലപരിമിതികൾക്കുള്ളിലേക്ക് കടന്നുവന്ന് മനുഷ്യമദ്ധ്യേ വസിക്കുന്നു; മനുഷ്യരോട് ഇടപെടുന്നു. ഇതൊരു വൈരുദ്ധ്യമാണ്. പര സ്പരവിരുദ്ധമായ രണ്ട് സത്യങ്ങളെ ഇണക്കിച്ചേർക്കുമ്പോൾ ഉണ്ടാകുന്ന ഒരു വിശ്വാസസത്യമാണിത്.

മിസ്രേമിൽ നിന്ന് പുറപ്പെട്ട് കനാനിലേക്ക് യാത്രയാവുന്ന യിസ്രാ യേൽകാർ സമാഗമനകൂടാരം ഉണ്ടാക്കി ദൈവസാന്നിദ്ധ്യം അനുഭവിച്ച റിയുന്നതായി പുറപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്. സമാഗ മനകൂടാരം ദൈവവും മനുഷ്യനും തമ്മിൽ കണ്ടുമുട്ടുന്ന സ്ഥലമാണ്. ദൈവം യിസ്രായേൽക്കാരുടെ മദ്ധ്യേ വസിക്കുവാനുള്ള ഇടവും ഇസ്രാ യേൽക്കാർക്ക് ദൈവത്തെ അഭിമുഖീകരിക്കുവാനുള്ള മന്ദിരവുമാണ് സമാഗമനകൂടാരം. “ഞാൻ അവരുടെ നടുവിൽ വസിക്കുവാൻ അവർ എനിക്ക് ഒരു വി. മന്ദിരം ഉണ്ടാക്കേണം” (പുറ. 25:8). തുടർന്ന് 25:22–ൽ “അവിടെ ഞാൻ നിനക്ക് പ്രത്യക്ഷനായി കൃപാസനത്തിന്മേൽ നിന്നും സാക്ഷ്യപ്പെട്ടകത്തിന്മേൽ നിൽക്കുന്ന രണ്ടു കെറൂബുകളുടെ നടുവിൽ നിന്നും യിസ്രായേൽ മക്കൾക്കായി ഞാൻ നിന്നോട് കൽപ്പിപ്പാനിരിക്കുന്ന സകലവും നിന്നോട് അരുളിച്ചെയ്യും.” സാക്ഷ്യപ്പെട്ടകത്തിൽ പത്ത് കല്പ നകൾ എഴുതിയ നിയമത്തിന്റെ കല്പലകകൾ ഉണ്ട്. നിയമം ദൈവ സാന്നിദ്ധ്യമാണ്. ആ സാന്നിദ്ധ്യം സൂചിപ്പിക്കുകയാണ് സാക്ഷ്യപ്പെട്ടക ത്തിന്മേൽ നിൽക്കുന്ന രണ്ട് കെറൂബുകൾ. യറുശലേം ദേവാലയം പണി

യുന്നതുവരെ സമാഗമനകൂടാരത്തിലും ദേവാലയ നിർമ്മാണ പൂർത്തീകരണത്തിനുശേഷം "ശുദ്ധതകളുടെ ശുദ്ധ" സ്ഥലത്തും വച്ചിരുന്നതാണ് സാക്ഷ്യപ്പെട്ടകം. കെറൂബുകളുടെ മദ്ധ്യേ ദൈവം സന്നിഹിതനാവുന്ന ഇടമാണ് കൃപാസനം. അവിടെ നിന്ന് യഹോവയായ ദൈവം യിസ്രായേൽ മക്കളോട് സകലവും അരുളിച്ചെയ്യുന്നു. അങ്ങനെ സമാഗമനകൂടാരം ദൈവം വസിക്കുന്ന മന്ദിരമാണ്. യറുശലേം ദേവാലയം പൂർത്തിയായശേഷം പുരോഹിതന്മാർ സാക്ഷ്യപ്പെട്ടകം ചുമന്ന് ദേവാലയത്തിന്റെ അന്തർമന്ദിരത്തിൽ അതിവിശുദ്ധ സ്ഥലത്ത് വച്ചു. കെറൂബുകളെ അതിനിരുവശവും നിർത്തി. ദേവാലയം മേഘം കൊണ്ട് നിറഞ്ഞു. യഹോവയുടെ തേജസ്സും ആലയത്തെ നിറച്ചു (1 രാജാ. 8:10-11). അങ്ങനെ ദൈവസാന്നിദ്ധ്യം യിസ്രായേൽക്കാരുടെ മദ്ധ്യേ ഉണ്ടായി. ദൈവതേജസ്സ് ദൈവസാന്നിദ്ധ്യമാണ്. സമാഗമനകൂടാരം പ്രതിഷ്ഠിച്ച സമയത്തും ദൈവസാന്നിദ്ധ്യത്തിന്റെ തേജസ്സ് തിരുനിവാസത്തെ നിറച്ചതായി രേഖപ്പെടുത്തുന്നുണ്ട് (പുറ. 40:34).

മുൻപറഞ്ഞ വിവരണങ്ങളിലെല്ലാം മനുഷ്യരുടെ മദ്ധ്യേ സ്ഥലകാലങ്ങൾക്ക് പരിമിതമായി ദൈവം വസിക്കുന്നു എന്ന് കാണാൻ കഴിയും. എന്നാൽ അതേസമയം തന്നെ ദൈവം അപരിമേയനും അപരിമിതനുമാണെന്ന് ചേർത്തു പറയുന്നുമുണ്ട്. ദൈവതേജസ്സിനോട് ചേർന്നുവരുന്ന മേഘം ഈ വൈരുദ്ധ്യമാണ് വെളിവാക്കുന്നത്. ദൈവതേജസ്സ് ദൈവസാന്നിദ്ധ്യമാണെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. എന്നാൽ ആ സാന്നിദ്ധ്യം അത്ര ലളിതമായ ഒരനുഭവമാണെന്ന് സങ്കല്പിക്കാൻ പാടുള്ളതല്ല. മനുഷ്യദൃഷ്ടിക്ക് മുമ്പിൽ മേഘാവരണത്തിലൂടെയാണ് ദൈവതേജസ്സ് കാണാൻ കഴിയുക. സമാഗമനകൂടാരത്തിലും യെറുശലേം ദേവാലയത്തിലും മേഘവും തേജസ്സും ചേർന്നുവരുന്നതായി കാണാം. തേജസ്സ് ദൈവസാന്നിധ്യം തെളിയിക്കുന്നതാണെങ്കിൽ മേഘം ദൈവസാന്നിധ്യം മറയ്ക്കുന്നതാണ്. പരസ്പര വിരുദ്ധമായ രണ്ടു വാക്കുകളിലൂടെ അതിപ്രധാനമായ ഒരു ആശയം പ്രസ്പഷ്ടമാവുകയാണ്. ദൈവം ഒരു വശത്ത് ദൈവമക്കൾക്കു മുമ്പിൽ വെളിപ്പെടുന്നുണ്ട്. ഇത് ദൈവ ദർശനമാണ്. എന്നാൽ ഈ അനുഭവം മാനുഷിക പരിമിതികൾക്ക് അപ്പുറമാണെന്ന് സൂചിപ്പിക്കുന്നതാണ് മേഘത്തിന്റെ മറവ്. ദൈവം മനുഷ്യർക്ക് വെളിപ്പെടുമ്പോഴും അവൻ അപരിമേയനായി നിലകൊള്ളുന്നു.

ദൈവജ്ഞാനത്തിന്റെ ഈ വൈരുദ്ധ്യം വളരെ സ്പഷ്ടമാക്കുന്ന ഒരു വേദഭാഗമാണ് 1 രാജാ. 8-ാം അദ്ധ്യായം. ദൈവസാന്നിദ്ധ്യം നേരിട്ട് അനുഭവിച്ചറിയുവാനാണ് യറുശലേം ദേവാലയം നിർമ്മിച്ചത്. എന്നാൽ അതിന്റെ പ്രതിഷ്ഠാവേളയിൽ മേഘവും തേജസ്സും കൊണ്ട് ആലയം നിറഞ്ഞതു കാരണം പുരോഹിതന്മാർക്ക് ശുശ്രൂഷ ചെയ്യേണ്ടതിന്

നിൽപ്പാൻ കഴിഞ്ഞില്ല എന്ന് എഴുതിയിരിക്കുന്നു (1 രാജാ. 8:11). ഇത് കണ്ടുകൊണ്ട് ശലോമോൻ പ്രവചിക്കുന്നു: "താൻ കൂരിരുട്ടിൽ വസിക്കുമെന്ന് യഹോവ അരുളിച്ചെയ്തിരിക്കുന്നു" (1 രാജാ. 8:12). ഇതിനർത്ഥം ദൈവം മനുഷ്യന് എത്തിപ്പിടിക്കാവുന്നതിലുമപ്പുറമാണെന്നാണ്. ഈ യാഥാർത്ഥ്യത്തിന് വിരുദ്ധമായ ശലോമോന്റെ ഒരു പ്രസ്താവന തൊട്ടു ചേർന്ന് വരുന്നുണ്ട്. അതിങ്ങനെയാണ്: "എങ്കിലും ഞാൻ നിനക്ക് ഒരു നിവാസാലയം, നിനക്ക് എന്നേക്കും വസിപ്പാൻ ഒരു സ്ഥലം, പണിതിരിക്കുന്നു" (1 രാജാ. 8:13). ദൈവത്തെക്കുറിച്ചുള്ള അറിവിനെ സംബന്ധിച്ച സത്യത്തിലെ വൈരുധ്യം ഇവിടെ കാണാൻ കഴിയും. വീണ്ടും ശലോമോൻ തന്നെ സംശയം ഉയർത്തുന്നു: "എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ? സ്വർഗ്ഗത്തിലും, സ്വർഗ്ഗാദി സ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലോ? പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നതെങ്ങനെ?" (1 രാജാ. 8:27). തുടർന്നു വരുന്ന രണ്ടു വാക്യങ്ങളിൽ "എങ്കിലും ... അടിയൻ ഈ സ്ഥലത്തു വച്ചു കഴിക്കുന്ന പ്രാർത്ഥന, കേൾക്കേണ്ടതിന് നിന്റെ നാമം ഉണ്ടായിരിക്കുമെന്ന് നീ അരുളിച്ചെയ്ത സ്ഥലമായ ഈ ആലയത്തിലേക്ക് രാവും പകലും തൃക്കൺ പാർത്ത് അരുളേണമേ." വളരെ ലളിതമെന്ന് കരുതി വായിച്ചു പോകുന്ന ഈ വേദഭാഗത്ത് വളരെ ആഴമായ ഒരു അദ്ധ്യാത്മിക സത്യം അടങ്ങിയിരിക്കുന്നു എന്ന് കാണാൻ കഴിയും.

അപ്പോ. പ്രവൃത്തികൾ 7-ാം അദ്ധ്യായത്തിൽ ദൈവജ്ഞാനത്തിന്റെ ഈ വൈരുദ്ധ്യം ആവർത്തിച്ച് പറഞ്ഞിരിക്കുന്നതായി കാണാം. "ശലോമോൻ അവനൊരു ആലയം പണിതു. അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല താനും" (അപ്പോ. 7:47-48). യശയ്യാ പ്രവാചകന്റെ പുസ്തകം 66:1-2 ഉദ്ധരിച്ചുകൊണ്ട് ഈ വൈരുധ്യം സ്തേഫാനോസ് വീണ്ടും ഊന്നിപ്പറയുന്നു. "സ്വർഗ്ഗം എനിക്കു സിംഹാസനവും ഭൂമി എന്റെ പാദപീഠവുമാകുന്നു. നിങ്ങൾ എനിക്ക് പണിയുന്ന ആലയം ഏതുവിധം? എന്റെ വിശ്രമസ്ഥലവും ഏത്? ഇതൊക്കെയും എന്റെ കൈയല്ലയോ ഉണ്ടാക്കിയത് എന്ന് കർത്താവ് അരുളിച്ചെയ്യുന്നു."

സർവ്വാതിരിക്തനായ ദൈവം മനുഷ്യർക്ക് എങ്ങനെ വെളിപ്പെടാൻ കഴിയും? കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ പ്രമാണത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യത്തിന് ഉത്തരം നൽകാനാവും. ദൈവത്തിന്റെ ഇക്കോണമി എന്നാണ് ഈ പ്രമാണത്തെ പിതാക്കന്മാർ വിശേഷിപ്പിക്കുന്നത്. Oikonomia എന്ന (ഇക്കോണമി) ഗ്രീക്ക് പദത്തിന്റെ വാച്യാർത്ഥം വീട്ടുനിയമം (house law) എന്നാണ്. ഒരു പ്രത്യേക സന്ദർഭത്തിന് അനുയോജ്യമായി സ്വീകരിക്കുന്ന വ്യവസ്ഥ എന്നാണ് പ്രയോഗാർത്ഥം. സ്ഥലകാല പരിമിതികൾക്ക് അതീതനായ ദൈവം സ്ഥലകാലങ്ങൾക്കുള്ളി

ലേക്ക് കടന്നുവന്ന് സാധാരണ മനുഷ്യന്റെ എല്ലാ പരിമിതികൾക്കും വിധേയനായി മനുഷ്യനായി പിറന്നു. മനുഷ്യനോടുള്ള സ്നേഹത്തെ പ്രതി ദൈവം സ്വീകരിക്കുന്ന ഒരു പ്രത്യേക പ്രമാണമാണിത്. ഇതേ പ്രമാണം തന്നെയാണ് ദേവാലയ സങ്കല്പത്തിലും കാണാൻ കഴിയുക. തന്റെ മക്കളോട് ഇടപെടുന്നതിന് ദൈവം ഒരു സ്ഥലവും കാലവും തിരഞ്ഞെടുക്കുന്നു. എന്നാൽ അതേ സമയം തന്നെ സ്ഥലകാല സങ്കല്പങ്ങൾക്ക് അവൻ അതീതനാണു താനും. പഴയനിയമകാലത്തെ ദേവാലയമായാലും പുതിയനിയമകാലത്തെ ദേവാലയമായാലും ഈ പ്രമാണം പ്രസക്തമാണ്. ഈ പ്രമാണത്തിലുൾക്കൊള്ളുന്ന വൈരുദ്ധ്യം ഉൾക്കൊള്ളാൻ കഴിയുന്നില്ലെങ്കിൽ ലളിതവൽക്കരണത്തിന്റെയോ (Over-simplification) ന്യൂനീകരണത്തിന്റെയോ (reductionism) അപകടമുണ്ടാവാൻ സാധ്യതയുണ്ട്. ഇതിന് ഉദാഹരണമാണ്, ചില സഭാ വിഭാഗങ്ങൾ ആരാധനാലയത്തെ ദൈവാലയം എന്നു വിളിക്കാതെ മന്ദിരം (Hall) എന്ന് മാത്രം വിശേഷിപ്പിക്കുന്നത്. Faith Home (വിശ്വാസമന്ദിരം), Assembly Hall എന്നിങ്ങനെ പേര് കൊടുക്കുമ്പോൾ മനുഷ്യാവതാരത്തിലൂടെ കർത്താവ് നമുക്ക് കാണിച്ചുതന്ന പ്രമാണത്തിന്റെ ഉള്ളടക്കം വേണ്ടവണ്ണം ഗ്രഹിച്ചിട്ടില്ല എന്നുവേണം മനസ്സിലാക്കാൻ. മാത്രമല്ല സ്വർഗ്ഗവും ഭൂമിയും തമ്മിലും ആത്മാവും ശരീരവും തമ്മിലും പാശ്ചാത്യ സങ്കല്പത്തിൽ കാണുന്ന അകലവും ദ്വൈതവും ഈ സമീപനത്തിലും കാണുവാൻ കഴിയുന്നു. എന്നാൽ പുരാതന സഭകൾ എല്ലാംതന്നെ ദൈവത്തിന്റെ അപ്രമേയതയും പ്രമേയതയും കൂട്ടിയിണക്കിക്കൊണ്ടു പോകുന്ന ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ സമീപനം വേദപുസ്തകത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണു താനും.

പള്ളികൂദാശയോട് അനുബന്ധിച്ച് രണ്ടാമത് വരുന്ന ചോദ്യം, വി. മൂറോൻ കൊണ്ട് പള്ളി അഭിഷേകം ചെയ്യുന്നതിന്റെ അർത്ഥമെന്താണ് എന്നുള്ളതാണ്. പള്ളികൂദാശയ്ക്ക് രണ്ടു ഭാഗങ്ങൾ ഉണ്ടല്ലോ. ഒന്നാമത്തേത് ശിലാസ്ഥാപനവും, രണ്ടാമത്തേത് മദ്ബഹായും പള്ളിയും മൂറോൻ കൊണ്ട് അഭിഷേകം ചെയ്യുന്നതും. ശിലാസ്ഥാപന കർമ്മത്തിൽ ഒരു വലിയ ശില കൊത്തി അതിൽ പന്ത്രണ്ട് ചെറിയ കല്ലുകൾ നിക്ഷേപിച്ച് സ്ഥാപിക്കുന്നു. ഈ കല്ലുകൾ മൂറോൻ തൈലം പകർന്ന് അഭിഷേകം ചെയ്യുന്നുണ്ട്. മദ്ബഹാ കൂദാശ ചെയ്യുന്ന സന്ദർഭത്തിൽ വി. ത്രോണോസ് വി. മൂറോൻ കൊണ്ട് റൂശ്മാ ചെയ്ത ശേഷം (മുദ്രയിട്ട ശേഷം) ത്രോണോസ് തൈലംപൂശി അഭിഷേകം ചെയ്യുന്നു. തുടർന്ന് മദ്ബഹായും പള്ളിയും മൂറോൻ തൈലം കൊണ്ട് മുദ്രയിട്ട് ശുദ്ധീകരിച്ച് പ്രതിഷ്ഠിക്കുന്നു.

മാമോദീസായുടെ സന്ദർഭത്തിൽ സ്നാനാർത്ഥികളെ മൂറോൻ

കൊണ്ട് അഭിഷേകം ചെയ്യുന്നുണ്ടല്ലോ. വിശ്വാസികൾ അഭിഷിക്തരാണ്. ലോകത്തിൽ ദൈവസാന്നിധ്യം വഹിക്കാൻ അവർ അഭിഷിക്തരായിരിക്കുന്നു. 1 കൊരി. 3:14-ൽ നാം ഇങ്ങനെ വായിക്കുന്നു: "നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെ തന്നെ." ഇതുപോലെ തന്നെ പുരോഹിതരും അഭിഷിക്തരാണ്. ദൈവജനത്തിന്റെ നടുവിൽ ദൈവസാന്നിധ്യം വഹിക്കാൻ അവർക്ക് വിശേഷാൽ ഒരു നിയോഗമുണ്ട്. ഇതിന് വിശേഷ പൗരോഹിത്യം എന്ന് പറയുന്നു. മനുഷ്യരെ വി. മൂറോൻ കൊണ്ട് അഭിഷേകം ചെയ്ത് സമർപ്പിക്കുന്നതിന്റെ പ്രസക്തി മനസ്സിലാക്കാൻ വിഷമമില്ല. എന്നാൽ മണ്ണും കല്ലുംകൊണ്ട് നിർമ്മിച്ച പള്ളി വി. മൂറോൻ തൈലം കൊണ്ട് അഭിഷേകം ചെയ്ത് മുദ്രയിടുന്നതിന്റെ അർത്ഥം നമ്മുടെ സാധാരണ ബുദ്ധിയ്ക്ക് ഗ്രഹിക്കാൻ വിഷമമായിരിക്കും. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിൽ ഈ അനുഷ്ഠാനത്തിന് പ്രത്യേകമായ പ്രാധാന്യമുണ്ട്. പള്ളി വെറുമൊരു മന്ദിരമല്ല, ദേവാലയമാണ്. ദൈവസാന്നിധ്യം സൂചിപ്പിക്കുക മാത്രമല്ല; ദൈവവാഹിയായി, ദൈവനിവാസസ്ഥാനമായി മാറുകയാണ് വി. മൂറോൻ കൊണ്ട് അഭിഷേകം ചെയ്ത് മുദ്രയിടുന്നതു വഴി. മനുഷ്യന് മാത്രമല്ല പ്രപഞ്ചത്തിനും ദൈവവാഹിയായിത്തീരാം. ഇതിന്റെ അർത്ഥം പള്ളികൂദാശയ്ക്ക് ഒരു പ്രാപഞ്ചിക തലവും (cosmic dimension) കൂടി ഉണ്ടെന്നാണ്.

എല്ലാ കൂദാശകൾക്കും ഒരു പ്രാപഞ്ചിക തലമുണ്ട്. പ്രപഞ്ചത്തിൽ നിന്ന് അടർത്തിയെടുത്ത വസ്തുക്കളെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. വെള്ളം, തൈലം, അപ്പം, വീഞ്ഞ്, സുഗന്ധവർഗ്ഗങ്ങൾ എന്നിങ്ങനെ ഭൗതികവസ്തുക്കൾ വേർതിരിച്ച് സമർപ്പിക്കുന്നത് കൂദാശകളിൽ നാം കാണുന്നു. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിനു തന്നെ ഒരു പ്രാപഞ്ചികതലവും കൂടെ ഉണ്ടെന്ന് നാം മനസ്സിലാക്കേണ്ടതാണ്. മണ്ണുകൊണ്ട് മെനഞ്ഞ് മണ്മയനായ മനുഷ്യനിലേക്ക് പുത്രനായ ദൈവം കടന്നുവരികയായിരുന്നു. ദൈവം മനുഷ്യനായി തീർന്നപ്പോൾ മനുഷ്യനും മനുഷ്യനിലൂടെ പ്രപഞ്ചവും ദൈവീകരിക്കപ്പെടുകയായിരുന്നു. മനുഷ്യന്റെ സൃഷ്ടിയിൽ തന്നെ ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധം കാണാൻ കഴിയും. മൺകൂടാരമായ ശരീരത്തിൽ ദൈവം തന്റെ വിരലോടിച്ച് അഭിഷേകം നടത്തി ആത്മാവിന്റെ മന്ദിരമാക്കി രൂപപ്പെടുത്തുന്നതാണ് സൃഷ്ടിയിൽ കാണാൻ കഴിയുക. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവുമായ മനുഷ്യൻ പുത്രനാംദൈവത്തെ സ്വീകരിക്കുന്നതിനും മനുഷ്യാവതാരം സാധിതമാക്കുന്നതിനും ഇങ്ങനെ സംഗതി

യായി. സൃഷ്ടിയിലും വീണ്ടെടുപ്പിലും മനുഷ്യനിലൂടെ പ്രപഞ്ചവും ദൈവത്തിന്റെ നിവാസസ്ഥാനമായി തീരുന്നതാണ് നമുക്ക് കാണുവാൻ കഴിയുന്നത്. മനുഷ്യൻ ദൈവത്തിന്റെ ആത്മാവ് വസിക്കുന്ന മന്ദിരമായിത്തീരുന്നതുപോലെ പള്ളിയും ദൈവത്തിന്റെ നിവാസസ്ഥാനമായിത്തീരുന്നു. മനുഷ്യൻ മാത്രമല്ല പള്ളിയും ദൈവത്തിന്റെ മന്ദിരമാണ്.

ഗ്രീക്ക് തത്വചിന്ത ആത്മാവ്, ശരീരം, മനസ് എന്ന് മൂന്ന് അംശങ്ങൾ ചേർന്നുവരുന്ന ആളത്വമായി മനുഷ്യനെ മനസ്സിലാക്കുന്നു (Three constituent parts). എന്നാൽ വേദപുസ്തകത്തിൽ ഇവ മൂന്നും മനുഷ്യനിലെ മൂന്ന് ഭാഗങ്ങളല്ല, മൂന്ന് ഭാവങ്ങളാണ് (Three aspects of man). ഈ മൂന്നു ഭാവങ്ങൾ പരസ്പരം വേർതിരിക്കാനാവാത്തവിധം ചേർന്നുവരുന്ന ആളത്വമാണ് വേദപുസ്തകത്തിലെ മനുഷ്യൻ. ഗ്രീക്ക് തത്വചിന്തയിൽ ആത്മാവും ശരീരവും തമ്മിൽ ഒരു ദ്വൈത (dualism) മുണ്ടെന്ന് കാണാൻ കഴിയും. എന്നാൽ വേദപുസ്തകത്തിലും പൗരസ്ത്യചിന്തയിലും അങ്ങനെ കാണുന്നില്ല.

മനുഷ്യസൃഷ്ടിയിലും മനുഷ്യാവതാരത്തിലും ഈ മണ്ണിനും പ്രപഞ്ചത്തിനാകമാനവും ഒരു പുതിയ നിലയും അർത്ഥവും കൈവരുന്നുണ്ട്. ഇതിന്റെ മറ്റൊരു പ്രകാശനമാണ് പള്ളി വി. മൂറോൻ കൊണ്ട് അഭിഷേകം ചെയ്ത് മുദ്രയിട്ട് വേർതിരിച്ച് സമർപ്പിക്കുന്നതിലും നമുക്ക് കാണാൻ കഴിയുക. വി. മൂറോൻ കൊണ്ട് അഭിഷേകം ചെയ്യപ്പെടുന്ന ദേവാലയം പരിശുദ്ധാത്മാവിന്റെ നിവാസസ്ഥാനമാണ്. ദൈവസാന്നിധ്യം വഹിക്കാൻ ദൈവസന്നിധിയിൽ നാം സമർപ്പിക്കുന്ന മന്ദിരമാണ്.

ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് സൂചിപ്പിച്ചതുപോലെ ദേവാലയത്തിൽ മാത്രം ദൈവത്തെ ഒതുക്കി നിർത്താനാവില്ല എന്നുംകൂടെ നാം ഓർത്തിരിക്കേണ്ടതാണ്. ദൈവത്തിന്റെ സവിശേഷ സാന്നിദ്ധ്യമാണ് ദേവാലയം. മനുഷ്യനും ദൈവത്തിന്റെ ആലയമാണ്. ഒന്നിൽ നിന്ന് മറ്റൊന്നിനെ മാറ്റിനിർത്തി ഒരു ദേവാലയ സങ്കല്പം രൂപപ്പെടുത്തിയെടുക്കാൻ പാടുള്ളതല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ദേവാലയത്തിലെ ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയുന്ന വിശ്വാസി ദൈവത്തിന്റെ നിവാസമുള്ള ദേവാലയമാണ്. ദൈവനിവാസം അനുഭവിച്ചറിയാൻ കഴിയുന്ന വിശ്വാസിക്കു മാത്രമേ ദേവാലയത്തിലെ ദൈവസാന്നിധ്യവും തിരിച്ചറിയുവാൻ കഴിയൂ. ഒരർത്ഥത്തിൽ രണ്ടും ഒന്നു തന്നെയാണ്. ഒരേ അനുഭവത്തിന്റെ രണ്ടു തലങ്ങൾ. അല്ലെങ്കിൽ രണ്ടു തലങ്ങളിലൂടെ ഒരേ അനുഭവത്തിലേക്കുള്ള വളർച്ച.

**(1998)**

# 13

# പരിശുദ്ധാത്മാഭിഷേകത്തിന്റെ വെളിച്ചം

പട്ടംകൊട ശുശ്രൂഷയ്ക്കു ശേഷം പ്രധാന പുരോഹിതൻ നവാഭിഷിക്തനായ യൗവ്പദ്യകിനോയുടെ കൈയിൽ കത്തിച്ച മെഴുകുതിരി നല്കുന്നു. മെഴുകുതിരി പിടിച്ചുകൊണ്ട് യൗവ്പദ്യകിനോ ഒരു പ്രതിജ്ഞ ഏറ്റുചൊല്ലുന്നു. അത് ഇപ്രകാരമാണ്: "ദൈവത്തിന്റെ പരിശുദ്ധ സഭയുടെ നിരപ്പിനും കെട്ടുപണിക്കുമായി ദൈവത്തിന്റെ ഭവനത്തിൽ ഞാൻ മഹത്വമുള്ള സൈത്താകുന്നു (സൈത്ത് വൃക്ഷമാകുന്നു)." ഇതേ സംബന്ധിച്ച ഒരു പഠനമാണ് ഈ ലേഖനത്തിലെ പ്രമേയം.

മുൻ ഉദ്ധരിച്ച പ്രതിജ്ഞ സങ്കീർത്തനം 52:8 സന്ദർഭോചിതമായി വികസിപ്പിച്ചെടുത്തിട്ടുള്ളതാണ്. സങ്കീ. 52:8 ആദ്യഭാഗത്ത് ഇങ്ങനെ പറയുന്നു: "ഞാനോ ദൈവത്തിന്റെ ആലയത്തിങ്കൽ തഴച്ചിരിക്കുന്ന ഒലിവു വൃക്ഷം പോലെയാകുന്നു." ഒലിവ് മരം (സൈത്ത് മരം) പലസ്തീനിൽ ദൈവാനുഗ്രഹത്തിന്റെയും ഐശ്വര്യത്തിന്റെയും പ്രതീകമാണ്. സമൃദ്ധമായി ഫലം കായിക്കുന്ന ഒലിവ് മരം വീടിനും നാടിനും ദൈവം നൽകുന്ന വലിയ അനുഗ്രഹമാകുന്നു. സങ്കീ. 128:3-ൽ ഇതിന് നല്ലൊരു ഉദാഹരണം കാണാൻ കഴിയും. "നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവ് തൈകൾ പോലെയുമിരിക്കും." സഭാശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന അഭിഷിക്തൻ സഭയ്ക്ക് നല്ല ഫലം കായിക്കുന്ന ഒലിവ് മരം പോലെയായിരിക്കും എന്ന് ഈ പ്രതിജ്ഞയിലൂടെ നമുക്ക് മനസ്സിലാക്കാം. എന്നാൽ ഈ പ്രഖ്യാപനത്തിന്റെ അർത്ഥവ്യാപ്തി മുൻപറഞ്ഞ വിശദീകരണത്തിൽ ഒതുങ്ങുന്നില്ല. യൗവ്പദ്യകിനോയുടെ (ഉപശെമ്മാശന്റെ) കൈയിൽ പിടിച്ചിരിക്കുന്ന കത്തുന്ന മെഴുകുതിരിയും സൈത്തുമരവും തമ്മിലുള്ള ബന്ധമെന്താണ്?

ഒലിവ് മരത്തിൽനിന്ന് ഒലിവ് കായ്കൾ ലഭിക്കുന്നു. ഒലിവ് കായ്കളിൽ നിന്ന് ആട്ടിയെടുക്കുന്ന എണ്ണയാണ് വെളിച്ചത്തിന് അടിസ്ഥാനമായ ഊർജ്ജത്തിന്റെ ഉറവിടം. ഒലിവെണ്ണ അഭിഷേകതൈലമാണ്. പരിശുദ്ധാത്മാഭിഷേകത്തിന്റെ തൈലമാണ്. പരിശുദ്ധാത്മാഭിഷേകമാണ് സഭാ ശുശ്രൂഷയുടെ വെളിച്ചത്തിന് ആധാരമായ ആദ്ധ്യാത്മിക ഊർജ്ജത്തിന്റെ ഉറവിടം. കർത്താവ് പറഞ്ഞു: "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു." യേശുക്രിസ്തുവാകുന്ന വെളിച്ചത്തെ ലോകത്തിന് വെളിച്ചമാക്കിത്തീർക്കുന്ന ശുശ്രൂഷ കർത്താവ് സഭയ്ക്ക് നൽകിയിരിക്കുന്നു.

അതുകൊണ്ടാണ് ശിഷ്യന്മാരോട് "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന് കർത്താവ് അരുളിച്ചെയ്തത്. ഈ മഹത്തായ ശുശ്രൂഷ നിർവ്വഹിക്കുവാനുള്ള നിയോഗമാണ് പ്രതിജ്ഞ വഴിയായി യൗവ്പദ്‌യകിനോ ഏറ്റെടുക്കുന്നത്. പരിശുദ്ധാത്മാഭിഷേകം ലഭിച്ച ശുശ്രൂഷകൻ സമൃദ്ധിയായി ഫലം നൽകുന്ന ഒലിവുമരമാണ്.

52-ാം സങ്കീർത്തനം ദാവീദിന്റെ കീർത്തനമാണ്. ദാവീദ് അഭിഷിക്തനായിരുന്നു. ശമുവേൽ 16:13-ൽ നാം ഇങ്ങനെ കാണുന്നു: "അങ്ങനെ ശമുവേൽ തൈലക്കൊമ്പെടുത്ത് അവന്റെ സഹോദരന്മാരുടെ നടുവിൽ വച്ച് അവനെ അഭിഷേകം ചെയ്തു. യഹോവയുടെ ആത്മാവ് അന്നു മുതൽ ദാവീദിന്റെ മേൽവന്നു." ശമുവേൽ പ്രവാചകൻ ദാവീദിനെ യിസ്രായേലിനു രാജാവായി അഭിഷേകം ചെയ്തു. പഴയനിയമത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച ആളാണ് രാജാവ്. അതേപോലെ തന്നെ പുരോഹിതനും അഭിഷിക്തനാണ്. "അവൻ അഹറോന്റെ തലയിൽ അഭിഷേക തൈലം ഒഴിച്ച് അവനെ അഭിഷേകം ചെയ്ത് ശുദ്ധീകരിച്ചു" (ലേവ്യ 8:12). യഹോവയുടെ അഭിഷിക്തന്മാരാണ് രാജാവും പുരോഹിതനും. ഈ രണ്ട് അഭിഷിക്തന്മാർ മുഖേനയാണ് യഹോവ തന്റെ ജനത്തെ നടത്തിയത്. രാജാവും പുരോഹിതനും യഹോവയുടെ ശുശ്രൂഷകരാണ്. അവരുടെ ശുശ്രൂഷയുടെ അടിസ്ഥാനം പരിശുദ്ധാത്മാഭിഷേകമാണ്.

യഹോവയുടെ അഭിഷിക്തന്മാരായ രാജാവിനെയും പുരോഹിതനെയും ഒലിവ് മരങ്ങളായി സങ്കല്പിച്ചുകൊണ്ടുള്ള ചിത്രീകരണം സഖര്യാവ് 4-ൽ കാണാൻ കഴിയും. പൊന്നുകൊണ്ടുള്ളൊരു വിളക്കുതണ്ട്. അതിന്റെ തലക്കൽ ഒരു കുടം. കുടത്തിന്മേൽ ഏഴു വിളക്ക്. ഏഴു വിളക്കിന് ഏഴു കുഴൽ. കുടത്തിന് രണ്ടു വശവും രണ്ട് ഒലിവ് മരം. ഒലിവു മരങ്ങളിൽനിന്ന് രണ്ടു പൊൻനാളങ്ങളിലൂടെ എണ്ണ ഒഴുകി കുടം നിറയുന്നു. ഈ രണ്ട് ഒലിവുമരങ്ങൾ എന്ത് എന്ന് ചോദിച്ചപ്പോൾ ദൈവദൂതൻ ഉത്തരമായി "ഇവർ സർവ്വ ഭൂമിയുടേയും കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ട് അഭിഷിക്തന്മാർ എന്നു പറഞ്ഞു" (സഖ. 4:13-14). യഹൂദജനം ബാബിലോൺ പ്രവാസം കഴിഞ്ഞ് തിരിച്ചെത്തി യെറുശലേം ദേവാലയം പുതുക്കിപ്പണിയുന്നതാണ് സന്ദർഭം. യോശുവാ പുരോഹിതനും, സെരുബാബേൽ രാജാവുമായി യഹൂദജനത്തിന് നേതൃത്വം നൽകുന്നു. യറുശലേം ദേവാലയം പുതുക്കിപ്പണിയുന്നതിനുള്ള പ്രത്യേക ദൗത്യം രാജാവായ സെരുബാബേലിൽ നിക്ഷിപ്തമായിരിക്കുന്നു. ദേവാലയം പുതുക്കിപ്പണിയുന്നതിന് ഏറെ പ്രതിബന്ധങ്ങൾ ഉണ്ടായി. ഈ പശ്ചാത്തലത്തിലാണ് പ്രവാചകനായ സഖര്യാവിന് ഈ ദർശനം ലഭിക്കുന്നത്. ഈ ദർശനത്തിന്റെ അർത്ഥം എന്തെന്ന്

പ്രവാചകൻ ദൈവദൂതനോട് ചോദിച്ചു. ദൈവദൂതൻ നൽകുന്ന ഉത്തരം ഇങ്ങനെയാണ്: "സെരുബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിത്. സൈന്യത്താലല്ല ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രെ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. സെരുബാബേലിനു മുമ്പിലുള്ള മഹാ പർവ്വതമേ നീ ആർ? നീ സമഭൂമിയായിത്തീരും; അതിന് കൃപ കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും" (സഖ. 4:6-7). ഈ വേദഭാഗത്ത് ഒലിവുമരം, ഒലിവെണ്ണ, അഭിഷേകം, അഭിഷിക്തന്മാർ, പരിശുദ്ധാത്മാവ്, പരിശുദ്ധാത്മ കൃപ, ദേവാലയ പുനർനിർമ്മാണത്തിന്റെ ശുശ്രൂഷ എന്നിവയുടെ അന്യോന്യബന്ധം വെളിവായി കാണാൻ കഴിയും. പുതിയനിയമത്തിൽ രാജകീയ പുരോഹിത ശുശ്രൂഷകൾ സഭയിൽ നിക്ഷിപ്തമായിരിക്കുന്നു. സഭ രാജകീയ പുരോഹിത വർഗ്ഗമാണ്. പരിശുദ്ധാത്മ നിറവിൽ ലോകത്തിന് പ്രകാശം നൽകുന്ന ശുശ്രൂഷ പൂർത്തീകരിപ്പാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം സഭയിൽ പരിശുദ്ധാത്മാവിന്റെ വിശേഷാൽ ഉള്ള അഭിഷേകം സ്വീകരിച്ച പൗരോഹിത്യവൃന്ദവുമുണ്ട്. അജപാലനവും പുരോഹിതധർമ്മവും ഒന്നിച്ച് നിർവ്വഹിക്കുന്നവരാണ് പുതിയനിയമത്തിലെ പുരോഹിതർ. അവർക്ക് ലഭിച്ച പരിശുദ്ധാത്മാവിന്റെ പ്രകാശനമാണ് കത്തിനിൽക്കുന്ന മെഴുകുതിരികളിലൂടെ നാം കാണുന്നത്.

എണ്ണ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. അഭിഷേകതൈലം പരിശുദ്ധാത്മാഭിഷേകത്തിനു വേണ്ടി ആണെന്ന് പഴയനിയമത്തിൽ നാം വായിക്കുന്നു (1 ശമു 10:1, 6, 10; 16:3). അഗ്നിയും പ്രകാശവും പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. 1 തെസ്സ. 5:19-ൽ "ആത്മാവിനെ കെടുക്കരുത്" എന്ന് നാം വായിക്കുന്നു. ഈ വിവർത്തനത്തേക്കാൾ കുറേക്കൂടി ശരിയായിട്ടുള്ളത് 'ആത്മാവിനെ കെടുത്തിക്കളയരുത്' എന്നത്രെ. ഇംഗ്ലീഷിൽ 'Do not quench (put out) the Spirit' എന്നു കൊടുത്തിരിക്കുന്നു. പരിശുദ്ധാത്മാവാകുന്ന വിളക്ക് ഊതിക്കെടുത്തരുത് എന്നാണ് ഇതിനർത്ഥം. ഇവിടെ പരിശുദ്ധാത്മാവ് അഗ്നിക്ക് (ദീപം) സമാനമാണെന്ന് വ്യക്തമാവുന്നു. ഇതിനോട് ചേർന്നുവരുന്ന ഒരു വേദഭാഗമാണ് 2 തീമോത്തി. 1:6: "എന്റെ കൈവപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു." ദൈവത്തിന്റെ കൃപാവരം പരിശുദ്ധാത്മാവിന്റെ വരം തന്നെയാണ്. ജ്വലിപ്പിക്കുക എന്ന വാക്കിന് തത്തുല്യമായ ഗ്രീക്ക് മൂലപദത്തിന്റെ അർത്ഥം മങ്ങിത്തുടങ്ങിയ വിളക്ക് എണ്ണ പകർന്ന് ജ്വലിപ്പിക്കണം, കൂടുതൽ പ്രകാശം പകരുന്നതാക്കണം (rekindle) എന്നത്രെ. ഇവിടെ പരിശുദ്ധാത്മാഭിഷേകം, തെളിഞ്ഞു നിൽക്കുന്ന ദീപം, സഭാശുശ്രൂഷ എന്നിവ പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നതായി നാം കാണുന്നു.

ഈ പഠനത്തിന്റെ വെളിച്ചത്തിൽ അഭിഷേകം സ്വീകരിച്ച യൗവ്പദ്യകിനോ സഭാമധ്യേ നിന്നുകൊണ്ട് എടുക്കുന്ന പ്രതിജ്ഞ ഏറെ അർത്ഥപൂർണ്ണമായി നമുക്ക് മനസ്സിലാക്കുവാൻ കഴിയും. പൗരോഹിത്യ പദവിയിലേക്ക് പ്രവേശിക്കുന്ന കർത്താവിന്റെ ശുശ്രൂഷകൻ ലഭിച്ച പരിശുദ്ധാത്മാഭിഷേകത്തിന്റെ കൃപാവരമാകുന്ന വെളിച്ചം അണഞ്ഞുപോകാതെ ഏറെ ജ്വലിപ്പിച്ച് നിറപടിയായി ശുശ്രൂഷ പൂർത്തീകരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ അവബോധമാണ് യൗവ്പദ്യകിനോ എടുക്കുന്ന പ്രതിജ്ഞയ്ക്ക് പിമ്പിലുള്ളത്.

**(1998)**

# 14

# അധികാരം പുതിയനിയമത്തിൽ

## അധികാരം

"അവന്റെ ഉപദേശത്തിങ്കൽ അവർ വിസ്മയിച്ചു; അവൻ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരമുള്ളവനായിട്ടത്രെ അവരെ ഉപദേശിച്ചത്" (മർക്കൊസ് 1:22).

"അവൻ പന്തിരുവരെ അടുക്കൽ വിളിച്ചു, സകല ഭൂതങ്ങളുടെ മേലും വ്യാധികളെ സൗഖ്യമാക്കുവാനും അവർക്കു ശക്തിയും അധികാരവും കൊടുത്തു" (ലൂക്കോസ് 9:1; മത്തായി 10:1).

"ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരമുണ്ട്" (മർക്കോസ് 2:10; മത്തായി 9:6).

"യേശു അടുത്തു ചെന്നു; സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (മത്തായി 28:18-20).

അധികാരം എന്ന പദത്തിന് തത്തുല്യമായി ഗ്രീക്കു മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത് exousia എന്ന വാക്കാണ്. ousia എന്നാൽ ഉണ്മ എന്നർത്ഥം. exousia എന്നാൽ ഉണ്മയിൽ നിന്നും ഉത്ഭവിക്കുന്നത് എന്നും. ഉണ്മയിൽ നിറഞ്ഞുനിൽക്കുന്ന നന്മയും വിശുദ്ധിയുമാണ് അധികാരത്തിന് അടിസ്ഥാനം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ തിന്മയിൽ നിന്ന് സ്വതന്ത്രമായി വിശുദ്ധിയിൽ നന്മപൂർണ്ണതയിലേക്കു വളരുന്ന ആളാണ് യഥാർത്ഥ അധികാരി. ഇവിടെ കീഴ്മേലായി നിൽക്കുന്ന അധികാര സങ്കല്പത്തിനു പകരം നന്മയും വിശുദ്ധിയും നിറഞ്ഞ ജീവിതം അധികാരത്തിന് അടിസ്ഥാനമായിത്തീരുന്നു. അധികാരം മേൽക്കോയ്മയല്ല, നന്മയിൽ നിറഞ്ഞു കവിയുന്ന ഉണ്മയുടെ പ്രകാശനമത്രെ.

ഈ സങ്കല്പത്തിന് ചേർന്നുവരുന്നതാണ് ഭാരതീയ ചിന്തയിൽ അധികാരം എന്ന പദം. 'ധി' ശബ്ദത്തിന് ബുദ്ധി, ബോധം എന്നാണർത്ഥം. 'അഹം'കാരത്തിലൂന്നിയ സ്വബോധത്തിന്റെ സ്ഥാനത്ത് ദൈവബോധം നിറഞ്ഞുവരുമ്പോഴുണ്ടാകുന്ന 'ധികാര' (ധിക്കാര) മില്ലായ്മയാണ് അധികാരം. അതായത് ദൈവബോധമുണർന്ന് ഞാൻ എന്ന ഭാവം തീർത്തും മാറിക്കിട്ടിയ പരിത്യാഗിയാണ് യഥാർത്ഥ അധികാരി.

മുൻപറഞ്ഞ കാരണങ്ങളാൽ അധികാരിക്ക്, അധികാരിയുടെ വാക്കുകൾക്ക് ജീവനും ചൈതന്യവുമുണ്ട്. അയാൾ പാപങ്ങളെ മോചിക്കുന്നു. അയാൾക്കു മുന്നിൽ പൈശാചികശക്തികൾ ഓടിമറയുന്നു. "അവൻ അധികാരത്തോടെ അശുദ്ധാത്മാക്കളോട് കല്പിക്കുന്നു. അവ അവനെ അനുസരിക്കുകയും ചെയ്യുന്നു" (മർക്കൊസ് 1:28). പഴയനിയമ ശാസ്ത്രികൾക്ക് അഭ്യസനത്തിൽ നിന്നും ആർജ്ജിച്ചെടുത്ത അറിവിന്റെ ധിക്കാരമുണ്ടായിരുന്നു. എന്നാൽ കർത്താവിനാകട്ടെ, പിതാവുമായുള്ള ആഭിമുഖ്യത്തിൽ നിന്നും ഉത്ഭവിച്ച അറിവിന്റെ അധികാരമാണുണ്ടായിരുന്നത്. ക്രിസ്തു അധികാരത്തോടെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. വൈരുദ്ധ്യമെന്നു പറയട്ടെ, യേശുക്രിസ്തുവിന്റെ കാലത്തെ സാമൂഹികവും മതപരവുമായ ഘടനയ്ക്കു മുന്നിൽ ശാസ്ത്രികൾ അധികാരികളും യേശു ധിക്കാരിയുമായാണ് കാണപ്പെട്ടത്.

2. "ഞാൻ നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" (യോഹ. 10:11).

ലൗകികമായ അധികാരത്തിന് മേലാളരും കീഴാളരും മേല്ക്കോയ്മയും കീഴാഴ്മയും എന്നീ സങ്കല്പങ്ങളുണ്ട്. പുതിയനിയമത്തിൽതന്നെ ഇതിനുദാഹരണം കാണാം. ശതാധിപൻ കർത്താവിനോട് പറയുന്നു: ഞാനും അധികാരത്തിൻകീഴുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്. ഞാൻ ഒരുവനോട് പോക എന്നു പറഞ്ഞാൽ പോകുന്നു. മറ്റൊരുത്തനോട് വരിക എന്നുപറഞ്ഞാൽ വരുന്നു; എന്റെ ദാസനോട് ഇത് ചെയ്ക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു (മത്തായി 8:9). ശതാധിപൻ നൂറുപേർക്കും സഹസ്രാധിപൻ ആയിരംപേർക്കും അധിപതിയാണ്. ഓരോരുത്തർക്കും അവരവരുടെ വരുതിയിൽ പ്രവർത്തിക്കുന്ന കീഴാളന്മാരുണ്ട്. എന്നും കീഴ്മേൽ നിൽക്കുന്ന അധികാരഘടനയാണ് ലോകം നല്കുന്ന മാതൃക. എന്നാൽ ഇതിൽ നിന്നും നേർവിപരീതമായ മറ്റൊരു അധികാരസങ്കല്പം കർത്താവ് കാണിച്ചു തരുന്നുണ്ട്. അത് ആടുകൾക്കുവേണ്ടി സ്വജീവൻ വച്ചുകൊടുക്കുന്ന നല്ലിടയന്റെ ജീവിക്കുന്ന മാതൃകയത്രെ.

യേശുക്രിസ്തു രാജാവാണ്. എന്നാൽ കർത്താവിന്റെ രാജാധികാരം ഐഹിക രാജാധികാരത്തിന്റേതല്ല. കർത്താവ് തന്നെ പീലാത്തോസിനോട് പറയുന്നുണ്ടല്ലോ: എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നെങ്കിൽ എന്നെ യഹൂദന്മാരുടെ കൈയിൽ ഏല്പിക്കാതവണ്ണം എന്റെ ചേകവർ പോരാടുമായിരുന്നു (യോഹ. 18:36). എന്നാൽ യേശു നൽകുന്ന ഈ ഭാഷ്യം പീലാത്തോസിന് മനസ്സിലാകുന്നില്ല (യോഹ. 18:37). അധികാരം കൈയാളുന്നവരും അതിൽ പങ്കുപറ്റി ചുറ്റും

നിൽക്കുന്നവരും ഒരിക്കലും കർത്താവ് മുമ്പോട്ടു വയ്ക്കുന്ന സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും സ്വയം വെറുമയാക്കി ജീവനർപ്പിക്കുന്ന നല്ലിടയന്റെ അധികാരമാതൃക മനസിലാക്കുന്നില്ല. തീർത്തും വ്യത്യസ്തമായ ഒരു മൂല്യസങ്കല്പമാണ് ക്രിസ്തുവിന്റെ ക്രൂശ് നമുക്ക് മുമ്പിൽ വയ്ക്കുന്നത്. സമൂലമായ ഒരു മാതൃകാവ്യതിയാനമാണിത് (Paradigm Shift). ശുശ്രൂഷ, സേവനം, സ്നേഹം, പരിത്യാഗം എന്നീ പദങ്ങളും അവയോടു ചുറ്റിപ്പറ്റിയുള്ള ആശയങ്ങളുമാണ് ഈ പുതിയ അധികാര സങ്കല്പത്തോട് ചേർന്നുവരുന്നത്.

3. "പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു... സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലുമുള്ള സകല സൃഷ്ടിയും അവയിലുള്ളത് ഒക്കെയും സിംഹാസനത്തിലിരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കുമുണ്ടാകട്ടെ എന്ന് പറയുന്നത് ഞാൻ കേട്ടു... മൂപ്പന്മാർ വീണു നമസ്ക്കരിച്ചു" (വെളി. 5:11-14).

Hierarchy എന്ന പദത്തിന് ചേംബേഴ്സ് ഡിക്ഷ്ണറിയിൽ കൊടുത്തിരിക്കുന്ന അർത്ഥം ഇങ്ങനെയാണ്: "The collective body of angels grouped in three divisions and nine orders of different power and glory." ഇവിടെ power എന്ന പദം മേൽക്കോയ്മ എന്ന അർത്ഥത്തിലല്ല ശുശ്രൂഷ എന്ന അർത്ഥത്തിലാവണം മനസ്സിലാക്കേണ്ടത്. ദൈവസന്നിധിയിൽ ചുറ്റും ഒമ്പതു വൃന്ദം മാലാഖമാരുണ്ട്. മൂന്നു വൃന്ദങ്ങൾ വീതം മൂന്നു വിഭാഗങ്ങളായി അവർ ദൈവസാന്നിദ്ധ്യത്തിന്റെ ചുറ്റും നിൽക്കുന്നു. ഇവയിൽ ഒന്നാമത്തെ വിഭാഗം സെറാഫുകൾ, കെറൂബുകൾ, സിംഹാസനങ്ങൾ എന്നീ സംഘങ്ങളും രണ്ടാമത്തെ വിഭാഗം കർത്തൃത്വങ്ങൾ, ശക്തികൾ, അധികാരങ്ങൾ എന്നീ സംഘങ്ങളും മൂന്നാമത്തെ വിഭാഗം വാഴ്ചകൾ, പ്രധാന ദൂതർ, ദൂതർ എന്നീ സംഘങ്ങളുമത്രെ. ദൈവതേജസ്സ് സ്വീകരിച്ച് പ്രകാശിതരാവാനുള്ള കഴിവിനൊത്ത് ദൈവസന്നിധിയിൽ ഈ ഒമ്പതു സംഘം ദൈവദൂതർ നിലകൊള്ളുന്നു. വ്യവഹാര ഭാഷയിൽ hierarchy എന്ന പദം അധികാരത്തിന്റെ ശ്രേണിയാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഇവിടെ hierarchy-ക്ക് ശ്രേണീസങ്കല്പം കാണുന്നില്ല. രേഖീയമായ കീഴ്മേൽ സങ്കല്പത്തിന് പകരം വൃത്തീയമായ പാരസ്പര്യമാണ് കാണുന്നത്.

Hierarchy എന്ന പദം രണ്ട് ഗ്രീക്കു വാക്കുകൾ ചേർന്നുണ്ടായതാണ്. hieros (വിശുദ്ധി) എന്നും arche (ഭരണം, ക്രമം) എന്നും. Hierarchy എന്നാൽ വിശുദ്ധിയുടെ ക്രമം എന്ന് അർത്ഥം കൊടുക്കാം. ഈ സങ്കല്പത്തിൽ പല തട്ടുകളിലായി മേല്ക്കുമേൽ പണിതുയർത്തിയിരിക്കുന്ന

രേഖീയവും ഏകരൂപകവുമായ ലോകസങ്കല്പത്തിന് പകരം വൈവിദ്ധ്യവും വ്യത്തീയവുമായ ഒരു ലോകസങ്കല്പം കണ്ടെത്താൻ കഴിയും. ഇവിടെ ഉണ്മകളുടെ വൈജാത്യവും, ശുശ്രൂഷകരുടെ വൈവിധ്യവും ഓരോന്നിനും തനത് സ്വത്വവുമുണ്ട്. അധീശവർഗ്ഗം എപ്പോഴും ഉണ്മയുടെ ചലനാത്മകതയും വൈജാത്യവും ഒതുക്കി, ചെത്തിമിനുക്കി ഏകരൂപമാക്കി വരുതിക്കു കീഴിൽ വയ്ക്കാനാണ് ശ്രമിക്കുക. അങ്ങനെയല്ലാതെ വരുമ്പോൾ അധീശവർഗ്ഗം അസ്വസ്ഥവും മർദ്ദനപരവുമാകുന്നു.

വെളിപാട് പുസ്തകം 4 മുതൽ 7 വരെ അദ്ധ്യായങ്ങളിൽ പിതൃപുത്രപരിശുദ്ധാത്മാവായ ത്രീയേക ദൈവത്തിന്റെ സന്നിധിയിൽ (വെളി: 4:2-3; 5:6; 4:5) ചുറ്റും നിന്ന് ആരാധിക്കുന്ന ആയിരം ആയിരവും പതിനായിരം പതിനായിരവുമായി എണ്ണിക്കൂടാനാവാത്ത ഏറിയ ദൂതന്മാരുടെ സംഘവും (വെളി. 5:11) പഴയനിയമസഭയും (വെളി 7:4) പുതിയനിയമസഭയും (7:9) സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്ക് കീഴിലും സമുദ്രത്തിലുമുള്ള സകലസൃഷ്ടിയും അവയിലുള്ളതൊക്കെയും (5:13) ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് നിൽക്കുന്നു. ഇതേ സങ്കല്പം തന്നെ 148-ാം സങ്കീർത്തനത്തിലും കാണാം. സ്വർഗ്ഗത്തിലെ ദൂതസംഘങ്ങളും ആകാശത്തിലെ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ഭൂമിയിലെ പർവ്വതങ്ങളും കുന്നുകളും വൃക്ഷങ്ങളും മൃഗങ്ങളും ഇഴജാതികളും യുവാക്കന്മാരും യുവതികളും വൃദ്ധരും ബാലരും ചേർന്ന് ഒന്നായി ദൈവത്തെ സ്തുതിക്കുന്നു. വെളിപാട് പുസ്തകത്തിലും സങ്കീർത്തനത്തിലും ദൂതരും മനുഷ്യരും മാത്രമല്ല സകലസൃഷ്ടിയും ഈ വിശുദ്ധിയുടെ ക്രമത്തിൽ (hierarchy) ഓരോരോ സ്ഥാനത്ത് നിൽക്കുന്നു.

ഒരു പിരമിഡ് പോലെ അചലവും, രേഖീയവുമായ അധികാരവും ലോകക്രമവും ഈ സങ്കല്പത്തിൽ കാണാൻ കഴിയുന്നില്ല. പകരം ചലവും ചാക്രികവുമായ ഒരു ലോകസങ്കല്പം ഇവിടെ ഉരുത്തിരിഞ്ഞു വരുന്നു. ഏണിപ്പടികൾപോലെ മേല്കീഴായി നിൽക്കുന്ന അധികാരത്തിന്, ലോകക്രമത്തിന് പാരസ്പര്യവും ആഭിമുഖ്യവും ഇല്ല. എന്നാൽ വിശുദ്ധിയുടെ ക്രമത്തിൽ മേൽക്കോയ്മയും കീഴാഴ്മയും അപ്രസക്തമായിത്തീരുന്നു. ദൈവാഭിമുഖ്യമാണ് അധികാരത്തിന്റെ അളവുകോൽ. പാരസ്പര്യമാണ് എല്ലാറ്റിനെയും കോർത്തിണക്കുന്ന കണ്ണി. ദൈവാരാധനയാണ് ഈ കൂട്ടായ്മയുടെ അടിസ്ഥാനഭാവം. അധികാരത്തെപ്പറ്റിയുള്ള വേദപുസ്തകസങ്കല്പത്തിൽ hierarchy എന്ന പദത്തിന്റെ മൂലസങ്കല്പം ഉത്തമമായ ഒരു മാതൃകയത്രെ. ദൈവസന്നിധിയിൽ നിലകൊണ്ട് നിരന്തരം വിശുദ്ധിയിലും തേജസിലും ഏറെയേറെ പങ്കാളികളായി ദൈവാഭിമുഖമായി വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യനും പ്രപഞ്ചവും എന്ന ലോകസങ്കല്പം അത്യുദാത്തമാണ്.

4. “സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു. ... സർവ്വസൃഷ്ടിയും ഇന്നു വരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടെ ഇരിക്കുന്നുവെന്ന് നാമറിയുന്നുവല്ലോ. ... നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന് കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു” (റോമ. 8:19-23).

“സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടുതന്നെ” (എഫെ. 1:10).

“.... ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി” (കൊലൊ. 1:20).

ഉല്പത്തി 1 മുതൽ 3 വരെ അദ്ധ്യായങ്ങളിൽ ദൈവം മനുഷ്യനെയും പ്രപഞ്ചത്തെയും സൃഷ്ടിച്ചതിനെപ്പറ്റി രണ്ടു വിവരണങ്ങൾ കാണാൻ കഴിയും. ഒന്നാമത്തെ വിവരണം 1:1-2:4 ലും രണ്ടാമത്തെ വിവരണം 2:5-3:24 ലും ആണ്. ഉല്പത്തി 1:28-ൽ ദൈവം മനുഷ്യനെ അനുഗ്രഹിച്ചുകൊണ്ട് “നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ *അടക്കി* സമുദ്രത്തിലെ മത്സ്യത്തിന്മേലും, ആകാശത്തിലെ പറവജാതിയിന്മേലും, സകല ഭൂചര ജന്തുവിന്മേലും *വാഴുവിൻ*” എന്നു കല്പിച്ചു. ഈ വാക്യത്തിൽ സൃഷ്ടി മുഴുവൻ മനുഷ്യനുവേണ്ടി നിർമ്മിക്കപ്പെട്ടതാണെന്നും സൃഷ്ടിക്ക് അതിൽത്തന്നെ ഒരു സ്വത്വവും അസ്തിത്വവും ഇല്ലെന്നും കാണുന്നു. സൃഷ്ടി മനുഷ്യന്റെ ഒരു ഉപഭോഗവസ്തുവോ മനുഷ്യകരങ്ങളിൽ ഒരു ഉപകരണമോ മാത്രമാണെന്ന് ധാരണ വരുന്നു. എന്നാൽ ഉല്പത്തി 2:15-ൽ മറ്റൊരു സങ്കല്പം കാണാം. ദൈവം മനുഷ്യനെ “ഏദൻതോട്ടത്തിൽ വേലചെയ്വാനും അതിനെ കാപ്പാനും അവിടെ ആക്കി.” ഒന്നാമത്തെ സൃഷ്ടിവിവരണത്തിൽ പ്രത്യക്ഷത്തിൽ മനുഷ്യന് പ്രകൃതിയിന്മേൽ അധീശത്വം ഉണ്ട് എന്ന സങ്കല്പമാണ് കാണുന്നതെങ്കിൽ രണ്ടാമത്തെ സൃഷ്ടിവിവരണത്തിൽ പ്രകൃതിയുടെ ശുശ്രൂഷയാണ് മനുഷ്യന് നൽകിയിരിക്കുന്ന നിയോഗം. ഉല്പത്തി 1:28 രണ്ടു രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയും. ഒന്ന്: അടക്കി വാഴുക എന്നതുകൊണ്ട് പ്രപഞ്ചത്തെ സ്വാർത്ഥത്തിനായി ഉപയോഗിക്കാം എന്ന അർത്ഥം നൽകേണ്ടതില്ല. മറിച്ച് സ്വാർത്ഥത നൽകുന്ന പ്രപഞ്ചമോഹങ്ങളെയും അതിലൂടെ വന്നുചേരുന്ന ദാസ്യത്തെയും അതിജീവിക്കണം എന്ന ആഹ്വാനമായി കാണാൻ കഴിയും. പ്രപഞ്ചത്തെ

സ്വാർത്ഥത്തിന് ഉപയോഗിക്കുന്ന നിമിഷം അതിനെ അടക്കിവാഴുകയല്ല അതിന് അടിമയായിത്തീരുന്നു എന്നതാണല്ലോ സത്യം. ഉല്പത്തി 2:15 ന്റെ വെളിച്ചത്തിൽ അടക്കിവാഴുക എന്ന നിർദ്ദേശം പ്രപഞ്ചത്തെ ചൂഷണം ചെയ്ത് ഉപഭോഗവസ്തുവും സുഖസൗകര്യങ്ങൾക്കുതകുന്ന ഉപകരണവുമാക്കിത്തീർക്കുന്നവിധം വ്യാഖ്യാനിക്കാൻ കഴിയുകയില്ല. ഉല്പത്തി 1:28-ന് നല്കാവുന്ന വ്യാഖ്യാനം ഇങ്ങനെയാണ്. രണ്ട് സൃഷ്ടി വിവരണങ്ങളിൽ പഴക്കമുള്ള വിവരണം രണ്ടാമത്തേതാണ്. ആദ്യത്തേത് പില്ക്കാലത്ത് ഉണ്ടായതാണ്. രണ്ടാം സൃഷ്ടികഥയിൽ കാണുന്ന 'കാക്കുക' (പരിപാലിക്കുക, സംരക്ഷിക്കുക) എന്ന സമീപനത്തിന് വന്നു ചേർന്ന ഒരപചയമാണ് അടക്കിവാഴുക എന്ന ആശയം.

ദൈവത്തെയും പ്രകൃതിയെയും കൂട്ടിയിണക്കുന്ന കണ്ണിയാണ് മനുഷ്യൻ. ദൈവം സ്രഷ്ടാവും മനുഷ്യൻ ഉൾപ്പെടെയുള്ള പ്രപഞ്ചം ദൈവത്തിന്റെ കൈവേലയുമാണ്. മനുഷ്യൻ ദൈവത്തിന്റെ സ്വരൂപമാണ്. ദൈവത്തെ കാണാനാവില്ല. എന്നാൽ കാണാനാവുമെങ്കിൽ അത് മനുഷ്യനാണ് - ദൈവത്തിന്റെ കാണപ്പെട്ട രൂപം. ഈ ദൈവസ്വരൂപം പ്രകൃതിയുടെ ഭാഗവുമാണ്. ആത്മാവ് മാത്രമല്ല ശരീരവും ചേർന്നതാണ് ഈ ദൈവസ്വരൂപം. ആത്മാവ് മനുഷ്യനിലെ ഒരു ഭാഗമല്ല, ശരീരത്തിൽ മുഴുവൻ വ്യാപരിച്ചു നിൽക്കുന്നതാണ് ആത്മാവ്. അതുകൊണ്ട് ശരീരത്തിൽ നിന്ന് അടർത്തി മാറ്റാവുന്നതല്ല ആത്മാവ്. ശരീരം പ്രപഞ്ചത്തിന്റെ ഭാഗമാണ്. മനുഷ്യൻ പ്രപഞ്ചത്തെ സ്വശരീരത്തിൽ ഉൾക്കൊള്ളുന്നതു വഴി ദൈവസ്വരൂപത്തെ പ്രകൃതിയിലേക്ക് സംക്രമിപ്പിച്ചും, പ്രകൃതിയെ ദൈവത്തിങ്കലേക്ക് ആവാഹിച്ചും ദൈവത്തിനും പ്രപഞ്ചത്തിനും ഇടയിൽ മദ്ധ്യസ്ഥനായി നിൽക്കുന്നു. ഇവിടെ മനുഷ്യനിൽ കേന്ദ്രീകൃതമായ ഒരു പ്രപഞ്ചസങ്കല്പത്തിന് സ്ഥാനമില്ല. ദൈവമാണ് എല്ലാറ്റിന്റെയും കേന്ദ്രം. ദൈവത്തിങ്കലേക്കു പ്രപഞ്ചത്തെ അനുരഞ്ജിപ്പിക്കുന്ന പുരോഹിതനാണ് മനുഷ്യൻ. ഈ അത്യുദാത്തമായ സ്ഥാനത്തേക്ക് ഉയരാതെവണ്ണം പ്രപഞ്ചമോഹങ്ങൾക്ക് അടിമയായിത്തീർന്നിരിക്കുന്ന മനുഷ്യൻ സ്വതന്ത്രനായി ദൈവതേജസ്സിലേക്കു വളരണം. ഈ നിമിഷം പാർത്ത് ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യം കാത്ത് സൃഷ്ടി ഈറ്റുനോവോടിരിക്കുന്നു. മനുഷ്യന്റെ വീഴ്ച അവൻ പ്രകൃതിയിലേക്കും സംക്രമിപ്പിച്ചു. "നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു" (ഉല്പ. 3:17). ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നുള്ള വിടുതൽ സൃഷ്ടിക്ക് ലഭിക്കേണ്ടത് ദൈവമക്കളുടെ തേജസ്ക്കരണത്തിലൂടെയാണ്.

മുൻപറഞ്ഞ ആശയം എഫേസ്യ ലേഖനത്തിലും കൊലോസ്യ ലേഖനത്തിലും വികസിപ്പിച്ചെടുത്തിരിക്കുന്നതായി കാണാം. എഫെ. 1:10-ൽ പ്രപഞ്ചം ഉടലും മനുഷ്യൻ അതിന്റെ ശിരസും ഇങ്ങനെ പ്രപഞ്ചത്തെ

സംബന്ധിച്ച ഒരു അഖണ്ഡ ദർശനം കാണുന്നുണ്ട്. ശിരസില്ലാതെ ഉടലും, ഉടലില്ലാതെ ശിരസും ഇല്ലല്ലോ. മനുഷ്യൻ വീണപ്പോൾ ഈ ബന്ധത്തിന് വിള്ളൽ വന്നു. ആദിമനുഷ്യൻ വീണുപോയതുമൂലം സംഭവിച്ച വിള്ളൽ രണ്ടാം മനുഷ്യനിലൂടെ പരിഹരിക്കപ്പെടണം. ഒരു പുതിയ മനുഷ്യ-പ്രപഞ്ച സങ്കല്പമാണ് ഇവിടെ ഉരുത്തിരിഞ്ഞ് വരുന്നത്. 'എല്ലാം' എന്നതിന് തത്തുല്യമായി ഗ്രീക്ക് ഭാഷയിൽ *Tapanta* എന്ന് ഉപയോഗിച്ചിരിക്കുന്നു. ഈ പ്രയോഗം സർവ്വസൃഷ്ടിക്കുമായി ഉപയോഗിക്കുന്നതാണ്. ഒന്നായിച്ചേർക്കുക എന്ന പ്രയോഗത്തിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് *anakephalaioo* (recapitulate) എന്നാണ്. ശിരസും ഉടലും തമ്മിൽ നഷ്ടപ്പെട്ടുപോയ ബന്ധം പുതിയ മനുഷ്യനിലൂടെ പുനഃസ്ഥാപിക്കപ്പെടണം. കൊലൊ. 1:20-ൽ ഇതേ ആശയം തന്നെ കാണാനാവും. ഇവിടെ *anakephalaioo* എന്നതിനു പകരം *apokatalasso* (നിരപ്പിക്കുക, അനുരഞ്ജിപ്പിക്കുക) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെയും അകന്നുപോയ ബന്ധം വീണ്ടും ഇണക്കിച്ചേർക്കുന്നതായി കാണാം. ഈ വേദഭാഗത്തും സർവ്വസൃഷ്ടിയും എന്ന അർത്ഥത്തിൽ *ta panta* എന്ന് ഗ്രീക്കു മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നു.

മനുഷ്യൻ പ്രപഞ്ചത്തിന്റെ ഭാഗമാണ്. ദൈവസ്വരൂപം എന്ന നിലയിൽ പ്രപഞ്ചത്തിനും ദൈവത്തിനും ഇടയിൽ നിന്ന് പ്രപഞ്ചത്തെ ദൈവത്തോട് ഒന്നായിച്ചേർക്കുക, അനുരഞ്ജിപ്പിക്കുക എന്ന ശുശ്രൂഷയാണ് മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്നത്. ഇവിടെ അധികാരം എന്ന സങ്കല്പത്തിനു പകരം ശുശ്രൂഷ എന്ന ആശയത്തിനാണ് ഊന്നൽ.

അധികാരവും അധീശത്വവും ലോകത്തിന്റെ പ്രമാണമാണ്. അധികാരം എന്ന പദത്തിന് സഭയിലും സമൂഹത്തിലും വന്നുപോയിരിക്കുന്ന മൂല്യത്തകർച്ച വീണ്ടെടുക്കാൻ പുതിയനിയമത്തിൽ അധികാരത്തെ സംബന്ധിച്ച് കാണുന്ന സങ്കല്പം ഗൗരവപൂർവ്വമായ പഠനത്തിന് വിധേയമാക്കുന്നത് നന്നായിരിക്കും. നന്മയിലും വിശുദ്ധിയിലും ദൈവാഭിമുഖമായ് വളർന്നും, മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രപഞ്ചവും തമ്മിലും പരിത്യാഗത്തിലും സ്നേഹത്തിലും ചേർന്നിണങ്ങി ജീവിച്ചും ദൈവതേജസ്സിൽ സൃഷ്ടി മുഴുവനും പങ്കാളികളാകുവാനുള്ള അധികാരമാണ് ക്രിസ്തുവിൽ നമുക്ക് ലഭിച്ചിരിക്കുന്ന രക്ഷയുടെ അന്തഃസത്ത. ഈ തിരിച്ചറിവാണ് മനുഷ്യൻ ഉൾപ്പെടുന്ന സർവ്വസൃഷ്ടിയുടെയും വിമോചനത്തിലേക്കുള്ള ആദ്യ പടി.

**(1998)**

# 15

# കൈവയ്പ്പ്

ആവ: 34:9: "നൂന്റെ മകനായ യോശുവായെ മോശ കൈവച്ചനുഗ്ര ഹിച്ചതുകൊണ്ട് അവൻ ജ്ഞാനപൂർണ്ണനായി തീർന്നു."

2 തീമോ 1:6: "എന്റെ (പൗലോസിന്റെ) കൈവയ്പ്പിനാൽ നിന്നിലുള്ള (തീമോത്തിയോസിലുള്ള) കൃപാവരം ജ്വലിപ്പിക്കണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു."

**ആമുഖം**

കൈവയ്പ്പ് എന്നതിനു സമാനമായ ഗ്രീക്കു പദം Cherirothonia എന്നത്രെ. ഈ ഗ്രീക്കു വാക്കിനു കൈപൊക്കി തിരഞ്ഞെടുത്ത് നിയമിക്കുക എന്ന സാമാന്യാർത്ഥം കാണുന്നു. പുതിയനിയമത്തിൽ രണ്ടു സന്ദർഭങ്ങളിൽ ഈ പദം ക്രീയാരൂപത്തിൽ ഉപയോഗിക്കുന്നുണ്ട്. അപ്പോ. പ്ര. 14:23-ൽ "അവർ (പൗലോസും ബർന്നബാസും) അവർക്കു മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ച് പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കുകയും ചെയ്തു." 2 കൊരി. 8:19-ൽ തീത്തോസിനെപ്പറ്റി "സഭകളാൽ തിരഞ്ഞെടുക്കപ്പെട്ടവൻ" എന്നു പരാമർശിച്ചിരിക്കുന്നു. ഈ രണ്ടു വാക്യങ്ങളിലും സാമാന്യ അർത്ഥത്തിലാണ് Cherirothonia എന്ന ഗ്രീക്കു പദം വിവർത്തനം ചെയ്തിരിക്കുന്നത്. ഏതൊരു ജനായത്ത ഭരണസംവിധാനത്തിലും ഇങ്ങനെ തിരഞ്ഞെടുത്തു നിയമിച്ചാക്കുന്ന സ്ഥാനികൾ ഉണ്ട്. സഭാശുശ്രൂഷയിലേക്കുള്ള കൈവയ്പിന് ഈ പരിമിതമായ അർത്ഥം മാത്രമേയുള്ളുവെന്നാണോ ഇതിന്റെയർത്ഥം. ചില സഭാവിഭാഗങ്ങൾ തിരഞ്ഞെടുപ്പും നിയമവും ഊന്നൽ നല്കിക്കൊണ്ട് കൈവയ്പിനെ വ്യാഖ്യാനിക്കുന്നു. ഇക്കാരണത്താൽ ഈ പദത്തെക്കുറിച്ച് വിശദവും ആഴവുമായ ഒരു പഠനം ആവശ്യമായി വന്നിരിക്കുന്നു. ഇതിനു സഹായകമായ ചില കുറിപ്പുകൾ മാത്രം ചുവടെ ചേർക്കുന്നു.

കൈവയ്പ് എന്ന പദം പൊതുവേ പട്ടത്വനൽവരം പകർന്നു കൊണ്ടുള്ളത് എന്ന അർത്ഥത്തിലാണ് നാം മനസ്സിലാക്കുന്നത്. എന്നാൽ മറ്റു പല അർത്ഥങ്ങളിലും ഈ പദം വി. വേദപുസ്തകത്തിലും പിതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്.

**പഴയനിയമത്തിൽ**

പഴയനിയമത്തിൽ ഈ പദം ഏതാണ്ട് ഏഴ് വിവിധ സന്ദർഭങ്ങളിൽ

ഉപയോഗിച്ചു കാണുന്നു. 1. തലയിൽ കൈവച്ച് അനുഗ്രഹിക്കുന്നു - യാക്കോബ് തന്റെ കൊച്ചുമക്കളായ എഫ്രിയിമിനെയും മനശ്ശെയെയും തലയിൽ കൈവച്ചനുഗ്രഹിക്കുന്ന സന്ദർഭം (ഉല്പത്തി 48:14-18). 2. കൈവച്ച് സൗഖ്യം നല്കുന്നതിനെപ്പറ്റി സൂചിപ്പിക്കുന്നു - ദൈവപുരുഷനായ ഏലീശാ കുഷ്ഠരോഗബാധിതനായ നയമാനെ രോഗം ബാധിച്ച സ്ഥലത്തു കൈവച്ച് പ്രാർത്ഥിച്ച് സൗഖ്യം നൽകും എന്ന് നയമാൻ പ്രതീക്ഷിച്ചിരുന്നതായി 2. രാജാ. 5:11-ൽ കാണാം. 3. യാഗമൃഗത്തെ കൊല്ലുന്നതിനു മുമ്പ് അർപ്പിക്കുന്നവർ യാഗമൃഗത്തിന്റെ തലയിൽ കൈവയ്ക്കുന്നു (പുറപ്പാട് 29:10, ലേവ്യർ 1:4, 4:4, 15, 24, 29, 33, 8:14, 2 ദിന. 29:33). ഇവിടെ യാഗമർപ്പിക്കുന്നവരുടെ സമർപ്പണവും അവർക്ക് അതിലുള്ള പങ്കും സൂചിപ്പിക്കുന്നതിനാണ് യാഗമൃഗത്തിന്മേൽ കൈവയ്ക്കുന്നത്. 4. അസസ്സേലിനുള്ള കോലാട്ടു കൊറ്റനുമേൽ അഹറോൻ ഇരു കൈകളും വച്ച് യിസ്രയേലിന്റെ പാപം മുഴുവനും ഏറ്റുപറഞ്ഞ് അതിന്റെ തലയിൽ ചുമത്തുന്നു (ലേവ്യർ 16:21). 5. ദൈവദൂഷണകുറ്റം ചുമത്തിയ വ്യക്തിയുടെ തലയിൽ കൈവച്ചശേഷം സഭ അവനെ കല്ലെറിഞ്ഞ് കൊല്ലണമെന്ന് യഹോവ നിർദ്ദേശം നല്കുന്നു (ലേവ്യ 24:14). ഇവിടെ ദൈവദൂഷകനു നല്കുന്ന ശിക്ഷയിൽ യിസ്രയേൽ സഭയുടെ സമ്മതവും സാക്ഷ്യവുമാണ് ഈ കൈവയ്പിലൂടെ സൂചിപ്പിച്ചിരിക്കുന്നത് . 6. യഹോവയുടെ വേല ചെയ്യേണ്ടതിനു വേർതിരിക്കപ്പെട്ട ലേവ്യരുടെ മേൽ യിസ്രായേല്യർ കൈവയ്ക്കണമെന്നു യഹോവ കല്പിക്കുന്നു (സംഖ്യാ. 8:10). ലേവ്യരുടെ ശുശ്രൂഷയിൽ യിസ്രയേൽമക്കൾക്കുള്ള പ്രാതിനിധ്യവും പങ്കാളിത്തവും അതിനു അവർ ലേവ്യർക്കു നല്കുന്ന സമ്മതവും അധികാരവും കൈവയ്ക്കുന്നതിൽ അടങ്ങിയിരിക്കുന്നു. ഈ സന്ദർഭത്തിൽ തന്നെ ലേവ്യർ യിസ്രായേല്യരുടെ നീരാജന യാഗമെന്നു വിശേഷിപ്പിച്ചിട്ടുണ്ട് (സംഖ്യ 8:11, 15). സംഖ്യ. 8:11-ൽ നാം ഇങ്ങനെ വായിക്കുന്നു. "യഹോവയുടെ വേല ചെയ്യേണ്ടതിനു അഹറോൻ ലേവ്യരെ യഹോവയുടെ സന്നിധിയിൽ യിസ്രയേൽ മക്കളുടെ നീരാജന യാഗമായി അർപ്പിക്കേണം." യാഗമൃഗത്തിന്റെ തലയിൽ യിസ്രായേല്യർ കൈവയ്ക്കുന്നതിന് സമാനമായ ഒരു അനുഷ്ഠാനമാണിത്. 7. മോശ തന്റെ മഹിമയുടെ ഒരംശം യോശുവായുടെ മേൽ കൈവച്ച് പകർന്നു കൊടുക്കുന്നു (സംഖ്യ 27:18, 23, ആവ. 34:9). കൈവയ്ക്കുന്ന ആളിന്റെ ആദ്ധ്യാത്മിക ശക്തി സ്വീകരിക്കുന്ന ആളിലേക്കും സംക്രമിക്കുന്നു എന്നു സാരം. 34:5-ൽ ഇങ്ങനെ കാണുന്നു. "നൂന്റെ മകനായ യോശുവായെ മോശ കൈവച്ച് അനുഗ്രഹിച്ചിരുന്നതുകൊണ്ടു അവൻ ജ്ഞാനപൂർണ്ണനായി തീർന്നു."

മുൻ വിവരിച്ച സന്ദർഭങ്ങളിലെല്ലാം കൈവയ്ക്കുക എന്ന ക്രിയാരൂപ

ത്തിലുള്ള മലയാള പദമാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ആദ്യത്തെ രണ്ടുതരം സന്ദർഭങ്ങളിൽ പഴയനിയമ മൂലഭാഷയായ എബ്രായയിൽ സിം, ഷീത്, നൂഫ് എന്നീ പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവയെല്ലാം പര്യായപദങ്ങളാണ്. മുകളിൽ കൈവയ്ക്കുക (place upon) എന്നാണിതിന്റെയർത്ഥം. അനുഗ്രഹിക്കുന്നതിനും സൗഖ്യം നൽകുന്നതിനും കൈവച്ച് പ്രാർത്ഥിക്കുന്ന സന്ദർഭങ്ങളാണ് ഇവയെല്ലാം. എന്നാൽ മൂന്നു മുതൽ ഏഴു വരെയുള്ള സന്ദർഭങ്ങളിൽ മലയാളത്തിൽ കൈവയ്പ് എന്നു കാണുന്നുണ്ടെങ്കിലും എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് സാമക് എന്നാണ്. ഈ പദത്തിന്റെ അർത്ഥം ചായിക്കുക, ചായിച്ചു വയ്ക്കുക എന്നാകുന്നു (lean upon). അനുഗ്രഹിക്കുന്നതിനും സൗഖ്യം നൽകുന്നതിനും കൈവയ്ക്കുന്ന വിധവും അർത്ഥവും യാഗസന്ദർഭങ്ങളിലും ദൈവികശുശ്രൂഷയ്ക്കായി ആളുകളെ വേർതിരിച്ച് നിയോഗിക്കുന്നതിന് കൈവയ്ക്കുന്നവിധവും അർത്ഥവും തമ്മിൽ വ്യത്യാസമുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

പഴയനിയമം ഗ്രീക്കു ഭാഷയിലേക്കു വിവർത്തനം ചെയ്യുമ്പോൾ എബ്രായ ഭാഷയിൽ കാണുന്ന ഈ അർത്ഥ വ്യത്യാസങ്ങൾ നഷ്ടപ്പെട്ടു പോകുവാനിടയായി. മിക്കവാറും എല്ലാ സന്ദർഭങ്ങളിലും മുകളിൽ കൈവയ്ക്കുക എന്ന അർത്ഥം വരുന്ന ഗ്രീക്കു പദം ആണ് ഉപയോഗിച്ചിരിക്കുന്നത് (epitithemi ccheria). സുറിയാനി വിവർത്തനങ്ങളിൽ സോം, നൂഫ്, സ്മാക് എന്നീ പദങ്ങൾ ഉപയോഗിച്ചു കാണുന്നു. എന്നാൽ ഏറിയപങ്കും സന്ദർഭങ്ങളിൽ സോം എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. എബ്രായ ഭാഷയിലെ സീം, സാമക് എന്നീ പദങ്ങൾ സൂചിപ്പിക്കുന്ന അർത്ഥത്തിലും അനുഷ്ഠാനത്തിലുമുള്ള വ്യത്യാസം സുറിയാനി വിവർത്തനത്തിൽ കാണുന്നില്ല എന്നു സാരം.

### പുതിയനിയമത്തിൽ

പുതിയനിയമത്തിൽ കൈവയ്ക്കുക, കൈവയ്പ് എന്നീ പദങ്ങൾ താഴെ പറയുന്ന വിവിധ സന്ദർഭങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. 1. യേശു ശിശുക്കളുടെ മേൽ കൈവച്ച് അവരെ അനുഗ്രഹിച്ചു (മത്തായി 19:13-15, മർക്കോസ് 10:13, 16). 2. രോഗികളുടെ മേൽ കൈവച്ച് സൗഖ്യം നൽകി (മർക്കോസ് 5:23, 6:5, 7:32, 8:23, 25, 16:18, ലൂക്കോസ് 4:40, 13:13, അപ്പോ. പ്ര. 28:8). 3. സ്നാനത്തിന്റെ പൂർത്തീകരണമായി കൈവച്ച് പരിശുദ്ധാത്മാവിനെ പകർന്നു കൊടുത്തു (അപ്പോ. പ്ര. 8:17, 19, 19:56). 4. ദൈവിക ശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ടവരുടെ തലയിൽ കൈവച്ച് പരിശുദ്ധാത്മ നൽവരവും ശുശ്രൂഷയ്ക്കുള്ള അധികാരവും നിയോഗവും നൽകുന്നു. ഉദാഹരണം: സഭാ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്ത ഏഴു

പേരുടെ മേൽ അപ്പോസ്തോലന്മാർ കൈവച്ച് പ്രാർത്ഥിച്ചതായി പറഞ്ഞിരിക്കുന്നു (അപ്പോ. പ്ര. 6:6). അന്ത്യോഖ്യയിൽ വച്ച് പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉപവസിച്ച് പ്രാർത്ഥിച്ച് പൗലോസിന്റെയും ബർന്നബാസിന്റെയും മേൽ കൈവച്ച് സുവിശേഷവേലക്കായി നിയോഗിച്ച് അയയ്ക്കുന്നു (അപ്പോ. പ്ര. 13:3). കൈവയ്പിലൂടെ ലഭിച്ച കൃപാവരം ഉപേക്ഷയായി കരുതാതെ പ്രോജ്ജ്വലിപ്പിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. (1 തീമോത്തി. 4:14, 2 തീമോത്തി. 1:16). ധൃതഗതിയിൽ ആർക്കും കൈവയ്പ് നൽകരുത് എന്ന മുന്നറിയിപ്പും കാണാം (1 തീമോ. 5:22). എബ്രായർ 6:2-ൽ കാണുന്ന കൈവയ്പിനെക്കുറിച്ചുള്ള പരാമർശം സഭാശുശ്രൂഷയ്ക്കായുള്ള കൈവയ്പായി കരുതാവുന്നതാണ്. സ്നാനത്തിന്റെ പൂർത്തീകരണമായി കൈവച്ച് പരിശുദ്ധാത്മാഭിഷേകം പകരുന്നതിനെക്കുറിച്ച് അപ്പോ. പ്രവൃത്തികളിൽ മാത്രമേ പറയുന്നുള്ളു.

മുൻപറഞ്ഞ പുതിയനിയമ സന്ദർഭങ്ങളിലെല്ലാം തന്നെ എപ്പിറ്റിത്തേമി കെയ്റാ എന്നും (epitithemi cheeira) എപ്പിത്തേസ്സ്റ്റോൺ കെയ്റോൻ (epithesiston cheiron) എന്നും ഉപയോഗിച്ചിരിക്കുന്നു. ഇവയ്ക്കു യഥാക്രമം കൈവയ്ക്കുക, കൈവയ്പ് എന്നാണർത്ഥം.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ പഴയനിയമ പരിഭാഷയായ സെപ്റ്റ്വജിന്റിൽ കാണുന്ന പദപ്രയോഗം പുതിയനിയമം പിന്തുടരുന്നു എന്നു സാരം. അതായത് അനുഗ്രഹത്തിനും സൗഖ്യത്തിനും തലയിൽ കൈവച്ച് പ്രാർത്ഥിക്കുന്നതിനും സഭാ ശുശ്രൂഷയ്ക്കായി അധികാരവും നിയോഗവും നൽകുന്ന കൈവയ്പിനും ഒരേ പദം തന്നെ കൊടുത്തിരിക്കുന്നു. ഇക്കാരണത്താൽ പഴയനിയമത്തിലെ സാമക് എന്ന എബ്രായ പദത്തിന്റെ വിശേഷാർത്ഥം പുതിയനിയമത്തിലെ ഗ്രീക്കു മൂലത്തിലൂടെ പ്രതിഫലിക്കുന്നില്ല. സുറിയാനി വിവർത്തനത്തിലും ഇതുതന്നെയാണ് കാണുന്നത്. എല്ലാ സന്ദർഭങ്ങളിലും സോം ഈദോ (കൈവയ്ക്കുക) സ്യോം ഈദോ (കൈവയ്പ്) എന്നീ പദങ്ങൾ ഗ്രീക്കു ഭാഷയിലെപ്പോലെതന്നെ ഉപയോഗിച്ചിരിക്കുന്നു.

## ആദിമസഭയിലും ശുശ്രൂഷാക്രമങ്ങളിലും

ആദിമ സഭയുടെ എഴുത്തുകളിൽ കൈവയ്പിനു നൽകിയിരിക്കുന്ന സാങ്കേതികപദം കെയ്റോത്തോനിയാ (cheirothonia) എന്നത്രേ. ഇതിനു രണ്ടു മൂന്നു അർത്ഥങ്ങൾ കൊടുത്തിരിക്കുന്നു. 1. കൈ ഉയർത്തിപിടിക്കുക. 2. തിരഞ്ഞെടുക്കുക, ഔദ്യോഗിക സ്ഥാനത്തേക്ക് നിയോഗിക്കുക. 3. രാജാവായി അവരോധിക്കുക. 4. സഭയുമായി ബന്ധപ്പെടുത്തി ഈ വാക്കിന് കൈവയ്പ് എന്നർത്ഥം നൽകിയിരിക്കുന്നു. ഇവിടെ തിരഞ്ഞെടുപ്പും തലയിൽ കൈവച്ച് പട്ടാഭിഷേകം നൽകുന്നതും ഉൾപ്പെടെയുള്ള

കർമ്മത്തിനും കെയ്റോത്തോനിയ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ആദിമപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ അപ്പോസ്തലപ്രവൃത്തികൾ ആറാം അദ്ധ്യായത്തിൽ കാണുന്ന ഏഴു ശെമ്മാശ്ശന്മാരുടെ കൈവയ്പിനും സഭയിലെ ശെമ്മാശന്മാർ, പട്ടക്കാർ, മേല്പട്ടക്കാർ എന്നീ പദവികളിലേക്കുള്ള കൈവയ്പിനും ഈ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ പദം പുതിയനിയമത്തിൽ തന്നെയുണ്ട്. തീത്തോസ് സഭകളാൽ തിരഞ്ഞെടുക്കപ്പെട്ടവനാണെന്ന് സൂചിപ്പിക്കുന്നിടത്ത് ഈ പദമാണ് ഉപയോഗിക്കുന്നത് (2 കൊരി. 8:19). അപ്പോ. പ്ര. 14:23-ൽ പൗലോസും ബർന്നബാസും സഭകൾക്കുവേണ്ടി മൂപ്പന്മാരെ നിയമിച്ചു എന്നു പറയുന്നിടത്തും ഈ പദം ഉപയോഗിച്ചിരിക്കുന്നു. എന്നാൽ തിരഞ്ഞെടുപ്പ് (election), നിയോഗം (appointment) എന്നീ പരിമിതമായ അർത്ഥങ്ങൾ അല്ല കെയ്റോത്തോനിയ എന്ന പദത്തിന് പിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽ കാണുന്നത്. തലയിൽ കൈവച്ച് വേർതിരിച്ച് നിയോഗിക്കുന്ന അനുഷ്ഠാനത്തിനു മൊത്തമായാണ് മുൻ സൂചിപ്പിച്ചതുപോലെ, ഈ പദം പിതാക്കന്മാർ ഉപയോഗിക്കുന്നത്. ഇതുകൊണ്ടാവണം കെയ്റോത്തോനിയായുടെ പര്യായമായി കെയ്റോതേസിയാ (cheirothesia) എന്ന പദവും കൂടി പിതാക്കന്മാർ ഉപയോഗിക്കുന്നത്. അതേസമയം തന്നെ കെയ്റോത്തോനിയാ എന്ന പദമാണ് കൂടുതലായി ഉപയോഗിച്ചിരിക്കുന്നതും. ഇതിനു കാരണം കെയ്റോതേസിയ അനുഗ്രഹത്തിനും സൗഖ്യത്തിനും എല്ലാംകൂടി ഉപയോഗിക്കുന്ന പൊതു പദമാണ്. കെയ്റോത്തോനിയാ ആകട്ടെ ഔദ്യോഗികസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പും നിയോഗവും ഉൾക്കൊള്ളുന്നു. മാത്രമല്ല പഴയനിയമത്തിലെ സാമക് എന്ന പദത്തിനുള്ള വിശേഷാർത്ഥം കൂടി കെയ്റോത്തോനിയായ്ക്ക് നൽകിയിരിക്കുന്നു. പട്ടാഭിഷേകം നൽകുന്നയാൾ സ്വീകരിക്കുന്നയാളിലേക്ക്, വിളിച്ചിരിക്കുന്ന സ്ഥാനത്തിന് ആവശ്യമായ ആദ്ധ്യാത്മിക നൽവരങ്ങൾ തലയിൽ കൈവച്ച് പകർന്നു കൊടുക്കുന്നു. സഭയുടേയും ദൈവത്തിന്റേയും പ്രതിനിധിയായി നിൽക്കുന്ന കാർമ്മികൻ ദൈവത്തിന്റെ നിയോഗവും സഭയുടെ അധികാരവും കൈവയ്പ്പിലൂടെ പ്രകാശിപ്പിക്കുന്നു.

### ഉപസംഹാരം

കൈവയ്പിനെക്കുറിച്ചുള്ള ഈ പഠനം താഴെ പറയുന്ന സംഗതികളിലേക്ക് വിരൽ ചൂണ്ടുന്നു.

1. കെയ്റോത്തോനിയ എന്ന പദമാണ് കൈവയ്പിനു സ്വീകരിച്ചിരിക്കുന്ന സാങ്കേതികപദം. കെയ്റോത്തോനിയ എന്ന ഗ്രീക്കു വാക്കിനു തിരഞ്ഞെടുക്കുക, നിയോഗിക്കുക എന്നീ അർത്ഥങ്ങളാണ് സാധാരണ

കൊടുക്കുക. മാത്രമല്ല കൈ ഉയർത്തി സമ്മതിദാനം നൽകുക എന്ന അർത്ഥവും കൂടി ഈ വാക്കിനുണ്ട്. അസ്റാഹ് എന്ന സുറിയാനി പദത്തിനു തിരഞ്ഞെടുക്കുക, നിയോഗിക്കുക, ശെമ്മാശന്മാർ, പട്ടക്കാർ മേൽപ്പട്ടക്കാർ എന്നീ സ്ഥാനികൾക്ക് കൈവച്ച് പട്ടം കൊടുക്കുക എന്നീ അർത്ഥങ്ങളുണ്ട്. അതായത് കെയ്റോത്തോനിയ എന്ന ഗ്രീക്കു പദത്തിനു നല്കിയിരിക്കുന്ന എല്ലാ അർത്ഥങ്ങളും മെത്തസ്ർഹോനൂതോ എന്ന പദത്തിനുമുണ്ട്. പിതാക്കന്മാർ ഈ പദം കൈവയ്പിനുള്ള സാങ്കേതികപദമായി സ്വീകരിക്കുമ്പോൾ മുൻപറഞ്ഞ സാധാരണ അർത്ഥം മാത്രമല്ല നൽകുന്നത്. പഴയനിയമത്തിൽ സാമക് എന്ന പദത്തിൽ അടങ്ങിയിരിക്കുന്ന സവിശേഷാർത്ഥം കെയ്റോത്തോനിയായിൽ അവർ ഉൾക്കൊള്ളിക്കുന്നു.

2. അനുഗ്രഹത്തിനും സൗഖ്യത്തിനും വേണ്ടിയുള്ള കൈവയ്പ്പല്ല പട്ടാഭിഷേകത്തിനുള്ള കൈവയ്പ്. കാർമ്മികൻ സ്ഥാനിയിലേക്ക് ദൈവദത്തമായ നൽവരങ്ങൾ കൈവയ്പിലൂടെ പകർന്നു കൊടുക്കുന്നു.

3. കാർമ്മികൻ സ്ഥാനിയുടെ തലയിൽ കൈവയ്ക്കുന്നത് സ്വന്തം അധികാരവകാശത്തെ അടിസ്ഥാനമാക്കിയല്ല. സഭയുടെ മുഴുവൻ സമ്മതവും സാക്ഷ്യവും നിയോഗവും നൽവരവുമാണ് കൈവയ്പിലൂടെ പകർന്നു കൊടുക്കുന്നത്. സഭയ്ക്കു മുഴുവൻ വേണ്ടിയാണ് കാർമ്മികൻ സ്ഥാനിയുടെ മേൽ കൈവയ്ക്കുന്നത്. ലേവ്യരുടെ മേൽ യിസ്രായേല്യർ കൈവയ്ക്കുന്നതു വഴി ലേവ്യരുടെ ശുശ്രൂഷയിൽ യിസ്രായേൽ മക്കൾക്കുള്ള പ്രാതിനിധ്യവും പങ്കാളിത്തവും സമ്മതവും അധികാരവും പകർന്നു കൊടുക്കുന്നതുപോലെ സഭയുടെ പ്രതിനിധിയായി നിൽക്കുന്ന കാർമ്മികൻ സ്ഥാനികളിലേക്ക് സഭയുടെ സമ്മതവും അധികാരവും നൽവരവും സംക്രമിപ്പിക്കുന്നു.

4. ലേവ്യർ യിസ്രായേല്യരുടെ നീരാജനയാഗമായിരിക്കുന്നപ്രകാരം ശെമ്മാശ്ശന്മാരും പട്ടക്കാരും മേൽപ്പട്ടക്കാരും സഭയുടെ നീരാജനയാഗമാണ്. യാഗമൃഗത്തിന്മേൽ യിസ്രായേല്യർ കൈവച്ച് അവരുടെ സമർപ്പണം പ്രകാശിപ്പിക്കുന്നതിനു തുല്യമാണ് സഭ കാർമ്മികർ വഴി സ്ഥാനികളുടെമേൽ കൈവയ്ക്കുന്നത്. പൗരസ്ത്യസഭ തിരഞ്ഞെടുപ്പിനും നിയോഗത്തിനും (election and appointment) മുൻതൂക്കം നൽകിയിരിക്കുന്നു. കത്തോലിക്കാ സഭയുടെ പാരമ്പര്യത്തിൽ കർമ്മം നേരായ ഉദ്ദേശ്യത്തോടെ വിധിപ്രകാരം ചെയ്യുമ്പോൾ ഫലസിദ്ധിയുണ്ടാകും എന്ന ex opere operato പ്രമാണത്തിനു പ്രാധാന്യം കൊടുത്തു കാണുന്നു. പാശ്ചാത്യധാരകളിൽനിന്നും അകന്നു നിന്നുകൊണ്ട് പൗരസ്ത്യ സഭകൾ ദൈവം, ദൈവജനം, കാർമ്മികൻ, സ്ഥാനി എന്നിവരുടെ മുഴുവൻ പങ്കും പ്രകാശിപ്പിക്കുന്നവിധമാണ് പട്ടാഭിഷേകത്തെ വ്യാഖ്യാനിക്കുക.

6. കൈവയ്പ് യാന്ത്രികമല്ല. കാർമ്മികൻ ദൈവത്തിൽനിന്ന് സ്വീകരിക്കുന്ന മഹിമയിൽ സ്ഥാനികളേയും പങ്കുകാരാക്കുന്നു. മോശയുടെ ജ്ഞാനാത്മ പൂർണ്ണതയിൽ യോശുവയും പങ്കാളിയാവുന്നു. ഇവിടെ മോശയും ദൈവവും, മോശയും യോശുവായും തമ്മിൽതമ്മിലുള്ള പാരസ്പര്യമാണ് കൈവയ്പിന്റെ ചൈതന്യം. ഈ നനവും ഒഴുക്കും വറ്റിപ്പോകുന്നെങ്കിൽ സഭാ ശുശ്രൂഷയ്ക്ക് ജീവനില്ലാതെ വരും എന്ന് നമുക്ക് മറക്കാതിരിക്കാം.

# 16

# രക്തസാക്ഷ്യം വേദചരിത്രത്തിൽ

### 1. സാക്ഷ്യം പഴയനിയമത്തിലും യഹൂദ ചരിത്രത്തിലും

### a. നിങ്ങൾ എന്റെ സാക്ഷികൾ

സാക്ഷ്യം എന്ന പദത്തിന് രക്തം ചൊരിഞ്ഞുള്ള സാക്ഷ്യം എന്ന അർത്ഥം ലഭിക്കുന്നത് ക്രിസ്താബ്ദം 2-ാം നൂറ്റാണ്ടിലാണ്. "നിങ്ങൾ എന്റെ സാക്ഷികൾ" എന്ന് ഇസ്രായേല്യരെ സംബന്ധിച്ച് യഹോവ തന്നെ കല്പിക്കുന്നതായി യശയ്യാ പ്രവാചകൻ രേഖപ്പെടുത്തുന്നുണ്ട്. യഹൂദ ചരിത്രത്തിൽ രക്തസാക്ഷ്യത്തെക്കുറിച്ചുള്ള വിവരണം പ്രധാനമായും കാണുന്നത് മക്കാബിയരുടെ പുസ്തകങ്ങളിലാണ്. എന്നാൽ യഹോവയോടുള്ള ഭക്തിയെപ്രതി പീഡയും മരണവും സ്വീകരിക്കുന്ന പ്രവാചകന്മാരെക്കുറിച്ചും ദൈവപുരുഷന്മാരെക്കുറിച്ചുമുള്ള വിവരണങ്ങൾ പഴയനിയമത്തിന്റെ മറ്റു ഭാഗങ്ങളിൽ പലയിടങ്ങളിലും കാണാൻ കഴിയും. ഇതിന് നല്ല ഉദാഹരണമാണ് ഏലിയാവിനുണ്ടായ പീഡകൾ. ഏലിയാവിനോട് ചേർന്നുനിന്ന അനേകം പ്രവാചകന്മാരെ ഇസബേൽ രാജ്ഞി വാൾകൊണ്ട് കൊല്ലിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു (1 രാജാ. 19:10). യശയ്യാ പ്രവാചകൻ രക്തസാക്ഷ്യം വരിച്ചതായാണ് പാരമ്പര്യം. യിരമ്യാ പ്രവാചകനുണ്ടായ പീഡകൾ മറ്റൊരുദാഹരണമാണ്. പ്രവാചകനായ ഊരിയാവിന്റെ രക്തസാക്ഷ്യത്തെക്കുറിച്ച് യിരമ്യാ പ്രവാചകൻ രേഖപ്പെടുത്തുന്നുണ്ട് (യിരമ്യാ 26:10-23). ശദ്രക്ക്, മേശക്ക്, അബേദ്നഗോ എന്നിവർക്കും ദാനിയേലിനുമുണ്ടായ പീഡകൾ ദാനിയേലിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാരണത്താലത്രെ "നിന്റെ നിമിത്തം ഞങ്ങളെ ദിവസംപ്രതി കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്നിങ്ങനെ സങ്കീർത്തനക്കാരൻ വിലപിച്ചു ചൊല്ലുന്നത് (സങ്കീ. 44:22). നാം ഉപയോഗിക്കുന്ന ശ്ഹീമാ നമസ്കാരത്തിൽ സഹദേന്മാരെ ഓർത്തുകൊണ്ട് ഈ സങ്കീർത്തനഭാഗം സഭ ആവർത്തിച്ചു ചൊല്ലുന്നു.

"നിന്നെപ്രതി വധമേറ്റു നിത്യം ഞങ്ങൾ ഹാ...... ഉഹാ .......
ഞങ്ങളെയെണ്ണിയറുക്കാൻ നിർത്തിയൊരാട്ടിൻകുട്ടികൾ പോൽ"

(വെള്ളിയാഴ്ച സന്ധ്യ)

### b) മക്കാബിയരുടെ കാലത്തെ പീഡയും രക്തസാക്ഷ്യവും

ദൈവത്തെപ്രതിയുള്ള പീഡാനുഭവങ്ങളുടെയും രക്തസാക്ഷ്യത്തി

ന്റെയും പാരമ്യമാണ് ക്രിസ്തുവിനു മുമ്പ് രണ്ടാം നൂറ്റാണ്ടിൽ സിറിയാക്കാരിൽ നിന്നും യഹൂദർക്കുണ്ടായ പീഡയും രക്തസാക്ഷ്യവും. മക്കാബിയരുടെ ഒന്നും, രണ്ടും പുസ്തകങ്ങളാണ് ഈ സംഭവത്തിന്റെ ചരിത്രരേഖ. സിറിയ ഭരിച്ചിരുന്ന അന്ത്യോക്കസ് എപ്പിഫാനസ് ക്രി. മു. 169-ൽ യെറുശലേം ആക്രമിച്ചു കീഴ്പ്പെടുത്തി. 167-ൽ അന്ത്യോക്കസ് യഹൂദ മതാനുഷ്ഠാനങ്ങൾ നിരോധിച്ചു. യെരുശലേം ദേവാലയം മലിനമാക്കി. ജാതീയ ആരാധനകൾ നിർബന്ധമാക്കി. വിഗ്രഹങ്ങൾക്ക് ബലിയർപ്പിക്കുന്നതിനും, ശബതാചാരങ്ങൾ നിരാകരിക്കുന്നതിനും, പന്നികളെയും, അശുദ്ധ മൃഗങ്ങളേയും ബലിവസ്തുക്കളായി ഉപയോഗിക്കുന്നതിനും, പരിഛേദന ഒഴിവാക്കുന്നതിനും യെഹൂദരുടെ മേൽ ശക്തമായ സമ്മർദ്ദം ഉണ്ടായി. രാജകല്പന അനുസരിക്കാത്തവർ വധിക്കപ്പെടും എന്ന് വിളംബരം ചെയ്തു. നിയമ പുസ്തകം തിരഞ്ഞു കണ്ടെത്തി തീയിലിട്ട് ചുട്ടുകളഞ്ഞു. നിയമപുസ്തകം കൈയിൽ വയ്ക്കുന്നവരേയും അതനുസരിച്ച് ജീവിക്കുന്നവരെയും കൊന്നുകളഞ്ഞു. പരിഛേദനയ്ക്ക് വിധേയരാക്കിയ കുഞ്ഞുങ്ങളെയും കുടുംബാംഗങ്ങളെയും രാജാവ് കൊല്ലിച്ചു. യെഹൂദരിൽ പലരും പുറജാതിമതം സ്വീകരിക്കുവാൻ തയ്യാറായി. എന്നാൽ ഒരുപറ്റം യെഹൂദർ യഹൂദമത പ്രമാണങ്ങളിലും അനുഷ്ഠാനങ്ങളിലും ഉറച്ചു നിന്ന് മരണം സ്വീകരിച്ചു (1 മക്കാബിയർ 1:54-61).

അന്ത്യോക്കസ് എപ്പിഫാനസിന്റെ പീഡകൾ ചെറുത്തു നിൽക്കുന്നതിന് യെഹൂദർക്ക് നേതൃത്വം നൽകിയ ആളാണ് മത്തഥ്യാസ്. ഇദ്ദേഹം ഒരു പുരോഹിതനായിരുന്നു. അന്ത്യോക്കസിന്റെ പീഡയുടെ കാലത്ത് മത്തഥ്യാസും കുടുംബവും യെരുശലേം വിട്ട് മൊദെയിനിൽ വന്നു പാർത്തു. മത്തഥ്യാസിന് അഞ്ച് പുത്രന്മാരുണ്ടായിരുന്നു. അവരിൽ യൂദാ, യോനാഥാൻ, ശിമോൻ എന്നീ മൂന്നുപേർ സിറിയക്കാർക്കെതിരായുള്ള സമരത്തിൽ യഹൂദരെ നയിച്ചു. ഇവരിൽ പ്രധാനി മക്കാബയൂസ് എന്ന് മറുപേരുള്ള യൂദായായിരുന്നു. ഇക്കാരണത്താലാണ് അന്ത്യോക്കസിനെതിരായുള്ള യഹൂദരുടെ സമരത്തെ മക്കാബ്യ സമരം എന്നു വിളിക്കുന്നതും ആ കാലഘട്ടം മക്കാബിയരുടെ കാലഘട്ടം എന്നറിയപ്പെടുന്നതും. ക്രി. മു. 161-ൽ യൂദാ രക്തസാക്ഷ്യ മരണം പ്രാപിച്ചു.

മക്കാബിയരുടെ കാലത്തുണ്ടായ രണ്ട് സംഭവങ്ങൾ എടുത്തുപറയേണ്ടവയാണ്. അന്ത്യോക്കസ് യഹൂദർക്ക് എതിരെ പീഡ അഴിച്ചുവിട്ട സന്ദർഭം മത്തഥ്യാസ് ആഹ്വാനം ചെയ്തതനുസരിച്ച് യഹൂദർ മരുഭൂമിയിലെ ഒളിവിടങ്ങളിൽ അഭയം പ്രാപിച്ചു. സിറിയൻ സൈന്യം അവരെ പിൻതുടർന്നു. ഒരു ശബത് ദിവസം വന്നു. യഹൂദരുടെ നിയമം അനുസരിച്ച് ശബതിൽ ഒരു പ്രവൃത്തിയും പാടില്ല. സിറിയൻ സൈന്യത്തിന്റെ മുമ്പിലും അവർ ആയുധം എടുത്തില്ല. സ്ത്രീകളും കുട്ടികളും അടക്കം

നിരായുധരായി നിന്ന ആയിരം പേരെ സിറിയൻ സൈന്യം നിഷ്കരുണം കൊന്നുകളഞ്ഞു (1 മക്കാ. 2:27-38). മക്കാബിയരുടെ കാലത്തുണ്ടായ മറ്റൊരു രക്തസാക്ഷ്യം ഒരമ്മയും ഏഴു പുത്രന്മാരും വീരമരണം പ്രാപിച്ചതാണ് (2 മക്കാ. 7). പാശ്ചാത്യ സഭ ഇവരുടെ ഓർമ്മ ആചരിക്കുന്നുണ്ട്. സുറിയാനി സഭയും ഇവരെ ഓർക്കുന്നു. സുറിയാനി പാരമ്പര്യത്തിൽ അമ്മയുടെ പേര് ശ്മൂനിയെന്നു കൊടുത്തിരിക്കുന്നു. മർത്ത ശ്മൂനിയേയും ഏഴ് പുത്രന്മാരെയും രക്തസാക്ഷികളുടെ പട്ടികയിൽ ഉൾപ്പെടുത്തി സഭ ആദരിക്കുന്നുണ്ട്. ശ്ഹീമാ നമസ്കാരം തിങ്കളാഴ്ച രാത്രിയുടെ രണ്ടാം കൗമാ പ്രാർത്ഥനയിൽ യോഹന്നാൻ മംദാനാ, സ്തേഫാനോസ്, തേവോദോറോസ്, ഗീവറുഗീസ് സഹദാ, സർഗീസ്, ബാക്കോസ്, കുറിയാക്കോസും അമ്മ യൂലീത്തി, നാല്പത് സഹദേന്മാർ, തോമ്മാശ്ലീഹാ എന്നിവരോടൊപ്പം ശ്മൂനിയേയും ഏഴ് പുത്രന്മാരെയും സഹദേന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തി അവരെ പ്രകീർത്തിച്ച് പാടുന്നുണ്ട്.

മക്കാബിയരുടെ കാലത്തെ പീഡയും രക്തസാക്ഷ്യവും ക്രിസ്തീയ സഭയ്ക്ക് നേരിടേണ്ടിവന്ന പീഡയും രക്തസാക്ഷ്യവും സംബന്ധിച്ച ധാരണയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഇക്കാരണമാണ് മക്കാബിയരുടെ കാലത്തുണ്ടായ രക്തസാക്ഷ്യം സഭയുടെ ചരിത്രത്തിന്റെ ഭാഗമായി കാണുന്നത്.

ഇവിടെ മറ്റൊരു കാര്യം ശ്രദ്ധേയമാണ്. പഴയനിയമത്തിലും യഹൂദ ചരിത്രത്തിലും ദൈവത്തോടുള്ള ഭക്തിയെപ്രതി പീഡയും മരണവും സ്വീകരിക്കുന്ന സംഭവങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇവയ്ക്ക് സാക്ഷ്യം എന്ന പദം ഉപയോഗിച്ചുകാണുന്നില്ല. പുതിയനിയമത്തിലും വിശാലമായ അർത്ഥത്തിലാണ് സാക്ഷ്യം എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് പുതിയനിയമത്തിൽ സാക്ഷ്യം എന്ന പദത്തിന് നല്കിയിരിക്കുന്ന വിവിധ അർത്ഥതലങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കും.

### 2. സാക്ഷ്യം പുതിയനിയമത്തിൽ

### a) സാക്ഷ്യവും ശിഷ്യത്വവും

രണ്ടാം നൂറ്റാണ്ടിലുണ്ടായതുപോലെ വ്യാപകമായ പീഡനവും സാക്ഷിമരണവും ഒന്നാം നൂറ്റാണ്ടിൽ സഭയ്ക്ക് അനുഭവിക്കേണ്ടി വന്നില്ല. എന്നാൽ ക്രിസ്ത്യാനികളുടെ മുമ്പിൽ ക്രൂശിൽ യാഗമായി ത്തീർന്ന ക്രിസ്തുവിന്റെ മാതൃക സജീവമായിരുന്നു. ദൈവനാമത്തെ പ്രതി പീഡനവും സാക്ഷിമരണവും പ്രാപിക്കുന്നതിനെക്കുറിച്ച് കർത്താവു തന്നെ ശിഷ്യന്മാരെ പഠിപ്പിച്ചു. നീതിമാനായ ഹാബേൽ മുതൽ

പ്രവാചകനായ സഖര്യാവ് വരെ അനേകംപേർ ദൈവനാമത്തെപ്രതി പീഡനവും മരണവും സഹിക്കേണ്ടിവന്നു എന്ന് കർത്താവ് ശിഷ്യന്മാരെ ഓർമ്മപ്പെടുത്തുന്നു (മത്താ. 23:34-45). തന്റെ ശിഷ്യനാകുവാൻ ആഗ്രഹിക്കുന്നവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് അവനെ അനുഗമിക്കണം (മർക്കോ. 8:34-38; Cf. മർക്കോ. 13:9-13; യോഹ. 15:20; 16:1-3). ക്രിസ്തുവിനുവേണ്ടി എല്ലാ കഷ്ടതകളും വഹിക്കുന്നതിനുള്ള ഒരുക്കമാണ് എക്കാലത്തും ശിഷ്യത്വം കൊണ്ട് അർത്ഥമാക്കുന്നത്. "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടി നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു" എന്ന് വി. പൗലോസ് എഴുതുന്നു (ഫിലി. 1:29; Cf. 1 തെസ്സ. 2:14-15; 1 പത്രോ. 3:14). പീഡനത്തിന്റെ കാലത്ത് ക്രിസ്തുവിന്റെ വിശ്വസ്ത സാക്ഷികൾ ക്രിസ്തുനാമത്തെ പ്രതി സാക്ഷ്യമരണം സ്വീകരിച്ചു.

### b. പുനരുത്ഥാനത്തിന്റെ സാക്ഷികൾ

പുതിയനിയമത്തിൽ സാക്ഷികൾ എന്ന പദം മുഖ്യമായും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് സാക്ഷികളായി തീർന്ന അപ്പോസ്തോലന്മാരെ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരിക്കുന്നത് (അപ്പോ. പ്ര. 1:22). ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു മാത്രമല്ല പീഡാനുഭവത്തിനും മരണത്തിനും അവർ സാക്ഷികളായിരുന്നു (ലൂക്കോ. 24:47-48; അപ്പോ. പ്ര. 5:30). "ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാംനാൾ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കയും ..... ഇതിനു നിങ്ങൾ സാക്ഷികളാകും" എന്ന് വി. ലൂക്കോസ് (24:46,48) പറയുമ്പോൾ കർത്താവിന്റെ കഷ്ടാനുഭവം പോലെ തന്നെ വസ്തുനിഷ്ടമായ കാര്യമായിട്ടാണ് പുനരുത്ഥാനത്തെയും കാണുന്നത്. സുവിശേഷത്തിന്റെ ഉള്ളടക്കത്തിനാണ് അപ്പോസ്തോലന്മാർ സാക്ഷികളാകുന്നത്. കേട്ടുകേൾവിയോ മിഥ്യാസങ്കൽപ്പമോ ഒന്നുമല്ല ഇതിനാധാരം. അവ ചരിത്രത്തിൽ നിശ്ചിത സ്ഥലകാലങ്ങളിൽ നടന്നവയാണ്. അപ്പോസ്തോലന്മാരെ 'സാക്ഷികൾ' എന്ന് പൊതു അർത്ഥത്തിൽ പറയുകയല്ല. അവർ സാക്ഷികളാകാൻ പ്രത്യേക യോഗ്യതയുള്ളവരാണ്. അവർ യേശുവിന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾക്ക് സാക്ഷികളായിരുന്നു. അവർ അതിനുവേണ്ടി പ്രത്യേകം വിളിക്കപ്പെട്ടവരാണെന്ന് വി. ലൂക്കോസ് പറയുന്നു. ഇസ്ക്കരിയോത്താ യൂദായുടെ സ്ഥാനത്തേക്ക് ഒരാളെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ "ഞങ്ങളോടുകൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ ഞങ്ങളോടുകൂടെ അവന്റെ പുനരുത്ഥാനത്തിന് സാക്ഷിയായിതീരണം" എന്ന് വി. പത്രോസ് പറയുന്നു (അപ്പോ. പ്ര. 1:22) യേശുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും ദൃക്സാക്ഷികൾ ആയതുകൊണ്ടു മാത്രമല്ല അവർ സാക്ഷികൾ ആയിത്തീർന്നത്. ആ സംഭവങ്ങളുടെ രക്ഷാകരമായ

പ്രാധാന്യം വിശ്വാസത്തിൽ അവർക്ക് ഉൾക്കൊള്ളുവാനും കഴിഞ്ഞതുകൊണ്ടാണ് (അപ്പോ. പ്ര. 10:42).

### c) വി. പൗലോസ് കർത്താവിന്റെ സാക്ഷി

അപ്പോ. പ്ര. 22:15-ലും 26:16-ലും വി. പൗലോസിനെ സംബന്ധിച്ചും 22:20-ൽ വി. സ്തേഫാനോസിനെ സംബന്ധിച്ചും കർത്താവിന്റെ സാക്ഷികൾ എന്ന് പരാമർശിക്കപ്പെട്ടിരിക്കുന്നു. വി. പൗലോസ് കർത്താവിന്റെ പുനരുത്ഥാനത്തിനു സാക്ഷിയല്ല. അപ്പോ. പ്ര. 1:22-ൽ സാക്ഷിയായിത്തീരാനുള്ള യോഗ്യത കർത്താവിന്റെ പുനരുത്ഥാനത്തിനു സാക്ഷികളാവുക എന്നതാണ്. വി. പൗലോസിന്റെ മാനസാന്തരത്തിന്റെ സന്ദർഭം കർത്താവുതന്നെ വി. പൗലോസിനോടു പറയുന്നു: 'നീ എന്നെ കണ്ടതിനും ഇനി ഞാൻ നിനക്ക് പ്രത്യക്ഷനാവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിപ്പാൻ ഞാൻ നിനക്കു പ്രത്യക്ഷനായി' (26:16). പൗലോസിനു കാഴ്ച തിരികെ ലഭിക്കുമ്പോൾ അനന്യാസ് അവനോടു പറയുന്നു: 'നീ കാണുകയും കേൾക്കയും ചെയ്തതിന് സകല മനുഷ്യർക്കും നീ അവന്റെ സാക്ഷിയായിത്തീരും' (22:15). ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാക്ഷി എന്ന നിലയിലല്ല ക്രിസ്തുവിനെ കാണുകയും അവനിലുള്ള വിശ്വാസം ഏറ്റുപറയുകയും ചെയ്ത ആൾ എന്ന നിലയിലാണ് വി. പൗലോസ് സാക്ഷിയായിത്തീരുന്നത്.

### രക്തസാക്ഷിയായ വി. സ്തേഫാനോസ്

വി. സ്തേഫാനോസിനെ സംബന്ധിച്ച് 'നിന്റെ (യേശുവിന്റെ) സാക്ഷിയായ സ്തേഫാനോസിന്റെ രക്തം ചൊരിഞ്ഞപ്പോൾ' (അപ്പോ. പ്ര. 22:20) എന്ന് പറഞ്ഞിരിക്കുന്നു. വി. സ്തേഫാനോസ് കർത്താവിന്റെ പുനരുത്ഥാനത്തിനു സാക്ഷിയല്ല. യേശുവിന്റെ സാക്ഷിയാകുന്നതിനുള്ള നിയോഗം മറ്റ് അപ്പോസ്തലന്മാർക്ക് ( വി. പൗലോസിനും) ലഭിച്ചിരുന്നു (അപ്പ. പ്ര. 1:8; 22:15; 26:16). എന്നാൽ സ്തേഫാനോസിനു അങ്ങനെ ലഭിച്ചതായിക്കാണുന്നില്ല. സാക്ഷിമരണത്തിന്റെ സന്ദർഭത്തിൽ മാത്രമാണു സ്തേഫാനോസ് കർത്താവിനെ കാണുന്നത് (അപ്പ. പ്ര. 7:55). ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ ആൾ എന്ന നിലയിലാണ് സ്തേഫാനോസിനെ സാക്ഷി എന്നു വിളിക്കുന്നത്. അപ്പോസ്തോലന്മാർ എല്ലാവരും ഇതുപോലെ വിശ്വാസ സാക്ഷികളും ആയിരുന്നു. എന്നാൽ സ്തേഫാനോസ് ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി മരണം സ്വീകരിച്ചതുകൊണ്ട് സ്തേഫാനോസിന്റെ സാക്ഷ്യം ഗൗരവമർഹിക്കുന്നു. രക്തം ചൊരിഞ്ഞതിനെക്കുറിച്ചുള്ള പരാമർശം ഇതാണ് ചൂണ്ടിക്കാണിക്കുന്നത്. 'സാക്ഷി' എന്നതിനു 'രക്തസാക്ഷി മരണം പ്രാപിച്ചവൻ' എന്ന അർത്ഥം രണ്ടാം നൂറ്റാണ്ടിലേ പ്രചാരത്തിൽ വരുന്നുള്ളു എങ്കിലും പുതി

യനിയമത്തിൽ അതിന് അടിസ്ഥാനമിട്ടു കഴിഞ്ഞു എന്ന് ന്യായമായും പറയാം.

വി. പൗലോസിനെയും സ്തേഫാനോസിനെയും പുതിയനിയമം സാക്ഷികളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ഒരു കാര്യം വ്യക്തമാവുന്നു. ക്രിസ്തുവിന്റെ സാക്ഷികൾ അവന്റെ പുനരുത്ഥാനത്തിന്റെ സാക്ഷികൾ ആയിരിക്കണമെന്ന നിബന്ധന ക്രമേണ മാറ്റുകയും ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുന്നവൻ എന്ന മാനദണ്ഡം സ്വീകരിക്കുന്നതിനിടയാവുകയും ചെയ്തു. രണ്ടാം നൂറ്റാണ്ടാവുമ്പോഴേക്കും ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുക മാത്രമല്ല അതിനുവേണ്ടി മരണം വരിക്കുകയും ചെയ്യുന്നയാളാണു സാക്ഷിയായി പരിഗണിക്കപ്പെടുക.

**ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷി**

1 പത്രോ. 5:1-ൽ വി. പത്രോസ് 'ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിനു കൂട്ടാളിയും' എന്ന് സ്വയം വിശേഷിപ്പിക്കുന്നു. സഭയെ ഭരിക്കുന്ന മൂപ്പന്മാർ ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ മാതൃക സ്വീകരിക്കുന്നവരായിരിക്കണം. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന് സാക്ഷിയായിത്തീർന്ന ഒരാളെന്ന നിലയിൽ വി. പത്രോസ് നല്കുന്ന ഈ പ്രബോധനത്തിന് ആധികാരികതയുണ്ട്. എന്നാൽ ഇവിടെ 'ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷി' എന്ന വാക്യംകൊണ്ട് വി. പത്രോസ് പ്രധാനമായും ഉദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ കഷ്ടത തന്റെ ജീവിതത്തിൽ വഹിച്ചുകൊണ്ട് സാക്ഷ്യം നൽകുന്ന ആൾ എന്ന അർത്ഥമാണ്. ക്രിസ്തുവിന്റെ കഷ്ടതയെന്തെന്ന് കാണുക മാത്രമല്ല ജീവിതത്തിൽ വഹിക്കുന്ന സാക്ഷിയാണ് പത്രോസ്. ഈ സാക്ഷ്യത്തിന് ശക്തിയും ആധികാരികതയും കൂടുന്നു.

**നമുക്കു ചുറ്റും സാക്ഷികളുടെ വലിയോരു സമൂഹം**

എബ്രായർക്കെഴുതിയ ലേഖനം 11 -ാം അദ്ധ്യായത്തിൽ വിശ്വാസം മുറുകെപ്പിടിച്ചുകൊണ്ട് ജീവിച്ച പഴയനിയമ വിശുദ്ധന്മാരുടെ നീണ്ട പട്ടിക നൽകിയശേഷം 12 -ാം അദ്ധ്യായം ഇങ്ങനെ ആരംഭിക്കുന്നു: 'ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.' ഓട്ടക്കളത്തിൽ ഓടാനിറങ്ങിക്കഴിഞ്ഞ ഓട്ടക്കാരാണ് ക്രിസ്ത്യാനികൾ. ഓട്ടത്തിന് വിഘാതം നിൽക്കുന്നതെല്ലാം അവർ അഴിച്ചു മാറ്റിക്കഴിഞ്ഞു. അവർക്കു ചുറ്റും ഓട്ടത്തിനു സാക്ഷ്യം വഹിക്കുന്ന ബഹുശതം കാണികൾ, അവർ വെറും പ്രേക്ഷകരല്ല. ഓട്ടം തികച്ച് കിരീടം നേടി 'സാക്ഷ്യം ലഭിച്ച

പൂർവന്മാരാണ്' (എബ്രാ. 11:2 cf. 11:4,5,39). പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ്, കല്ലേറ്, വധം ഇങ്ങനെ ബഹുവിധമായ തിക്താനുഭവങ്ങളിലൂടെ കടന്നുപോയി അവർ വിശ്വാസത്താൽ സാക്ഷ്യം നേടി (എബ്രാ. 11:36-39). അവരുടെ ധൈര്യം പകരുന്ന സാന്നിധ്യം നമ്മോടൊപ്പം ഉണ്ട്. ആ സാക്ഷികളുടെ നിരയിൽ ചേരുന്നതിനാണ് നാം പോരാട്ടത്തിനിറങ്ങിയിരിക്കുന്നത്.

### സാക്ഷിമരണവും യാഗാർപ്പണവും

സാക്ഷിമരണം അടുത്തുവെന്ന് ബോധ്യമായ വി. പൗലോസ് തിമോഥെയോസിന് എഴുതുന്നു: 'ഞാനോ ഇപ്പോൾ പാനീയ യാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു' (2 തിമോ. 4:6). ഇവിടെ വി. പൗലോസ് സാക്ഷിമരണത്തിന് യാഗാർപ്പണത്തോടു ബന്ധപ്പെട്ട പദങ്ങളാണ് ഉപയോഗിക്കുന്നത്. സാക്ഷിമരണം പ്രാപിക്കുന്നതിന് തയ്യാറായി നിൽക്കുന്ന വി. പോളിക്കർപ്പോസിന്റെ പ്രാർത്ഥനയുടെ ഒരു ഭാഗം ഈ ആശയം കുറെക്കൂടെ സ്പഷ്ടമാക്കുന്നു: 'ശരീരാത്മാക്കളുടെ നിത്യജീവന്റെ പുനരുത്ഥാനത്തിലേക്ക് നയിക്കുന്ന ക്രിസ്തുവിന്റെ പാനപാത്രത്തിലും പരിശുദ്ധാത്മാവ് നൽകുന്ന അക്ഷയതയിലും പങ്കാളിയാവാൻ നീ എനിക്കു കൃപ ചെയ്തതിനാൽ നാഥാ ഞാൻ നിന്നെ സ്തുതിക്കുന്നു. ഇന്നേദിവസം അവരുടെ (നിന്റെ മാലാഖമാരുടെയും പരിശുദ്ധന്മാരുടെയും) ഗണത്തിലും നിന്റെ സന്നിധിയിലും ധന്യവും സ്വീകാര്യവുമായ യാഗമായി ഞാനും സ്വീകരിക്കപ്പെടുമാറാകണമേ.'

സാക്ഷിമരണം ഒരു യാഗാർപ്പണമാണ് (കാഴ്ചയർപ്പണമാണ് - കുർബാനയാണ്). അത് യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്തിലുള്ള പങ്കാളിത്തവും പുനരുത്ഥാനത്തിന്റെ ജീവനിലേക്കും തേജസ്സിലേക്കുമുള്ള പ്രവേശനവുമാണ്.

### 3. സാക്ഷ്യം ആദിമസഭയിൽ

മുമ്പ് സൂചിപ്പിച്ചപ്രകാരം പുതിയനിയമത്തിൽ സാക്ഷ്യം എന്ന പദം വിശാലമായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷ്യം വഹിക്കുക, ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുക എന്നീ അർത്ഥത്തിലാണ് സാക്ഷ്യം എന്ന പദം പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത്. സാക്ഷ്യം എന്ന പദം രക്തസാക്ഷ്യത്തിന്റെ സന്ദർഭത്തിൽ ഉപയോഗിക്കുന്നതായി വ്യക്തമായും കാണുന്നത് വി. പോളിക്കർപ്പോസിന്റെ രക്തസാക്ഷ്യം വിവരിക്കുന്നിടത്താണ്. നീറോ ചക്രവർത്തിയുടെ പീഡനകാലത്ത് സാക്ഷ്യം എന്നതിന് രക്തസാക്ഷ്യം എന്ന അർത്ഥം ഉണ്ടായി. എങ്കിലും പില്ക്കാലത്ത് ഏഷ്യാ മൈനറിൽ ഉണ്ടായ പീഡയുടെ കാലത്താണ് സാക്ഷി, സാക്ഷ്യം എന്നീ പദങ്ങൾക്ക്

രക്തസാക്ഷ്യത്തിന്റെ നിറം വ്യക്തമായും രൂപപ്പെട്ടുവന്നത്. ക്രമേണ സാക്ഷി എന്ന പദം രക്തസാക്ഷിമരണം പ്രാപിക്കുന്നവർക്ക് മാത്രമായി ഉപയോഗിക്കാൻ തുടങ്ങി. ആദ്യകാലത്ത് ജീവൻ അപകടത്തിലാകും എന്നുറപ്പിച്ചുതന്നെ ക്രിസ്തുവിനെ ഏറ്റുപറയുകയും എന്നാൽ മരണം ഒഴിവാക്കപ്പെടുകയും ചെയ്തവർക്കും സാക്ഷി എന്ന് പറഞ്ഞിരുന്നു. പിന്നീടത് രക്തസാക്ഷ്യം വഹിക്കുന്നവർക്ക് മാത്രമായി ഉപയോഗിച്ചു. ഈ വ്യതിയാനം രണ്ട് പദങ്ങളുടെ ചരിത്രം പഠിക്കുമ്പോൾ നമുക്ക് മനസ്സിലാകും. ഒന്നാമത്തെ പദം വിശ്വാസം ഏററുപറയുന്നവൻ എന്നർത്ഥമുള്ള Homologos (Greek) അല്ലെങ്കിൽ 'മൗദ്യോനോ' (സുറിയാനി). രണ്ടാമത്തെ പദം സാക്ഷി എന്നർത്ഥമുള്ള Martyrs (Greek) അല്ലെങ്കിൽ 'സൊഹദോ' (സുറിയാനി). ആദ്യകാലത്ത് ഇവ രണ്ടും ഒരേ അർത്ഥത്തിൽ മാറി മാറി ഉപയോഗിച്ചിരുന്നു. എന്നാൽ ക്രമേണ 'മൗദ്യോനോ' കഷ്ടപ്പാടുകൾ ഉണ്ടാകുമെന്നറിഞ്ഞും വിശ്വാസം ഏറ്റുപറയുന്ന ആളിനു മാത്രമായും, 'സൊഹദോ' എന്ന പദം മരണം സ്വീകരിച്ച് ക്രിസ്തുവിനെ സാക്ഷിക്കുന്നവർക്ക് മാത്രമായും ഉപയോഗിച്ചുതുടങ്ങി.

രക്തസാക്ഷ്യം വരിക്കുന്ന സന്ദർഭം ക്രിസ്തുവിന്റെ തേജസ്സ് കണ്ടും ദൈവദൂതന്മാരുടെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞും സ്വർഗ്ഗീയമായ കാഴ്ചകൾ കണ്ടും ശബ്ദം കേട്ടും തീയിലെരിയുമ്പോൾ ദൈവിക സുഗന്ധം പ്രവഹിയ്ക്കുന്നത് അനുഭവപ്പെട്ടും ക്രിസ്തുവിനുവേണ്ടി സ്വയം ബലിയായിത്തീരാൻ വിശ്വാസികൾ അസാധാരണമായ ധൈര്യം കാണിച്ചു. വെളിപാട് 5:6-ൽ രേഖപ്പെടുത്തുന്നപ്രകാരം അറുക്കപ്പെട്ട കുഞ്ഞാട് നില്ക്കുന്നതായി കണ്ടുകൊണ്ട് രക്തസാക്ഷികൾ ക്രിസ്തുവിന്റെ യഥാർത്ഥത്തിലുള്ള അനുകാരികളായി തീർന്നു.

**ഉപസംഹാരം**

സാക്ഷിമരണത്തിന്റെ പ്രസക്തി പീഡനത്തിന്റെ കാലത്താണ്. എന്നാൽ സ്വതന്ത്രമായ സാഹചര്യങ്ങളിൽ സാക്ഷിജീവിതത്തിനാണ് പ്രസക്തി. ക്രിസ്തുവിലുള്ള വിശ്വാസം മുറുകെപ്പിടിക്കുമ്പോൾ ലോകത്തിന്റെ മൂല്യങ്ങളെ ചെറുത്തു നിൽക്കേണ്ടി വരുന്നു; ശക്തമായ പ്രലോഭനങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു. ഇവിടെയാണ് ക്രിസ്തീയ സാക്ഷ്യത്തിന് വലിയ വില കൊടുക്കേണ്ടിവരുന്നുവെന്ന് നമുക്ക് ബോധ്യപ്പെടുക. ശരീരാത്മ മനസ്സുകളെ ദൈവത്തിന് പ്രസാദമുള്ള യാഗമായർപ്പിച്ച് ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളായി പുനരുത്ഥാനത്തിന്റെ പ്രത്യാശയും സന്തോഷവും തേജസ്സും ധരിച്ച് അവന്റെ സാക്ഷികളായി ലോകത്തിൽ നിലകൊള്ളുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതും അയയ്ക്കപ്പെട്ടിരിക്കുന്നതും.

**(2000)**

# 17

# തീർത്ഥയാത്ര

ജീവിതം ഒരു യാത്രയാണല്ലോ. അത് തീർത്ഥയാത്രയാക്കാൻ കഴിഞ്ഞാൽ സായൂജ്യമായി, ജീവിതം സംപൂജ്യമായി. പൂജ്യശബ്ദത്തിൽ ഒരു വൈരുദ്ധ്യം ഒളിഞ്ഞിരിപ്പുണ്ട്. പൂജ്യം വട്ടപ്പൂജ്യവുമാകാം, നിറ പൂജ്യവുമാകാം. വെറും പൂജ്യം ഇല്ലായ്മയുടെയും നിറപൂജ്യം ഉണ്മയുടേയും സൂചികകളാകുന്നു. തീർത്ഥാടനത്തിലുമുണ്ട് ഇത്തരമൊരു വൈരുദ്ധ്യം. സ്വയം വെറുമയാക്കാൻ, വട്ടപൂജ്യമാക്കാൻ കഴിയുന്ന ഒരു അർത്ഥിക്കു മാത്രമേ തീർത്ഥാടനത്തിന്റെ സംപൂജ്യത ജീവിതാനുഭവമായി പൊരുൾ തെളിഞ്ഞു വരുന്നുള്ളൂ.

## 1. തീർത്ഥാടനം വിവിധ പാരമ്പര്യങ്ങളിൽ

ഭാരതീയ പാരമ്പര്യത്തിൽ 'തീർത്ഥം' എന്നതിന് പുണ്യ നദിയിലേക്കിറങ്ങാനുള്ള പാത (പടി), അവിടെയുള്ള സ്നാനസ്ഥലം, പുണ്യനദീതീരത്തുള്ള ആരാധനാകേന്ദ്രം, പുണ്യജലം എന്നീ അർത്ഥങ്ങളുണ്ട്. പുണ്യതീർത്ഥത്തിലേക്കുള്ള യാത്രയ്ക്ക് തീർത്ഥചര്യ എന്നും തീർത്ഥയാത്ര എന്നും പറയുന്നു. പാപപരിഹാരാർത്ഥവും, പ്രത്യേകാനുഗ്രഹം തേടിയും ലഭിച്ച അനുഗ്രഹത്തിനു നന്ദിയർപ്പിക്കാനുമാവും തീർത്ഥയാത്ര. വ്രതാനുഷ്ഠാനങ്ങളോടെ ഒരുങ്ങി, പൂർണ്ണമായും ദൈവഹിതത്തിനു സമർപ്പിച്ച്, കഴിയുമെങ്കിൽ നടന്ന് യാത്രയാവുന്നു. ഒരു ചെറിയ ഭാണ്ഡം തോളിലേറ്റി, വിശുദ്ധ ഗ്രന്ഥം പിടിച്ച്, ജപമാല തിരിച്ച് ദിവ്യനാമം ഉരുവിട്ട് ദൈവസന്നിധിയിലേക്ക് നടന്നുനീങ്ങുന്ന ഭക്തന്റെ/ഭക്തയുടെ ചിത്രം! തീർത്ഥ സ്ഥാനങ്ങളിൽ മൂന്നു ദിവസമെങ്കിലും തങ്ങും. വൃഥാ സംസാരവും ചിന്തയും സംസർഗ്ഗവും ഒഴിവാക്കി ഭജിച്ചും പ്രാർത്ഥിച്ചും, നാമം ജപിച്ചും, വിശുദ്ധ ഗ്രന്ഥങ്ങൾ വായിച്ച് മനനം ചെയ്തും ധ്യാനിച്ചും, കീർത്തനങ്ങൾ ആലപിച്ചും, ഭക്തി പ്രഭാഷണങ്ങൾ കേട്ടും, ദാനധർമ്മം ചെയ്തും, നേർച്ച കാഴ്ചകളർപ്പിച്ചും സന്നിധാനത്തിൽ തന്നെ കഴിയുന്നു. ജീവിതം തന്നെ ഇങ്ങനെയൊരു തീർത്ഥ ചര്യയാവണം. ഇതിനായി പൂർണ്ണ സന്യാസം സ്വീകരിച്ച് വീടു വിട്ട് പുറപ്പെടുന്നവരുണ്ട്. ഇവരിൽ ചിലർ സന്യാസത്തിന്റെ പ്രാരംഭമായി തീർത്ഥ യാത്ര നടത്തുന്നു. മറ്റു ചിലർ ജീവിതം മുഴുവനും തീർത്ഥയാത്ര ചെയ്യുന്നു. വേറെ ചിലർ തീർത്ഥാടനം എന്ന ബാഹ്യചര്യ ഒഴിവാക്കി ഏകാന്തതയിലേക്കു പിൻവാങ്ങി ധ്യാനത്തിലൂടെ ദൈവസാന്നിദ്ധ്യം കണ്ടെത്തി തീർത്ഥാടനം ആന്തരാനുഭവമാക്കി മാറ്റുന്നു. ഗൃഹസ്ഥാശ്രമ ധർമ്മങ്ങൾ

നിറവേറ്റിയശേഷം ശിഷ്ടായുസ്സ് തീർത്ഥാടനത്തിൽ കഴിയുന്നവരുണ്ട്. ഗൃഹസ്ഥരാവട്ടെ ഇടയ്ക്കിടെ തീർത്ഥാടനം നടത്തി വീണ്ടും വീണ്ടും ഭക്തിജീവിതത്തിലേക്ക് മടങ്ങാൻ അവസരമൊരുക്കുന്നു. എല്ലാ മതപാരമ്പര്യങ്ങളിലും തീർത്ഥാടന സങ്കല്പം ഉണ്ട്; ഹൈന്ദവമതത്തിലെന്ന പോലെ ബുദ്ധമതത്തിലും ഇസ്ലാം മതത്തിലും യഹൂദമതത്തിലും ക്രിസ്തീയ മതത്തിലും. എല്ലാറ്റിലുമുള്ള അടിസ്ഥാന സങ്കല്പം ഒന്നു തന്നെ; ദൈവസന്നിധി തേടിയുള്ള യാത്ര.

### 2. പഴയനിയമത്തിൽ

വേദപുസ്തകത്തിൽ തീർത്ഥാടനം എന്ന പദത്തിനു തത്തുല്യമായി (എബ്രായ അറമായ യവനായ ഭാഷകളിൽ) ഒരു പദം കാണുന്നില്ല. എന്നാൽ തീർത്ഥാടന സങ്കല്പം ഉണ്ട്. ഇതാവിഷ്ക്കരിക്കാൻ തീർത്ഥാടകർക്ക് (ഭക്തർക്ക്) അന്യർ, പരദേശികൾ, പ്രവാസികൾ, വന്നു പാർക്കുന്നവർ, ചിതറിപ്പാർക്കുന്നവർ എന്നീ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ഭക്തൻ ഒരിടത്തും സ്ഥിരവാസിയല്ല, കൂടാരവാസിയാകുന്നു. ഇപ്പോൾ പാർക്കുന്നിടം താൽക്കാലികം മാത്രം. ശാശ്വതം ദൈവസന്നിധിയാണ്. അവിടേക്കുള്ള പുറപ്പാടിന്റെ ഒരു ഘട്ടമാണ് ഈ ലോകജീവിതം. വ്യവഹാരഭാഷയിൽ തീർത്ഥാടനത്തിന് വളരെ സങ്കുചിതമായ അർത്ഥമേയുള്ളു. ആദ്ധ്യാത്മികമോ ഭൗതികമോ ആയ നേട്ടത്തിനുവേണ്ടി പുണ്യസ്ഥലങ്ങളിലേക്കുള്ള യാത്ര. എന്നാൽ വേദപുസ്തകത്തിൽ തീർത്ഥാടനം ഒരു വിളിയും നിയോഗവുമാണ്. ദൈവസന്നിധിയിലേക്ക് പുറപ്പെടാനുള്ള വിളി. അതിനായി ജീവിതം വേർതിരിച്ച് സമർപ്പിക്കാനുള്ള നിയോഗം. ഈ വിളിയും നിയോഗവും ഗൗരവമായി സ്വീകരിക്കുന്ന ഭക്തന് ലോകജീവിതകാലം സന്നിഗ്ധതകളും സംഘർഷങ്ങളും കൊണ്ട് ഉദ്വേഗപൂർണ്ണമാവുന്നു. എങ്കിലും ദൈവസന്നിധിയുടെ തെളിച്ചവും മാധുര്യവും അനുഭവിച്ചറിയാനും കഴിയുന്നു.

#### i. പരദേശിയും വന്നു പാർക്കുന്നവനും

പഴയനിയമത്തിൽ തീർത്ഥാടനത്തിന്റെ ഇത്തരം ജീവിതമാതൃകകൾ ധാരാളം ഉണ്ട്. അവരിൽ ഏറ്റം പ്രധാനി അബ്രഹാമാണ്. അബ്രഹാമിനെ യഹോവ കൽദയരുടെ ഊരിൽ നിന്നും കനാനിലേക്ക് പുറപ്പെടാൻ വിളിച്ചു, “നീ നിന്റെ ദേശത്തേയും ചാർച്ചക്കാരേയും പിതൃഭവനത്തേയും വിട്ട് ഞാൻ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക” (ഉല്പ. 12:1). കനാനിൽ എത്തിയ അബ്രഹാമിനോട് “നിന്റെ സന്തതിക്ക് ഞാൻ ഈ ദേശം കൊടുക്കും” (12:7) എന്ന് യഹോവ അരുളി ചെയ്തു. എന്നാൽ അബ്രഹാം എങ്ങും സ്വന്തം പാർപ്പിടം സമ്പാദിച്ചതായോ സ്ഥിരവാസമുറപ്പിച്ചതായോ കാണുന്നില്ല. ശേഖേമിൽ നിന്ന് ബഥേലിനും

ഹായിയ്ക്കും ഇടയ്ക്കുള്ള സ്ഥലത്തേക്ക്. അവിടെ ക്ഷാമം വന്നപ്പോൾ മിസ്രയിമിലേക്ക്. തിരികെ ബഥേലിനും ഹായിക്കും മദ്ധ്യേ മുമ്പ് കൂടാര മുണ്ടായിരുന്ന സ്ഥലത്തേക്ക്. അവിടെ നിന്നും ഹെബ്രോനിൽ മമ്രേയുടെ തോപ്പിൽ. എല്ലായിടവും അബ്രഹാം സ്ഥിരമായൊരു പാർപ്പിടമില്ലാത്ത കൂടാരവാസി. ഹെബ്രോനിൽ വച്ച് സാറാ മരിക്കുമ്പോൾ ദേശക്കാരായ ഹിത്യരോട് ശ്മശാന ഭൂമി വാങ്ങേണ്ടി വന്നു. അബ്രഹാം ഹിത്യരോടു പറയുന്നത് ശ്രദ്ധിക്കുക, "ഞാൻ നിങ്ങളുടെ ഇടയിൽ പരദേശിയും വന്നു പാർക്കുന്നവനും ആകുന്നു. ഞാൻ എന്റെ മരിച്ചവളെ കൊണ്ടുപോയി അടക്കേണ്ടതിന് നിങ്ങളുടെ ഇടയിൽ ഒരു ശ്മശാന ഭൂമി അവകാശമായി തരുവിൻ" (ഉല്പ. 23:4). അങ്ങനെ ഹിത്യർ മക്പേലാ നിലവും അതിലെ ഗുഹയും അബ്രഹാമിനു ശ്മശാനാവകാശമായി ഉറപ്പിച്ചു കൊടുത്തു (ഉല്പ. 37:1). അബ്രഹാമിന്റെ മകനായ യിസഹാക്കും പരദേശിയും (ഉല്പ. 37:1) കൂടാരവാസിയുമായിരുന്നു (ഉല്പ. 24:67). യിസഹാക്കിന്റെ മക നായ യാക്കോബ്, ലാബാന്റെ അടുക്കൽ പരദേശിയായി പാർത്തു എന്നും (32:4) യാക്കോബ് തന്റെ പിതാവ് പരദേശിയായി പാർത്ത കനാൻ ദേശത്തു വസിച്ചു എന്നും (37:1) രേഖപ്പെടുത്തിയിരിക്കുന്നു. യാക്കോബും തന്റെ 12 മക്കളും മിസ്രയീമിൽ പരദേശികളായിരുന്നു.

**ii. ഒരു ജീവിത വീക്ഷണം**

അബ്രഹാമും യിസഹാക്കും യാക്കോബും യാക്കോബിന്റെ 12 പുത്ര ന്മാരും അവരുടെ സന്തതികളും പരദേശവാസികളായിരുന്നു. ഇതൊരു ചരിത്ര വസ്തുതയായി മാത്രമല്ല യിസ്രായേല്യർ കണക്കാക്കിയത്; ഒരു ജീവിത വീക്ഷണമായും സ്വീകരിച്ചു. പരദേശവാസ സങ്കല്പം എന്ന തിനു പേരു കൊടുക്കാം. ഈ സങ്കല്പം തീർത്ഥാടന സങ്കല്പം തന്നെ യാകുന്നു. യിസ്രായേല്യർക്ക് കനാൻ അവകാശമായി നൽകിയെങ്കിലും ഈ ലോകത്തിൽ പരദേശികളായ തീർത്ഥാടകരാവുന്നു എന്ന ഭാവം നിലനിർത്തി ജീവിക്കണം. ഈ സങ്കല്പത്തിൽ മൂന്നു കാര്യങ്ങൾ അട ങ്ങിയിരിക്കുന്നു.

ഒന്ന്: മുമ്പ് മിസ്രയീമിൽ പരദേശികളായിരുന്ന യിസ്രായേല്യർ ഇപ്പോൾ കനാനിൽ വസിക്കുന്ന പരദേശികളോടും പാവപ്പെട്ടവരോടും കരുണ കാണിക്കണം. യഹോവ അവരോടു കല്പിക്കുന്നു, "പരദേശിയെ പീഡിപ്പിക്കരുത്, ഉപദ്രവിക്കയുമരുത്; നിങ്ങൾ മിസ്രയിംദേശത്ത് പരദേ ശികളായിരുന്നുവല്ലൊ" (പുറ. 22:21; 23:9; ആവ. 5:14–15; 10:17–22; 16:10-12; 23:7; 24:14–22; 26:5–11). പാവപ്പെട്ടവരേയും പരദേശികളേയും കരു തണം, "നിങ്ങളുടെ നിലത്തിലെ വിളവ് എടുക്കുമ്പോൾ വയലിന്റെ അരിക് തീർത്ത് കൊയ്യരുത്. കാലാ പെറുക്കുകയുമരുത്; അത് ദരിദ്രനും പരദേ

ശിക്കും വിട്ടേക്കണം. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു" (ലേവ്യ 23:22).

രണ്ട്: രാഷ്ട്രീയമായി യിസ്രായേല്യർ സ്വതന്ത്രരായി; കനാൻ സ്വദേശമായി. എന്നാൽ ദൈവത്തോടുള്ള ബന്ധത്തിൽ അവർ പരദേശികളും വന്നു പാർക്കുന്നവരുമാകുന്നു. ദേശത്തിന്റെ യഥാർത്ഥ ഉടയവൻ ദൈവം തന്നെ. ഉടയതമ്പുരാന്റെ കരുണയിലും ദയയിലും മാത്രമാണ് അവരുടെ ജീവിതം. യഹോവ കല്പിക്കുന്നു, "നിലം ജന്മം വില്ക്കരുത്; ദേശം എനിക്കുള്ളതാകുന്നു; നിങ്ങൾ എന്റെ അടുക്കൽ പരദേശികളും വന്നു പാർക്കുന്നവരും അത്രേ" (ലേവ്യ 25:33).

മൂന്ന്: ഈ ലോകവാസം താൽക്കാലികമാകുന്നു. പരദേശിക്ക് ഇപ്പോൾ പാർക്കുന്നിടം ശാശ്വതമല്ല, സ്ഥിരാവകാശവുമല്ല. "ഞാൻ നിങ്ങളുടെ ഇടയിൽ പരദേശിയും വന്നു പാർക്കുന്നവനും ആകുന്നു" എന്ന അബ്രഹാമിന്റെ പ്രസ്താവം തനിക്ക് ഹിത്യരുടെ ഇടയിലുള്ള ജീവിതനില സൂചിപ്പിക്കുക മാത്രമല്ല; അബ്രഹാമിന് അതൊരു ജീവിത സമീപനവുമായിരുന്നു എന്ന് കാണാം. ഈ സത്യം ഉൾക്കൊണ്ട് ദാവീദ് പ്രാർത്ഥിക്കുന്നു, "ഞങ്ങൾ നിന്റെ മുമ്പാകെ ഞങ്ങളുടെ സകല പിതാക്കന്മാരേയും പോലെ അതിഥികളും പരദേശികളും ആകുന്നു. ഭൂമിയിൽ ഞങ്ങളുടെ ആയുഷ്ക്കാലം ഒരു നിഴൽ പോലെയത്രേ; യാതൊരു സ്ഥിരതയും ഇല്ല" (1 ദിന. 29:15). ഈ ഭക്തിഭാവം സങ്കീർത്തനങ്ങളിലും ആവർത്തിക്കുന്നു, "ഞാൻ എന്റെ സകല പിതാക്കന്മാരേയുംപോലെ നിന്റെ സന്നിധിയിൽ അന്യനും പരദേശിയുമാകുന്നുവല്ലോ. എന്ന് 39:12-ലും "ഞാൻ ഭൂമിയിൽ പരദേശിയാകുന്നു; നിന്റെ കല്പനകളെ എനിക്കു മറച്ചു വയ്ക്കരുതേ" എന്ന് 119:19-ലും കാണാം.

### iii. യഹോവ നിന്റെ അവകാശം

ഇങ്ങനെയൊരു പരദേശവാസ സങ്കല്പം ജീവിതവ്രതമായി സ്വീകരിച്ച് ദൈവസന്നിധിയിൽ ശുശ്രൂഷിപ്പാനും യിസ്രായേൽ ജനത്തിനു മുമ്പിൽ മാതൃകയാവാനും വിളിക്കപ്പെട്ടവരായിരുന്നു ലേവ്യർ. കനാൻ എല്ലാ ഗോത്രങ്ങൾക്കുമായി വിഭജിച്ചപ്പോൾ ലേവി ഗോത്രത്തിന് അവകാശം കൊടുത്തില്ല. നിലം ഉഴുതു കൃഷി ചെയ്തും ആടുകളെ മേയിച്ചും കാലം കഴിക്കാനല്ല അവരുടെ നിയോഗം. യഹോവയുടെ നാമത്തിൽ അവർ എപ്പോഴും നിൽക്കേണ്ടതിന് അവർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു; ആകയാൽ അവരുടെ സഹോദരന്മാരുടെ ഇടയിൽ അവർക്ക് അവകാശം ഉണ്ടാകരുത്. യഹോവ അവരോട് അരുളിചെയ്തതുപോലെ അവൻ തന്നെ അവരുടെ അവകാശം" (ആവ. 18:2; ലേവ്യ 10:8-9). സ്വന്തമായൊരു പാർപ്പിടവും നിയതമായൊരു വരുമാനവുമാണ് ജീവിത

സുരക്ഷയ്ക്ക് ആധാരം. ദൈവത്തെ ശുശ്രൂഷിപ്പാൻ വിളിക്കപ്പെട്ട ലേവ്യർക്ക് ഇത് നിഷേധിച്ചിരിക്കുന്നു. ശേഷം യിസ്രായേല്യരുടെ ദയയിലും ദാനത്തിലും ആശ്രയിച്ച് അവർ ജീവിച്ചുകൊള്ളണം. ഈ നിശ്ചയമില്ലായ്മ ഉണ്ടാക്കുന്ന ആത്മസംഘർഷം അതിജീവിക്കാൻ അസാധാരണമായ ദൈവാശ്രയം ഉണ്ടായേ മതിയാവൂ.

യിസ്രായേല്യർ ദൈവസന്നിധിയിലേക്ക് നടന്നടുക്കാൻ വിളിക്കപ്പെട്ട ദൈവത്തിന്റെ സ്വന്തജനമാകുന്നു. അതുകൊണ്ട് അവർ തീർത്ഥാടകരെപ്പോലെ ഈ ലോകത്തിൽ പരദേശികളത്രെ. ഉള്ളതെല്ലാം ദൈവത്തിന്റെ ദാനം. അവ സ്വന്തം എന്ന് ഭ്രമിച്ച് വിളിയും ലാക്കും അഗണ്യമാക്കാൻ അനുവദിച്ചു കൂടാ. ദൈവസന്നിധിയിൽ നിന്നു ശുശ്രൂഷിപ്പാൻ നിയോഗിതരായിരിക്കുന്ന പുരോഹിതരിൽ ഈ തീർത്ഥാടക ഭാവം വിശേഷാൽ പ്രകാശിക്കണം. വാഗ്ദത്ത ദേശത്ത് അന്യനും അപരിചിതനും അതിഥിയുമായി പാർക്കുക; ഇത് വേദനാപൂർണ്ണമാകുന്നു. എങ്കിലും ദൈവസന്നിധിയിൽ പരദേശിയും വന്നു പാർക്കുന്നവനുമായിക്കഴിയുക മധുരമായൊരനുഭവമാണു താനും. ദൈവം നമുക്ക് അവകാശം എന്ന വാഗ്ദത്തമുള്ളപ്പോൾ തീർത്ഥയാത്രികർക്ക് സ്ഥാവരങ്ങളും സമ്പാദ്യങ്ങൾ നല്കുന്ന സുരക്ഷിതത്വവും എന്തിന്? അന്നന്നുള്ള അപ്പവും രാപാർപ്പാൻ കൂടാരവും മതി. ഭാണ്ഡം ഭാരമുള്ളതാവാനും പാടില്ല; ഇനിയുമുണ്ട് യാത്ര.

### 3. പുതിയനിയമത്തിൽ

### i. യെരുശലേമിലേക്ക്

സമവീക്ഷണ സുവിശേഷങ്ങളിൽ കാണുന്നപ്രകാരം കർത്താവിന്റെ പരസ്യശുശ്രൂഷ ഗലീലയിൽ തുടങ്ങി യെറുശലേമിൽ അവസാനിക്കുന്നു. ഒരു തീർത്ഥാടനത്തിന്റെ വിശുദ്ധിയും സമർപ്പണവും നിറഞ്ഞ യാത്രയായിരുന്നു അത്. കർത്താവ് നയിക്കുന്ന തീർത്ഥാടകസംഘത്തിൽ വള്ളവും വലയും വീടും നാടും ഉപേക്ഷിച്ച് ഇറങ്ങിയ മുക്കുവരായ പത്രോസും അന്ത്രയോസും യാക്കോബും യോഹന്നാനും ശേഷം പന്തിരുവരും ദുരാത്മാക്കളുടേയും ദുർഭൂതങ്ങളുടേയും ഉപദ്രവത്തിൽ നിന്നും കർത്താവ് വിടുതൽ നൽകിയ മഗ്ദലനമറിയയും സാമൂഹ്യമായി വരേണ്യരായിരുന്ന യോഹന്നയും ശൂശന്നയും കർത്താവിനെ ശുശ്രൂഷിച്ചു പോന്ന മറ്റു പല സ്ത്രീകളും ഉണ്ടായിരുന്നു. അവർ പട്ടണങ്ങളിലൂടെയും ഗ്രാമങ്ങളിലൂടെയും കാൽനടയായി സഞ്ചരിച്ച് ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിച്ചും സുവിശേഷിച്ചും മുന്നോട്ടു നീങ്ങി (ലൂക്കോസ് 8:1-3). തീർത്ഥാടന സങ്കല്പങ്ങൾ നന്നായി പ്രതിഫലിപ്പിക്കുന്ന യാത്ര. എങ്ങും ഉറച്ചു പാർപ്പില്ല. സമ്പാദ്യങ്ങളില്ല. കുറുനരികൾക്ക് കുഴിയും ആകാശ

ത്തിലെ പറവകൾക്ക് കൂടുമുണ്ടെങ്കിലും തല ചായിക്കാൻ ഇടമില്ലാത്ത മനുഷ്യപുത്രൻ; യദൃച്ഛയാ ലാഭസന്തുഷ്ടർ. ദൈവസാന്നിധ്യത്തിന്റെ നഗരമായ യെറുശലേമാണ് അവർ ലക്ഷ്യം വെച്ചു യാത്ര ചെയ്യുന്നത്. ഈ തീർത്ഥാടന സങ്കല്പം പുനർജ്ജീവിക്കുന്ന, സുവിശേഷത്തിന്റെ തീർത്ഥാടനപ്പൊരുൾ തിരിച്ചറിയുന്ന ഏതു ജീവിതവും കർത്താവിനൊപ്പമുള്ള, കർത്താവിനെത്തേടിയുള്ള തീർത്ഥയാത്ര തന്നെ.

### ii. കർത്താവിനെത്തേടി

"യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?" ഈ അന്വേഷണവുമായി നക്ഷത്രത്തെളിച്ചത്തിൽ കിഴക്കുനിന്ന് തിരിച്ച് യറുശലേമിലെത്തുന്ന വിദ്വാന്മാർ ഒടുവിൽ ബേത്‌ലഹേമിൽ ജനിച്ച ഉണ്ണിയേശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ട് വീണു നമസ്കരിച്ച് നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തിരിക്കവും മൂരും കാഴ്ചവെച്ച് സാഫല്യം അണയുന്നു. ഇതു തീർത്ഥയാത്ര തന്നെ. ദേവാലയം വിട്ടുപിരിയാതെ ഉപവസിച്ചും പ്രാർത്ഥിച്ചും രാവും പകലും ആരാധിച്ചും ജീവിതം തന്നെ തീർത്ഥാടനമാക്കിത്തീർത്ത പ്രവാചികയും ഭക്തയുമായ ഹന്ന കർത്താവിനെക്കണ്ട് സായൂജ്യം അടയുന്നു. കർത്താവിനെ കാണാൻ കാട്ടത്തിയിൽ കയറിയ സക്കായിയും തീർത്ഥാടന സാഫല്യം കണ്ടെത്തുന്നു. കർത്താവിന്റെ ചില ഉപമകൾ തീർത്ഥാടന സങ്കല്പത്തിലൂടെ മനസ്സിലാക്കാൻ കഴിയും. ഉദാഹരണമായി പിതാവിൽ നിന്നും തെറ്റി അകന്ന്, പൈതൃകം വിറ്റുമുടിച്ച് അലഞ്ഞുനടന്ന മുടിയനായ മകൻ അനുതപിച്ച് അപ്പന്റെ അടുക്കലേക്ക് തിരികെ വരുന്നു. ഏതൊരു തീർത്ഥയാത്രയും പിതൃസന്നിധിയിലേക്കുള്ള മടക്കമാവുന്നു. കൂട്ടംവിട്ടു കാണാതെയായി ഇടയൻ അന്വേഷിച്ചു കണ്ടെത്തി തിരികെ കൊണ്ടുവരുന്ന ആട്, നഷ്ടപ്പെട്ടുപോയ ദ്രഹ്മ കണ്ടെത്തുന്നതിനായി വിളക്കു കത്തിച്ച് വീട് അടിച്ചുവാരി കണ്ടുകിട്ടുംവരെ സൂക്ഷ്മമായി അന്വേഷിക്കുന്ന സ്ത്രീ, വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ തനിക്കുള്ളതെല്ലാം വിറ്റ് അതു വാങ്ങാൻ ബദ്ധപ്പെടുന്ന വ്യാപാരി; ഈ ഉപമകളെല്ലാം തീർത്ഥാടനത്തിന്റെ നാനാർത്ഥങ്ങൾ തന്നെ.

### iii. ദൈവരാജ്യത്തിലേക്ക്

പുതിയനിയമത്തിൽ തീർത്ഥാടനത്തെ സംബന്ധിച്ച സങ്കല്പം ആവിഷ്ക്കരിക്കുന്ന നാല് പദങ്ങൾ ഉണ്ട്. xenos = അപരിചിതൻ, അന്യൻ, paroikos = പരദേശി; വന്നുപാർക്കുന്നവൻ; parepidemos = പ്രവാസി; diaspora = ചിതറിപ്പാർപ്പ്. ഇവയെല്ലാം സ്വദേശത്തു നിന്നും വിദേശത്ത് ചെന്നു പാർക്കുന്നതിന് പര്യായങ്ങളായി ഉപയോഗിക്കുന്ന പദങ്ങളാണ്. ഈ പദങ്ങളിലൂടെ പഴയനിയമത്തിലെ തീർത്ഥാടനസങ്കല്പം പുതിയ

നിയമത്തിലും തുടരുന്നതായും കാണുന്നു. എന്നാൽ പുതിയനിയമത്തിൽ പഴയനിയമസങ്കല്പത്തിൽ നിന്നും അടിസ്ഥാനപരമായ ഒരു വ്യതിയാനം കാണാൻ കഴിയും. പഴയനിയമ പിതാക്കന്മാർ തങ്ങൾ ഇവിടെ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞ് ദൈവനിർമ്മിതമായ പുതിയ നഗരത്തിനായി നോക്കിപ്പാർത്തുകൊണ്ട് വിശ്വാസത്തിൽ മരിച്ചു. പുതിയനിയമത്തിലാകട്ടെ, പഴയനിയമത്തിൽ കാണുന്ന ഭാവിപ്രതീക്ഷ ക്രിസ്തുവിൽ വർത്തമാനകാല അനുഭവമായി തീർന്നിരിക്കുന്നു എന്ന് ഊന്നിപ്പറയുന്നു. വി. പൗലോസിന്റെ വാക്കുകളിൽ "ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല, വിശുദ്ധരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രെ" (എഫേ. 2:19). എബ്രായലേഖന കർത്താവ് ഈ ആശയം തന്നെ ഇങ്ങനെ ആവിഷ്ക്കരിക്കുന്നു, "പിന്നയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും.... അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത്" (12: 22-24). ഇക്കാരണത്താൽ ഈ ലോകത്തെക്കുറിച്ചും ഇഹലോകവാസത്തെ സംബന്ധിച്ചും പുതിയൊരു കാഴ്ചപ്പാടു സ്വീകരിക്കാൻ പുതിയനിയമം നമ്മോട് ആവശ്യപ്പെടുന്നു. ക്രിസ്തുവിലൂടെ സ്ഥാവരവും സ്വർഗ്ഗീയവുമായ രാജ്യത്തിലേക്ക് നാം ഉപനീതരായിരിക്കുന്നതിനാൽ ഈ ലോകം നമുക്കു പരദേശവും അതിലെ നിവാസം താൽക്കാലികവുമാണെന്നും ഉറച്ച് കർത്താവ് നമുക്കു നൽകിയിരിക്കുന്ന ശാശ്വതാവകാശത്തിന്റെ പൂർണ്ണപ്രാപ്തിക്കായി നമ്മുടെ ഓട്ടം തികയ്ക്കണം. "ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ യുദ്ധസേവ ചെയ്ക" (എബ്രാ. 12:28).

### iv. ഗൃഹാതുരതയോടെ

ഈ ലോകത്തോടുള്ള നമ്മുടെ സമീപനവും കർത്താവ് നമുക്കായി ഒരുക്കിയിരിക്കുന്ന ശാശ്വതാവകാശത്തിലുള്ള പ്രത്യാശയും സംബന്ധിച്ച് ഗോത്രപിതാക്കന്മാരെ നമുക്ക് മാതൃകയാക്കാമെന്ന് എബ്രായലേഖന കർത്താവ് ചൂണ്ടിക്കാണിക്കുന്നു. ഇവരിൽ അബ്രഹാമിന്റെ വിശ്വാസം അത്യുദാത്തമാണ്. "വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ച് എവിടേക്ക് പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ വാഗ്ദത്ത ദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ചെന്ന് വാഗ്ദത്തത്തിന് കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു" (എബ്രാ.

11:8-10). വാഗ്ദത്തനാടായ കനാനിൽ വന്നു പാർത്തിട്ടും അവർ ഗൃഹാതുരരായിരുന്നു. കാരണം അവരുടെ അന്വേഷണം ഈ ഭൗമിക നഗരമായിരുന്നില്ല. കർത്താവ് അവർക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ നഗരമായിരുന്നു. ഭൗമിക യെറുശലേമിനെ ചുറ്റിപ്പറ്റി യഹൂദർ പുലർത്തിവന്ന മതസങ്കല്പങ്ങൾ തിരുത്തുന്നതിനും കൂടിയാണ് എബ്രായലേഖന കർത്താവ് ശ്രമിക്കുന്നത്. "അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നെ, കാംക്ഷിച്ചിരുന്നു. ... അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ (11:16) എന്നും തുടർന്നു പറയുന്നു. ഈ ആശയം തന്നെ വി. പൗലോസ് മറ്റൊരുവിധത്തിൽ ആവിഷ്ക്കരിക്കുന്നുണ്ട്. ഭൗമിക യറുശലേം ബദ്ധയും മീതെയുള്ള യെറുശലേമാകട്ടെ സ്വതന്ത്രവുമാകുന്നു എന്ന് അദ്ദേഹം പറയുന്നു (ഗലാ. 4:26).

### v. പരദേശികളും പ്രവാസികളും

വിശ്വാസികൾ ഈ ലോകത്തിൽ പരദേശികളും പ്രവാസികളുമാണെന്ന ആദ്ധ്യാത്മിക സങ്കല്പം പത്രോസ് ശ്ലീഹായുടെ ഒന്നാം ലേഖനത്തിലും കാണാം. ക്രിസ്ത്യാനികളെ അദ്ദേഹം പരദേശികൾ (1:1, 2:11) എന്നും പ്രവാസികൾ (2:11) എന്നും വിളിക്കുന്നു. ഈ ലോകജീവിതം അവർക്ക് പ്രവാസമാണെന്നും (1:17) ഓർമ്മിപ്പിക്കുന്നു. ജഡമോഹങ്ങളിൽപ്പെട്ടു കഴിയുന്നവർ ഈ ലോകത്തിൽ ഊന്നുന്ന ഒരു ജീവിതവീക്ഷണം വികസിപ്പിച്ചെടുക്കുന്നു. എന്നാൽ ക്രിസ്ത്യാനികൾ ഒരു പ്രതിസംസ്കാരം ഉണ്ടാക്കിയെടുക്കണം; ഇവിടെ അവർ പരദേശികളും പ്രവാസികളും ആകുന്നുവെന്ന തിരിച്ചറിവിലൂന്നുന്ന ഒരു തീർത്ഥാടന സമീപനം. കർത്താവിന്റെ പ്രത്യക്ഷതയിൽ അവനെ മഹത്വപ്പെടുത്തുവാൻ ഒരുങ്ങിപ്പുറപ്പെടുന്ന തീർത്ഥയാത്രികരാണ് ക്രിസ്ത്യാനികൾ.

### vi) സ്വർഗ്ഗീയപൗരർ

പൗരൻ (Polites) എന്ന പദത്തിന് വിപരീതമാണ് അന്യൻ, പരദേശി, പ്രവാസി എന്നീ പദങ്ങൾ. "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു" (ഫിലി. 3:20) എന്ന് വി. പൗലോസ് പറയുന്നു. പൗരത്വം ഇല്ലാത്തിടത്ത് സ്ഥിരവാസമില്ല. ശാശ്വതാവകാശങ്ങളുമില്ല. ഇതാണ് ശാശ്വതം എന്നു കരുതി മോഹിച്ചു വശായിക്കഴിഞ്ഞുപോകുന്നുവെങ്കിൽ നാം വഞ്ചിതരായിരിക്കുന്നു. നാം പറ്റിച്ചേർന്നു ജീവിക്കുന്ന ഈ ലോകം താല്ക്കാലികം. ഇവിടംവിട്ട് പുണ്യനഗരിയിലേക്ക് നിത്യാവകാശത്തിലേക്ക് യാത്ര ചെയ്യുന്നതാണ് ക്രിസ്തീയ ജീവിതം.

### vii) ചിതറിപ്പാർക്കുന്നവർ

പ്രവാസികൾ, പരദേശികൾ എന്നീ വാക്കുകളോടു ചേർത്തു ചിന്തി

ക്കേണ്ട ഒന്നാണ് ചിതറിപ്പാർക്കുന്നവർ (diaspora) എന്ന പദം (1 പത്രോ. 1:1; യാക്കോ. 1:1). ക്രിസ്ത്വബ്ദം 70-ൽ യറുശലേം നശിപ്പിക്കപ്പെട്ടതിനെ ത്തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ചിതറിപ്പാർത്ത യഹൂദരെ ഉദ്ദേശിച്ചാണ് ഈ പദം പ്രധാനമായും ഉപയോഗിക്കുന്നത്. എന്നാൽ 1 പത്രോ. 1:1-ൽ കാണുന്ന 'പൊന്തോസിലും ഗലാത്യയിലും കപ്പദോക്യയിലും ആസ്യയിലും ബിഥുന്യയിലും ചിതറിപ്പാർക്കുന്ന പരദേശികൾ' എന്ന പ്രയോഗം യഹൂദ ക്രിസ്ത്യാനികളെ മാത്രം ഉദ്ദേശിച്ചാവാനിടയില്ല. കാരണം, ഈ ലേഖനത്തിൽ തന്നെ പരദേശികൾ, പ്രവാസികൾ എന്നീ പദങ്ങൾ ക്രിസ്ത്യാനികളെ പൊതുവായി പരാമർശിച്ചുകൊണ്ട് ഉപയോഗിച്ചിരിക്കുന്നു (2:11). ക്രിസ്ത്യാനികളുടെ ഈ ലോകവാസം പ്രവാസം (1:17) ആണെന്നും പറഞ്ഞിരിക്കുന്നു. ആകയാൽ പ്രവാസം, പ്രവാസികൾ, പരദേശികൾ എന്നീ പദങ്ങൾക്ക് പത്രോസ് നൽകുന്ന ആധ്യാത്മികാർത്ഥം ചിതറിപ്പാർക്കുന്നവർ എന്ന പദത്തിനും നൽകണം. ഈ ലോകവാസത്തിന്റെ ക്ഷണികതയെ സൂചിപ്പിക്കുന്ന പദങ്ങളാണിവയെല്ലാം. ഇപ്പോൾ ചിതറിപ്പാർക്കുന്ന ദേശം ക്രിസ്ത്യാനികൾക്ക് സ്വദേശമല്ല പരദേശമാകുന്നു. അവർ സ്വന്തവും നിത്യവുമായ സ്വർലോകത്തേക്ക് കൂട്ടിച്ചേർക്കപ്പെടേണ്ടവരാണ്. ഇതേ അർത്ഥത്തിൽ തന്നെയാണ് യാക്കോബ് എഴുതിയ ലേഖനത്തിന്റെ ആരംഭത്തിൽ 'ചിതറിപ്പാർക്കുന്ന 12 ഗോത്രങ്ങൾക്കും വന്ദനം' എന്ന് കുറിച്ചിരിക്കുന്നത്. സാമാന്യാർത്ഥത്തിൽ 12 ഗോത്രങ്ങൾ പഴയ യിസ്രായേലാണ് (അപ്പോ. 26:4). എന്നാൽ ആത്മീയാർത്ഥത്തിൽ സഭ പുതിയ യിസ്രായേലായി. ഈ പുതിയനിയമ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ 12 ഗോത്രങ്ങൾ യഹൂദ ക്രിസ്ത്യാനികളും പുറജാതി ക്രിസ്ത്യാനികളും ഉൾപ്പെടുന്ന പുതിയനിയമ സഭയെ മൊത്തം സൂചിപ്പിക്കുന്നു. 'ചിതറിപ്പാർക്കുന്ന പരദേശികൾ' യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാൻ തിരഞ്ഞെടുക്കപ്പെട്ട വ്രതന്മാരാണെന്ന വിശേഷണം (1 പത്രോ. 1:1-2) യഹൂദ ക്രിസ്ത്യാനികളെ മാത്രം പരാമർശിച്ചു പറയുന്നതാവാൻ ന്യായമില്ല. മാത്രമല്ല, ചിതറിപ്പാർക്കുന്ന എല്ലാവരും അന്ത്യനാളിൽ ഒന്നുചേരും എന്ന പഴയനിയമ പ്രവചനങ്ങൾ ചിതറിപ്പാർക്കുന്ന ക്രിസ്ത്യാനികൾ കർത്താവിന്റെ പ്രത്യക്ഷതയിങ്കൽ ഒന്നിച്ചു ചേർക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നതായി ആദിമസഭ വ്യാഖ്യാനിക്കുന്നു. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അപ്പോസ്തോലന്മാരുടെ പഠിപ്പിക്കലുകൾ (ഡിഡാക്കേ) എന്ന ഗ്രന്ഥത്തിൽ ഇതേ ആശയം കാണാം, "മുറിക്കപ്പെട്ട ഈ അപ്പം കുന്നുകളിൽ ചിതറിക്കിടക്കുന്നതും ശേഖരിച്ചുചേർത്തു ഒന്നായിതീർന്നതുമാകുന്നു. അപ്രകാരം ഭൂമിയുടെ അതിർത്തികളിൽ നിന്നും നിന്റെ സഭയെ ശേഖരിച്ച് നിന്റെ രാജ്യത്തിലേക്ക് കൂട്ടിച്ചേർക്കേണമേ" (9:4).

### viii) പരദേശിയെ ചേർത്തുകൊൾക

അന്യനേയും അപരിചിതനേയും പരദേശിയേയും പ്രവാസിയേയും സ്വീകരിച്ച് അഭയവും ആതിഥ്യവും നൽകുന്നത് ഒരു വലിയ സുകൃതമായി ആദിമസഭ കണക്കാക്കി. പഴയനിയമത്തിലെ പരദേശവാസ സങ്കല്പത്തിൽ കാണുന്നവിധം തന്നെ ക്രിസ്ത്യാനി ഇവിടെ അന്യനും പരദേശിയുമാണെന്ന ബോധ്യത്തിൽ ഉണ്ടാവുന്ന ഒരു പ്രായോഗിക രൂപമാണ് അന്യനെ സ്വന്തമായി കാണുന്നതും അപരിചിതന് അഭയം നൽകുന്നതും പരദേശിയെ സ്നേഹിതനായി സ്വീകരിച്ച് മാനിക്കുന്നതും. ഇതിന് philoxenia (അപരിചിതനോടുള്ള സ്നേഹം, പരദേശിയോടുള്ള സ്നേഹം - ആതിഥ്യം) എന്ന് പുതിയനിയമത്തിൽ പറയുന്നു. ഈ സുകൃതമനുഷ്ഠിക്കുന്നയാൾക്ക് philoxenos (അതിഥി സ്നേഹി) എന്നും മത്താ. 25:35-ൽ പരദേശിയെ (അതിഥി എന്ന് മലയാള വേദപുസ്തകത്തിൽ വിവർത്തനം കൊടുത്തിരിക്കുന്നു) സ്വീകരിക്കുന്നത് കർത്താവിനെ സ്വീകരിക്കുന്നതിനു തുല്യമായി കാണുന്നു. പരദേശിയോടു കാണിക്കുന്ന ആതിഥേയത്വം ഒരു വലിയ കല്പനയായി കർത്താവ് നല്കുന്നു. അപകടത്തിലായിരുന്ന യാത്രികന് അഭയം കൊടുക്കുന്ന ശമര്യനാണ് 'നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം' എന്ന കല്പന നിറവേറ്റുന്ന നല്ല അയൽക്കാരൻ (ലൂക്കോ. 10:25-27). ഈ ലോകജീവിതത്തെ പരദേശവാസമായിക്കാണുന്ന തീർത്ഥാടക സഭ ആരോരുമില്ലാത്തവർക്ക് അഭയം കൊടുക്കുന്നതും പുറന്തള്ളപ്പെട്ട് അന്യരായിത്തീർന്നവരെ മുഖ്യധാരയിലേക്ക് അടുപ്പിച്ച് കർത്തൃസന്നിധിയിലേക്ക് ആനയിക്കുന്നതും ആയിരിക്കണം. തീർത്ഥാടന സങ്കല്പത്തിൽ ആധ്യാത്മികാർത്ഥത്തോടൊപ്പം സാമൂഹികമാനവും കൂടിയുണ്ടെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

## 4. ആദിമസഭയിൽ

### i) പ്രവാസിയായ സഭ

വിശുദ്ധ വേദപുസ്തകത്തിൽ തീർത്ഥാടന സങ്കല്പം ആവിഷ്ക്കരിച്ചിരിക്കുന്നത് പരദേശി (പ്രവാസി), പരദേശവാസം (പ്രവാസം) എന്നിവയ്ക്കു നൽകിയിരിക്കുന്ന ആധ്യാത്മിക വ്യാഖ്യാനത്തിലൂടെയാണെന്ന് നാം കാണുകയുണ്ടായി. ഈ പാരമ്പര്യം ആദിമസഭയിലും തുടരുന്നതായി ക്രിസ്ത്വബ്ദം ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ പിതാക്കന്മാർ എഴുതിയ രേഖകളിൽ നിന്നും വ്യക്തമാവുന്നു. പരദേശി (പ്രവാസി) ക്രിസ്ത്യാനിക്കും പരദേശവാസം (പ്രവാസം) ക്രിസ്ത്യാനികളുടെ ഈലോക ജീവിതാവസ്ഥയ്ക്കും ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങളായിത്തീർന്നു. പുതിയനിയമത്തിൽ കാണുന്ന ഈ പ്രയോഗം ആദിമ

സഭാ രേഖകളിലും കാണാം. രണ്ടാം നൂറ്റാണ്ടിൽ രചിച്ച ഡയോഗ്നീറ്റസിന് എഴുതിയ ലേഖനം (ലേഖനകർത്താവ് ആരെന്നു വ്യക്തമല്ല) എന്ന രേഖയിൽ ക്രിസ്ത്യാനികളെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു. “അവർ സ്വദേശത്തു തന്നെ പാർക്കുന്നു; എന്നാൽ പ്രവാസികളായി (paroikoi) മാത്രം. പൗരന്മാരെപ്പോലെ എല്ലാറ്റിലും അവർക്ക് പങ്കവകാശമുണ്ട്; എന്നാൽ പരദേശിയെപ്പോലെ (Xenoi) എല്ലാ ദുരിതങ്ങളും സഹിക്കുന്നു. ഏതൊരു പരദേശവും അവർക്ക് പിതൃദേശമാണ്; എന്നാൽ ഏതൊരു പിതൃദേശവും അവർക്ക് പരദേശമാണു താനും. ... ഭൂമിയിലാണ് ജീവിക്കുന്നതെങ്കിലും അവരുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു” (5:5-9). വീണ്ടും മറ്റൊരിടത്ത് ഇങ്ങനെ കാണുന്നു: “ക്രിസ്ത്യാനികൾ ഈ ക്ഷയ ലോകത്തിൽ പ്രവാസികളായി വസിച്ചുകൊണ്ട് സ്വർഗ്ഗീയമായ അക്ഷയതയ്ക്കായി കാത്തിരിക്കുന്നു” (6:8). റോമിലെ വി. ക്ലിമ്മീസിന്റെ ഒന്നാം ലേഖനത്തിന്റെ (ഒന്നാം നൂറ്റാണ്ടിന്റെ ഒടുവിൽ എഴുതപ്പെട്ടത്) ആരംഭ വാക്യത്തിൽ “റോമിൽ പ്രവാസിയായിരിക്കുന്ന ദൈവത്തിന്റെ സഭ കൊരിന്തിൽ പ്രവാസിയായിരിക്കുന്ന ദൈവത്തിന്റെ സഭയ്ക്ക്” എന്ന പ്രയോഗം കാണാം. വി. ക്ലിമ്മീസിന്റെ തന്നെ രണ്ടാം ലേഖനം എന്നു കരുതപ്പെടുന്ന രേഖയിൽ 1 പത്രോ. 1:17-ൽ പറഞ്ഞിരിക്കുന്ന അതേ അർത്ഥത്തിൽ തന്നെ പ്രവാസം (paroikia) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു, “അതുകൊണ്ട് സഹോദരരെ ഈ ലോകത്തിലെ നമ്മുടെ പ്രവാസം ഉപേക്ഷിക്കാം....” (5:1). ക്രിസ്ത്വബ്ദം 156-നോടടുത്ത് രചിച്ച “പോളിക്കർപ്പോസിന്റെ രക്തസാക്ഷ്യം” എന്ന ലേഖനത്തിന്റെ ആമുഖത്തിൽ “പ്രവാസിയായിരിക്കുന്ന സ്മിർന്നയിലെ ദൈവത്തിന്റെ സഭ ഫിലോമെലിയത്തിൽ പ്രവാസിയായിരിക്കുന്ന ദൈവത്തിന്റെ സഭയ്ക്കും എല്ലാ സ്ഥലങ്ങളിലുമുള്ള വിശുദ്ധവും കാതോലികവുമായ സഭയുടെ സകല പ്രവാസങ്ങൾക്കും (paroikiai)” എന്നു പറഞ്ഞിരിക്കുന്നു. വിശുദ്ധ ഐറേനിയോസ് (130-200) ഫിലിപ്പ്യയിലെ സഭയെ “ഫിലിപ്പ്യയിൽ പ്രവാസിയായിരിക്കുന്ന സഭ” എന്നു വിശേഷിപ്പിച്ചിരിക്കുന്നു.

**ii) പ്രവാസം = സഭ**

മുൻ ഉദ്ധരിച്ചിരിക്കുന്ന പിതാക്കന്മാരുടെ രേഖകളിൽ പ്രവാസം (paroikia) എന്ന വാക്കിന് ലഭിച്ചിരിക്കുന്ന അർത്ഥവികാസം ശ്രദ്ധേയമാണ്. ഇവിടെ ഈ വാക്കിന് മൂന്നു അർത്ഥതലങ്ങൾ കാണുന്നു. ഒന്ന്, പുതിയനിയമത്തിൽ കാണുന്നതുപോലെ ക്രിസ്തീയസഭയുടെ ഈ ലോകജീവിതാവസ്ഥയെ കുറിക്കുന്നു. രണ്ട്, ecclesia (സഭ) എന്ന പദത്തിന് പര്യായമായി paroikia (പ്രവാസം) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. മൂന്ന്, ഓരോ സ്ഥലങ്ങളിലുമുള്ള പ്രാദേശിക സഭകൾക്ക് (ഇടവകകൾക്ക്) പ്രവാസങ്ങൾ (paroikiai) എന്നു പറഞ്ഞിരിക്കുന്നു.

പുതിയനിയമത്തിൽ സഭകൾ (ecclesiai) എന്ന് ബഹുവചനത്തിൽ പറയുന്ന അതേവിധം തന്നെ (ഗലാ 1:22; വെളി. 1:20) പ്രവാസങ്ങൾ (paroikiai) എന്നു പറയുന്നു. അങ്ങനെ ecclesia (എക്ലേസിയ) എന്ന പദം ആകമാനസഭയ്ക്കും പ്രവാസം (paroikia) എന്ന പദം ആകമാനസഭയ്ക്കുള്ളിലുള്ള ഒരു പ്രത്യേക ഇടവകയ്ക്കും ഉപയോഗിക്കുന്നു. 'പോളിക്കർപ്പോസിന്റെ രക്തസാക്ഷ്യം' എന്ന ഗ്രന്ഥത്തിൽ നിന്നുമുള്ള മുൻ ഉദ്ധരണിയിൽ ഈ അർത്ഥതലം വ്യക്തമായി കാണാം. ഗ്രീക്കിലെ paroikia ലത്തീനിൽ parochia ആയും ഇംഗ്ലീഷിൽ parish ആയും പരിണമിച്ചു. പ്രവാസം എന്ന പദത്തെ സംബന്ധിച്ച പഠനം സഭ ഒരു തീർത്ഥാടക സംഘമാണെന്ന ബോധ്യം ക്രിസ്ത്യാനികളുടെ മനസ്സിൽ ആഴമായി പതിഞ്ഞിരുന്നു എന്നു വ്യക്തമാക്കുന്നു; പരദേശമായ ഈ ലോകവാസം വിട്ട് സ്വദേശമായ സ്വർപ്പുരിയിലേക്ക് പ്രയാണം ചെയ്യുന്ന തീർത്ഥാടക സംഘമാണ് ക്രിസ്തീയസഭ.

## 5. തീർത്ഥാടക സന്യാസികൾ

ജീവിതം തന്നെ അക്ഷരാർത്ഥത്തിൽ തീർത്ഥാടനമാക്കി മാറ്റിയ ഭക്തരെ പല മതപാരമ്പര്യങ്ങളിലും കാണാൻ കഴിയും എന്ന് ഈ ലേഖനത്തിന്റെ പ്രാരംഭത്തിൽ തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ക്രിസ്തീയ സന്യാസപാരമ്പര്യത്തിലും ഇത് കാണാം. വീടും നാടും വിട്ട് ഉറ്റവരോടും ഉടയവരോടും വിട ചൊല്ലി സ്വയം പ്രവാസം സ്വീകരിച്ച സന്യസ്ഥർ. അവർ തീർത്ഥസ്ഥാനങ്ങളിലേക്കോ വിശുദ്ധരായ താപസരുടെ അടുക്കലേക്കോ മാറി മാറി യാത്ര ചെയ്യുന്നു. ഒന്നുകിൽ സന്യാസത്തിന്റെ ആദ്യഘട്ടത്തിൽ യാത്രചെയ്തശേഷം ഏതെങ്കിലും ഏകാന്തസ്ഥലത്ത് തപോനിഷ്ഠകളിലും ദൈവസംസർഗ്ഗത്തിലും കഴിയും. ജീവിതം മുഴുവനും തീർത്ഥയാത്ര ചെയ്യുന്നവരുമുണ്ട്. മൂന്നാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ ഈജിപ്തിലെ വി. അന്തോനിയോസ് 18-ാം വയസ്സിൽ പിതൃസ്വത്ത് വിറ്റ് പാവങ്ങൾക്ക് വീതിച്ചശേഷം അക്കാലത്ത് അറിയപ്പെട്ട പരിശുദ്ധരായ താപസരെ സന്ദർശിച്ചും അവരോടൊപ്പം ജീവിച്ചും അവരിൽനിന്നും കേട്ടും പഠിച്ചും ഏതാണ്ട് 16 വർഷം സഞ്ചരിച്ചു. 285-ൽ താപസത്തിനായി പൂർണ്ണമായും മരുഭൂമിയിലേക്ക് പിൻവാങ്ങിയതായി വി. വലിയ മാർ അത്താനാസ്യോസ് എഴുതിയ ജീവചരിത്രത്തിൽ വായിക്കുന്നു. ദൈവത്തോടുള്ള സ്നേഹത്തെപ്രതി നിത്യതീർത്ഥാടനം (perpetual pilgrimage) എന്ന ആദർശം സ്വീകരിച്ച സന്യാസികൾ ക്രിസ്ത്വബ്ദം ആറും അതിനുശേഷവുമുള്ള നൂറ്റാണ്ടുകളിൽ അയർലണ്ടിൽ ഉണ്ടായിരുന്നു. അവർ സ്വദേശം വിട്ട് പഥിക സന്യാസികളായി (wandering monks) പടിഞ്ഞാറൻ യൂറോപ്പു മുഴുവനും സഞ്ചരിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നതായി കാണാം. ക്രമേണ

പടിഞ്ഞാറൻ സഭകളിൽ ഇതു നിന്നുപോകുന്നതിനിടയായി. എന്നാൽ കിഴക്കൻ സഭകളിൽ ഇതു തുടർന്നു. 18-19 നൂറ്റാണ്ടുകളിൽ റഷ്യൻ സഭയിൽ ഇത്തരം ധാരാളം തീർത്ഥാടക സന്യാസികൾ ഉണ്ടായിരുന്നു.

## 6. തീർത്ഥാടനം ചരിത്രത്തിൽ

വിശുദ്ധ നാടുകളിലേക്കുള്ള തീർത്ഥാടനം പ്രചാരമാവുന്നത് ക്രിസ്ത്വബ്ദം 313-ൽ റോമൻ ചക്രവർത്തിയായ കുസ്തന്തീനോസ് ക്രിസ്ത്യാനികൾക്കെതിരെയുള്ള പീഡനം അവസാനിപ്പിച്ച് എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യം നൽകുന്നതോടെയാണ്. എന്നാൽ അതിനു മുമ്പു തന്നെ 212-ൽ കപ്പദോക്യയിലെ എപ്പിസ്കോപ്പാ അലക്സാണ്ടർ യറുശലേമിലേക്ക് തീർത്ഥാടനം നടത്തിയതായി യൗസേബിയസിന്റെ (260-340) സഭാചരിത്രത്തിൽ (VI. 11) രേഖപ്പെടുത്തിയിരിക്കുന്നു. കുസ്തന്തീനോസിന്റെ അമ്മ ഹെലേന രാജ്ഞി 326-ൽ വിശുദ്ധ നാടുകൾ സന്ദർശിച്ചു. ഒലിവുമലയിലും ബേതലഹേമിലും പള്ളികൾ പണികഴിപ്പിച്ചു. ഗോഗുൽത്താ മലയിൽ നിന്ന് കർത്താവിന്റെ ക്രൂശ് കണ്ടെടുക്കുകയും അവിടെയും കബറിടത്തിലും പള്ളികൾ പണിയിപ്പിക്കുകയും ചെയ്തു. 333-ൽ ഗോളിൽ (ഫ്രാൻസ്) ബൊർദോയിൽ നിന്നും ഒരാൾ വിശുദ്ധസ്ഥലങ്ങൾ സന്ദർശിച്ചതായി കാണുന്നു. നാലാം നൂറ്റാണ്ടിന്റെ ഒടുവിൽ സ്പെയിനിൽ നിന്നോ ഗോളിൽ നിന്നോ എഗേറിയ (എതേറിയ എന്നും എഴുതിക്കാണുന്നു) എന്ന ഭക്ത (സന്യാസിനിയോ മഠാധിപതിയോ ആകാനും വഴിയുണ്ട്) ഈജിപ്ത്, പലസ്തീൻ, എഡേസ്സാ, ഏഷ്യാമൈനർ, കുസ്തന്തീനോപ്പോലീസ് എന്നിവിടങ്ങളിലുള്ള വിശുദ്ധ സ്ഥലങ്ങളിലേക്ക് തീർത്ഥയാത്ര നടത്തുന്നതായി അവർ തന്നെ എഴുതിയ യാത്രാവിവരണത്തിൽ കാണുന്നു. പ്രസ്തുത ഗ്രന്ഥത്തിലെ ശ്രദ്ധേയമായ ഭാഗം യറുശലേമിനും അതിനുചേർന്നുമുള്ള വിശുദ്ധ സ്ഥലങ്ങളിലെ ആരാധനകൾ സംബന്ധിച്ച ദൃക്സാക്ഷി വിവരണമാണ്. പ്രതിദിനവും പ്രത്യേകിച്ചും ഞായറാഴ്ചകളിലുമുള്ള ശുശ്രൂഷകളും ആരാധനകളും, ദനഹാപ്പെരുനാൾ (അക്കാലത്ത് കർത്താവിന്റെ ജനനം, സ്നാനം എന്നിവയെ ഒന്നായി അനുസ്മരിക്കുന്ന ദനഹാപ്പെരുനാൾ, പടിഞ്ഞാറൻ സഭകളിൽ നാലാം നൂറ്റാണ്ടു മുതലും കിഴക്കൻ സഭകളിൽ അഞ്ചും ആറും നൂറ്റാണ്ടുകൾ മുതലും രണ്ടു പെരുനാളുകളായി ഡിസം. 25-നും ജനു. 6-നും. എന്നാൽ അർമ്മീനിയൻ സഭ ഇന്നും ജനു. 6-ന് ഒന്നായി നടത്തുന്നു), വിശുദ്ധ വാരാചരണം പ്രത്യേകിച്ചും ഓശാന ഞായറാഴ്ച ഒലിവുമലയിലേക്ക് കുരുത്തോലകൾ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം, വലിയ വെള്ളിയാഴ്ച ഗോഗുൽത്താ പള്ളിയിൽ കുരിശു മുത്തുന്ന പതിവ്, ഉയിർപ്പു പെരുനാൾ ശുശ്രൂഷകൾ, പെന്തിക്കോസ്തിപ്പെരുനാൾ എന്നിവയെ സംബന്ധിച്ച് വിശദവും സൂക്ഷ്മവുമായ വിവരണം നൽകുന്നു. റോമിലെ

വി. ജറോം (345-420) 386-ൽ പലസ്തീൻ സന്ദർശിച്ച് ബേതലഹേമിൽ സ്ഥിരവാസമാക്കി സന്യാസാശ്രമാധിപനായി മരണം വരെ കൂടുതൽ പഠനത്തിലും ഗ്രന്ഥരചനയിലും മുഴുകി.

നാലാം നൂറ്റാണ്ടിന്റെ ഉത്താർദ്ധത്തിൽ യറുശലേമിലേക്കുള്ള തീർത്ഥാടനം വർദ്ധിച്ചുവന്നു. ഇത് അവശ്യം വേണ്ട അനുഷ്ഠാനമായി പലരും കണക്കാക്കി. പ്രത്യേകിച്ചും സന്യാസികളും സന്യാസിനികളും യറുശലേം തീർത്ഥാടനം അവരുടെ ഭക്തിജീവിതത്തിന് ഒഴിവാക്കാനാവാത്ത ഒന്നായിക്കണക്കാക്കുന്നു. ഇതു തിരുത്തുന്നതിനു വേണ്ടി നിസ്സായിലെ വി. ഗ്രിഗോറിയോസ് (330-395) ഒരു നിബന്ധം തന്നെ രചിച്ചു, 'തീർത്ഥാടനങ്ങളെപ്പറ്റി' എന്ന തലക്കെട്ടിൽ. സന്യാസീ സന്യാസിനികൾ ഇത്രയും ദൂരയാത്ര ചെയ്യുമ്പോൾ അവരുടെ വ്രതാനുഷ്ഠാനങ്ങൾക്ക് ഭംഗം വരാം. ഇക്കാര്യം അലക്ഷ്യമാക്കി യറുശലേമിലേക്ക് തീർത്ഥയാത്ര ചെയ്യേണ്ടതില്ല എന്നായിരുന്നു ഗ്രിഗോറിയോസിന്റെ പക്ഷം. കപ്പദോക്യയിൽ തന്നെ എത്ര ബലിപീഠങ്ങൾ! അവിടെയെല്ലാം ദൈവനിവാസവും പരിശുദ്ധാത്മ വ്യാപാരവും ഉണ്ട്. പരിശുദ്ധാത്മ വ്യാപാരവും ദൈവകൃപയും യറുശലേമിൽ കൂടുതലായി ഉണ്ടെങ്കിൽ മറ്റെവിടെയും ഉള്ളതിലുമധികം തിന്മ അവിടെ ഉണ്ടാവുന്നതെങ്ങനെ? കവർച്ചയും കുലയും വഴക്കും വിഗ്രഹാരാധനയും വർദ്ധിക്കുന്നതെങ്ങനെ? ഗ്രിഗോറിയോസു തന്നെ യറുശലേം സന്ദർശിച്ചത് സഭാസമിതിയുടെ തീരുമാനപ്രകാരം ഔദ്യോഗിക കർത്തവ്യ നിർവഹണത്തിനായിരുന്നുവെന്നും സങ്കീർത്തനങ്ങളാലപിച്ചും ഉപവസിച്ചും വ്രതാനുഷ്ഠാനത്തോടെ യാത്ര ചെയ്യാൻ കഴിഞ്ഞുവെന്നും ചൂണ്ടിക്കാണിച്ച് ന്യായീകരിക്കുന്നു. അദ്ദേഹം തുടർന്നെഴുതുന്നു, "ആകയാൽ കർത്തൃ ഭക്തരേ, നിങ്ങൾ ആയിരിക്കുന്ന സ്ഥലങ്ങളിൽ അവനു സ്തോത്രം പാടുക; സ്ഥലം മാറുന്നതുകൊണ്ട് ആരും ദൈവത്തിങ്കലേക്ക് അടുക്കുന്നില്ല. നിങ്ങൾ എവിടെയോ അവിടേക്ക് ദൈവം എഴുന്നള്ളും; നിങ്ങളുടെ ആത്മാവിന്റെ അറകൾ കർത്താവു നിങ്ങളിൽ വസിക്കാനും ചരിക്കാനും കഴിയുംവിധം ഒരുക്കമുള്ളതായാൽ മതി. നിങ്ങളുടെ അകത്തെ മനുഷ്യൻ ദുർവിചാരങ്ങളിൽ കഴിയവേ നിങ്ങൾ ഗോഗുൽത്തായിലോ ഒലിവുമലയിലോ പുനരുത്ഥാന സ്മാരകശില മേലോ എവിടെ ആയിരുന്നാലും, കർത്താവിനെ ഏറ്റുപറയാൻ ആരംഭിച്ചുപോലുമില്ലാത്ത ഒരുവനെപ്പോലെ നിങ്ങളിലേക്ക് കർത്താവിനെ സ്വീകരിക്കുന്നതിൽ നിന്ന് നിങ്ങൾ അകലത്തായിരിക്കും." പരിശുദ്ധാത്മദാനം നമ്മിലേക്ക് പ്രവഹിക്കുന്നത് യറുശലേമിലേക്കുള്ള തീർത്ഥാടനം കൊണ്ടല്ല. വിശ്വാസത്തിന്റെ അളവനുസരിച്ചായിരിക്കും എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് വി. ഗ്രിഗോറിയോസ് ലേഖനം ഉപസംഹരിക്കുന്നു. മധ്യകാല യുഗങ്ങളിൽ (1100-1500) പാശ്ചാത്യസഭയിൽ

തീർത്ഥാടനത്തിനുണ്ടായ അപച്യുതി കണ്ട് ക്രിസ്താനുകരണത്തിന്റെ കർത്താവായ തോമസ് അ കെമ്പിസ് (1380-1471) പറയുന്നത് ശ്രദ്ധിക്കുക, "കൂടുതൽ തീർത്ഥാടനത്തിനു പോകുന്നവർ വിരളമായേ പൂർണ്ണരും പരി ശുദ്ധരുമായിത്തീരുന്നുള്ളു." വി. ഗ്രിഗോറിയോസും തോമസ് അ കെമ്പിസും തീർത്ഥാടനത്തിന്റെ പ്രസക്തി അപ്പാടെ തള്ളിക്കളയുകയല്ല. തീർത്ഥാടനങ്ങൾ ഏറിയപങ്കും ഉപരിപ്ലവവും അർത്ഥം അറിയാതെയും നടത്തുന്നവയാകയാൽ നിരർത്ഥങ്ങളായി ഭവിക്കുന്നു. ഇങ്ങനെയൊരു തിരുത്ത് തീർത്ഥാടനത്തെ സംബന്ധിച്ച് ഇന്നും ആവശ്യമാണ്. പ്രത്യേ കിച്ചും തീർത്ഥാടനങ്ങൾ വ്രതാനുഷ്ഠാനങ്ങൾ കൂടാതെയുള്ള വിനോദ യാത്രകളും (tours) തീർത്ഥാടനകേന്ദ്രങ്ങൾ കച്ചവടകേന്ദ്രങ്ങളുമായി ത്തീർന്നിരിക്കുന്ന സാഹചര്യത്തിൽ.

തീർത്ഥാടനത്തിന്റെ പൊരുളറിഞ്ഞ് ജീവിതം തന്നെ തീർത്ഥാടനമായി രൂപാന്തരപ്പെടുത്തുന്നവർക്കു മാത്രമേ തീർത്ഥസ്ഥാനങ്ങൾ പുണ്യഭൂമി കളായിത്തീരുന്നുള്ളു.

## 7. തീർത്ഥാടകന്റെ മുന്നേറ്റം

ക്രിസ്തീയ തീർത്ഥാടനത്തെ സംബന്ധിച്ച ചർച്ച ജോൺ ബനിയൻ 1678-ൽ എഴുതിയ The Pilgrim's Progress (മലയാള വിവർത്തനത്തിനു നൽകിയിരിക്കുന്ന തലക്കെട്ട് പരദേശി മോക്ഷയാത്ര എന്ന്) എന്ന ഗ്രന്ഥം പരാമർശിക്കാതെ പൂർണ്ണമാവുന്നില്ല. ക്രിസ്തീയ തീർത്ഥാടന സങ്കല്പ ത്തിന് ആധുനിക കാലത്ത് അത്ര കണ്ട് നിർണ്ണായക സ്വാധീനം ചെലു ത്തിയ ഗ്രന്ഥമാണത്. താനിവിടെ പരദേശിയെന്നും ഇവിടം നാശപുരി യെന്നും തിരിച്ചറിയുന്ന ഭക്തൻ സ്വർഗ്ഗപുരിയിലേക്ക് യാത്രയാവുന്നു. ചുമലിൽ ഭാരമേറിയ ഭാണ്ഡവും ഇടതുകയ്യിൽ വേദപുസ്തകവുമായി യാത്രചെയ്യവേ ക്രൂശിൻചുവട്ടിൽ എത്തുമ്പോൾ പാപഭാണ്ഡം കെട്ട ഴിഞ്ഞു മാറി ഭക്തൻ സ്വതന്ത്രനാവുന്നു. പുതുവസ്ത്രവും നെറ്റിയിൽ അടയാളവും മുദ്ര വച്ച ചുരുളും സ്വീകരിച്ച് തീർത്ഥയാത്ര തുടരുന്നു. ലോകത്തിൽ നാം പരദേശികളും പ്രവാസികളുമാണെന്നും സ്വർഗ്ഗം സ്വദേ ശവും നിത്യാവകാശവുമാകയാൽ അവിടേക്ക് പുറപ്പെടുകയാണ് വേണ്ട തെന്നും തിരിച്ചറിഞ്ഞ് ജീവിതത്തെ തീർത്ഥയാത്രയാക്കി മാറ്റുന്ന ഒരു ക്രിസ്ത്യാനിയുടെ സുന്ദരമായ ചിത്രം ജോൺ ബനിയൻ വരച്ചു കാട്ടുന്നു.

## ഉപസംഹാരം

ദൈവജനം തീർത്ഥാടക സംഘമാണെന്ന ഉൾക്കാഴ്ച വേദപുസ്ത കത്തിലുടനീളമുണ്ട്. പരദേശി - പരദേശവാസം, പ്രവാസി - പ്രവാസം,

അന്യൻ, അപരിചിതൻ, വന്നുപാർക്കുന്നവൻ, ചിതറിപ്പാർപ്പ്; ഈ പദ സഞ്ചയം കൊണ്ടാണ് തീർത്ഥാടക സങ്കല്പത്തിന് വേദപുസ്തകം പൊരുളും ഭാഷ്യവും തീർക്കുന്നത്. ലോകത്തിൽ സഭ പ്രവാസിയാകുന്നു; ഈ ബോധ്യം ആഴമായി സ്വാധീനിച്ച ആദിമ സഭാപിതാക്കന്മാർ പ്രവാസം സഭയ്ക്കു സമവാക്യം തന്നെ എന്നു കണ്ടു. സ്വർലോകമാണ് നമുക്ക് സ്വദേശം. അവിടെയാണ് നമ്മുടെ പൗരത്വവും പൈതൃകാവകാശങ്ങളും. നാം അവിടേക്ക് പുറപ്പെടുകയായി, പുണ്യഭൂമിയിലേക്കുള്ള പുറപ്പാട്. ഈ ആക്കവും അന്വേഷണവും ജീവിതത്തിന്റെ തന്നെ മുഖ്യ ഭാവമാകുമ്പോൾ ജീവിതം തന്നെ തീർത്ഥാടനമായി, ഇവിടം തന്നെ തീർത്ഥസ്ഥാനവും. കൊച്ചു കൊച്ചു തീർത്ഥയാത്രകൾ ജീവിതത്തെ ത്തന്നെ ഒരു വലിയ തീർത്ഥാടനമാക്കി മാറ്റുന്നതിന് പ്രേരകമാവുന്ന പുണ്യനിമിഷങ്ങളുമാവുന്നു.

**(2001)**

# 18

# സ്ത്രീസങ്കല്പം

വേദപുസ്തകത്തിലെ സ്ത്രീസങ്കല്പത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ആദ്യപടി വേദപുസ്തകത്തിലെ മനുഷ്യസങ്കല്പം എന്തെന്ന് മനസ്സിലാക്കുകയാണ്. ഈ അന്വേഷണത്തിൽ ആദ്യം വരുന്നത് ആദാം എന്ന സങ്കല്പമാണ്. ആദാം ഒരു പുരുഷനായിരുന്നുവെന്നും അവനിൽ നിന്നും സ്ത്രീയെ ഉണ്ടാക്കിയെന്നും ഇക്കാരണത്താൽ പുരുഷന് ഒരു പടി താഴെ മാത്രമേ സ്ത്രീക്ക് സ്ഥാനമുള്ളു എന്നും വ്യാഖ്യാനിച്ചു വാദിക്കുന്നവരുണ്ട്. പഴയനിയമത്തിലും യഹൂദമതത്തിലും പുതിയനിയമത്തിലും സ്ത്രീകളോടുള്ള സമീപനം ഒരുപരിധിവരെ വിവേചനമുള്ളതായിരുന്നുവെന്ന് കാണാം. അതേസമയം മറ്റൊരു ധാരയും പഴയനിയമ - യഹൂദമത - ക്രിസ്തീയ പാരമ്പര്യങ്ങളിൽ നിലനിന്നിരുന്നു. അതായത് സ്ത്രീത്വം ഉദാത്തമായി കരുതുന്ന സമീപനം. ഇതിന് വേദശാസ്ത്രപരമായ അടിസ്ഥാനം നൽകുന്നതാണ് ആദാം എന്ന സങ്കല്പം.

ഉല്പത്തി പുസ്തകത്തിൽ രണ്ട് സൃഷ്ടികഥകളുണ്ട്. ഒന്ന്, 1:1-2:3. രണ്ട്, 2:4-3:24. രണ്ട് കൈവഴികളായി വന്ന പാരമ്പര്യങ്ങളാണ് ഇവ. രണ്ട് കാലഘട്ടങ്ങളിലായാണ് ഇവയ്ക്ക് ഇന്നത്തെ രൂപം ലഭിച്ചതെന്നും മനസ്സിലാക്കാം. ഒന്നാമത്തേത് 'പുരോഹിത' രേഖയെന്നും രണ്ടാമത്തേത് 'യഹോവാ' രേഖയെന്നും പണ്ഡിതന്മാർ വിളിക്കുന്നു. കാലഗണനയനുസരിച്ച് യഹോവാ രേഖയ്ക്കാണ് കൂടുതൽ പഴക്കം; ക്രിസ്തുവിന് മുമ്പ് ഒമ്പതാം നൂറ്റാണ്ട്. പുരോഹിതരേഖ ക്രിസ്തുവിന് മുമ്പ് ആറാം നൂറ്റാണ്ട്. രണ്ട് രേഖകളിലും മനുഷ്യോല്പത്തിയെ സംബന്ധിച്ച് വിവരണങ്ങൾ ഉണ്ട്. പ്രത്യക്ഷത്തിൽ പരസ്പര വിരുദ്ധമെന്ന് തോന്നാവുന്ന കാര്യങ്ങളും ഉണ്ട്. എന്നാൽ മനുഷ്യനെപ്പറ്റി പൊതുവെയും ഭാര്യാ-ഭർത്തൃ ബന്ധത്തിന്റെ അന്യോന്യതയും പരസ്പരപൂരകതയും സംബന്ധിച്ച് പ്രത്യേകിച്ചും ആഴമായ ഉൾക്കാഴ്ചകൾ ഈ രണ്ടു രേഖകളിലും കാണാനാവും.

മലയാള വേദപുസ്തകത്തിൽ ഉല്പത്തി 1-11 അദ്ധ്യായങ്ങൾ പരിശോധിക്കുമ്പോൾ 'മനുഷ്യൻ' എന്ന് ഉപയോഗിച്ചിരിക്കുന്ന ഭാഗങ്ങളിലെല്ലാം തന്നെ ആദാം എന്നാണ് എബ്രായ മൂലത്തിൽ കാണുന്നത്. പുരുഷൻ എന്നതിന് ഈശ് (ish) എന്നും സ്ത്രീ അല്ലെങ്കിൽ നാരി എന്നതിന് ഈശാ (ishah) എന്നും കാണുന്നു.

ഉല്പത്തി രണ്ട്, മൂന്ന് അദ്ധ്യായങ്ങളിൽ ആദിസ്ത്രീയുടെ പ്രഭവവും ഭർത്താവുമായ ആദിപുരുഷന്റെ പേരാണ് ആദാം (2:5-4:1). ആദാം എന്ന

എബ്രായ പദം അദാമാ (adamah) എന്ന പദത്തിൽ നിന്നും ഉത്ഭവിച്ച താണ്. മണ്ണിൽ നിന്നുള്ളവൻ എന്നാണ് അർത്ഥം. ആദാം എന്ന പദം പുല്ലിംഗ രൂപമാണ്. ആദിപുരുഷന്റെ പേര് ആദാം എന്നും ആദിസ്ത്രീ യുടെ പേര് ഹവ്വാ എന്നും കാണുന്നു (ഉല്പത്തി 2, 3). എന്നാൽ ഉല്പത്തി 1–11 ആദ്ധ്യായങ്ങളിൽ മനുഷ്യനെന്ന അർത്ഥത്തിൽ ആദാം എന്ന പദം ഉപയോഗിക്കുമ്പോൾ മനുഷ്യവംശത്തെ (humankind) മൊത്തം പരാമർശിക്കുന്ന പദമായിട്ടാണ് കാണുന്നത്. ഈ സന്ദർഭങ്ങളിലെല്ലാം ആദാം (മനുഷ്യൻ) ഒരു സർവ്വനാമമോ (pronoun) സമൂഹനാമമോ (collective noun) ആണ് (ഉല്പ. 6:5–7; 8:21; 9:5–7; 11:5).

ഉല്പത്തി രണ്ടും മൂന്നും അദ്ധ്യായങ്ങളെ ആസ്പദമാക്കി സ്ത്രീ, പുരുഷനേക്കാൾ താഴ്ന്ന നിലയിലാണെന്ന് വ്യാഖ്യാനിക്കുന്നുണ്ടെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ഇത്തരം വാദഗതിക്ക് അടിസ്ഥാനമായി സ്വീക രിക്കുന്ന ഒന്നാമത്തെ കാര്യം സ്ത്രീ, പുരുഷന്റെ വാരിയെല്ലിൽ നിന്നും നിർമ്മിക്കപ്പെട്ടു എന്ന പരാമർശമാണ് (ഉല്പ. 2:22). വാരിയെല്ല് എന്ന പദം അറബികൾക്കിടയിൽ ഏറ്റമടുത്ത സ്നേഹിതനെ അല്ലെങ്കിൽ സ്നേഹിതയെ ഉദ്ദേശിച്ച് ഉപയോഗിക്കുന്നു. ഇതിൽ നിന്നും വാരിയെല്ല് എന്ന പദം പാരസ്പര്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമാണെന്ന് മനസ്സിലാക്കാം. ഈ ആശയം കൂടുതൽ പ്രസ്പഷ്ടമാകുന്നുണ്ട് ഉല്പ. 2:23–ൽ. ഇവിടെ പുരുഷൻ സ്ത്രീയെ സംബന്ധിച്ച് "എന്റെ അസ്ഥി യിൽ നിന്ന് അസ്ഥിയും എന്റെ മാംസത്തിൽ നിന്ന് മാംസവും" എന്ന് പറയുന്നുണ്ടല്ലോ. സ്ത്രീ, പുരുഷനേക്കാൾ താഴ്ന്നവൾ എന്ന് സമർത്ഥി ക്കുന്നതിന് ഉപയോഗിക്കുന്ന മറ്റൊരു വേദഭാഗമാണ് ഉല്പ. 2:18. ഇവിടെ പുരുഷന്റെ തുണയായി സ്ത്രീയെ സൃഷ്ടിച്ചു എന്നു പറഞ്ഞിരിക്കുന്നു. പുരുഷന്റെ സഹായിയാണ് സ്ത്രീ ഈ വ്യാഖ്യാനത്തിൽ. എന്നാൽ 'തക്കതായൊരു തുണ' എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഇതിന് സ്ത്രീ, പുരുഷന്റെ കീഴിലുള്ളയാൾ എന്ന ആശയം വരുന്നില്ല. മറിച്ച് സമത്വവും പൂരകതയുമാണ് പ്രസ്തുത പ്രയോഗം കൊണ്ട് അർത്ഥ മാക്കുന്നത്. ഉല്പത്തി മൂന്നാം അദ്ധ്യായത്തിലൂടെ പുരുഷനെ വശീക രിക്കുന്ന ഒരു പ്രലോഭകയുടെ ചിത്രമാണ് സ്ത്രീക്ക് ലഭിക്കുന്നത്. സ്ത്രീയെ പാമ്പ് വഞ്ചിച്ചു. ആ വഞ്ചനയിൽ ഭർത്താവിനെയും അകപ്പെ ടുത്തുന്ന ആളായിട്ടാണ് ആദിസ്ത്രീ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുക. ഈ ആശയം യഹൂദ – ക്രിസ്തീയ പാരമ്പര്യത്തെ ആകമാനം സ്വാധീ നിച്ചിട്ടുണ്ട്. അവിശ്വസ്തതയുടെയും ധാർമ്മികമായ അധീരതയുടെയും പ്രതീകമായി സ്ത്രീയെ പൊതുവെ സങ്കല്പിച്ചിരിക്കുന്നു. എന്നാൽ സാമാന്യ വായനയിൽ സ്ത്രീയും പുരുഷനും പിശാചിന്റെ വഞ്ചനയിൽ ഒരുപോലെ വീണു എന്നാണ് കാണാൻ കഴിയുക. സ്ത്രീ പാമ്പിനെയും

പുരുഷൻ സ്ത്രീയെയും പഴിചാരുന്നുവെന്ന് മാത്രം. ഈ പഴിചാരൽ വീഴ്ചയുടെ ഫലമായി മനുഷ്യന് സഹജമായിത്തീർന്ന ഒരു സ്വഭാവ മായി മാത്രമേ കണക്കാക്കേണ്ടതുള്ളു. ഉല്പത്തി 2:18–25-ൽ കാണുന്ന സ്ത്രീപുരുഷ ബന്ധത്തിന്റെ അന്യോന്യതയും പരസ്പരപൂരകതയും മാറി പുരുഷൻ സ്ത്രീക്ക് മേൽ അധീശത്വം പുലർത്തുന്ന ഒരു പുതിയ ക്രമം വീഴ്ചയുടെ ഫലമായി ഉണ്ടാകുന്നു. “നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടാകും. അവൻ നിന്നെ ഭരിക്കും” (ഉല്പ. 3:16). ഇത് താള ഭംഗം വന്ന മനുഷ്യബന്ധമാണ് സൂചിപ്പിക്കുന്നത്. അതല്ലാതെ സൃഷ്ടി യിൽ ദൈവം ഇങ്ങനെയൊരു ക്രമം ഉദ്ദേശിച്ചിരുന്നതായി വ്യാഖ്യാനി ക്കുവാൻ പാടുള്ളതല്ല.

ഉല്പ. 1–11 അദ്ധ്യായങ്ങളിൽ ആദാം (മനുഷ്യൻ) എന്ന പദം പൊതുവെ മനുഷ്യവംശം എന്ന അർത്ഥത്തിൽ സർവ്വനാമമായോ സമൂഹനാമമായോ ഉപയോഗിച്ചിരിക്കുന്നുവെന്നും രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ഹവ്വാ യുടെ ഭർത്താവിന്റെ പേരായി കാണുന്നുവെന്നും മുകളിൽ സൂചിപ്പിക്കു കയുണ്ടായി. എന്നാൽ ഉല്പത്തി 1:26–29; 5:1–2 എന്നീ ഭാഗങ്ങളിൽ ആദാം എന്ന പദം ഒരു സർവ്വനാമമോ (pronoun) സമൂഹനാമമോ (collective noun) ഒരു പുരുഷന്റെ പേരോ (proper noun) ആയി മാത്രം മനസ്സിലാ ക്കാൻ പാടുള്ളതല്ല. ആദാം ഒരു സമൂഹനാമമാണ് എന്നു പറഞ്ഞാൽ പല വ്യക്തികളുടെ കൂട്ടായ്മയെന്നേ അതുകൊണ്ട് അർത്ഥമാക്കുന്നുള്ളു. മനുഷ്യവംശം എന്നു പൊതുവെ സൂചിപ്പിക്കുന്നുവെന്നു മാത്രം. എന്നാൽ ഇതിലും വിപുലമായൊരു അർത്ഥം ഈ പദത്തിനുണ്ട്. ആദാം ഏകത്വ മുള്ള ഒരു ആളത്വമാണ്. അതേസമയം തന്നെ വ്യക്തികളുടെ ബഹുല തയും ഈ ഏക ആളത്വത്തിൽ ഉണ്ട്. മനുഷ്യരെല്ലാം ചേർന്നുവരുന്ന ഒരു കൂട്ടായ്മയല്ല ആദാം; എല്ലാ മനുഷ്യരുടെയും ഉത്ഭവവും നിലനി ല്പ്പുമുള്ള ഏക ആളത്വമാണ്. ഇതേപോലെ തന്നെ ആണും പെണ്ണും ആദാമിൽ തന്നെ ഉൾക്കൊണ്ടിരുന്നു. ആദാം പെണ്ണിൽ നിന്നു വ്യതിരി ക്തനായ ആണെന്നോ ആണിൽ നിന്നും വ്യതിരിക്തയായ പെണ്ണെന്നോ പറയാനാവാത്തവിധം ആണും പെണ്ണും ഉൾക്കൊള്ളുന്നതും ആൺ പെൺ ഭേദങ്ങളെ അതിജീവിക്കുന്നതുമായ ആളത്വമാകുന്നു.

നാം ഇങ്ങനെ വായിക്കുന്നു: “അനന്തരം ദൈവം: നാം നമ്മുടെ സ്വരൂ പത്തിൽ നമ്മുടെ സാദൃശ്യപ്രകാരം *മനുഷ്യനെ* (ആദമിനെ) ഉണ്ടാക്കുക, *അവർ* സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ..... വാഴട്ടെ എന്നു കല്പിച്ചു. ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ *മനുഷ്യനെ* (ആദാമിനെ) സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ *അവനെ* സൃഷ്ടിച്ചു. ആണും പെണ്ണുമായി *അവരെ* സൃഷ്ടിച്ചു. ദൈവം *അവരെ* അനുഗ്രഹിച്ചു.... സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്ന് *അവരോട്* കല്പിച്ചു”

(ഉല്പ. 1:26–28). ഈ വേദഭാഗത്ത് 'അവൻ' എന്നും 'അവർ' എന്നും മാറിമാറി ഉപയോഗിക്കുന്നു. ആദാം വെറും ഏകമല്ല, അനേകമാണെന്നും ഈ അനേകം ആണും പെണ്ണും ചേർന്നതാണെന്നും ഈ ബഹുലത യിൽ ഒരു ആളത്വത്തിന്റെ ഏകതയുണ്ടെന്നും മനസ്സിലാക്കണം. മറ്റൊ രുവിധത്തിൽ പറഞ്ഞാൽ നമ്മുടെ ബുദ്ധിയിലും യുക്തിയിലും ഒതുങ്ങുന്ന ഒരു ആളത്വമല്ല മുൻ ഉദ്ധരിച്ച വേദഭാഗത്ത് കാണുന്ന മനുഷ്യസങ്കല്പം. വ്യക്തിത്വങ്ങളുടെ ബഹുലതയും അതിൽതന്നെ സ്ത്രീ പുരുഷ ലിംഗ ഭേദങ്ങളും അതേസമയം ഒരു വ്യക്തിയെന്ന ഏക ആളത്വത്തിന്റെ അഖ ണ്ഡതയും സമഗ്രതയും ചേർന്നുവരുന്ന ഒരു മനുഷ്യസങ്കല്പം. ഇങ്ങ നെയൊരു മനുഷ്യസങ്കല്പം പഴയനിയമത്തിലും യഹൂദ റബിമാരുടെ പ്രബോധനങ്ങളിലും പുതിയനിയമത്തിലും അന്തർധാരയായി കാണുന്നു. ലിംഗം, ജാതി, മതം, രാജ്യം, വംശം എന്നിവയുടെ അടിസ്ഥാനത്തിൽ അടർന്ന് വേറിട്ടു നിൽക്കുന്ന അനേകം വ്യക്തികളുള്ള ഒരു മനുഷ്യസ മൂഹം എന്നതിനു പകരം ബഹുലതയും അനേകതയും അതേസമയം അഖണ്ഡതയും ഏകതയും ഉള്ള ഒരു ആളത്വം.

പഴയനിയമത്തിലും റബിമാരുടെ ഗ്രന്ഥത്തിലും ഈ ആളത്വത്തെ ആദാം എന്നാണ് വിളിക്കുന്നതെങ്കിൽ പുതിയനിയമത്തിൽ, പ്രത്യേകിച്ചും വി. പൗലോസിന്റെ ലേഖനങ്ങളിൽ ഈ ആളത്വം ക്രിസ്തുവിൽ കണ്ടെ ത്തുന്നു. ഇതുകൊണ്ടത്രെ ക്രിസ്തുവിനെ 'അവസാനത്തെ ആദാം', 'രണ്ടാം മനുഷ്യൻ' എന്നിങ്ങനെ പൗലോസ് വിശേഷിപ്പിക്കുന്നത് (1 കൊരി. 15:45–46). മുൻ സൂചിപ്പിച്ചതുപോലെ ആദാം - ക്രിസ്തു ഒരു സമൂഹമോ കൂട്ടായ്മയോ അല്ല. ഒരു ശരീരത്തിൽ പല അവയവങ്ങൾ എന്ന പോലെയും ഒരു വൃക്ഷത്തിൽ പല ശാഖകൾ എന്ന പോലെ യുമുള്ള ഒരു ജൈവയാഥാർത്ഥ്യമാണ്. ആദാമിൽ ഉണ്ടായിരുന്ന മനു ഷ്യവംശത്തിന്റെ ഏകത വീഴ്ചയുടെ ഫലമായി നഷ്ടപ്പെട്ടുപോയി. ഏകത എന്ന പദംകൊണ്ട് അന്യോന്യതയും പരസ്പര പൂരകതയുമാണ് അർത്ഥമാക്കുന്നത്. ഇവിടെ അധീശത്വത്തിന്റെ കീഴ്മേൽ സങ്കല്പം ഒട്ടും തന്നെ ഉണ്ടാവില്ല. എവിടെ അന്യോന്യതയും പരസ്പരപൂരകതയും ചോർന്നു പോകുമോ അവിടെ ഏകതയില്ല. പകരം പോരും അധീശ ത്വവും സ്ഥാനം പിടിക്കുന്നു. ഇത് മനുഷ്യ സൃഷ്ടിയുടെ തനി പ്രകൃത മല്ല. വീഴ്ചയിലുണ്ടായ മാറ്റമാണ്. സ്ത്രീപുരുഷ ബന്ധങ്ങളിലും ഇതുതന്നെയാണ് സംഭവിച്ചത്. ഭർത്താവ് ഭാര്യയെ ഭരിക്കാൻ തുടങ്ങുന്നു. സ്നേഹത്തിന്റെ കുറവു വരുന്നിടത്ത് പരസ്പരം ഭരിച്ചു കീഴടക്കാനുള്ള ശ്രമം ആരംഭിക്കുകയായി. ഭർത്താവ് ഭാര്യയെ ഭരിക്കാൻ ശ്രമിക്കുമ്പോൾ ഭാര്യ ഭർത്താവിനെ വശീകരിച്ച് കൈപ്പിടിയിലൊതുക്കാൻ ശ്രമിക്കുന്നു. ക്രിസ്തുവിൽ ഒരു പുതിയ ആളത്വം രൂപപ്പെട്ടുവരണം. പുരുഷനും

സ്ത്രീയും യഹൂദനും യവനനും ദാസനും സ്വതന്ത്രനും എന്നീ തരഭേദങ്ങൾ ഇല്ലാത്ത ഒരു പുതിയ ആളത്വം; ഒരു പുതിയ മനുഷ്യൻ. ഈ സങ്കല്പം പ്രസ്പഷ്ടമാക്കുന്ന വേദഭാഗങ്ങളുണ്ട്. ഒരിടത്ത് പൗലോസ് അപ്പോസ്തലൻ ഇങ്ങനെ പറയുന്നു. "ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനുമെന്നില്ല, ദാസനും സ്വതന്ത്രനുമെന്നില്ല, ആണും പെണ്ണുമെന്നില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ" (ഗലാ. 3:27–28). ഇത് സ്നാനസന്ദർഭത്തിൽ പറയുന്ന വാക്കുകളാണ്. ക്രിസ്തുവിനോട് ചേരുക ക്രിസ്തുവിൽ ആയിത്തീരുകയാകുന്നു. ക്രിസ്തുവിൽ ആയിത്തീരുന്നവർ ക്രിസ്തുശരീരത്തിന്റെ ഭാഗമായി തീരുന്നു. ക്രിസ്തുശരീരം സഭയാണല്ലോ. 'ക്രിസ്തുവിനെ ധരിക്കുക' (= റോമ. 13:14) 'പുതിയ മനുഷ്യനെ' ധരിക്കുകയാകുന്നു (എഫേ. 4:24 = കൊലോ. 3:10). 'പുതിയ മനുഷ്യൻ' ആദാം സങ്കല്പം തന്നെയാണ്. പഴയ മനുഷ്യൻ ആദ്യ ആദാമിനെ സൂചിപ്പിക്കുമ്പോൾ പുതിയ മനുഷ്യൻ ഒടുവിലത്തെ (രണ്ടാമത്തെ) ആദാമിനെ (മനുഷ്യനെ) സൂചിപ്പിക്കുന്നു. ആദാം, മനുഷ്യൻ എന്നീ വാക്കുകൾ പൗലോസ് ഒരേ അർത്ഥത്തിൽ തന്നെ ഉപയോഗിക്കുന്നുണ്ട് (1 കൊരി. 15:15). എഫേ. 2:13–16-ൽ മനുഷ്യരെ തമ്മിൽ വിഭജിക്കുന്ന വേലിക്കെട്ടുകൾ പൊളിച്ചുമാറ്റി ഇരുപക്ഷത്തെയും ഒന്നാക്കി ക്രിസ്തു തന്നിൽ തന്നെ ഒരു പുതിയ മനുഷ്യനായി സൃഷ്ടിച്ച് ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിച്ചു എന്ന് പറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ ആളത്വത്തിന്, ശരീരത്തിന് ഇത്ര വിശാലമായ ഒരർത്ഥം ഉണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. 'ക്രിസ്തുവിൽ ഒന്നത്രെ' എന്ന് ഗലാ. 3:28-ൽ പറയുമ്പോൾ യഹൂദനും യവനനും എന്നും ദാസനും സ്വതന്ത്രനും എന്നും ആണും പെണ്ണുമെന്നുമുള്ള വേർതിരിവുകളുടെ മതിലുകൾ പൊളിഞ്ഞ് ക്രിസ്തുശരീരത്തിൽ ഒന്നായിത്തീരുകയാകുന്നു. ഇങ്ങനെ പൗലോസിന്റെ ലേഖനങ്ങളിൽ ആദാം – ക്രിസ്തു സങ്കല്പത്തിന് വിശാലമായൊരു മാനം നമുക്ക് കാണാൻ കഴിയും.

'ക്രിസ്തുവിൽ' (in Christ) എന്ന പ്രയോഗം ആദാം സങ്കല്പത്തിന്റെയും ക്രിസ്തുശരീരമാകുന്ന സഭ എന്ന സങ്കല്പത്തിന്റെയും അടിസ്ഥാനത്തിൽ വേണം വിശകലനം ചെയ്യുവാൻ. പഴയ ആദാം വീണുപോയി. അതിന്റെ ഫലമായി മനുഷ്യനും മനുഷ്യനും തമ്മിലും ആണും പെണ്ണും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും മനുഷ്യനും ദൈവവും തമ്മിലും അകൽച്ചയുണ്ടായി. പുതിയ മനുഷ്യനായ ക്രിസ്തുവിൽ ഈ അകൽച്ച ഇല്ലാതായി സർവ്വവും ഒന്നായി തീരണം. ആദിസൃഷ്ടിയിൽ ഇങ്ങനെയൊരു ഐക്യത്തിന്റെ ലയവും താളവും ഉണ്ടായിരുന്നു. ഈ ഏകതയിലേയ്ക്കുള്ള തിരിച്ചുവരവാണ് ക്രിസ്തുവിൽ നട

ക്കേണ്ടത്. "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടുതന്നെ" (എഫേ.1:10).

പൗലോസ് അപ്പോസ്തലൻ ആദാം സങ്കല്പം സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിൽ സകല മനുഷ്യരും സകലവും ഒന്നായി തീരുന്നതിനെ സംബന്ധിച്ച് പല സന്ദർഭങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. ആണും പെണ്ണുമെന്ന വിവേചനം ക്രിസ്തുവിൽ ഇല്ലാതായിത്തീരണം. ഈ മൂല്യം പൗലോസ് മുറുകെപ്പിടിക്കുമ്പോൾ തന്നെ അന്നത്തെ മതവ്യവസ്ഥിതിയിൽ നിലനിന്നിരുന്ന ലിംഗവിവേചനം അദ്ദേഹത്തെ സ്വാധീനിക്കുന്നതായും കാണുന്നു. ഉടനെതന്നെ പൗലോസ് അത് തിരുത്തുന്നുമുണ്ട്. ലിംഗവിവേചനം പൗലോസ് ഒരു അടിസ്ഥാന സമീപനമായി സ്വീകരിക്കുന്നില്ല. ഇതിന് ഉദാഹരണമാണ് 1 കൊരി. 11:1-16 ഭാഗം. അന്ന് യഹൂദ മതത്തിൽ ഉണ്ടായിരുന്ന ലിംഗവിവേചനത്തിന് അനുകൂലമായ ഒരു വാദഗതി പൗലോസ് സ്വീകരിക്കുന്നു. കൊരിന്ത് സഭയിൽ കണ്ട ചില പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന സന്ദർഭത്തിലാണ് അദ്ദേഹം യഹൂദ മതത്തിലെ ഒരു സങ്കല്പം സ്വീകരിച്ചു കാണുന്നത്. ആദിയിൽ ദൈവം സൃഷ്ടിച്ച മനുഷ്യൻ ഒരു പുരുഷൻ. അവൻ ദൈവത്തിന്റെ സ്വരൂപം. ഇത് നൽകുന്ന സൂചന ദൈവം പുരുഷ സ്വരൂപിയാണെന്നും സ്ത്രീ നേരിട്ട് ദൈവസ്വരൂപി അല്ലെന്നുമാണല്ലോ. പുരുഷനാണ് ദൈവസ്വരൂപി. പുരുഷനിൽ നിന്നും ഉത്ഭവിച്ച സ്ത്രീ പുരുഷനിലൂടെ ദൈവസ്വരൂപം സ്വീകരിക്കുന്നു. ഈ സമീപനം തീർച്ചയായും സ്ത്രീ വിവേചനത്തെ പിന്താങ്ങുന്നതാകുന്നു. പൗലോസ് പറയുന്നു, "പുരുഷൻ (*aner* എന്ന് ഗ്രീക്ക് പദം) ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതില്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽ നിന്നത്രെ ഉണ്ടായത്. പുരുഷൻ സ്ത്രീയ്ക്കായിട്ടല്ല, സ്ത്രീ പുരുഷനായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടത്" (1 കൊരി. 11:7-9). രണ്ടാം സൃഷ്ടിവിവരണത്തെ ആധാരമാക്കിയുള്ളതാണ് ഈ വാദഗതി. അതുതന്നെ പുരുഷ അധീശത്വം ഊട്ടി ഉറപ്പിക്കുന്ന ഒരു സമൂഹത്തിന്റെ വായനയിൽ നിന്നും ആവിർഭവിക്കുന്ന സമീപനമാണ്. തൽക്കാലത്തേക്ക് സ്വീകരിച്ച ഈ സമീപനം ഉടനെതന്നെ പൗലോസ് തിരുത്തുന്നു. "എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽ നിന്നുണ്ടായതുപോലെ പുരുഷനും സ്ത്രീ മുഖാന്തിരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ" (1 കൊരി. 11:11-12). ഇങ്ങനെയൊരു സമീപനം മാറി സ്വീകരിക്കുവാൻ പൗലോസിനെ പ്രേരിപ്പിക്കുന്നത് ക്രിസ്തുവിൽ (കർത്താവിൽ) ഉണ്ടായിത്തീരുന്ന പുതിയ മനു

ഷ്യനെ സംബന്ധിച്ച കാഴ്ചപ്പാടത്രെ. ഈ ക്രിസ്തീയ വീക്ഷണത്തിന് ദൈവശാസ്ത്രപരമായ പശ്ചാത്തലമൊരുക്കിയത് ഒന്നാം സൃഷ്ടിവിവരണത്തിലും പൗലോസിന്റെ കാലത്തെ യഹൂദറബിമാരുടെ പ്രബോധനങ്ങളിലും കാണുന്ന ആദാം സങ്കല്പമാകുന്നു.

ഈ സങ്കല്പത്തിൽ നാലു കാര്യങ്ങൾ കാതലായി കാണാനാവും. ഒന്ന്, ആദാം ഒരു കേവലവ്യക്തിയല്ല, അനേക വ്യക്തികൾ ഉൾക്കൊള്ളുന്ന ഒരു ഏക ആളത്വമാണ്. രണ്ട്, ഇത് ആണും പെണ്ണും ഉൾക്കൊള്ളുന്ന ആളത്വമാകുന്നു. മൂന്ന്, ആണും, പെണ്ണും ഒരുപോലെ ദൈവസ്വരൂപം തന്നെയാകുന്നു. നാല്, ദൈവം ലിംഗഭേദങ്ങൾക്ക് അതീതനാണ്. അതായത് ദൈവത്തിന് ഒരു കേവല പുരുഷ സങ്കല്പം മതിയാവുന്നില്ല എന്നർത്ഥം.

ചുരുക്കത്തിൽ യഹൂദ ക്രിസ്തീയ പാരമ്പര്യത്തിൽ കടന്നുകൂടിയിട്ടുള്ള ലിംഗവിവേചനം വീഴ്ചയ്ക്കു മുമ്പുള്ള സൃഷ്ടിയുടെ ആദിരൂപത്തോടും ക്രിസ്തുവിലൂടെ രൂപപ്പെട്ടുവരുന്ന പുതിയ സൃഷ്ടിയുടെ പൂർണ്ണതയോടും ഇണങ്ങിപ്പോകുന്നതല്ല. വീഴ്ചയിലുണ്ടായ സ്ത്രീ പുരുഷ സങ്കല്പത്തിലെ വൈകല്യം ഇന്നും സഭയിലും സമൂഹത്തിലും പ്രതിഫലിക്കുന്നുണ്ട്. ക്രിസ്തുവിൽ മുതിർന്നുവളരുന്ന സഭ എല്ലാ വിവേചനങ്ങൾക്കും അതീതമായ വിശാലമായ ഒരു കാഴ്ചപ്പാട് വികസിപ്പിച്ചെടുക്കേണ്ടതാണ്. ആദാം - ക്രിസ്തു സങ്കല്പം ഇത്തരമൊരു പരിശ്രമത്തിൽ ദൈവശാസ്ത്രപരമായ അടിത്തറ പാകുന്നതിന് ശക്തമാണ്.

**(1999)**

# 19

# സ്ത്രീകളുടെ സ്ഥാനവും ശുശ്രൂഷയും

ക്രിസ്തീയ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിൽ സഭയിൽ സ്ത്രീകൾക്കുള്ള പങ്ക് വലുതാണ്. ഭവനങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്കും വേദവായനയ്ക്കും അവർ നേതൃത്വം നൽകുന്നു. പള്ളിയാരാധനയിൽ സംബന്ധിക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. സഭയുടെ മൊത്തം അംഗസംഖ്യയിൽ സ്ത്രീകൾക്കാണ് മുൻതൂക്കം. എന്നാൽ സഭയുടെ ആദ്ധ്യാത്മിക സംഘടനകളിലോ ഭരണസമിതികളിലോ സ്ത്രീകളുടെ പ്രാതിനിധ്യം, പങ്കാളിത്തം, നേതൃത്വം എന്നിവ വേണ്ടവണ്ണം അംഗീകരിക്കപ്പെട്ടിട്ടില്ല. ഇതേ സംബന്ധിച്ച് മതിയായ ബോധവൽക്കരണം സ്ത്രീകളുടെ ഇടയിൽ തന്നെ ഉണ്ടായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് വേദപരവും വേദശാസ്ത്രപരവും സഭാചരിത്രപരവുമായ സമഗ്രമായ ഒരു അന്വേഷണം സഭാതലത്തിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. മലയാള ഭാഷയിൽ തന്നെ വേണ്ടത്ര പഠനങ്ങൾ ഉണ്ടായിട്ടില്ല. ഇംഗ്ലീഷ് ഭാഷയിലും കൂടുതൽ പ്രസിദ്ധീകരണങ്ങൾ ഇനിയും ഉണ്ടാവണം. നമ്മുടെ പഠനത്തിന് ആധാരമാക്കേണ്ട ചില വിഷയങ്ങളുടെ സൂചനകൾ മാത്രം ചുവടെ ചേർക്കുന്നു.

### 1. ആദ്ധ്യാത്മിക സംഘടനകളിൽ നേതൃത്വം

ഇടവകതലത്തിലും സഭാതലത്തിലുമുള്ള എല്ലാ ആദ്ധ്യാത്മിക സംഘടനകളിലും സ്ത്രീകളുടെ പങ്കാളിത്തവും സഹകരണവും പുരുഷന്മാരുടേതിനേക്കാൾ വലുതും ഒരു ധനാത്മകവും ആണ്. എന്നാൽ വനിതാസമാജം ഒഴിച്ച് മറ്റ് ആദ്ധ്യാത്മിക സംഘടനകളിൽ സ്ത്രീകൾക്ക് നേതൃത്വനിരയിലേക്ക് വരാനുള്ള സാഹചര്യം വളരെ ചെറുതാണ്. ഉദാഹരണമായി മിക്കവാറും എല്ലാ ഇടവകകളിലും സണ്ടേസ്കൂൾ അദ്ധ്യാപകരിൽ ഒരു നല്ല പങ്കും സ്ത്രീകളാണ്. ഒരു സണ്ടേസ്കൂൾ യൂണിറ്റിലുള്ള അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെങ്കിൽ പോലും പ്രധാനാദ്ധ്യാപകസ്ഥാനം ഒരു പുരുഷനുതന്നെ ആയിരിക്കണമെന്ന് നിർബന്ധമുള്ളതുപോലെയാണ്. നേതൃത്വപാടവവും സാഹചര്യവും ഉണ്ടെങ്കിൽ പോലും വനിതകൾക്ക് അതിന് അവസരം നൽകാറ് പതിവില്ല. സണ്ടേസ്കൂളിന്റെ സഭാതലത്തിലും ഭദ്രാസനതലത്തിലുമുള്ള നേതൃത്വനിര നോക്കിയാലും ഇതു തന്നെയാണ് സ്ഥിതി. കേന്ദ്ര - ഭദ്രാസനതലങ്ങളിലായി സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന 35 പ്രധാന

വ്യക്തികളിൽ ഒരു വനിത പോലുമില്ല. എല്ലാ ആദ്ധ്യാത്മിക സംഘടന കളിലും യോഗങ്ങൾ, സമ്മേളനങ്ങൾ, സെമിനാറുകൾ എന്നിവ സംഘ ടിപ്പിക്കുമ്പോൾ അവയ്ക്ക് നേതൃത്വം നൽകുന്നതിന് പ്രാപ്തരായ വനി തകൾ ഉണ്ടെങ്കിൽപോലും അവർക്കു ലഭിക്കുന്ന അവസരങ്ങൾ വളരെ കുറവാണ്. മർത്തമറിയം വനിതാസമാജം പോലും ഇക്കാര്യത്തിൽ എത്ര കണ്ട് ശ്രദ്ധിക്കുന്നു എന്ന് നോക്കുന്നത് കൊള്ളാം.

## 2. വിവിധ സമിതികളിലുള്ള പ്രാതിനിധ്യം

1995-ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് കോടതിയിൽ നിന്നു ണ്ടായ നിർദ്ദേശപ്രകാരം സ്ത്രീകളെയും ഉൾപ്പെടുത്തികൊണ്ട് ഇടവക യോഗം പുനഃസംഘടിപ്പിക്കുന്നതിനും മെത്രാസനയോഗം, സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ എന്നിവകളിലേക്ക് സ്ത്രീകളെയും ഉൾ പ്പെടുത്തുന്നതിനും അവസരം ഉണ്ടായി. എന്നാൽ സഭ ഔദ്യോഗികമായി ആവശ്യപ്പെട്ടപ്രകാരം സ്ത്രീകളുടെ പ്രാതിനിധ്യം ഒഴിവാക്കി നിലവി ലിരിക്കുന്ന ഭരണഘടനപ്രകാരം മുൻപറഞ്ഞ സമിതികൾ നടത്തികൊ ണ്ടുപോകുവാൻ കോടതി വീണ്ടും നിർദ്ദേശം നൽകുകയായിരുന്നു. ഇതി ലൂടെ സഭയിൽ നിലവിലിരിക്കുന്ന ജനപ്രാതിനിധ്യ സമ്പ്രദായം പരി ഷ്കരിക്കുന്നതിനുള്ള അവസരം സഭ പാഴാക്കിക്കളഞ്ഞു. ഇതിന് സമ്മ ർദ്ദം ചെലുത്തിയത് അത്മായക്കാരായ പുരുഷനേതൃത്വമായിരുന്നുവെ ന്നത് നമ്മെ വിസ്മയിപ്പിക്കുന്നു. സുദീർഘമായ കാത്തിരിപ്പിനുശേഷം പരുമലയിൽ 2002 മാർച്ച് 20-ന് ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിൽ സംബന്ധിക്കുവാൻ ലോകത്തിന്റെ എല്ലാ ഭൂഖ ണ്ഡങ്ങളിൽ നിന്നും ഏതാണ്ട് 3500 സഭാപ്രതിനിധികളെത്തി, അവരിൽ ഒരു വനിത പോലും ഉണ്ടായിരുന്നില്ല. ഇത്തരം ഒരു സംവിധാനത്തിൽ ശീലിച്ച് തഴമ്പിച്ച മനസ്സുകൾക്ക് ഇതൊരു പതിവു സംഗതിയായി മാത്രമേ തോന്നുകയുള്ളു. എന്നാൽ നമ്മുടെ കാലഘട്ടം വികസിപ്പിച്ചെ ടുത്ത നല്ല മൂല്യങ്ങളെപ്പറ്റി ബോധമുള്ള ഒരു മനസ്സിനെ ഇത് ചിന്തി പ്പിക്കുക തന്നെ ചെയ്യും. സമ്മതിദാനം, പ്രാതിനിധ്യം എന്നിവ സംബ ന്ധിച്ച് സഭയിൽ നിലനിൽക്കുന്ന സമ്പ്രദായം അടിമകൾക്കും സ്ത്രീക ൾക്കും സമ്മതിദാനാവകാശമോ പ്രാതിനിധ്യമോ നിഷേധിച്ചിരുന്ന പഴയ ഇരുണ്ട കാലഘട്ടത്തിന്റെ രീതികൾക്ക് ചേർന്നുപോകുന്നതാണ്. കാല ഹരണപ്പെട്ട സമ്പ്രദായങ്ങൾ മാറ്റി കാലഘട്ടത്തിനൊത്ത് ഉയരുവാൻ നാമിനിയും വൈകിക്കൂടാ.

(മലങ്കര ഓർത്തഡോക്സ് സഭയിൽ 2010 മുതൽ സ്ത്രീകൾക്ക് ഇടവക പൊതുയോഗത്തിൽ സംബന്ധിക്കുന്നതിനും വോട്ടു ചെയ്യുന്ന തിനും ട്രസ്റ്റി, സെക്രട്ടറി തുടങ്ങി എല്ലാ സ്ഥാനങ്ങളിലേയ്ക്കും തെര

ഞ്ഞെടുക്കപ്പെടുന്നതിനും അവസരം ലഭ്യമായിട്ടുണ്ട്. എന്നാൽ വിവിധ നേതൃത്വനിരയിലേയ്ക്ക് സ്ത്രീകളുടെ സജീവ സാന്നിദ്ധ്യം ഉണ്ടായേ മതിയാകൂ. ഇത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. – ഗ്രന്ഥകാരൻ)

### 3. സ്ത്രീകളുടെ വേദവിദ്യാഭ്യാസം

നമ്മുടെ സഭയിൽ ജനിച്ചു വളർന്ന് വേദശാസ്ത്രത്തിൽ ബിരുദം സ്വീകരിച്ച ഒരു വനിതയേ നമ്മുടെ ഓർമ്മയിലുള്ളു. ദീർഘകാലം മർത്ത മറിയം വനിതാസമാജത്തിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച പരേതയായ ആലീസ് മാണി. ഇപ്പോൾ വേദശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം ലഭിച്ച രണ്ട് സ്ത്രീകൾ നമ്മുടെ സഭാംഗങ്ങളായുണ്ട്. രണ്ടു പേരും C.S.I. സഭയിൽ ജനിച്ചുവളർന്ന് വേദവിദ്യാഭ്യാസം പൂർത്തിയാക്കി നമ്മുടെ സഭയിലെ രണ്ടു പുരോഹിതരുടെ സഹധർമ്മിണികളായി സഭ യിലേക്ക് കടന്നുവന്നവരാണ്.

പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുടെ കാലത്ത് വേദവിദ്യാഭ്യാ സത്തിന് അവസരം ഉണ്ടാക്കണമെന്ന് അപേക്ഷിച്ച് ചില കന്യാസ്ത്രീ കൾ പ. ബാവായെ സമീപിച്ചു. കോട്ടയം വൈദികസെമിനാരി വനിത കൾക്ക് വേദശാസ്ത്രാഭ്യസനം നല്കുന്നതിന് പ്രത്യേകം ക്രമീകരണം ചെയ്യണമെന്ന് കാണിച്ച് പരിശുദ്ധ ബാവാ കല്പന പുറപ്പെടുവിക്കുക യുണ്ടായി. പക്ഷെ ഒരു നടപടിയും പിന്നീടുണ്ടായില്ല. ഇപ്പോൾ നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരിയിൽ വനിതകൾക്ക് വേദ വിദ്യാഭ്യാസം നല്കുന്നതിന് പ. സുന്നഹദോസ് തീരുമാനം എടുത്തി ട്ടുണ്ട്. സമീപഭാവിയിൽ ഇക്കാര്യത്തിൽ എന്തെങ്കിലും സംഭവിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ദിവ്യബോധനം പദ്ധതിയിലൂടെ അത്മായർക്ക് വേദാഭ്യസനം ലഭിക്കു ന്നതിനുള്ള സാഹചര്യം ഉണ്ട്. ഇതിൽ പഠിക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇത് നല്ലത് തന്നെ. എന്നാൽ ഇത് ഒരു വേദവിദ്യാലയ ത്തിൽ താമസിച്ച് പഠിച്ച് ബിരുദമെടുക്കുന്നതിനോട് തുലനം ചെയ്യാനാ കില്ല. ബൈസന്റയിൻ ഓർത്തഡോക്സ് സഭകളിൽ വേദപണ്ഡിതരിൽ സ്ത്രീകളുമുണ്ട്. സഭയുടെ വേദശാസ്ത്ര രംഗത്തും സംഘടനാതലങ്ങ ളിലും സഭൈക്യപ്രസ്ഥാനങ്ങളിലും ഗണ്യമായ സംഭാവനകൾ അവർ നല്കുന്നുണ്ട്. നമ്മുടെ സഭയിൽ സ്ത്രീകൾക്കും വേദശാസ്ത്രാഭ്യസനം ലഭിക്കുന്നതിനുള്ള സംവിധാനം എത്രയുംവേഗം ഉണ്ടാവേണ്ടതാണ്. ഈ കുറവു കാരണം ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ സ്ത്രീ കളിലൂടെ സഭയ്ക്ക് ലഭിക്കേണ്ട സുപ്രധാന അവസരങ്ങളും അംഗീകാ രവും നഷ്ടമാവുന്നുണ്ട്.

സഭയുടെ പൊതു ശുശ്രൂഷയിലും വിവിധ സമിതികളിലും സ്ത്രീകൾക്ക് പങ്കാളിത്തവും നേതൃത്വവും നല്കുന്നതിൽ വേദപരമോ വേദശാസ്ത്രപരമോ ചരിത്രപരമോ സാമൂഹ്യമോ ആയ തടസ്സങ്ങൾ ഒന്നും തന്നെയില്ല. ഇതേ സംബന്ധിച്ച ബോധവൽക്കരണവും അവ നടപ്പിൽ വരുത്താനുള്ള ഇച്ഛാശക്തിയുമേ വേണ്ടൂ. സഭയുടെ ആദിമ കാലത്ത് സമൂഹത്തിലെ പിന്തിരിപ്പൻ സമീപനങ്ങളെ വെല്ലുവിളിയ്ക്കുന്നതിന് സഭ തയ്യാറായി. ഇന്നാകട്ടെ സമൂഹം സ്വയം തിരുത്തി മുന്നേറുന്ന മൂല്യമുള്ള പല സംഗതികളിലും സഭ പിന്നോക്കം നില്ക്കുന്നു. സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് ഇന്ന് സ്ഥാനവും പങ്കാളിത്തവും നേതൃത്വവുമുണ്ട്. ഇത് ഉറപ്പുവരുത്താൻ നിയമങ്ങളുണ്ട്. പുതിയ നിയമങ്ങൾ ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. ഇതെല്ലാം അംഗീകരിച്ചുകൊണ്ടിരിക്കുന്ന നാം സഭയുടെ കെട്ടുപണിയിലും നടത്തിപ്പിലും സ്ത്രീകളുടെ ശുശ്രൂഷയും നേതൃത്വവും എന്തുകൊണ്ട് അനുവദിക്കുന്നില്ല?

### 1. യേശുവും സ്ത്രീകളും

യഹൂദ മതത്തിലും സമൂഹത്തിലും സ്ത്രീകൾക്കുണ്ടായിരുന്ന പല വിലക്കുകളും ചോദ്യം ചെയ്യുന്നതിന് കർത്താവ് തയ്യാറായി.

1. പൊതുസ്ഥലത്തുവച്ച് ഒരു യഹൂദൻ ഒരു സ്ത്രീയോട് സംസാരിക്കുവാൻ പാടുള്ളതല്ല. ഈ മര്യാദ കർത്താവ് ചോദ്യം ചെയ്യുന്നു. യാക്കോബിന്റെ കിണറ്റിനരികെവെച്ച് ശമര്യാക്കാരിയോട് കർത്താവ് പരസ്യമായി സംസാരിക്കുന്നു (യോഹ. 4).

2. ഗാർഹികവൃത്തിയാണ് പാരമ്പര്യ സ്ത്രീക്ക് വിധിച്ചിരിക്കുന്നത്. ഇത് മാറ്റിവെച്ച് യേശുവിനോടൊപ്പം വേദവിചാരത്തിൽ മറിയ മുഴുകിയിരിക്കുന്നു. ഇത് കണ്ട് അക്ഷമയായിത്തീർന്ന മാർത്തയോട് കർത്താവ് പറയുന്നു, 'മറിയ നല്ല അംശം തെരഞ്ഞെടുത്തു' (ലൂക്കോസ് 10:42).

3. യഹൂദ സമൂഹത്തിൽ സ്ത്രീയുടെ സാക്ഷ്യത്തിന് നിയമപരമായി സാധുതയില്ല. എന്നാൽ തന്റെ പുനരുത്ഥാനത്തെക്കുറിച്ച് ശിഷ്യരോട് സാക്ഷിക്കുന്നതിന് മഗ്ദലക്കാരി മറിയയെ കർത്താവ് നിയോഗിക്കുന്നു (യോഹ. 20:17).

4. പരസ്യശുശ്രൂഷയ്ക്ക് യേശുക്രിസ്തുവിനോടൊപ്പം ഗലീലായിൽ നിന്ന് യഹൂദ്യയിലേക്ക് യാത്ര ചെയ്യുന്ന സംഘത്തിൽ പന്തിരുവർ മാത്രമല്ല മഗ്ദലക്കാരി മറിയം, ഹേരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്ന, ശൂശന്നാ എന്നിവരെക്കൂടാതെ മറ്റ് പല സ്ത്രീകളും ഉണ്ടായിരുന്നു (ലൂക്കോസ് 8:1–3, 23:55, മത്തായി 27:55, മർക്കോസ് 15:40–41).

## 2. അപ്പോസ്തോലിക കാലം

1. കർത്താവിനെ അനുഗമിച്ചവരുടെ സംഘത്തിൽ സ്ത്രീകൾ ഉണ്ടായിരുന്നുവെന്ന് മുകളിൽ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അവർക്ക് 'ശിഷ്യ' പദവിയുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. 'ശിഷ്യ' എന്ന സ്ത്രീലിംഗരൂപം ഉപയോഗിച്ചു കാണുന്നില്ല. എന്നാൽ അപ്പോസ്തോലിക കാലത്തുതന്നെ സ്ത്രീകളും ശിഷ്യരായി ഉണ്ടായിരുന്നുവെന്ന് അപ്പോസ്തോല പ്രവൃത്തികൾ സാക്ഷിക്കുന്നു. തബീഥയെ ശിഷ്യ (സ്ത്രീലിംഗരൂപം) എന്ന് വിശേഷിപ്പിച്ചിരിക്കുന്നു (അപ്പോ. 9:36).

2. വിശുദ്ധ പൗലോസ് അപ്പോസ്തോലന് സ്ത്രീകളോടുള്ള സമീപനം എന്താണ്? 'സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ' (1 കൊരി. 14:34) എന്ന നിർദ്ദേശം ഉദ്ധരിച്ചുകൊണ്ട് പൗലോസിനെ സ്ത്രീകൾക്ക് എതിരായി നിർത്തുന്ന സാധാരണക്കാരും പണ്ഡിതന്മാരുമായ പുരുഷന്മാരുണ്ട്. എന്നാൽ അതേ ലേഖനത്തിൽ തന്നെ സ്ത്രീകൾ സഭായോഗങ്ങളിൽ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുന്നുണ്ടെന്ന് പൗലോസ് സൂചിപ്പിക്കുന്നുണ്ട്. മൂടുപടം ഇട്ടുകൊണ്ട് വേണം എന്ന നിബന്ധനയേ വെയ്ക്കുന്നുള്ളൂ (1 കൊരി. 11:5).

3. സ്ത്രീകൾ മൂടുപടമിടുന്നതിനെക്കുറിച്ച് സമർത്ഥിക്കുന്നതിനായി ദൈവം ക്രിസ്തു, പുരുഷൻ, സ്ത്രീ എന്നിങ്ങനെ ഒരു കീഴ്മേൽ ക്രമം പൗലോസ് ഉന്നയിക്കുന്നുണ്ട്. സ്ത്രീ, പുരുഷനിൽ നിന്നുണ്ടായിയെന്നും സ്ത്രീ പുരുഷനായി സൃഷ്ടിക്കപ്പെട്ടുവെന്നും വാദിക്കുന്നു (1 കൊരി. 11:3-10). എന്നാൽ തൊട്ടടുത്തുതന്നെ സ്വയം തിരുത്താൻ എന്നവണ്ണം പൗലോസ് പറയുന്നു, 'എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല. സ്ത്രീ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽ നിന്നുണ്ടായതുപോലെ പുരുഷനും സ്ത്രീ മുഖാന്തിരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ" (1 കൊരി. 11:11, 12). സ്ത്രീപുരുഷബന്ധത്തിലുള്ള അന്യോന്യതയും പാരസ്പര്യവും വെളിവാക്കുന്ന ശക്തമായ വേദഭാഗമാണിത്.

4. ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണമെന്ന് വി. പൗലോസ് സ്ത്രീകളെ പ്രബോധിപ്പിക്കുന്നുണ്ട് (എഫേ. 5:22-24, കൊലോ. 3:18). എന്തുകൊണ്ട് പുരുഷന്മാർക്ക് പൗലോസ് അതേ പ്രബോധനം തന്നെ നൽകുന്നില്ല? എഫേസ്യ ലേഖനത്തിൽ ഈ പ്രബോധനത്തിന് തൊട്ടുമുമ്പുള്ള വാക്യം ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ എന്ന പൊതുനിർദ്ദേശമാകുന്നു (എഫേ. 5:21). ഭർത്താക്കന്മാർ ഭാര്യമാരോടുള്ള ബന്ധത്തിലും കീഴ്വഴക്കം നിലനിർത്തേണ്ടതാണ് എന്നാണ് ഇത് സൂചിപ്പിക്കുക. ഗ്രേക്കോ റോമൻ സംസ്കാരത്തിൽ

സ്ത്രീകൾക്ക് തത്ത്വത്തിൽ പുരുഷന്മാരേക്കാൾ താഴ്ന്ന സ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ സാധാരണയായി സ്ത്രീകൾ അമിത സ്വാതന്ത്ര്യം എടുത്തിരുന്നു. ഇത് ധാർമ്മികമായ അധഃപതനത്തിനും കുടുംബഭദ്രത നഷ്ടമാവുന്നതിനും വഴിതെളിച്ചു. ഈ പശ്ചാത്തലത്തിൽ വേണം എഫേസ്യർ 5:22, കൊലോ. 3:18 എന്നീ വേദഭാഗങ്ങൾ വ്യാഖ്യാനിക്കാൻ. സ്ത്രീകൾക്ക് താഴ്ന്ന സ്ഥാനം നൽകി വരുതിക്കുകീഴിൽ അമർത്തി നിർത്തുന്നതിന് ശ്രമിക്കുന്ന പുരുഷമേധാവിത്തമുള്ള ഒരു സമൂഹത്തിന് നൽകുന്ന പ്രബോധനമല്ല ഇത്.

5. സ്ത്രീകളുടെ അന്തസ്സും സ്ഥാനവും സംബന്ധിച്ച് പൗലോസ് സ്വീകരിക്കുന്ന അടിസ്ഥാനസങ്കല്പം ഗലാ. 3:28-ൽ കാണാം. "യഹൂദനോ യവനനോ എന്നില്ല, ദാസനോ സ്വതന്ത്രനോ എന്നില്ല ആണും പെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ." ഈ പ്രമാണത്തിൽ ഊന്നിനിന്നുകൊണ്ട് വേണം പൗലോസ് അപ്പോസ്തോലൻ സ്ത്രീകളെ സംബന്ധിച്ച് പറയുന്ന എല്ലാ ഭാഗങ്ങളും വ്യാഖ്യാനിക്കാൻ.

സുവിശേഷവേലയിൽ പങ്കുകൊണ്ടവരും അക്കാര്യത്തിൽ പൗലോസ് കടപ്പെട്ടിരിക്കുന്നവരുമായ 15 സ്ത്രീകളെക്കുറിച്ച് പൗലോസ് തന്റെ ലേഖനങ്ങളിൽ പരാമർശിക്കുന്നു. അവരിൽ പത്തു പേർ റോമർ 16-ൽ തന്നെയുണ്ട്. കെംക്രയസഭയിലെ ശുശ്രൂഷകയായ ഫേബ, റോമിലെ സഭയ്ക്കുവേണ്ടി 'വളരെയദ്ധ്വാനിച്ച' മറിയ, കർത്താവിൽ വളരെയദ്ധ്വാനിച്ച പെർസിസ്, കർത്താവിൽ അദ്ധ്വാനിക്കുന്നവരായ ത്രുഫൈനയും ത്രുഫോസയും ഇവരിൽ ഉൾപ്പെടുന്നു. കൂടാതെ മൂന്ന് ദമ്പതികളെക്കുറിച്ച് ഈ അദ്ധ്യായത്തിൽ എടുത്തുപറയുന്നുണ്ട്. അവരിൽ രണ്ട് ദമ്പതികൾക്ക് നൽകുന്ന വിശേഷണങ്ങൾ ശ്രദ്ധേയമാണ്. ക്രിസ്തുവിൽ കൂട്ടുവേലക്കാരായ പ്രിസ്കെയും അകിലാവും; ചാർച്ചക്കാരും സഹബദ്ധരും അപ്പോസ്തോലന്മാരുടെ ഇടയിൽ പേർകൊണ്ടവരായ അന്ത്രോനികോസും യൂനിയായും. ഫിലിപ്യസഭയിൽ പ്രമുഖരായ രണ്ട് വനിതകളെക്കുറിച്ച് ഫിലിപ്യലേഖനത്തിൽ പരാമർശം ഉണ്ട്: യുവോദ്യയും സുംതുകയും. പൗലോസ് ഇവരെ സംബന്ധിച്ച് ഇങ്ങനെയെഴുതുന്നു, "ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടു കൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരുന്നു" (ഫിലി. 4:2-3). ശുശ്രൂഷകൻ, കൂട്ടുവേലക്കാരൻ, അദ്ധ്വാനിക്കുന്നവർ, പോരാടുന്നവൻ എന്നീ പദങ്ങൾ വി. പൗലോസ് പുരുഷന്മാരുടെ സഭാശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന പദങ്ങളാണ്. ഈ പദങ്ങൾ തന്നെ വനിതകളുടെ ശുശ്രൂഷയ്ക്കും ഉപയോഗിച്ചിരിക്കുന്നതിൽ നിന്നും അവൾക്ക് സഭാശുശ്രൂഷയിൽ പുരുഷന്മാരോടൊപ്പം തുല്യപങ്കാളിത്തം ഉണ്ടായിരുന്നുവെന്ന് വ്യക്തമാകുന്നു.

### 3. ആദിമസഭയിൽ

അപ്പോസ്തോലിക കാലം മുതൽ ശുശ്രൂഷകന്മാർ സഭയിൽ നിയോഗിക്കപ്പെട്ടിരിക്കണം. ഇവരെ സംബന്ധിച്ചാകണം 1 തിമോ. 3:11-ൽ സൂചിപ്പിച്ചിരിക്കുന്നത്. സഭയുടെ ആദ്യകാലഘട്ടത്തിൽതന്നെ ശുശ്രൂഷകമാർ സഭയിൽ ഉണ്ടായിരുന്നതായി പിതാക്കന്മാരുടെ എഴുത്തുകളിൽ കാണാം. അവരെ സഭാശുശ്രൂഷയ്ക്ക് നിയോഗിച്ചിരുന്നത് നിയമനം മൂലമല്ല കൈവെയ്പ്പിലൂടെ തന്നെയായിരുന്നു എന്ന് ന്യായമായും മനസ്സിലാക്കാം. നമ്മുടെ സഭയിൽ ഈ സ്ഥാനം പുനഃപ്രതിഷ്ഠിക്കപ്പെടേണ്ടതാണ്. സഭാചരിത്രത്തിൽ കൈവെയ്പ് സ്ത്രീകൾക്ക് പൂർണ്ണമായും അന്യമായിരുന്നില്ല എന്നാണ് ശുശ്രൂഷകമാരുടെ പദവിയും നിയോഗവും സംബന്ധിച്ചുള്ള അന്വേഷണം നമുക്ക് നൽകുന്ന പാഠം.

### ഉപസംഹാരം

യേശു സമാരംഭിച്ച സ്ത്രീകളുടെ വിമോചനം കാലത്തിനൊത്ത് മുമ്പോട്ടു പോവുകയായിരുന്നോ, അതോ പിറകോട്ടു പോവുകയായിരുന്നോ? അപ്പോസ്തോലികകാലത്ത് പുരോഗമിക്കുക തന്നെയായിരുന്നു. പൗലോസ് അപ്പോസ്തോലൻ നൽകുന്ന സാക്ഷ്യം അതത്രെ. എന്നാൽ അപ്പോസ്തോലികാനന്തര കാലത്ത് വേഗത കുറഞ്ഞു എന്ന് കാണുന്നു. ശുശ്രൂഷകന്മാരുടെ സ്ഥാനവും നിയോഗവും വ്യക്തമായി കാണുന്നുണ്ടെങ്കിലും സഭ കൂടുതൽ വ്യവസ്ഥാപിതമായി തീരുന്നതോടെ (നാലാം നൂറ്റാണ്ട്) സഭയുടെ ഔദ്യോഗികഘടനകളിൽ നിന്നെല്ലാം സ്ത്രീകൾ പൊതുവെ ഒഴിവാക്കപ്പെടുകയായിരുന്നു. അതേസമയം സന്ന്യാസിനി സമൂഹങ്ങളിലൂടെ ആദ്ധ്യാത്മികവും ശുശ്രൂഷാപരവുമായ തലങ്ങളിൽ സ്ത്രീകൾ തനതായ സംഭാവനകൾ നൽകുന്നുണ്ട്. സംഘടനയുടെ പുറത്തുനിന്നാണെങ്കിലും ഗണ്യമായ സംഭാവനകൾ ചെയ്തുകൊണ്ടിരുന്ന സ്ത്രീകളും ഉണ്ടായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. നമ്മുടെ സഭാംഗമായിരുന്ന സാറാ ചാക്കോ ഇതിന് അടുത്ത കാലത്തെ ഒരു ഉദാഹരണമാണ്. അവർ 24 വർഷം ലക്നൗവിൽ ഇസ്ബെല്ലാ നോബേൽ കോളജിൽ പ്രവർത്തിച്ചു. 6 വർഷം വൈസ് പ്രിൻസിപ്പലും 9 വർഷം പ്രിൻസിപ്പലും ആയിരുന്നു. 1947-ൽ ലോക വൈ.ഡബ്ല്യു.സി.എ. യുടെ പ്രസിഡന്റായി. 1948-ൽ ആംസ്റ്റർഡാമിൽ വച്ച് നടന്ന ലോകസഭാ കൗൺസിലിന്റെ ആദ്യസമ്മേളനത്തിൽ ഡബ്ല്യു.സി.സി. വിമൻസ് കമ്മീഷൻ അദ്ധ്യക്ഷയായി പ്രവർത്തിച്ചു. 1951-ൽ ലോകസഭാകൗൺസിലിന്റെ ആദ്യ പ്രസിഡന്റുമാരിൽ ഒരാളായി നിയോഗിതയായി. ആദ്യത്തെ വനിതാ പ്രസിഡന്റായിരുന്നു അവർ. സാറാ ചാക്കോയുടെ ജീവിതവും പ്രവർത്തനവും നമ്മുടെ സഭയുടെ പാരമ്പര്യ വിശുദ്ധിയുടെ സംഭാവനയാണെന്ന് നമുക്ക്

അഭിമാനിക്കാം. എന്നാൽ അതേസമയം തന്നെ സാറാ ചാക്കോയ്ക്ക് ലഭിച്ച അവസരങ്ങൾ അവർ പ്രവർത്തിച്ച വിശാലമായ സാഹചര്യങ്ങളും പ്രത്യേകിച്ച് മെതഡിസ്റ്റ് സഭയുമായുള്ള ബന്ധത്തിന്റെ ഫലമായി ആ സഭാനേതൃത്വത്തിൽ നിന്നു ലഭിച്ച പ്രോത്സാഹനം കൊണ്ടുമാണെന്ന് നാം തിരിച്ചറിയണം.

50 ശതമാനത്തിലേറെ വരുന്ന സ്ത്രീവിഭാഗത്തെ ഒഴിവാക്കിക്കൊണ്ട് നടത്തി നിലനിർത്തി പോരുന്ന സഭയുടെ ഔദ്യോഗിക സംവിധാനങ്ങൾ കാലത്തിനൊത്ത് സംഘടിപ്പിക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ സഭയ്ക്ക് തന്നെ കാലികപ്രസക്തി ഇല്ലാതെ പോകും എന്ന് തീർച്ച.

**(2004)**

# 20

# വിശുദ്ധ ചുംബനവും കരചുംബനവും

### ആമുഖം

വി. കുർബാനാനന്തരം കാർമ്മികന്റെ കൈമുത്തി പിരിയുന്ന പാരമ്പര്യം സംബന്ധിച്ച് ഒരു ലഘു പഠനം ആയിരുന്നു ഈ കുറിപ്പിനു തുടക്കം. എന്നാൽ കുറെക്കൂടി വിശാലമായൊരു അടിത്തറയിൽ നിന്നു കൊണ്ടു മാത്രമേ ഈ അന്വേഷണം പൂർണ്ണമാവുകയുള്ളു എന്ന തിരിച്ചറിവിൽ എത്തിച്ചേരുകയായിരുന്നു. വി. വേദപുസ്തകത്തിലും സഭാ പാരമ്പര്യത്തിലും സമാധാനവന്ദനം, വി. ചുംബനം എന്നീ അനുഷ്ഠാനങ്ങളുടെ പശ്ചാത്തലത്തിൽ മാത്രമേ കരചുംബനത്തിന്റെ (കൈമുത്തിന്റെ) പൊരുളും പ്രസക്തിയും വെളിവാകുന്നുള്ളു. ഇവ മൂന്നും ഒന്നുപോലെ ചേർത്തു മനസ്സിലാക്കേണ്ട അനുഷ്ഠാനങ്ങളാകുന്നു.

### വിശുദ്ധ ചുംബനം പുതിയനിയമത്തിൽ

പരിശുദ്ധനായ പൗലോസ് അപ്പൊസ്തോലന്റെ പ്രബോധനം ശ്രദ്ധിക്കാം, വി. ചുംബനം കൊണ്ട് അന്യോന്യം വന്ദനം ചെയ്‌വിൻ, വിശുദ്ധന്മാർ എല്ലാവരും നിങ്ങൾക്കു വന്ദനം ചൊല്ലുന്നു (2 കൊരിന്ത്യർ 13:12, 13 = 1 കൊരിന്ത്യർ 16:19, 20). വി. കുർബാനയിലെ ഒരു അനുഷ്ഠാനമാണല്ലോ വി. ചുംബനം. സഭയുടെ ഉത്ഭവം മുതൽ ഇത് ആചരിക്കുന്നു. വി. ചുംബനംകൊണ്ട് അന്യോന്യം വന്ദനം ചെയ്‌വിൻ എന്ന് പരിശുദ്ധ പൗലോസ് അപ്പൊസ്തോലൻ എഴുതുമ്പോൾ വി. കുർബാനയിലെ അനുഷ്ഠാനമാണ് പ്രധാനമായും അദ്ദേഹം സൂചിപ്പിക്കുന്നത്. വി. സ്നാനത്തിലൂടെയും വി. കുർബാനാനുഭവത്തിലൂടെയും യേശുക്രിസ്തുവിൽ ആഴമായ ഒരു ബന്ധത്തിലേക്കു വിശ്വാസികൾ പ്രവേശിക്കുന്നു, ജീവിക്കുന്നു. ഇത് ഏറ്റവും പ്രകാശിതമാകുന്നതും വീണ്ടും വീണ്ടും അനുഭവമാകുന്നതും വി. ആരാധനയിലത്രേ, പ്രത്യേകിച്ചും വി. കുർബാനയിൽ. പരിശുദ്ധ പൗലോസ് അപ്പൊസ്തോലൻ ഈ ലേഖനം എഴുതുന്നത് കർത്തൃദിനം (ഞായറാഴ്ച) വി. കുർബാനയ്ക്ക് എത്തുന്ന വിശ്വാസികൾ വായിച്ചു കേൾക്കുന്നു എന്നു മുൻ കണ്ടുകൊണ്ടാണ്. അച്ചടിയന്ത്രം ഉണ്ടാകുന്നതിനു മുമ്പ് ഓലയിലും, തുകലിലും എഴുതുന്ന കാലം. ലേഖനത്തിന്റെ പ്രതികൾ പകർത്തി എഴുതി കൈമാറാനേ കഴിയുമായിരുന്നുള്ളു. ഇത് എളുപ്പവും സാധാരണക്കാർക്കു സാധ്യവും ആയിരുന്നില്ല.

എന്നാൽ വി. കുർബാനയ്ക്ക് ഒത്തുകൂടുന്ന വിശ്വാസികൾക്ക് ഉറക്കെ വായിച്ചു കേൾക്കാം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഈ ലേഖനത്തിന്റെ ആരാധനാ സന്ദർഭം ഗൗരവമായി എടുക്കണം എന്ന് സാരം. പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും ഇങ്ങനെ ആരാധനാ സന്ദർഭത്തിൽ എഴുതിയതും, വായിച്ചു കേട്ടതും, ഇന്ന് വ്യാഖ്യാനിച്ച് മനസ്സിലാക്കേണ്ടതും ആകുന്നു. കരചുംബനം അല്ലെങ്കിൽ കൈമുത്തുൾപ്പെടെ സഭയുടെ എല്ലാ കർമ്മങ്ങളും ആരാധനാനുഷ്ഠാനങ്ങളോ ആരാധനയിൽ നിന്ന് ഉത്ഭവിച്ചു വന്ന സാമൂഹിക ആചാരങ്ങളോ ആകുന്നു. ചുംബനം സഹജവും സാധാരണവുമായ സ്നേഹപ്രകടനമാണ്. എന്നാൽ ആരാധനയിൽ അത് വിശുദ്ധവും, ദിവ്യവുമായ ചുംബനമത്രെ. ഈ ആചാരം പള്ളിക്കുള്ളിലായിരുന്നാലും പള്ളിയ്ക്ക് വെളിയിൽ ആയിരുന്നാലും വിശുദ്ധവും ദിവ്യവുമായ ഉയർന്നതലത്തിൽ തന്നെ കാണണം, നിലനിൽക്കണം.

## വിശുദ്ധ ചുംബനം ആരാധനയിൽ

വി. കുർബാനയിൽ വിശ്വാസപ്രമാണവും രഹസ്യപ്രാർത്ഥനയും കഴിഞ്ഞ് പദവിയിൽ കയറി നിന്നുകൊണ്ട് കാർമ്മികൻ സമാധാന പ്രാർത്ഥന ചൊല്ലുന്നു: സകലത്തിന്റെയും ഉടയവനായ ദൈവമെ, നിഷ്കപടമായ സ്നേഹബന്ധത്താൽ (സ്നേഹ പാശത്താൽ) ഐക്യപ്പെട്ടുകൊണ്ട് (ഒന്നായി വന്ന്) പരിശുദ്ധവും ദിവ്യവുമായ ചുംബനത്താൽ പരസ്പരം സമാധാനം നൽകുവാൻ തക്കവണ്ണം അയോഗ്യരായ ഞങ്ങളെ ഈ രക്ഷയ്ക്ക് യോഗ്യരാക്കി തീർക്കണമെ (പരിശുദ്ധ യാക്കോബിന്റെ ക്രമം). ഇതിനുശേഷം രഹസ്യങ്ങളിൽ നിന്ന് ചൈതന്യം ആവാഹിച്ചു ജനങ്ങളിലേക്ക് പകർന്നുകൊണ്ട് 'നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ' എന്ന് കാർമ്മികൻ ആശംസിക്കുന്നു. തുടർന്നു കാർമ്മികനിൽ നിന്ന് സമാധാനം സ്വീകരിച്ച് ശുശ്രൂഷകൻ (ശെമ്മാശൻ) വിശ്വാസികൾക്കു കൈമാറുന്നു. വിശ്വാസികൾ അന്യോന്യം വണങ്ങി കരം ഗ്രഹിച്ച് സമാധാനം നൽകുന്നു. ശുശ്രൂഷകരും വിശ്വാസികളും പട്ടക്കാരുടെ കൈ മുത്തുന്നു. മേൽപട്ടക്കാർ സന്നിഹിതരെങ്കിൽ അവർ അന്യോന്യം കരംഗ്രഹിച്ചു സമാധാനം നൽകും; പട്ടക്കാരും ശുശ്രൂഷകരും ഓരോരുത്തരായി വന്നു മേൽപട്ടക്കാരന്റെ സ്ലീബായും, കരവും ചുംബിക്കുന്നു (ഇന്ത്യയിൽ സ്ലീബാ മാത്രം മുത്തിപോകുന്നതായി കാണുന്നു).

വി. ചുംബനത്തിന്റെയും കരചുംബനത്തിന്റെയും ആന്തരാർത്ഥം ഒന്നു തന്നെ. യേശുക്രിസ്തുവിൽ ദൈവമക്കൾ പങ്കിടുന്ന അന്യോന്യതയും പാരസ്പര്യവുമാണ് ഈ അനുഷ്ഠാനത്തിന്റെ പൊരുൾ. എന്നാൽ ഇതു

മൂന്നു രീതിയിൽ പ്രകാശിപ്പിക്കപ്പെടുന്നു; അന്യോന്യം ചുംബിച്ചും, കരം ചുംബിച്ചും, കരം ഗ്രഹിച്ചും ഓരോരുത്തരും അവരവരുടെ നിലയനുസരിച്ച് സമാധാനം നൽകുന്നു, സ്വീകരിക്കുന്നു. സമരായവർ അന്യോന്യം ആശ്ലേഷിച്ചും, കരം ഗ്രഹിച്ചും സമാധാനം പങ്കിടുമ്പോൾ ഗുരുസ്ഥാനീയരുടെ കരം ചുംബിച്ച് മറ്റുള്ളവർ സമാധാനം പങ്കിടുന്നു.

## വി. ചുംബനം മറ്റു സഭാപാരമ്പര്യങ്ങളിൽ

ബൈസന്റയിൻ പാരമ്പര്യത്തിലുള്ള കിഴക്കൻ ഓർത്തഡോക്സ് സഭകളിൽ വി. കുർബാനയിൽ വി. ചുംബനത്തിനുള്ള സമയം കർത്തൃപ്രാർത്ഥനയ്ക്ക് ശേഷവും വി. കുർബാനാനുഭവത്തിനു തൊട്ടുമുമ്പുമാണ്. ആ സമയം മേൽപട്ടക്കാരും, പട്ടക്കാരും മാത്രം വി. ചുംബനം നൽകുന്നു. വിശ്വാസികൾ അന്യോന്യം സമാധാനം നൽകുന്ന പതിവു കുറെ നൂറ്റാണ്ടുകളായി നിലവിൽ ഇല്ല. എന്നാൽ ബൈസന്റയിൻ സഭാ കുടുംബത്തിലുള്ള ചില സഭകളിലും പള്ളികളിലും വിശ്വാസികൾ അന്യോന്യം വി. ചുംബനം നൽകുന്ന പുരാതന പാരമ്പര്യം പുനഃസ്ഥാപിക്കുന്നതിനുള്ള പരിശ്രമം നടക്കുന്നുണ്ട്. എന്നാൽ വേണ്ടത്ര പൊതുവായി തീർന്നിട്ടില്ല. പാശ്ചാത്യ സഭാപാരമ്പര്യത്തിൽ, പ്രധാനമായും റോമൻ കത്തോലിക്കാസഭയിൽ, വി. കുർബാനാനുഭവത്തിനു തൊട്ടുമുമ്പാണ് സമാധാന ചുംബനം. ഈ അവസരം 'നിങ്ങൾക്ക് സമാധാനം' എന്ന് ആശംസിച്ചുകൊണ്ട് വൈദികരും വിശ്വാസികളും ചിലർ ആശ്ലേഷിച്ചു ചുംബിച്ചും ചിലർ അന്യോന്യം കരം ഗ്രഹിച്ചും ഈ അനുഷ്ഠാനം നിർവഹിക്കുന്നു.

### അപ്പൊസ്തോലിക സാക്ഷ്യം

ക്രിസ്ത്വബ്ദം 4-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'അപ്പൊസ്തോലിക പ്രമാണങ്ങൾ' (Apostolic Constitutions) എന്ന ഗ്രന്ഥത്തിൽ അപ്പൊസ്തോലിക കാലം മുതലുള്ള ഏറ്റവും പുരാതനമായ പാരമ്പര്യങ്ങൾ സമാഹരിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. വി. ചുംബനം സംബന്ധിച്ചുള്ള പാരമ്പര്യം സുറിയാനി ആരാധനാ പാരമ്പര്യത്തിൽ കാണുന്നതുപോലെ തന്നെയാണ് ഈ ഗ്രന്ഥത്തിലും. വിശ്വാസപ്രമാണവും മുട്ടുകുത്തിയുള്ള രഹസ്യപ്രാർത്ഥനയും കഴിഞ്ഞു പദവിയിൽ നിന്നുകൊണ്ട് കാർമ്മികൻ സമാധാന പ്രാർത്ഥന ചൊല്ലുന്നു. തുടർന്ന് സമാധാനാശംസ കഴിഞ്ഞു വിശുദ്ധ ചുംബനം എന്ന കർമ്മം നടത്തുന്നു. മേൽപട്ടക്കാർ, പട്ടക്കാർ ഉൾപ്പെടെയുള്ളവർ അന്യോന്യവും, വിശ്വാസികളായ പുരുഷന്മാർ അന്യോന്യവും, സ്ത്രീകൾ അന്യോന്യവും ചുംബനം നൽകുന്നു.

### വിശുദ്ധ കരചുംബനം (കൈമുത്ത്)

നമ്മുടെ സഭയുടെ ആരാധനാപാരമ്പര്യത്തിൽ വി. കുർബാനാനന്തരം

കാർമ്മികൻ വി. മദ്ബഹായുടെ പടിഞ്ഞാറേനടയിൽ വന്നു നിൽക്കുന്നു. വിശ്വാസികൾ ഓരോരുത്തരായി വന്ന് കാർമ്മികന്റെ കൈ മുത്തി പിരിഞ്ഞുപോകുന്നു. കാണിക്ക അർപ്പിക്കാനുള്ള സന്ദർഭമായും ഇത് ഉപയോഗിക്കുന്നു. കാർമ്മികൻ മേൽപട്ടക്കാരനെങ്കിൽ സ്ലീബായാവും മുത്തുക. ഇന്ത്യയിൽ (മലങ്കരയിൽ) പഴയകാലത്ത് അംശവസ്ത്രത്തിന്റെ ഭാഗമായ കയ്യുറയെടുത്ത് കയ്യിൽ പിടിച്ചുകൊണ്ടാണ് ചില പട്ടക്കാർ കൈ മുത്തിച്ചിരുന്നത്. അടുത്ത കാലത്തായി അതിനു പകരം സ്ലീബാ കയ്യിൽ പടിച്ചുകൊണ്ട് കൈമുത്തിക്കുന്ന പതിവു വന്നു. എന്നാൽ ഇപ്പോൾ നമ്മുടെ വൈദികരിൽ ചിലർക്ക്, പ്രത്യേകിച്ചും യുവ വൈദികർക്ക് കുരിശു മുത്തിക്കുകയാണോ, കൈ മുത്തിക്കുകയാണോ എന്ന് വേണ്ടത്ര നിശ്ചയമില്ല എന്നു തോന്നുന്നു. ഉദാഹരണമായി വി. കുർബാനാനന്തരമുള്ള പ്രസ്താവനയിൽ കൈ മുത്തിക്കുക എന്നതിനു പകരം കുരിശു മുത്തിക്കുക എന്നാക്കിയിരിക്കുന്നു. കൈ മുത്തിക്കുന്നെങ്കിൽ തന്നെ കൈ തലയിൽ വച്ച് അനുഗ്രഹിക്കുംവിധമാണ് ആ കർമ്മം നടത്തുന്നത്. പകരം, കുരിശ് മുത്തിക്കുകയാണെങ്കിൽ അതിന് വേണ്ടവിധം കുരിശു പിടിക്കുകയല്ല, കുരിശ് അവരുടെ തലയിൽ വച്ചു അനുഗ്രഹിക്കും വിധമാണ് ആ കർമ്മം നിർവഹിക്കുന്നത്. മേൽപട്ടക്കാർ പോലും ഇങ്ങനെ ചെയ്തു കാണുന്നു.

### ശരിയായ സഭാ പാരമ്പര്യം

യഥാർത്ഥ സഭാപാരമ്പര്യം എന്താണ്? കൈമുത്തിക്കുകയാണോ; സ്ലീബാ മുത്തിക്കുകയാണോ?; കൈ തലയിൽ വച്ച് അനുഗ്രഹിക്കുകയാണോ; സ്ലീബാ തലയിൽ വച്ച് അനുഗ്രഹിക്കുകയാണോ? പ്രായമുള്ള വൈദികർക്കും വിശ്വാസികൾക്കും ശരി ഉത്തരമറിയാം. കൈ മുത്തുക തന്നെയാണ് സഭാപാരമ്പര്യം. യഥാർത്ഥത്തിൽ വി. കുർബാനയിലെ അനാഫോറയുടെ ആദ്യം നടത്തുന്ന സമാധാനപ്രാർത്ഥന, സമാധാന വന്ദനം, വി. ചുംബനം, കരചുംബനം, കരഗ്രഹണം എന്നിവയുടെ തുടർച്ചയും പൂരണവുമാണ്, വി. കുർബാനയ്ക്ക് ഒടുവിലുള്ള കൈമുത്ത് അഥവാ കരചുംബനം. വി. കുർബാനയുടെ ആരംഭത്തിൽ നടന്ന വി. ചുംബനം എന്ന കർമ്മത്തിലൂടെ ദൈവമക്കൾക്ക് അവരുടെ ഇടയനുമായി വ്യക്തിപരമായി നേരിട്ട് സമാധാനം നൽകാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ അതിന് അവസരമുണ്ടാവുന്നു. ഇടയനും ആടുകളും തമ്മിലും, കാർമ്മികനും ആരാധകരും തമ്മിലുമുള്ള അഭിവാദനവും അഭിവന്ദനവും ഇവിടെ നടക്കുന്നു. ഇത് ഇരുകൂട്ടർക്കും ഒരു പ്രധാനപ്പെട്ട അനുഭവം തന്നെയാണ്. ഇക്കാരണത്താൽ പള്ളിയിൽ എത്തുന്ന സാധാരണ ഭക്തർ കൈമുത്ത് ഒഴിവാക്കുകയില്ല. അങ്ങനെ വരുന്നത് അനുഗ്രഹക്കുറവായോ ഇടയനുമായുള്ള ബന്ധം മുറിഞ്ഞുപോകുന്നതിനു തുല്യമായോ അവർ കണക്കാക്കുന്നു.

### കരചുംബനം മറ്റു സഭകളിൽ

ബൈസന്റയിൻ പാരമ്പര്യത്തിലുള്ള കിഴക്കൻ സഭകളിൽ മുന്നമേ സൂചിപ്പിച്ചപ്രകാരം വി. കുർബാനമധ്യേ വൈദികഗണത്തിൽപ്പെട്ടവർ മാത്രം അന്യോന്യം വിശുദ്ധ ചുംബനം നൽകുന്നു. എന്നാൽ വി. കുർബാനാനന്തരം വിശുദ്ധ മദ്ബഹായുടെ പടിഞ്ഞാറേ നടയിൽ കാർമ്മികൻ രണ്ടു കൈകൾ കൊണ്ടും വിശുദ്ധ കുരിശു പിടിച്ചുകൊണ്ടു നിൽക്കും. വിശ്വാസികൾ ഓരോരുത്തരായി വന്ന് കുരിശുമുത്തി കാർമ്മികന്റെ കരം മുത്തി പിരിഞ്ഞുപോകുന്നു. സുറിയാനി ആരാധനയിൽ ഉയിർപ്പുപെരുന്നാൾദിവസം ഉയിർപ്പിന്റെ ശുശ്രൂഷ കഴിഞ്ഞ് വി. മദ്ബഹായിലുള്ളവർ വിശുദ്ധ കുരിശുമുത്തി കാർമ്മികന്റെ കരംമുത്തി സമാധാനം കൊടുത്ത ശേഷം അന്യോന്യം ഓരോരുത്തരുടേയും നിലയനുസരിച്ച് സമാധാനം നൽകുന്നു. തുടർന്ന് കുരിശ് മദ്ബഹായുടെ വാതില്ക്കൽ വയ്ക്കുന്നു. ജനം കുരിശു മുത്തി അന്യോന്യം സമാധാനം നൽകുന്നു. എന്നാൽ സൗകര്യാർത്ഥം കുർബാനാനന്തരമാണ് വിശ്വാസികൾ ഈ കർമ്മം നിർവഹിക്കുന്നത്. ഏതാണ്ട് ഇതിന് സമാനമാണ് ബൈസന്റയിൻ സഭകളിൽ വി. കുർബാന കഴിഞ്ഞ് നടത്തുന്ന കുരിശുമുത്തും കൈ മുത്തും.

ഇവിടെ ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. കുർബാനാനുഷ്ഠാനം എപ്പോഴായാലും അത് ഉയിർപ്പു കുർബാനയുടെ വീണ്ടും വീണ്ടുമുള്ള ആവിഷ്ക്കാരവും അനുഭവവുമാണ്. ഇക്കാരണത്താൽ ബൈസന്റയിൻ പാരമ്പര്യത്തിലെന്നപോലെ കുരിശുമുത്തിയും കൈമുത്തിയും പിരിഞ്ഞു പോകുന്ന പാരമ്പര്യമാണ് നമ്മുടെ സഭയിലും നിലനിർത്തേണ്ടത്. ഇപ്പോൾതന്നെ മേൽപ്പട്ടക്കാരൻ കുരിശുപിടിച്ചുകൊണ്ട് കൈ മുത്തിക്കുന്നുണ്ടല്ലൊ. സഭാപാരമ്പര്യത്തിനനുസരണമായി ഇത് ശരിപ്പെടുത്താൻ ശ്രദ്ധിക്കണം എന്നത് മറ്റൊരു കാര്യം.

### കരചുംബനം ആരാധനേതര സന്ദർഭത്തിൽ

നമ്മുടെ സഭയിൽ ആരാധനയുടെ സന്ദർഭത്തിലല്ലാതെ പട്ടക്കാരുടെ കൈ മുത്തുന്ന പതിവ് സാധാരണമല്ല. എന്നാൽ മേൽപട്ടക്കാരുടെ കൈ മുത്തുന്ന പതിവുണ്ട്. ബൈസന്റയിൻ പാരമ്പര്യത്തിൽ വിശ്വാസികൾ പട്ടക്കാരുടെയും മേൽപട്ടക്കാരുടെയും കരം ചുംബിക്കുന്നു. വലതുകൈ ഇടതു കയ്യുടെ മുകളിൽ നിവർത്തി വച്ചു "പിതാവേ" എന്ന് പട്ടക്കാരനോടും "നാഥാ" എന്ന് മേൽപട്ടക്കാരോടും "അനുഗ്രഹിക്കേണമേ" എന്ന് വിളിച്ചപേക്ഷിക്കുന്നു. പട്ടക്കാരൻ / മേൽപട്ടക്കാരൻ കൈകുമ്പിളിനുനേരേ കുരിശു വരയ്ക്കുന്നു. വിശ്വാസി കരം ഗ്രഹിച്ച് ചുംബിച്ച് അനുഗ്രഹം പ്രാപിക്കുന്നു.

## സന്ന്യാസപാരമ്പര്യത്തിൽ

സന്ന്യാസാശ്രമപിതാവിന് ഒരു മേല്പട്ടക്കാരനടുത്തസ്ഥാനം ആശ്രമത്തിലുണ്ട്. സന്ന്യാസികൾ പിതാവിന്റെ കരം ചുംബിക്കുന്നു. അതേപോലെ തന്നെ സന്ന്യാസിനീ മഠാംഗങ്ങൾ മഠാധിപയായ അമ്മയുടെയും കരം ചുംബിക്കുന്നു. വ്രതപ്രതിജ്ഞാകർമ്മം കഴിഞ്ഞ് സന്ന്യാസസഹോദരൻ കുരിശുവഹിച്ചുകൊണ്ട് അഴിക്കകത്ത് പടിഞ്ഞാറോട്ടു തിരിഞ്ഞ് നിൽക്കുന്നു. സന്ന്യാസസഹോദരരും വിശ്വാസികളും അദ്ദേഹത്തിന്റെ കൈമുത്തുന്നു. ഇതേപോലെ തന്നെ വ്രതപ്രതിജ്ഞാശുശ്രൂഷയ്ക്കു ശേഷം മഠാംഗങ്ങളും സ്ത്രീകളും സന്ന്യാസസഹോദരിയുടേയും കരം ചുംബിക്കുന്നു. ബൈസന്റയിൻ സഭാപാരമ്പര്യത്തിൽ രണ്ടു സന്ന്യാസിനീ മഠങ്ങളുടെ അധിപകളായ അമ്മമാർ പരസ്പരം ആശ്ലേഷിച്ച് ചുംബിച്ച് അന്യോന്യം കരംഗ്രഹിച്ച് കൈമുത്തുന്നത് കണ്ടിട്ടുണ്ട്.

ഇവയെല്ലാം തന്നെ വിശുദ്ധ കുർബാനയിലെ വിശുദ്ധ ചുംബനം എന്ന ശ്രേഷ്ഠമായ അനുഷ്ഠാനം സാധാരണജീവിതത്തിൽ ആവിഷ്ക്കരിക്കുന്ന സന്ദർഭങ്ങളായി നാം തിരിച്ചറിയുന്നു. ആരാധനാജീവിതത്തെ ലോകജീവിതത്തോടും ലോകജീവിതത്തെ ആരാധനാജീവിതത്തോടും ചേർത്തിണക്കുമ്പോഴാണല്ലോ ജീവിതം സമഗ്രവും സമ്പൂർണ്ണവുമാവുക.

## രൂപാന്തരപ്പെട്ട ശരീരം

ആദ്ധ്യാത്മികതയിലെ കപടരൂപങ്ങളുടെ പരിസരവും, സ്വാവബോധത്തിൽ ഉരുണ്ടുകൂടുന്ന ചാഞ്ചല്യം കൊണ്ടുണ്ടാകുന്ന സന്ദേഹവും, നവീകരണ സഭകളുടെ സ്വാധീനത്തിൽ വന്ന മനോഭാവവും വൈദികരിൽ ഉണ്ടാക്കിയ പ്രതിസന്ധിയാണ് കൈമുത്തിനുവന്ന മൂല്യശോഷണത്തിന് കാരണം. അനുഭവവും, അധ്യാപനവും കൊണ്ട് കർമ്മത്തെ മൂല്യത്തിലുറപ്പിക്കാനുള്ള ധർമ്മം ഏറ്റെടുത്തിട്ടുള്ള ഗുരുജനങ്ങളാണ് ആചാര്യരും വൈദികരും. അവർ ഇത് നിറവേറ്റാൻ സ്വയം സജ്ജരാവണം. വി. ആരാധനയിൽ പരസ്പരം ആശ്ലേഷിച്ചുകൊണ്ടുള്ള വിശുദ്ധ ചുംബനം, കരചുംബനം, കരഗ്രഹണം എന്നീ അനുഷ്ഠാനങ്ങളിലുള്ള ശാരീരിക സ്പർശം, ഐന്ദ്രീകതയുടെ കുറഞ്ഞ (അപ) മാനത്തിലല്ല, രൂപാന്തരപ്പെട്ട ശരീരം എന്ന ഉദാത്ത (ബഹു) മാനത്തിൽ തന്നെ കാണണം. മനുഷ്യൻ ദൈവത്തിന്റെ കാണപ്പെട്ട രൂപം (eikon) ആകുന്നു. എല്ലാ രൂപങ്ങൾക്കും (eikon) കാണപ്പെടുന്നതും സ്പർശനീയവുമായ (visible and tangible) ഒരു തലമുണ്ട്. ആരാധനയുടെയും, ആദ്ധ്യാത്മികതയുടെയും പരിസരത്തിൽ ഇവ രൂപാന്തരം വന്ന ശരീരങ്ങളും, രൂപാന്തരപ്പെടുത്തുന്ന സാന്നിദ്ധ്യങ്ങളുമാകുന്നു. ദൈവം മനുഷ്യനായത് മാനവ ശരീരത്തെ ഈ ഉയർന്ന മൂല്യത്തിൽ തിരികെക്കൊണ്ടുവന്ന് ഉറപ്പിക്കാനാണല്ലോ.

## ഉപസംഹാരം

രാജ-പ്രഭു വാഴ്ചയുടെ കാലത്ത് പ്രജകളും അടിമകളും അടങ്ങുന്ന കീഴാളർ മേലാളരുടെ കൈമുത്തുന്നരീതി ഉണ്ടായിരുന്നിരിക്കാം. പുരുഷന്മാർ സ്ത്രീകളുടെ കൈമുത്തുന്ന സാമൂഹ്യ ആചാരവും ചില സംസ്കാരങ്ങളിൽ കാണാം. ഇതിൽ നിന്ന് വ്യത്യസ്തമാണ് ക്രിസ്തീയ പാരമ്പര്യത്തിലെ കരചുംബനം. ഇതിനു പല മാനങ്ങൾ നമുക്കു കാണാൻ കഴിയും. ഒന്ന്, മുകളിൽ വിവരിച്ചതുപോലെ വൈദികരും ദൈവമക്കളും തമ്മിലുള്ള ആഴമായ ബന്ധത്തിന്റെ നിദർശനമാണ് കര ചുംബനം. രണ്ട്, വിശുദ്ധ കുർബാനയർപ്പിച്ച് കർത്താവിന്റെ തിരുരക്ത ശരീരങ്ങൾ വിളമ്പി തന്ന കാർമികന്റെ ചൈതന്യം നിറഞ്ഞ കരംമുത്തി അനുഗ്രഹം പ്രാപിക്കുകയാണ് വിശ്വാസികൾ. മൂന്ന്, വി. കുർബാനയിൽ പടിഞ്ഞാറോട്ട് കൂടെക്കൂടെ തിരിഞ്ഞ് (ഒമ്പത് തവണ) സമാധാന വന്ദനം ചൊല്ലി സമാധാനമുദ്ര കാട്ടി അനുഗ്രഹിക്കുന്ന അഭിഷിക്തന്റെ കൈ മുത്തി ചൈതന്യം തൊട്ട് സ്വീകരിക്കുകയാണ് ഭക്തജനങ്ങൾ. നാല്, ഗുരുസ്ഥാനീയനായ വൈദികനോടുള്ള വന്ദനവും, വിധേയത്വവും പ്രകാശിപ്പിക്കുന്നതിലുള്ള സന്തോഷവും ഈ കർമ്മത്തിൽ അടങ്ങിയിരിക്കുന്നു.

# 21

# യാഗാർപ്പണത്തിന്റെ പൊരുൾതേടി

2 തിമോ. 4:6: "ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു. ..."

1. വി. പൗലോസിന്റെ കാലത്ത് റോമൻ സമൂഹത്തിലുണ്ടായിരുന്ന ഒരാചാരപ്രകാരം എല്ലാ ഭക്ഷണവും അവസാനിക്കുന്നത് യാഗാർപ്പണത്തോടെ ആയിരുന്നു. ഒരു കപ്പ് വീഞ്ഞെടുത്ത് ദേവന്മാർക്കായി ഒഴുക്കി സമർപ്പിക്കുന്നു. പാനീയയാഗം എന്ന പ്രയോഗം മനസ്സിലാക്കാൻ ഈ പശ്ചാത്തലം വേണ്ടതില്ല. പഴയനിയമത്തിൽ പാനീയയാഗത്തെക്കുറിച്ച് വേണ്ടുവോളം പരാമർശങ്ങളുണ്ടല്ലോ. വീഞ്ഞാണ് പാനീയയാഗത്തിന് യിസ്രായേല്യർ ഉപയോഗിച്ചിരുന്നത്. ദഹനയാഗം, ഹനനയാഗം, ഹോമയാഗം എന്നിവയുടെ ഭാഗമായി പാനീയയാഗവും സമർപ്പിക്കുന്നു. മൃഗങ്ങൾ, പറവകൾ, ഫലങ്ങൾ എന്നിവപോലെ പാനീയമായ വീഞ്ഞും ദൈവത്തിനു നിവേദിക്കുന്നു. ബലിപീഠത്തിൽ ഒഴുക്കിയാവും പാനീയയാഗമർപ്പിക്കുക.

വി. പൗലോസിന്റെ വാക്കുകളിൽ മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

i. അടുത്തുതന്നെ നീറോ ചക്രവർത്തിയിൽ നിന്ന് വധശിക്ഷ സ്വീകരിക്കേണ്ടി വരുമെന്ന് മുന്നറിഞ്ഞ് പറയുന്നു.

ii. താൻ സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുന്ന മരണം വധശിക്ഷയായി കാണുന്നില്ല. ദൈവസന്നിധിയിലുള്ള യാഗാർപ്പണമായി തിരിച്ചറിയുന്നു.

iii. മാനസാന്തരത്തിനുശേഷം പൗലോസ് തനിക്കുള്ള സർവ്വവും യാഗമായി കർത്താവിന് ഒഴുക്കി സമർപ്പിക്കുകയായിരുന്നു. ധനം, അറിവ്, സമയം, ആരോഗ്യം, ശരീരം, മനസ്സ്, ഹൃദയം എല്ലാം. ഇതിന്റെ പരിസമാപ്തിക്കായി വി. പൗലോസ് കാത്തിരിക്കുന്നു, സന്തോഷത്തോടും പ്രത്യാശയോടും.

2. ശുശ്രൂഷകരെ വി. മദ്ബഹായിലേക്ക് പ്രവേശിപ്പിക്കുമ്പോഴുള്ള പ്രാർത്ഥനയിൽ (സെദ്റാ) ഇങ്ങനെ കാണുന്നു:

"ഊനമില്ലാതെ വിശുദ്ധിയോടുകൂടെ തന്നെത്തന്നെ നിനക്ക് യാഗമായി അർപ്പിക്കുവാൻ ഇവനെ നീ ശക്തിപ്പെടുത്തേണമേ."

മ്സമ്റോനോ, കോറൂയോ, എവ്പദ്യക്നോ എന്നിവരുടെ പട്ടംകൊട ശുശ്രൂഷയുടെ പൊതുവായുള്ള ആദ്യഭാഗത്ത് സെദ്റാ പ്രാർത്ഥനയിൽ ചൊല്ലുന്നത് ഇപ്രകാരമാണ്:

"ഈ ശുശ്രൂഷയ്ക്ക് വിളിക്കപ്പെട്ടിട്ടുള്ള ഈ നിന്റെ ദാസനെ നിന്റെ പരിശുദ്ധാത്മാവിന്റെ ആവാസത്താൽ സ്വീകരിപ്പാനും പൂർണ്ണനാക്കുവാനും നീ യോഗ്യത നൽകേണമേ. അധർമ്മത്തിന്റെയും പാപത്തിന്റെയും സകല മലിനതയിൽനിന്നും കറയിൽനിന്നും അവന്റെ ശരീരവും ആത്മാവും ഒരുമിച്ച് വെടിപ്പാക്കിക്കൊണ്ട് നിന്റെ തിരുഹിതം സമാശ്വസിപ്പിക്കുന്ന കുഞ്ഞാടായി നിന്റെ പരിശുദ്ധാലയത്തിൽ അവൻ തീരുമാറാകണമേ."

കശ്ശീശായുടെ പട്ടംകൊടക്രമം സെദ്റായിൽ ഇങ്ങനെ പ്രാർത്ഥിക്കുന്നു:

"ദൈവമായ കർത്താവേ, നിന്റെ കൃപയാലും ധാരാളമായ നിന്റെ കരുണകളാലും ഞങ്ങളുടെ നിസ്സാരതയുടെ മദ്ധ്യസ്ഥതയാൽ ഞങ്ങളുടെ അരിഷ്ടവും കടബാധ്യതയുള്ളതുമായ പ്രകൃതത്തിൽ നിന്നും നിന്റെ ശ്രേഷ്ഠതയ്ക്ക് ഇന്നേദിവസം അർപ്പിക്കപ്പെടുന്ന ആദ്യഫലത്തെ നിന്റെ തിരുമേനിയുടെ പരിശുദ്ധമായ ആഹ്വാനത്താൽ ഇപ്പോൾ നീ വിളിച്ചിട്ടുള്ള ദാസനെ നീ സ്വീകരിക്കേണമേ."

3. കർത്തൃശുശ്രൂഷക്കായി വിളിക്കപ്പെടുന്ന എല്ലാ സ്ഥാനികളും ദൈവസന്നിധിയിൽ സ്വയം യാഗമായി സമർപ്പിക്കപ്പെടുകയാകുന്നു. പൂജയർപ്പിക്കുന്ന വെറും നിർവ്വാഹകരല്ല (functionaries) നാം. പൂജാവസ്തുവും കൂടിയാവുന്നു. വിശുദ്ധിയുടെയും അർപ്പണത്തിന്റെയും അളവിൽ ഏറ്റക്കുറവുണ്ടാവാം. എങ്കിലും ശുശ്രൂഷയുടെ പടവുകൾ ചവിട്ടുന്തോറും വിശുദ്ധിയും അർപ്പണവും ആഴമാവണം എന്ന് ദൈവവും ദൈവജനവും നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നു. ജീവിതംതന്നെ യാഗാർപ്പണമായി രൂപാന്തരപ്പെടണം. ഈ ജീവാർപ്പണം ബലിപീഠത്തിലെന്നപോലെ സഭാശുശ്രൂഷയിലും സാമൂഹ്യസേവനത്തിലും പ്രതിഫലിക്കണം. മൂന്നുതലങ്ങളും ഒന്നുപോലെ പൊരുത്തപ്പെട്ടു പോവുകയും വേണം. എങ്കിലേ പൂരകങ്ങളായി പൂർണ്ണതയിലേക്ക് വളരൂ.

നാം ഏതാണ്ട് ഏറിയപങ്കും വെറും പൂജാരികളും സേവനം പ്രസംഗിക്കുന്നവരും സേവനം സംഘടിപ്പിക്കുന്നവരും സേവനം വിൽക്കുന്നവരും ആണെന്നു തോന്നുന്നു. പരിത്യാഗത്തിന്റെ ബലിക്കല്ലിൽ സ്വയം ഹോമിക്കപ്പെട്ടു കാണുന്നില്ല. കലവറയില്ലാതെ ഒഴുക്കി സ്വയം പെരുമയാക്കുന്നില്ല. ലൗകികമോഹങ്ങൾ, സ്ഥാനമാനങ്ങൾക്കുള്ള നീക്കങ്ങൾ, ആഡംബരങ്ങൾ അത്തരം ചുറ്റുവട്ടങ്ങളും തട്ടകങ്ങളും തേടിയുള്ള

പുറപ്പാട്. ഇങ്ങനെയൊരു ദൂഷിതവലയത്തിൽ നിന്നുകൊണ്ടാണ് എന്റെ പൂജയും പ്രസംഗവും എല്ലാം. കിട്ടുന്നതെല്ലാം സ്വന്തം പേരിൽക്കൂട്ടി ജീവിതം ഭദ്രമാക്കാനുള്ള വെമ്പലിൽ വിളിക്കപ്പെട്ട വിളിയുടെ ആദ്യ പാഠം ഞാൻ മറന്നുപോയിരിക്കുന്നു. എന്റെ നിലയുടെ വില തിരിച്ചറിയാനാവാതെവണ്ണം അകക്കണ്ണിന് മൂടൽരോഗം ബാധിച്ചുവെന്നു കരുതണം. ഇതാണ് എന്റെ പ്രതിസന്ധി. പക്ഷേ, ഇത് എന്റെ മാത്രം പ്രശ്നം അല്ല; ഞാൻ സഭാശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട സ്ഥാനിയാകയാൽ ഞാൻ സഭയെയും പ്രതിസന്ധിയിലാക്കുന്നു. എന്റെ ഈ പിഴവ് മറച്ചു വയ്ക്കാൻ അടിമുടി എല്ലാവരെയും ഞാൻ പഴിക്കുന്നു. ഇങ്ങനെ പറയുമ്പോൾ സ്വയം നീതീകരണം എന്ന കാപട്യം എന്നിൽതന്നെ ഉണ്ടോ എന്ന് ഞാൻ സംശയിക്കുന്നുണ്ടു താനും.

ഇങ്ങനെയൊരു നിസ്സഹായാവസ്ഥയിൽ കരുത്തുപകരാൻ പോരുന്ന വചനമാണ് വി. പൗലോസിന്റേത്: "ഞാനോ ഇപ്പോൾതന്നെ പാനീയ യാഗമായി ഒഴിക്കപ്പെടുന്നു."

റോമ 12:1: "നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ."

മുൻകണ്ടതുപോലെ യാഗാർപ്പണം എന്ന ആശയം ഇവിടെയും ആവർത്തിക്കുന്നു. സഭാശുശ്രൂഷക്കായി വിളിക്കപ്പെട്ടവർ മാത്രമല്ല സഭ ഒന്നാകെ തന്നെ സ്വയം യാഗമായി അർപ്പിക്കണം എന്നാണ് ഈ വേദഭാഗത്തിലൂടെ ലഭിക്കുന്ന പ്രബോധനം. സ്വയം സമർപ്പിക്കുന്ന ദൈവജനമുള്ളിടത്തേ സമർപ്പണം ഉള്ള ശുശ്രൂഷകൾ എഴുന്നേൽക്കുന്നുള്ളു. മറിച്ചും പറയാം. രണ്ടും ചേർന്നുപോവുന്നു എന്നു ചുരുക്കം.

1. ഇവിടെ 'ബുദ്ധിയുള്ള ആരാധന' എന്ന പ്രയോഗം അല്പം ഒന്നു വിശദീകരിക്കേണ്ടതുണ്ട്. 'ഹീ ലൊഗിക്കിലാട്രെയാ' എന്നാണ് ഗ്രീക്കു ഭാഷയിൽ. 'തെശ്മെശ്ത്തോ മ്ലീൻത്തോ' എന്ന് സുറിയാനിയിലും. Reasonable worship, spiritual worship (വിവേകബുദ്ധിയുള്ള ആരാധന, ആത്മീയ ആരാധന) എന്ന് ഗ്രീക്ക് മൂലത്തിൽനിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നു. സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്യുമ്പോൾ 'ബുദ്ധിപൂർവ്വകമായ ശുശ്രൂഷ' (കുര്യൻ കണിയാമ്പറമ്പിൽ, മാത്യു ഉപ്പാണി എന്നിവരുടെ വിവർത്തനങ്ങൾ നോക്കുക) എന്നും കൊടുത്തിരിക്കുന്നു. ഗ്രീക്കിൽ ലോഗിക്കി, ലോഗിക്കോസ് എന്നീ പദങ്ങളുടെ മൂലത്തിന് വാക്ക് (വചനം) എന്നാണർത്ഥം. സുറിയാനിയിൽ മ്ലീലോ (മ്ലീൽത്തോ എന്ന് സ്ത്രീലിംഗം) എന്ന നാമവിശേഷണത്തിന് 'സംസാരശേഷിയുള്ള' എന്നർത്ഥം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഗ്രീക്ക് മൂല

ത്തിലെ അതേ ഭാവാർത്ഥം സുറിയാനി പുതിയനിയമത്തിലും നിലനിർത്തിയിരിക്കുന്നു. ഇവിടെ വി. പൗലോസ് സൂചിപ്പിക്കുന്നത് പഴയനിയമബലിയിൽനിന്നും പുതിയനിയമബലിയിലേക്കുള്ള മാറ്റം ആണ്. വിവേകബുദ്ധിയും സംസാരശേഷിയുമുള്ള മനുഷ്യൻ സ്വയമർപ്പിക്കുന്ന ബലിയിലേക്കുള്ള മാറ്റം. ഊമജന്തുക്കൾക്കു പകരം കർത്താവു തന്നെ സ്വയം ബലിയായി സമർപ്പിച്ച് പുതിയനിയമബലി സ്ഥാപിച്ചു. കർത്താവിന്റെ പരമയാഗത്തോട് അനുരൂപപ്പെട്ട് വിശ്വാസികൾ തന്നെ സ്വയം ബലിയായി സമർപ്പിക്കുന്നു.

2. വി. പൗലോസ് 2 കൊരി. 3:7-12-ൽ പഴയനിയമശുശ്രൂഷയും പുതിയനിയമശുശ്രൂഷയും തമ്മിലുള്ള അന്തരം ചർച്ച ചെയ്യുമ്പോൾ പുതിയനിയമശുശ്രൂഷയെ ആത്മാവിന്റെ ശുശ്രൂഷ (തെശ്മെശ്ത്തോ ദ് റൂഹോ) എന്നു വിളിക്കുന്നു. പരിശുദ്ധാത്മാവാണ് പുതിയനിയമശുശ്രൂഷയുടെ യഥാർത്ഥ പരികർമ്മി. കാലങ്ങൾക്കു മുമ്പുനടന്ന രക്ഷാസംഭവം ഇക്കാലത്തിന്റേതാക്കി മാറ്റുന്ന ദൈവമാണ് പരിശുദ്ധാത്മാവ്. പഴയനിയമശുശ്രൂഷ ന്യായവിധിയും മരണവുമാണ് ആത്യന്തികമായി നൽകിയതെങ്കിൽ പുതിയനിയമത്തിന്റെ പരിശുദ്ധാത്മശുശ്രൂഷ നീതീകരണവും ജീവനും നൽകുന്നു. സുറിയാനി ആരാധനാക്രമങ്ങളിൽ 'ആത്മീയ ശുശ്രൂഷ' (തെശ്മെശ്ത്തോ റൂഹോനോയ്ത്തോ) എന്ന് സാധാരണ കാണുന്നുണ്ടല്ലോ. ഈ പ്രയോഗം 2 കൊരി. 3:8-ൽ നിന്നും വന്നിട്ടുള്ളതാകുന്നു. ഇതേ അർത്ഥത്തിൽ തന്നെയാണ് ആത്മികഗൃഹം, ആത്മീയ ബലി എന്നിങ്ങനെ 1 പത്രോ. 2:5-ൽ പറഞ്ഞിരിക്കുന്നതും. പരിശുദ്ധാത്മശുശ്രൂഷയിൽ ഏറ്റം പ്രധാന കർമ്മം പരിശുദ്ധാത്മാവ് നടത്തി പൂർത്തീകരിക്കുന്ന വി. ബലിയത്രേ. ഈ കാരണത്താൽ തന്നെ സഭയെ പരിശുദ്ധാത്മഗൃഹം എന്നു വിളിച്ചിരിക്കുന്നു. "ആത്മീയ ബലി" (ദബ്ഹോ റൂഹോനോയോ ദെബഹ്തോ റൂഹോനോയ്ത്തോ) എന്ന് വി. കുർബ്ബാന തക്സായിൽ ആവർത്തിച്ച് ഉപയോഗിച്ചിട്ടുണ്ടല്ലോ.

3. വി. കുർബ്ബാന നടത്തി പൂർത്തീകരിക്കുന്ന യഥാർത്ഥ പരികർമ്മി പരിശുദ്ധാത്മാവാണെന്ന് മുകളിൽ സൂചിപ്പിക്കുകയുണ്ടായി. ഇതുകൊണ്ടത്രെ "യഹോവേ, എനിക്കുത്തരമരുളേണമേ" (1 രാജാ. 18:38) എന്ന ഏലിയാവിന്റെ പ്രാർത്ഥന പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയായി വി. കുർബ്ബാന തക്സായിൽ ഉപയോഗിച്ചിരിക്കുന്നതും. എബ്രായ ഭാഷയിൽ എഴുതിയ വേദപുസ്തകം യഹൂദർ വായിക്കുമ്പോൾ യഹോവ എന്ന പേര് കർത്താവ് എന്ന് ഉച്ചരിച്ചു. പഴയനിയമത്തിന്റെ ഗ്രീക്കു വിവർത്തനമായ സെപ്റ്റ്വജന്റിൽ കർത്താവ് (Kyrios Lord) എന്ന് എഴുതി വായിച്ചു. പുതിയനിയമത്തിൽ കർത്താവ് യേശുക്രിസ്തുവായി. എന്നാൽ 2 കൊരി. 3:7-18-ൽ പുതിയനിയമശുശ്രൂഷ പരിശുദ്ധാത്മാവിന്റെ

ശുശ്രൂഷ ആകുന്നുവെന്നും പരിശുദ്ധാത്മാവ് കർത്താവ് ആകുന്നുവെന്നും (3:17, 18) പറയുന്നു. നമ്മുടെ വീണ്ടെടുപ്പുകാരൻ യേശു എന്ന കർത്താവും യേശുവിലൂടെ നമുക്കു ദൈവം നൽകുന്ന വീണ്ടെടുപ്പിനെ കാലികമാകുന്ന പുതിയനിയമശുശ്രൂഷയുടെ നടത്തിപ്പുകാരൻ പരിശുദ്ധാത്മാവ് എന്ന കർത്താവും ആകുന്നു എന്ന് വി. പൗലോസ് തന്നെ പഠിപ്പിക്കുന്നു. ഈ ആശയം തന്നെ വി. യോഹന്നാൻ മറ്റൊരുവിധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക, "ജീവിപ്പിക്കുന്നത് ആത്മാവാകുന്നു. മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (യോഹ. 6:63).

3. റോമ. 12:1, 2 കൊരി. 3:8, 1 പത്രോ. 2:5 എന്നീ വേദഭാഗങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന ശ്രദ്ധേയമായ ഒരു പ്രയോഗം വി. കുർബ്ബാന തക്സായിൽ കാണുന്നു. ദബഹേ മ്ലീലേ റൂഹോനോയേ (ഒരുക്ക ശുശ്രൂഷ ഒന്നാം ഭാഗം സെദ്റാ). ഇതിന് മലയാളത്തിൽ ഒരു തത്സമം കണ്ടെത്തുക പ്രയാസമാണ്. "വിവേകബുദ്ധിയുള്ള മനുഷ്യൻ സ്വയമർപ്പിച്ച് പരിശുദ്ധാത്മാവ് നടത്തി പൂർത്തീകരിക്കുന്ന ബലികൾ" എന്ന് വിടുർത്തി പറയേണ്ടി വരുന്നു. വി. കുർബ്ബാന തക്സായിലെ പ്രസക്ത ഭാഗം ഇവിടെ ഉദ്ധരിക്കുന്നു,

"ശാന്തനും ദയാലുവും വിനീതനും മനുഷ്യസ്നേഹിയും ബലിയിലല്ല കരുണയിൽ പ്രീതിപ്പെടുന്നവനും ദഹനയാഗങ്ങളേക്കാൾ കൂടുതലായി ഹൃദയതാപത്തെ സ്നേഹിക്കുന്നവനും കാളകളുടേയും കൊഴുത്ത ആട്ടിൻകുട്ടികളുടേയും രക്തത്തെയും ബലിയർപ്പണത്തെയുംകാൾ അധികമായി ആത്മവിനയത്തെ അംഗീകരിക്കുന്നവനുമായ ദൈവമേ, ഈ സമയത്ത് ഞങ്ങളുടെ പരിശുദ്ധാത്മബലിയെ വിവേകബുദ്ധിയുള്ള (മനുഷ്യർ സ്വയമർപ്പിക്കുന്ന) ബലിപീഠത്തിന്മേൽ നീ സ്വീകരിക്കണമേ. വിവേകബുദ്ധിയുള്ള (മനുഷ്യർ സ്വയമർപ്പിക്കുന്ന) ഈ ശുശ്രൂഷ മുഖാന്തിരം തിരുനാമത്തിന് പ്രീതികരമായ ജീവനുള്ള സ്വീകാര്യബലിയായി ഞങ്ങളെത്തന്നെ നിനക്കു സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ. സങ്കടഹൃദയത്തോടും ആത്മവിനയത്തോടും കൂടി ഉന്നതമായ നിന്റെ ബലിപീഠത്തിന്മേൽ വിവേകബുദ്ധിയുള്ളതും (ഞങ്ങൾ സമർപ്പിക്കുന്ന) പരിശുദ്ധാത്മാവിന്റേതുമായ ബലികൾ നിനക്ക് ഞങ്ങൾ അർപ്പിക്കുമാറാകേണമേ" (സ്വതന്ത്ര വിവർത്തനം).

**ഉപസംഹാരം**

രണ്ടു കാര്യങ്ങൾ ഇവിടെ ശ്രദ്ധേയമായി വരുന്നു

1. ബുദ്ധിയുള്ള ആരാധന, ആത്മീയബലി എന്നീ പദപ്രയോഗങ്ങൾ ഭൗതികവസ്തുക്കൾ ദൈവസന്നിധിയിൽ അർപ്പിച്ച് ആരാധിക്കുന്നതിനെ

നിഷേധിക്കുന്നില്ല. മറിച്ച് പഴയനിയമ ശുശ്രൂഷയിൽ നിന്നും വ്യത്യസ്തമായി മനുഷ്യർ വിവേകബുദ്ധിയോടെ സ്വയമർപ്പിക്കുന്നതും പരിശുദ്ധാത്മാവ് പൂർത്തീകരിക്കുന്നതുമായ പുതിയനിയമ ശുശ്രൂഷയേയും ബലിയേയും സൂചിപ്പിക്കുന്നു.

2. ജീവന് ആധാരമായ അപ്പവീഞ്ഞുകൾ സമർപ്പിക്കുന്നതിലൂടെ വിശ്വാസികൾ തങ്ങളെത്തന്നെ സ്വയമർപ്പിക്കുന്നു. ഇങ്ങനെ യാഗാർപ്പണം സ്വാർപ്പണമായിത്തന്നെ ഭവിക്കുന്നു. അർപ്പണം (വി. കുർബ്ബാന) ജീവാർപ്പണമാക്കി ശുശ്രൂഷ പൂർത്തീകരിച്ച് 'നീതിയുടെ കിരീടം' പ്രാപിപ്പാൻ കാത്തിരിക്കുന്ന വി. പൗലോസ് നമുക്ക് മാതൃകയും മദ്ധ്യസ്ഥനും ആകുന്നു.

**(2002)**

# 22

# അനാഫൂറോ

## യാഗാർപ്പണം: വകകൊണ്ടും വാക്കുകൊണ്ടും

സുറിയാനി കുർബാന തക്സായിൽ വി. കുർബാനയ്ക്ക് പല പദങ്ങൾ കാണുന്നു. കുർബോനോ (യാഗം, യാഗാർപ്പണം). റോസേ (രഹസ്യങ്ങൾ), എവ്ക്കാറിസ്തിയ (സ്തോത്രോർപ്പണം), അനാഫൂറോ (ബലി കരേറ്റൽ), ശൗത്താഫുതോ (സംബന്ധം), ദേബ്ഹോ (യാഗം) എന്നിവയാണവ. ഇവയിൽ അനാഫൂറോ എന്ന പദത്തെക്കുറിച്ചുള്ള ലഘു പഠനമാണ് ഈ ലേഖനം.

അനാഫൂറോ എന്ന പദം തന്നെ 'ന' ശബ്ദം ഇരട്ടിച്ച് അന്നാഫൂറോ എന്നും വി. കുർബാന തക്സായിൽ ഉപയോഗിച്ചിരിക്കുന്നു. ഇവ രണ്ടും അനാഫോറാ (anaphora) എന്ന ഗ്രീക്ക് നാമരൂപത്തിൽ നിന്നും വന്നിട്ടുള്ളതാണ്. അനാഫോറാ എന്ന ഗ്രീക്ക് പദത്തിന്റെ ക്രിയാരൂപത്തിന് (anapherein) ഉയർത്തിക്കൊണ്ടു വരിക എന്നാണ് വാച്യാർത്ഥം. യാഗസന്ദർഭത്തിൽ യാഗവസ്തു ബലിപീഠത്തിന്മേൽ ഉയർത്തി അർപ്പിക്കുന്നതിന് ഈ പദം ഉപയോഗിക്കുന്നു. അനാഫൂറോ കൂടാതെ കൂർബോനോ, ദെബ്ഹോ എന്നീ പദങ്ങളും യാഗസന്ദർഭത്തിൽ നിന്നും വരുന്നവയാണ്. കുർബോനോ എന്ന പദം ക്രേബ് എന്ന മൂലത്തിൽ നിന്ന് വരുന്നു. ക്രേബ് എന്നാൽ അടുത്തുവരിക എന്നർത്ഥം. അതിൽ നിന്നും കാറേബ് എന്ന് മറ്റൊരു ക്രിയാരൂപമുണ്ടായി. അടുത്ത് വന്ന് അർപ്പിക്കുക എന്ന് ഇത് അർത്ഥമാക്കുന്നു. മുൻപറഞ്ഞതുപോലെ ഇവയെല്ലാം യാഗസന്ദർഭത്തിൽ ഉപയോഗിക്കുന്ന പദങ്ങളാണെങ്കിലും യാഗവസ്തു ബലിപീഠത്തിൽ ഉയർത്തി അർപ്പിക്കുക എന്ന വിശേഷാർത്ഥം അനാഫൂറോ എന്ന പദത്തിനുണ്ട്.

അനാഫൂറോ എന്ന പദത്തോട് ചേർന്നുപയോഗിക്കുന്ന മറ്റൊരു പദമാണ് പ്രോസ്ഫോറാ. മുമ്പോട്ട് കൊണ്ടുവരിക എന്നാണർത്ഥം. വിശ്വാസികൾ യാഗവസ്തുക്കൾ ദൈവസന്നിധിയിലേക്ക് കൊണ്ടുവരുന്നു. ഇതിനാണ് പ്രോസ്ഫോറാ എന്ന പദം ഉപയോഗിക്കുന്നത്. ഈ യാഗവസ്തുക്കളിൽ ഒരു ഭാഗം പുരോഹിതനെടുത്ത് ബലിപീഠത്തിൽ ഉയർത്തി അർപ്പിക്കുന്നു. ഇക്കാരണത്താൽ കർത്താവിന്റെ തിരുശരീരരക്തങ്ങളായി തീരേണ്ടതിന് അർപ്പിക്കുന്ന കാഴ്ചവസ്തുവിനും അർപ്പണകർമ്മത്തിനും അതു സംബന്ധിച്ച കർമ്മസംവിധാനത്തിനും അനാഫോറാ എന്ന് പറഞ്ഞിരിക്കുന്നു. ശേഷിക്കുന്ന കാഴ്ചവസ്തുവിന് പ്രോസ്ഫോറാ എന്നും

പൊതുവെ പറയുന്നു. ഇംഗ്ലീഷിൽ ഇതിന് offertory എന്നും മലയാള ത്തിൽ 'കാണിക്ക' എന്നും പറയുന്നു. പാശ്ചാത്യ പാരമ്പര്യത്തിൽപ്പെട്ട കത്തോലിക്കാ സഭയിലും നവീകരണ സഭയിലും വിശ്വാസപ്രമാണം കഴിഞ്ഞ് കുർബാനയുടെ രണ്ടാംഭാഗമായ അർപ്പണം ആരംഭിക്കുന്നതിന് മുമ്പാണ് കാണിക്ക സ്വീകരിക്കുന്നത്. സുറിയാനി സഭയിൽ ഇപ്പോൾ വി. കുർബാനയുടെ ഒടുവിൽ വിശ്വാസികൾ കൈമുത്തി പിരിഞ്ഞുപോകു മ്പോൾ അർപ്പിക്കുന്ന കാഴ്ചയാണ് കാണിക്ക.

ആദിമസഭയിൽ വിശ്വാസികൾ കൊണ്ടുവരുന്ന യാഗവസ്തുക്കളായ അപ്പവും വീഞ്ഞും ശേഖരിച്ച് അവയിൽ നിന്നും ഒരു ഭാഗം വേർതിരിച്ച് തിരഞ്ഞെടുത്ത് ദൈവസന്നിധിയിൽ യാഗപീഠത്തിന്മേൽ അർപ്പിക്കുക യായിരുന്നു പതിവ്. ഇന്നും പാശ്ചാത്യ സഭാപാരമ്പര്യങ്ങളിലും ഒട്ടുമിക്ക പൗരസ്ത്യ സഭാപാരമ്പര്യങ്ങളിലും കർത്തൃസന്നിധിയിലേക്ക് കൊണ്ടു വരുന്ന (prospherein) യാഗവസ്തുക്കളിൽ നിന്നും ഒരു പങ്ക് എടുത്ത് ബലിപീഠത്തിൽ സമർപ്പിക്കുന്നു. വിശ്വാസികൾ ബലിപീഠത്തിങ്കലേക്ക് കൊണ്ടുവരുന്ന കാഴ്ചവസ്തുക്കൾ പ്രോസ്ഫോറാ എന്നും അതിൽ നിന്നും തെരഞ്ഞെടുത്ത് ബലിപീഠത്തിന്മേൽ ഉയർത്തി അർപ്പിക്കുന്ന കാഴ്ചവസ്തുവിന് അനാഫോറാ എന്നും പറയുന്നു. നമ്മുടെ സഭയിൽ ഇന്നും ഒന്നിൽ കൂടുതൽ കുർബാനയപ്പം ഉണ്ടാക്കി അതിൽനിന്നും ഒന്നോ രണ്ടോ ആവശ്യാനുസരണം എടുത്ത് ബലിപീഠത്തിൽ അർപ്പി ക്കുകയാണ്. ശേഷിക്കുന്ന അപ്പം വാഴ്ത്തി വാഴ്വിന്റെ അപ്പമായി (ബ്രുക്സോ) നൽകുന്നുമുണ്ട്.

പാശ്ചാത്യ സഭാപാരമ്പര്യത്തിൽ കാണിക്ക (സ്തോത്രകാഴ്ച) എടുത്ത് ഉയർത്തി സ്തോത്ര പ്രാർത്ഥന നടത്തുന്ന പതിവുണ്ടല്ലോ. ഇത് പുരാതനമായ പ്രോസ്ഫോറോ-അനാഫോറാ പാരമ്പര്യങ്ങളിൽ നിന്നും വന്നിട്ടുള്ളതാകുന്നു. ഇതിന്റെ ആദിരൂപം സുറിയാനി ക്രമത്തിൽ തന്നെയുണ്ട്. ഒരുക്കശുശ്രൂഷയുടെ ആരംഭത്തിൽ ശുശ്രൂഷകന്റെ കയ്യിൽ നിന്നും അപ്പവീഞ്ഞുകൾ സ്വീകരിച്ച് പ്രാർത്ഥനയോടെ പാത്രങ്ങളിലേക്ക് പകരുന്നു. ഈ കർമ്മത്തിൽതന്നെ പ്രോസ്ഫോറായും അനാഫോറായും അടങ്ങിയിട്ടുണ്ട്. എങ്കിലും അനാഫോറായുടെ ക്രമം യഥാർത്ഥത്തിൽ തുടങ്ങുന്നത് വിശ്വാസപ്രമാണം കഴിഞ്ഞ് പദവിമേൽ കയറി വി. ചുംബ നത്തിന്റെ (സമാധാനത്തിന്റെ) പ്രാർത്ഥന ചൊല്ലുന്നതോടെയാണ്. വിശ്വാ സികൾ ഉപയോഗിക്കുന്ന വി. കുർബാനക്രമത്തിൽ അനാഫോറാ എന്ന് പ്രത്യേകം എടുത്തു പറയുന്ന ഭാഗം ശ്രദ്ധിക്കുക. അതോടൊപ്പം പുരോ ഹിതർ ഉപയോഗിക്കുന്ന വി. കുർബാന തക്സായിൽ വിവിധ അനാ ഫോറാകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം സമാധാനചുംബന പ്രാർ ത്ഥനയോടെയാണല്ലോ തുടങ്ങുന്നത്.

പഴയനിയമത്തിന്റെ ഗ്രീക്ക് വിവർത്തനമായ സെപ്റ്റ്വജിന്റിലും പുതിയ നിയമത്തിലും (ഇതിന്റെ മൂലഭാഷ ഗ്രീക്കാണല്ലോ) അനാഫോറാ എന്ന പദത്തിന്റെ ക്രിയാരൂപം ഉപയോഗിച്ചിരിക്കുന്നു. യാഗമർപ്പിക്കുക എന്ന അർത്ഥത്തിലാണ് മുഖ്യമായും ഇത് കാണുന്നത്. ഉദാഹരണമായി ഉല്പ. 8:20-ൽ ഇങ്ങനെ കാണുന്നു. "നോഹ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു. ശുദ്ധിയുള്ള സകല മൃഗങ്ങളിലും ശുദ്ധിയുള്ള എല്ലാ പറവകളിലും ചിലത് എടുത്ത് യാഗപീഠത്തിന്മേൽ ഹോമയാഗമർപ്പിച്ചു." ഇവിടെ യാഗമർപ്പിച്ചു എന്ന പദത്തിന് ഗ്രീക്കിൽ anapherein എന്ന ക്രിയാരൂപം ഉപയോഗിച്ചിരിക്കുന്നു (ലേവ്യ 17:15, യെശ. 57:6, 2 മക്കാ. 1:18, 2:9, 2 ദിന. 29:31, 32). 1 മക്കാ. 4:53-ൽ anapherein thysia (യാഗമർപ്പിക്കുക) എന്ന് പ്രത്യേകം ഉപയോഗിച്ചിരിക്കുന്നു. പഴയനിയമകാലത്തുതന്നെ അനാഫോറാ എന്ന പദം (ക്രിയാരൂപത്തിൽ) യാഗമർപ്പിക്കുന്നതിനുപയോഗിച്ചു വന്ന സാങ്കേതികപദമായിരുന്നു എന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. യൂക്കറിസ്റ്റ് (എവ്ക്കാറിസ്തിയ) എന്ന പദത്തിന് സ്തോത്രാർപ്പണം എന്നാണർത്ഥം. എന്നാൽ അനാഫോറാ എന്ന വാക്കിന് യാഗാർപ്പണം എന്ന് വളരെ വ്യക്തമായി അർത്ഥം കാണുന്നു. കുർബോനോ എന്ന പദത്തിനും യാഗാർപ്പണം എന്നുതന്നെയാണർത്ഥം. ഇതിന് നല്ലൊരുദാഹരണമാണ് എബ്രാ. 7:27. അവിടെ നാം ഇങ്ങനെ വായിക്കുന്നു: "ആ മഹാപുരോഹിതന്മാരെപ്പോലെ ആദ്യം സ്വന്തപാപങ്ങൾക്കും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനംപ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നെ. അത് അവൻ തന്നത്താൻ അർപ്പിച്ചുകൊണ്ട് ഒരിക്കലായിട്ട് ചെയ്തുവല്ലോ." ഈ വാക്യത്തിൽ യാഗം കഴിക്കുക എന്ന മലയാള പദത്തിന് തത്തുല്യമായി ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് anapherein എന്നും സുറിയാനിയിൽ കാറേബ് എന്നുമാണ്.

ആദിമസഭയുടെ പല രേഖകളിലും ക്രിസ്തുവിന്റെ ക്രൂശിലെ യാഗാർപ്പണത്തിന് അനാഫോറാ എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഉദാഹരണമായി അലക്സന്ത്രിയായിലെ വി. ക്ലിമ്മീസ് *Pedagogus* എന്ന ഗ്രന്ഥത്തിലും (2:8) അലക്സന്ത്രിയായിലെ വി. അത്താനാസ്യോസ് *Incarnation* എന്ന ഗ്രന്ഥത്തിലും (20:2) ഈ അർത്ഥത്തിൽ അനാഫോറാ എന്ന വാക്ക് ഉപയോഗിക്കുന്നു. *Apostolic Constitution* എന്ന പുരാതന രേഖയിൽ വി. കുർബാനാർപ്പണത്തിന് അനാഫോറാ എന്ന പദം ഉപയോഗിച്ചു കാണുന്നു (2:57:21; 3:20:2; 5:28:3).

പുതിയനിയമത്തിൽ മറ്റു ചില ഭാഗങ്ങളിൽ anapherein എന്ന വാക്കിന് തത്സമമായി സുറിയാനി വേദപുസ്തകത്തിൽ ആസേക് എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ആസേക് എന്ന വാക്കിന് താഴെപ്പറയുന്ന അർത്ഥങ്ങളുണ്ട് - കരേറ്റുക, ഉയർത്തിവയ്ക്കുക, യാഗമർപ്പിക്കുക, സ്തോത്ര

മർപ്പിക്കുക. 1 പത്രോ. 2:24-ൽ നാം ഇങ്ങനെ വായിക്കുന്നു: "നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു." ഇവിടെ ചുമന്നുകൊണ്ട് എന്ന പ്രയോഗത്തിന് ഗ്രീക്കിൽ 'അനാഫെറേൻ' എന്നും സുറിയാനിയിൽ 'ആസേക്' എന്ന പദവുമാണ് ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ ക്രൂശിന്മേലുള്ള യാഗാർപ്പണമാണ് വ്യക്തമായും ആ രണ്ടു ഭാഷകളിലുമുള്ള പദങ്ങൾ സൂചിപ്പിക്കുന്നത്. ഈ വാക്യത്തിന്റെ സന്ദർഭവും ഇതുതന്നെ കാണിക്കുന്നു. ഈ വേദഭാഗത്തിന്റെ പശ്ചാത്തലമായി വരുന്ന പഴയനിയമഭാഗമാണല്ലോ യെശ. 53:12. അവിടെ നാം ഇങ്ങനെ വായിക്കുന്നു. "അതുകൊണ്ട് ഞാൻ അവന് മഹാന്മാരോടുകൂടി ഓഹരി കൊടുക്കും. ബലവാന്മാരോടുകൂടെ കൊള്ള പങ്കിടും. അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കിക്കളയുകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കുവേണ്ടി ഇടനിന്നുംകൊണ്ട് അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയാൽത്തന്നെ." ഇവിടെ വഹിക്കുക എന്ന മലയാള പദത്തിന് തത്തുല്യമായി ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് anapherein ആണ്. മനുഷ്യവംശത്തിനുവേണ്ടി അവരുടെ പാപം സ്വയം വരിച്ച് ജീവാർപ്പണം ചെയ്യുന്നതായി ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

Anapherein സ്തോത്രമർപ്പിക്കുക എന്നയർത്ഥത്തിൽ എബ്രാ. 13:15-ൽ കാണുന്നു: "അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന് അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക." ഇവിടെ അർപ്പിക്കുക എന്ന പദത്തിന് ഗ്രീക്ക് മൂലത്തിൽ anapherein എന്നും സുറിയാനിയിൽ ആസേക് എന്നും കൊടുത്തിരിക്കുന്നു. അനാഫോറായുടെ മറ്റൊരു അർത്ഥതലം ഈ വേദഭാഗത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. യാഗവസ്തുക്കളോടൊപ്പം സ്തോത്രയാഗവും കരേറ്റുക. സുറിയാനി തക്സായിൽ എല്ലാ പ്രാർത്ഥനകളും അവസാനിക്കുന്നത്, "ആയത് നിനക്കും നിന്റെ ഏകജാതനും (പിതാവിനും) പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുവാനായിത്തന്നെ" എന്നാണ്. പുതിയനിയമത്തിൽ 'അനാഫേറേൻ' എന്ന പദത്തിന് രണ്ട് സുറിയാനി തത്സമങ്ങൾ കാണുന്നു. ഒന്ന്: കാറേബ്. രണ്ട്: ആസേക്. കാറേബ് എന്ന പദം വസ്തുവകകൾ കൊണ്ടുള്ള യാഗാർപ്പണത്തിനു മാത്രമാണ് ഉപയോഗിക്കുന്നത് (എബ്രാ. 7:27). എന്നാൽ ആസേക് എന്ന പദം വസ്തുവകകൾകൊണ്ടുള്ള അർപ്പണവും സ്തോത്രം കൊണ്ടുള്ള അർപ്പണവും ഒരുപോലെ അർത്ഥമാക്കുന്നു (1 പത്രോ. 2:24; എബ്രാ. 13:15). മറ്റൊരുവിധത്തിൽ പറഞ്ഞാൽ വകകൊണ്ടും വാക്കുകൊണ്ടും ഒരേസമയം ദൈവത്തിന് യാഗമർപ്പിക്കുന്നതാണ് അനാഫോറാ. ചില

നവീകരണ സഭകൾ സ്തോത്രയാഗം എന്നതിന് വാക്കുകൊണ്ടുള്ള സ്തോത്രാർപ്പണം എന്ന അർത്ഥം മാത്രം നൽകുന്നു. ഇത് അനാഫോറാ എന്ന പദത്തെ വളരെ ചുരുക്കിക്കളയുന്നു. ദൈവസന്നിധിയിൽ അടുത്തുവരുന്ന ഭക്തൻ വാക്കുകൊണ്ടും വസ്തുകൊണ്ടും ദൈവത്തിന് സ്തോത്രമർപ്പിക്കും. ദേവാലയത്തിലേക്ക് കടന്നുവന്ന് കാണിക്കയർപ്പിച്ച് 'ദൈവമേ' എന്ന് വിളിക്കുന്ന ഒരു ഭക്തന്റെ ചിത്രം ഈ വേദഭാഗങ്ങൾക്കെല്ലാം പിമ്പിലുണ്ട്. അനാഫോറാ എന്ന ഗ്രീക്ക് പദത്തിനും കാറേബ്, ആസേക് എന്നീ സുറിയാനി പദങ്ങൾക്കും എല്ലാം ഒരേ അർത്ഥസൂചന തന്നെ. യാഗാർപ്പണത്തിൽ, സ്തോത്രാർപ്പണത്തിൽ വാക്കുകൾകൊണ്ടുള്ള അർപ്പണത്തെയോ വസ്തുവകകൾകൊണ്ടുള്ള അർപ്പണത്തെയോ വേർതിരിച്ച് സങ്കൽപ്പിക്കുവാൻ കഴിയില്ല. വാക്കിലും വസ്തുവിലും കൂടി ദൈവത്തിന് യാഗമർപ്പിക്കുക എന്ന സങ്കൽപ്പം അനാഫോറായിൽ നിറഞ്ഞുനിൽക്കുന്നു.

## ഉപസംഹാരം

വി. കുർബാന വകകൊണ്ടും വാക്കുകൊണ്ടും ദൈവത്തിന് യാഗമർപ്പിക്കുന്ന മഹത്തായ ഒരു ആരാധനാ സംവിധാനമാണ്. അപ്പവീഞ്ഞുകൾ, സുഗന്ധവർഗ്ഗങ്ങൾ, മെഴുകുതിരികൾ, എണ്ണ എന്നിവയെല്ലാം തന്നെ യാഗവസ്തുക്കളായി നാം സമർപ്പിക്കുന്നു. അതുപോലെതന്നെ നമ്മുടെ സ്തുതി സ്തോത്രങ്ങളും. ഈ അർത്ഥതലങ്ങൾ എല്ലാം ഉൾക്കൊണ്ടുകൊണ്ട് വി. കുർബാനയിൽ സംബന്ധിക്കുമ്പോൾ വി. കുർബാനയിലെ ആരാധനാനുഷ്ഠാനങ്ങൾ ആദ്ധ്യാത്മികാനുഭവമായിത്തീരുന്നു. അനാഫാറോ എന്ന പദം ഈ കാരണങ്ങളാൽ തന്നെ വളരെ അർത്ഥസമ്പന്നമായ ഒരു പദമാകുന്നു. അതുകൊണ്ട് തന്നെയത്രേ പരിശുദ്ധ പിതാക്കന്മാർ ഓരോ കുർബാന തക്സായും അനാഫോറാ എന്ന് വിളിക്കുന്നത്.

## ദളം രണ്ട്

# വിശ്വാസ പഠനം

**? പരിശുദ്ധനായ ഏക പിതാവും പരിശുദ്ധനായ ഏക പുത്രനും പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല എന്ന് വിശുദ്ധ കുർബാനയിൽ നാം ചൊല്ലുന്നുണ്ടല്ലോ. പിന്നെ എങ്ങിനെയാണ് സഭ പരിശുദ്ധന്മാരെക്കുറിച്ച് പഠിപ്പിക്കുന്നത്?**

☐ ദൈവമാണ് പരിശുദ്ധൻ, സംശയമില്ല. അതേസമയം ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുകൊണ്ട് ദൈവമക്കളായിത്തീരുന്നവൻ പരിശുദ്ധനാണ്. ദൈവം പരിശുദ്ധൻ എങ്കിൽ ദൈവമക്കളും പരിശുദ്ധർ അത്രെ. ദൈവമക്കൾ പരിശുദ്ധർ എന്നു പറഞ്ഞിരിക്കുന്ന ധാരാളം ഭാഗങ്ങൾ വേദപുസ്തകത്തിൽ ഉണ്ട് (ആവ. 33:2, 3; 2 ദിന. 6:41; സങ്കീ. 16:3; 30:4; 34:9; ഹോശ. 11:12; സക്ക. 14:5; അപ്പോ. 9:32; 41; 26:10; റോമ. 1:7; 1 കോരി. 1:2; 2 കോരി. 1:1; വെളി. 5:8; 8:3, 4; 11:18).

പുതിയനിയമത്തിൽ വിശുദ്ധർ എന്ന പദം വിശ്വാസികളുടെ സംഘത്തെ, സഭയെക്കുറിച്ച് പറയുന്നതിന് ഉപയോഗിക്കുന്ന സാങ്കേതിക പദം കൂടിയാണ്. ദൈവത്തിന്റെ പരിശുദ്ധിയിൽ നിരന്തരം വളർന്നു മുതിരാൻ വിളിക്കപ്പെട്ടിരിക്കുന്ന ദൈവമക്കളെ വിശുദ്ധർ എന്നു പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നു. ഈ വിശുദ്ധരുടെ സംഘമാണ് സഭ. സഭ ക്രിസ്തുവിന്റെ ശരീരമാണ്. ക്രിസ്തുശരീരത്തിൽ, മരിച്ചവരും നമ്മുടെ കൺമുമ്പിൽ നിന്ന് വാങ്ങിപ്പോയിരിക്കുന്നു എന്നു മാത്രം. അവരും ജീവനോടിരിക്കുന്ന വിശ്വാസികളും ക്രിസ്തുവിന്റെ സഭയാകുന്ന ശരീരത്തിൽ ഒരുപോലെ ജീവനുള്ള അംഗങ്ങൾ തന്നെയാകുന്നു.

ജീവനുള്ളവരും വാങ്ങിപ്പോയവരും തമ്മിൽ സംബന്ധമുണ്ട്. ലൂക്കോ. 9:30-31 ൽ മോശയും ഏലിയാവും മറുരൂപമലയിൽ പ്രത്യക്ഷപ്പെട്ട് യേശുവുമായി സംഭാഷിക്കുന്നുണ്ടല്ലോ. ജീവിച്ചിരിക്കുന്ന വിശ്വാസികൾ അന്യോന്യം മധ്യസ്ഥതയർപ്പിക്കുന്നതുപോലെ വാങ്ങിപ്പോയ വിശുദ്ധർ ജീവനുള്ളവർക്കു വേണ്ടിയും ജീവിച്ചിരിക്കുന്ന വിശുദ്ധർ ജീവനുള്ളവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നു. വി. കുർബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പ് ഒരുക്കശുശ്രൂഷയിൽ ദൈവമാതാവായ കന്യക മറിയാമിനു വേണ്ടിയും ആരംഭം മുതൽ ഇന്നയോളമുള്ള ജീവനുള്ളവരും പരേതരുമായ എല്ലാ വിശുദ്ധർക്കുവേണ്ടിയും സഭ മദ്ധ്യസ്ഥതയണക്കുന്നുണ്ട്. ദൈവമാതാവു തുടങ്ങി വിശുദ്ധരുടെ മധ്യസ്ഥതയ്ക്കായി അപേക്ഷിക്കുന്നുമുണ്ട്.

സഭയെപ്പറ്റി സമഗ്രമായ ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജീവനോടിരിക്കുന്നവരും പരേതരുമായ പരിശുദ്ധർ തമ്മിലുള്ള സംസർഗ്ഗത്തേക്കുറിച്ചുള്ള വിശ്വാസം വേരുറയ്ക്കുകയുള്ളു.

**? പീലാത്തോസിന്റെ അരമനയിൽ നിന്നും കർത്താവിനെ കാൽവ റിയിലേക്ക് കുരിശ് ചുമപ്പിച്ചുകൊണ്ടുപോയ വഴിയിൽ പതിനാല് സ്ഥാനങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്നതായി യെരുശലേം സന്ദർശന സമയത്ത് കാണുവാനിടയായി. ഇവയ്ക്ക് ഓരോ പ്രാധാ ന്യവും കൊടുത്തുകാണുന്നു. പല കത്തോലിക്കാ ദേവാലയങ്ങളിലും കുരിശിന്റെ വഴിയെ അനുകരിക്കുന്ന രീതിയിൽ സ്ഥാനങ്ങൾ തിട്ട പ്പെടുത്തി പ്രദക്ഷിണം വെക്കാറുണ്ടല്ലോ. ഇതേ സംബന്ധിച്ച് നമ്മുടെ സഭയുടെ പ്രബോധനം എന്താണ്?**

☐ കുരിശിന്റെ വഴി റോമൻ കത്തോലിക്കാ സഭയുടെ പാരമ്പര്യത്തി ലുള്ളതാണ്. പീലാത്തോസ് ക്രിസ്തുവിനെ ക്രൂശിക്കാനായി യഹൂദ ന്മാർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതു മുതൽ ക്രൂശീകരണം കഴിഞ്ഞ് കബ റിൽ വെക്കുന്നത് വരെയുള്ള സംഭവങ്ങൾ പതിനാല് ഘട്ടങ്ങളായി ചിത്രീ കരിച്ചുകൊണ്ടുള്ളതാണ് കുരിശിന്റെ വഴി (Way of the Cross). കുരിശിന്റെ സ്ഥാനങ്ങൾ (Stations of the Cross) എന്നും വിളിക്കുന്നു. യെരുശലേമി ലാണ് കുരിശിന്റെ വഴി പതിനാല് സ്ഥാനങ്ങൾ അടയാളപ്പെടുത്തി ആദ്യ മായി ഉണ്ടാക്കിയത്. 1342-ൽ റോമൻ കത്തോലിക്കാസഭയിലെ ഫ്രാൻസി സ്കൻ സന്യാസസമൂഹം യെരുശലേമിലെ പുണ്യസ്ഥലങ്ങൾ കൈവ ശപ്പെടുത്തി. ക്രിസ്തുവിന്റെ പീഡാനുഭവത്തോടുള്ള ഭക്തി വർദ്ധിപ്പിക്കു വാനായി അവർ ഉണ്ടാക്കിയതാണ് കുരിശിന്റെ വഴിയും അതിലെ പതി നാല് സ്ഥാനങ്ങളും. ഓരോ സ്ഥാനത്തും ചെല്ലുമ്പോൾ ക്രിസ്തുവിന്റെ പീഡാനുഭവം സ്മരിച്ച് ഹൃദയം ദുഃഖാർദ്രമായി ധ്യാനിക്കുന്നതിന് തീർത്ഥാടകനെ സഹായിക്കുന്നതാണ് ഈ സംവിധാനം എന്ന് പൊതുവെ പറയാം.

റോമൻ കത്തോലിക്കാ സഭയിൽ പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടു കളിൽ ക്രിസ്തുവിന്റെ പീഡാനുഭവം പ്രത്യേകം ധ്യാനവിഷയമാക്കുന്ന പതിവ് വ്യാപകമായിത്തീർന്നു. ഈ പശ്ചാത്തലത്തിലാണ് ഫ്രാൻസി സ്കൻ സന്യാസ സമൂഹം, പീലാത്തോസിന്റെ അരമനയിൽ നിന്നും ഗോഗുൽത്തായിലേക്കുള്ള വഴി പതിനാല് സ്ഥാനങ്ങൾ അടയാളപ്പെടുത്തി കുരിശിന്റെ വഴി എന്ന് നാമകരണം ചെയ്തത്. ഈ പതിനാല് സ്ഥാന ങ്ങളിലും ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്ന തീർത്ഥാടകന് പാപമോചനം കിട്ടും എന്നാണ് വിവക്ഷ. എന്നാൽ എല്ലാവർക്കും യെറുശലേം സന്ദർശി ക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ കത്തോലിക്കാ ദേവാലയങ്ങളിൽ തന്നെ ഗോഗുൽത്തായിലേക്കുള്ള വഴി ചിത്രീകരിക്കുന്ന പതിവ് ക്രമേണ ആവിർഭവിച്ചു. കുരിശിന്റെ വഴിയുടെ പതിനാല് സ്ഥാനങ്ങൾ ഒന്നുകിൽ പള്ളിക്കുള്ളിൽത്തന്നെയൊ അല്ലെങ്കിൽ പള്ളിയോട് ചേർന്നോ ചിത്രീ കരിച്ചിരിക്കുന്നു. ഓരോ സ്ഥലങ്ങളിലും പോയി നിന്ന് ധ്യാനിച്ച് പ്രാർത്ഥി

ക്കുന്നവർക്ക് പാപമോചനം ലഭിക്കും എന്നാണ് കത്തോലിക്കാ സഭയുടെ പ്രബോധനം.

ഓർത്തഡോക്സ് സഭകളിൽ ഒന്നുംതന്നെ ഈ പാരമ്പര്യം കാണുന്നില്ല. ക്രിസ്തുവിന്റെ പുനരുത്ഥാനത്തേക്കാൾ പീഡാനുഭവത്തിന് പ്രാധാന്യം നൽകുന്ന പതിവ് ഓർത്തഡോക്സ് പാരമ്പര്യത്തിലില്ല. മാത്രമല്ല, പീഡാനുഭവത്തേയും പുനരുത്ഥാനത്തേയും രണ്ടായി വേർതിരിച്ചു കാണുന്ന പതിവും ഓർത്തഡോക്സ് സഭകളിലില്ല. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനാണ് പീഡാനുഭവത്തേക്കാൾ ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ പ്രധാനം. ഇക്കാരണത്താലാണ് ഓർത്തഡോക്സ് സഭ ഉപയോഗിക്കുന്ന കുരിശിൽ, ക്രിസ്തുവിന്റെ ക്രൂശിതരൂപമോ ചിത്രമോ കാണാത്തത്. പാപത്തെയും പിശാചിനെയും മരണത്തെയും ജയിച്ച് പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ സൂചിപ്പിക്കുന്നതാണ് കുരിശ്. പുനരുത്ഥാനത്തിന്റെ പശ്ചാത്തലത്തിലല്ലാതെ പീഡാനുഭവത്തെ കാണാനാവില്ല. സഭയുടെ ഏറ്റവും വലിയ പെരുന്നാൾ പുനരുത്ഥാന പെരുന്നാളാണ്. ക്രൂശീകരണപ്പെരുന്നാളല്ല. ഓശാനയും പെസഹായും ക്രൂശീകരണവും പുനരുത്ഥാനത്തിലേക്ക് നയിക്കുന്ന സംഭവങ്ങളാണ്. ഇടക്കാലത്ത് റോമൻ കത്തോലിക്കാ സഭയിൽ ആവിർഭവിച്ച കുരിശിന്റെ വഴി ചരിത്രപരമായും വേദശാസ്ത്രപരമായും ഓർത്തഡോക്സ് സഭകൾക്ക് സ്വീകാര്യമല്ല എന്നു ചുരുക്കം.

**? വി. കുർബാനാനുഭവത്തിന് ശേഷം അന്നു തന്നെ കുമ്പിടാൻ പാടുണ്ടോ? മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കാമോ?**

☐ കുമ്പിടുന്നതും മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതും പ്രധാനമായും അനുതാപത്തിന്റെയും ആത്മതപനത്തിന്റെയും ഭാഗമാണ്. എന്നാൽ ആഹ്ലാദമാണ് വി. കുർബാനയുടെ അടിസ്ഥാനഭാവം. അതുകൊണ്ട് വി. കുർബാനാനുഭവത്തിന് ശേഷം കുമ്പിടുന്നതും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതും പൊതുആരാധനയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ഓർത്തഡോക്സ് പാരമ്പര്യത്തിൽ വി. കുർബ്ബാന അനുഭവിക്കുന്നതു തന്നെ നിന്നുകൊണ്ടാണ്. ഇത് പുരാതനകാലം മുതലുള്ള സഭയുടെ പാരമ്പര്യമാണ്. വി. കുർബ്ബാനാനുഭവത്തിനു ശേഷം മാത്രമല്ല വി. കുർബ്ബാനയുടെ അനുഷ്ഠാന സമയത്തും ആരാധക സമൂഹം കുമ്പിട്ടോ മുട്ടിന്മേൽ നിന്നോ പ്രാർത്ഥിക്കുന്ന രീതി ഓർത്തഡോക്സ് പാരമ്പര്യത്തിലില്ല. ഇതും മുൻപറഞ്ഞ കാരണംകൊണ്ട് തന്നെയാണ്.

എന്നാൽ അതേസമയം വി. കുർബ്ബാന അർപ്പിക്കുന്ന പുരോഹിതൻ വി. കുർബ്ബാനാനുഷ്ഠാനത്തോടനുബന്ധിച്ച് നാലു പ്രാവശ്യം മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നുണ്ട്. മൂന്നു പ്രാവശ്യം രഹസ്യമായും ഒരു പ്രാവശ്യം

പരസ്യമായും. ഒരുക്കശുശ്രൂഷയുടെ സന്ദർഭത്തിലും വി. കുർബാന അനുഭവത്തിന് തൊട്ടു മുമ്പും വി. കുർബാനയുടെ അന്ത്യത്തിലും പുരോഹിതൻ രഹസ്യമായി മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസ പ്രമാണം കഴിഞ്ഞ് വി. ത്രോണോസിന്റെ പദവിയിൽ നിന്നുകൊണ്ട് വി. കുർബ്ബാനയുടെ പ്രധാനഭാഗം ആരംഭിക്കുന്നതിന് മുമ്പ് പുരോഹിതൻ പരസ്യമായും മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. ജനത്തിന് മുഴുവനുംവേണ്ടി മദ്ധ്യസ്ഥത അണച്ചുകൊണ്ടും അതിനായി തന്നെ പ്രാപ്തനാക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുമാണ് പുരോഹിതൻ ഈ സമയം പ്രാർത്ഥിക്കുക. എന്നാൽ ഈ സന്ദർഭങ്ങളിലെല്ലാം ജനങ്ങൾ നിന്നുകൊണ്ടു തന്നെയാണ് പ്രാർത്ഥിക്കുന്നത്. ചുരുക്കത്തിൽ വി. കുർബാനയുടെ സന്ദർഭത്തിലും വി. കുർബാന അനുഭവിച്ചതിനുശേഷം അന്നും കുമ്പിടുന്നതും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതും പൊതു ആരാധനയിൽ വേണ്ടതില്ല എന്നാണ് സഭയുടെ നിയമം. എന്നാൽ ജനങ്ങളുടെ പ്രതിനിധിയായി ദൈവസന്നിധിയിൽ മുട്ടുകുത്തി മദ്ധ്യസ്ഥത അണയ്ക്കുന്നതിന് പുരോഹിതന് വിശേഷാൽ അധികാരവും നൽകിയിരിക്കുന്നു.

**? ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പെടുത്ത് ഉപവസിക്കുന്നതിന്റെ പ്രാധാന്യം എന്താണ്? ഈ ദിവസങ്ങളിൽ മത്സ്യമാംസാദികൾ രാവിലെ മുതൽ വർജ്ജിച്ചാൽ മതിയോ? അതോ തലേ ദിവസം സന്ധ്യ മുതൽ വേണമോ?**

☐ ബുധനാഴ്ച കർത്താവിനെ എങ്ങനെയും കൊല്ലുന്നതിന് യഹൂദന്മാർ ഗൂഢാലോചന നടത്തി. കർത്താവിന്റെ പീഡാനുഭവത്തിലേക്ക് നയിക്കുന്ന ഈ സംഭവങ്ങൾ നടന്ന ദിനമാണ് ബുധനാഴ്ച. വെള്ളിയാഴ്ചയാകട്ടെ നമ്മുടെ രക്ഷയ്ക്കായി കർത്താവ് ക്രൂശിന്മേൽ സ്വയം യാഗമായി അർപ്പിച്ചു. രണ്ടു ദിവസങ്ങളും കർത്താവിന്റെ പീഡാനുഭവത്തോടും ക്രൂശ് മരണത്തോടും ബന്ധപ്പെട്ട ദിനങ്ങളത്രെ. ഇക്കാരണത്താൽ ഈ ദിവസങ്ങളിൽ വ്രതാനുഷ്ഠാനങ്ങളോടെ നോമ്പ് നോറ്റ് ഉപവസിക്കുന്നത് ഉചിതമായി സഭ കാണുന്നു. പൗരസ്ത്യ സഭകൾ കർത്താവിന്റെ പീഡാനുഭവവും ക്രൂശാരോഹണവും പുനരുത്ഥാനത്തോട് ബന്ധിപ്പിച്ച് ചിന്തിക്കുന്നു. കർത്താവിന്റെ പുനരുത്ഥാന ദിനമായ ഞായറാഴ്ചയിൽ വി. കുർബാന അനുഷ്ഠിക്കുന്നതിനും അനുഭവിക്കുന്നതിനും വേണ്ടിയുള്ള ഒരുക്കമായാണ് ബുധനും വെള്ളിയും നോമ്പ് നോറ്റ് ഉപവസിക്കുന്നത്. നമുക്ക് പാതിരാ മുതൽ പാതിരാവരെയാണ് സാധാരണ ദിവസം. എന്നാൽ പൗരസ്ത്യ ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ ആരാധനാ ദിവസം അങ്ങനെയല്ല. സന്ധ്യ മുതൽ സന്ധ്യ വരെയാണത്. ഇക്കാരണത്താൽ നോമ്പും വ്രതനിഷ്ഠയും സന്ധ്യ മുതൽ സന്ധ്യ വരെയായിരിക്കണമെന്ന് സഭ നിർദ്ദേശിക്കുന്നു.

**? നമ്മുടെ വിവാഹ കൂദാശയിൽ കിരീടവാഴ്‌വിന്റെ ശുശ്രൂഷ നടത്തുന്നുണ്ടല്ലോ. മണവാട്ടി നെറ്റും മുടിയും ധരിച്ചു വരുന്നപക്ഷം അത് നീക്കാതെ കിരീടവാഴ്‌വ് നടത്താമോ?**

☐ പാടില്ല. നെറ്റും മുടിയും കൂടാതെ മണവാട്ടി വിവാഹകൂദാശയ്ക്കായി ഒരുങ്ങിവരേണ്ടതാണ്. അവ ധരിച്ചുവരുന്നപക്ഷം വിവാഹ കൂദാശയുടെ രണ്ടാം ഭാഗമായ കിരീടവാഴ്‌വിന്റെ ശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പ് അവ നീക്കം ചെയ്തിരിക്കണം.

മണവാട്ടിമാർ നെറ്റും മുടിയും അണിയുന്ന രീതി പാശ്ചാത്യ സംസ്കാരത്തിൽ നിന്നു വന്നിട്ടുള്ളതാണ്. നമ്മുടെ നാട്ടിൽ പാശ്ചാത്യസഭാപാരമ്പര്യങ്ങളിൽപ്പെട്ട സഭകൾ ഈ രീതി അനുവർത്തിക്കുന്നു. എന്നാൽ പൗരസ്ത്യ പാരമ്പര്യത്തിൽ നിലനിൽക്കുന്ന ഓർത്തഡോക്സ് സഭയിൽ നടക്കുന്ന വിവാഹ കൂദാശയ്ക്ക് മണവാട്ടി അതിന് ചേരുന്നവിധത്തിൽ ഒരുങ്ങിവരണം.

പുരോഹിതൻ ഇരുകൈകളും മണവാളന്റെയും മണവാട്ടിയുടെയും തലയിൽ വെച്ച് അനുഗ്രഹിച്ച് വലതുകൈയിൽ മാലയെടുത്ത് ഉയർത്തി മൂന്നു പ്രാവശ്യം ആവസിപ്പിച്ച് മാല അണിയിക്കുന്നു. ഇതിന് തടസ്സമുണ്ടാക്കുന്നതാണ് നെറ്റും മുടിയും. ഇക്കാരണത്താൽ തന്നെയാണ് വിവാഹ ശുശ്രൂഷയുടെ രണ്ടാം ഭാഗമാകുമ്പോൾ മണവാട്ടി ശിരസ്സു മറയ്ക്കാതെ നിൽക്കുന്നതും.

ഇതരസഭകളിലെ രീതികൾ അന്ധമായി അനുകരിക്കാൻ പാടുള്ളതല്ല.

**? ആരാധനാ സമയത്ത് സ്ത്രീകൾ ശിരസ്സു മൂടുന്നതെന്തിന്?**

☐ വേദപുസ്തക പാരമ്പര്യത്തിൽ അന്തസ്സും ആഭിജാത്യവും ശിക്ഷണവുമുള്ള സ്ത്രീകൾ ശിരസ്സും ശരീരവും മറിച്ച് വസ്ത്രധാരണം ചെയ്യുന്നു. ആരാധനയ്ക്ക് മാത്രമല്ല പൊതുജീവിതത്തിലും ഇതായിരുന്നു രീതി. ശിരസ്സു മൂടി നിൽക്കുന്നത് സ്ത്രീകൾക്ക് മാനവും ശിരസ്സു മൂടാതെ നിൽക്കുന്നത് പുരുഷന്മാർക്ക് മാനവും എന്ന് പൗലോസ് അപ്പോസ്തോലൻ പറയുന്നുണ്ടല്ലോ (1 കോരി. 11:1-16). ആരാധനാ സന്ദർഭത്തിലാണ് വി. പൗലോസ് ഈ നിർദ്ദേശം നൽകുന്നത്. ഇതിന് ഒരു പശ്ചാത്തലം ഉണ്ടായി. കൊരിന്തു പട്ടണത്തിൽ ക്ഷേത്രങ്ങളിൽ ദേവീ ദേവ പ്രസാദത്തിനായി സ്ത്രീകൾ അഴിഞ്ഞാടി നൃത്തം ചെയ്തിരുന്നു. ഇതിൽ നിന്ന് വ്യത്യസ്തമായ ഒരു ക്രിസ്തീയ സംസ്കാരം വി. പൗലോസ് നിർദ്ദേശിക്കുന്നു. തല മൂടി വസ്ത്രത്തുമ്പ് മുമ്പോട്ടിട്ട് ശരീരം മറച്ചുനിന്നു പ്രാർത്ഥിക്കുന്നതാണ് സ്ത്രീകൾക്ക് ഉചിതവും മാനവും. സ്ത്രീകളെ തരം

താഴ്ത്താനല്ല പൗലോസ് അപ്പോസ്തോലൻ ഇത് പറയുന്നത്. അവരുടെ മാന്യത നിലനിർത്താനാണ്. ആരാധന സന്ദർഭത്തിൽ പ്രത്യേകിച്ചും ഈ രീതി അനുവർത്തിക്കണമെന്ന് സഭ നിർദ്ദേശിക്കുന്നതിൽ ഒരു പ്രായോഗികബുദ്ധിയും ഉണ്ടെന്നുള്ളതിന് സംശയമില്ല.

**? സ്ത്രീകൾ ആരാധനാ സന്ദർഭത്തിൽ ശിരസ്സ് മറച്ച് നിൽക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുമ്പോൾ 'ശിരസ്സ് മൂടി നിൽക്കുന്നത് സ്ത്രീകൾക്ക് മാനവും ശിരസ്സ് മൂടാതെ നിൽക്കുന്നത് പുരുഷന്മാർക്ക് മാനവും' എന്ന പൗലോസ് അപ്പോസ്തോലന്റെ പ്രബോധനം അച്ചൻ ഉദ്ധരിക്കുകയുണ്ടായല്ലോ. ഇത് വായിച്ച് ചില കത്തോലിക്കാ സഭാംഗങ്ങൾ ഇങ്ങനെ ചോദിക്കുന്നു: ഓർത്തഡോക്സ് സഭയിലെ വൈദികർ തൊപ്പി ധരിക്കുന്നത് പരുഷന്മാർ ശിരസ് മൂടുന്നതുപോലെയുള്ള മാനക്കേടല്ലേ ഉണ്ടാക്കുന്നത്.**

☐ ആരാധനാസന്ദർഭത്തിൽ സ്ത്രീകൾ ശിരസ്സ് മൂടുന്നതും പുരോഹിതന്മാർ തൊപ്പി ധരിക്കുന്നതും ഒരേ ഉദ്ദേശ്യത്തിലല്ല. രണ്ടിനും രണ്ട് അടിസ്ഥാനങ്ങളാണുള്ളത്. ആരാധനാസമയം പുരോഹിതർ തൊപ്പി ധരിക്കുന്ന രീതി യഹൂദപാരമ്പര്യത്തിൽ നിന്നും ക്രിസ്തീയ സഭയിലേക്ക് കടന്നുവന്നതാണ്. യഹൂദൻ പ്രത്യേകിച്ചും യഹൂദപുരോഹിതൻ പ്രാർത്ഥിക്കുമ്പോൾ തലയിൽ തൊപ്പി ധരിക്കുന്നു. കത്തോലിക്കാസഭയിലും ഈ പാരമ്പര്യമുണ്ട്. പ്രത്യേകിച്ചും മാർപാപ്പായും മെത്രാന്മാരും വി. കുർബാന അനുഷ്ഠിക്കുമ്പോൾ ചെറിയ തൊപ്പി ധരിക്കുന്നു. അടുത്ത കാലത്തായി കത്തോലിക്കാ മെത്രാന്മാർ ഈ പതിവ് ഇന്നും നിലനിർത്തുന്നതായി കാണാം. പ്രത്യേക സന്ദർഭങ്ങളിൽ വലിയ മുതലവായൻ തൊപ്പി ധരിച്ച് കത്തോലിക്കാ സഭയിലെ മെത്രാന്മാരും മാർപാപ്പായും വി. കുർബാന അനുഷ്ഠിക്കുന്നതായി കാണുന്നു. ഇക്കാര്യത്തിൽ തൊപ്പിയുടെ ആകൃതിയിലുള്ള വ്യത്യാസമേ ഇരുസഭകളും തമ്മിലുള്ളു.

മധ്യപൂർവ്വ ഏഷ്യയിലെ പ്രധാന മതങ്ങളിലെല്ലാം പുരുഷന്മാർ പ്രാർത്ഥിക്കുമ്പോൾ തൊപ്പി ധരിക്കുന്നതായി കാണുന്നു. മുകളിൽ സർവ്വാധികാരിയായി ഒരു ദൈവമുണ്ടെന്നും ആ അധികാരത്തിൻകീഴിൽ നിൽക്കുന്ന ആളാണ് താനെന്നും ഓർമ്മിപ്പിക്കുന്നതിനാണ് ഇവർ തൊപ്പി ധരിക്കുന്നത്. മദ്ധ്യപൂർവ്വ ഏഷ്യയിൽ ആവിർഭവിച്ച് യഹൂദ, ക്രിസ്തീയ, ഇസ്ലാം മതപാരമ്പര്യങ്ങളിൽ പൊതുവെ ഈ ആചാരം കണ്ടുവരുന്നു.

**? കർത്താവിനുണ്ടായ പരീക്ഷകൾ (മത്തായി 4:1-11, മർക്കോസ് 1:12-13, ലൂക്കോസ് 4:1-13) സംഭവിച്ചതോ അതോ സങ്കല്പ കഥയോ?**

☐ സംഭവിച്ചത് തന്നെയാണ്. എന്നാൽ, പല ആധുനിക വേദപണ്ഡിതന്മാരും പ്രത്യേകിച്ച് പാശ്ചാത്യ പണ്ഡിതന്മാർ ഇത് അംഗീകരിക്കുന്നില്ല.

കെട്ടുകഥയായി കരുതുന്നു. ഇതിന് അവർ ചൂണ്ടിക്കാണിക്കുന്ന കാരണം പിശാച് നേരിട്ട് ഒരു മനുഷ്യനെപ്പോലെ കർത്താവിനോട് സംസാരിക്കുന്നതായി പറഞ്ഞിരിക്കുന്നു എന്നതാണ്. ഒന്നാമത്തെ പരീക്ഷ കഴിഞ്ഞ ഉടനെ രണ്ടാമത്തെ പരീക്ഷയ്ക്കായി “പിശാച് അവനെ വിശുദ്ധ ദേവാലയത്തിന്റെ അഗ്രത്തിൽ നിർത്തി” എന്നും അതിനുശേഷം മൂന്നാമത്തെ പരീക്ഷയ്ക്കായി “പിശാച് അവനെ ഏറ്റം ഉയർന്നൊരു മലയിൽ കൂട്ടിക്കൊണ്ടു പോയി ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു” എന്നിങ്ങനെയുള്ള പ്രസ്താവനകളാണ് വേദപുസ്തകത്തിൽ കാണുന്നത്. ഇവ സാധാരണ മനുഷ്യരുടെ യുക്തിബോധത്തിനു നിരക്കുന്നവയോ അനുഭവങ്ങളിൽ വരുന്നവയോ അല്ല. അതുകൊണ്ട് അവിശ്വസനീയമായി തോന്നാം. ആദ്ധ്യാത്മികതയുടെ ഉയർന്നപടികളിലേക്ക് കയറിച്ചെല്ലുന്നവർക്കുണ്ടാവുന്ന അനുഭവങ്ങളാകുന്നു ഇവ. ഇതിന് വേണ്ടത്ര ഉദാഹരണങ്ങൾ പൗരസ്ത്യ ക്രിസ്തീയ പിതാക്കന്മാരുടെ ജീവിതത്തിൽ കാണാൻ കഴിയും. ഉദാഹരണമായി സന്യാസ പിതാവായ മഹാനായ അന്തോണിയോസിന്റെ (എ.ഡി. 251–356) ജീവിതത്തിൽ ഇതിനു സമാനമായ സംഭവങ്ങൾ കാണുന്നുണ്ട്. അന്തോണിയോസിന്റെ ജീവിതത്തിലെ ആദ്ധ്യാത്മികമായ വളർച്ചയുടെ ഒരു ഘട്ടത്തിൽ പിശാചുക്കൾ അദ്ദേഹത്തെ അക്ഷരാർത്ഥത്തിൽ തന്നെ ശാരീരികമായി പീഡിപ്പിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത് കെട്ടുകഥയല്ല. ചരിത്ര സത്യം തന്നെയാണ്. അന്തോണിയോസിന്റെ ജീവചരിത്രമെഴുതിയ മഹാനായ അത്താനാസ്യോസ് തന്നെയാണ് ഈ സംഭവവും രേഖപ്പെടുത്തിയിരിക്കുന്നത്.

മനുഷ്യന്റെ സാമാന്യബോധത്തിനും അനുഭവത്തിനും അപ്പുറമുള്ളതെല്ലാം അസത്യമാണെന്നും അന്ധവിശ്വാസമാണെന്നും കരുതുന്ന പ്രവണത 18-ാം നൂറ്റാണ്ടു മുതൽ പ്രബുദ്ധത (Enlightenment) എന്ന പേരിൽ യൂറോപ്പിൽ ആവിർഭവിച്ചതാണ്. ഇന്നും പാശ്ചാത്യ പണ്ഡിതന്മാർ ഈ സ്വാധീനത്തിൽ നിന്നു വിമുക്തരല്ല. അവർ പറയുന്നതെന്തും അപ്പാടെ സ്വീകരിക്കുന്നവരാണ് കർത്താവിന്റെ പരീക്ഷ പോലുള്ള സംഭവങ്ങൾ ചരിത്ര സത്യങ്ങളല്ലെന്ന് നിഷേധിക്കുന്നത്. പൗരസ്ത്യ മതങ്ങളുടെയും പൗരസ്ത്യ ക്രിസ്തീയ പൈതൃകത്തിന്റെയും പശ്ചാത്തലത്തിൽ വേദപുസ്തകത്തെ വായിക്കാനും വ്യാഖ്യാനിക്കാനും കഴിയുമെങ്കിൽ ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ വിഷമമുണ്ടാകില്ല.

**? ദൈവത്തിന് രൂപമുണ്ടോ? ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ഉല്പത്തി പുസ്തകത്തിൽ കാണുന്നുണ്ടല്ലോ? ദൈവത്തിന് രൂപമുണ്ടെന്നല്ലേ ഇതിനർത്ഥം**

☐ ഈ ചോദ്യത്തിന് രണ്ടുത്തരവും നല്കാം. ദൈവത്തിന് രൂപമില്ലെന്നും ഉണ്ടെന്നും. ദൈവം മനുഷ്യന് സരൂപിയായി പ്രത്യക്ഷപ്പെടുന്നതിന് വേണ്ടുവോളം ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ തന്നെയുണ്ട്. മെമ്രേയുടെ തോപ്പിൽ വച്ച് അബ്രഹാമിന് ദൈവം മൂന്നു പുരുഷന്മാരുടെ രൂപത്തിൽ പ്രത്യക്ഷമായി (ഉല്പ. 18). യാക്കോബ് പെനിയേലിൽവച്ച് ദൈവത്തെ പുരുഷരൂപത്തിൽ മുഖാമുഖം കണ്ടു (ഉല്പ. 32:24-30). "ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശയോട് അഭിമുഖമായി സംസാരിച്ചു" (പുറ. 33:11). ഇങ്ങനെ നിരവധി വേദഭാഗങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. എന്നാൽ, അതേസമയം തന്നെ ദൈവം മനുഷ്യ സങ്കല്പങ്ങൾക്കും ഇന്ദ്രിയങ്ങൾക്കും അതീതനാണെന്നു കാണിക്കുന്ന വേദഭാഗങ്ങളുമുണ്ട്. പുറ. 24:10-ൽ 'അവർ ഇസ്രായേലിന്റെ ദൈവത്തെ കണ്ടു' എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ കണ്ടതാകട്ടെ ദൈവരൂപമല്ല ദൈവസാന്നിദ്ധ്യത്തെ വലയം ചെയ്തു നിൽക്കുന്ന അഭൗമ തേജസ്സായിരുന്നു. പുറ. 33:18-ൽ മോശ ദൈവത്തോട് നിന്റെ തേജസ്സ് എനിക്ക് കാണിച്ചുതരേണം എന്ന് അപേക്ഷിക്കുന്നു. മോശയെ ഒരു പിളർപ്പിലാക്കി ദൈവതേജസ്സ് കടന്നുപോകുവോളം ദൈവം തന്റെ കൈ കൊണ്ട് അവനെ മറച്ചു. കൈ നീക്കുമ്പോൾ കടന്നുപോയ ദൈവതേജസ്സിന്റെ ശോഭ പിന്നിൽ നിന്നു കാണാനേ മോശയ്ക്ക് കഴിഞ്ഞുള്ളു. "എന്റെ മുഖമോ കാണാവതല്ല" എന്ന് യഹോവയുടെ അരുളപ്പാടും (പുറ. 33:3) കാണാൻ കഴിയും. പുറ. 33-ൽ തന്നെ 11-ാം വാക്യവും 23-ാം വാക്യവും പൂർവ്വാപര വിരുദ്ധമായി രേഖപ്പെടുത്തുന്നതിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന സത്യം ദൈവം ഒരേസമയം അരൂപിയും സരൂപിയും ആണെന്നതത്രെ.

ഇതെങ്ങനെ വിശദീകരിക്കുവാൻ കഴിയും? പിതാക്കന്മാരുടെ പ്രബോധനം ഇങ്ങനെയാണ്. ദൈവം തന്റെ ഉണ്മയിൽ അരൂപിയാണ്. ലോകാതീത പ്രകൃതിയാണ്. ഇന്ദ്രിയങ്ങൾക്ക് അഗോചരനാണ്. ഇന്ദ്രിയ വിധേയമായി വരുന്ന രൂപമായി മാത്രം ദൈവത്തെ സങ്കല്പിക്കുന്നെങ്കിൽ ആ ദൈവം മനുഷ്യ സൃഷ്ടിയാകുന്നു; വിഗ്രഹമായി തീരുന്നു. ദൈവം ഒന്നിന്റെയും സൃഷ്ടിയല്ല. എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. പിന്നെങ്ങനെ ദൈവം സരൂപിയായി തീരും.

ദൈവം സരൂപിയായി കാണപ്പെടുന്ന മൂന്നു തലങ്ങൾ വേദപുസ്തകത്തിലുണ്ട്. ഒന്ന്: ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. കാണപ്പെടാവതല്ലാത്ത ദൈവത്തിന്റെ കാണപ്പെടുന്ന രൂപമാണ് മനുഷ്യൻ. എന്നാൽ, മനുഷ്യൻ ദൈവമല്ല, സൃഷ്ടി മാത്രമാണ്. ദൈവം സ്രഷ്ടാവും. ദൈവം സരൂപിയായി തീരുന്ന രണ്ടാമത്തെ തലം മുമ്പ് സൂചിപ്പിച്ചിട്ടുള്ളപ്രകാരം ദൈവദൂതന്മാരുടെയും മനുഷ്യരുടെയും രൂപ

ത്തിൽ മനുഷ്യരക്ഷയ്ക്കുവേണ്ടി ലോകത്തിൽ പ്രത്യക്ഷപ്പെടുന്ന സംഭ വങ്ങളാണ്. ദൈവം സരൂപിയായി കാണുന്ന മൂന്നാമത്തെ തലം പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരമാണ്. "വചനം ജഢമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ. 1:14). അപരിമിതനും അപരിമേയനുമായ ദൈവം എങ്ങനെ ഇന്ദ്രി യങ്ങൾക്ക് വിധേയനായി കാണപ്പെടും? എങ്ങനെ മനുഷ്യനായി തീരും? ദൈവം മനുഷ്യരോട് ഇടപെടുമ്പോൾ മനുഷ്യസ്നേഹത്തെപ്രതി സ്വീക രിക്കുന്ന ഒരു പ്രത്യേക വ്യവസ്ഥയാണ്, നിയമമാണ് ഇത് എന്ന് പിതാ ക്കന്മാർ വിശദീകരിക്കുന്നു. 'വീട്ടുനിയമം' എന്ന് വാച്യാർത്ഥം വരുന്ന Oikonomia എന്ന ഗ്രീക്കുപദമാണ് (മ്ദബ്റോനൂതോ എന്നാണ് സുറിയാനി പദം) ഈ കാര്യത്തെ വിശദീകരിക്കുവാനായി സഭാപിതാക്കന്മാർ ഉപ യോഗിക്കുന്നത്. മനുഷ്യപരിമിതികൾക്ക് അതീതനായ ദൈവം, മനുഷ്യ സ്നേഹത്തെപ്രതി ലോകത്തിൽ ഇടപെടുന്നതിന് സ്വീകരിക്കുന്ന പ്രത്യേക വ്യവസ്ഥയാണ് Oikonomia. ഇങ്ങനെ വിശാലമായ പശ്ചാത്ത ലത്തിൽ നിന്നുകൊണ്ടു മാത്രമേ ദൈവം ഒരേസമയം അരൂപിയും സരൂ പിയുമാണെന്ന വൈരുദ്ധ്യാത്മക സത്യം മനസ്സിലാക്കുവാൻ കഴിയൂ.

**? നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് നിങ്ങൾക്ക് നൽകും. അല്ലാതെ, മാതാവിന്റെ നാമത്തിൽ അപേക്ഷിക്കുവാൻ എങ്ങും പറയുന്നില്ല. മദ്ധ്യസ്ഥപ്രാർത്ഥന ശരിയോ?**

☐ ഈ ചോദ്യത്തിന്റെ ഏറ്റവും ഒടുവിലത്തെ പാദത്തിൽ നിന്നു തുടങ്ങാം. മദ്ധ്യസ്ഥ പ്രാർത്ഥന ശരിയോ? നാം അന്യോന്യം പ്രാർത്ഥി ക്കുന്നുണ്ടല്ലോ. അതിന് മദ്ധ്യസ്ഥപ്രാർത്ഥന എന്നല്ലേ പറയുക. അപ്പോൾ മദ്ധ്യസ്ഥ പ്രാർത്ഥന ശരി തന്നെ. എന്നു മാത്രമല്ല ക്രിസ്തീയജീവിത ത്തിലെ ഒഴിച്ചുകൂടാനാവാത്ത ധർമ്മവും കൂടിയാണ് എന്ന് നമുക്കെല്ലാ വർക്കും അറിയാം.

ഈ ചോദ്യത്തിന് പിമ്പിലെ അടിസ്ഥാനപരമായ പ്രശ്നം മറ്റൊ ന്നാണ്. നിദ്ര പ്രാപിച്ച പരിശുദ്ധന്മാർക്ക് മദ്ധ്യസ്ഥത അർപ്പിക്കുവാൻ കഴിയുമോ? കഴിയും. ഇതിന് വേദാടിസ്ഥാനമുണ്ടോ? ഉണ്ട്. വെളി. 5:8-ൽ ദൈവസന്നിധിയിൽ നിന്നു പ്രാർത്ഥിക്കുന്ന 24 മൂപ്പന്മാരെക്കുറിച്ച് പറ യുന്നുണ്ടല്ലോ. 'ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന യെന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ട് കുഞ്ഞാ ടിന്റെ മുമ്പാകെ വീണു.' "പഴയനിയമസഭയെ പ്രതിനിധീകരിച്ച് 12 ഉം പുതിയനിയമസഭയെ പ്രതിനിധീകരിച്ച് 12 ഉം ഇങ്ങിനെ 24 മൂപ്പന്മാർ."

ഇവർ ദൈവസന്നിധിയിൽ നിന്ന് ആരാധിക്കുന്ന സഭയുടെ സമ്പൂർണ്ണ തയെക്കുറിക്കുന്നു. ധൂപകലശം പുരോഹിത ശുശ്രൂഷയുടെ ചിഹ്നമാണ്. പുരോഹിതന്റെ മുഖ്യ ദൗത്യം മദ്ധ്യസ്ഥതയാണല്ലോ. സഭ ദൈവസന്നി ധിയിൽ നിന്ന് സർവ്വ ലോകത്തിന്റെയും പ്രതിനിധിയായി മദ്ധ്യസ്ഥതയ ണച്ച് ആരാധിക്കുന്നു. വെളിപാടു പുസ്തകത്തിൽ കാണുന്ന സഭ ലോക ത്തിൽ ജീവിച്ചിരിക്കുന്ന പരിശുദ്ധരുടെ സംഘമോ അതോ നിദ്ര പ്രാപിച്ച പരിശുദ്ധരുടെ സംഘമോ? രണ്ടും ചേർന്നതാണ്. വെളി. 5:13-ൽ ഇങ്ങനെ കാണുന്നു. 'സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലു മുള്ള സകല സൃഷ്ടിയും അവയിലുള്ളതൊക്കെയും.' ഈ ബൃഹത് സമൂഹത്തിൽ നിദ്ര പ്രാപിച്ച് കർത്തൃസന്നിധിയിലേക്ക് കടന്നുവരു ന്നവരും ഉൾപ്പെടുന്നുണ്ടെന്ന് വെളി. 7:9-17-ൽ കാണാം. വെള്ള നില യങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി ദൈവസിംഹാസനത്തിനും കുഞ്ഞാടായ ക്രിസ്തുവിനും മുമ്പാകെ അവർ നിൽക്കുന്നു. പീഡന ത്തിലൂടെ കടന്ന് പോരാട്ടം തികച്ചവരാണവർ. 'കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നവർ' (7:14). ഈ വിശുദ്ധ സംഘത്തിന്റെ അഗ്രിമസ്ഥാനത്ത് കർത്താവിനെ പെറ്റ അമ്മയുമുണ്ട്. അമ്മ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നാം അമ്മയ്ക്കു വേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്. വി. കുർബാന തക്സായിൽ ഒരുക്ക ശുശ്രൂഷയുടെ ഒരു ഭാഗത്ത് പുരോഹിതൻ ധൂപമർപ്പിച്ച് ദൈവജനനിയായ വി. മറിയാ മിനു വേണ്ടിയും പ്രാർത്ഥിക്കുന്നു. ക്രിസ്തു നമുക്കുവേണ്ടി മദ്ധ്യസ്ഥ തയണയ്ക്കുന്നതോടൊപ്പം നാം അന്യോന്യം മദ്ധ്യസ്ഥതയണച്ച് പ്രാർ ത്ഥിക്കുന്നു ഇഹത്തിലും പരത്തിലും.

നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും (യോഹ. 14:14). പരിശുദ്ധ മാതാവ് ഉൾപ്പെടെ സർവ്വരും കർത്താവിന്റെ നാമത്തിലത്രേ അപേക്ഷിക്കുന്നത്. ഏക മദ്ധ്യ സ്ഥനായ ക്രിസ്തുവിന്റെ നാമം അടിസ്ഥാനമാക്കിയത്രേ മാതാവും പരി ശുദ്ധന്മാരും അടങ്ങുന്ന ലോകംവിട്ടവരും ലോകത്തിലുള്ളവരുമായ സർവ്വ സഭയും പരസ്പരം മദ്ധ്യസ്ഥത അർപ്പിക്കുന്നത്.

വിശ്വാസം അനുഭവത്തിലൂടെയേ ഉറയ്ക്കൂ. അനുഭവം നിഷ്ഠയോടും ശ്രദ്ധയോടും കൂടിയ അനുഷ്ഠാനത്തിലൂടെയേ ലഭിയ്ക്കൂ. അനുഷ്ഠാ നത്തിലൂടെ വിശ്വാസവും അനുഭവവും ആഴമായി വരുന്നവർക്ക് മുൻ പറഞ്ഞവ ഏറെ തെളിവായി വരും. തീർച്ച. മറ്റുള്ളവർക്ക് ഇവ എന്നും പൊരുൾ തിരിച്ചറിയാനാവാത്ത കടംകഥയായി അവശേഷിക്കുന്നു.

**? പള്ളിയകത്ത് ആരാധനാ സമയം വടക്കുഭാഗത്തു പുരുഷ ന്മാരും തെക്കുഭാഗത്തു സ്ത്രീകളും നിൽക്കുന്നതിന്റെ അടിസ്ഥാന മെന്ത്?**

☐ യഥാർത്ഥത്തിൽ, വടക്കും തെക്കും എന്നല്ല, പുരുഷന്മാരുടെ വലത്തു ഭാഗത്ത് സ്ത്രീകൾക്ക് സ്ഥാനം നൽകിയിരിക്കുന്നു എന്നതാണ് ക്രമം. ആരാധന കിഴക്കോട്ട് തിരിഞ്ഞ് ആകയാൽ പുരുഷന്മാർ വടക്കും സ്ത്രീകൾ തെക്കുമായി വരുന്നു എന്നു മാത്രം. വേദപുസ്തക പാരമ്പ ര്യത്തിൽ വലതു ഭാഗം നന്മയുടെയും ഐശ്വര്യത്തിന്റെയും മഹിമയു ടെയും സ്ഥാനമാണ്. ഇത് സ്ത്രീകൾക്ക് നൽകിയിരിക്കുന്നു. ക്രിസ്തീയ സഭയും സമൂഹവും സ്ത്രീകൾക്ക് നൽകുന്ന ബഹുമാനമാണ് ഇത് സൂചിപ്പിക്കുന്നത്. 45-ാം സങ്കീർത്തനത്തിൽ "ദൈവമേ നിന്റെ സിംഹാ സനം എന്നുംഎന്നേക്കുമുള്ളതാകുന്നു.... നിന്റെ വലത്തുഭാഗത്ത് രാജ്ഞി ഓഫീർ തങ്കമണിഞ്ഞു നിൽക്കുന്നു" എന്നു കാണുന്നുണ്ടല്ലോ (45:6, 9). പുരുഷന്റെ വലത്തുഭാഗത്ത് സ്ത്രീ നിൽക്കുകയോ ഇരിക്കു കയോ ചെയ്യുന്ന വേദപുസ്തക പാരമ്പര്യമാണ് ഈ വാക്യങ്ങളിലൂടെ കാണാനാവുക. ഈ കാരണത്താലാണ് വിവാഹസന്ദർഭത്തിൽ വധു വിന് വരന്റെ വലത്തുഭാഗത്ത് സ്ഥാനം നൽകിയിരിക്കുന്നത്. ഹൈന്ദവ പാരമ്പര്യത്തിൽ ഭാര്യ, ഭർത്താവിന്റെ വാമഭാഗമാണ് (ഇടതു ഭാഗമാണ്). ഇക്കാരണത്താൽ ഹൈന്ദവ വിവാഹകർമ്മ സന്ദർഭം വധു, വരന്റെ ഇട ത്തുഭാഗത്തു നിലകൊള്ളുന്നു. ക്രിസ്തീയ പാരമ്പര്യത്തിൽ പുരുഷന്റെ വലതു ഭാഗത്താണു സ്ത്രീയുടെ നില. സഭയിലും സമൂഹത്തിലും സ്ത്രീകൾക്ക് നൽകുന്ന മാന്യതയാണ് ഇത് സൂചിപ്പിക്കുന്നത്.

**? ഓർത്തഡോക്സേതര സഭകളുടെ ദേശകുറി/വിവാഹകുറി നമ്മുടെ സഭ സ്വീകരിക്കുമോ?**

☐ കത്തോലിക്കാ, മാർത്തോമ്മാ, സി.എസ്സ്.ഐ. എന്നീ സഭകളിൽ നിന്നും കൊണ്ടുവരുന്ന വിവാഹകുറി സ്വീകരിക്കാം. എന്നാൽ ദേശകുറി യുടെ ആവശ്യമില്ല. നമ്മുടെ സഭയുടെ നിയമമനുസരിച്ച് വധുവും വരനും ഒരേ സഭയിൽ തന്നെയുള്ളവരോ വിശുദ്ധ കുർബാനയിൽ സംബന്ധ മുള്ള സഭകളിൽ നിന്നുള്ളവരോ ആകുമ്പോൾ നൽകുന്നതാണ് ദേശ കുറി. നമ്മുടെ സഭയുമായി വിശുദ്ധ കുർബാനയിൽ സംബന്ധമുള്ള സഭകൾ അന്തോഖ്യാ, ഈജിപ്ത്, അർമീനിയ, എത്യോപ്യ എന്നീ ദേശ ങ്ങളിലുള്ള പുരാതന ഓർത്തഡോക്സ് സഭകളാണ്. കത്തോലിക്കാ, മാർത്തോമ്മാ, സി.എസ്സ്.ഐ. എന്നീ സഭകളുമായി നമ്മുടെ സഭയ്ക്ക് വിശുദ്ധ കുർബാനയിൽ സംബന്ധമില്ല. ഈ സഭകളിൽ നിന്നു വരുന്ന വധു/വരൻ ഏത് സഭാംഗമാണെന്നും വിവാഹത്തിന് തടസ്സമില്ലെന്നും രേഖപ്പെടുത്തുന്ന സാക്ഷിപത്രം (വിവാഹകുറി) ഹാജരാക്കിയാൽ മതി യാകും. എന്നാൽ ദേശകുറിയാണ് ഹാജരാക്കുന്നതെങ്കിൽ മുൻപറഞ്ഞ സാക്ഷിപത്രത്തിന്റെ സ്ഥാനത്ത് അത് സ്വീകരിക്കുന്നു. വിവാഹകുറിയും ദേശകുറിയും ഇല്ലെങ്കിൽ മുദ്രപ്പത്രത്തിൽ എഴുതി ഒപ്പു വെച്ച ശേഷം

വിവാഹശുശ്രൂഷ നടത്തിക്കൊടുക്കയാണ് പതിവ്. ഓർത്തഡോക്സേതര സഭയിൽ നിന്നു വരുന്ന വധുവിനെ/വരനെ നമ്മുടെ സഭാംഗമായി സ്വീകരിക്കുന്നതിനുള്ള നടപടിക്രമവും വിവാഹശുശ്രൂഷയ്ക്കു മുമ്പ് തന്നെ പൂർത്തീകരിച്ചിരിക്കണം എന്ന് എടുത്തുപറയേണ്ടതില്ലല്ലോ.

**? പള്ളിപ്പെരുന്നാളുകളോടനുബന്ധിച്ചും മറ്റും റാസാ നടത്തുമ്പോൾ കുരിശടികളിൽ ധൂപപ്രാർത്ഥന നടത്തുന്നുണ്ടല്ലോ. രൂപങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ള കത്തോലിക്കാ കുരിശടികളിൽ റാസാമദ്ധ്യേ നമ്മുടെ പുരോഹിതന്മാർ ധൂപാർപ്പണം നടത്തുന്നത് ശരിയോ?**

☐ ഉത്തരം നൽകുന്നതിന് മുമ്പ് ചോദ്യത്തിൽ തന്നെ കാണുന്ന ഒരു തെറ്റ് തിരുത്തട്ടെ. റാസാ എന്ന സുറിയാനി (കിഴക്കൻ സുറിയാനി രൂപം - നാമിപ്പോൾ ഉപയോഗിക്കുന്ന പടിഞ്ഞാറൻ - അന്തോഖ്യൻ - സുറിയാനിയിൽ റോസോ എന്നും) പദത്തിന്റെ അർത്ഥം 'രഹസ്യം' (Mystery) എന്നാണ്. വിശുദ്ധ കൂദാശകൾക്ക് പൊതുവെയും വിശുദ്ധ കുർബാനയ്ക്ക് പ്രത്യേകിച്ചും പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ഈ വാക്കുപയോഗിക്കുന്നു. കത്തോലിക്കാ സഭയിൽ പള്ളിപ്പെരുന്നാളുകളോടനുബന്ധിച്ച് വിശുദ്ധ കുർബാന (റാസാ - റോസോ) എഴുന്നള്ളിച്ചുകൊണ്ടാണ് പ്രദക്ഷിണം നടത്തുക. അതുകൊണ്ട് ആ സഭയിൽ പെരുന്നാൾ പ്രദക്ഷിണത്തിന് റാസാ എന്നു പേരായി. ഈ സ്വാധീനത്തിൽ നിന്ന് നമ്മുടെ സഭയിലും പെരുന്നാൾ പ്രദക്ഷിണത്തെ റാസാ എന്നു വിളിക്കാനിടയായി. എന്നാൽ നമ്മുടെ സഭയിൽ പ്രദക്ഷിണത്തിനോ മറ്റു സന്ദർഭങ്ങളിലോ വിശുദ്ധ കുർബാന എഴുന്നള്ളിക്കുന്ന പതിവില്ല. അതുകൊണ്ട് നമ്മുടെ സഭയിലെ പെരുന്നാൾ പ്രദക്ഷിണത്തെ റാസാ എന്നു വിളിക്കുന്നത് അസ്ഥാനത്താണ്.

ഓർത്തഡോക്സ് സഭയുടേതല്ലാത്ത കുരിശടികളിൽ നമ്മുടെ സഭയുടെ പുരോഹിതന്മാർ ധൂപപ്രാർത്ഥന നടത്തേണ്ടതില്ല. രൂപങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ടെന്നുള്ളത് കൊണ്ടു മാത്രമല്ല, അല്ലെങ്കിലുമാവശ്യമില്ല. സഭയുടെ ശിക്ഷണക്രമം അതായിരിക്കണം. ഓർത്തഡോക്സ് പാരമ്പര്യത്തിൽ നാലു തലങ്ങൾ (Four dimensions) ഉള്ള രൂപങ്ങൾ ഒഴിവാക്കിയിരിക്കുന്നു. ചിത്രങ്ങളോ മൂന്നു തലങ്ങളുള്ള ഐക്കണുകളോ ഉപയോഗിക്കാൻ അനുവാദമുണ്ട്. ഇതര മതങ്ങളിൽ കാണുന്ന വിഗ്രഹാരാധനയിൽ നിന്ന് ക്രിസ്തീയാരാധന വേർതിരിച്ചു കാണിക്കാൻ വേണ്ടിയും കൂടിയാണ് കലാരൂപങ്ങൾ ഉപയോഗിക്കുന്നതിൽ സഭ ഈ ശിക്ഷണം സ്വീകരിച്ചിരിക്കുന്നത്.

**? ഓശാനയ്ക്ക് ഉപയോഗിച്ച കുരുത്തോല ക്രിസ്തുമസ്സ് രാത്രിയിൽ കരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടോ?**

☐ നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാളിൽ നടത്തുന്ന അഗ്നി ജ്വാലയുടെ ശുശ്രൂഷ ലോകരക്ഷകനായി പിറന്ന കർത്താവിനെ അഗ്നിയും പ്രകാശവുമായി കണ്ടെത്തുന്നതിന്റെ പ്രതീകമാണ്. അതിനായുള്ള പുറപ്പാടാണ് അന്നത്തെ പ്രദക്ഷിണം. ഓശാനയ്ക്ക് കർത്താവിനെ എതിരേല്ക്കാൻ ഉപയോഗിച്ച കുരുത്തോലകൾ, ജനനപ്പെരുനാളിൽ അവനെ അഗ്നിയും പ്രകാശവുമായി തിരിച്ചറിയാൻ ഉപയോഗിക്കുന്നത് അർത്ഥപൂർണ്ണമാണ്. കുരുത്തോലകൾ പിടിച്ച് ഓശാനപ്പെരുന്നാളിൽ സംബന്ധിക്കുമ്പോഴും കുരുത്തോലകൾ അർപ്പിച്ച് തീ കൂട്ടുമ്പോഴും അതിലൂടെ നാം നമ്മെത്തന്നെയും വൃക്ഷലതാദികൾ ഉൾക്കൊള്ളുന്ന ഈ പ്രപഞ്ചത്തെയുമാണ് ദൈവസന്നിധിയിൽ സമർപ്പിക്കുക. ഓശാനയുടെ കുരുത്തോലകൾ വാഴ്ത്തിയതാകയാൽ നിലത്തു വീഴാതെയും ചവിട്ടാൻ ഇടവരാതെയും നാം ആദരവോടെ സൂക്ഷിക്കുന്നുണ്ടല്ലോ. ക്രിസ്തുമസ്സാകുമ്പോഴേക്കും നന്നായി ഉണങ്ങിക്കഴിഞ്ഞ കുരുത്തോലകൾ അഭക്തിയായി കൈകാര്യം ചെയ്യുവാൻ ഇടവരാതെ ഒരു പവിത്ര കർമ്മത്തിലൂടെ ചാരമായി മാറ്റുന്നതിൽ ഒരു പ്രായോഗികബുദ്ധിയും അടങ്ങിയിട്ടുണ്ട്. ജനനപ്പെരുനാളിൽ പഴയ കുരുത്തോലകൾ അർപ്പിച്ചശേഷം പുത്തൻ കുരുത്തോലകളേന്തി കർത്താവിനെ സ്വീകരിക്കാൻ അടുത്ത ഓശാനപ്പെരുനാൾ വരുന്നതും നോക്കി വിശ്വാസികൾ പ്രത്യാശയോടെ കാത്തിരിക്കുകയായി. ആരാധനാകാലചക്രം തിരിഞ്ഞ് മറ്റൊരു ഘട്ടമെത്തിയിരിക്കുന്നുവെന്ന് നാം അറിയാതെതന്നെ ഈ കർമ്മം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

**? ക്രിസ്ത്യാനി "പ്രശ്നക്കാരന്റെ" അടുക്കൽ പോകാമോ?**

☐ പാടില്ല, കാരണം ദൈവമാണ് എല്ലാ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം. ദൈവത്തോടു പ്രാർത്ഥിച്ചും പരിശുദ്ധന്മാരോടും ശുദ്ധിമതികളോടും മദ്ധ്യസ്ഥത യാചിച്ചും ദൈവഹിതമെന്തെന്ന് തിരിച്ചറിയാൻ പ്രാപ്തരായ ദൈവപുരുഷന്മാരോടും പുണ്യ വനിതകളോടും ആലോചന ചോദിച്ചും പ്രശ്നങ്ങൾക്ക് പരിഹാരം തേടുകയാണ് വേണ്ടത്.

നമ്മുടെ നാട്ടിൽ "പ്രശ്നംവയ്ക്കൽ" രണ്ടു വിധത്തിൽ കാണുന്നുണ്ട്. ജ്യോതിഷം വഴിയും, ആഭിചാരം വഴിയും. ജ്യോതിഷം ഒരു ശാസ്ത്രമാണെന്നും അതിലൂടെ നാം നടത്തുന്ന പ്രവചനങ്ങൾ നേരായി വരുന്നുണ്ടെന്നും വാദിച്ച് അതിൽ ആശ്രയം വയ്ക്കുന്നവരുണ്ട്. എന്തായാലും ഒരു ക്രിസ്ത്യാനി ജ്യോതിഷത്തിൽ ആശ്രയിക്കേണ്ടതില്ല. ജ്യോതിശാസ്ത്രത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ടെങ്കിലും വിധിസങ്കല്പത്തിനാണ് മുൻതൂക്കം. എല്ലാ അർത്ഥവും അനർത്ഥവും വിധിപോലെ വന്നു സംഭവിക്കുമെന്നും അവ സ്വീകരിക്കുകയേ

മാർഗ്ഗമുള്ളു എന്നുമാണ് പൊതുവേയുള്ള ധാരണ. ക്രിസ്തീയ വിശ്വാസപ്രകാരം പ്രാതികൂല്യങ്ങളേയും വൈപരീത്യങ്ങളേയും അതിജീവിക്കാനുള്ള ഇച്ഛാശക്തിയോടെയാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചിരിക്കുന്നത്. സ്വാതന്ത്ര്യവും സർഗ്ഗശക്തിയും ദൈവം മനുഷ്യസഹജമായി നൽകിയിരിക്കുന്ന വരദാനങ്ങളാണ്. അവ ഉപയോഗിച്ച് ഈ പ്രപഞ്ചത്തെ നിരന്തരം പുതുക്കി രൂപാന്തരപ്പെടുത്തുന്ന സൃഷ്ടികർമ്മത്തിൽ അവൻ ഏർപ്പെട്ടിരിക്കണം. ഗ്രഹണങ്ങളുടേയും നക്ഷത്രങ്ങളുടെയും സ്വാധീനങ്ങളെ അതിജീവിക്കാനുള്ള ഇച്ഛാശക്തിയുണ്ട് മനുഷ്യന്. ഇതിനെയെല്ലാം താങ്ങിനിർത്തുന്നത് ദൈവകൃപയും. കർത്താവിനോടു ചോദിക്കൂ; അവന്റെ വാതിലിൽ മുട്ടി വിളിക്കൂ. അവൻ ജീവിതത്തിൽ ഇടപെട്ട്, അൽഭുതം പ്രവർത്തിക്കുന്നത് കാണാം. പ്രശ്നക്കാരനും, ജ്യോതിഷവും പിന്നെ ജീവിതത്തിൽ പ്രസക്തമാവുന്നതെങ്ങനെ?

**? കബറിങ്കൽ ധൂപം വെക്കുന്നത് എന്തിന്?**

☐ കബറിങ്കൽ മാത്രമല്ല സഭയുടെ എല്ലാ ഔദ്യോഗിക പ്രാർത്ഥനകൾക്കും ധൂപാർപ്പണം ഉണ്ട്. വെളിപാട് 5:8-ൽ വിശുദ്ധന്മാരുടെ പ്രാർത്ഥനെയന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശം പിടിച്ചുകൊണ്ട് കുഞ്ഞാടിന്റെ മുമ്പാകെ നമസ്കരിച്ച് പ്രാർത്ഥിക്കുന്ന പുരോഹിതന്മാരുടെ ചിത്രം കാണാം. വിശുദ്ധരുടെ സംഘമായ സഭയുടെ പ്രാർത്ഥന, ഇതാണ് ധൂപാർപ്പണത്തിന്റെ പൊരുൾ. ധൂപം അർപ്പിക്കുകയാണ് (offer). അതുകൊണ്ട് ധൂപാർപ്പണം യാഗാർപ്പണമാണ് (sacrificed offering). പ്രകൃതിയിൽ നിന്നും ശേഖരിച്ചെടുത്ത സുഗന്ധവർഗ്ഗം ദൈവസന്നിധിയിൽ സഭ കാഴ്ചയായി അർപ്പിക്കുന്നു. ഇത് ദൈവം കനിഞ്ഞു തന്ന നന്മയിൽ നിന്ന് നാം അടർത്തിയെടുത്തതാണ്. സഭയുടെ നന്മ നിറഞ്ഞ ജീവിതത്തിന്റെ സുഗന്ധവർഗ്ഗം കൂടിയാണത്.

എല്ലാ ഔദ്യോഗിക പ്രാർത്ഥനകളിലും കുരിശ് നടുക്കുവെച്ച് ഇരുവശങ്ങളിലും മെഴുകുതിരികൾ കത്തിച്ച് ധൂപമർപ്പിച്ച് സഭ പ്രാർത്ഥിക്കുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണ് കുരിശ്. ആ സാന്നിദ്ധ്യത്തിന്റെ തെളിച്ചമാണ് കത്തി നിൽക്കുന്ന മെഴുകുതിരികൾ സൂചിപ്പിക്കുന്നത്. 'വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോട് കൂടെയിരിപ്പാൻ' (ഫിലി. 1:23) ലോകത്തിൽ നിന്ന് വിളിച്ചുചേർത്തവരും ക്രിസ്തുവിന്റെ സന്നിധിയിലുണ്ട്. ഇവർ കെട്ടടങ്ങി പോയിട്ടില്ല. ക്രിസ്തുവിന്റെ സന്നിധിയിൽ അവരും പ്രകാശിച്ചു നിൽക്കുന്നു. അങ്ങനെ ജീവനുള്ളവരും വാങ്ങിപ്പോയവരും ക്രിസ്തുവിന്റെ സന്നിധിയിൽ നിന്ന് പ്രാർത്ഥിക്കുന്നു.

ചുരുക്കത്തിൽ ധൂപാർപ്പണം നടത്തുമ്പോൾ സഭ പ്രാർത്ഥിക്കുന്നു എന്നറിയുക. സുഗന്ധവർഗ്ഗം കർത്താവിന്റെ നല്ല ദാനങ്ങളും സഭയുടെ

നന്മ നിറഞ്ഞ പ്രവർത്തനങ്ങളുടെ ആദ്യ ഫലവും ആകുന്നു. ഇവ കർത്താവിനു സമർപ്പിച്ചുകൊണ്ട് നാമും നമ്മുടെ പരേതരും കർതൃസന്നിധിയിൽ ഒന്നായി നിന്ന് പ്രാർത്ഥിക്കുന്നു. കബറിങ്കൽ നടത്തുന്ന ധൂപാർപ്പണ പ്രാർത്ഥന പരേതരുടെ സാന്നിദ്ധ്യം അനുഭവിച്ചറിയുന്ന ഒരു അനുഷ്ഠാനമാകുന്നു. നാം അവർക്കുവേണ്ടിയും അവർ നമുക്കു വേണ്ടിയും പരസ്പരം പ്രാർത്ഥിക്കുന്ന സന്ദർഭവും.

**? പള്ളികളിൽ തിരശ്ശീല ഉപയോഗിക്കുന്നതിന്റെ അർത്ഥമെന്ത്?**

☐ എല്ലാ പൗരസ്ത്യ സഭകളിലും ബലിവേദിക്ക് മറയുണ്ട്. ബൈസന്റയിൻ ഓർത്തഡോക്സ് സഭകളിൽ ഐക്കണുകൾ ചിത്രീകരിച്ചിരിക്കുന്ന ഐക്കണോസ്റ്റാസിയോൺ (iconostation) എന്നും പേരുള്ള സ്ക്രീനാണ് ഉപയോഗിക്കുന്നത്.

പള്ളികളിലെ തിരശ്ശീല ബലിവേദിയേ (മദ്ബഹാ) യും സിംഹാസന (ത്രോണോസ്) ത്തേയും മറയ്ക്കുന്നു. ഇതിന് മൂന്ന് ഉപയോഗങ്ങൾ ഉണ്ട്. ഒന്ന്, ബലിവേദിയെ മറയ്ക്കുക. രണ്ട്, ബലി വേദിയിലേക്കുള്ള മറ നീങ്ങിയിരിക്കുന്നുവെന്ന് സൂചിപ്പിക്കുക. മൂന്ന്, ദൈവസാന്നിദ്ധ്യത്തിന്റെ രഹസ്യാത്മകത നിലനിർത്തുക.

പട്ടക്കാരും ശുശ്രൂഷകരും മാത്രം ചെയ്യുന്ന ചില അനുഷ്ഠാനങ്ങളുണ്ട്. വിശ്വാസികളുടെ പങ്കാളിത്തത്തോടെ ചെയ്യേണ്ട ശുശ്രൂഷകൾക്ക് മുമ്പുള്ളതോ അതിനുശേഷമുള്ളതോ ആയ അനുഷ്ഠാനങ്ങളാണവ. ഈ സന്ദർഭങ്ങളിൽ ബലിവേദി തിരശ്ശീല കൊണ്ട് മറച്ചിരിക്കുന്നു.

എന്നാൽ തിരശ്ശീലയുടെ പ്രധാന ഉപയോഗം ഇതല്ല. ദൈവമക്കൾക്ക് മറ കൂടാതെ ദൈവസന്നിധിയിലേക്ക് കടന്നുചെല്ലാമെന്ന് പരോക്ഷമായി സൂചിപ്പിക്കുകയാണ് തിരശ്ശീല മാറ്റുന്നതിലൂടെ. യറുശലേം ദേവാലയത്തിൽ ദൈവസാന്നിദ്ധ്യമുള്ള നിയമപ്പെട്ടകവും കൃപാസനവും അതിവിശുദ്ധ സ്ഥലത്താണ് വച്ചിരുന്നത്. അതിവിശുദ്ധ സ്ഥലത്തെ മറച്ചിരുന്ന തിരശ്ശീല ഒരിക്കലും മാറ്റിയിരുന്നില്ല. ആണ്ടിലൊരിക്കൽ പുരോഹിതൻ മാത്രം കടന്നുചെന്ന് പാപപരിഹാരത്തിനു വേണ്ടിയുള്ള യാഗരക്തം കൃപാസനത്തിനുമേൽ തളിക്കും. കർത്താവിന്റെ ക്രൂശാരോഹണ സന്ദർഭത്തിൽ അതിവിശുദ്ധ സ്ഥലത്തെ മറച്ചിരുന്ന തിരശ്ശീല രണ്ടായി കീറിപ്പോയി. ഇനിയും കർത്താവിന്റെ സിംഹാസനത്തെ അഭിമുഖീകരിച്ച് അവന്റെ സന്നിധിയിൽ നിന്ന് ധൈര്യപൂർവ്വം പ്രാർത്ഥിക്കാനുള്ള പ്രവേശനം നമുക്കുണ്ട് (എബ്രായർ 10:19-22). ദൈവസാന്നിദ്ധ്യത്തിനും നമുക്കുമിടയ്ക്കുള്ള മറ ക്രിസ്തുവിൽ നീങ്ങിപ്പോയിരിക്കുന്നു എന്ന് തിരശ്ശീല മാറ്റുന്നതു വഴി പ്രതീകാത്മകമായി സഭ നമ്മെ ബോധ്യപ്പെടുത്തുന്നു. വി. കുർബാനമദ്ധ്യേ മൂന്നു സന്ദർഭങ്ങളിലാണ് തിരശ്ശീല മാറ്റു

ന്നത്. ഒന്നാമത് വി. കുർബ്ബാന തുടങ്ങുമ്പോൾ. രണ്ടാമത് സ്വർഗ്ഗസ്ഥ നായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയ്ക്ക് മുമ്പ്, മൂന്നാമത് വിശുദ്ധ കുർബാന വഹിച്ചുകൊണ്ട് ആഘോഷമായി വന്ന് വി. കുർബ്ബാന നൽകുമ്പോൾ. വി. യാഗമർപ്പിക്കുന്നതിനായി കർത്തൃസന്നിധിയിലേയ്ക്ക് കടന്നുവരുന്നതാണ് ആദ്യ സന്ദർഭം. പുത്രത്വത്തിന്റെ സ്വാതന്ത്ര്യത്തോടെ ധൈര്യപൂർവ്വം അടുത്തുചെന്ന് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന് വിളിച്ച് പ്രാർത്ഥിക്കുന്നതാണ് രണ്ടാമത്തേത്. കർത്താവിന്റെ രണ്ടാ മത്തെ വരവിൽ ദൈവരാജ്യത്തിന്റെ പന്തിഭോജനം പങ്കിടുന്നതിനെ സൂചി പ്പിച്ചുകൊണ്ട് കർത്തൃമേശയ്ക്ക് അടുത്തു വന്ന് വി. കുർബ്ബാന അനുഭ വിക്കുന്നതാണ് മൂന്നാമത്തെ സന്ദർഭം. ഇവിടെയെല്ലാം ദൈവസാന്നിദ്ധ്യ ത്തിനു മുമ്പുള്ള മറ നീങ്ങിയിരിക്കുന്നുവെന്നും അവന്റെ സന്നിധിയി ലേയ്ക്ക് അടുത്തുവരാനുള്ള സ്വാതന്ത്ര്യവും അവകാശവും ക്രിസ്തു വിൽ നമുക്ക് നൽകപ്പെട്ടിരിക്കുന്നുവെന്നും സൂചിപ്പിക്കുന്നതിനുള്ള ഉപാ ധിയായാണ് പള്ളികളിൽ തിരശ്ശീല ഉപയോഗിച്ചിരിക്കുന്നത് എന്ന് വെളി വാകുന്നു.

ഇതോടൊപ്പം തന്നെ മറ്റൊരു പ്രധാന കാര്യവും നാം മറന്നു കൂടാ. ദൈവസന്നിധിയിലേക്ക് പ്രവേശിപ്പാൻ ക്രിസ്തുവിൽ നമുക്ക് സ്വാതന്ത്ര്യ മുണ്ട് എന്ന് പറയുമ്പോൾ അതത്ര ലളിതമായി കാണാൻ പാടുള്ളതല്ല. ഭക്ത്യാദരവുകളോടെ മാത്രമേ കർതൃസന്നിധിയിലേക്ക് കടന്നുചെല്ലാവൂ. വി. സ്നാനം സ്വീകരിച്ച് ഉപനീതരായവർക്കു മാത്രമേ കർതൃമേശയ്ക്ക് അടുത്തുവരാൻ അധികാരമുള്ളു. കർതൃസാന്നിദ്ധ്യത്തെ ചുറ്റി നിൽക്കുന്ന രഹസ്യാത്മകത സൂചിപ്പിക്കുന്നതിനും കൂടിയാണ് പള്ളികളിൽ തിരശ്ശീല ഉപയോഗിച്ചിരിക്കുന്നത്.

**? കത്തോലിക്കാ സഭയിൽ മേൽപ്പട്ടക്കാരും പട്ടക്കാരും പെസഹാ വ്യാഴാഴ്ച കാൽകഴുകൽ ശുശ്രൂഷ നടത്തുന്നു. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭയിൽ മേൽപട്ടക്കാർ മാത്രമേ ഈ ശുശ്രൂഷ നടത്തുന്നുള്ളു. എല്ലാ വിശ്വാസികൾക്കും പങ്കുചേരാൻ തക്കവണ്ണം പട്ടക്കാരെക്കൊണ്ടു കൂടി ഈ വിശുദ്ധ കർമ്മം ചെയ്യിക്കുന്നത് നല്ല തല്ലേ?**

☐ പെസഹാ വ്യാഴാഴ്ചയിലെ കാൽ കഴുകൽ ശുശ്രൂഷ കുറഞ്ഞത് അഞ്ചാം നൂറ്റാണ്ടു മുതലെങ്കിലും നിലനിന്നിരുന്ന പൊതു പാരമ്പര്യ മാണ്. എന്നാൽ ഈ അനുഷ്ഠാനം സംബന്ധിച്ച് പാശ്ചാത്യ സഭകളും പൗരസ്ത്യ സഭകളും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസമാണ് ചോദ്യ കർത്താവ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. രണ്ടും രണ്ട് വ്യത്യസ്ത പാരമ്പ ര്യങ്ങളിലായി വളർന്നുവന്ന അനുഷ്ഠാനരീതികളാണ്. ഇത്തരം അനു ഷ്ഠാന വ്യത്യാസങ്ങൾക്ക് മറ്റു പല ഉദാഹരണങ്ങളും ഉണ്ട്. പ്രധാന

പ്പെട്ട രണ്ടെണ്ണം ഇവയാണ്. വിശുദ്ധ കുർബാനയ്ക്ക് പാശ്ചാത്യ സഭ കൾ പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നു. പാശ്ചാത്യ സഭകളിൽ കുട്ടി കൾക്ക് 12-ാം വയസ്സിൽ സ്ഥിരീകരണ ശുശ്രൂഷ നടത്തുന്നു. പൗരസ്ത്യ സഭകളാകട്ടെ, വി. മാമോദീസായോടു ചേർന്ന് നടത്തുന്ന വിശുദ്ധ മൂറോ നഭിഷേകം പരിശുദ്ധാത്മാഭിഷേകവും സ്ഥൈര്യലേപനവുമായി കാണുന്നു. സ്ഥിരീകരണ ശുശ്രൂഷ പ്രത്യേകം നടത്തുന്നത് സംഗത മായി പൗരസ്ത്യ സഭകൾ കരുതുന്നില്ല. പാരമ്പര്യങ്ങളിലുള്ള ഈ വ്യത്യാസങ്ങൾ പുരാതനമാണ് താനും. അനുഷ്ഠാനങ്ങളിലുള്ള ഈ അന്തരങ്ങൾക്ക് തങ്ങളുടേതായ വ്യാഖ്യാനങ്ങളും ന്യായീകരണങ്ങളും ഓരോ സഭകളും നൽകുന്നുണ്ടെങ്കിലും ഇവ മൗലികമായ വ്യതിയാന ങ്ങളായി കണക്കാക്കുന്നുമില്ല. ഇക്കാരണത്താൽ ഈ വൈവിധ്യങ്ങൾ പരസ്പരം ബഹുമാനിക്കുന്ന രീതിയാണ് പണ്ടു മുതൽ തന്നെ സഭ കൾ നിലനിർത്തിപ്പോന്നിട്ടുള്ളത്.

ആദിമകാലത്ത് മേൽപ്പട്ടക്കാരൻ, പട്ടക്കാർ, ശുശ്രൂഷകർ (ശെമ്മാശ്ശ ന്മാർ), വിശ്വാസികൾ എന്നിവർ അടങ്ങുന്ന സംസർഗ്ഗമായിരുന്നു (Communion) ഒരു ഇടവകപള്ളി. ഇത്തരം ഒരിടവകയായിരുന്നു സഭ യുടെ അടിസ്ഥാന ഘടകം. ഈ സംസർഗ്ഗമായിരുന്നു സഭയുടെ അടി സ്ഥാനപ്രമാണങ്ങളിലൊന്ന്. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടെ ഇടവക പലതായി വിഭജിക്കപ്പെട്ടു. പല ഇടവകകൾ ചേർന്ന ഭദ്രാസന ഇടവകയ്ക്ക് ഒരു മേൽപട്ടക്കാരനും ഇടവകകൾക്ക് ഒന്നോ അതിൽ അധി കമോ പട്ടക്കാർ എന്നുമുള്ള സംവിധാനം ഉണ്ടായി. ഈ വ്യത്യാസങ്ങൾ ഉണ്ടായെങ്കിലും മേൽപ്പട്ടക്കാർ, പട്ടക്കാർ, ശുശ്രൂഷകർ, വിശ്വാസികൾ എന്നിവരുടെ സംസർഗ്ഗമാണ് സഭ എന്ന അടിസ്ഥാനപ്രമാണം പൗരസ്ത്യ സഭകൾ ഇന്നും നിലനിർത്തുന്നു. ഇത് പ്രസ്പഷ്ടമാക്കുന്ന ഒരു സന്ദർഭമാണ് കാൽകഴുകൽ ശുശ്രൂഷ. മാത്രമല്ല, ഒരു ഭദ്രാസന ഇടവകയുടെ അഖണ്ഡതയും അതിലെ മേൽപ്പട്ടക്കാരനും പട്ടക്കാരനും ശുശ്രൂഷകരും വിശ്വാസികളും തമ്മിലുള്ള ഐക്യവും പാരസ്പര്യവും (Unity and Interrelation). ഈ ശുശ്രൂഷയുടെ സുപ്രധാന ഭാവമാണ്. ആയതിനാൽ മേൽപ്പട്ടക്കാരനും പട്ടക്കാരും ശുശ്രൂഷകരും വിശ്വാസി കളും ചേർന്നു വരുന്ന സഭ കാൽകഴുകൽ ശുശ്രൂഷ നിർവ്വഹിക്കണം എന്ന് പൗരസ്ത്യസഭകൾ നിഷ്കർഷിക്കുന്നു.

മുൻപറഞ്ഞ പ്രമാണങ്ങൾ നിലനിർത്തുന്ന മറ്റു സന്ദർഭങ്ങളാണ് മൂറോൻ കൂദാശ, സൈത്തു കൂദാശ, എപ്പിസ്കോപ്പായുടെ അഭിഷേകം എന്നീ അനുഷ്ഠാനങ്ങൾ. എന്നാൽ സഭകൾ ദേശീയ സഭകളായി വളർന്നതോടെ ഇതിനും അല്പം വ്യത്യാസം ഉണ്ടായി. ദേശീയ സഭ യുടെ പരമാധ്യക്ഷനും (പാത്രിയർക്കീസ്/കാതോലിക്കോസ് - മലങ്കര

സഭയെ സംബന്ധിച്ചിടത്തോളം കാതോലിക്കോസ്) അദ്ദേഹത്തോട് ചേർന്ന് മേൽപ്പട്ടക്കാരും ഉൾപ്പെടുന്ന സഭ മുഴുവനും ഒന്നായി നടത്തുന്ന അനുഷ്ഠാനങ്ങളായിത്തീർന്നു മൂറോൻ കൂദാശ, സൈത്തു കൂദാശ, എപ്പിസ്കോപ്പായുടെ അഭിഷേകം എന്നിവ. ദേശീയ സഭയുടെ അഖണ്ഡതയും ഐക്യവും വെളിവാകുന്ന സന്ദർഭങ്ങളാണവ.

**? വലിയ നോമ്പിന്റെ മധ്യത്തിൽ ദേവാലയമധ്യേ കുരിശ് സ്ഥാപിച്ച് വിശ്വാസികൾ അതിനെ വണങ്ങുന്നു. ദുഃഖവെള്ളിയാഴ്ച പ്രത്യേകിച്ചും കുമ്പിട്ട് കുരിശ് വണങ്ങുന്നുണ്ടല്ലോ. ഇത് വിഗ്രഹാരാധനയല്ലേ?**

☐ കുരിശു വന്ദനവിനെപ്പറ്റിയുള്ള പരാമർശം ക്രിസ്തുവർഷം ഏതാണ്ടു നാലാം നൂറ്റാണ്ടു മുതലെങ്കിലും സഭാചരിത്ര രേഖകളിൽ കാണാൻ കഴിയും. റോമൻ ചക്രവർത്തിയായ കുസ്തന്തീനോസിന്റെ അമ്മ ഹേലനി രാജ്ഞി കർത്താവിനെ ക്രൂശിച്ച ക്രൂശ് യറൂശലേമിൽ നിന്ന് കണ്ടെടുത്തു. ആ സ്ഥാനത്ത് അവർ ഒരു ദേവാലയം പണിതു. മാർട്ടീറിയം എന്നാണ് അതിനു നൽകിയ പേര്. കർത്താവിന്റെ ക്രൂശ് ആ പള്ളിയിൽ സ്ഥാപിച്ചു. ദുഃഖവെള്ളിയാഴ്ച ആരാധനയോട് ചേർന്ന് വിശ്വാസികൾ ഓരോരുത്തരായി വന്ന് കുരിശ് വന്ദിച്ച് കടന്നു പോവുന്നു. നാലാം നൂറ്റാണ്ടിന്റെ ഒടുവിൽ റോമിൽ നിന്ന് യറുശലേം സന്ദർശിച്ച എതേറിയ എന്ന തീർത്ഥാടക എഴുതിയ യാത്രാവിവരണത്തിലാണ് കുരിശു വന്ദനവിനെ സംബന്ധിച്ച ആദ്യ സൂചന നമുക്ക് ലഭിക്കുന്നത്. കർത്താവിന്റെ ക്രൂശിന്റെ ശകലങ്ങൾ ലോകത്തിന്റെ പല ഭാഗത്തേക്കും കൊണ്ടുപോയി മുൻപറഞ്ഞപ്രകാരം വിശ്വാസികൾ അവ വണങ്ങിയിരുന്നു. ഈ ചരിത്ര സംഭവത്തോട് ബന്ധിപ്പിച്ചു വേണം ദുഃഖവെള്ളിയാഴ്ച നടത്തുന്ന സ്ലീബാ വന്ദനവ് മനസ്സിലാക്കുവാൻ. കർത്താവിന്റെ യഥാർത്ഥ ക്രൂശിന്റെ സ്ഥാനത്ത് കുരിശ് പ്രതിഷ്ഠിച്ച് സഭ അതിനെ വണങ്ങുന്നു. ക്രിസ്തുവിന്റെ രക്ഷാകര ജീവിതത്തിലെ ഒരു സുപ്രധാന സംഭവമാണ് ക്രൂശാരോഹണം. ഇതിന്റെ സ്മരണ ഉണർത്തുന്നതാണ് ക്രൂശ്. മാത്രമല്ല, ക്രിസ്തുവിന്റെ സ്ഥാനം സഭ ക്രൂശിന് നൽകുന്നില്ല. ക്രിസ്തുവിന്റെ സാന്നിധ്യവും ചൈതന്യവും വഹിക്കുന്ന വസ്തുവായി ക്രൂശിനെ കാണുകയും അതിനെ വണങ്ങുകയുമാണ് ചെയ്യുന്നത്. മനുഷ്യർ തന്നെ പരസ്പരം വണങ്ങുന്നുണ്ടല്ലോ. ദൈവസാന്നിധ്യവും സാദൃശ്യവും വഹിക്കുന്നതുകൊണ്ടാണ് ഒരാൾ അപരനെ വണങ്ങുന്നത്. വ്യക്തികൾ മാത്രമല്ല വസ്തുക്കൾക്കും ദൈവസാന്നിധ്യം വഹിപ്പാൻ കഴിയും. ദൈവസാന്നിധ്യത്തിനു മുമ്പിൽ കുമ്പിടുകയാണ് കുരിശു വന്ദനവിലൂടെ നാം ചെയ്യുക. ഇവിടെ ക്രൂശിനെ ക്രിസ്തുവാക്കുകയോ ദൈവമാക്കുകയോ ചെയ്യുന്നില്ല എന്ന് ഓർക്കണം. മാത്രമല്ല, അപരിമിതനും

അപരിമേയനുമായ ദൈവത്തെ സ്ഥലകാല പരിമിതികൾക്കുള്ളിലുള്ള വസ്തുവിലോ സ്ഥലങ്ങളിലോ ഒതുക്കാനുമാവില്ല. എന്നാൽ സ്ഥലകാല പരിമിതികൾക്കുള്ളിലേക്ക് കടന്നുവന്ന് ദൈവം വ്യക്തികളെയും വസ്തുക്കളെയും സ്ഥലങ്ങളെയും തന്റെ സാന്നിദ്ധ്യംകൊണ്ട് നിറയ്ക്കുന്നുമുണ്ട്. ഈ യാഥാർത്ഥ്യം തിരിച്ചറിയുന്നതുകൊണ്ടാണ് നാം ദൈവ സാന്നിധ്യമുള്ള വസ്തുക്കളെയും വ്യക്തികളെയും സ്ഥലങ്ങളെയും വണങ്ങുന്നത്. ഇത് വിഗ്രഹാരാധനയല്ല.

ദൈവം ഇസ്രായേല്യർക്ക് മോശ മുഖാന്തിരം നൽകിയ പത്തു കൽപനകളിലൂടെയാണല്ലോ വിഗ്രഹാരാധന നിരോധിച്ചിരിക്കുന്നത്. അവിടെ ഇങ്ങനെ പറയുന്നുണ്ട്; "ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്ക് കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റേയും പ്രതിമയും അരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്" (പുറ. 20:4-5). വിഗ്രഹങ്ങളെ ദൈവങ്ങളാക്കി അവയെ നമസ്ക്കരിക്കുന്ന സമ്പ്രദായം നിലവിലിരുന്ന പശ്ചാത്തലത്തിൽ വേണം ഈ കൽപനയുടെ സാംഗത്യം മനസ്സിലാക്കുവാൻ. ദൈവസാന്നിദ്ധ്യം സൂചിപ്പിക്കുന്നതിന് പ്രതിമകളും പ്രതീകങ്ങളും ഉപയോഗിച്ചിരുന്നതായി പഴയനിയമത്തിൽ തന്നെ കാണാൻ കഴിയും. ഉദാഹരണമായി സാക്ഷ്യപെട്ടകത്തിൻമേലുള്ള കൃപാസനം മൂടുംവിധം മുഖാമുഖം നിൽക്കുന്ന രണ്ടു കെരൂബുകളുടെ പ്രതിമകൾ (പുറ. 25:20). ശലോമോൻ പണിത ദേവാലയത്തിന്റെ അതിവിശുദ്ധ മന്ദിരത്തിൽ കൊത്തുപണി ചെയ്ത് പ്രതിഷ്ഠിച്ചിരുന്ന പ്രതിമകൾ (2 ദിന. 3:10). കെരൂബുകളുടെ ചിത്രം നെയ്തുണ്ടാക്കിയ ദൈവാലയ തിരശ്ശീല (2 ദിന. 3:14). കെരൂബുകൾ ദൈവസന്നിധിയിൽ നിൽക്കുന്ന ദൂതന്മാരാണ്. ദൂതന്മാരുടെ ചിത്രങ്ങളും പ്രതിമകളും കൊണ്ടു ദേവാലയം അലങ്കരിക്കുക വഴി ദൈവസാന്നിദ്ധ്യം സൂചിപ്പിച്ചിരിക്കുന്നു (പുറ. 25:22). ദൈവസാന്നിധ്യം സൂചിപ്പിക്കുന്ന ചിത്രങ്ങളും പ്രതിമകളും കൂടാതെ ദൈവസാന്നിധ്യം വഹിക്കുന്ന സ്ഥലങ്ങളും വസ്തുക്കളും പഴയനിയമത്തിൽ കാണാം. ഹോരേബിൽ മോശയ്ക്ക് ദൈവം മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ടു. അവിടെ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ നിന്റെ കാലിൽ നിന്ന് ചെരിപ്പ് അഴിച്ചു കളയുക" (പുറ. 3:5). ദേവാലയം ദൈവസാന്നിധ്യം വഹിക്കുന്ന വിശുദ്ധ സ്ഥലമായി പഴയനിയമത്തിൽ കാണാൻ കഴിയും (1 രാജാ. 8:29). കനാനിലേക്കുള്ള വഴിമദ്ധ്യേ മോശ നാട്ടിയ പിത്തള സർപ്പത്തെ നോക്കി യിസ്രായേല്യർ പീഡയിൽ നിന്നും രക്ഷ പ്രാപിച്ചു (സംഖ്യ 21:9).

ഗോഗുൽത്തായിൽ നാട്ടിയ ക്രൂശ് തന്നെയാണ് നാം നോമ്പിന്റെ നടുവിൽ ദേവാലയമദ്ധ്യേ സ്ഥാപിച്ച് വണങ്ങുന്നതും, ദുഃഖവെള്ളിയാഴ്ച

കുമ്പിട്ട് ചുംബിക്കുന്നതും. കർത്താവിന്റെ രക്ഷാകര ശക്തികളും സാന്നിധ്യവും കുരിശ് സംവഹിക്കുന്നു. ഇത് തിരിച്ചറിഞ്ഞ് വിശ്വാസികൾ കുരിശിനെ വണങ്ങുന്നു. ഇത് വിഗ്രഹാരാധനയല്ല.

**? നമ്മുടെ സഭയിൽ വിശ്വാസികൾ പട്ടക്കാരുടെ കൈ മുത്തുന്നതിന്റെ പ്രാധാന്യമെന്ത്?**

☐ വി. കുർബ്ബാനാനന്തരം വിശ്വാസികൾ ഓരോരുത്തരായി വന്ന് പട്ടക്കാരന്റെ വലതു കൈ മുത്തി പിരിഞ്ഞുപോകുന്നു. ഇതിൽ മൂന്ന് കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

A. വിശ്വാസികൾ പട്ടക്കാരോടുള്ള ഭക്തിയും ആദരവും രമ്യതയും സ്നേഹവും വ്യക്തിപരമായി പ്രകടിപ്പിക്കുന്നതിനുള്ള അവസരമാണിത്.

B. പള്ളിയിൽ വന്നുചേർന്ന വിശ്വാസികളെ എല്ലാവരെയും ആരാധനാമധ്യേ ആളാംപ്രതി തിരിച്ചറിഞ്ഞ് അഭിവാദ്യം ചെയ്യുക സാധ്യമല്ലല്ലോ. എന്നാൽ കൈ മുത്തി കടന്നുപോകുമ്പോൾ വ്യക്തിപരമായി കാണുന്നതിനും തിരിച്ചറിയുന്നതിനും പരസ്പരം അഭിവാദ്യം അർപ്പിക്കുന്നതിനും അവസരം ഉണ്ടാകുന്നു.

C. പാശ്ചാത്യ സംസ്ക്കാരത്തിൽ പുരുഷന്മാർ സ്ത്രീകളുടെ കൈ ചുംബിച്ച് സ്നേഹം പ്രകടിപ്പിക്കുന്ന രീതിയുണ്ട്. പ്രജകൾ രാജാവിന്റെ കൈ മുത്തി വിധേയത്വവും ബഹുമാനവും പ്രകടിപ്പിക്കുന്ന രീതിയും നിലനിന്നിരുന്നു. എന്നാൽ വിശ്വാസികൾ പട്ടക്കാരന്റെയോ മേല്പ്പട്ടക്കാരന്റെയോ കൈ മുത്തുന്നത് ഇക്കാരണങ്ങൾ കൊണ്ടല്ല. പട്ടക്കാരൻ/മേൽപ്പട്ടക്കാരൻ യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യമാണ്. വി. കുർബ്ബാന അർപ്പിച്ച് കർത്താവിന്റെ തിരുശരീര രക്തങ്ങൾ വഹിക്കുകയും പങ്കുവയ്ക്കുകയും ചെയ്ത അവരുടെ കൈകൾക്ക് പ്രത്യേക ദൈവിക ചൈതന്യമുണ്ട്. ആ കൈകൾ ചുംബിക്കുന്നത് അനുഗ്രഹമാകുന്നു.

മലങ്കരസഭയിൽ വി. കുർബ്ബാനയ്ക്കു ശേഷവും മറ്റ് ശുശ്രൂഷകൾക്കു ശേഷവും മാത്രമേ പട്ടക്കാരുടെ കൈമുത്തുന്ന പതിവുള്ളു. എന്നാൽ മേല്പ്പട്ടക്കാരുടെ കൈകൾ സാധാരണ കണ്ടുമുട്ടുന്ന സന്ദർഭങ്ങളിലും മുത്താറുണ്ട്. മറ്റ് പല പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽ ഈ വ്യത്യാസം കാണുന്നില്ല. വിശ്വാസികൾ എല്ലാ അവസരങ്ങളിലും പട്ടക്കാരുടെയും മേല്പ്പട്ടക്കാരുടെയും വലതു കൈ ചുംബിക്കുന്നു.

നമ്മുടെ സഭയിൽ ചില പട്ടക്കാർ വിശ്വാസികളെ കുരിശു മാത്രം മുത്തിപ്പിക്കുന്നത് കാണാം. ഇത് ശരി തന്നെ. എന്നാൽ ഇതോടൊപ്പം കൈയും കൂടി മുത്തുന്നതിനുള്ള സന്ദർഭമായി കാണണം. പൗരസ്ത്യ സഭകളിൽ പട്ടക്കാർ/മേല്പ്പട്ടക്കാർ വിശുദ്ധ കുരിശോ ഐക്കണോ

(പവിത്ര ചിത്രം) വഹിച്ചുകൊണ്ടു നിൽക്കുമ്പോൾ വിശ്വാസികൾ വി. കുരിശ് അല്ലെങ്കിൽ ഐക്കൺ മുത്തുന്നതോടൊപ്പം പട്ടക്കാരന്റെ കരം കൂടെ ചുംബിക്കുന്നു.

**? ഞായറാഴ്ച ദിവസങ്ങളിൽ കുമ്പിടാത്തത് എന്തുകൊണ്ട്?**

☐ ഞായറാഴ്ച മാത്രമല്ല മോറോനോയോ (പ്രധാന) പെരുന്നാളുകളിലും ഉയിർപ്പ് മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളിലും വി. കുർബ്ബാന മദ്ധ്യേയും കുമ്പിടേണ്ടതില്ലെന്നാണ് നിർദ്ദേശം.

കുമ്പിടീൽ (സാഷ്ടാംഗ പ്രണാമം) അനുതാപത്തിന്റെ അനുഷ്ഠാനമാകുന്നു. എന്നാൽ ഞായറാഴ്ചയും മോറോനോയോ പെരുന്നാളും ഉത്സവദിനങ്ങളത്രെ. സന്തോഷമാണ് ഈ ദിവസങ്ങളുടെ അടിസ്ഥാന ഭാവം. അതുകൊണ്ട് കുമ്പിടീൽ വേണ്ടെന്ന് സഭ നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് എല്ലാ പെരുന്നാളുകളിലും വലിയ പെരുന്നാളത്രെ. എല്ലാ ഞായറാഴ്ചയും ഉയിർത്തെഴുന്നേൽപ്പിന്റെ ഓർമ്മയാണ് സഭ പുതുക്കുന്നത്. ഉയിർപ്പിന്റെ സന്തോഷം ഞായറാഴ്ച ദിവസങ്ങളിലും ഉയിർപ്പ് ഞായറാഴ്ച മുതൽ പെന്തിക്കോസ്തി ഞായറാഴ്ച വരെയുള്ള ദിവസങ്ങളിലും നിറഞ്ഞു നിൽക്കുന്നു. പ്രധാന പെരുന്നാൾ ദിനങ്ങളിലും ഇതേ ഭാവം തന്നെയാണ് നിറഞ്ഞു നിൽക്കുന്നത്. എല്ലാ പെരുന്നാളുകളിലും അനുതാപത്തോടെയാണ് നാം സംബന്ധിക്കുന്നത്. അനുതാപത്തിന്റെ പ്രാർത്ഥനകൾ ചൊല്ലി നുറുങ്ങിയ ഹൃദയത്തോടെ പെരുന്നാളുകളിൽ സംബന്ധിക്കുന്നതിന് നാം ഒരുങ്ങുന്നു. എന്നാൽ ഞായറാഴ്ചകളുടെയും പ്രധാന പെരുന്നാളുകളുടെയും മുഖ്യമായ ഭാവം സന്തോഷത്തിന്റേതാണ്. ആയതിനാൽ ഈ ദിനങ്ങളിൽ കുമ്പിടേണ്ടതില്ല എന്ന് സഭ നിർദേശിക്കുന്നു. ഞായറാഴ്ചയും മോറോനായോ പെരുന്നാളുകളിലും ഉയിർപ്പുഞായറാഴ്ച മുതൽ പെന്തിക്കോസ്തി ഞായറാഴ്ച വരെയുള്ള ദിവസങ്ങളിലും കുമ്പിടേണ്ടതില്ലെന്ന് അനുശാസിക്കുന്നതിന് മറ്റൊരു കാരണവും കൂടിയുണ്ട്. ഈ ദിനങ്ങളെല്ലാം ഉയിർത്തെഴുന്നേല്പിന്റെ ഓർമ്മയാണ് പുതുക്കുന്നതെന്ന് ഓർമ്മിപ്പിച്ചുവല്ലോ. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ശാരീരികനിലയും നിന്നുകൊണ്ടുള്ള ആരാധനയും തമ്മിൽ ശാരീരികതലത്തിൽ പരസ്പരം പൊരുത്തപ്പെട്ടിരിക്കുന്നു.

വി. കുർബാന അനുഭവിക്കുമ്പോൾ മുട്ടുകുത്തുന്ന പതിവ് പാശ്ചാത്യ സഭകളിലുണ്ട്. മധ്യകാല യുഗങ്ങളിൽ (12 മുതൽ 15 വരെ നൂറ്റാണ്ടുകൾ) പാശ്ചാത്യ സഭയിൽ ആവിർഭവിച്ചതാണ് ഈ പതിവ്. ആദിമ സഭയിൽ (പാശ്ചാത്യ സഭയിലും പൗരസ്ത്യ സഭയിലും) മുട്ടുകുത്തി വി. കുർബാന അനുഭവിക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. പൗരസ്ത്യ സഭ

കൾ ഈ പാരമ്പര്യം ഇന്നും നിലനിർത്തിപ്പോരുന്നു. എല്ലാ പൗരസ്ത്യ സഭകളിലും പുരോഹിതരായാലും വിശ്വാസികളായാലും നിന്നു കൊണ്ടാണ് വി. കുർബാന അനുഭവിക്കുന്നത്. ഇവിടെയെല്ലാം കർത്താവിന്റെ ഉയിർത്തെഴുന്നേല്പിന്റെ സന്തോഷത്തോടെ ആരാധനയിൽ സംബന്ധിക്കുകയും വി. കുർബാന അനുഭവിക്കുകയും ചെയ്യണമെന്ന തത്വം സഭ സ്വീകരിച്ചിരിക്കുന്നുവെന്ന് കാണാം.

**? യേശുക്രിസ്തുവിന്റെയും കന്യകമറിയാമിന്റെയും തിരുഹൃദയങ്ങളോടു കൂടിയുള്ള ചിത്രങ്ങൾ ഉപയോഗിക്കാമോ?**

☐ തിരുഹൃദയങ്ങളോടു കൂടിയുള്ള ചിത്രങ്ങൾ ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ ഉപയോഗിക്കുന്നില്ല. കത്തോലിക്കാ (ലത്തീൻ) സഭയുടെ പാരമ്പര്യത്തിലുള്ളതാണത്. ആയതിനാൽ തിരുഹൃദയരൂപങ്ങൾ ഇല്ലാത്ത ചിത്രങ്ങൾ തിരഞ്ഞെടുത്ത് ഉപയോഗിക്കുകയാണ് വേണ്ടത്. മദ്ധ്യകാല യുഗങ്ങളിലാണ് (12 മുതൽ 15 വരെയുള്ള നൂറ്റാണ്ടുകൾ) തിരുഹൃദയ ആരാധന തുടങ്ങുന്നത്. കർത്താവിന്റെ ശാരീരിക ഹൃദയമാണ് ആരാധനയ്ക്ക് ഇവിടെ വിധേയമാക്കിയിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷം 19:34-ൽ 'പടയാളികളിലൊരുത്തൻ കുന്തം കൊണ്ട് അവന്റെ വിലാപ്പുറത്തു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു' എന്നു കാണുന്നുണ്ടല്ലോ. പടയാളികൾ കുത്തിത്തുളച്ച ഹൃദയം ക്രിസ്തുവിന്റെ വീണ്ടെടുക്കുന്ന സ്നേഹത്തിന്റെ പ്രതീകമായി സങ്കല്പിച്ചുകൊണ്ട് തിരുഹൃദയം ആരാധനാപാത്രമാക്കിയിരിക്കുന്നു. കത്തോലിക്കാസഭ ക്രിസ്തുവിന്റെ പീഡാനുഭവത്തിന് ഉയിർപ്പിനേക്കാൾ കൂടുതൽ പ്രാധാന്യം നൽകുന്നു. ഈ പാരമ്പര്യത്തോട് ബന്ധപ്പെട്ടാണ് തിരുഹൃദയ ആരാധനയും ആവിർഭവിച്ചത്. പൗരസ്ത്യസഭകൾ ക്രിസ്തുവിന്റെ ക്രൂശാരോഹണത്തെയും ഉയിർപ്പിനെയും പരസ്പരം സമന്വയിപ്പിച്ചു ചിന്തിക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്. മാത്രമല്ല, ക്രിസ്തുവിന്റെ ഉയിർപ്പിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഉയിർപ്പിലേക്ക് നയിക്കുന്ന സംഭവമാണ് ക്രൂശാരോഹണം. ഇക്കാരണത്താലാണ് ക്രൂശിതരൂപം വച്ചുള്ള കുരിശുകൾ ഓർത്തഡോക്സ് സഭകൾ ഉപയോഗിക്കാത്തത്. ക്രൂശ് ഓർത്തഡോക്സ് പാരമ്പര്യത്തിൽ ക്രൂശിതനായ ക്രിസ്തുവിനെ അനുസ്മരിക്കുന്നതിലേറെ മരണത്തെയും പൈശാചിക ആധിപത്യത്തെയും ജയിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്നു. ഇതേ വീക്ഷണത്തിൽ നിന്നുകൊണ്ട് കുന്തംകൊണ്ട് തുളയ്ക്കപ്പെട്ട ഹൃദയത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതരത്തിലുള്ള ചിത്രങ്ങൾ ഓർത്തഡോക്സ് സഭകൾ ആരാധനയ്ക്കായി ഉപയോഗിക്കുന്നില്ല. മാത്രമല്ല, ഒരു ആളത്വത്തിലെ ഒരു അവയവം മാത്രം എടുത്ത് അതിനു കൂടുതൽ പ്രാധാന്യം നൽകി ചിത്രീകരിക്കുന്ന രീതി വികലമായ ഒരു ഭക്തിഭാവമായിട്ടാണ് ഓർത്തഡോക്സ് സഭകൾ കാണുന്നത്.

**? ഈ വർഷത്തെ (1998) സഭാകലണ്ടറിൽ യോഹന്നാൻ സ്നാപകന്റെ ജനനം ഡിസംബർ 6-ന് രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ ജനനപ്പെരുന്നാളായ ക്രിസ്തുമസ് ഡിസംബർ 25-നുമാണല്ലോ. ഈ കണക്കനുസരിച്ച് 19 ദിവസത്തെ പ്രായവ്യത്യാസമേ കർത്താവും യോഹന്നാൻ മാംദാനയും തമ്മിലുള്ളു. എന്നാൽ ലൂക്കോസ് 1:36-ൽ ഇവർ തമ്മിൽ ആറു മാസത്തെ പ്രായവ്യത്യാസമുണ്ടെന്ന് വ്യക്തമാണ്. ഇവ എങ്ങനെ പരസ്പരം പൊരുത്തപ്പെടുത്താം?**

☐ സഭാകലണ്ടർ ക്രമീകരിച്ചിരിക്കുന്നത് സഭയുടെ ആരാധനാവർഷം ആധാരമാക്കിയാണ്. ആരാധനാവർഷത്തിന് ഏഴ് ആഴ്ചകൾ വീതമുള്ള ഏഴ് കാലങ്ങൾ ഉണ്ട്. കൂടാതെ സഭാശുദ്ധീകരണ പെരുന്നാൾ, സഭാപ്രതിഷ്ഠാ പെരുന്നാൾ എന്നിങ്ങനെ വിളിക്കുന്ന രണ്ട് ഞായറാഴ്ചകൾ അടങ്ങുന്ന ഒരുക്കകാലവും ഉണ്ട്. ഒക്ടോബർ 30-നും നവംബർ 5-നും ഇടയ്ക്കു വരുന്ന ഞായറാഴ്ചയാണ് ആരാധനാവർഷം ആരംഭിക്കുന്നത്. നമ്മുടെ കർത്താവിൽ പൂർത്തീകരിച്ച രക്ഷാകര സംഭവങ്ങൾ ഒരു വർഷം കൊണ്ട് അനുസ്മരിച്ചു തീരത്തക്കനിലയിൽ സഭാകലണ്ടർ ക്രമീകരിച്ചിരിക്കുന്നു. പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഓർമ്മയും സഭാചരിത്രത്തിലെ മറ്റ് സുപ്രധാന സംഭവങ്ങളുടെ ഓർമ്മയും ഇവയോട് ചേർന്ന് നടത്തത്തക്കനിലയിൽ ക്രമീകരിച്ചിരിക്കുന്നു.

ഈ ആരാധനാവർഷ സമ്പ്രദായത്തിൽ രണ്ട് രീതിയിലുള്ള പെരുന്നാൾ ക്രമങ്ങൾ ഉണ്ട്. (1) നിശ്ചിത പെരുന്നാളുകൾ (Fixed Feasts). (2) അനിശ്ചിത പെരുന്നാളുകൾ (Moveable Feasts). ക്രിസ്തുമസ് നിശ്ചിത തീയതിപ്രകാരം വരുന്ന പെരുന്നാളാണ്. ഈ പെരുന്നാളിലേക്ക് സഭയെ ഒരുക്കുന്നതിന് കർത്താവിന്റെ ജനനത്തിനു മുമ്പ് നടന്ന പ്രധാന സംഭവങ്ങൾ ഓരോ ഞായറാഴ്ചയും ഓർക്കത്തക്കവിധം ക്രമീകരിച്ചിരിക്കുന്നു. ഇവ നിശ്ചിത തീയതിപ്രകാരം സംവിധാനം ചെയ്തിട്ടുള്ളതല്ല. ക്രിസ്തുമസിന് മുമ്പ് ആറ് ഞായറാഴ്ചകളിൽ കർത്താവിന്റെ ജനനത്തിലേക്കു നയിക്കുന്ന സുവിശേഷഭാഗങ്ങളാണ് വായിച്ചുകേൾക്കുന്നത്. സ്കറിയായോടുള്ള അറിയിപ്പ്, ദൈവമാതാവിനോടുള്ള അറിയിപ്പ്, ഏലിസബേത്തും മറിയാമും തമ്മിലുള്ള കൂടിക്കാഴ്ച, യോഹന്നാൻ മാംദാനയുടെ ജനനം, യൗസേപ്പിന്റെ വെളിപ്പാട് എന്നീ സംഭവങ്ങൾ അഞ്ച് ഞായറാഴ്ചകളിൽ ഓർക്കുന്നു. ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച കർത്താവിന്റെ വംശാവലിയാണ് വായിച്ചു കേൾക്കുന്നത്. മുകളിൽ സൂചിപ്പിച്ചതുപോലെ ഇവയെല്ലാം തന്നെ സംഭവങ്ങൾ നടന്ന തീയതിപ്രകാരം ക്രമീകരിച്ചിട്ടുള്ളതല്ല. കർത്താവിന്റെ ജനനപ്പെരുന്നാളിൽ സംബന്ധിക്കുന്നതിന് ഒരുങ്ങുന്ന സഭ ഇവയെല്ലാം സുവിശേഷഭാഗങ്ങളിൽ നിന്ന് വായിച്ചുകേട്ട് അനുസ്മരിക്കത്തക്കവിധം ക്രമീകരിച്ചിരിക്കുന്നു.

**? നമ്മുടെ വിശ്വാസപ്രകാരം അഞ്ചു പ്രധാന നോമ്പുകളും ബുധൻ, വെള്ളി ഈ ദിവസങ്ങളും ഉപവാസദിവസങ്ങളായിട്ടാണല്ലോ കണക്കാക്കപ്പെട്ടിരിക്കുന്നത്. വി. കുർബാനയ്ക്കുശേഷം ഉപവാസം സഭ അനുവദിക്കുന്നുമില്ല. എന്നാൽ ചില പള്ളികളിൽ വെള്ളിയാഴ്ച രാവിലെ വി. കുർബാന ചൊല്ലുകയും തുടർന്ന് ഉപവാസധ്യാനം നടത്തുകയും ചെയ്യുന്നു. ഈ രീതി ശരിയാണോ? വെള്ളിയാഴ്ചയും ബുധനാഴ്ചയും വി. കുർബാന അനുഷ്ഠിക്കുകയാണെങ്കിൽ അത് ഉച്ചയ്ക്ക് 12 മണിക്കുശേഷം ക്രമീകരിക്കുകയല്ലേ ഉചിതമായിട്ടുള്ളത്?**

☐ ഉപവാസം അനുഷ്ഠിക്കുന്നതിന് വേർതിരിച്ചിട്ടുള്ള ദിവസങ്ങളിൽ വി. കുർബാനാനുഷ്ഠാനം ക്രമീകരിക്കാതിരിക്കുകയാണ് വേണ്ടത്. വി. കുർബാനാനുഷ്ഠാനം അത്യാവശ്യമായി വരുന്നെങ്കിൽ വി. കുർബാനയ്ക്കു ശേഷം ഉപവസിക്കാൻ പാടില്ലാത്തതുമാകുന്നു. സഭയുടെ അഞ്ചു നോമ്പുകളുടെ കാലങ്ങളിലും ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള കാലമൊഴികെയുള്ള ബുധൻ, വെള്ളി ദിവസങ്ങളിലും നോമ്പും ഉപവാസവും അനുഷ്ഠിക്കേണ്ട സന്ദർഭങ്ങളാണ്. നോമ്പ്-ഉപവാസകാലങ്ങളിലെ തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെയുള്ള ദിവസങ്ങളിൽ വി. കുർബാന ക്രമീകരിക്കാതിരിക്കുകയാണ് വേണ്ടത്. എന്നാൽ പ്രായോഗികമായി, വലിയ നോമ്പിൽ ഒഴികെ സഭ ഈ രീതി നിർബന്ധമാക്കിയിട്ടില്ല. വലിയ നോമ്പിൽ ഇത് നിർബന്ധമാക്കിയിരിക്കുന്നതു തന്നെ ഉപവാസദിനങ്ങളിൽ വി. കുർബാനാനുഷ്ഠാനം പാടില്ല എന്ന പ്രമാണം അടിസ്ഥാനമാക്കിയാണ്. ആയതിനാൽ പ്രത്യേകാവശ്യങ്ങൾ വരുന്നെങ്കിലല്ലാതെ ബുധനാഴ്ചയും വെള്ളിയാഴ്ചയും പതിവായി വി. കുർബാന ചൊല്ലുന്ന രീതി പാടില്ലാത്തതാണ്. വി. കുർബാനയ്ക്കുശേഷം ഉപവസിക്കുന്നതും ശരിയല്ല. വി. കുർബാന കർത്താവ് ഒരുക്കുന്ന ദൈവരാജ്യത്തിന്റെ വിരുന്നാകുന്നു. വിരുന്നും ഉപവാസവും പരസ്പരവിരുദ്ധമായ രണ്ടു ചര്യകളാണല്ലോ.

ഉപവാസദിനങ്ങളിൽ ഉച്ചയ്ക്കോ ഉച്ചകഴിഞ്ഞോ വി. കുർബാന അനുഷ്ഠിക്കുന്ന രീതി സഭയിൽ സാധാരണമല്ല. മൂന്നുനോമ്പിന്റെ ബുധനാഴ്ചയും പീഡാനുഭവ ആഴ്ചയിൽ അറിയിപ്പിന്റെ ശനിയാഴ്ചയും മാത്രമേ ഉച്ചയ്ക്ക് വി. കുർബാന അനുഷ്ഠിക്കുന്ന പതിവ് കാണുന്നുള്ളു. ഓരോ ദിവസവുമുള്ള ഉപവാസം വി. കുർബാനയിൽ അവസാനിപ്പിക്കണമെന്ന് നിബന്ധനയില്ല. അനുവാദമുള്ള ദിവസങ്ങളിൽ രാവിലെ വി. കുർബാനാനുഷ്ഠാനം ക്രമീകരിക്കുകയാണു വേണ്ടത്. പുതിയ പതിവുകൾ ഉണ്ടാക്കിയെടുക്കേണ്ടതില്ല.

**? യേശുതമ്പുരാന്റെ ഉയിർത്തെഴുന്നേൽപ്പിനെ പുനരുത്ഥാനം എന്നു പറയുന്നത് ഭാഷാപരമായി ശരിയാണോ? പുനരുത്ഥാനം**

**എന്നു പറഞ്ഞാൽ വീണ്ടുമുള്ള ഉത്ഥാനം എന്ന് അർത്ഥമാകുമല്ലോ. കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് ഒരിക്കലായി മാത്രമുള്ളതാകയാൽ ഉയിർപ്പ് - ഉത്ഥാനം എന്നിങ്ങനെയല്ലാതെ പുനരുത്ഥാനം എന്ന് എങ്ങനെ പറയാം?**

□ 'ഉത്ഥാനം' എന്നതിന് 'എഴുന്നേൽപ്പ്' എന്നും 'പുനരുത്ഥാനം' എന്നതിന് 'വീണ്ടുമുള്ള എഴുന്നേൽപ്പ്' എന്നും സാമാന്യേന അർത്ഥം പറയാം. അങ്ങനെയെങ്കിൽ 'ഉയിർപ്പ്', 'ഉത്ഥാനം' എന്നീ വാക്കുകൾ മതിയാവും. സുറിയാനിയിൽ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിനെപ്പറ്റി പറയുമ്പോൾ കോം-ക്യാംതൊ എന്നീ പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്കുകൾക്ക് ഉത്ഥാനം, ഉയിർപ്പ് എന്നീ അർത്ഥങ്ങളേയുള്ളു. പുതിയനിയമത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ ഇതിനു സമാനമായ പദം (egeiro) ഉപയോഗിച്ചിട്ടുമുണ്ട്. എന്നാൽ പുതിയനിയമ ഗ്രീക്കിൽ മറ്റൊരു പദവും കൂടി ഉപയോഗിച്ചിരിക്കുന്നു: anastasis. ഈ പദത്തിന് 'പുനരുത്ഥാനം' എന്നാണർത്ഥം. ഇതുകൊണ്ടാണ് ഇംഗ്ലീഷിൽ resurrection എന്ന സമാനപദം ആവിർഭവിച്ചത്. 'പുനർ' ശബ്ദത്തിന് തത്തുല്യങ്ങളാണ് ഗ്രീക്കിൽ ana-, ഇംഗ്ലീഷിൽ re- എന്നീ ഉപസർഗ്ഗങ്ങൾ. ചുരുക്കത്തിൽ, പുതിയനിയമ ഗ്രീക്കിന്റെ അടിസ്ഥാനത്തിൽ 'ഉയിർപ്പ്' എന്നും 'പുനരുത്ഥാനം' എന്നും കർത്താവിന്റെ ഉയിർപ്പിനെപ്പറ്റി പറയാൻ ഉപയോഗിക്കാം (എഴുന്നേറ്റ് നടന്നിരുന്ന ആൾ മരിച്ചു കിടന്നു. മരിച്ചു കിടന്നയാൾ വീണ്ടും ജീവിച്ചെഴുന്നേറ്റു). ഇക്കാരണത്താലാവാം ശ്രീകണ്ഠേശ്വരം ശബ്ദതാരാവലിയിൽ 'പുനരുത്ഥാന'ത്തിന് പര്യായമായി 'ഉയിർത്തെഴുന്നേൽപ്പ്' എന്ന് ഉപയോഗിച്ചിരിക്കുന്നത്. മാത്രമല്ല, മലയാള ഭാഷാഭിജ്ഞനായ സഭാകവി ശ്രീ. സി. പി. ചാണ്ടി രണ്ടു പദങ്ങളും പര്യായങ്ങളായി ഉപയോഗിച്ചിരിക്കുന്നു.